

പുസ്തകം ൧൧ ലക്കം ൧

മംഗളോദയം

൧൦൯൫ മേടം.



വിഷയവിവരം.

[illegible]

ആത്മതിഗ്രന്ഥമാലികകൾ.

[illegible]

[illegible]

[illegible]

[illegible]

[illegible]

N. B. [illegible]

മംഗളോദയം.


൧൦൯൪ മേടം.

മംഗളം.

നീലപ്പൂഞ്ചേലചുറ്റിക്കുറിനതകലശക്കൊങ്കയിൽ ഭൂഷാ-
ജാലം മെയ്മേലണിഞ്ഞിട്ടംഗനികരമാരായുധം കയ്യിലേന്തി
ചേലേറും കൈക്കടത്തിൻ മുത്തുകിലുകിലുങ്ങിട്ടപ്പൃത്ഥ്വീശൻകാലയുഗ്മത്തി-
ല്ലാലംബം ദേവനാക്കൻതിരുവടികളലം സേവകിടാതെകിടട്ടെ.

പ്രസ്താവന.

പരമകാരുണികനായ ജഗദീശ്വരന്റെ കരുണയും സഹൃദയന്മാരായ സഹൃദയജനങ്ങളുടെ സഹകരണവും നിമിത്തം, പറയത്തക്ക ബുദ്ധിമുട്ടുകളൊന്നും കൂടാതെ നടന്നുവരുന്ന 'മംഗളോദയം' പത്തു വയസ്സു തികഞ്ഞ് ഇതാ പതിനൊന്നാം വയസ്സിൽ പ്രവേശിക്കുന്നു. ഇക്കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ ഇതിന്റെ നടത്തിപ്പിനെസ്സംബന്ധിച്ച് വരുത്തേണമെന്നു വിചാരിച്ചിരുന്ന പരിഷ്കാരങ്ങൾ പരിപൂർണ്ണമായി നിറവേറുവാൻ സാധിച്ചിട്ടില്ലെങ്കിലും വായനക്കാർക്ക് വലുതായ ഇച്ഛാഭംഗത്തിനോ പ്രവർത്തകന്മാർ പറയത്തക്ക നിരാശയ്ക്കോ ഇടയായിട്ടില്ലെന്നുള്ളതിൽ ഞങ്ങൾക്ക് വളരെ കൃതാർത്ഥതയുണ്ട്.



ഇതിനെ സംഭവിക്കുവാൻ കാരണഭൂതന്മാരായ എല്ലാ മഹാന്മാരോടും ഈ അവസരത്തിൽ ഞങ്ങൾ വളരെ നന്ദിപറഞ്ഞുകൊള്ളുന്നു.

സാഹിത്യം, ചരിത്രം, ശാസ്ത്രം ഇങ്ങിനെ വിവിധവിഷയങ്ങളെപ്പററിയ ലേഖനങ്ങൾ, കഥകൾ, കവിതകൾ മുതലായവ മുടങ്ങാതെ പ്രസിദ്ധപ്പെടുത്തുവാൻ ഞങ്ങൾ ശ്രമിക്കാറുണ്ടെങ്കിലും ചില സമയങ്ങളിൽ ഇച്ഛാഭംഗത്തിന്നിടയാവാറില്ലെന്നില്ല. ലേഖനങ്ങൾ കിട്ടാത്തതല്ല കിട്ടുന്ന ലേഖനങ്ങൾ ഉദ്ദേശാനുഗുണമാകായ്കയാണ് ഇതിന്നു കാരണം. വിഷയത്തിലോ വിഷയപ്രതിപാദനത്തിലോ ഒന്നുകിൽ പഴമ, അല്ലെങ്കിൽ പുതുമ, ഈ രണ്ടിലൊന്നില്ലാത്ത ലേഖനങ്ങൾക്ക 'മംഗളോദയ'ത്തിൽ സ്ഥലമനുവദിക്കാറില്ലെന്നു ഖണ്ഡിച്ചു പറവാൻ വയ്യെങ്കിലും, അങ്ങിനെയുള്ള ലേഖനങ്ങളെ ഞങ്ങൾ ഇഷ്ടപ്പെടാറില്ലെന്നുള്ളതു തീർച്ചയാണ്.

സാഹിത്യം, ചരിത്രം, ശാസ്ത്രം മുതലായ വിഷയങ്ങളിൽ പഴയ പ്രബന്ധങ്ങൾതന്നെ പലതും ഇനിയും പുറത്തുവരാതെ കിടപ്പുണ്ട്. അവയെ ഓരോന്നായിത്തിരഞ്ഞുപിടിച്ചു പ്രസിദ്ധപ്പെടുത്തുന്നതു ഭാഷാസാഹിത്യത്തിന്റെ [illegible] വളരെ ഉപകരിക്കുമെന്നു നിസ്സംശയം പറയാം. പഴയ സാഹിത്യശാസ്ത്രത്തിലെ വിഷയങ്ങൾ തന്നെ പലതും കേരളീയർക്കിപ്പോഴും പുതിയവയാണെന്നു പറയേണ്ടതില്ലല്ലോ. സർവ്വസമ്മതമായ ഒരു കേരളചരിത്രം ഇനിയും ഉണ്ടായിക്കഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്കു ചരിത്രവിഷയത്തിൽ നവീനരീതിയിലുള്ള നിരൂപണങ്ങളെക്കാളധികം നല്ലതു പഴയ ചരിത്രശകലങ്ങളെ പുറത്തു പുറപ്പെടുവിക്കുകയാകുന്നു. ശാസ്ത്രത്തിലാണെങ്കിൽ പുതിയ സംഗതികളെ പഴയ ശാസ്ത്രതത്വങ്ങളോടു തട്ടിച്ചുനോക്കി പ്രതിപാദിക്കുന്ന ലേഖനങ്ങളെക്കൊണ്ടാണ് അധികം പ്രയോജനമുള്ളത്; നവീനശാസ്ത്രങ്ങളുടെ വെറും തർജ്ജമകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഈ വക സംഗതികളാൽ, 'മംഗളോദയ'ത്തിന്റെ കാര്യത്തിൽ പലവകയായിട്ടുള്ള പഴയ പ്രമേയങ്ങൾക്ക പൂർവ്വാധികമായ പ്രാധാന്യം നൽകുവാൻ ഞങ്ങൾ തീർച്ചപ്പെടുത്തിയിരിക്കുന്നു. ഇതോടുകൂടി, മുമ്പു ചെയ്തിരുന്നപ്രകാരം ഓരോ സംസ്കൃതലേഖനങ്ങളും മാസന്തോറും പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, ആ സംഗതിയിൽ ചില്ലറ ലേഖനങ്ങ

ങ്ങൾക്കാം നല്ലത് ഉപയോഗപ്രദങ്ങളായ വല്യ ഗ്രന്ഥങ്ങളും പ്രസിദ്ധപ്പെടുത്തുകയായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

ചെല്ലാനുള്ള ഭാഗങ്ങൾ മാസികയുടെ പ്രകൃതിയെസ്സംബന്ധിച്ചുള്ളവയാകുന്നു. പ്രകൃതിയിലെന്നപോലെ ആകൃതിയിലും ഈ പുതുവർഷത്തോടുകൂടി കാതലായ വ്യത്യാസം വരുത്തേണ്ടിവന്നിരിക്കുന്നു. മുന്നാണ്ടിലുണ്ടായിരുന്ന 'ക്രൗൺ' വലുപ്പത്തിൽ കടലാസ്സു കിട്ടുവാൻ പ്രയാസമായതുകൊണ്ട് ഇക്കൊല്ലത്തിൽ മാസിക 'റായൽ' വലുപ്പത്തിലാക്കേണ്ടിവന്നിരിക്കുന്നു. ലോകത്തിലെങ്ങും ഗ്രന്ഥങ്ങളെ ഒരുപോലെ ബാധിച്ചിരിക്കുന്ന ഇപ്പോഴത്തെ കടലാസുക്ഷാമം നിമിത്തം വലിപ്പ വ്യത്യാസങ്ങൾ വലുപ്പവും ചെറുപ്പവും സംഭവിക്കാവുന്ന സ്ഥിതിക്ക്, മാസികയുടെ വലുപ്പത്തിലുള്ള ഈ വ്യത്യാസം വായനക്കാർക്കു ക്ഷന്തവ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇതുകൊണ്ടു പുസ്തകത്തിന്റെ വലുപ്പം ചുരുങ്ങുന്നതല്ലാതെ വായിക്കാനുള്ള വിഷയങ്ങൾക്കു കുറവു വരാതെ കഴിക്കുവാൻ പ്രത്യേകം മനസ്സിരുത്തുന്നതുമാണ്.

പുതിയ വർഷത്തിൽ മാസികയ്ക്കു വരുത്തുന്ന ഭേദഗതികളുടെ ഒരു നിഴൽ ഈ ഒന്നാം ലക്കത്തിൽ കാണുവാൻ കഴിയുന്നതുകൊണ്ട് ഈ പ്രസ്താവന ഇവിടെ നിർത്തട്ടെ.

ഐതിഹ്യങ്ങൾ.

൧. മതിലകം.

തൃശ്ശിവപേരൂർ വടക്കുന്നാഥൻ ക്ഷേത്രത്തിന്റെ മതിലകം എന്നൊരു ഭാഗം, വടക്കേടവന നെയ്യാട്ടും പ്രധാനമായും ചെമ്പാവുമായി കേട്ടും കണ്ടും വരുന്നതാണല്ലോ. അതിനുള്ള കാരണം ഇന്നതെന്നു പ്രമാണങ്ങൾക്ക് അറിവുള്ളതായിട്ടുള്ളവയ എന്ന് എനിക്കു ധൈര്യമായി പറയുവാൻ സാധിക്കയില്ല. എങ്കിലും ആയതു കൊള്ളാം, എനിക്കു കേട്ടറിവുള്ളതിനെ ഉപവദിക്കാം. വടക്ക

ശ്രീകോവിലകത്ത് ഒന്നാമതായി പ്രതിഷ്ഠിക്കുവാനാരംഭിച്ചതു സാക്ഷാൽ ആദിപരശുരാമനായിരുന്നു. അദ്ദേഹം ബ്രാഹ്മകുലജാതനെങ്കിലും അനവദ്യമായ ക്ഷാത്രപ്രവൃത്തിമൂലം ബ്രാഹ്മണ്യത്തിനു ന്യൂനത ഭവിച്ചതിനാൽ ബിംബം പീഠത്തിൽ സ്ഥൈര്യമായി നില്ക്കാതെ ഇളകിക്കൊണ്ടിരുന്നു. മാന്ത്രികമായും താന്ത്രികമായും അനേകം ശ്രമം ചെയ്തിട്ടും പ്രതിഷ്ഠ സഫലീഭവിച്ചില്ല. തദവസരത്തിൽ മഹാനായ പരശുരാമനും അവിടെ കൂടിയിരുന്ന മററു മഹാജനങ്ങളും വിസ്മയപരിതാപങ്ങളോടുകൂടി കിംകർത്തവ്യതാമൂഢന്മാരായിനിന്നു. അപ്പോൾ പറയിപെററവരിൽ മതിലാൻ എന്നു പ്രസിദ്ധനായ മഹാൻ യദൃച്ഛയാ തൽക്ഷേത്രസന്നിധാനത്തിങ്കലാഗതനായി. കർണ്ണാകർണ്ണമായി തല്ക്കാലപ്രസ്തുതത്തെ താൻ കേട്ടറിഞ്ഞു. 'ഞാൻ നീചകുലജാതനാകകൊണ്ടു ക്ഷേത്രത്തിലെ മതിലിനകത്തു കടക്കാമോ? കടക്കുവാൻ വിരോധമില്ലെങ്കിൽ കാര്യം ഞാൻ നിറവേററിത്തരാം' എന്ന് അവിടെ കൂടിയിരുന്ന മഹാജനങ്ങളോടു കേൾക്കവേ പറഞ്ഞു. ആ സംഗതിയും വഴിക്കുവഴിയായി കേട്ട് കേൾപ്പിച്ച സാക്ഷാൽ പരശുരാമകർണ്ണരന്ധ്രത്തിൽ പ്രവേശിച്ചു. പറയിപെററ പന്ത്രണ്ടുപേരും കേവലം മാനുഷന്മാരല്ല, ദിവ്യന്മാരാണെന്നു പരശുരാമനുമിക്കം മററു സജ്ജനങ്ങൾക്കും അറിവുള്ളതാണ്. ഈശ്വരേച്ഛ എന്തുപ്രകാരമോ എന്നാലോചിച്ച്, ആ മതിലാൻ എന്ന മഹാന് അകത്തു കടക്കുവാൻ ഏകാഭിപ്രായന്മാരായി അനുവാദം കൊടുത്തു. അദ്ദേഹം അകത്തു കടന്നു ശിവലിംഗം കയ്യിലെടുത്തു താൻ നീചകുലത്തിൽ ഉല്പന്നനാകകൊണ്ടു ജാത്യനുസാരേണ സാക്ഷാൽ ആദികിരാതമൂർത്തിയെ സങ്കല്പിച്ചു ബ്രാഹ്മമായ മുഹൂർത്തത്തിൽ പ്രതിഷ്ഠ ചെയ്തു. പ്രതിഷ്ഠാബിംബം നിശ്ചഞ്ചലമായി സ്ഥിതിയും ചെയ്തു. ബ്രാഹ്മകലശം ആടിയതിനുശേഷം ആ മതിലാന്റെ മഹാശക്തികൊണ്ടു കിരാതമൂർത്തിയുടെ സാന്നിദ്ധ്യം പ്രത്യക്ഷമാക്കുവാൻ വേണ്ടിയോ എന്നു തോന്നുമാറ് മദ്ധ്യമപാണ്ഡവനായ അർജ്ജുനന്റെ കോദണ്ഡതാഡനത്താലുണ്ടായ വ്രണം രക്തസ്രാവത്തോടുകൂടി പ്രതിഷ്ഠാബിംബത്തിന്റെ ശിരസ്സിൽ കാണമാറായി. എല്ലാവരും ശങ്കിതഹൃദയന്മാരാവുകയും ചെയ്തു. ഈ അമംഗലത്തിനു കാരണമെന്തെന്നും ഇതിന്റെ നിവൃത്തി എന്തെന്നും പരശുരാമൻ ആ മഹാനോടു ചോ

ഴിച്ചു. "ഇതു സാരമില്ല. വ്രണങ്ങളുണ്ടാവാൻ പശുവിൻനെയ്യിനു തുല്യം വേറെ സാധനമില്ലെന്നു" പറഞ്ഞു തന്റെ കൈത്തോലവട്ടിയിൽനിന്നും അല്പം പശുവിന്റെ വപാനെയ്യ് എടുത്തു ശിരസ്സിൽ ലേപനംചെയ്ത സമയം രക്തസ്രാവം കാണാതെയായി. വ്രണവും കിണമായി. ഈ പരമൈശ്വര്യം കണ്ടു സമസ്തജനങ്ങളും അത്യാശ്ചര്യമെന്നിങ്ങിനെ ഘോഷിച്ചു. മതിലാൻ എന്ന ദിവ്യപുരുഷൻ യഥാഗതം പോകയും ചെയ്തു. ഇതുകാരണമാകുന്നു വടക്കുന്നാഥനെയ്യാട്ടം പ്രധാനമായത്. മതിലാൻ മതിലിനകത്തു പ്രവേശിച്ചതുകൊണ്ടാകുന്നു ഈ ക്ഷേത്രത്തിന്നു മതിലകത്തു എന്നൊരു പ്രത്യേകനാമമുണ്ടാവാനുള്ള കാരണം. പ്രസ്തുതം എങ്ങിനെയായാലും കൊള്ളാം. അയുക്തിയില്ലെന്നു നിസ്സംശയമായ്പറയാം.

൨. തിരുവെള്ളക്കാവ്.

ഇതേവിധം തന്നെയാകുന്നു തിരുവെള്ളക്കാവുക്ഷേത്രവും. അടുത്തുള്ള പ്രദേശങ്ങൾക്കു പെരുവനം എന്ന പേർ ഇന്നും വിളിച്ചുവരുന്നു. അതുകൊണ്ട് ആ പ്രദേശങ്ങളെല്ലാം പുരാതനകാലങ്ങളിൽ കാടായിരുന്നുവെന്നു വിചാരിപ്പാൻ ധാരാളം അവകാശമുണ്ട്. പറയിപെറ്റവരിൽ തിരുവെള്ളൻ എന്ന മഹാൻ എറച്ചിക്കാവു തെളിച്ചിലെടുത്തു വില്ക്കുവാൻ കൊണ്ടുപോകുന്ന മദ്ധ്യേ ഈ പെരുവനത്തിൽ യദൃച്ഛയാ വന്നുകൂടി, നേരവും അസ്തമയമായി. ഇരുളുകയാൽ ഇനി സഞ്ചരിപ്പാൻ കഴികയില്ലെന്നു നിശ്ചയിച്ച് ആ കാട്ടിൽ ഒരേടത്ത് എറച്ചിക്കാവു താഴെയിറക്കി ഇരിപ്പായി. ആ കാട്ടും ഭൂതപ്രേതപിശാചാദികളെക്കൊണ്ടു നിറഞ്ഞുള്ള ഘോരകാന്താരമായിരുന്നു. അവരൊക്കെ എറച്ചിയും തിരുവെള്ളനെയും കണ്ടു ഭക്ഷണാഗ്രഹികളായി വളരെ സന്തോഷിച്ചു. അടുത്തു ചെന്ന സമയം അദ്ദേഹത്തിന്റെ ബ്രഹ്മതേജസ്സിനാൽ സഹിക്കവഹിയാതെയായി ദൂരെ മാറി നിന്നു. തിരുവെള്ളൻ "എന്താ നിങ്ങൾ ദൂരം പോകുന്നത്. വരുവിൻ! വരുവിൻ! എറച്ചിയും എന്നെയും ഭക്ഷിക്കാം" എന്നു പറഞ്ഞതു കേട്ടു അവരൊക്കെ ഭയസംഭ്രമസമേതരായി നി

ന്നു. ആ മഹാന്റെ സങ്കല്പശക്തിയാൽ ഭൂതം പോകുവാനും ശക്തനായില്ല. വഴിയാത്ര ചെയ്യുന്നവരെ ഭയപ്പെടുത്തിയും കൊന്നു ഭക്ഷിക്കുകയും മററും പല പല ഉപദ്രവം ചെയ്യുന്നതു മേലാൽ ഇല്ലാതെയാക്കി ആ പ്രദേശം നിർഭയമാക്കുവാൻ വേണ്ടി ഈ ഭൂതാദികളെ ശാസിപ്പാനായി ഭൂതപതിയായ ശാസ്താവിനെ താനിയാറ സമീപത്തിലായി പ്രതിഷ്ഠചെയ്തു. തിരുവെള്ളൂൻ കാവു എന്നറിയ സ്ഥലത്തു പ്രതിഷ്ഠിച്ചതുകൊണ്ടത്രെ തിരുവെള്ളൂക്കാവ് എന്നു ക്ഷേത്രത്തിനു പേർ പറയുന്നത്. അതു മുതൽക്ക കാടെല്ലാം വെടിയായി വിശേഷപ്പെട്ട നഗരമായിത്തീൎന്നു. ജനങ്ങൾക്ക് ഉപദ്രവവും തീൎന്നു. മേൽക്കുമേൽ ശ്രേയസ്സുമായി. ബൃഹസ്പതി നക്ഷത്രത്തോടുകൂടിയ ലഗ്നത്തിൽ പ്രതിഷ്ഠിച്ചതുകൊണ്ടു സാക്ഷാൽ ദേവാചാര്യൻ പ്രത്യക്ഷമായി. ഈ ക്ഷേത്രസന്നിധാനത്തിൽ വിദ്യാഭ്യാസം ആരംഭിക്കുന്നവൎക്ക് ഏററവും വിശേഷമുണ്ടാകുമെന്നു തിരുവെള്ളൂര വരംകൊടുത്തതു നിമിത്തമാകുന്നു വിദ്യാ പ്രധാനമെന്നു പറയുന്നത്.

പോകുവാൻ പോകുന്ന കവിതകൾ

പ്രണയകലഹം—(ഒരു കാന്തി)

ഉണ്ണിക്കണ്ണാ തിരുവുടലിന്റെ മോടിയിന്നു കളപറിച്ചുള്ളോരാ
മൊഞ്ചേറും തൻ കാന്തിപെട്ടിട്ടു വില്ലും മൂഴിപ്പൂണു കാത്തിടുന്നോ
വെണ്ണക്കുടം ഒരുത്തനുവേണ്ടലഭിക്കൽ മുക്തിരണിയുന്നശംഖുമേൽ പൻ
കെട്ടിയവരായപാൎവ്വതിയെക്കെട്ടിപ്പുണൎന്നതിമതാഷമോടും
വാണങ്ങിട്ടുന്നശങ്കരനെഎണ്ണവിലോ ചന്ദ്രനാകിലനും
പൃത്ഥ്വിയിലിപ്പൂന്തികൾകൊണ്ടുജടയിലപ്പൂമ്പാലിപ്പൂന്തൾപശോഭയം
ഒട്ടുകുചങ്ങണാകരമുള്ളിതവിഷ്ണുപാധിപരാജമഹോഷിപ്പിച്ചു

പോരെയായത്തിലടക്കെത്തുകേറിയിരിപ്പുള്ളൊരെന്നശങ്കെ
തന്നനന്താദികളൂമൊരാകയാലെമടിയിൽനിന്നിറങ്ങിടാതെ
കാന്തയിരിക്കുന്നാളിലകത്തിനപ്പോൾ ത്രിപുരയുമതെത്തസപലയായ്
നാലുനാളംകൊണ്ടു സ്നാനത്തിനായ്കാലം സമീപിച്ചനേരത്തിങ്കൽ
മുക്കണ്ണലെ ചൊന്നിൽശങ്കയോടെതൻ കളമാരെയൊത്തുകൊണ്ടൊരുത്ത
ഉണ്ണിഗ്ഗണപതിഎന്നകനെൻഓമനേ എടുക്കൂടെ നീപോരതെത്ത
അപ്പൻമടിതന്നിൽ ചെന്നിരിക്കുന്നമകളിപ്പവരന്നോരോത്തോളം
തെപ്പുത്തൊരാം ചന്നാലെന്നുണ്ണികൾ സപല്ലുകല്ലുതെവിൽതെൻമലതം
സുബ്രഹ്മണ്യനുണ്ണിഎന്മകനെ അന്മേ എടുക്കുടെ നീപോരതെത്ത
അപ്പൻമടിതന്നിൽ ചെന്നിരിക്കുന്നമകളിപ്പവരന്നോരോത്തോളം
പേടിക്കാതെമകനെന്മകനെ വെട്ടായി ത്രനീപോകുതെത്ത
അപ്പനരികത്തുപോയിരിക്കുന്നമകളിപ്പവരന്നോരോത്തോളം
മക്കളെ രുദ്രനെക്കാവലാക്കിവെച്ചകൊണ്ടാലപ്പെണ്ണു ചാത്തിദേവി
വെവനാടൻമാതങ്ങളെപ്പത്തിനെനേനിവാകയെത്തുകുത്തിൽ
തെമലാബോധിതാളിയെടിപ്പെ വേഗം ശിവകാശഗംഗയിൽ ചെന്നിര
ഒത്തമലോമോധിതാളിയുമെപ്പൊഴിപ്പനനേനിവാകകഴപ്പതളി (ങ്ങി
തെവനാടൻകത്തുവർമയത്തുതെപ്പനനേനിവാകതമെയില്ലിൽതേച്ച
തെമകലോണോതാളിയുടെപ്പെരുത്തനീലതിവസ്ത്രമാം ചേണിത്തേച്ച
നീർകോരിമെയ്യിൽതളിപ്പുകൊണ്ടുനീരാടുവാനായ്ത്തുനിഞ്ഞുകൊ
(ണ്ടാൾ.

ഗംഗയിലിങ്ങിനെയുള്ളവാത്സല്യഗംഗാധരൻകഥാകേട്ടുകൊൾക
ശ്രീപാർവ്വതിദേവിനീരാടുവാൻപോയ പിന്നെയൊരുപോയനേരം
മക്കളെരുദ്രനെന്നോർക്കിലിന്നാം മുക്കണ്ണദേവനങ്ങളിലെപ്പേരു
ഉണ്ണിഗ്ഗണപതിനിയെണ്ണത്തിപ്പോൾ എന്നടിതന്നിൽവസിപ്പിട്ടിന
നാളികേരങ്ങളെത്തൊലിപ്പൊളിക്കുന്നതിക്കണ്ടതെന്നിൽനിപ്പർ
മോദിച്ചിട്ടിനാളതിനാൻപോകമോദംനിന്നെക്കതിലെവരമല്ലോ
സുബ്രഹ്മണ്യനുണ്ണിനിയെന്നിപ്പോളെന്നടിതന്നിലിരുന്നിടുന്ന
കൊടിക്രിയകളെ ചൊല്ലിടാതെ കേട്ടുമോടത്തിരിപ്പതെന്നു
വെള്ളത്തെമകനെന്നുമൂലംചെട്ടയാടിടുവാൻപോയിടാത്തു
വില്ലുംനെറ്റിയുമെകൈക്കൊണ്ടുനിന്നില്ലാതെതേചെട്ടക്കപോകയിപ്പോൾ

ഒപ്പൂൾപറഞ്ഞു കംഠത്താൽ ഉച്ചിപ്പിള്ള ഞാൻ പാൽകിനാലെ
മുപ്പാരെയെല്ലാമുണ്ടാക്കിയും സംഹരിക്കയും ചെയ്യുന്നവനെ
ഉണ്ണിയുണ്ണിപതിവ്രതകൾ ഉള്ളത്തിൽ എല്ലാത്തിലൊന്ന് കൊടുത്തതല്ലി
സുബ്രഹ്മണ്യനല്ലാതെ എന്നോടെന്തിപ്പംകയറെത്താന്നേറാക്കിടവൻ
വേട്ടക്കാരനാകുന്നതിനൊന്നുകാട്ടുംവത്തത്താരെതയ്യാറാനടിപ്പു
കണ്ണെല്ലാമുറ്റെ ഉയരക്കിഴക്കുന്നദേവന്മാരൊപ്പം മന്ത്ര
ഗംഗയെത്താങ്ങിനിന്നിലാക്കിസംഗമിപ്പു പാലമാവതെന്താണും
ചുംബനാദികളെന്നെ മറന്നുമെത്ഥസംബന്ധിച്ചൊവ്വെചെയ്യുവാനൊർ

അക്കാലമാകാശങ്ങളെമായി പറച്ചില്ലൂ ഞാനാമെമാമുനീന്ദ്രൻ
കാലാരിദേവന്റെ വന്നിരിക്കുവാൻ കാലകേശുയത്തെ പാടിച്ചട
നിത്യംവസിക്കുന്നാളിടപത്തിൽ നിത്യസംപത്രപൊന്നാക്കൂന്നതില്ല
ദിവ്യമാംകൈയ്യുന്നതാൽ ലോകങ്ങളെല്ലാമെനസ്സിലായി
വാസ്തവമെല്ലാമറിഞ്ഞു തന്നെയാഗസ്ത്യോമെന്തിരുന്നല്ലാക്
ഇന്നകലത്തിനല്ലവഴിയായി നമ്മുടെ ഐശ്വര്യം
സാധിച്ചിരുന്നത്തിനാൽ കൈലാസദേവി കുളിക്കുന്നാളിക്കിൽ
മെൽഭാഗമായിട്ടുനിന്നതാം [illegible] നാരദമുനീന്ദ്രൻ
വാസ്തവം ചൊല്ലിയാലെ കഥയെന്തിനാണെന്നതിനില്ലവാദം
ഇത്തരം ചിന്തിച്ചു മാമുനീന്ദ്രൻ ഉത്തരമൊന്നും വരായില്ലു കൊണ്ട് (ശ്രീ
പാർവ്വതീദേവി താൻ കേട്ടു ചൊന്നാൻ എവ്വണ്ണം സർവ്വവിചാരിച്ചിതെ
"ഞാനിപ്പോൾ പോയില്ലെ കൈലാസത്തിൽ കാലാരിദേവനെ കണ്ടതി
ല്ലുണ്ണിയുണ്ണി പതിവ്രതകൾത്തിൽ എല്ലാമിപ്പിടിച്ചുവെച്ചിട്ടില്ല (ശ്ല
ഞാനെന്തു വരാൻ തന്നെക്കിട്ടുമ്പോൾ സമ്മാനിക്കുന്നതുംകണ്ടതില്ല
വേട്ടക്കാരനാകുന്നതിനൊന്നു വേട്ടക്കു തുള്ളിയയച്ചതില്ല
വൃത്തംകെട്ടി [illegible] കൊണ്ടുപോവതും ഞാൻ തത്ര കണ്ടതില്ല
ശ്രീപാർവ്വതിയെ മടിയിൽവെച്ചു പുൽകുന്നതൊന്നും തത്ര കണ്ടതില്ല
ഞാനെന്നു ചൊന്നപ്പോഴും ശ്രീപാർവ്വതി ഉണ്ടെന്നപ്പോഴും ശ്രീപാർവ്വതി
ശ്രീപാർവ്വതീദേവി ഉത്തരമൊന്നും വരായ്കകൊണ്ടു കേട്ടവി
ഞാനിവിടെയൊന്നുമെ കണ്ടതില്ല നാരായണ ശിവ പോയിടുന്നു"

നാരദൻ ചൊല്ലിയതിന്റെ സാരം ഓർത്തുരയ്ക്കിപ്പിൽ പാർവ്വതിയും
കോപമോടെയന്നു മുഖിവേഗം താൻ പരപ്പൊരുക്കവും പൽകടിച്ചു
ചാരിയാരോടെയും ഇത്തിടാതെ കെട്ടഴിഞ്ഞു മുടികെട്ടിടാതെ

താനെഴുതിവെച്ചതോർത്തിട്ടാണോ സഹോദരിയിത് ദോഷമാണ്
കരയാതെയിപ്പോഴെടുപ്പിച്ചിട്ടുനാമവളെയപ്പുത്തരിൻ്റെ ശ്രീ
പാദത്തെയുമന്നുകണ്ടതോർത്തെന്തെടയിലൊളിപ്പൂ ഗംഗാ
താനൊരോദിക്കില്ലയെന്നപോലെ മൗനത്തിലിരിപ്പൂ ചാരമവൻ
കള്ളനാട്യം കണ്ടുകാര്യമെന്തിയറിയുന്നതറിയുവാൻ ചാതുര്യം ചെയ്യു
തുന്നായതെന്തെന്നുണ്ടോ ഇപ്പോൾ കാനനത്തിന്നവൻ പോയിരിക്കാം
കാനനേ പോകുവാനെന്നുള്ള ഉദ്ദേശം അവിടെനിലകൊള്ളുന്നില്ല
ദുഷ്ടനായതെന്തെന്നുണ്ടോ പോയ കന്ദം പറിക്കുവാൻ പോയിരിക്കാം
കന്ദം പറിക്കുന്നതെന്തിനായിത്തീരാനവൻ കാട്ടിൽ പിറക്കിലും
കാട്ടിൽ പിറന്നാലവർക്കു തൊഴിൽ കാട്ടിലെക്കന്ദം പറിപ്പതെന്നോ
കാട്ടിൽ പിറപ്പവർക്കുതെളിപ്പാൻ കെല്പില്ല കന്ദമെന്നുള്ളതും
വേട്ടക്കാരെന്നു പോയി കാട്ടിൽ കള്ളത്തരങ്ങളെ [illegible]
[illegible] കാണുന്ന ജലം [illegible] കാണുന്ന ജലം
എന്നെഴുതിൽ ഞാൻ കുളിപ്പതുള്ള ജലം [illegible] ഞാൻ കുളിപ്പതുള്ള ജലം
അങ്ങെവിടെ ജലക്രീഡ ചെയ്യുന്നിതെങ്ങുവിടെ ജലസ്നാനമാടി
ആകാശഗംഗയിൽ ഞാൻ കുളിപ്പതെന്നോ ആകാശഗംഗയിൽ ഞാൻ കുളിപ്പൂ
[illegible] ഉണ്ടോ ഇല്ലയോ
വ്യാജം പറയുന്ന [illegible] കാണാതെ
[illegible] ഗംഗാസമാഗമം ചെയ്തില്ലയോ
ഗംഗാസമാഗമം [illegible] ആയതല്ലോ
[illegible] വെള്ളമത്രേ
[illegible] കണ്ടതുണ്ടോ
വെള്ളം [illegible]
[illegible] പാർവ്വതിയെ
[illegible] മധുകരം
[illegible]
[illegible] പൂർവമാകും

ജാതികളും വൃത്തിമര്യാദകളും.

എ. തിരുവാഴപ്പാണ്ടിടാവ് (മുകിലുനെത്തൽ)

ഭോറുവാഴക്കൂമ്പുകളുപോലെ നെറ്റിയിൽ നീറ്റാക്കും പോരേ
കാക്കക്കാഴ്ക്കഴുത്തുപോലെ മേനിയിൽ ചുറ്റിക്കും പോരേ
പാമ്പിനാലെ പടം ചുറ്റിക്കൊണ്ടു കൂടിയനായുടെ ഭഗവാനം
അണ്ഡകടാഹം കൊണ്ടു നടന്നു കളിയാകെ തോന്നിയതു
ദ്വിഷ്ടികൾ തുടങ്ങുന്നൊൻ ശിവ ചതിനാല്ലമ
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
ദുഃഖത്താൽ തൊഴികയായിട്ടു ഭഗവാന്റെ ദേവകളും
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
നാരദമുനിവീണയുമായ് നാമങ്ങൾ സ്തുതിചെയ്തു
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
ശ്രീകൃഷ്ണൻ മുരളിക ലളിതവാലരാഗം നിലവായി
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
ആയിരം ചെണ്ട മദ്ദളമിടക്കയിലായ് മേളം ഘോഷിച്ചു
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
ആനയാലെ അലറിച്ചു കുതിരയാലെ പായിച്ചു
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
ആയിരം കറുകയിട്ടു തിരുമെയ്യിൽ പായിച്ചു
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
ആയിരം ഭടന്മാർ പാദസേവകരായിട്ടു നിന്നാർ
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
ആയിരം ബ്രാഹ്മണർ വന്നു തൊഴുതു ശിരസ്സിൽ ജപം നടത്തി
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
ആയിരം കുടം വെള്ളം തിരുമെയ്യിൽ ജലധാര
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം
മുക്കിട്ടെടുത്തുകൊണ്ടു സമുദ്രത്തിൽ ചാടിനതു
അതിനാലും തിരുമായാലെളുന്നില്ല ഭഗവാനം

എന്തൊരു കഷ്ടമെടോ ഈശ്വരാ! കലിയുഗകാലമിതു എന്തൊന്തമഹാമായയെന്നറിഞ്ഞില്ല. നമ്മുടെ ഭഗവാൻ നമ്മുടെയാത്മൈകസ്ഥലമുള്ളതവതല്ലയിതു. ഇതിനൊരു പള്ളിപ്രസ്ഥം വെപ്പിക്കണം ശ്രീവോതി. ഭഗവാന്റെമായയതുകൊണ്ടെ ആറുമുഖനെവെച്ചിതാ. അതിനു വേണ്ട മതങ്ങളെല്ലാംപോരേണം. ആറുമുഖനെ. അപ്പോൾപ്പിന്നെ അന്നോണനാളുകളിടാവിൻശരണകത്താവുംതൃക്കാക്കരയപ്പനെവെച്ചുനിലമെഴുകേണം. മണ്ണുംകൊണ്ടു പന്ത്രണ്ടുരാശിയുംവേണം മുക്കുറ്റിക്കിയന്നൊരു നാളികേരവുംവേണം. ദേവകൾക്കൊടിക്കളിപ്പു മടിയറാകുട്ടത്തിവരികയുംവേണം. അടിയന്തിരം ചിട്ടകൊള്ളാൻ വെള്ളിയാഭരണവും അടിയന്തിരം പാലുചേരിയവാൻ പൊന്നുംപൊന്നപ്പലകയുംവേണമെന്നരുളിച്ചെയ്തു. പാൽകിണ്ടിയിൽ പാലുള്ളും നീർകിണ്ടിയിൽ നീരുള്ളും. ജലഗന്ധപുഷ്പധൂപദീപാദികളെക്കൊണ്ടലങ്കരിക്കയും വേണമെന്ന്. ആറുമുഖനെ പലകയിടത്തു പലകപ്പുറത്തു ചേർന്നു പാലിൽ കഴുകി പതയെക്കത്തി നീരിൽ കഴുകി നീരുവെക്കത്തി ഗണപതിപ്പുറപ്പ വലഭാഗം നീക്കിവെച്ചു സരസ്വതിപ്പുറപ്പു ഇടഭാഗം നീക്കിവെച്ചു ശേഷിച്ചു പാരിലെ ആറാം വകഞ്ഞു ഇരാളുരിട്ടകാണാകണ്ണോരത്തിങ്കൽ നാലുമൂലയിലും നടുവിലുമെല്ലാമുള്ള ഖണ്ഡത്തിൽ നാളികേരം വെപ്പാൻ തുടങ്ങുന്നപ്പോൾ കേട്ടുകൊൾക എന്റെ ശ്രീവോതിയെ ഭഗവാൻ തന്റെ തിരുനാമപ്പേരെന്നിങ്ങിനെ. അത്തവും ചിത്തിരി ചിങ്ങമാസത്തിൽ തിരുവോണം ഭഗവാൻ തന്റെ തിരുനാളിൽ ഭഗവാൻസുതനായി കൌസല്യാതനയനായി മാനുഷാവതാരം ചെയ്തപോരികന്നും രാമനെന്നും ഇപ്പേരുകൊടുത്തു. അവിടത്തൊട്ടെണ്ണുന്നോൻ ആറുമുഖപ്പേരരുളും. രണ്ടിൽ രാമൻ വനത്തിലൊരണ്ടിലെ തിരുസീതയെ മാലവെപ്പുളും. മൂന്നിലെ ദുര്യോധനൻ പടവെട്ടിയതും. എട്ടിലെ ബാലിപെരുമ്പന്തപ്പടിയായതും. ഇതെന്നാരൊരുപത്തിലെ തലയാട്ടിൽ മിക്കയെന്നതും. പന്ത്രണ്ടിലെ രാവണൻ തലപത്തുമറുകിയതും. പന്ത്രണ്ടാം വ്യാഴപ്പിഴകാലം നില്ലു നാരായണസ്വാമി മന്ത്രം പിഴച്ചു ബ്രഹ്മന്റെ നാലു ശിരസ്സാലൊരു ശിരസ്സറു ത്രിശൂലത്തിൽ വീണപോലെ നിലതൊടാതെ കയ്യാറുകൊണ്ടാലും നമ്മുടെ ആരാധിപ്പിച്ചുഭഗവാനെന്നും. ഇതിൻ ചാറുകളഞ്ഞു പുണ്യമാറികളഞ്ഞു വെള്ളിയാലും പൊന്നിനാലും ചീന്തി

ചെട്ടി ചിങ്ങനാതവും ചൂതപ്പാത്രവും പുലിത്തോൽ കയ്യിൽ ... ക
ട്ടുണ്ടിയും കയ്യാലെരതവിനായും ബ്രാഹ്മണർതലയോടുമായി ...
നെ തിരുവാന്നോർകലത്തിലും തിരുനാവായുടെ കുളത്തിലും ...
ന പന്തിരാണ്ടും പകലരവു പന്തിരാണ്ടും ഇങ്ങനെ പകലിരവു പന്തീരാ
യിരമാണ്ടുകാലം ഭിക്ഷയേറ്റുനടന്ന നമ്മുടെയൊക്കെ ദൈവ്വമായ ഭഗ
വാൻ. ഏതുമൊടുങ്ങ ബ്രാഹ്മൻ തലയോട് നിറയാതകണ്ടു ശിവോ
ത്തിരൻകോവിലേക്കു ചെന്നു ഭിക്ഷയാറപ്രകാരം ഭക്തമെൻറ ശി
വോതി. ഭക്തമെൻറ ആരുമുഖനെ. ഇത്രയുമൊന്നാലും വാരിക്കൊ
ടുത്തു നിറഞ്ഞു ഏതൊൻറ മാടയോവി എന്നും നിറഞ്ഞപ്പു ഏ
ൻറ ശിവോതി എന്നും ഒരു കണ്ണടച്ചു ഇന്നുമുതൽ ഇനിയൊക്കെ
ൻറ മാടായിവിയെന്ന്. ഇങ്ങനെ കണ്ണടച്ചു മൂന്നാംതൃക്കണ്ണാലെ ത്രിഷ
ഞ്ഞാത്തപ്പോൾ ഭിക്ഷപ്പാത്രവും കപാലവും നിറഞ്ഞു. സന്തോഷപ്പെ
ട്ടതാണെന്നും സന്തോഷിച്ചതാണെന്നും അവിടെത്തന്നെ വെച്ചു
കൊണ്ടാലും. അവിടത്തിലേതാനും വല ഭാഗം തീകിടവെച്ചു. വെ
ച്ചേടം മച്ചനാട് എന്നു പേരമിട്ടേൻ. അവിടത്തിലേഴപ്പേർ യോഗി
മാരെ തോററി. ഏതുകാലത്തു മുത്തുമാണെ വഴങ്ങികൊടുത്തത്. നി
കാലത്ത് ഒന്നെഒന്നും പുഴഞ്ഞൊല്ലമായിരിക്ക. നിങ്ങൾ മായോ
വികളായിരിക്ക. നിങ്ങളും നിങ്ങടെ ചെറിയ ചെറിയ കുട്ടിമക്കളുമ
തടെ കാലത്തോളം ഉണ്ടെന്നെല്ലാം പുഴഞ്ഞൊല്ലമായിരിക്ക. എന്നു
വരും വരവും കൊടുത്തു. തിരുവരങ്കൻ പറഞ്ഞതു വെളിവാകയുംചെ
യ്തു. ഭഗവാനെന്നമൊ എന്നിങ്ങിനെ പറഞ്ഞു ആറുമുഖൻ. ആറു
മുഖനെന്ന നാമവും വിട്ടനാട്ടിലെ വാഴുന്നോരും കണിയാനെന്ന നാമ
വും കൊടുത്തിതെ. ഏതെല്ലാം കൊടുത്തുവെന്ന്. കൈത്തളവും പു
റാമളവും തുടകളും അണിയാടമളവും വെട്ടിപ്പൊന്തിക്കാറക്കച്ചയും ക
ണിത്തവും കിണ്ണിത്തവും നാളോലപൊഴുതോലകളും. മടിയിൽ പൊ
ഴുതായിരിക്ക പൊഴത്തു മരിരിക്ക പൊരുകണിയനായിരിക്ക ഇ
ന്നത്തെ പൊഴുതു നാളെയുണ്ടെന്നും നാളത്തെ പൊഴുതു ഇന്നുണ്ടെ
ന്നും വിധിച്ചിരിക്ക വെച്ചുപോററ മുഹൂർത്തം വിധിച്ചിരിക്ക ആ
മാൻറ മക്കളെ തമ്പുരാക്കിരിക്ക എന്നും. എന്റെകയ്യാലും നിൻക
യ്യാലും മറ്റു ചില പ്രജകൾ കയ്യാലും ഉണ്ടായ ഭഗവാനല്ല ഇത്
ഏററച്ചിതിന്ന പാവിപെറ പറയിപ്പെറ്റ മക്കളുണ്ടാം. ഉപ്പുകൊ

ഠ.ൻ, ഉദുവിശാരത്തൻ, മണ്ഡലാംകുന്നത്തുദേവൻ, അഘോരദേവൻ, അഘോരനമ്പി, കണ്ണത്താൻ, മതിലാൻ, കരിക്കൽപ്പുറം, തിരുവെള്ളൻ, തിരുപാരക്കം, തിരുമകടത്തിരിവും, തിരുവരങ്കനാം എന്നിങ്ങിനെ പറഞ്ഞു കൊള്ളുന്നു. പത്തും ചെറിവും മുമ്പനായിരിക്കെ ചേരമാന്തിരുവരങ്കൻവന്നു ഭഗവാൻെറ തലയോട്ടിൽ ഭിക്ഷയെ ഒരു പ്രകാരം ചെവ്ലിപ്പെടി ഉണർത്തിയാൽ ഉണരും നമ്മുടെഭഗവാനും. ആരെങ്കിലുമൊപാകടോ തിരുവങ്ങപ്പാത്തിരിക്കും തിരുവരങ്കനെ തേടി കൊണ്ടുവന്നു നമ്മുടെ ഭഗവാൻെറ തിരുമായ ഉണർത്തുവാൻ. നിജവിഭൂതിൽ ബ്രഹ്മൻ വിഷ്ണു മഹേശ്വരൻ ഉരുമ്പുതൊട്ടാനവരെ നമ്മുശപഞ്ചപക്ഷിതൊട്ടു ചെറുമ്പരെ എണ്ണി എണ്ണത്തിനാലായിരം കോടി ജീവയോനികൾക്കും അയോനികൾക്കും നമ്മെക്കുറിച്ചു ദുഃഖമാവന ഉണ്ടോ ഇല്ലയൊ എന്നറിവാൻവേണ്ടി മറിമായമായി പണിപ്പെട്ടതാണ നമ്മുടെയൊരാദിവിഷ്ണുഭഗവാൻ. ഭഗവാൻെറ മായത്താലെ തിരുവരങ്കനും അപ്പോഴ് വന്നിതെ. ഭഗവാൻെറ തിത്തിക്കലോരെ ചൊന്നിതു. നിങ്ങളൊരുത്തൻദേവകളെ നിങ്ങിക്കൊണ്ടുൽ അസുരകളെ എടഭാഗം വലഭാഗം. അടിയനൊട്ടുതിരുവണ്ണമെല്ലാം അടിയനൊട്ടുണർത്തട്ടെ.

ശിവശങ്കരനാരായണനാമദേവനുകലുണന്
വെണ്ണയുംപാലുമുണ്ണ ശ്രീകൃഷ്ണനുകലുണന്
വെണ്ണക്കലംതകർത്തായുണ്ണികൃഷ്ണനുകലുണന്
കടകോൽകൊണ്ടുകലംഉടച്ചുകാർവ്വർണ്ണനുകലുണന്
കാലികളെമേച്ചുനടന്നശ്രീകൃഷ്ണനുകലുണന്
മാടക്കുഴലൂതിനടന്നോരാനന്ദനായനുകലുണന
രാമനമ്പ്രതിരിയൊടുനടന്നാള്ളുമനായനുകലുണന
കൈകൊട്ടിപ്പാടിനടന്നശ്രീകൃഷ്ണനുകലുണന്
മണ്ണപ്പുട്ടുമുടുത്തഭഗവാനൊനുകലുണന്
മഞ്ഞക്കുറിചാർത്തിനടന്നമായാകൃഷ്ണനുകലുണന്
പിച്ചകപ്പൂമാലയണിഞ്ഞൊരച്യുതനൊനുകലുണന്
പൂതനതൻമുലകുടിച്ചോരാമനായനുകലുണന്
ചാട്ടിനെയുണ്ണികാലുകളാലെതട്ടിയൊനൊനുകലുണന്

ഗോപിയുടെമുലകുടിച്ചോരോമനയെത്തൊഴുന്നേൻ
ഗോപികുമാരന്മാരെല്ലാംകൂട്ടിയബാലനെത്തൊഴുന്നേൻ
അംഗനമാരാടകവർന്നശ്രീകൃഷ്ണനെത്തൊഴുന്നേൻ
ആലുമേൽകൊണ്ടുവെച്ചോരോമനയെത്തൊഴുന്നേൻ
കുരതാമേക്രോതമയെന്നമങ്കമാതമിമണ്ണെല്ലാം
മങ്കമാരുടെതാപംകെടുത്തശ്രീകൃഷ്ണനെത്തൊഴുന്നേൻ
മങ്കമാർക്കുനൽകിയസുന്ദരനെത്തൊഴുന്നേൻ
കൃഷ്ണകൃഷ്ണഎന്നഗോപീനാഥവൃഷ്ണിവംശജനെത്തൊഴുന്നേൻ
ഭൂമിയിൽയാഗംചെയ്തഭഗവാനെത്തൊഴുന്നേൻ
ദശരഥനന്ദനനായഭഗവാനെത്തൊഴുന്നേൻ
മുനിയോടുകൂടെയെഴുന്നള്ളിയഭഗവാനെത്തൊഴുന്നേൻ
താടകയെക്കൊലചെയ്തഭഗവാനെത്തൊഴുന്നേൻ
വിശ്വാമിത്രമഖംരക്ഷിച്ചഭഗവാനെത്തൊഴുന്നേൻ
അഹല്യയുടെശാപംതീർത്തഭഗവാനെത്തൊഴുന്നേൻ
ശക്തിയുള്ളവലിയവില്ലുമുറിച്ചഭഗവാനെത്തൊഴുന്നേൻ
സീതയെമാലവെച്ചഭഗവാനെത്തൊഴുന്നേൻ
പരശുരാമനെക്കണ്ടെത്തിയഭഗവാനെത്തൊഴുന്നേൻ
പരശുരാമൻവിൽവാങ്ങിച്ചഭഗവാനെത്തൊഴുന്നേൻ
തൻവില്ലിനാലവനെവധിച്ചഭഗവാനെത്തൊഴുന്നേൻ
അയോദ്ധ്യയിൽചെന്നിരുന്നഭഗവാനെത്തൊഴുന്നേൻ
അഭിഷേകത്തിന്നൊരുക്കിച്ചഭഗവാനെത്തൊഴുന്നേൻ
കൈകേയിയഭിഷേകംമുടക്കിയഭഗവാനെത്തൊഴുന്നേൻ
ഭരതനഭിഷേകംവിധിച്ചഭഗവാനെത്തൊഴുന്നേൻ
കാടകത്തിൽപുക്കഭഗവാനെത്തൊഴുന്നേൻ
ചിത്രകൂടത്തിങ്കൽവസിച്ചഭഗവാനെത്തൊഴുന്നേൻ
ഭരദ്വാജനെവന്ദിച്ചഭഗവാനെത്തൊഴുന്നേൻ
ഭരതനെതിരികെകൊടുത്തഭഗവാനെത്തൊഴുന്നേൻ
അത്രിതാപസനെക്കണ്ടഭഗവാനെത്തൊഴുന്നേൻ
കബന്ധന്റെകരങ്ങളറുത്തഭഗവാനെത്തൊഴുന്നേൻ
വിരാധനെവധംചെയ്തഭഗവാനെത്തൊഴുന്നേൻ

പഞ്ചവാദ്യ [illegible]
ശൂർപ്പണഖാമുലമൂക്കരിഞ്ഞ ഭഗവാനെന്നുകല്പുണ്ണാം
ഖരദൂഷണരെയാകെമുടിച്ച ഭഗവാനെന്നുകല്പുണ്ണാം
മാരീചൻപൊന്മാനായി ഭഗവാനെന്നുകല്പുണ്ണാം
മാരീചവിലാസംകണ്ട ഭഗവാനെന്നുകല്പുണ്ണാം
തമ്പിയെക്കാവലാക്കിയ ഭഗവാനെന്നുകല്പുണ്ണാം
മാനെത്തേടിപിമ്പെനടന്ന ഭഗവാനെന്നുകല്പുണ്ണാം
മാരീചപ്രാണനെയെയ്ത്ത ഭഗവാനെന്നുകല്പുണ്ണാം
മാരീചവിലാപംകേട്ട ഭഗവാനെന്നുകല്പുണ്ണാം
സീതാകടുവചനംകേട്ട ഭഗവാനെന്നുകല്പുണ്ണാം
തമ്പിസീതയെവിട്ടുനടന്ന ഭഗവാനെന്നുകല്പുണ്ണാം
രാവണനന്നേരമറിമായമറിഞ്ഞ ഭഗവാനെന്നുകല്പുണ്ണാം
സീതയെതിരഞ്ഞുനടന്ന ഭഗവാനെന്നുകല്പുണ്ണാം
പക്ഷീന്ദ്രനെക്കണ്ടെത്തിയ ഭഗവാനെന്നുകല്പുണ്ണാം
ജടായുവിനമോക്ഷംനൽകിയ ഭഗവാനെന്നുകല്പുണ്ണാം
പമ്പയെക്കണ്ടെത്തിയ ഭഗവാനെന്നുകല്പുണ്ണാം
ഹനുമാന്റെതോളിലിരുന്ന ഭഗവാനെന്നുകല്പുണ്ണാം
സുഗ്രീവനെക്കണ്ടെത്തിയ ഭഗവാനെന്നുകല്പുണ്ണാം
സുഗ്രീവനോട്സഖ്യംചെയ്ത ഭഗവാനെന്നുകല്പുണ്ണാം
ബാലിയെക്കൊല്ലിയമ്പെയ്ത ഭഗവാനെന്നുകല്പുണ്ണാം
താരയുടെദുഃഖംകളഞ്ഞ ഭഗവാനെന്നുകല്പുണ്ണാം
ഹനുമാനെയരികിൽവിളിച്ച ഭഗവാനെന്നുകല്പുണ്ണാം
അംഗുലീയമവൻകയ്യിൽകൊടുത്ത ഭഗവാനെന്നുകല്പുണ്ണാം
നൂറുയോജനവഴിയതളിച്ചെയ്ത ഭഗവാനെന്നുകല്പുണ്ണാം
സേതുബന്ധിപ്പാനായതളിയ ഭഗവാനെന്നുകല്പുണ്ണാം
നളനെക്കൊണ്ടുചിറകെട്ടിച്ച ഭഗവാനെന്നുകല്പുണ്ണാം
സേതുബന്ധിച്ചുകടന്ന ഭഗവാനെന്നുകല്പുണ്ണാം
രാക്ഷസരവംശമൊടുക്കിയ ഭഗവാനെന്നുകല്പുണ്ണാം
വിഭീഷണനരാജ്യംനൽകിയ ഭഗവാനെന്നുകല്പുണ്ണാം
അയോധ്യാമതിലൂടെദുഃഖംപോക്കിയ ഭഗവാനെന്നുകല്പുണ്ണാം

സീതാദേവിയെവീണ്ടെടുത്തഭഗവാനെത്തൊഴുന്നേൻ
അതിസുഖമോടയോദ്ധ്യപുക്കഭഗവാനെത്തൊഴുന്നേൻ
അച്യുതനെത്തൊഴുന്നേൻ ആനന്ദനെത്തൊഴുന്നേൻ
ഗോവിന്ദനെത്തൊഴുന്നേൻ ഗോപാലനെത്തൊഴുന്നേൻ
മായവനെത്തൊഴുന്നേനെന്നും ത്രിവിക്രമനെത്തൊഴുന്നേൻ
കേശവനെത്തൊഴുന്നേനെന്നും മാധവനെത്തൊഴുന്നേൻ
സർവ്വനാഥനെത്തൊഴുന്നേനെന്നും സരോജനാഭനെത്തൊഴുന്നേൻ
ശ്യാമളകോമളനെത്തൊഴുന്നേനെന്നും പാവനിയൊരാനെത്തൊഴുന്നേൻ

തിരുവരങ്കൻ അരികിൽ നിന്നു സ്തുതിവചനം സ്തുതിചെയ്തുൻ. അണിഞ്ഞ പാദമൂന്നതം എഴുന്നെള്ളി. ഇങ്ങനെ ഇരുന്നാൽ ശ്രീകൈലാസം ഉണർന്നിതു. ഇക്കാലമിട്ടിരുന്നാൽ ഉമി ഉണർന്നിതു. ഇരുളായികിടന്നവിടമെല്ലാം വെളിവാകെതോന്നിയിതു. അന്നു ഭഗവൻതാനെണ്ണംനെല്ലപ്പോലെയല്ലാ. അവ്വണ്ണമുണരുക തെളിയുക. വെച്ചൊരു മണിവിളക്കു അവ്വണ്ണം ഉണരുക തെളിയുക സ്ഥാനവും തറവാട്ടം അവ്വണ്ണമുണരുക തെളിയുക സന്തതിയും ധനവുമെല്ലാം. ഇതൊന്നിനെവെളിവായി സുഖമായി പലനാളും വാണിരിക്ക. ഭഗവാനെ ഉണർത്തിയ ഭാഗവതികൾ കണ്ടറിപ്പൂം ദേവകളും താസുകളും നല്ലനല്ല വിരുതിയായുള്ള സമ്മാനങ്ങൾ പലതും കൊടുത്തതും പോർ താനറിഞ്ഞതായവരം കൊടുക്കേണം ചേരമാൻ തിരുവരങ്കനെന്ന ഭഗവാൻ തിരുമനസ്സാലെ. ചതുരവും പതിനായിരം മടവാരുവും പതിനായിരം രണ്ടു പതിനായിരമുള്ള വീരവെള്ളക്കലയാക്കെ തട്ടിച്ചേർന്നു കാണാകുന്ന ചേരമാൻ തിരുവരങ്കനെന്ന. അകമെന്നിരുന്ന പുറമെ പുകഴിരിക്കുമ്മൊന്ന ചേരമാൻ തിരുവരങ്കൻ. ആനാപ്പുറത്തു കേറുവാൻ വാരമെല്ലാനമു കെട്ടൊട്ടു കൊണ്ടും കൊണ്ടുകൊടുക്കുകുന്ന ചേരമാൻതിരുവരങ്കനെന്ന. തെട്ടുമെടാ തിരുനിലത്തിരുന്നിരിക്കൊണ്ടാകുന്ന ചേരമാൻ തിരുവരങ്കനെന്ന. അന്തിയാംവോളം കൊണ്ടുനടന്ന അന്തിയാവുമ്പോൾ ഇറക്കിയിട്ടു കൊണ്ടുപോന്നു. അതെന്നാൽപ്പു വലിപ്പു തിന്നാനം കൊടുത്തു. കണ്ണുക്കിടയിൽ വെള്ളവും വെച്ചു. ചെറുപാട്ടിയുടെ ചെറുതാലിപ്പൂട്ടുകൊണ്ടു പഴനുറുക്കുടെ മടക്കാലിതാട

കൂട്ടിച്ചെത്തു കെട്ടികൊണ്ടാകുന്ന ചേരമാൻതിരുവടികളാണെ. അന്തിര ഇത്തിര പരതിരന്തോരം ചെല്ലുമ്പോൾ ആനക്ക തീററ പൊറുക്കാതായി മടക്കാവും വലിച്ചുകൊണ്ടുപോകുന്നപ്പോൾ ആനപ്പിന്നാലെ ചെന്ന വഴിരിന്നാൻ ചേരമാൻതിരുവടികൾ. ആന മുതുന്ന കൊഴൻചുണ്ട നാലുകാല പെരുകാല വയലൂടെ പൂണ്ടൊളം കുമ്പുള്ള ചെമ്പുകണ്ണു കട്ടപ്പുല്ല ഏറ്റുതലയ വട്ടച്ചെവിയ മംഗലിപയറ കട്ടിഉപ്പുള്ള തന്റെ ബലം താനറിയാതെതാനെ നമ്മുടെ ചെറുപാട്ടിയുടെ ചെറുതാലിച്ചരട്ട ഇട്ട താന്നാലും പോട എന്ന ആനപ്പിന്നാലെ ചെന്ന വരമെന്ന ചേരമാൻ തിരുവടികളെ ആന പിൻകാല കൊണ്ടൊരു തട്ടുകൊട്ടത്താപ്പോൾ ആയിരത്തെട്ട കവണെമേറിഞ്ഞ് എഴുന്നോറിരിക്കുന്ന ചേരമാൻ തിരുവടികളാണെ. ആനെകൊണ്ടു കൊല്ലിക്കാനൊ ഈ വരം തന്നതെന്റെ തമ്പുരാനെ. ഈ വരവും വരപ്രസാദവും വേണ്ട അടിയത്തിന്നെ. എന്നാലും എതാറെത നിന്ന പെതാറെത കെട്ടുകൊണ്ടാലും ചേരമാൻതിരുവടി പറഞ്ഞെട്ടി വാണിരെത്തുക്കാൾ വിരഞ്ഞൊട്ടി കൃഷിയെ നല്ലതെട ചേരമാൻതിരുവടി. എന്ന ചൊല്ലികൊണ്ടു ചിങ്ങെന്നരം കഴിഞ്ഞെന്നാം ഒരു ചിങ്ങൻപോതത്തിനായും വിത്തും പാറെക്കോട്ടയും എടുത്തുവെച്ചു ചേരമാം തിരുവടികളാണെ. എല്ലാവരും വിശപ്പിലരെ ചെത്തിയടിച്ചു പൂട്ടാന്നെര നേരത്തിങ്കൽ നിന്നും കന്നൂടൻ കൊട്ടവലിപ്പാടത്തു കൊണ്ടുചെന്ന എല്ലാവരും കിഴക്കപടിഞ്ഞാറാണെങ്കിൽ തെടിയത്തിന്ന തെക്കവടക്കായിരിക്കട്ടെ. ആദിത്യചന്ദ്രന്മാരെ എട്ടുത്തൊര കാര്യമില്ലെന്നു ചൊല്ലി കന്നിനെ കിഴക്കോട്ട തിരിച്ചുനിർത്തി കന്നിനെ പടിഞ്ഞാട്ടും തിരിച്ചുനിർത്തി ഒന്നിന്റെ കഴുത്തിലും കന്നിന്റെ മൂന്നാക്കിലും നകവെച്ചു പേടകം എത്തൊന്നാട്ടി പൊന്നാര നേരത്തിങ്കൽ പോരുന്നൊന്ന കിഴക്കോട്ട പോയതതന്റെതമ്പുരാനെന്ന പടിഞ്ഞാട്ടും പോയിതെ. കിഴക്കോട്ട പോയതു മലയിൽ മലമ്പോത്തായിരിക്കട്ടെ. പടിഞ്ഞാട്ട പോയതു കടലിൽ കടൽപോത്തായിരിക്കട്ടെ. എന്ന വരവും കൊടുത്തു ആയിരം നാഴി വിത്തുള്ളതിനെ വാരിക്കോരികൊടുക്കുന്നതു കണ്ടുനില്ലും മഹാജനങ്ങൾ നിശബ്ദം ചെയ്യുകിക്കുയുമെന്ന കയതി അതകൊണ്ടും പുഴികാന്തി വിത്തും പാറക്കോട്ടയും കരിയും നുകവും അതിലിട്ട കൂടിക്കൊണ്ടായെന്നും പെ

ല്ലി ചേരമാൻതിരുവടികൾതന്നെ. അടിയത്തിനു ഇല്ലാതെയും പോക ട്ടെ അടിയത്തിന്റെ മാളോക്ക് ഉണ്ടായും വരട്ടെ. അടിയത്തിന്നൊ യാലും ആകക്കതിർപ്പതിരായി പോകട്ടെ. അണ്ണാനും കിളിയും കൊത്തിപ്പോകട്ടെ. എന്ന് വിത്തിന്നും പോത്തിന്നും വരവുംകൊടുത്തു. എന്നാലും എതൊരാതെന്നിന്നു പൊരാതെ കെട്ടുകൊണ്ടാലും ചേരമാൻ തിരുവടികൾ. ഒരാണ്ടിൽ പന്ത്രണ്ടു തിങ്കളുണ്ടു. പന്ത്രണ്ടിലും പാരമായു ള്ള കള്ളക്കർക്കടകമാസം കാലത്തിങ്കൽ മാവു പറമ്പിനു കാലുകൊടു ത്തു പവർകരെന്നു മഴുവും കൊടുത്തു കള്ളരോ ഉപ്പരോ മറ്റു പല ജാത്യക്കാരോ എന്നറിയാതെകണ്ടു നമ്മുടെ മാളോരുടെ പൊന്നമാ മ്പേർപടിക്കൽ ചെന്ന് എന്നെക്കൊണ്ടും എന്റെ ശീവോതിയെ ക്കൊണ്ടും ആയിരമായിരം നാമങ്ങളെക്കൊണ്ടു അങ്കിലൊരു നാമം ചൊ ല്ലിപ്പാടി സ്തുതിച്ചുകൊണ്ടാൽ ഞാനിരിക്കും കെട്ടിരിക്കും മൂധയ പോ യി ഉറങ്ങിക്കളയും. ഒന്നു മുന്നൂളോർ ഒരു മുന്നു തമ്പുരുടെ ചേരമാൻ തിരുവടികൾ. ഒരു വെറ്റില തിന്നവർ പകുതിയൊറിലയും തമ്പുരു ടെ ചേരമാൻതിരുവടികൾ. വെച്ചിരിക്കും ജോലത്താലും കത്തിരിക്കും അരിയാലും കടത്തിരിക്കും വെണ്ണയാലും കഴ്ചുതള്ള് കണ്ണാടി ക ണ്ണേതിരം തലയിൽ കെട്ടുവാൻ ഉറുമാൽ ഉപ്പ് മുളക കാച്ചിയൊരു പാലും കിട്ടുമെടെ ചേരമാൻതിരുവടികൾ. എന്നരുളിച്ചെയ്തു നമ്മുടെ ഭഗവാൻ. ആയതു കേട്ടുംകൊണ്ടു പോകുന്നോരം അവരുടെ ജ്യേ ഷ്ഠാഭഗവതി പുറപ്പോയി ശീവോതി അകംകൊള്ളുവാനായിരിക്കു ന്നു. എഴും എഴരദിവസം ചെല്ലുന്നപ്പോൾ ഞാൻ ചെന്ന് ഉലക ഴിഞ്ഞു ശ്രീമഹാദേവൻ തിരുവാകനോടരുളിച്ചെയ്തു. അന്നത്തെ വ രംകൊണ്ട് ഇന്നടിയൻ വിടകൊള്ളുന്നേൻ. അസ്ഥാനം തെളിഞ്ഞതു പോലെ ഇസ്ഥാനവും തെളിഞ്ഞിരിക്കു.

൨. മണ്ണാർപാട്ട്. * (തോറ്റം)

ആയതിനൊക്കെ മനുസ്യർക്കടയൊടിയുണ്ട് കമ്പിളിതാൻപടിചാ ടി അന്നവാതിൽപോർപടിയും ഒടിക്കടന്ന് നാവികത്തികരികൊള്ളി

* 10-ാം പുസ്തകം 436-ാം ഭാഗം നോക്കുക.

നല്ലമ്മേൻെറ പൊന്നുംപോർപടിയായടിക്കുകൊണ്ടു. നാവികത്തികരിങ്കാളിനല്ലമ്മേ നാവികത്തികരിങ്കാളിനല്ലമ്മേ എന്നു നാലുംമൂന്നും ഏഴു വിളികൊണ്ടു നേരത്തിങ്കൽ. അകനാഴികയിൽകിടന്നു വിളിയെക്കേട്ടു പുറനാഴികയിലോടി പുറത്തുവന്നു. എന്താണിങ്ങുപോന്നു മന്ത്രമൂർത്തികടലോടിയോ എന്നു ചോദിച്ചു. അപ്പോൾ പടപറഞ്ഞു മന്ത്രമൂർത്തികടലോടി. വടക്കംകൊല്ലത്തു നല്ലമ്മക്കു നോവുംവേളിയും വന്നമൂന്നാതിത്തല്ലോ. അതൊട്ടു ചെല്ലുവാൻ ചൊല്ലുക്കുട്ടിയെൻെറ നാവികത്തികരിങ്കാളിനല്ലമ്മേ! ആയതിനെക്കേട്ടു കരിങ്കാളിയുണ്ടു ഒരുനാഴി വിത്തും ഒരു പുള്ളക്കലവും ഊക്കോടെപോന്നുമെ നേർന്നുഴിഞ്ഞുവെക്കുന്നോരുനേരത്തിങ്കൽ ഞാനവിടെ ചെല്ലുമ്പോഴേക്കും നല്ലമ്മ പ്രസവിച്ചുപോയെങ്കിൽ മറുപിള്ള ഞാൻ ചെന്നു പ്രസവിക്കാവൂ എന്നു നേർന്നുഴിഞ്ഞുവെച്ചു. നന്തകനെന്ന കത്തിയെടുത്തു ഊർമടിയിൽ ചാച്ചുകൊളുത്തിച്ചു ഇളപ്പടിത്താരണം അന്താണിയെന്നമ്പലം ഓടിക്കടന്നു വടക്കംകൊല്ലത്തു നിവിടെ ചെന്നു വഴിപ്പുറപ്പെട്ടു. അപ്പോൾ ചോദിച്ചു നല്ലച്ചൻ. ഉണ്ടിട്ടോ തൊട്ടുകന്നു ഉണ്ണാതോ തൊട്ടുകന്നു എന്നു ചോദിച്ചപ്പോൾ. അപ്പോൾ പടപറഞ്ഞു വടക്കംകൊല്ലത്തു നല്ലമ്മ. പത്തുപേർ പെറ്റ സ്ത്രീയായാലും പതിനൊന്നാമത്തെയാണു കുട്ടിനേരത്തിങ്കലും ചത്തുപോകും. പത്തു പടക്കുപോയ നായരായാലും പതിനൊന്നാമത്തെ നേരത്തുകൊണ്ടാൽ ചത്തുപോകുമല്ലോ. ഞാനൊന്നുകിലേ ചോറുള്ളു. പുറത്തൊന്നുകിലേ ചിത്രമെഴുതിയുള്ളു എന്നു കല്പിച്ചു നല്ലമ്മ. ആയതിനെക്കേട്ടു കരിങ്കാളിനല്ലമ്മയുണ്ടു കത്താറ്റുളിയിൽ വെള്ളവും കത്തിക്കിണ്ണത്തിൽ എണ്ണയുമായി മാറില്ലത്തുന്നു ഊറില്ലത്തേക്കു നടകൊണ്ടു. എണ്ണയും വെള്ളവും കൂട്ടിച്ചേർത്തു നല്ലമ്മയുടെ എക്കിളക്ക പൊക്കിളക്ക ഇളകത്തു കൊണ്ടുന്നു എണ്ണ ചേർത്തുന്നോരു നേരത്തിങ്കൽ. വയർപിടിച്ചു കടഞ്ഞു എക്കിളക്ക തട്ടി പൊക്കിളക്ക തട്ടി മേൽവയറ്റിൽ പിള്ള കീഴ്വയറ്റിൽ താഴ്ന്നു. ഓരൊരിക്കം നൊന്തുനൊന്തു വിളിച്ചപ്പോൾ നോന്തുതാം പിള്ളക്കുവാരം തരേണം. ഈരണ്ടിക്കം നൊന്തുനൊന്തുവിളിക്കുമ്പോൾ ശ്രീപാർവ്വതി കൈകൊടുത്തോൻ മൂന്നാമിക്കം നൊന്തുനൊന്തുവിളിക്കുമ്പോൾ മുന്നൂറ്റിയറുപതു [illegible] ഴിഞ്ഞു. പടിവള്ളിവിട്ടു കുട്ടി കരഞ്ഞൊരു [illegible] പ്പിച്ചുള്ള [illegible]

നാളു പ്രസവം ചെയ്തു. ആയതിനെക്കണ്ടു കരിങ്കാളിനല്ലമ്മയുണ്ട് പോർക്കിഴിയോടി കണിച്ച് ഉരലിന്മേൽ ചുണ്ണാമ്പു പൂട്ടി കല്ലിട്ടു വെന്തിമാടി. നാലിന്നു നാലുവേതുമാടി ഏഴിന്നു ഏഴുവേതുമാടി പതിനൊന്നിനു കുളിമിറ്റി കുളികഴിഞ്ഞ് പതിനാലിന് എലപ്പുലപ്പുണ്യാഹവും കഴിഞ്ഞു. ഇരുപത്തെട്ടും തരൻറ നൂലാളും വന്നടുത്ത നേരത്തു ഗണപതിപ്പൂജ ചൊല്ലിക്കുറി. ഗന്ധപുഷ്പധൂപദീപാദികളെ കുറി പഞ്ചാലങ്കാരവും കഴിച്ച് ആധികിഴക്ക തിരിഞ്ഞിരുന്ന് വെള്ളിയക്ക വെള്ളിച്ചിറ്റ് പൊന്നരക്ക പൊന്നരഞ്ചാൺ ആനയുടെൻ താലി പേർമണി പേർത്താളി അപ്പാനാണയാണം കെട്ടിച്ച് പൂവിലെഴുകിയ കമ്പിളപ്പൂവും ചൂടിച്ച് ആരോമലുണ്ണിപ്പൊന്മകനേ ആരോമലുണ്ണിപ്പൊന്മകനേ എന്നൊരോമനപ്പേരും വിളിച്ചു. ഒരാണ്ടിൽ ഒറ്റടിവെച്ചു നടന്ന് ഇരണ്ടാണ്ടുകാലത്തിങ്കൽ ആടിയോടി അണിവളുന്ന് മൂന്നാണ്ടുകാലത്തിങ്കൽ ചപ്പോളി തടികിളിച്ച് നാലാമാണ്ടെന്നൊരു വയസ്സുകാലത്തു നാട്ടിൽ വീട്ടിൽ കളിക്കളിച്ച് ആറാമാണ്ടൊന്നാമുവയസ്സുകാലം അണിവായിൽ പല്ലുപോയത് ഏഴാമാണ്ടൊന്നുവയസ്സുകാലത്ത് എഴുത്തും ഓത്തും വഴിയെ പഠിച്ചു പോരുന്ന നേരത്തു വടക്കെകൊല്ലത്തു ചങ്ങാതിയും കിഴക്കെകൊല്ലത്തു ചങ്ങാതിയും മണിക്കിണറ്റു ചാടിക്കളിക്കുമ്പോൾ കിഴക്കെകൊല്ലത്തു ചങ്ങാതിയുടെ പുസ്തകം മണിക്കിണറ്റിൽ വീണു പൊളിഞ്ഞുപോയി. കിഴക്കെകൊല്ലത്തു പൊന്മകന്റെ വളർപ്പുസ്തകം വടക്കെകൊല്ലത്തു പൊന്മകൻ മണിക്കിണറ്റു ചാടിയെടുത്തുകൊടുത്തു. അവിടന്നിട്ട് ചങ്ങാതിമാരാകുന്നു. വടക്കെകൊല്ലത്തു ചങ്ങാതി ആദ്യം മാലവിവാഹം ചെയ്യുകിൽ കിഴക്കെകൊല്ലത്തു ഏഴനാളത്തെ വിരുന്നുണ്ണാകുന്നു എന്നാക് എന്റെ ചങ്ങാതി! കിഴക്കെകൊല്ലത്തു ആദ്യം വിവാഹം ചെയ്യുകിൽ വടക്കെകൊല്ലത്ത് ഏഴനാളത്തെ വിരുന്നുണ് എടുക്കണം എന്റെ ചങ്ങാതി! കല്ലിട്ടുസത്യവും ചെയ്ത് അവർ തമ്മിൽ പിരിഞ്ഞുപോകുന്നു. ആരിയാകുന്ന വടക്കെകൊല്ലത്തു ചെല്ലുമ്പോൾ പടപറഞ്ഞു വടക്കെകൊല്ലത്തു നല്ലമ്മ. എഴുതാൻപോകുമ്പോൾ മകന് ചോറേ ചോറെന്നുള്ളൂ. എഴുതിവരുമ്പോഴും മകന് ചോറേ ചോറെന്നുള്ളൂ. ആരോമം തെണ്ടിച്ചു പൊന്നുംകുരലത്തിനെക്കൊണ്ടു നിനക്കെന്താൻ ചിന്തിക്കെട മകനെ എന്നു ചോദി

ച്ചു നല്ലമ്മ. പണ്ടു നല്ലച്ഛൻ പുത്തനങ്ങാടിയിൽ വാണിഭം വിററു പൊന്നുംനിധി നേടിക്കൊണ്ടുപോന്നിട്ടുള്ള പുത്തനങ്ങാടി കിടപ്പുണ്ടോടാ എന്റെ മകനെ. ആ പുത്തനങ്ങാടിയിൽ പാണ്ടിശാല കെട്ടി വിസ്തൃതവിസ്തൃതമായി വെട്ടിപ്പണിചെയ്തു വാണിഭം വിററുകൊണ്ടാലും എന്റെ മകനെ എന്നു കല്പിച്ചു നല്ലമ്മ. വാണിഭം വില്ക്കുവാൻ എന്തു പൊന്നുംമുതലർത്ഥമുള്ളു എന്റെ നല്ലമ്മേ. പൊന്നുംമുതലർത്ഥം ഞാൻ തരുവാനുണ്ടാ എന്റെ മകനേ. വാണിഭച്ചെറുപിള്ളരെ നിന്റെ നല്ലച്ഛനും പറഞ്ഞയക്കണമെന്നു കല്പിച്ചു. പുള്ളിപ്പതിനാറുപണമെട്ടുത്തു കള്ളപ്പുള്ളി നീക്കി വെള്ളപ്പുള്ളിയെടുത്തു കച്ചത്തലക്കൽ മടിഞ്ഞുകെട്ടി പുത്തനങ്ങാടിയിൽ വാണിഭത്തിനായി കച്ചിമരക്കാരായി അവതരിച്ചു പൊന്മകൻ. കുളികുറിതേവാരവും കഴിഞ്ഞ് അന്നത്തെ ഭോജനവും ഉൺകഴിഞ്ഞ് തിരുകക്ക നീർപ്പൂവ്വ് നൊറിക്കു നൊറിപ്പുട്ടും കഴഞ്ഞിന്നു കോമ്പലറാം മാറിനു മാർത്താലി വയറിന്നുദരബന്ധം അരയിക്ക അരപ്പിച്ചോട്ട കാലിന്നു കാൽച്ചിലമ്പ് കൈകണ്ടിന്നും കനകവള വിരൽ പത്തിന്നും മണിമോതിരം ഇവയൊക്കെ ചേർത്തണിഞ്ഞു പൊന്മകൻ. പാർവ്വണ്ണൻ പോക്കത്തെപ്പുറമേറി കമ്പത്തിൽ കാച്ചുണ്ടും കൊടുത്ത് കടുകത്തൊണ്ട മണ്ടും കുപ്പിടിച്ച് ചമട്ടിക്കോലാലേ നാല്പ്പുല ഉലച്ച് ഓടട്ടെ പോക്കത്തിരെ മണ്ടിയാണ് എന്റെ പോക്കത്തിരേ പണ്ടു നല്ലച്ഛൻ വാണിഭം വിററ പുത്തനങ്ങാടിയിൽ പഴമ്പീടിക നോക്കിയോട്ടിയാണുമെന്നു കല്പിച്ചു. ഓട്ടുന്നു പോക്കത്തിര വണ്ടു തുമ്പി വാണോരമ്പോലെ കടിവിട്ട വില്ലും ചെറുശരംപോലെ. പാർവ്വണ്ണൻ പോക്കത്തിര പുത്തനങ്ങാടിയിൽ മെൽതെരുവിൽ മൂത്തമകൻചെട്ടിയാന്റെ പൊന്നുംപോർപടിക്കൽ നിവിരെച്ചെന്നു വഴിപൂരപ്പെട്ടു. ആയതിനെക്കണ്ടു മൂത്തമകൻചെട്ടിയാരെന്ന് പുണ്ടു വാണിഭം വില്ക്കുവാൻ വന്ന നല്ലച്ഛന്റെ മകന്റെ വരവുനൊന്നുകേട്ട് നിറപറ ഏഴും നിറച്ചുവെച്ച് മണിവിളക്കും കത്തിവെച്ച് ആചാരോപചാരത്തോടെ നിലപാക്കുന്നു ചെട്ടിയാർ. ഏടമേ കിടക്കുന്ന പെരുവഴിയെ പോയാലോ ചെട്ടിയാരെ ഏടത്തെരുവിൽ പടിഞ്ഞാറുവിൽക്കൂടി പോകാലോ എന്റെ പൊന്മകനേ! ഏന്നാൽ പോയ്ക്കൊട്ടെ പോയ്ക്കൊട്ടേ എന്റെ ചെട്ടിയാ മനോമനോന്നൊടത്തെരുവിലൊള്ളമെന്നു പോയ്ക്കൊട്ടേ വാണിഭം വില്ക്കുവാനും വി

ലമറ്റുവന്നു. ഓടട്ടെ ഓടട്ടെ എന്റെ പാർവണ്ണൻപോക്കിരിയെ ഒന്നാമാനെന്ന പടിത്തെരുവിലോളം. ഒന്നാമാനെന്നപടിത്തെരുവിൽ ചെല്ലുമ്പോൾ പോക്കിരിയുടെ വളർകഴുത്തിൽ കിടക്കുന്ന കോടാർമണിയുടെ നാദം കേട്ടു ഇട്ടിവേശാ എന്ന പെണ്ണിടിയാള്. പടിക്കാലുംപിടിച്ചു വഴിക്കണ്ണുംനോക്കി നിലപാൾന്നു ഒന്നാമാനത്തവേശപ്പെണ്ണ്. പൊന്നുകന്നാകണ്ട വേശപ്പെണ്ണന്ന് പവിഴവായിൽ പുഞ്ചിരികൊണ്ടു ചിരിച്ചു വേശപ്പെണ്ണ്. പൊന്നുകന്നയും പോക്കിരിയേയും കൊണ്ടുകൊട്ടകൊള്ളിച്ചു. വെള്ളിക്കിണ്ണിലമണിമിറാത്തു പൊന്നുകന്നെ ഇറക്കിന്നൊ [illegible] അവിടെ താമസംചെയ്തുപൊന്നുകൻ. പിറേന്നു ഗംഗചാല പുലരുംമുമ്പ് പാർവണ്ണൻപോക്കിരിപ്പുറമേറി പോവട്ടെ പോവട്ടെ എന്റെ ഒന്നാമാനത്തവേശപ്പെണ്ണേ എഴാമാനത്തുഏടത്തെരുവിലോളം. രണ്ടാമാനത്തഏടത്തെരുവിൽ ചെല്ലുമ്പോൾ രണ്ടാമാനത്ത ഇട്ടിഏളുമാളു പെണ്ണിടിയാള് വന്നിതോ വന്നിതോ എന്റെ വടക്കംകൊല്ലത്തു പൊന്നുകന്നേ, വാച്ചു രസമാവമൊന്നു തീകുഴിക്കണെ. ആയതിനെ കേട്ട് വടക്കംകൊല്ലത്തു പൊന്നുകന്നങ്ങ് വെള്ളിക്കിണ്ണിലമണിമിറാത്തുക്ക നിവിരച്ചെന്നു വഴിപുറപ്പെട്ടു. പാർവണ്ണൻപോക്കിരിപ്പുറമേറുന്നു പൊന്നുകൻ പൊന്നെടിയാൾ കോയിക്കിലേക്ക നിവിരച്ചെന്നു വഴിപുറപ്പെട്ടു. ചന്ദനക്കതിർകട്ടിലന്മേൽ ചെന്നിരിക്കുവാൻ ചെമ്പാപ്പുറം ഏടുകല്ലുംകൊണ്ടു നീട്ടിത്തട്ടത്തു വേശപ്പെണ്ണ്. നമുക്കൊത്തവണ്ണം ഇരിക്കുവാൻ പൊന്നുകന്നെ നമ്മളിരുവരും ചെട്ടിപണിതീർത്തതല്ല. നിവുകക്ക നിർച്ചൂവുതെട്ടുകന്നു പൊന്നുകൻ കട്ടിൽക്കാലി അരപ്പുറമേറിക്കൊള്ളുന്ന പൊന്നുകൻ. കട്ടിൽക്കാലിന്നപ്പുറം കിട്ടിയ വേശപ്പെണ്ണ് കൈപ്പിടിച്ചു കട്ടിലിൽകൊണ്ടുനാലമയിരുത്തുന്നു. വാച്ചു രസമാവിനെ ചീന്തിയരുളുചെയ്തു പൊന്നുകൻ. പല മൊഴിവാക്കം പടപറ്ഞ്ഞിരിക്കുന്ന-പിറന്നാൾ ഗംഗചാല പുലരുംമുമ്പെ പോവട്ടെ പോവട്ടെ എന്റെ രണ്ടാമാനത്തവേശപ്പെണ്ണേ! എഴാമാനത്തെരുവിലോളം പോവട്ടെ. കട്ടിക്കുവാൻ തൊട്ടകപ്പം ഇ [illegible] പറ്റളുമൊഴി [illegible] ല്ലോ. [illegible]

[illegible] പ്പെണ്ണ എല്ലാത്തൊടെന്ന [illegible]

[illegible] യിൽ കെട്ടിട്ട് [illegible]

[illegible] ക്കാം (ഇടവം)

പുഷ്പാഞ്ജലി.

ഏഴാം അദ്ധ്യായം.

[illegible]

ആരാവലി പർവ്വതത്തിന്റെ പടിഞ്ഞാറുഭാഗത്താണ് മാർവ്വാരം എന്ന രാജ്യം. ആ പ്രദേശം മിക്കതും മരുഭൂമിതന്നെയാണെന്നു പറയാം. എന്നാൽ ഭൂമി ഫലവത്തല്ലാത്തതാണെങ്കിലും ജനങ്ങൾ ക്ഷാമപീഡിതന്മാരോ ദരിദ്രന്മാരോ അല്ല. അവരുടെ നഗരങ്ങളും ഗ്രാമങ്ങളും നല്ല ഐശ്വര്യത്തോടുകൂടിയിരിക്കുന്നു. പ്രജകൾ ആരോഗ്യദൃഢഗാത്രന്മാരും പരിശ്രമശീലന്മാരും അന്യോന്യം സഹായം ചെയ്വാൻ എപ്പോഴും ഒരുക്കമുള്ളവരുമാണ്. അവർ നല്ല ശുചിയോടുകൂടിയവരും ചുരുക്കിച്ചിലവു ചെയ്യുന്നവരും നല്ല വ്യവസായമുള്ളവരും വാണിജ്യവിഷയത്തിൽ താല്പര്യമുള്ളവരും അന്യരാജ്യങ്ങളിലേയ്ക്കു പോകാൻ ഉത്സാഹമുള്ളവരും ആണ്. ഇവരിൽ അധികം പേരും ബൌദ്ധമതക്കാരാണ്. എന്നാൽ മറ്റുള്ള ദിക്കിലെ ബൌദ്ധമതക്കാരെപ്പോലെ ഇവർ സനാതനധർമ്മവിദ്വേഷികളായിരുന്നില്ല. ഭഗവാൻ ബുദ്ധദേവൻ ഇവരെ ഒരുവിധത്തിൽ സനാതനധർമ്മത്തെ അനുസരിക്കുന്നവരായിത്തന്നെ തീർത്തിരുന്നു.

മാർവ്വാരരാജ്യം കടന്നു പിന്നെയും പടിഞ്ഞാട്ടു പോയാൽ സിന്ധുദേശത്തിൽ എത്തിച്ചേരുന്നു. സിന്ധുദേശം സമനിരപ്പായ ഒരു വലിയ പ്രദേശമാണ്. അതിന്റെ ഒരു ഭാഗമെങ്കിലും നിമ്നോന്നതമായി തോന്നുകയില്ല. അതിന്റെ അധികഭാഗവും മണൽപ്രദേശമാണ്. എന്നാൽ സിന്ധുനദത്തിന്റെ ഇരുകരകളിലുമുള്ള മിക്ക പ്രദേശങ്ങളും വളരെ ഫലവത്തായിട്ടുള്ളതാണ്. സിന്ധുദേശവാസികളിൽ അധികം പേരും ഏറ്റവും ദരിദ്രന്മാരാണ്. ഗ്രാമങ്ങൾ മിക്കതും കുഗ്രാമങ്ങളുമാണ്. എന്നാൽ ചില പട്ടണങ്ങൾ വളരെ സമൃദ്ധിയുള്ളവയും ആണ്. നഗരവാസികളിൽ അധികം പേരും കറുപ്പു തിന്നുന്നവരും മഹമ്മദുമതക്കാരും ആണ്. എന്നാൽ ഇ-

ഹിന്തുക്കളുടെ ദേവന്മാരേയും ദേവികളേയും നിന്ദിക്കുന്ന കൂട്ടരല്ല. ഇവർ ജ്യോതിഷക്കാരെ വലിയ ബഹുമാനമാണ്. ആപൽക്കാലങ്ങളിൽ ഇവർ ഹിന്തുക്കളുടെ ദേവന്മാർക്ക് വഴിപാടുകളും മററും ചെയ്യുന്നുണ്ട്.

ബ്രാഹ്മണൻ മാർവ്വാരവും സിന്ധുദേശവും കടന്നു സമുദ്രതീരത്തിലുള്ള ഒരു തുറമുഖത്തിൽ വന്നെത്തി. ആ തുറമുഖത്തിൽ പല ദിക്കിൽനിന്നും പല ആളുകൾ വന്നു പല ജോലികളിലും ഏർപ്പെട്ടിട്ടുണ്ട്. ഉറുമ്പ് പൊതിയുന്ന കൂട്ടത്തിൽ രാജമാർഗ്ഗം ജനസംഘംകൊണ്ടു നിറഞ്ഞിരിക്കുന്നു. എല്ലാ വീടുകളിൽനിന്നും തേനീച്ചക്കൂടുകളിൽനിന്ന് എന്നപോലെ അവ്യക്തശബ്ദങ്ങൾ കേൾക്കുന്നുണ്ട്. നീലനിറമായ സമുദ്രജലം വളരെ ദൂരത്തോളം കപ്പലുകൾകൊണ്ടും പത്തേമാരികൾകൊണ്ടും വഞ്ചികൾകൊണ്ടും നിറയപ്പെട്ടിരിക്കുന്നു. സമുദ്രതീരത്തിൽനിന്നു നോക്കുന്നവർക്ക് ആ സകല കപ്പലുകളും പക്ഷികളുമെന്നപോലെ തോന്നപ്പെടുന്നു. ചിലതു ചിറകുകൾ പരത്തി കൂട്ടിലേക്ക് അണയുന്നു. ചിലതു കൂടുവിട്ട് ആകാശത്തിലേക്കു പറന്നുപോകാൻ ഭാവിക്കുന്നു. ചിലതു ചെല്ലുന്ന ദിക്കിലെത്തി ചിറകുകൾ കൂട്ടി അവയുടെ സ്ഥാനങ്ങൾ തേടിപ്പിടിക്കുന്നു. വഞ്ചികൾ കപ്പലുകളുടെ കുട്ടികളെന്നപോലെ യാതൊരു അലട്ടംകൂടാതെ നാലുഭാഗത്തും അലഞ്ഞുനടന്നുകൊണ്ടിരിക്കുന്നു.

സത്യയുഗത്തിൽ മുനിശ്രേഷ്ഠനായ സൌഭരി യമുനാനദിയിൽ അനവധി മത്സ്യങ്ങൾ കളിക്കുന്നതു കണ്ട് ഏററവും ആനന്ദിച്ചിരുന്നു. മത്സ്യമാതാവു തന്റെ സന്താനങ്ങളാൽ ചുററപ്പെട്ടവളായിട്ട് എന്തൊരു സുഖം അനുഭവിച്ചിരുന്നുവോ ആ സുഖം കണ്ടു മഹർഷിക്ക് അവയുടെ നേരെ അതിയായ പ്രീതി തോന്നിയിരുന്നു. ഗരുഡൻ അവയെ ഭക്ഷിപ്പാൻ ഉത്സാഹിച്ചതു കണ്ടു പരമദയാലുവായ മഹർഷി ഗരുഡനെ ശപിച്ചു. വാത്സല്യജീവജാലങ്ങളെ കണ്ടാൽ തന്നെ പവിത്രഹൃദയന്മാരായവരുടെ മനസ്സിൽ ആനന്ദം ഉണ്ടാവുന്നു.

ബ്രാഹ്മണൻ ഇതുവരെ ആ ആനന്ദം അനുഭവിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു ആവിക്കപ്പൽ തുറമുഖത്തിന്റെ ഉള്ളിൽ കടന്നു

തുടങ്ങി. അതിന്റെ ഗതിവേഗവും അതിൽനിന്നു പുറപ്പെടുന്ന പുകയും ആവിപുറത്തേക്കു വിടുമ്പോൾ ഉണ്ടാകുന്ന ശബ്ദവും കേട്ടു ബ്രാഹ്മണൻ അതിന്റെ നേരെ നോക്കി. അവർ ശ്രദ്ധവെച്ച് ആവിക്കപ്പലിനെ നോക്കിക്കണ്ടു. തിരമാലകളെ ഭേദിച്ചുകൊണ്ട് ആവിക്കപ്പൽ എല്ലാററിന്റെയും നടുവിൽ വന്നുനിന്നു. അതിന്റെ ഉള്ളിൽനിന്നു പുക പുറപ്പെട്ടുകൊണ്ടിരുന്നു. അപ്പോൾ ഇടിവെട്ടുംപോലെയുള്ള ശബ്ദം ഉണ്ടായി. ഝണഝണശബ്ദത്തോടുകൂടി അതിന്റെ ലോഹഘണ്ടാരവം പ്രസരിച്ചു സമുദ്രതലത്തെ സ്പർശിച്ചു. അത് അനങ്ങാതെ നിന്നു. ഏറെത്താമസിയാതെ ആവിക്കപ്പലിന്റെ ഇരുവശത്തും രണ്ട് ഏണികൾ ഇറക്കപ്പെടുകയും ആ ഏണികളിൽക്കൂടി യുദ്ധകാര്യങ്ങളെ ചെയ്യുന്ന ഉടുപ്പുകളോടുകൂടിയവരും ആയ കുറെ വെള്ളപ്പട്ടാളക്കാർ ഏറിയ വഞ്ചികളിൽ കയറി ക്രമത്തിൽ കരയിലെത്തുകയും ചെയ്തു. അവർ തീരത്തിൽ അണിയണിയായി നിന്നു. സേനാപതിയുടെ കല്പന കേട്ട മാത്രത്തിൽ അവർ വേർപിരിഞ്ഞ് ഓരോ കൂട്ടമായി നിന്നു. പിന്നെ ചാണയിൽ ഉരച്ചുകൂട്ടീട്ടുള്ള ശസ്ത്രങ്ങളിൽ സൂര്യബിംബത്തെ പ്രതിബിംബിപ്പിച്ചുകൊണ്ട് അവർ മൈതാനമായി രാജമാർഗ്ഗത്തിൽക്കൂടി പോയി. ഭൂമി അവരുടെ ചവിട്ടടികൊണ്ടു വിറച്ചുതുടങ്ങി. സകല ജനങ്ങളും വിസ്മയംകൊണ്ടു വിടർന്ന കണ്ണുകൾകൊണ്ട് ആ ആവിക്കപ്പലിനേയും അതിൽനിന്നിറങ്ങിയ സൈന്യങ്ങളേയും ശ്രദ്ധിച്ചു നോക്കിക്കൊണ്ടിരിക്കുന്നതു മദ്ധ്യവയസ്കനായ ബ്രാഹ്മണൻ കണ്ടു. ബലവിക്രമം സാമാന്യമായ ഒരു വസ്തുവല്ല. അത് എല്ലാവരാലും ആദരിക്കപ്പെടുന്ന ഒരു വസ്തുവാണ്. ജീവജാലങ്ങളുടെ ക്രീഡാകൌതുകം കാണുമ്പോൾ അന്തരാത്മാവു വികസിക്കുകയും രോമാഞ്ചമണിതമായിരിക്കുകയും ചെയ്യുന്നു എന്നുള്ള വാസ്തവമാണ്. എന്നാൽ ആ മനോഭാവം കോമളവും മധുരവും ആയിട്ടുള്ളതാണ്. ഈ മാതിരി ബലവീര്യം കാണുമ്പോൾ ഏതൊരു ഭാവം മനസ്സിലുദിക്കുന്നുവോ അതു മുൻപറഞ്ഞ മധുരമനോഭാവത്തെക്കൂടെ അധികരിക്കുന്നു. അതുകൊണ്ടാണ് പുരുഷസിംഹനായ ഒരുവൻ സാമാന്യന്മാരായ അനേകായിരം ജനങ്ങളുടെ മേൽ അധികാരം നടത്താൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെയാണ് പ്രബലമായ ഒരു ജാതിക്ക ദുർബ്ബലന്മാരായ അനേകം ജാതിക്കാരെ ഭരിപ്പാ

ങ്ങളിൽ യോഗ്യത ഉണ്ടാകുന്നത്. കീഴടങ്ങിയിരിക്കുന്ന പുരുഷന്മാരോ അല്ലെങ്കിൽ കീഴടങ്ങിയിരിക്കുന്ന ജാതിക്കാരോ തമ്മിൽ ഒന്നായി യോജിച്ച് എതിർക്കുന്നപക്ഷം അധികാരം നടത്തുന്ന പുരുഷനെയോ അല്ലെങ്കിൽ ജാതിയെയോ തീർച്ചയായിട്ടും അവർക്കു തോല്പിക്കാൻ കഴിയുന്നതാണ്. എന്നാൽ അധികാരം നടത്തുന്നവരുടെ നേരെയുള്ള ആദരാതിശയത്തിന്റെ മാഹാത്മ്യംകൊണ്ട് അവരോട് എതിർക്കുന്ന കാര്യം ഉള്ളിൽ നില്ക്കട്ടെ. ആരും അവരുടെ നേരെ കൂസൽകൂടാതെ ഒന്നു നോക്കാൻകൂടി ശേഷിയില്ല.

മദ്ധ്യവയസ്കനായ ബ്രാഹ്മണന്റെ മുഖമണ്ഡലം ചിന്തയുടെ ഏറ്റവും ഗംഭീരമായ ഛായയിൽ മുങ്ങിയതുപോലെ കാണപ്പെട്ടു. സൂര്യനും അസ്തമിച്ചു.

വൃദ്ധൻ പറഞ്ഞു. “നാനാജാതിക്കാരായ മനുഷ്യർ ഒന്നിച്ചുകൂടി കാണുമ്പോൾ മനസ്സിൽ ഏറ്റവും ഗംഭീരമായ ആനന്ദം ഉണ്ടാവുന്നതാണ്. ബാഹ്യഭേദത്തിന്റെ ഇടയിൽ ഏകത്വത്തിന്റെ പ്രതീതിയുണ്ടാകുന്നു. ഈ ഭിന്നദേശക്കാരും ഭിന്നജാതിക്കാരും ഭിന്നധർമ്മത്തെ അനുസരിക്കുന്നവരും ഭിന്നവേഷം ധരിക്കുന്നവരും ഭിന്നകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ആയ മനുഷ്യർ തമ്മിൽ ഇത്രയെല്ലാം വ്യത്യാസങ്ങളുണ്ടെങ്കിലും അവർ ഒരേ പ്രകൃതിയോടുകൂടിയ ജീവികളാണ്. എല്ലാവരുടേയും ജന്മനിർമ്മാണരീതിയും ജീവിതമൂലവും ചരമോദ്ദേശ്യവും ഒന്നുതന്നെയാണ്. സകലഭേദങ്ങളുടേയും കാരണം ആദ്യത്തിൽ ദേശഭേദമാണ്. ധർമ്മഭേദം ആചാരഭേദം ജാതിഭേദം ഭാഷാഭേദം ഇവയെല്ലാം ദേശഭേദം ഒന്നു മാത്രത്തിൽനിന്നുണ്ടാവുന്നതാണ്. അതുകൊണ്ടു ദേശഭേദം ഇല്ലാതെയായാൽ കാലംകൊണ്ട് ഏകതയുണ്ടായിത്തീരും; അതിന്നു സംശയമില്ല. കച്ചവടം കേവലം ലക്ഷ്മീദേവിയുടെ ഇരിപ്പിടം മാത്രമല്ല. അതു സാക്ഷാൽ നാരായണമൂർത്തിയുടേയും ഇരിപ്പിടമാണ്.”

മദ്ധ്യവയസ്കനായ ബ്രാഹ്മണൻ വിടർന്ന കണ്ണുകളോടുകൂടിയും ഏകാഗ്രമനസ്സോടുകൂടിയും വൃദ്ധന്റെ വാക്കുകൾ കേട്ടിട്ട് ആശ്ചര്യഭരിതനായിട്ടു ചോദിച്ചു. “ഈ വിഭിന്നധർമ്മങ്ങളെ അനുസരിക്കുന്നവരും പരസ്പരം വിദ്വേഷഭാവത്തോടുകൂടിയിരിക്കുന്നവരുമായ മനുഷ്യർ

എല്ലാപ്രദേശങ്ങളിലും ഒരേ മതത്തെ അവലംബിച്ചവരായിരുന്നുവോ? വീണ്ടും എല്ലാകാലങ്ങളിലും അവർ ഒരേ മതത്തെ അനുസരിക്കുന്നവരായിരുന്നിട്ടുണ്ടോ?"

ബുദ്ധൻ പറഞ്ഞു: "മനുഷ്യൻ മാത്രമാണ് ആകാശത്തിലും ഭൂമിയിലും താമസിക്കുന്നത്. മനുഷ്യൻ മാത്രമാണ് പിതാവിന്റെ ഔരസപുത്രനായിട്ട് അമ്മയുടെ ഗർഭത്തിൽനിന്നു ജനിക്കുന്നത്. അതുകൊണ്ടു മനുഷ്യന്റെ മാത്രം മൂലപ്രകൃതി ഒന്നായിരിക്കുന്നതല്ലാതെ ഭിന്നപ്പെട്ടവയാൻ താമില്ലാതെയിരിക്കുന്നു. കുട്ടികളുടെ ഇടയിൽ ധർമ്മങ്ങളുടെ ചിഹ്നങ്ങൾ ഒന്നുംതന്നെ ഇല്ല. പ്രകൃതി ആദിമാവസ്ഥയിലും അതേമാതിരി തന്നെയാണ്. ധർമ്മവും കേവലം ശിക്ഷാക്രമത്തിന്റെ ഫലം മാത്രമാണ്."

മധ്യേവയസ്സൻ ചോദിച്ചു: "ആര്യാ! എന്റെ മനസ്സ് വളരെ കൌതുകത്തോടും ആശ്ചര്യത്തോടുംകൂടിയതായിത്തീർന്നിരിക്കുന്നു. അതിനാൽ ശിക്ഷാക്രമത്തിന്റെ ഫലമായിട്ട് ധർമ്മങ്ങൾ ഉണ്ടാവുന്നത് എങ്ങിനെയാണെന്ന് അല്പം വിസ്തരിച്ചു പറയണം."

ബുദ്ധൻ പറഞ്ഞു: "ആകാശം ഭൂമി- അഗ്നി ജലം- പുരുഷൻ പ്രകൃതി-ഇവർ ഏതെങ്കിലും ദേശത്ത് ഏതൊരു രൂപം ധരിച്ചുകൊണ്ടിരിക്കുന്നുവോ; ആ ദേശത്തിലെ മനുഷ്യർ ആ മാതിരി ധർമ്മതത്വങ്ങളെ ഗ്രഹിക്കുന്നു. ഏതൊരു പ്രദേശം വളരെ വിസ്താരത്തോടും വളരെ നിരപ്പോടുംകൂടിയും സമനിരപ്പോടുകൂടിയതോ അല്ലെങ്കിൽ സമുദ്രതീരത്തു സ്ഥിതിചെയ്യുന്നതോ ആയിരിക്കകൊണ്ട് ആകാശം ഭൂമിയോടുകൂടി പറ്റിക്കിടക്കുന്നതുപോലെയും തോന്നപ്പെടുന്നുവോ ആ പ്രദേശത്തിൽ ഈശ്വരൻ ഭൂമിയിൽ അവതരിക്കുന്നു എന്നുള്ള വിശ്വാസം സഹജമായി ജനിക്കുന്നു. ഏതൊരു പ്രദേശത്തിൽ പർവ്വതങ്ങൾ നിറഞ്ഞിരിക്കുകയും അവയുടെ കൊടുമുടികൾ ആകാശം മുട്ടിനില്ക്കുന്നവയായി കാണപ്പെടുകയും ചെയ്യുന്നുവോ ആ പ്രദേശത്തിൽ മനുഷ്യർ സ്വർഗ്ഗത്തിൽ കയറിച്ചെല്ലുവാൻ കഴിയുന്നതാണെന്നുള്ള വിശ്വാസം ഉണ്ടാകുന്നു. അതിനുംപുറമെ ഏതൊരു പ്രദേശത്തിൽ നീണ്ട നദികളും വിസ്താരമുള്ള സമുദ്രതീരവും അത്യന്തതാഴ്ചയായ ശാലികളും എന്നീ മൂന്നുവിധത്തിലുള്ള കാഴ്ചകൾ എപ്പോഴും കാണപ്പെടുന്ന

ഷോ അവിടെ ഈശ്വരൻ അവതാരം ചെയ്യുന്നു എന്നും മനുഷ്യർ സ്വർഗ്ഗാരോഹണം ചെയ്യുന്നു എന്നും ഉള്ള ഒരു പ്രകാരത്തിലുള്ള ധൎമ്മതത്വങ്ങളും ജനങ്ങൾക്കു ഹൃദയംഗമമായിത്തീരുന്നു.''

മദ്ധ്യവയസ്കൻ ചോദിച്ചു: ''എന്നാൽ ഈശ്വരന്റെ അവതാരത്തെ സ്വീകരിക്കാത്ത മതങ്ങളും ഉണ്ടല്ലൊ. ഈശ്വരൻ ഭൂമിയിലുള്ള ചില വിശിഷ്ടപുരുഷന്മാൎക്കു പ്രത്യക്ഷമാവുന്നതാണ് എന്ന് ആ മതങ്ങൾ ഉപദേശിക്കുന്നു.''

വൃദ്ധൻ ഉത്തരം പറഞ്ഞു: ''സമതലപ്രായ ഭൂമികളിൽ വസിക്കുന്നവരുടെ കൂട്ടത്തിൽ ആർ മരുഭൂമികളിൽ താമസിക്കുന്നുവോ അവർ കന്നുമേച്ചുകൊണ്ട് ഉപജീവനം കഴിച്ചുവരുന്നു. അവർ ഒരേ സ്ഥലത്തു സ്ഥിരമായി താമസിക്കുന്നില്ല. കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവരെപ്പോലെ ഒരേസ്ഥലത്തിരുന്നുകൊണ്ട് അവർ ദിക്ചക്രവാളത്തെ കാണുന്നില്ല. അവർ എത്തിച്ചേരുന്ന ഓരോ സ്ഥലങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ അതുപോലെ ദിഗ്വലയവും നീങ്ങിക്കൊണ്ടിരിക്കുന്നതായി അവർ കാണുന്നു. ആകാശവും ഭൂമിയുംകൂടിച്ചേരുന്നത് അവർ നിരന്തരം കണ്ടുകൊണ്ടിരിക്കുന്നു. എങ്കിലും ആ സംയോഗസ്ഥാനം അവരെ സംബന്ധിച്ചേടത്തോളം നീങ്ങിക്കൊണ്ടിരിക്കുന്നതും അപ്രാപ്യവും ആകുന്നു. അതുകൊണ്ട് ഈശ്വരൻ ശരീരമെടുത്തു ഭൂമിയിൽ അവതരിക്കുന്നു എന്നുള്ള തത്വം അവരുടെ മനസ്സിൽ ഉദിക്കുന്നില്ല. എന്നാൽ ഈശ്വരൻ ചില വിശിഷ്ടന്മാൎക്കു പ്രത്യക്ഷമാവുന്നുണ്ടെന്നും അവരോടു സംഭാഷണം ചെയ്യുന്നുണ്ടെന്നുള്ള വിശ്വാസം അവൎക്കുണ്ടായിത്തീരുന്നു.''

വൃദ്ധൻ കുറച്ചുനേരം മൌനമായിരുന്നതിന്റെ ശേഷം വീണ്ടും പറവാൻ തുടങ്ങി. ''മരുസ്ഥലവാസികളും കന്നുമേച്ചുനടക്കുന്നവരുമായ മനുഷ്യരുടെ ധൎമ്മജ്ഞാനത്തിൽ ഏറ്റവും ശോഭമേറിയ ഒരു നൂതനത്വമുണ്ട്. അവൎക്ക് ഒരേസ്ഥലത്ത് സ്ഥിരമായി താമസിക്കാൻ കഴിയാത്തതുകൊണ്ട് അവൎക്ക് ഒരു സ്ഥലത്തെക്കുറിച്ചും പ്രത്യേകമായി ഒരു മമതയുണ്ടാകുന്നില്ല. അനേകം പോററമ്മമാരാൽ വളൎത്തപ്പെട്ട ഒരു കുട്ടിയെപ്പോലെ മാതൃസ്നേഹം എന്തെന്ന് അറിവാൻ കഴിയാത്ത അവൎക്ക് മാതൃഭൂമിയും ഉണ്ടാകുന്നില്ല. അവൎക്കു ഭൂമിയിലെ സകല ദിക്കുകളിലും പോകാൻ

കഴിയും. സകല പ്രദേശങ്ങളിലും താമസിക്കാൻ അവക്കു കഴിയും. എന്നാൽ മാതൃപൂജ എന്താണെന്നു് അവക്കു് അറിവാൻ കഴിയുന്നില്ല. അവരുടെ ധർമ്മപ്രണാളികളിൽ ഈശ്വരൻ ഉണ്ടു്; എന്നാൽ ഈശ്വരി ഇല്ലതാനും. ജലസൌഖ്യവും ഫലവും ഉള്ള രാജ്യങ്ങളിൽ താമസിക്കുന്നവരുടെ എടയിൽ ഈശ്വരീപൂജയ്ക്കാണു് അധികം മാഹാത്മ്യം കല്പിക്കപ്പെട്ടിരിക്കുന്നതു്."

മദ്ധ്യവയസ്കൻ ചോദിച്ചു: "മഹാശയാ! ചില ചില വർഗ്ഗക്കാർ സർവ്വനിയന്താവായ ഈശ്വരൻ ഉണ്ടെന്നു വിശ്വസിക്കുന്നുണ്ടെങ്കിലും അവർ വലിയ അദ്വൈതവാദികളാണു്. മറ്റു ചിലർ അദ്വൈതവാദത്തെ അത്ര ഗൌനിക്കുന്നില്ല. ഈ മാതിരി മതഭേദത്തിനുള്ള കാരണം എന്താണു്?"

വൃദ്ധൻ പറഞ്ഞു: "സമഭൂമിയിൽ വസിക്കുന്ന ജനങ്ങൾ—ആ പ്രദേശം മരുഭൂമിയാവട്ടെ അല്ലെങ്കിൽ ജലസൌഖ്യത്തോടും ഫലത്തോടുംകൂടിയ ഭൂമിയാവട്ടെ—അദ്വൈതവാദികളായിത്തീരുന്നു. സമുദ്രതീരപ്രദേശങ്ങളിൽ വസിക്കുന്നവരും പർവ്വതപ്രദേശങ്ങളിൽ വസിക്കുന്നവരും അദ്വൈതവാദത്തെ അത്ര സ്വീകരിക്കുന്നതല്ല.

"സമനിരപ്പോടുകൂടിയ പ്രദേശത്തിന്റെ സകല ഭാഗങ്ങളും തദ്ദേശവാസികൾക്കു പ്രയാസംകൂടാതെ കാണാൻ കഴിയുന്നതുകൊണ്ടു് ഇന്ന ദിക്കിൽ ഇന്നതുണ്ടെന്നും ഇന്നതില്ലെന്നും കാണാൻ കഴിയുന്നതാണു്. അവരവരുടെ കൌതുകം ക്ഷണത്തിൽ തൃപ്തിയടയുന്നു. ഭിന്നഭിന്നസ്ഥാനങ്ങളിൽ ഭിന്നഭിന്നപദാർത്ഥങ്ങളുണ്ടെന്നുള്ള ജ്ഞാനം അവക്കു് ഉണ്ടാകുന്നില്ല. അവരുടെ മനസ്സിൽ സകലവും സ്ഥിരവും നിശ്ചലവും നിർവ്വിശേഷവുമായിരിക്കുന്നു. ഈ ജ്ഞാനം അവരുടെ മനസ്സിൽ ദൃഢമായി ഉറയ്ക്കുന്നു. അതുനിമിത്തം അവർ ഘോരന്മാരായ അദ്വൈതവാദികളായിത്തീരുന്നു.

"സമുദ്രതീരപ്രദേശങ്ങളിൽ വസിക്കുന്നവർ നിത്യവും പുതിയതായ ഓരോ വ്യാപാരങ്ങൾ കാണുന്നു. സമുദ്രതലം ഇന്നു പ്രശാന്തമായും അനക്കം കൂടാതെയും ഇരിക്കുന്നു. നാളെ രൌദ്രങ്ങളോടുകൂടിയ തിരമാലകളെക്കൊണ്ടു ശോഭിക്കുന്നു. മറ്റന്നാൾ കൊടുങ്കാറ്റുകൊണ്ടു കോളിളകി ഭയങ്കരവസ്തുവായി ഭവിക്കുന്നു. ഇപ്രകാരത്തിൽ മ

മേനിയമം അനുസരിച്ച് സകല വ്യാപാരങ്ങളും നടത്തപ്പെടുന്നു എന്നുള്ള ബോധോദയം സമുദ്രതീരത്തിൽ വസിക്കുന്ന ജനങ്ങളുടെ എടയിൽ ഉണ്ടാവാൻ പ്രയാസമാണ്. അതുകൊണ്ട് അവർ അദൃഷ്ടവാദികളായിത്തീരുന്നില്ല. അവർ പരസ്പരവിരോധികളും മനുഷ്യവിരോധികളും ആയ പിശാചുകൾ, യക്ഷന്മാർ, രാക്ഷസന്മാർ മുതലായവരുടെ പ്രഭാവത്തെ സ്വതവേ സ്വീകരിക്കുന്നവരാണ്. പർവ്വതപ്രദേശനിവാസികൾക്ക് തങ്ങൾ നിവസിക്കുന്ന പ്രദേശങ്ങളുടെ എല്ലാ ഭാഗങ്ങളും ഒന്നായി കാണുവാൻ കഴിയുന്നില്ല. അവർക്ക് എപ്പോഴും കുന്നും കുഴിയും ഉള്ളതും വളഞ്ഞുപിരിഞ്ഞുള്ളതുമായ വഴികളിൽക്കൂടി സഞ്ചരിക്കേണ്ടിവരുന്നു. അവരുടെ ദൃഷ്ടിയിൽ നാനാസ്ഥലങ്ങളുടെ നാനാപ്രകൃതിയിലും നാനാവൃക്ഷജാതിയും നാനാഫലങ്ങളും പുഷ്പങ്ങളും നാനാജീവജന്തുക്കളും എല്ലായ്പ്പോഴും സ്പഷ്ടമായി കാണപ്പെടുന്നു. അതുകൊണ്ട് അവരുടെ മനസ്സിൽ വൈചിത്ര്യതയുടെ പ്രഭാവം എല്ലായ്പ്പോഴും ഒരേമാതിരിയിലായി തോന്നപ്പെടുന്നില്ല. മനുഷ്യപ്രയത്നത്തിന് ആ പ്രവാഹത്തെ തടുത്ത് അതിന്റെ വേഗത്തെ കുറയ്ക്കുവാനും അധികമാക്കുവാനും ഒരോ ദിക്കിലേയ്ക്കു തിരിക്കുവാനും കഴിയുന്നതാണെന്നുള്ള ജ്ഞാനം അവർക്കുണ്ടാവുന്നു. അതുകൊണ്ട് പർവ്വതപ്രദേശനിവാസികൾ ഒരിക്കലും വലിയ അദൃഷ്ടവാദികളായിത്തീരുന്നില്ല. എന്നുമാത്രമല്ല തപസ്സുകൊണ്ട് ഈശ്വരത്വം ലഭിക്കാൻ കഴിയുന്നതാണെന്നുള്ള ദൃഢവിശ്വാസം അവർക്കുണ്ടാവുകയും ചെയ്യുന്നു.”

മധ്യവയസ്കൻ പറഞ്ഞു: “ചില ചില വർഗ്ഗക്കാർ ഏകേശ്വരവാദികളാണെങ്കിലും അവർ ഈശ്വരന്റെ അവതാരത്തെ സ്വീകരിക്കാത്തവരും ഈശ്വരപൂജ ചെയ്യാത്തവരും ആണെന്നും, അങ്ങിനെയാണെങ്കിലും അവർ ഘോരാദൃഷ്ടവാദത്തിൽ തല്പരന്മാരാണ് എന്നും ഉള്ളത് എനിക്കു മനസ്സിലായി. പിന്നെ ചില ചില മതക്കാർ ഏകനും അദ്വിതീയനുമായ ഈശ്വരൻ ഉണ്ടെന്നു വിശ്വാസമുള്ളവരായിട്ടും, അവർക്ക് അദ്ദേഹത്തിന്റെ സർവ്വനിയന്തൃത്വത്തെ അറിയാൻ കഴിയാതിരിക്കുന്നത് എങ്ങിനെയാണെന്നും അവർ അദൃഷ്ടവാദത്തെ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്നും എനിക്കു മന

സ്സിലായി. മറ്റു ചിലർ സ്വാനുഭൂതികൊണ്ട് ഈശ്വരതത്വം അറിയുന്നുണ്ടെന്നും കാണ്മുകൊണ്ട് അവർ അദൃശ്യവാദത്തെ സ്വീകരിക്കുന്നില്ലെന്നും ഉള്ള സംഗതിയും എനിക്കു മനസ്സിലായി. എന്നാൽ ചില കൂട്ടർ ദ്വൈതവാദികളായും ത്രിമൂർത്തികളെ ഉപാസിക്കുന്നവരായും കാണപ്പെടുന്നുണ്ട്. അവരുടെ ദ്വൈതവാദത്തിനുള്ള കാരണം എന്താണ്? ത്രിമൂർത്തികളുടെ പൂജക്കു പ്രചാരമുണ്ടായത് എങ്ങിനെയാണ്? എന്നറിയാൻ എനിക്കു് ആഗ്രഹമുണ്ട്."

വൃദ്ധൻ ഉത്തരം പറഞ്ഞു: "നാം എന്തെല്ലാം പ്രത്യക്ഷമായി അറിയുകയും കാണുകയും ചെയ്യുന്നുവോ അതെല്ലാം പ്രകൃതിയാകുന്ന കുടുംബത്തിൽ അടങ്ങിയിരിക്കുന്നു. മനുഷ്യൻ ആ കുടുംബത്തിന്റെ ഉള്ളിൽ നിവേശിക്കപ്പെട്ടവനായിട്ട് വളർന്നുവരികയും അറിവു സമ്പാദിക്കുകയും ചെയ്യുന്നു. ആകാശവും ഭൂമിയും-അച്ഛനും അമ്മയും-ആദ്യഗുരുക്കന്മാരാണ്. അവർ മഹൽഗുരുജനങ്ങളാണ്. എങ്കിലും ശിശുശിക്ഷയിൽ സോദരീസോദരന്മാർ കൂടിയുള്ള ചന്ദ്രാദിത്യരുടെ മഹാശയവും അറിവുള്ളതല്ലോ. രാത്രി പകൽ, വെളിച്ചം ഇരുട്ട്, ചൂട് തണുപ്പ് മുതലായവയുടെ മാറ്റങ്ങൾ അനേകജ്ഞാനത്തിന്റെ മൂലമാണ്. ഭൂമിയിലെ ശീതപ്രധാനങ്ങളായ സകല പ്രദേശങ്ങളിലും ചൂടും പകലും ഒന്നിച്ചു വളരെ ഇഷ്ടപ്രദമായി ഭവിക്കുന്നു. ഇരുട്ടും തണുപ്പും രാത്രിയും അവർക്കു വളരെ അനിഷ്ടപ്രദമായും ഭവിക്കുന്നു. അങ്ങിനെയുള്ള പ്രദേശങ്ങളിലെ നിവാസികളിൽ വളരെ പേരും സ്ഥൂലമായ ദ്വൈതവാദത്തിൽ വിശ്വാസമുള്ളവരായി ഭവിക്കുന്നു. പിന്നെ, സൂര്യൻ സൂര്യന്റെ വെളിച്ചം അതിൽനിന്നുണ്ടാകുന്ന സ്പന്ദനശക്തി ഈ മൂന്നും ഒന്നുതന്നെയാകുന്നെന്നും ആ ഒന്നു തന്നെയാണ് മൂന്നായതെന്നുമുള്ള അറിവു സ്പഷ്ടമായി ഉണ്ടാകുമ്പോൾ ത്രിമൂർത്തിജ്ഞാനം ഉണ്ടാകുന്നു."

മദ്ധ്യവയസ്കൻ ചോദിച്ചു: "ഗുരോ! ദ്വൈതവാദികളും ത്രിമൂർത്തി ഉപാസകന്മാരും ആയ ജനങ്ങളുടെ ഇടയിൽ ചില വർഗ്ഗക്കാർ ക്രമാതീതമായി ഈശ്വരീപൂജ ചെയ്യുന്നു. മറ്റു ചില വർഗ്ഗക്കാർ ആ പൂജയിൽ അത്യന്തം വിമുഖത കാണിക്കുന്നു. ഇതിനു കാരണമെന്താണ്?" വൃദ്ധൻ പറഞ്ഞു. "അവരുടെ ഇടയിൽ നൂറു വരുന്ന ഫലവ

ത്തായ രാജ്യങ്ങളിൽ പാൎക്കുന്നവരോ അവർ ഈശപൂജ ചെയ്യാതിരിക്കാൻ കഴിയുന്നില്ല. കാരണം ജഗൽസവിതാവായ സൂൎയ്യൻ തന്റെ പരിശുദ്ധ രശ്മികളെക്കൊണ്ട് ജീവജനനിയായ ഭഗവതിയെ ആലിംഗനംചെയ്തിട്ടാണ് ജീവജാലങ്ങളെ ഉൽപാദിപ്പിക്കുന്നത് എന്ന് ആ പ്രദേശങ്ങളിലെ നിവാസികൾക്ക് പ്രത്യക്ഷമായി കാണാൻ കഴിയുന്നു. എന്നാൽ ഏതൊരു പ്രദേശം അത്ര ഫലവത്തല്ലയോ, അല്ലെങ്കിൽ തണുപ്പിന്റെ ആധിക്യംകൊണ്ട് സസ്യസമൃദ്ധിയില്ലാതെയിരിക്കുന്നുവോ, സൂൎയ്യന്റെ വക്രം ഇല്ലാതെ ഏതൊരു പ്രദേശത്തു ഒന്നുംതന്നെ ഉണ്ടാകുന്നില്ലയോ ആ പ്രദേശത്തിലെ നിവാസികൾ ജീവജനനിയായ ഈശ്വരിയെ ആരാധിക്കാൻ പഠിക്കുന്നില്ല.”

മദ്ധ്യവയസ്കനായ ബ്രാഹ്മണൻ ആനന്ദംകൊണ്ടു വികസിച്ച കണ്ണുകളോടുകൂടിയും ഗദ്ഗദസ്വരത്തോടുകൂടിയും പറഞ്ഞു. “മഹാശയാ! ഈ മഹാദേശത്തിൽ അനാചാര ധൎമ്മങ്ങളെ കണ്ടിട്ടു എന്റെ മനസ്സിൽ ഉദിച്ചിരുന്ന ഗാഢമായ ചിന്തകൾ അങ്ങയുടെ വാക്കുകൾ കേട്ടിട്ടു മറഞ്ഞുപോയി. വിഭിന്നധൎമ്മാവലംബികളായവർ ഒരേ പ്രദേശത്തു വസിക്കുന്നവരായാൽ ക്രമംകൊണ്ടു അവർ ഏകധൎമ്മാവലംബികളായിത്തീരാൻ കഴിയുന്നതാണെന്ന് എനിക്കു മനസ്സിലായി. സകല ഭൂമണ്ഡലത്തിന്റേയും സാരഭൂതവും പ്രതിബിംബസ്വരൂപവുമായ ഭൂഭാഗം ഏതോ, ആ ഭൂഭാഗത്തിലാണ് സൎവ്വോൽകൃഷ്ടവും ഉദാത്തവുമായ ധൎമ്മം ഉണ്ടായിട്ടുള്ളത് എന്നും ആ പ്രദേശത്തിലാണ് സൎവ്വ ധൎമ്മങ്ങളും കൂടി ഒന്നായി ഏകത്വത്തെ പ്രാപിക്കുക എന്നും ഉള്ള തത്വവും എനിക്കു മനസ്സിലായി.”

നേരം പ്രഭാതമായി. ബ്രാഹ്മണൻ ഒരു കപ്പലിൽ കയറി യാത്ര ചെയ്തു. ആദ്യത്തിൽ സമുദ്രജലം ചളികൊണ്ടു കലങ്ങിയിരുന്നു. പിന്നിട്ടു മഞ്ഞനിറവും പിന്നെ നീലവൎണ്ണവും ഒടുക്കം കൂരിരുട്ടുപോലെ കറുത്ത നിറവും ആയി കാണപ്പെട്ടു. നാലുപാടും ജലമയം തന്നെ. അടിയിൽ തിരമാലകൾ ഓളംവെട്ടിക്കൊണ്ടിരിക്കുന്നു. മുകൾഭാഗത്ത് അനന്തന്റെ ഫണാമണ്ഡലം വിരുത്തിയപോലെ കാണപ്പെടുന്നു. ആ അനന്തന്റെ ശ്വാസവായു വീശിക്കൊണ്ടിരിക്കുന്നു. ഭൂമിയുടെ സൃഷ്ടിതന്നെ ഉണ്ടായില്ല. ചലന്മത്സ്യങ്ങൾകൊണ്ടു

ഇത്രത്തോളം കാണ്മാൻ കഴിയുന്നതാണ്. ജ്ഞാനചക്ഷുസ്സുകൊണ്ടു നോക്കാൻ സാധിക്കുന്നതായാൽ ഭഗവാന്റെ നാഭിയിൽനിന്നുണ്ടായ ചെന്താമരയിൽ ഇരുന്നുകൊണ്ടു ബ്രഹ്മാവ് സൃഷ്ടികർത്താവിനെ നോക്കിക്കൊണ്ട് ഇടവിടാതെ സൃഷ്ടികാര്യം നിർവ്വഹിക്കുന്നു എന്നുള്ള സ്മൃതി മനസ്സിലുദിക്കുന്നു.

കപ്പൽ ഒരിടത്തും നിറുത്താതെ യാത്ര ചെയ്തിരുന്നു. പിന്നെ മുൻഭാഗത്തായി ഒരു വെളുത്ത പദാർത്ഥം കാണപ്പെട്ടു. അതിനെ നോക്കിക്കൊണ്ടിരിക്കേ അതു സമുദ്രത്തിൽനിന്നു പൊങ്ങിത്തുടങ്ങി. പിന്നെ ഒരു ദ്വീപു കാണപ്പെട്ടു. പിന്നീട്, വെളുത്ത പദാർത്ഥം ദ്വീപമദ്ധ്യത്തിലുള്ള ദേവാലയമാണെന്നു ബ്രാഹ്മണർക്കു മനസ്സിലായി. കപ്പൽ ദ്വാരാവതിയുടെ തീരത്തിൽ വന്നു നങ്കൂരമിട്ടു. തീർത്ഥയാത്രക്കാർ കപ്പലിൽനിന്നിറങ്ങിത്തുടങ്ങി.

ബ്രാഹ്മണർ ഇരുവരും സന്ധ്യാസമയത്ത് ദ്വാരാവതിയിൽ ചെന്ന് രുഗ്മിണീമന്ദിരത്തിനു അഭിമുഖമായിപ്പോയി. മന്ദിരം ദ്വീപത്തിന്റെ നടുവിലായിരുന്നു. അത് ഒരു പർവ്വതത്തിന്റെ മുകളിലല്ല സ്ഥിതിചെയ്തിരുന്നത് എങ്കിലും അതു ഒരു പൊക്കമുള്ള പ്രദേശത്തിലാണ് സ്ഥിതിചെയ്യുന്നത് എന്നു പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. മന്ദിരത്തിലേയ്ക്കുള്ള വഴി ദുർഘടമുള്ളതല്ല. വഴി എളുപ്പവും സുഗമവുമായിരുന്നതുകൊണ്ടു നേരെ മുന്നോട്ടു നോക്കിക്കൊണ്ടു നടന്നാൽ മന്ദിരത്തിൽ എത്തിച്ചേരുന്നതാണ്. മന്ദിരത്തിനു അപൂർവ്വമായ സൌന്ദര്യം ഉണ്ട്. ആദ്യംതന്നെ കണ്ണിനെ ആകർഷിക്കുന്നു. പിന്നെ ക്രമത്തിൽ സൂക്ഷ്മമായി നോക്കിക്കാണുമ്പോൾ അതിന്റെ മഹിമകാന്തികൊണ്ടു കണ്ണിന് എന്തെന്നില്ലാത്ത ആനന്ദം ഉണ്ടാവുന്നു.

മദ്ധ്യവയസ്കൻ പറഞ്ഞു: 'ഭഗവാൻ ശ്രീകൃഷ്ണൻ സ്വർഗ്ഗാരോഹണസമയത്ത് ദ്വാരാവതി സമുദ്രത്തിൽ മുങ്ങിപ്പോകുമെന്നും അരുളിച്ചെയ്തിട്ടുണ്ട്.'

വൃദ്ധൻ പറഞ്ഞു: 'കാര്യം അങ്ങിനെതന്നെ വന്നുകൂടി എന്നു നാം കാണുന്നുണ്ടല്ലോ. കേവലം രുഗ്മിണീദേവിയുടെ മന്ദിരമേ ശേഷിച്ചുള്ളൂ. 56 കോടി യാദവന്മാരുണ്ടായിരുന്നു. അവരുടെ ലക്ഷ

ണം ഒന്നുംതന്നെ ഇല്ല. എന്നെന്നും മുമ്പുണ്ടായിരുന്നില്ലയോ അതു പിന്നീടും ഉണ്ടാവുന്നതല്ല. മററു സകലവും നശിച്ചുപോകുന്നു. എന്നാൽ ത്രിഗുണസ്വരൂപിണിയായ മഹാദേവി ചിരകാലം നിലനില്ക്കുന്നവളാണ്. അവൾതന്നെയാണ് കാമദേവജനനി. അവളാണ് ആദ്യശക്തി. അവളുണ്ടെങ്കിൽ സകലവും ഉണ്ടാകുന്നു. ഈ ലോകം മുഴുവനും അവളിൽനിന്നുണ്ടായി. മന്ദിരത്തിന്റെ ഉള്ളിൽ ചെന്നു ദർശനം ചെയ്യാലും.'

മധ്യവയസ്കനായ സുദർശനൻ ദേവാലയത്തിൽ പ്രവേശിച്ചു. പ്രവേശിച്ച ഉടനെ ഏററവും സ്നിഗ്ദ്ധമായ ചന്ദ്രരശ്മികൾ അദ്ദേഹത്തിന്റെ കണ്ണുകളെ തണുപ്പിച്ചു. മനോഹരങ്ങളായ പുഷ്പങ്ങളുടെ സൌരഭ്യം അദ്ദേഹത്തിന്റെ ഘ്രാണേന്ദ്രിയത്തിനു തൃപ്തിവരുത്തി. അനിർവ്വചനീയവും മധുരവുമായ കളനാദം അദ്ദേഹത്തിന്റെ ചെവികളിൽ അമൃതുചൊരിഞ്ഞു. അമൃതിനു തുല്യമായ മലയമാരുതൻ അദ്ദേഹത്തിന്റെ ശരീരം മുഴുവനും കുളുർപ്പിച്ചു. അദ്ദേഹം സുഷുപ്തിസമയത്തുള്ള സുഖത്തെ അനുഭവിച്ചുകൊണ്ടു തന്നെത്താൻ മറന്നപോലെ ആയിത്തീർന്നു. അദ്ദേഹത്തിനു ക്രമത്തിൽ തന്നെ അന്യന്മാരിൽനിന്നു തിരിച്ചറിയാനുള്ള ശക്തിയില്ലാതായിത്തുടങ്ങി. അവിടെയുണ്ടായിരുന്ന പൂനിലാവ്, പുഷ്പസൌരഭ്യം, കളനാദം, മലയമാരുതൻ ഇവയോടുകൂടി താൻ ഒന്നായിപ്പോയിരിക്കുന്നുവെന്നും ക്രമത്തിൽ താൻ ബ്രഹ്മാണ്ഡം മുഴുവനും വ്യാപിച്ചവനായിരിക്കുന്നുവെന്നും അദ്ദേഹത്തിനു തോന്നി. അദ്ദേഹത്തിനു വേറിട്ടു ഒന്നുംതന്നെ ഇല്ലാതായി. ഇതുതന്നെയാണ് മുക്തി. ഇതുതന്നെയാണ് സച്ചിദാനന്ദസ്വരൂപം.

അദ്ദേഹം കുറച്ചുനേരം ഈ അവസ്ഥയിലിരുന്നു. അപ്പോഴേയ്ക്കും മാർക്കണ്ഡേയൻ അദ്ദേഹത്തിന്റെ അടുത്തെത്തി. പിന്നെ മാർക്കണ്ഡേയൻ അദ്ദേഹത്തിന്റെ തലതൊട്ട് അദ്ദേഹത്തിനോടു പറഞ്ഞു. 'കണ്ണുമിഴിച്ച് നാഥ് ദേവാലയത്തിന്റെ ഉൾവ് മുഴുവനും നോക്കിക്കണ്ടാലും.' വ്യാസദേവന്റെ ജ്ഞാനചക്ഷുസ്സ് വികസിച്ചു. അദ്ദേഹത്തിന്റെ അന്തരാത്മാവിന്റെ ഗതി നിന്നുപോയി. അനന്തമായ ബ്രഹ്മാണ്ഡം സങ്കോചംപ്രാപിച്ച് ആ ദേവാലയത്തിന്റെ രൂപത്തിൽ പരിണമിച്ചു.

വ്യാസദേവൻ തന്റെ മുമ്പിൽ ഒരു മഹാ പ്രദേശം കണ്ടു. നദികൾ, പർവ്വതങ്ങൾ, വനങ്ങൾ, ശിലകൾ മുതലായവകൊണ്ടു നിറഞ്ഞതും ഭൂമണ്ഡലത്തിന്റെ പ്രതിബിംബസദൃശമായതുമായ ആ പ്രദേശത്തിന്റെ നാനാഭാഗങ്ങളും നാനാജാതിക്കാരും വികടാകാരന്മാരും മൃഗതുല്യന്മാരും ആയ മനുഷ്യർ വസിച്ചിരുന്നു. അവർ കറുത്ത ദേഹത്തോടും കുറിയ അവയവങ്ങളോടും കൂടിയവരും കുഴിയിൽപ്പെട്ട കണ്ണുകളോടുകൂടിയവരും പതിഞ്ഞ മൂക്കോടുകൂടിയവരും തടിച്ച ഓഷ്ഠങ്ങളോടുകൂടിയവരും ആയിരുന്നു. എന്തിനധികം പറയുന്നു? വാലില്ലാത്ത രണ്ടു കൈകളോടുകൂടിയ കുരങ്ങു വാനരന്മാരായിരുന്നു അവർ എന്നു പറഞ്ഞാൽ മതിയല്ലോ. കാലക്രമത്തിൽ ആ ദേശത്തിന്റെ പടിഞ്ഞാറെ അറ്റത്തു കിടക്കുന്ന മഹാസിന്ധു കടന്നു ശുഭ്രകാന്തിയോടു കൂടിയവരും ദീർഘകായന്മാരും നീണ്ട കണ്ണുകളോടുകൂടിയവരും പ്രശസ്തമായ നെറ്റിത്തടത്തോടും ഉന്നതനാസികയോടും കൂടിയവരും നീണ്ട മീശകൾകൊണ്ടു ശോഭിക്കുന്ന മുഖമണ്ഡലത്തോടുകൂടിയവരും ദേവതുല്യന്മാരും ആയ ഒരു കൂട്ടക്കാർ ആ പ്രദേശത്തിൽ വന്നെത്തി. അവരുടെ പ്രഭാവംകൊണ്ടു മുൻപറഞ്ഞ മൃഗതുല്യന്മാരായ മനുഷ്യർ ക്രമത്തിൽ സൗശീല്യത്തോടു കൂടിയവരായിത്തുടങ്ങി. പക്ഷേ അവരെ നാമാവശേഷമാക്കുന്നതിൽ സമർത്ഥരായിത്തീർന്നു. അവരിൽ തമ്മിൽ ഉള്ള വൈരാഗ്യചിന്തകളും മത്സരങ്ങളും തീർന്നു തമ്മിൽ ഐക്യം ഉണ്ടായി വന്നു. പരിശ്രമം ചെയ്തുതുടങ്ങി. കാലാന്തരത്തിൽ ആ [illegible] വർഗ്ഗക്കാർ നാടുവാണുങ്ങളിൽ ഉണ്ടായിരുന്ന ധർമ്മഭേദം സമുദായഭേദരൂപമായും ജാതിവ്യത്യാസങ്ങൾ ഉണ്ടായിരുന്നത് വർണ്ണഭേദരൂപമായും ഭാഷാഭേദങ്ങൾ ഉണ്ടായിരുന്നത് അപഭ്രംശഭേദരൂപമായിട്ടും പരിണമിച്ചു. കുറച്ചു കാലം ഈ രീതിയിൽ കഴിഞ്ഞാൽ എല്ലാംകൊണ്ടും സർവ്വജ്ഞനാകാർത്ഥം ഫലിക്കും എന്ന നില വന്നുകൂടി.

ആ സമയത്ത് ഉദാരമനസ്കനായ ഒരു രാജപുത്രൻ ആ ദേവതുല്യന്മാരായ വർഗ്ഗക്കാരുടെ ഇടയിൽ ജനിച്ചു. സ്വജനങ്ങളുടെ കാര്യം ഇതരന്മാരുടെയും ദുരവസ്ഥ കണ്ടിട്ടു അതു മുഴുവിപ്പാൻ അല്ലെങ്കിലും കുറെ ലഘൂകരിപ്പാൻ അദ്ദേഹത്തിനു തോന്നി. ആ ഉദ്ദേശത്തിനു തടസ്സമില്ലാതായി. ഇനി യാതൊരു വിരോധവും ഏറ്റെടുക്കാൻ

പാടില്ലെന്ന അദ്ദേഹം ശപഥംചെയ്തു. അദ്ദേഹത്തിന്റെ കല്പനാനുസരിച്ച് ധൎമ്മോപദേഷ്ടാക്കളായ അനേകം ഭിക്ഷുക്കളും മഹാബലപരാക്രമികളായ രാജാക്കന്മാരും തീക്ഷ്ണബുദ്ധികളായ അനേകം താൎക്കികന്മാരും സദ്ധൎമ്മനകാൎയ്യം മുഴുമിക്കാൻ ബദ്ധകങ്കണന്മാരായി പുറപ്പെട്ടു. ഉപദേഷ്ടാക്കന്മാരുടെ ഘോഷശബ്ദം മഹാദേശത്തിന്റെ അതിൎത്തി കടന്ന് മഹാ സമുദ്രത്തിലുള്ള ദ്വീപദ്വീപാന്തരങ്ങളിലും ഗിരിശിഖരങ്ങൾ കടന്ന് ദൂരദൂര ഖണ്ഡങ്ങളിലും മാറ്റൊലി കൊണ്ടുതുടങ്ങി. രാജാക്കന്മാരുടെ പരാക്രമംകൊണ്ടു മഹാദേശം മുഴുവനും ഏകച്ഛത്രത്തിൻ കീഴിലായിത്തീരുകയും മഹാദേശത്തിലെ ഭിന്നപ്രദേശങ്ങൾ തമ്മിൽ ദൃഢമായ ബന്ധം ഉണ്ടായിത്തീരുകയുംചെയ്തു. പൎവ്വതങ്ങൾ പിളൎന്ന് അവയുടെ അന്തൎഭാഗത്ത് ആ രാജാക്കന്മാരുടെ രൂപങ്ങൾ കൊത്തപ്പെടുകയും ബാഹ്യഭാഗങ്ങളിൽ അവരുടെ നാമാവലി കൊത്തപ്പെടുകയുംചെയ്തു. താൎക്കികന്മാരുടെ ജ്ഞാനാഗ്നി ദേവബുദ്ധിയുടെ ഇന്ദ്രജാലങ്ങളെല്ലാം പൊടിഭസ്മമാക്കി. മനുഷ്യയത്നംകൊണ്ട് എത്രത്തോളം ഐക്യം വരുത്താൻ കഴിയുമോ അത്രത്തോളം ഐക്യം അക്കാലത്തുണ്ടായി.

എന്നാൽ മനുഷ്യപ്രയത്നംകൊണ്ട് സകല കാൎയ്യവും നിൎവ്വഹിക്കാൻ കഴിയുന്നതല്ല. കാലത്തിന്റെ സഹായംകൂടാതെ ഫലം നല്ലവണ്ണം പക്വമാവുന്നതല്ല. ദേവബുദ്ധിയുടെ യഥാൎത്ഥമായ വേൎ പറിച്ചുകളയാതെ സമ്പൂൎണ്ണമായ ഐക്യം ഉണ്ടാവാൻ ഞെരുക്കമാണ്. ദേവതുല്യന്മാരായ ആൎയ്യജാതിക്കാരുടെ ഇടയിൽ മത്സരവും ഛിദ്രവും ഉണ്ടായിവന്നു. അജ്ഞന്മാരായ സദ്ധൎമ്മനേതാക്കന്മാരുടെ കൂട്ടം പരാജയംപ്രാപിച്ചു. അവർ തങ്ങളുടെ ഉദ്യമത്തിൽനിന്നു പിന്വാങ്ങി; എന്നാൽ വിജയം പ്രാപിച്ചവർ രാജസ്ഥന്മാരായിരുന്നുമില്ല.

ദേവതുല്യന്മാരായ ആൎയ്യന്മാരുടെ ഇന്ദ്രശക്തികളും സ്വപ്നപ്രധാനന്മാരും പരമഭക്തന്മാരും ആണെന്നും മഹാദേവിയുടെ മന്ദിരത്തിൽ അവൎക്കുതന്നെയാണ് സൎവ്വോപരിയായ സ്ഥാനം നൽകപ്പെട്ടിരിക്കുന്നതെന്നും വേദവ്യാസൻ പ്രത്യക്ഷമായിക്കണ്ടു. എന്നാൽ ഭുജബലസ്വപ്നംകൊണ്ടുമാത്രം സൃഷ്ടിയുണ്ടാകുന്നതല്ല. ആ നിമിത്തം സദ്ധൎമ്മനകാൎയ്യം ശരിയായി നിൎവ്വഹിക്കാൻ അവൎക്ക് സാധിച്ചി

ല്ല. അവർ തേജസ്സില്ലാത്തവരുടെ കൂട്ടത്തിലായിരുന്നു. അവരുടെ പൂജ ഇല്ലാത്ത മട്ടിലായിരുന്നു.

പിന്നെ വേറെ ഒരു വർഗ്ഗക്കാർ ഈ മഹാദേശത്തിൽ പ്രവേശിച്ചതായി വേദവ്യാസൻ കണ്ടു. ഇവർ സാഹസികന്മാരും വീര്യവാന്മാരും ഏകാഗ്രചിത്തന്മാരും ആയിരുന്നു. ഇവർ മഹാദേശത്തെ വീണ്ടും ഏകച്ഛത്രാധിപത്യത്തിൻകീഴിലാക്കി. ധർമ്മാധർമ്മം ക്രമത്തിൽ ചുരുങ്ങിവന്നു. മനോഹരമന്ദിരങ്ങളും രാജമാർഗ്ഗങ്ങളും നിർമ്മിച്ച് അവർ മഹാദേശത്തിന്റെ ശോഭ വർദ്ധിപ്പിച്ചു. പിന്നെ മനുഷ്യരെല്ലാം തുല്യന്മാരാണെന്നുള്ള മഹാവാക്യത്തെ വീണ്ടും വീണ്ടും ഘോഷിച്ച് അവർ സമ്മേളനകാര്യത്തിൽ യത്നിച്ചുതുടങ്ങി. എന്നാൽ ഇവർ രജോഗുണപ്രധാനന്മാരും വിലാസപ്രിയന്മാരും സുഖാനുഭവതല്പരന്മാരും ആയിരുന്നു. ഇവരുടെ ആഗമനംകൊണ്ടു മഹാദേശത്തിൽ സത്വഗുണവും രജോഗുണവും രാജവീഥികളിൽ സ്ഥിതിചെയ്തുമാത്രമേ ഉണ്ടായുള്ളൂ; ഇരുഗുണങ്ങളും തമ്മിൽ കൂടിച്ചേരുകയുണ്ടായില്ല. ഇവരുടെ കൂട്ടത്തിൽ വളരെ ചുരുക്കം പേർ മാത്രമേ ഋഷിയുടെ മന്ദിരത്തിൽ മന്ത്രസ്ഥാനം ലഭിച്ചിട്ടുള്ളൂ.

പിന്നീട് സമുദ്രം കടന്നു വെള്ളക്കാർ ഈ മഹാദേശത്തിൽ പ്രവേശിച്ചു. ഇവർ വന്നു മഹാദേശത്തെ ഏകച്ഛത്രത്തിൻകീഴിലാക്കി എന്നുമാത്രമല്ല ദേശത്തിന്റെ സർവ്വാവയവങ്ങളും ഇരിമ്പുപാതകൾകൊണ്ടും കമ്പി മുതലായവകൊണ്ടും ബന്ധിപ്പാൻ തുടങ്ങി. ഇവർ സ്വന്തമായിട്ട് സമ്മേളനകാര്യസാദ്ധ്യത്തിനുവേണ്ടി ഒരു പ്രവൃത്തിയും ചെയ്തില്ല. എന്നാൽ സ്വാർത്ഥസിദ്ധി ഉദ്ദേശിച്ച് ഇവർ എന്തെല്ലാം കാര്യങ്ങൾ ചെയ്വാൻ തുടങ്ങിയോ അവ തന്നെത്താൻ സമ്മേളനകാര്യത്തിന്നു യഥേഷ്ടം സഹായമായിത്തീർന്നുതുടങ്ങി. ആ വർഗ്ഗക്കാരെല്ലാം ഏററവും സ്വാർത്ഥപരന്മാരാണ്. എന്നാൽ വളരെ ദീർഘദർശികളുമാണ്. അവർ വലിയ അഹങ്കാരത്തിൽ മുങ്ങിയവരാണ്. എന്നാൽ യോഗസ്വഭാവങ്ങളിൽ താല്പര്യമുള്ളവരല്ല. അവരുടെ ബാഹ്യശക്തിയും ആന്തരശക്തിയും അതിലില്ല. എന്നാൽ അവർ പരോപകാരത്തിൽ അത്ര ശ്രദ്ധയുള്ളവരല്ല. ജ്ഞാനസമ്പാദനത്തിൽ അവർ ഉത്സാഹമുള്ളവരാണ്. എ

ന്നാൽ അൎത്ഥമുക്തിയുള്ളവരൊ മുക്തിയെ ആഗ്രഹിക്കുന്നവരൊ അല്ല. ഇവർ ഘോരമായ തമോഗുണത്തിന്റെ ഇരിപ്പിടമാണ്. ഇവരിൽ ഒരാൾക്കെങ്കിലും മഹാദേവിയുടെ മന്ദിരത്തിൽ ഒരു മനുഷ്യസ്ഥാനം ലഭിക്കാൻ കഴിഞ്ഞിട്ടില്ല.

വേദവ്യാസൻ ഈ വിധത്തിൽ സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളുടെ സമാഗമം കണ്ടു. എന്നാൽ ആ മൂന്നു ഗുണങ്ങളുടെ ചേൎച്ചയുടെ ലക്ഷണം ഒന്നും അദ്ദേഹത്തിനു സ്പഷ്ടമായി കാണാൻ കഴിഞ്ഞില്ല. ഈ മൂന്നു ഗുണങ്ങളുടെ പ്രതിബിംബസ്വരൂപമായ ജനസമൂഹം പരസ്പരം യോജിപ്പുകൂടാതെതന്നെ ഇരുന്നു. കാൎയ്യം ഈ വിധത്തിൽ കണ്ട് വേദവ്യാസനു ഏററവും ആശ്ചൎയ്യവും മനഃക്ഷോഭവും ഉണ്ടായി.

ഈ സമയത്തു ദേവാലയത്തിലെ അധിഷ്ഠാത്രിയായ മഹാദേവിയുടെ മുഖത്തിൽ അലൌകികമായ സ്നേഹത്തിന്റെ പ്രഭ കാണപ്പെട്ടു. ഭഗവതിയുടെ മുലകൾ രണ്ടും ചുരന്ന് ധാരാധാരയായി മുലപ്പാലൊഴുകി പാൽക്കടലുണ്ടായി. മഹാദേശം മുഴുവനും ഈ പാൽക്കടൽ വ്യാപിച്ചു. ബ്രഹ്മാവും വിഷ്ണുവും ശിവനും ഈ പാൽക്കടലിന്റെ മീതെ ഇരിക്കുന്നതും അവർ പിന്നേയും പിന്നേയും ആ പാലു കുടിച്ചുകൊണ്ടിരിക്കുന്നതും വേദവ്യാസൻ കണ്ടു. പെട്ടെന്നു ത്രിവിക്രമരൂപം കാണപ്പെട്ടു. മഹാദേശം യഥാൎത്ഥത്തിൽ പുണ്യക്ഷേത്രമാണ്; കൎമ്മക്ഷേത്രവുമാണ്. അതു ധൎമ്മക്ഷേത്രമായിട്ടു പരിണമിച്ചു.

മാൎക്കണ്ഡേയൻ പറഞ്ഞു. 'സാധോ! വേദവ്യാസാ! അങ്ങു സ്വന്തം കണ്ണുകൾകൊണ്ടു മാതൃരൂപവും ബ്രഹ്മമയിയുമായ മഹാമായയെ കാണാൻ കഴിഞ്ഞു. അങ്ങയുടെ മനോഭിലാഷം സിദ്ധിച്ചു.'

കെ. കുഞ്ഞുണ്ണിനായർ ബി. ഏ., ബി. എൽ.

നിരുക്തം.

(൧)

കാലം, സ്വഭാവം, പ്രാണികളുടെ കൎമ്മം, ഈശ്വരേച്ഛ ഇതുകൾ സൃഷ്ടിക്കും സംഹാരത്തിനും കാരണങ്ങളായിത്തീരുന്നു എന്നും, അധ

ല്ല ഇതുകളിൽ ഓരോന്നുമാത്രമേ കാരണമായിത്തീരുന്നുള്ളൂ എന്നും ഇവിടെ പലവിധം പ്രളയസൃഷ്ടികളുടെ കാരണങ്ങളെ കുറിച്ചു ചിന്തിക്കുന്നതായി കാണാം. നമുക്ക് ഈശ്വരേച്ഛയാണു ഇതിന്നെല്ലാറ്റും കാരണം എന്നു നിശ്ചയിക്കുക. ഏതൊ ഒരു സമയത്തു ഈശ്വരേച്ഛകൊണ്ടു പ്രകൃതിയിൽ നടന്നുകൊണ്ടിരുന്ന വികാരം നശിക്കുന്നു എന്നു വിചാരിക്കുക; അപ്പോൾ പ്രളയമായി. പ്രളയകാലത്തു പ്രകൃതിയും, പുരുഷനും ഉണ്ട്. പക്ഷേ പ്രകൃതിയിൽ വികാരമില്ലാത്തതുകൊണ്ടു അപ്പോൾ ലോകസ്ഥിതി ഏതുവിധമായിരിക്കും എന്നു ഊഹിക്കുവാൻ തരമില്ലെന്നു വേദംകൊണ്ടു തന്നെ സ്പഷ്ടമാകുന്നു. 'തമ ആസീത്തമസാ ഗൂഢമഗ്രേ' (ഋഗ്വേദം) അർത്ഥം:- 'പ്രളയസമയത്തു അന്ധകാരം തന്നെ അന്ധകാരംകൊണ്ടു മൂടപ്പെട്ടിരുന്നു.' ഈശ്വരന്റെ ഒരു ഇച്ഛകൊണ്ടു പ്രളയമുണ്ടായതുപോലെ വേറെ ഒരു ഇച്ഛകൊണ്ടു സൃഷ്ടിയും ഉണ്ടാവുന്നു; അതായതു പ്രകൃതിയിൽ വികാരം ഉണ്ടാവാൻ തുടങ്ങുന്നു എന്നു താല്പര്യം. പ്രകൃതിയിൽ ഉണ്ടാവുന്ന വികാരങ്ങൾ ചില നിയമങ്ങളെ ആശ്രയിക്കുന്നില്ലയോ? ആ നിയമങ്ങളെ പരിപാലിക്കുന്നതിന്നു വല്ല അധികാരികളുമില്ലയോ വിചാരിക്കുക. പ്രജകളുടെ സംരക്ഷണത്തിന്നു വേണ്ടി പല നിയമങ്ങളും ആ നിയമങ്ങളെ നടത്തുന്നതിന്നു അനവധി ജനങ്ങളും ഉണ്ടല്ലൊ. ഇതുപോലെ തന്നെ പ്രകൃതിയിലുണ്ടാവുന്ന വികാരങ്ങളെ ശരിപ്പെടുത്തുന്നതിന്നുള്ള നിയമങ്ങൾ ധർമ്മാധർമ്മങ്ങളൊ അതുകളെക്കൊണ്ടുണ്ടാവുന്ന വാസനകളൊ ആകുന്നു. [illegible] അധികാരികളായിരിക്കുന്ന ഈ ധർമ്മാധർമ്മങ്ങളെയോ വാസനകളെയോ അവലംബിച്ചു ഈശ്വരന്റെ പ്രത്യക്ഷാവസ്ഥകളായിരിക്കുന്ന തേജോവിശേഷങ്ങൾ പ്രപഞ്ചഗതിയെ കൊണ്ടുനടത്തുന്നു. ഈ തേജസ്സുകൾ അഗ്നി, ഇന്ദ്രൻ, ആദിത്യൻ ഈ മൂന്നാകുന്നു എന്നാണ് നിരുക്തസിദ്ധാന്തം. സോമൻ, വരുണൻ ഇങ്ങിനെ പല തേജസ്സുകൾ ഇനി ഉണ്ട്; ഇതുകളെല്ലാം ഈ മൂന്നു തേജസ്സിൽ തന്നെ അന്തർഭവിക്കുന്നു അല്ലെങ്കിൽ പക്ഷാന്തരങ്ങളുള്ളതുകൊണ്ട് ആ സംഗതിയെപ്പറ്റി വേറെ ഒരു ദിക്കിൽ വിശദമാക്കുന്നുണ്ട്. ഇതുവരെ കാണിച്ചതിന്റെ താല്പര്യം 'പ്രകൃതിയിലുണ്ടാവുന്ന വികാരങ്ങളെ ശരിപ്പെടുത്തുന്നത് അഗ്നി, ഇന്ദ്രൻ, ആദിത്യൻ ഇവ മൂന്നു

ദാകുന്നു എന്നാണ്. ഇനി ഈ തേജസ്സുകളുടെ പ്രവൃത്തികളെ കുറിച്ചു ചിന്തിപ്പാനുള്ള അവസരമായി. പറഞ്ഞ വേദാന്തികൾ പറയുന്നതെന്നു വിചാരിപ്പുവതന്ന വ്യഷ്ടി, സമഷ്ടി ഇതുകളുടെ അന്തരങ്ങളും കൂടി അറിഞ്ഞാൽ ഇനിമേൽ പറവാൻ ഭാവിക്കുന്ന ചില സംഗതികളെ എളുപ്പത്തിൽ മനസ്സിലാകുവാനുതകുന്നതുകൊണ്ട് അതുകളെയും ചേർക്കുന്നു.

മൂന്നു ലോകങ്ങളും അടങ്ങിയ ബ്രഹ്മാണ്ഡം ഒരു പുരുഷനാണെന്നു വിചാരിക്കുക. ഈ വിശ്വപുരുഷന്റെ സ്വരൂപം എന്താണെന്ന് അറിയേണമെങ്കിൽ ഒരു മനുഷ്യന്റെ സ്ഥിതി അറിഞ്ഞാൽ മതി. കാമം, ക്രോധം, മദം, മാത്സര്യം ഇതുകളുടെ ചാപ്പവഴിക്കുള്ള നാനാമനോവികാരങ്ങളും, ബാഹ്യപ്രപഞ്ചത്തെ അറിയുന്നതിനു കണ്ണു മുതലായ ബാഹ്യേന്ദ്രിയങ്ങളും, പ്രവൃത്തികൾക്കുവേണ്ടി കരചരണാദികളും, ഇതുകളെല്ലാം ഇരിക്കുന്നതിനു ദേഹം, ഇങ്ങിനെ അനേക സാമഗ്രികളുടെ സംയോഗത്തോടുകൂടിയാണു നാം മനുഷ്യനെ കാണുന്നത്. ഒരു മനുഷ്യനു രണ്ടു കണ്ണുകളും, രണ്ടു കാലുകളും, ഈ വിധം സകല സാമഗ്രികളും ദ്വിതങ്ങളായിട്ടാണുള്ളത്. ബ്രഹ്മാണ്ഡസ്വരൂപിയായ പുരുഷനാകട്ടെ, പ്രാണികളുടെ നേത്രങ്ങളെല്ലാം ആ മഹാപുരുഷന്റെ ചക്ഷുസ്സും, ലോകത്തിലുള്ള കരചരണാദികളെല്ലാം ആ ദിവ്യന്റെ കരചരണാദികളും, ഇപ്രകാരം, ത്രിലോകവേഷധാരിയായിരിക്കുന്നവന്ന് സകല സാമഗ്രികളും അതുകളുകയിൽ വളരെ അധികമായിട്ടുണ്ട്. ആഹാരനിദ്രാദികളായ ചില കൃത്യങ്ങളും, ഓരോരോ ദിവസത്തിലും ഒപ്പക്കം അത്യാവശ്യമാണ്. ഇന്നു ചെയ്യു നിത്യകൃത്യങ്ങളതാതെ, നാം നാളെയും ചെയ്യുന്നത്. ഇതുപോലെ ലോകസ്വരൂപിയായിരിക്കുന്ന പുരുഷനും ചില കൃത്യങ്ങളുണ്ട്. വർഷം, വേനൽക്കാലം, മഞ്ഞുകാലം, ഓരോരോ വൃക്ഷങ്ങൾ പുഷ്പിക്കുക, ഇതുപോലെ വേറെയും ചില സമയങ്ങളിൽ പ്രതിവർഷം നടന്നുവരുന്നത്, ഇതുകൊണ്ടു ഓർക്കുക ഒരു ദിവസം എന്ന മതിനിയമേന്നാ ആ മഹാപിയാണ് ലോകത്തിന് ഒരു കൊല്ലം എന്നു പറഞ്ഞാൽ മതി. അധികം ചിന്തിക്കേണ്ട. ഓരോരോ പാറയുടെ ഭൂതങ്ങളും എന്തെല്ലാം വേണ്ടതായും വാസ്തവമായും ഉണ്ടാവുന്നവോ അതെല്ലാം ഇതുകളിൽ അധികമായി ലോകത്തിനും വാസ്തവമായും

വേണ്ടതായും വരുന്നു. പുരുഷസൂക്തംകൊണ്ടു പറയുന്നതും ഭാഗവതാദികളിൽ വിരാൾപുരുഷനായി വർണ്ണിക്കപ്പെടുന്നതും എല്ലാം ബ്രഹ്മാണ്ഡദേഹനായിരിക്കുന്ന പുരുഷൻ തന്നെയാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. നമ്മുടെ ദേഹത്തിന്നും ദേഹത്തിലുള്ള ഒരു അവയവത്തിന്നും തമ്മിൽ എന്തൊരു സംബന്ധമാണോ ഉള്ളത് ആ സംബന്ധം തന്നെയാണു വിരാൾപുരുഷനും ലോകത്തിലുള്ള ഒരു പ്രാണിക്കും തമ്മിലുള്ളത്. പ്രപഞ്ചം സമഷ്ടിയാകുന്നു. പ്രപഞ്ചത്തിലുള്ള ഓരോരോ വ്യക്തിയും വ്യഷ്ടിയാകുന്നു എന്നു പറയുന്ന സകല ശാസ്ത്രങ്ങളും (നിരുക്തവും ഇതുകളിൽ ചേരും.) ലോകത്തിന്നും ലോകത്തിലുള്ള ഒരു പ്രാണിക്കുമുള്ള മുമ്പു കാണിച്ച സംബന്ധത്തെയാണ് വെളിവാക്കുന്നത്. വ്യഷ്ടിസമഷ്ടികളുടെ സംബന്ധത്തെയും പ്രകൃതിയിലുണ്ടാകുന്ന വികാരങ്ങൾക്ക് അധിപതികൾ അഗ്നി മുതലായ ദേവകളാണെന്നതിനെയും ധരിച്ചുവെച്ചു, നമുക്ക് ഇനി വേണ്ടതിനെ ചിന്തിക്കുക.

ഈ ലോകത്തിലുള്ള ജലാംശങ്ങളെ ഉഷ്ണകാലങ്ങളിൽ സൂര്യകിരണങ്ങൾ മുകളിലേക്ക് ആകർഷിക്കുകയും, ഈ ജലാംശങ്ങൾ, വർഷമായി ഭൂമിയിലേക്കു തന്നെ വീണ്ടും വന്ന്, പ്രാണികളുടെ ജീവനത്തിന്നു അത്യാവശ്യങ്ങളായ ഔഷധിവനസ്പതികളെയും ധാന്യങ്ങളെയും ഉണ്ടാക്കുകയും ചെയ്യുന്നു. ഇങ്ങിനെ ഉണ്ടായ സകലപ്രാണികളും ഭക്ഷിക്കുകയും ഭക്ഷിച്ചതിൽ ഒരംശം മറ്റപ്പോൾ തന്നെ മലമൂത്രങ്ങളായി ഭൂമിയിലേക്കു ചേരുകയും മറ്റൊരംശം ഇവരുടെ സപ്തധാതുക്കളായി പരിണമിക്കയും ചെയ്യുന്നു. പ്രാണികളുടെ ദേഹാവസാനസമയത്ത് ഇവരുടെ ദേഹങ്ങളും ഭൂമിയിൽ തന്നെ ചേരുന്നു. ഈ സമ്പ്രദായത്തിൽ ഒരു വികാരപരമ്പര പ്രകൃതിയിൽ ഒരുവിധം നടക്കുന്നു. പ്രാണികളുടെ ശ്വാസോച്ഛ്വാസംവഴിയായി, ഇതു,വേറെ ഒരു വിധത്തിലും നടന്നുകൊണ്ടിരിക്കുന്നു. മനുഷ്യർ, പശുക്കൾ, ഇത്യാദിപ്രാണികൾ ശ്വസിച്ചു പുറത്തേക്കു വിട്ടിട്ടുള്ള അശുദ്ധവായുവിനെ വൃക്ഷങ്ങൾ അതിൽനിന്നു തനിക്കു വേണ്ട അംശങ്ങളെ എടുത്തു ശുദ്ധവായുവാക്കിത്തീർക്കുന്നു. അതിനെ നാം വീണ്ടും ശ്വസിക്കുന്നു. ഈ പ്രകാരം പുതിയ പുതിയ സാധനങ്ങൾ നമ്മുടെ ദേഹങ്ങളിലേക്കു വന്നുകൊണ്ടും പോയിക്കൊണ്ടും ഇരിക്കുന്നു. എന്തെല്ലാം പരമാണു

കളെക്കൊണ്ടാണൊ നമ്മുടെ ശരീരങ്ങളുണ്ടാക്കപ്പെട്ടിരുന്നതു, ആ പരമാണുക്കൾ ശ്വാസോച്ഛ്വാസംവഴിക്കും മലമൂത്രവിസൎജ്ജനാദി വഴിക്കും പോകുന്നുവെന്നും പോയ വസ്തുക്കളുടെ സ്ഥാനത്തുവേറെ പരമാണുക്കൾ ഭക്ഷണംവഴിക്കും ശ്വാസം എടുക്കുന്നവഴിക്കും വരുന്നു എന്നും ഇപ്രകാരമുള്ള പോക്കുവരത്തുകൾകൊണ്ടു കൊല്ലന്തോറും മനുഷ്യന്മാരുടെ ശരീരവും തീരെ വേറെ ഒരു ശരീരമായിത്തീരുന്നു എന്നും നവീനശാസ്ത്രങ്ങൾ പറയുന്നു. ഭൂമിയിൽ നിശ്ചലങ്ങളാണെന്നു വിചാരിക്കപ്പെടുന്ന സമുദ്രങ്ങൾ, പൎവ്വതങ്ങൾ മുതലായതുകളുടെ ആകൃതികളും മാറുന്നുണ്ട്. മലകളിലും കുന്നുകളിലും കിടക്കുന്ന പാറകൾ, പകൽ സമയത്തു സൂൎയ്യരശ്മികൊണ്ടു അത്യന്തം തപിക്കുകയും ആ ചൂടു പോകുന്നതിന്നു മുമ്പായി രാത്രിയിൽ മഞ്ഞുകൊണ്ടു ശീതമായിത്തീരുകയും ചെയ്യുന്നു. ഇങ്ങിനെ ശീതോഷ്ണസംബന്ധംകൊണ്ടു ഈ പാറകളിൽ ചിലതു ശിഥിലമായിത്തീരുന്നു. മറ്റു ചിലതു പൊട്ടി ചിന്നഭിന്നങ്ങളാകുന്നു. വൎഷകാലത്തു കുന്നുകളിൽനിന്നുണ്ടാവുന്ന ശക്തിയുള്ള ജലപ്രവാഹങ്ങൾ, പൊട്ടി പൊടിയായി കിടക്കുന്ന കല്ലുകളേയും മറ്റും വലിയ നദീമാൎഗ്ഗത്തിൽകൂടെ കൊണ്ടുപോയി സമുദ്രങ്ങളിൽ ചാടിക്കുന്നു. ഇപ്രകാരം അനേകസംവത്സരങ്ങൾ കഴിയുമ്പോൾ ഇപ്പോൾ സമുദ്രമുള്ള സ്ഥാനത്തു കരയും കരയുടെ സ്ഥാനത്തു സമുദ്രവും ആയിത്തീരുന്നു. ഇതിന്നിടക്കു വേറെ ഒരു ദിക്കിൽ ഭൂകമ്പമോ അഗ്നിപൎവ്വതത്തിന്റെ പൊട്ടിത്തെറിക്കലൊ ഒരു വലിയ പട്ടണത്തെ ശൂന്യപ്രദേശമാക്കിത്തീൎക്കുന്നു. സ്വഭാവശക്തികളെക്കൊണ്ടു ലോകത്തിൽ പല മാറ്റങ്ങളും ഉണ്ടായിത്തീരുന്നു. ഈ മാറ്റങ്ങളാകുന്നു പ്രകൃതിയിലുണ്ടാവുന്ന വികാരങ്ങളെന്നു പറയുന്നത്. ഈ വികാരങ്ങളുണ്ടാവുന്നതിന്നു പ്രധാനകാരണങ്ങൾ അഗ്നി, ഇന്ദ്രൻ, സൂൎയ്യൻ ഈ മൂന്നു തേജോവിശേഷങ്ങളാണെന്നു നാം നിരുക്തത്തിൽനിന്നു അറിയുന്നു. ഇനി ഈ മൂന്നു തേജസ്സുകളുടെ പ്രവൃത്തികളെക്കുറിച്ചു ചിന്തിക്കട്ടെ. 'അഥാസ്യകൎമ്മവഹനംചഹവിഷാമാവാഹനംചദേവതാനാംയച്ചകിഞ്ചിദ്ദാൎഷ്ടിവിഷയികമഗ്നികൎമ്മൈതൽ'. അൎത്ഥം — ഹവിസ്സുകളെ ധരിക്കൽ, ദേവന്മാരെ ആവാഹിക്കൽ, ഇന്ദ്രിയങ്ങളെക്കൊണ്ടു ബാഹ്യവസ്തുക്കളെ അറിയൽ ഇവ അഗ്നിയുടെ കാൎയ്യങ്ങളാകുന്നു. ഹവിസ്സ് എന്നുള്ളതിന്നു സകല

പദാൎത്ഥങ്ങൾ എന്നാകുന്നു അൎത്ഥം. 'പ്രാണസ്യ അന്നമിദം സൎവ്വം' എന്നു മനു പറയുന്നുണ്ട്. ദേവൻ എന്നുള്ള ശബ്ദത്തിന്നും സകല വസ്തുക്കൾ എന്നാണ് അൎത്ഥം. ഇതിലേക്കു നിരുക്തവചനം: 'ദേവോ ദാനാദ്വാ ദീപനാദ്വാ ദ്യോതനാദ്വാ, ദ്യുസ്ഥാനോ ഭവതീതി വാ.' അൎത്ഥം:— ദാനംചെയ്യുന്നതോ, പ്രകാശിപ്പിക്കുന്നതോ, പ്രകാശിക്കുന്നതോ ദ്യുലോകത്തിൽ വസിക്കുന്നതോ ദേവനാകുന്നു. ഈ നാലു സംഗതികൾ സത്വഗുണത്തിന്റെ കാൎയ്യങ്ങളായതുകൊണ്ടും ത്രിഗുണങ്ങളില്ലാതെ ലോകത്തിൽ ഒരു വസ്തുവും ഇല്ലാത്തതുകൊണ്ടും ദേവശബ്ദംകൊണ്ടു സകല വസ്തുപദാൎത്ഥവും പറയാം. ഹവിസ്സ് എന്നുള്ള ശബ്ദത്തിന്റെയും ദേവൻ എന്നുള്ള ശബ്ദത്തിന്റെയും അൎത്ഥങ്ങളെ മനസ്സിലാക്കി അഗ്നിയുടെ കാൎയ്യങ്ങളെ ഒന്നുകൂടി നോക്കുക. സകല വസ്തുക്കളെ ഭക്ഷിക്കൽ, അതാതു വസ്തുക്കളെ യഥോചിതം അതാതു സ്ഥാനങ്ങളിലേക്കു കൊണ്ടുപോവുക, ബാഹ്യപ്രത്യക്ഷമുണ്ടാക്കുക ഇതുകളാണ് അഗ്നിയുടെ കാൎയ്യങ്ങൾ. 'അഥാസ്യ കൎമ്മ രസാനുപ്രദാനം വൃത്രവധോ യാ ച കാ ച ബലകൃതിരിന്ദ്രകൎമ്മൈവ തൽ.' അൎത്ഥം:— രസങ്ങളെ ദാനംചെയ്യൽ, വൃത്രനെ വധിക്കൽ, ബലശക്തി, ഇതുകൾ ഇന്ദ്രകാൎയ്യങ്ങളാകുന്നു: രസം എന്ന വാക്കിന്ന് അനുഭവിക്കപ്പെടുന്നതു എന്നാകുന്നു യഥാൎത്ഥം. ബുദ്ധിക്കു വിഷയമായിട്ടുള്ളതെല്ലാം രസം എന്നാണ് ഇവിടെ അൎത്ഥം. വൃത്രൻ വൃത്രാസുരനല്ല. വൃത്രൻ മേഘമാകുന്നു. മേഘം എന്നുവെച്ചാൽ ഇതുകളെ, വൃക്ഷഫലാദികളുടെ സൃഷ്ടിവിഷയത്തിൽ ചേരുകയും അവയെ മേളുവാവുന്നതിന്നു യോഗ്യങ്ങളാവുക കഴിയാതെയും ആയ വസ്തുക്കളാകുന്നു മേഘം. അതുകൊണ്ടു ഇന്ദ്രപ്രവൃത്തികൾ അതാതു വസ്തുക്കളെ യോജിപ്പിക്കുകയും, യോജിക്കുന്നതിന്നു യോഗ്യങ്ങളല്ലാത്തതുകൾക്കു യോഗ്യത ഉണ്ടാക്കുകയും ബലശക്തിയും, മറ്റുമാകുന്നു. 'അഥാസ്യ കൎമ്മ രസാദാനം രശ്മിഭിൎരസധാരണം യച്ച കിഞ്ചിൽ പ്രവല്ഹിതമാദിത്യകൎമ്മൈവ തൽ.' രസങ്ങളെ സ്വീകരിക്കുകയും ഇതുകളെ രശ്മികളെക്കൊണ്ടു ധരിപ്പിക്കുകയും ബുദ്ധിയും ഇതുകളാകുന്നു ആദിത്യന്റെ പ്രവൃത്തികൾ. കാലാദികളായിരിക്കുന്ന കാരണങ്ങളെ അപേക്ഷിച്ചാണ് ഇന്ദ്രൻ ഓരോ വസ്തുക്കളെ യോജിപ്പിക്കുന്നത്. അതുകൊണ്ട് അതിന്നുള്ള കാരണങ്ങളുടെ സാമഗ്ര

നാം വരുന്നതുവരെ സൃഷ്ടിക്കുന്ന ഓരോ ആദിത്യനാകുന്നു. ഇപ്രകാരം ഈ മൂന്നു തേജസ്സുകളുടെയും കാര്യങ്ങളെ വളരെ സംക്ഷേപിച്ചു പറഞ്ഞു. എങ്കിലും ഇവയെ അറിഞ്ഞാൽ ഈ തേജസ്സുകളുടെ കാര്യങ്ങളെല്ലാം അറിഞ്ഞു എന്നു വിചാരിക്കരുത്, ആദ്യത്തെ പതിനാലു സൂത്രങ്ങളെ അറിഞ്ഞാൽ വ്യാകരണവിഷയങ്ങളെല്ലാം അറിഞ്ഞു എന്നു പറയുന്നതുപോലെയാകുന്നു. ഈ തേജസ്സുകളുടെ, ആധ്യാത്മികമായും ആധിഭൌതികമായും, ആധിദൈവികമായും ഉള്ള സ്ഥിതികളെ അറിയണമെങ്കിൽ വേദങ്ങളിൽനിന്നുതന്നെ അറിയേണ്ടതാകുന്നു. ഋഗ്വേദത്തിൽനിന്ന് അഗ്നിയുടെയും യജുർവേദത്തിൽനിന്ന് ഇന്ദ്രന്റെയും സാമവേദത്തിൽനിന്ന് ആദിത്യന്റെയും സ്ഥിതികളെ അറിയേണ്ടതാണ്. ഈ മൂന്നു തേജസ്സുകൾക്കും അനേകങ്ങളും മറ്റു ചില അവാന്തരങ്ങളും അഥർവണവേദത്തിൽനിന്നു ഗ്രഹിക്കണം. ആദ്യം പറഞ്ഞ മൂന്നു വേദങ്ങളിലുള്ള അന്യോന്യസംബന്ധത്തെ ഈ മൂന്നു വേദങ്ങളെക്കൊണ്ടു വിധിക്കപ്പെടുന്ന യാഗങ്ങളുടെ പ്രയോഗസമ്പ്രദായത്തിൽനിന്ന്, അറിയാവുന്നതാണ്. ഇപ്പോഴും ചെയ്തുവരുന്ന യാഗങ്ങളെല്ലാം ഈ മൂന്നു വേദങ്ങളെക്കൊണ്ടു സിദ്ധിക്കുന്നവയും ഈ യാഗങ്ങളിൽ ഈ മൂന്നു വേദങ്ങളുടെ ഉപയോഗവും ഉണ്ട്. അഥർവ്വണവേദംകൊണ്ടു സിദ്ധിക്കപ്പെടുന്ന യാഗങ്ങളിൽ അന്യവേദങ്ങളുടെ അപേക്ഷ ഇല്ല. ഇതുകൊണ്ടു തന്നെയാണ് ത്രയി എന്ന ശബ്ദംകൊണ്ടു വേദങ്ങളെ പറയുന്നത്. അഥർവ്വണവേദത്തെ പ്രത്യേകം വേർതിരിച്ചു നിൎത്തിയിരിക്കുന്നു. ഇനിയും ഈ വേദങ്ങളുടെ സ്വരൂപങ്ങളെ അല്പംകൂടി മനസ്സിലാക്കുവാനുണ്ട്. ഈ മൂന്നു വേദങ്ങളുടെ ബാഹ്യാൎത്ഥങ്ങൾ പ്രവൃത്തിമാൎഗ്ഗത്തിൽ ഇരിക്കുന്നവൎക്ക് ഉപയോഗമുള്ളവയാണ്. അഥർവ്വണവേദത്തിന്റെ ബാഹ്യാൎത്ഥം ആഭിചാരപ്രവൃത്തികളും ആകുന്നു. നാലു വേദങ്ങളുടെയും ആന്തരാൎത്ഥങ്ങൾ നിവൃത്തിമാൎഗ്ഗത്തിൽ സ്ഥിതിചെയ്യുന്നവരാൽ അറിയപ്പെടേണ്ടതുകളാണ്. എങ്കിലും ബാഹ്യാൎത്ഥങ്ങൾ കൎമ്മഠന്മാരുടെ ബുദ്ധിക്ക യോജിപ്പുള്ളതുകൊണ്ടാണ് സന്ന്യാസിമാർ വേദസംഹിതോപാസന വേണ്ടെന്നുവെച്ചിരിക്കുന്നത്. വേദങ്ങളെപ്പറ്റി അല്പമിവിടെ പ്രസ്താവിച്ചതിന്റെ താല്പൎയ്യം ഇതാകുന്നു: യാഗങ്ങളുടെ പ്രയോഗസമ്പ്രദായങ്ങളിൽനി

ണം, അതാതു സന്ദർഭങ്ങളിൽ ഋത്വിക്കുകൾ ജപിക്കുന്ന മന്ത്രങ്ങളിൽനിന്നും, നാം, ഈ തേജസ്സുകളുടെ സ്വരൂപങ്ങളെപ്പററി പലതുമറിയേണ്ടതുണ്ട്.

വരവൂർ കപ്ലിങ്ങാട്ട നാരായണൻ ഭട്ടതിരി.

ഞങ്ങളുടെ വായനശാല.

൧. പ്രഹസനമാല:—(2 മുതൽ 5 കൂടി നംബറുകൾ; സി. വി. രാമൻപിള്ള അവർകൾ എഴുതിയത്; തിരുവനന്തപുരം ബി. വി. ബുക്കഡിപ്പോവിൽനിന്ന് പ്രസിദ്ധപ്പെടുത്തിയത്; വില നാലണ.)

ഒരു കവിയുടെ ജീവിതത്തെ ഏകദേശം വസന്തകാലത്തോടുപമിക്കാവുന്നതാണ്. വാസനാത്മകമായ പ്രകൃതിസൌന്ദര്യത്തെ കാട്ടിക്കൊടുക്കുക എന്ന ധർമ്മം വസന്തത്തിനെന്നപോലെ കവിജീവിതത്തിനും ഉള്ളതാണല്ലോ. വസന്തത്തിൽ, അത്യുഗ്രമായ പരിമളധോരണിയെ പരക്കെ പരത്തുന്ന ഉൽകൃഷ്ടപുഷ്പങ്ങൾ വിടരുന്ന ഒരു കാലമുണ്ട്. അതുപോലെ ഒരു കവിയുടെ ജീവിതത്തിലും, ബന്ധശുദ്ധ്യാദികളാൽ ഉദാരഗാഢമായ കൃതികൾ ആവിർഭവിക്കുന്ന ഒരു കാലമുണ്ട്. വസന്തകാലത്തെ ആ പരഭാഗം മധുകരശ്രേണികളായ ദ്വിരേഫങ്ങൾക്കെന്നപോലെ, കവിജീവിതത്തിലെ ആ പ്രകൃഷ്ടാംശം രസലോലുപന്മാരായ സഹൃദയന്മാർക്കും സുഖാസ്വാദ്യമല്ലോ. എന്നാൽ, യൌവനത്തിലെ ആ തള്ളിച്ച് ഒന്നൊതുങ്ങി, അനല്പരമണീയമായ വസന്തപരിണാമത്തിൽ സുകുമാരമായ ചില കുസുമങ്ങൾ അങ്ങുമിങ്ങുമായി വിടർന്നുതുടങ്ങുന്നതുപോലെ, സാഹിത്യസമരങ്ങളെല്ലാം ശമിച്ച് നിർവ്വാണമായി' കിടക്കുന്ന കവിജീവിതത്തിലെ ശാന്തഭാഗത്തിലും 'ചെറുതേൻ' നിറഞ്ഞ ചില ചെറുകൃതികൾ ഉത്ഭവിക്കുന്നു. അവയത്രെ രസികജനങ്ങൾക്ക രസായനമായിട്ടുള്ളത്. അതിനെയുള്ള ചില ചെറുകൃതികളാണ്, മാർത്താണ്ഡവർമ്മ-ധർമ്മരാജാ-പ്രേമാമൃതം

മുതലായ പ്രൌഢഗ്രന്ഥങ്ങളുടെ പ്രണേതാവായ സി. വി. രാമൻ പിള്ള അവർകൾ ഇയ്യിടെ നിർമ്മിച്ചിട്ടുള്ള പ്രഹസനങ്ങൾ എന്നുള്ളതിനു യാതൊരു സംശയവുമില്ല. 'പണ്ടത്തെ പാച്ചൻ' (2), 'ചെറുതേൻ കൊളംബസ്' (3) 'കുറുപ്പില്ലാക്കളരി' (4), 'ഡാക്ടർക്കു കിട്ടിയ മിച്ചം' (5) എന്നിങ്ങനെ നാലു പ്രഹസനങ്ങളും വളരെ നന്നായിട്ടുണ്ട്. ഹാസ്യപ്രധാനങ്ങളായ പ്രബന്ധങ്ങളിൽ ശൃംഗാരാദിരസങ്ങളെ നിബന്ധിച്ചാലുണ്ടാവുന്ന ഭംഗി കാണേണ്ടവർ ഇവ തീർച്ചയായും വായിക്കേണ്ടതാണ്. കേരളീയസമുദായത്തിൽ കടന്നുകൂടീട്ടുള്ള വൈദേശികഭ്രമത്തെപ്പറ്റി, അറിവുള്ളവരുടെ അഭിപ്രായം എന്താണെന്നും ഇതു നോക്കിയാലറിയാം. ചുഴിഞ്ഞു നോക്കുന്നവർക്കു കണ്ടുപിടിക്കാവുന്ന ദുർല്ലഭം ചില ന്യൂനതകൾ ഇതിലുണ്ടായിരിക്കാമെങ്കിലും അതത്ര സാരമാക്കാനില്ല. ഗുണോൽകൃഷ്ടമായ ഈ കൃതികൾ ഈ യുദ്ധകാലത്തുകൂടി മനോഹരം കടലാസ്സിൽ ഭംഗിയായി അച്ചടിപ്പിച്ച ബി. വി. ബുക്കുഡിപ്പോക്കാരുടെ ധൈര്യം ഒട്ടും അസ്ഥാനത്തിലല്ല.

൨. നമ്പൂതിരിമാർ:—(പ്രസാധകൻ ചിറയിൽ രാമൻ നമ്പൂതിരി അവർകൾ [യോഗക്ഷേമവായനശാലാ സിക്രട്ടറി] തൃശ്ശിവപേരൂർ; വില ക. 1)

നമ്പൂതിരിമാരുടെ പൂർവ്വചരിത്രം, സമുദായനടവടികൾ, സാഹിത്യസമ്പത്ത് എന്നു തുടങ്ങിയ വിഷയങ്ങളുടെ വിവരണങ്ങളും നിരൂപണങ്ങളും അടങ്ങിയ ഒരു സാമുദായികഗ്രന്ഥമാണിത്. ഇതിലുള്ള ഉപന്യാസങ്ങളിൽ എല്ലാം നല്ലവതന്നെയാണെങ്കിലും ഇതിൽ ചിലത് എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കത്തക്കവിധം അത്ര വളരെ വിജ്ഞാനപ്രദങ്ങളാണ്. ചിറയ്ക്കൽ രാമവർമ്മ വലിയ രാജാവവർകളുടെ വകയായ 'നമ്പൂതിരിമാരും പെരുമാക്കന്മാരും' എന്ന ദീർഘോപന്യാസം കേരളത്തിലെ പ്രാചീനമതസ്വരൂപത്തെയും, അവയുടെ ഉൽകർഷാപകർഷങ്ങളെയും, ആ ഭരണക്രമം പോയി വിദേശത്തുനിന്നു പെരുമാക്കന്മാരെ കൊണ്ടുവന്ന് രാജാക്കന്മാരായി വാഴിക്കുവാനുണ്ടായ കാരണങ്ങളെയും, അവരുടെ ഭരണക്രമങ്ങളെയും തൽഫലങ്ങളെയും വിശദമായി വിവരിക്കുന്ന ഒരു ചരിത്ര

മാണ്. 'നമ്പൂതിരിമാരും സാഹിത്യവും' (എ. ആർ. രാജരാജവൎമ്മ എം. എ.) എന്ന ഉപന്യാസം കേരളസാഹിത്യത്തിനും നമ്പൂതിരിമാൎക്കും തമ്മിലുള്ള ബന്ധത്തെ ഫലിതമയമായി വൎണ്ണിക്കുന്ന ഒരു ലേഖനമാണ്. 'നമ്പൂതിരിമാരുടെ ഗ്രാമങ്ങൾ' (എ. കെ. ടി. കെ. എം. വലിയ നാരായണൻ നമ്പൂതിരിപ്പാട്) എന്ന ഉപന്യാസത്തിൽ പഴയ ഗ്രാമങ്ങളുടെ ചരിത്രം വളരെ ഭംഗിയായി വിവരിച്ചിരിക്കുന്നു. 'നമ്പൂതിരിമാരുടെ ജീവിതസമ്പ്രദായ'ത്തിൽ (കാവിൽ അച്ചിത്തിക്കോട്ട മഹേശ്വരൻ ഭട്ടതിരിപ്പാട്) നിന്നു കേരളത്തിലെ ഇതരസമുദായക്കാൎക്ക് ആശ്ചൎയ്യജനകങ്ങളായ അനേകസംഗതികൾ പഠിക്കുവാനുണ്ട്. ആകപ്പാടെ നോക്കുമ്പോൾ, ഈ പുസ്തകം നമ്പൂതിരിമാരുടെ ഇടയിൽ ഉണ്ടായിട്ടുള്ള നവീനമായ ഉണൎച്ചക്കു മതിയായ ഒരു ദൃഷ്ടാന്തമാണ്. എന്നാൽ നവീനമായ ഈ ഉണൎച്ചയെ ശരിയായ മാൎഗ്ഗത്തിൽക്കൂടെ നയിക്കുന്നതിനു വളരെ ക്ലേശമുണ്ട്. ഇതിനെപ്പറ്റി പ്രൊഫസർ രാജരാജവൎമ്മ അവർകൾ സാഹിത്യസംബന്ധമായ തന്റെ ഉപന്യാസത്തിൽ പറയുന്നതു ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു:— "ദൈവം നമ്മുടെ ആയുഷ്കാലം കല്പിച്ചിരിക്കുന്നത് പ്രബലങ്ങളായ രണ്ടു പരിഷ്കാരങ്ങൾ തമ്മിൽ ഇടഞ്ഞു കിടപിടിക്കുന്ന ഒരു ഘട്ടത്തിലാകുന്നു. അവയിൽ ഒന്ന് നാട്ടിൽ ഉണ്ടായി വളൎന്നതും ചിലർ തെറ്റിദ്ധരിച്ചിട്ടുള്ളതുപോലെ ക്ഷയിച്ചു ദുൎബ്ബലപ്പെടാത്തതും, നേരെമറിച്ചു പ്രായാധിക്യത്താലും വിശേഷജ്ഞാനത്താലും പൂജ്യത സമ്പാദിച്ചിട്ടുള്ളതും ആകുന്നു; മറ്റേതു പാശ്ചാത്യദേശത്തു നിന്നു വന്നു ഗുണത്തെ ആകട്ടെ ദോഷത്തെ ആകട്ടെ വകവെയ്ക്കാതെ ലോകത്തെ എല്ലാം സംഗീതസാഹിത്യങ്ങളെക്കൊണ്ടലങ്കരിക്കുന്ന ഒരു പ്രസന്നമായ സ്വാതന്ത്ര്യവാദത്തോടുകൂടെ യൌവനപ്രാരംഭത്തിൽ ലസിക്കുന്നു. നമ്മുടെ ഇടയിൽ പൊതുജനക്ഷേമം ഈ മത്സരത്തിന്റെ പരിണാമത്തിന് ആശ്രയമായിരിക്കുന്നു. രണ്ടുപക്ഷത്തിലുമുള്ള ബലത്തെ നാം ഗണിക്കേണ്ടതുണ്ട്. ഭൂതത്തെ മിഥ്യയാക്കാതെ അതിന്റെ അനുഗാമിയായിത്തന്നെ ഇരിക്കുന്ന ഒരു ഭവിഷ്യത്തോടുകൂടെ നമ്മുടെ വൎഗ്ഗക്കാർ നിത്യതയെ സ്വീകരിക്കുന്നതായ ഒരു മട്ടിലേക്കു ഈ മത്സരത്തിന്റെ പൎയ്യവസാനത്തെ നയിപ്പിക്കുകയാണ് നമ്മുടെ ഇപ്പോഴത്തെ കൃത്യം."


൩. സ്വയംഭരണത്തിനുള്ള അർഹത:— (32-ാമത്തെ ഭാരതമഹാജനസഭയിൽ വെച്ച് ആനിബസൻറു ചെയ്ത അദ്ധ്യക്ഷപ്രസംഗം; ഹോംറൂൾ ആപ്പീസ്, കോഴിക്കോട്; വില 6-ണ.)

ഇതു രാജ്യകാൎയ്യസംബന്ധമായ ഒരു പുസ്തകമാകയാൽ അധികമായൊന്നും ഞങ്ങൾ പ്രസ്താവിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. ആനിബസൻറു മദാമ്മയ്ക്കുള്ള അസാധാരണമായ അറിവ് ഇതിൽ ധാരാളമായി പ്രകാശിക്കുന്നുണ്ട്. ഇതു പരിഭാഷപ്പെടുത്തുവാൻ ഉപയോഗിച്ചിട്ടുള്ള ഭാഷ ഒരുവിധം പ്രൗഢവും ഗുണാഢ്യവും ആണ്. എന്നാൽ രാജ്യകാൎയ്യസംബന്ധമായ സാങ്കേതികപദങ്ങൾക്കു ശരിയായ സംസ്കൃതശബ്ദം പ്രയോഗിക്കുവാൻ പരിഭാഷകൻ ചെയ്തിട്ടുള്ള ശ്രമം പല ദിക്കിലും അസ്ഥാനത്തിലായിട്ടുണ്ടെന്നാണ് തോന്നുന്നത്. നാട്ടുഭാഷകളെ വർദ്ധിപ്പിക്കുന്ന കാൎയ്യത്തിൽ ആനിബസൻറു ഈ പുസ്തകത്തിൽ ഇങ്ങിനെ പറയുന്നു:— "പുതുതായി ലഭിക്കുവാൻപോകുന്ന അധികാരങ്ങൾക്കു നമ്മുടെ നാട്ടുകാരെ അവകാശികളാക്കിത്തീൎക്കുവാൻ നാം ചെയ്യേണ്ടതായ ഉപക്രമപ്രയത്നങ്ങൾ പലതും ഉണ്ട്. ഒന്നാമതായി രാഷ്ട്രീയവിഷയങ്ങളെപ്പററി നാട്ടുകാൎക്കറിവുണ്ടാവാൻ ഈ വിഷയങ്ങളെ സ്വന്തഭാഷയിൽ അവൎക്കു പറഞ്ഞുകൊടുക്കണം. രാഷ്ട്രീയകാൎയ്യങ്ങളെ മാതൃഭാഷയിൽ വിവരിച്ചുകൊടുത്താലേ ഈ സംഗതികൾ അവരുടെ മനസ്സിലും ഹൃദയത്തിലും നല്ലവണ്ണം പതിയുകയുള്ളു. ഇപ്പോൾതന്നെ, അല്ലെങ്കിൽ കുറെ കഴിഞ്ഞിട്ട് - എത്രയും വേഗത്തിൽ ചെയ്യാമോ അത്രയും നല്ലതാണ്— ഇന്ത്യാരാജ്യത്തെ ഭാഷയനുസരിച്ചു പല ദേശങ്ങളായി വിഭാഗിക്കേണ്ടിവരും. കാനഡ രാജ്യനിവാസികൾ ഫ്രഞ്ചുഭാഷയും ഇംഗ്ലീഷുഭാഷയും ഉപയോഗിച്ചുവരുന്നപോലെ നമുക്കും കുറെക്കാലത്തേക്കു രാജ്യഭരണാവശ്യത്തിനായി രണ്ടു ഭാഷകൾ വേണ്ടിവരും. ഇതിൽ ഒന്ന് ഇംഗ്ലീഷും മറേറത് അതതു രാജ്യത്തിനു പററുന്നതായ സ്വന്തഭാഷയുമായിരിക്കണം. ഈ വിധം ഭാഷയിൽ ചില പുതിയ നിയമങ്ങൾ ഏൎപ്പെടുത്തിയാലേ പൊതുജനങ്ങൾക്കു രാഷ്ട്രീയവിഷയങ്ങളിൽ പങ്കുകൊള്ളുവാൻ സാധിക്കയുള്ളൂ." ഈ സ്ഥിതിക്കു രാജ്യകാൎയ്യസംബന്ധമായ പുസ്തകങ്ങൾ തൎജ്ജമചെയ്യുന്ന പരിഭാഷകന്മാർ കുറെ അധികം മനസ്സിരുത്തേണ്ടതുണ്ടെന്നു പറയേണ്ടതില്ലല്ലോ.

स्वत एवाभिव्यक्तत्वात् । प्रमाभिव्यज्यमानं ब्रह्मचैतन्यमेव प्रमेयमिति भावः । वस्तुतो ब्रह्म शुद्धं जगदुपादानमिति यावत् । तथा च जीवस्य जगदुपादानत्वपक्षे विषयावच्छिन्नस्य तस्यैव प्रमेयत्वमिति ध्येयम् । ज्ञातं अभिव्यक्तम् । ननु चक्षुरादीनामपि प्रमाणत्वसंभवात् दर्शनान्तरेषु उक्तत्वाच्च तदनुक्त्या न्यूनत्वमिति चेन्न । वृत्तिज्ञानस्य चक्षुरादिभिर्जनितत्वेन तत्प्रमाणत्वोक्त्या चक्षुरादेरपि तल्लाभात् प्रमासामान्यं प्रति करणस्य प्रकृते वाच्यत्वात् ॥

न्या-र-व्या— मनस्संयुक्तेन्द्रियविषयसन्निकर्षस्य चाक्षुषादिहेतुत्वेन चाक्षुषादिमनोवृत्तेः विषयसंयुक्तत्वमावश्यकमित्युक्तमाक्षिप्य तेनैव हेतुत्वेन तत्साधयन् सर्वेत्यादिग्रन्थमवतारयति । नन्विति मनस इन्द्रियसंयुक्तत्वेऽपीति मनस्संयुक्तेन्द्रियविषयसन्निकर्षस्य चाक्षुषादिहेतुत्वेन घटादिसंयुक्तेन्द्रिये मनसस्संयोगस्यावश्यकत्वेनापीत्यर्थः । तत्संभवादिति तथा च विषये मनस्संयोगाभावेऽपि न मनस्संयुक्तेन्द्रियसंयोगानुपपत्तिरिति न तदनुपपत्त्या तत्सिद्धिरिति भावः । घटादिविषयकसाक्षात्कारस्य घटाद्यवच्छिन्नचैतन्याभिन्नप्रमातृचैतन्यरूपत्वं न स्वीक्रियते किन्तु इन्द्रियजन्यघटादिविषयकमनोवृत्तिरूपत्वम् । तथा च तत्साक्षात्कारानुपपत्त्या विषये मनस्संयोगसिद्धिरिति समाधत्ते विषयाकारायाः इति । विनिगमकाभावादिति मनस्संयुक्तेन्द्रियविषयसंयोगस्य चाक्षुषादिहेतुत्वेनावश्यको यो घटादिसंयुक्तेन्द्रिये मनस्संयोगः स विनिगमकाभावात् । घटादिसंयुक्तभागावच्छेदेनापीति मनसो घटादिविषयसंयोगोऽप्यावश्यक इति भावः । कार्यतासम्भवात् कार्यतासत्त्वात् बहिर्निर्गमस्य घटादिस्वविषयदेशगमनस्यावश्यवाच्यत्वेनेति । अन्यथा घटादिस्वविषयाणां दूरदेशस्थत्वेन चाक्षुषाद्यवच्छेदकत्वासंभव इति भावः । घटादिसंयोगस्यापि संभव इति घटादिदेशगमने सति सामग्रीसत्त्वात् तत्संयोगोऽपि भवतीति भावः । सैवेति चाक्षुषादेर्घटादिविषयकत्वसिद्ध्यन्यथानुपपत्तिरेवेत्यर्थः । मानाभावादिति न च विशिष्टज्ञानं प्रति विशेषणज्ञानस्य हेतुत्वात् घट इत्यादि विशिष्टप्रत्यक्षात् प्राक् घटत्वादिरूपविशेषणज्ञानमावश्यकं तच्च निर्विकल्पकं विना न संभवतीति निर्विकल्पकमावश्यकमिति वाच्यम् । विशिष्टज्ञानं प्रति विशेषणज्ञानहेतुत्वस्यैवाभावात् । न च तद्धेतुत्वाभावे घट इत्यादिप्रत्यक्षस्य घटत्वा-

दिविशिष्टविषयकत्वं पर्वतो वह्निमानित्यनुमित्यादेः वह्न्यादिविशिष्टविषयकत्वं च न स्यात् । विशिष्टविषयकत्वस्य कस्यापि कार्यतानवच्छेदकत्वादिति वाच्यम् । सन्निकर्षपरामर्शादिनैव तत्संभवात् । घटत्वादिविशिष्टविषयकप्रत्यक्षं प्रत्येव सन्निकर्षस्य साध्यविशिष्टपक्षादिविषयकानुमित्यादिकं प्रत्येव परामर्शादेश्च हेतुत्वाङ्गीकारेण घटत्वादिविशिष्टविषयकत्वस्य संनिकर्षादिकार्यतावच्छेदकत्वादिति भावः । ननु घटत्वादिप्रकारकप्रत्यक्षं कदाचित् किंचिद्रूपेण घटत्वादिप्रकारकमुत्पद्यते कदाचित्तु स्वरूपतो घटत्वादिप्रकारकं तद्व्यवस्थापकतया किंचिद्रूपेण घटत्वादिप्रकारकप्रत्यक्षं प्रति किंचिद्रूपेण घटत्वादिविषयकज्ञानं कारणं स्वरूपतो घटत्वादिप्रकारकप्रत्यक्षं प्रति स्वरूपतो घटत्वादिविषयकज्ञानं कारणमिति कार्यकारणभावद्वयमङ्गीकार्यम् । न च संनिकर्षस्य तद्व्यवस्थापकत्वं संभवति । तेनोभयविधप्रत्यक्षस्यापि जननादुभयविधप्रत्यक्षसाधारणघटत्वादिप्रकारकप्रत्यक्षत्वावच्छिन्नं प्रत्येव तद्धेतुत्वस्योपगन्तव्यत्वात् । तथा च घट इत्यादिस्वरूपतो घटत्वादिप्रकारकप्रत्यक्षात् पूर्वं स्वरूपतो घटत्वादिविषयकज्ञानस्यावश्यकतया निर्विकल्पकं विना तदसंभवात् निर्विकल्पकसिद्धिः। न च स्वरूपतो घटादिप्रकारकप्रत्यक्षं प्रति स्वरूपतो घटत्वादिविषयकज्ञानहेतुत्वं न स्वीक्रियते किंतु किंचिद्रूपेण घटत्वादिप्रकारकप्रत्यक्षं प्रति किंचिद्रूपेण घटत्वादिविषयकज्ञानहेतुत्वमेव । घट इत्यादौ स्वरूपतो घटत्वादिप्रकारकत्वं तु किंचिद्रूपेण घटत्वादिप्रकारकत्वप्रयोजककिंचिद्रूपेण घटत्वादिविषयकज्ञानाभावसहितघटत्वादिप्रकारकप्रत्यक्षकारणसंनिकर्षादिप्रयोज्यमिति वाच्यम्। एवमपि जातिमान् घट इत्यादिप्रत्यक्षे स्वरूपतो घटत्वादिप्रकारकत्वस्य नोक्तरीत्या निर्वाहः । किंचिद्रूपेण घटत्वादिप्रकारकत्वप्रयोजकस्य किंचिद्रूपेण घटत्वादिविषयकज्ञानस्य सत्त्वेन तदभावसहितसंनिकर्षाद्यभावादिति तादृशप्रत्यक्षे स्वरूपतो घटत्वादिप्रकारकत्वानिर्वाहात् स्वरूपतो घटत्वादिप्रकारकप्रत्यक्षं प्रति स्वरूपतो घटत्वादिविषयकज्ञानहेतुत्वस्याप्यावश्यकत्वादित्याशंकते न चेति । विजातीयेति जातिविशेषविशिष्टेत्यर्थः । तज्जविषयताकमिति स्वरूपतो घटत्वादिप्रकारकप्रत्यक्षमित्यर्थः । ननु एवमपि संनिकर्षे वैजात्यद्वयं कल्पयित्वा तत्रैकवैजात्यविशिष्टसंनिकर्षः किंचिद्रूपेण घटत्वादिप्रकारकप्रत्यक्षं प्र-



കാവ്യം, വൈദ്യം, പുരാണം, ഇതിഹാസം, ചരിത്രം,

സാഹിത്യം, സംഗീതം, കലാവിദ്യ,

വൈദ്യം, ജ്യോതിഷം, ഗണിതം.

നോവൽ, കഥ, പ്രബന്ധങ്ങൾ, നാടകം, പ്രഹസനം, കിളിപ്പാട്ടുകൾ [illegible]

[illegible] എല്ലാതരം പുസ്തകങ്ങളും വില്ക്കുന്നുണ്ട്.

1. മംഗളോദയം മാസിക
2. കേരളകല്പദ്രുമം അച്ചുക്കൂടം.
3. മംഗളോദയം ബുക്ക് ഡിപ്പോ.
4. മംഗളോദയം വ്യാപാരശാല.

ഇവയെസംബന്ധിച്ച് അധികവിവരം വേണ്ടുന്നവർ അപേക്ഷിക്കേണ്ടും മേൽവിലാസം:—

THE MANAGER,
MANGALODAYAM CO. LTD
TRICHUR.

[illegible] വ്യാഖ്യാനം 1—4—0

[illegible]

വൃത്താന്തപത്രപ്രവർത്തനം 1—0—0

മലയാളപത്രങ്ങളിൽ [illegible]

മലമ്പനി [illegible]

[illegible]

ഈ രോഗത്തിനുള്ള ഗുളികകളും [illegible] ഗുളികകളും

[illegible]

ചർമ്മരോഗത്തിനുള്ള [illegible] വില്പനക്കുണ്ട്.

Dr. H. L. BATLIWALA,
P. O. WORLI—BOMBAY

മംഗളോദയം കമ്പനി

ക്ലിപ്തം, തൃശ്ശിവപേരൂർ.

1080-ലെ 1-ാം റെഗുലേഷനായ കൊച്ചി കമ്പനി റെഗുലേഷനനുസരിച്ച്
രജിസ്ത്രാക്കപ്പെട്ടത്.

മൂലധനം ഉറുപ്പിക 1,00,000

ഈ മൂലധനത്തെ ഷെയർ 1-ക്ക് 10 ഉറുപ്പിക വീതം 10,000
ഷെയറുകളായി ഭാഗിച്ചിരിക്കുന്നു.

ഡയറക്ടർമാർ.

1 മഹാരാജശ്രീ കൊച്ചി ൭-ാംകൂർ രാജകുമാരൻ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
2 ബ്രഹ്മശ്രീ എ.കെ.ടി.കെ.എം. ചെറിയ നാരായണൻനമ്പൂതിരിപ്പാട് അവർകൾ
3 ,, മാളൂർ വാസുദേവൻ നമ്പൂതിരിപ്പാട് ,,
4 ,, കരിയന്നൂർ മനയ്ക്കൽ ത്രിവിക്രമൻ നമ്പൂതിരി ,,
5 ,, ചേറൂർ ദാമോദരൻനമ്പൂതിരിപ്പാട് ,,
6 മ-രാ-രാ. [illegible] നായര് ,,
7 ,, [illegible] കർത്താവ് ,,
8 ,, ടി. സി. കൃഷ്ണമേനോൻ ,,
9 ,, കെ. [illegible]മേനോൻ ,,

ആഡിറ്റർ — പി. ശങ്കരഅയ്യർ.

ലീഗൽ അഡ്വൈസർ — കെ. കൃഷ്ണയ്യർ അവർകൾ ബി.എ., ബി.എൽ.,
ഹൈക്കോർട്ട് വക്കീൽ, തൃശ്ശിവപേരൂർ

മാനേജർ — സി. കുഞ്ഞിരാമൻമേനോൻ.

കമ്പനിയുടെ പ്രധാന ഉദ്ദേശങ്ങൾ.

1 വളരെ ഉപകാരപ്രദങ്ങളും, ഭിന്നങ്ങളും, ഇതുവരെ അച്ചടിക്കാത്തവയുമായ വിവിധവിഷയങ്ങളിലുള്ള സംസ്കൃതപുസ്തകങ്ങളും മലയാളപുസ്തകങ്ങളും പരിഷ്കൃതരീതിയിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനും, മറ്റു പുസ്തകങ്ങളും തെറ്റുകൂടാത്ത വിധത്തിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനും അച്ചടിസംബന്ധമായിട്ടുള്ള ബൈൻഡ് മുതലായ പ്രവൃത്തികളും പരിഷ്കൃതരീതിയിൽ നടത്തുന്നതിനും വേണ്ടി ഏറ്റവും ഉയർന്ന സ്ഥിതിയിൽ കമ്പനിവകയായ കേരളകല്പദ്രുമം അച്ചുകൂടത്തെ പരിഷ്കരിച്ചു നടത്തുക.


2 സംസ്കൃതത്തിലും, മലയാളത്തിലും, ഇംഗ്ലീഷിലും മിതമായ നിരക്കിന്മേൽ സകല അച്ചടിപ്രവൃത്തികളും വൃത്തിയായി നടത്തിക്കൊടുക്കുകയും കടലാസ് (സ്റ്റേഷനറി) മുതലായ സാധനങ്ങളും ഉണ്ടാക്കിയും വാങ്ങിയും വ്യാപാരം നടത്തുകയും ചെയ്ക.

3 മംഗളോദയം മാസിക അതിന്റെ ഉദ്ദേശത്തിനു ഉൽകൃഷ്ടസ്ഥിതിയിൽ സാധിക്കത്തക്കവണ്ണം പരിഷ്കരിച്ചു നടത്തുകയും ചെയ്ക.

4 പല ഭാഷയിലുമുള്ള പുസ്തകങ്ങളും വാങ്ങിയും അച്ചടിച്ചും കമ്പനി വക ഇപ്പോഴുള്ള ബുക്ക്ഡിപ്പോ പരിഷ്കരിക്കുക.

ഷെയറുകൾ ഇനിയും വില്ക്കുവാനുണ്ട്. ഷെയർ ചേരുവാൻ ഇഷ്ടപ്പെടുന്നവർ മേലാളുകളുമായി ഉടനെ മാനേജർക്ക് അപേക്ഷ കൊടുക്കേണ്ടതാണ്.

പുസ്തകം ൧൧ ലക്കം ൨



മംഗളോദയം

൧൦൯൩ ഇടവം.



വിഷയവിവരം.

മംഗളോദയം.

൧൦൯൨ എടവം.

മംഗളം. *

ഹരഗംഗാധരശിവശംഭോശിവഗംഗാധരശിവശംഭോ
ഹരഗംഗാധരശിവഗംഗാധരജയശിവശംഭോശിവശംഭോ
ശൂലപാണ്യാശ്രയശിവശംഭോകാലനിഷൂദനശിവശംഭോ
ശൂലപാണ്യാശ്രയകാലനിഷൂദനകലിമലനാശനശിവശംഭോ
വസുദേവാത്മജനുതശംഭോവാസവവന്ദിതശിവശംഭോ
വസുദേവാത്മജവാസവവന്ദിതവസുധാപാലകശിവശംഭോ
വൃഷവരവാഹനശിവശംഭോവിഷധരഭൂഷണശിവശംഭോ
വൃഷവരവാഹനവിഷധരഭൂഷണവൃഷനിലയേശപരശിവശംഭോ
ഭാൎഗ്ഗവസന്നുതശിവശംഭോഭൎഗ്ഗമുഖാശ്രയശിവശംഭോ
ഭാൎഗ്ഗവസന്നുതഭൎഗ്ഗമുഖാശ്രയഭാൎഗ്ഗവരാമാശിവശംഭോ!

കൌടില്യന്റെ അൎത്ഥശാസ്ത്രം

ഒരു പുരുഷനു സാധിക്കേണ്ടവയായി നാലു സംഗതികളെ ഹിന്ദുമതത്തിൽ പറയുന്നുണ്ടു്. അവ ധൎമ്മം, അൎത്ഥം, കാമം, മോക്ഷം



എന്നിവയാകുന്നു. ഇവയെ സാധിക്കേണ്ടതു പുരുഷന്റെ കൃത്യമാകയാൽ ഇവയ്ക്കു 'പുരുഷാൎത്ഥങ്ങൾ' എന്നുകൂടി പേർ പറയുന്നു. ഇവയുടെ സ്വരൂപം, പ്രയോജനം, സാധനോപായം മുതലായവയറിയാതെ പുരുഷാൎത്ഥസിദ്ധി ദുൎല്ലഭമാകയാൽ, ഓരോ പുരുഷാൎത്ഥങ്ങളേയും പ്രതിപാദിക്കുന്ന ശാസ്ത്രങ്ങളും ഹൈന്ദവസാഹിത്യത്തിൽ ഉണ്ടായിത്തീൎന്നു.

* ഉള്ളിയേപൂർ ശങ്കരമേനോൻ.

ധൎമ്മാധൎമ്മങ്ങളിന്നവയെന്നു കാണിച്ച് കൃത്യാകൃത്യോപദേശം ചെയ്യുന്ന ശാസ്ത്രം ധൎമ്മശാസ്ത്രം. അൎത്ഥത്തെ സമ്പാദിപ്പാനും രക്ഷിപ്പാനുമുള്ള വഴികൾ കാണിക്കുന്നത് അൎത്ഥശാസ്ത്രം. കാമതത്വത്തെ നിരൂപണംചെയ്തു ക്രമപ്പെടുത്തി കാമോപദേശം ചെയ്യുന്നതു കാമശാസ്ത്രം. ഈശ്വരസ്വരൂപത്തെ വിവരിച്ച് പരമപുരുഷാൎത്ഥമായ ഈശ്വരസാക്ഷാൽക്കാരത്തിനുള്ള വഴികൾ തെളിയിച്ച് ആത്യന്തികമായ സ്വാതന്ത്ര്യത്തെ അല്ലെങ്കിൽ മോക്ഷത്തെ ഉപദേശിക്കുന്നതു മോക്ഷശാസ്ത്രം. ഈ നാലു ശാസ്ത്രങ്ങളും പലപ്രകാരത്തിൽ പരസ്പരം ബന്ധമുള്ളവയും, ഇവയിൽ ഒരോന്നിന്റെ ജ്ഞാനം മറ്റുള്ളവയുടെ ജ്ഞാനത്തിനു വളരെ ഉപകരിക്കുന്നതും ആണെന്നു പറയേണ്ടതില്ലല്ലൊ.

ഹിന്തുക്കളുടെ സകല ജ്ഞാനത്തിന്റെയും മൂലം വേദമാണെന്നും, സകല ജ്ഞാനങ്ങളും മോക്ഷോപയോഗികളാണെന്നും ഉള്ള തത്വം ധൎമ്മാൎത്ഥാദികളായ പുരുഷാൎത്ഥങ്ങളുടെയും ശാസ്ത്രങ്ങളുടെയും കാൎയ്യത്തിലും അനുഗതമായിരിക്കുന്നു. ധൎമ്മാദികളായ പുരുഷാൎത്ഥങ്ങൾ മോക്ഷത്തിനുപകരിക്കുന്നതുപോലെ ധൎമ്മശാസ്ത്രാദികളായ ശാസ്ത്രങ്ങളും സാക്ഷാത്തായോ പരമ്പരയായോ മോക്ഷത്തിനുപകരിക്കുന്നു. ഈ ശാസ്ത്രങ്ങൾക്കെല്ലാം മൂലം വേദമാണുതാനും. വേദത്തിൽ അതിസൂക്ഷ്മമായും വിശകലിതമായും സംഗ്രഹിച്ചിട്ടുള്ള പുരുഷാൎത്ഥോപദേശങ്ങൾ പരിമിതവും ക്ലേശസാദ്ധ്യവുമായ മനുഷ്യബുദ്ധിക്കു ദുൎഗ്രഹമാണെന്നുള്ള വിചാരത്താൽ, ലോകാനുഗ്രഹതല്പരന്മാരായ ചില മഹാന്മാർ വേദോപദേശങ്ങളെ മൂലമാക്കി ചില ശാസ്ത്രങ്ങൾ നിൎമ്മിച്ചു. മനുപ്രഭൃതികളായ മാന്യന്മാർ ധൎമ്മശാസ്ത്രത്തെയും, ശുക്രൻ മുതലായ ആചാൎയ്യന്മാർ അൎത്ഥശാസ്ത്രത്തെയും, വാത്സ്യായനൻ തുടങ്ങിയ രസികന്മാർ കാമശാസ്ത്രത്തെയും, വ്യാസാദികളായ ജ്ഞാനികൾ മോക്ഷശാസ്ത്രത്തെയും വേദങ്ങളിൽനിന്നു സംഗ്രഹിച്ചു വേറെ ശാസ്ത്രങ്ങളായി നിൎമ്മിച്ചു. ഇങ്ങിനെ നാലുവകയായിട്ടുള്ള ശാസ്ത്രങ്ങളെസ്സംബന്ധിച്ചും അനന്തരകാലങ്ങളിൽ അനേകപണ്ഡിതന്മാരുടെ കൃതികളായി അനവധി ഗ്രന്ഥങ്ങൾ ഉണ്ടാകയും, ആ വഴിക്ക വേദത്തിന്റെ സന്തതികളായ ധൎമ്മാദിശാസ്ത്രഗ്ര

ങ്ങൾ ശാഖോപശാഖകളായി പൊട്ടിത്തഴച്ച് ആകെ അത്ഭുതമായ വിധത്തിൽ അടിയുറയ്ക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ നാലു ജാതി ശാസ്ത്രങ്ങളിൽവെച്ചു രണ്ടാമത്തേതായ അർത്ഥശാസ്ത്രത്തിൽ ഭൂമി സമ്പാദിക്കുവാനും രക്ഷിക്കുവാനുമുള്ള ഉപായങ്ങളും നിയമങ്ങളും ആണ് ഉപദേശിക്കപ്പെടുന്നത്. അർത്ഥം എന്നുവെച്ചാൽ മനുഷ്യരുടെ വൃത്തി എന്നാണർത്ഥം; അതായതു മനുഷ്യവതിയായ ഭൂമി എന്നു താൽപര്യം. ഇങ്ങിനെയുള്ള അർത്ഥത്തെ അതായതു ഭൂമിയെ സമ്പാദിക്കുന്നതിനും രക്ഷിക്കുന്നതിനുമുള്ള ശാസ്ത്രം എന്നാണ് 'അർത്ഥശാസ്ത്ര'ശബ്ദത്തിന്റെ അർത്ഥയോജന. ഈ ശാസ്ത്രത്തിനു തന്നെ ദണ്ഡനീതി, നീതിശാസ്ത്രം എന്നിങ്ങിനെ ഈ അഭിപ്രായത്തോടുകൂടി വേറെയും ചില സംജ്ഞകൾ പറഞ്ഞുവരുന്നുണ്ട്. 'അർത്ഥശാസ്ത്രം' എന്ന പദത്തിന്റെ അർത്ഥത്തെ അന്യൂനാനതിരിക്തമായിരിക്കുന്ന ഒരു പര്യായപദം ഇംഗ്ലീഷിലോ മലയാളത്തിലോ കാണിപ്പാൻ പ്രയാസമാണ്. വിഷയംകൊണ്ടു നോക്കുന്നതായാൽ ഈ ശാസ്ത്രം വളരെ വ്യാപ്തിയുള്ള ഒന്നാണെന്നു കാണാം. രാജാധികാരങ്ങൾ, രാജ്യഭരണത്തിലേയ്ക്കുള്ള ധനാഗമമാർഗ്ഗങ്ങൾ, രാജ്യഭരണത്തിൽ ആവശ്യമായി വരുന്ന പല വകുപ്പുകൾ, വ്യവഹാരനിർണ്ണയം, കരങ്ങളുടെ സ്വഭാവം, ശിക്ഷകൾ, അന്യരാജാക്കന്മാരോടുള്ള സന്ധികൾ, യുദ്ധങ്ങൾ, ചാരന്മാർ ദൂതന്മാർ മുതലായവരുടെ നിയമനം എന്നു തുടങ്ങി ഒട്ടേറെ വിഷയങ്ങൾ ഈ ശാസ്ത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്. ധർമ്മശാസ്ത്രത്തിൽനിന്നു രാജ്യതന്ത്രത്തെസ്സംബന്ധിച്ചേടത്തോളമുള്ള വിഷയങ്ങൾ അർത്ഥശാസ്ത്രകാരന്മാർ അംഗീകരിച്ചിരിക്കുന്നു. പുറമെ 'പൊളിറ്റിക്കൽ എക്കോണമി', 'പൊളിറ്റിക്കൽ സൈൻസ്' എന്നെല്ലാം പറയുന്ന പാശ്ചാത്യരാജ്യതന്ത്രങ്ങളിലെ പല വിഷയങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ഇങ്ങിനെ, വിശകലിതമായിക്കിടക്കുന്ന വിവിധവിഷയങ്ങളുടെ വിജാതീയമായ ഒരു സംഗ്രഹമാണ് അർത്ഥശാസ്ത്രം.

ഇങ്ങിനെയൊക്കെയാണെങ്കിലും, അർവ്വാചീനകാലങ്ങളിൽ അർത്ഥശാസ്ത്രത്തിന്റെയും കാമശാസ്ത്രത്തിന്റെയും പ്രചാരം വളരെ കുറഞ്ഞുപോയി. രാജ്യതന്ത്രസംബന്ധമായി വിചാരങ്ങൾക്കിടയായിരുന്ന അധികാരാവകാശങ്ങൾ കുറയുകയും, ആരോഗ്യത്തെയും അതിന്റെ

ഉപയോഗത്തെയും പററിയ അറിവു ക്രമേണ ക്ഷയിക്കുകയും ചെയ്തുതായിരിക്കണം ഈ വ്യതിയാനത്തിന്നുണ്ടായ പ്രധാനകാരണം. പുറമെ, അത്ഥശാസ്ത്രസമ്മതങ്ങളും ധമ്മശാസ്ത്രങ്ങളിൽ നിന്ദിതങ്ങളുമായ ദുഷ്പ്രവൃത്തികളായ ചില സംഗതികളെ കവികഠം വണ്ണിക്കയാൽ ആ ശാസ്ത്രത്തെപ്പററിത്തന്നെ ഒരു ദുരഭിപ്രായം ജനസമുദായത്തിൽ ഉണ്ടായിത്തീൎന്നിരിക്കാം. കാമശാസ്ത്രത്തിന്റെ കായ്യത്തിലും ഇങ്ങിനെ ചില കാരണങ്ങഠം ഊഹ്യങ്ങളാണ്. എന്നാൽ, ധമ്മശാസ്ത്രത്തിന്നും മോക്ഷശാസ്ത്രത്തിന്നുമുണ്ടായിട്ടുള്ള പ്രചാരാധിക്യത്തിന്നു ജനങ്ങളെല്ലാം ധാമ്മികന്മാരും മോക്ഷേച്ഛുക്കളും ആയതാണു കാരണമെന്നു വിചാരിക്കുവാൻ പററാത്തതുപോലെ അത്ഥകാമശാസ്ത്രങ്ങളിലുള്ള ദോഷങ്ങഠം മാത്രമാണ് അവയിൽ വൈമുഖ്യത്തിന്നു കാരണമെന്നും ഖണ്ഡിച്ചു പറവാൻ നിവൃത്തിയില്ല. കാലാന്തരത്തിൽ ഭാരതീയസമുദായത്തിൽ നേരിട്ട വിവിധപരിവത്തനങ്ങളുടെ ഫലമായി ഈ ശാസ്ത്രങ്ങഠംക്കു പ്രചാരം കുറഞ്ഞുവെന്നേ വിചാരിക്കുവാൻ വഴിയുള്ളു.

അത്ഥശാസ്ത്രം ഒരു കാലത്തു സംസ്കൃതസാഹിത്യത്തിൽ വളരെ പ്രധാനമായ ഒരു സ്ഥാനത്തെ അലങ്കരിച്ചുകൊണ്ടിരുന്നു. ഈ ശാസ്ത്രത്തെസ്സംബന്ധിച്ച് അനേകം പേരുടെ വകയായി വിവിധഗ്രന്ഥങ്ങഠം ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഠം അവയിൽ ചുരുക്കം ചിലരുടെ കൃതികഠം മാത്രമേ കണ്ടുകിട്ടുന്നുള്ളു. അവയിൽ വെച്ച് ഏററവും പ്രധാനമായിട്ടുള്ളതു കൌടില്യന്റെ അത്ഥശാസ്ത്രമാകുന്നു. കൌടില്യൻ, ചാണക്യൻ എന്നീ പേരുകളാൽ അറിയപ്പെടുന്ന വിഷ്ണുഗുപ്തൻ എന്ന ബ്രാഹ്മണൻ ക്രിസ്ത്വബ്ദാരംഭത്തിന്നു മുമ്പു ജീവിച്ചിരുന്ന ഒരു പ്രസിദ്ധവിദ്വാനാകുന്നു. ചതുഃഷഷ്ട്യംഗമായ ജ്യോതിശ്ശാസ്ത്രത്തിലും, ഉശനസ്സിന്റെ (ശുക്രന്റെ) 'ദണ്ഡനീതി' എന്ന ശാസ്ത്രത്തിലും, വിശേഷിച്ചു മന്ത്രശാസ്ത്രത്തിലും വിദഗ്ദ്ധനായിരുന്ന ഇദ്ദേഹം മൌയ്യവംശജനായ ചന്ദ്രഗുപ്തമഹാരാജാവിന്റെ മന്ത്രിയായിരുന്നു. ഈ ബ്രാഹ്മണൻ നന്ദവംശം നശിപ്പിച്ചു തന്റെ ശിഷ്യനായ ചന്ദ്രഗുപ്തനെ മഗധരാജാവും ഭാരതചക്രവത്തിയുമായി വാഴിച്ച കഥ വിഷ്ണുപുരാണം, മുദ്രാരാക്ഷസം മുതലായ ഗ്രന്ഥങ്ങളിൽ വിശദമായിപ്പറഞ്ഞിട്ടുണ്ട്. ക്രി. മു. 272-ൽ സിംഹാസനാരോ

ഹണംചെയ്ത അശോകമഹാരാജാവു ബൌദ്ധമതം സ്വീകരിക്കുകയും, അതിന്റെ ശാസനങ്ങളെ വിവരിക്കുന്നവയായ സ്തംഭങ്ങൾ നാട്ടിലെങ്ങും നാട്ടുകയും ചെയ്തുവെന്നുള്ളത് ഇപ്പോഴും കാണുന്നവയായ ചില ശിലാലേഖങ്ങളിൽനിന്നും വ്യക്തമാവുന്നുണ്ട്. അങ്ങിനെയുള്ള അശോകചക്രവർത്തിയുടെ മുത്തച്ഛനായിരുന്നു ചന്ദ്രഗുപ്തൻ. ഇദ്ദേഹം ക്രി. മു. 327-ൽ രാജാവായി വാണിരുന്നു. അതുകൊണ്ട്, ചന്ദ്രഗുപ്തമന്ത്രിയായ കൌടില്യന്റെ അർത്ഥശാസ്ത്രം നിർമ്മിക്കപ്പെട്ടതു ക്രി. മു. 4-ാം നൂററാണ്ടിലാണെന്നു തീർച്ചപ്പെടുത്താം.

കൌടില്യൻ ഒരു അർത്ഥശാസ്ത്രമുണ്ടാക്കീട്ടുള്ളതായി സംസ്കൃതസാഹിത്യത്തിലുള്ള അനേകം ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. 'അധീഷ്വ താവദ്ദണ്ഡനീതിം, ഇയമിദാനീമാചാര്യവിഷ്ണുഗുപ്തേന മൌര്യാർത്ഥേ ഷഡ്ഭിഃ ശ്ലോകസഹസ്രൈഃ സംക്ഷിപ്താ' എന്ന് ആചാര്യദണ്ഡിയുടെ ദശകുമാരചരിതത്തിൽ കാണുന്നു. ഇതിൽനിന്നു കൌടില്യൻ ഈ ശാസ്ത്രമുണ്ടാക്കിയതു ചന്ദ്രഗുപ്തന്റെ ആവശ്യത്തിന്നാണെന്നു തെളിയുന്നുണ്ട്. ഈ സംഗതി 'കൌടില്യേന നരേന്ദ്രാർത്ഥേ ശാസനസ്യ വിധിഃ കൃതഃ' എന്ന അർത്ഥശാസ്ത്രവചനത്തിൽനിന്നും വ്യക്തമാണ്. ദശകുമാരചരിതത്തിൽതന്നെ പ്രമദാജനങ്ങളെക്കൊണ്ട് അർത്ഥശാസ്ത്രത്തെ അവഹേളനം ചെയ്യുന്നതായി ഉദ്ധരിപ്പിക്കപ്പെട്ടവയും 'ഇയത ഓദനസ്യ പാകായൈതാവദിന്ധനം' എന്നു തുടങ്ങി 'പ്രാഹസീൽ പ്രഫുല്ലലോചനാഃ പ്രമദാജനാഃ' എന്നതുവരെയുള്ള വാക്യങ്ങളിൽ സൂചിപ്പിക്കപ്പെട്ടവയുമായ അർത്ഥശാസ്ത്രവിഷയങ്ങൾ യഥാർത്ഥത്തിൽ ഈ അർത്ഥശാസ്ത്രത്തിലുള്ളവതന്നെയാണ്. കാദംബരിയിൽ ബാണഭട്ടൻ 'കിം വാ തേഷാം സാമ്പ്രതം യേഷാമതിനൃശംസപ്രായോപദേശനിർഘൃണം കൌടില്യശാസ്ത്രം പ്രമാണം, അഭിചാരക്രിയാക്രൂരൈകപ്രകൃതയഃ പുരോധസോ ഗുരവഃ, പരാഭിസന്ധാനപരാ മന്ത്രിണ ഉപദേഷ്ടാരഃ, നരപതിസഹസ്രഭുക്തോജ്ഝിതായാം ലക്ഷ്മ്യാമാസക്തിഃ, മാരണാത്മകേഷു ശാസ്ത്രേഷ്വഭിയോഗഃ, സഹജപ്രേമാർദ്രഹൃദയാനുരക്താ ഭ്രാതര ഉച്ഛേദ്യാഃ' എന്ന ഭാഗത്തിൽ കൌടില്യന്റെ ശാസ്ത്രത്തെയും ചരിത്രത്തെയും വിശദമായി കാണിച്ചിട്ടുണ്ട്. കാമന്ദകീയനീതിസാരത്തിലും 'നീതിശാസ്ത്രാമൃതം ധീമാനർത്ഥശാസ്ത്രമഹോദധേഃ സമുദ്ദധ്രേ നമസ്തസ്മൈ വിഷ്ണുഗുപ്തായ

വേധാസ' എന്നു പറഞ്ഞു കാണുന്നു. 'അതോധർമ്മശാസ്ത്രാണി മന്വാദീനി അർത്ഥശാസ്ത്രാണി ചാണക്യാദീനി കാമശാസ്ത്രാണി വാത്സ്യായനാദീനി' എന്നു പഞ്ചതന്ത്രത്തിലും പറഞ്ഞിട്ടുണ്ട്. നന്ദിസൂത്രം എന്ന ജൈനഗ്രന്ഥത്തിൽ ഭാരതം, രാമായണം, ഭീമാസുരീയകം, കൌടിലീയകം എന്നിങ്ങിനെ കാണിച്ചിട്ടുള്ള മിഥ്യാശാസ്ത്രങ്ങളിൽ കൌടില്യന്റെ അർത്ഥശാസ്ത്രവും ഉൾപ്പെടുന്നുണ്ട്. മഹാമഹോപാദ്ധ്യായമല്ലിനാഥനും രഘുവംശവ്യാഖ്യാനത്തിൽ പല ദിക്കിൽ കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽനിന്നു ചില ഭാഗങ്ങൾ ഉദാഹരണമായി എടുത്തു കാണിച്ചിട്ടുണ്ട്.

മേൽകാണിച്ച ഖണ്ഡികയിൽനിന്നു ദണ്ഡി, ബാണഭട്ടൻ, കാമന്ദകർ (സംസ്കൃതത്തിൽ കാമന്ദകി), മല്ലിനാഥൻ മുതലായ പണ്ഡിതന്മാർ മാത്രമല്ല, പണ്ടത്തെ സ്ത്രീജനങ്ങൾകൂടി കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ പരിചയമുള്ളവരായിരുന്നു എന്നു തെളിയുന്നുണ്ടെങ്കിലും, വിശിഷ്ടമായ ഈ ശാസ്ത്രം വായിക്കുന്നതിനു നമുക്കാർക്കും ഇതേവരെയും സാധിച്ചിട്ടില്ല. എങ്കിലും 1908-ൽ മൈസൂർ ഗവർമ്മേണ്ടുവക 'ബിബ്ലിയോതിക്കാ സാൻസ്ക്രിട്ടാ' (Bibliotheca Sanskrita) എന്ന സംസ്കൃതഗ്രന്ഥമാലയിലെ 87-ാം നമ്പ്രായി ഈ പുസ്തകം നാഗരാക്ഷരത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിനാൽ ഇപ്പോൾ ഈ ഗ്രന്ഥം എല്ലാവർക്കും സുലഭമായിരിക്കുന്നു. ഈ പുസ്തകം ഉൽകൃഷ്ടന്മാരായ പണ്ഡിതന്മാരുടെ മാത്രമല്ല വിദേശീയ വിദ്വാന്മാരുടേയും ഏകകണ്ഠമായ അഭിനന്ദനത്തിനു പാത്രീഭവിച്ചിട്ടുള്ളതിനു പുറമെ, ഇതു പ്രസിദ്ധപ്പെടുത്തിയതിനുശേഷം, ഇന്ത്യക്കാരായ നമ്മുടെ പൂർവ്വന്മാർ സംസ്കൃതനീതിയിലുള്ള രാജ്യഭരണത്തിലും രാജ്യതന്ത്രത്തിലും അനഭിജ്ഞന്മാരും വിമുഖന്മാരുമായിരുന്നവരെന്നുള്ള സ്വദേശീയരുടെ മിത്ഥ്യാബോധം നശിക്കുകയും സ്വതന്ത്രമായ രാജ്യതന്ത്രം തങ്ങളുടെ ഉപജ്ഞാഫലമാണെന്നു വിദേശീയർക്കുണ്ടായിരുന്ന ദുരഭിമാനം ക്ഷയിക്കുകയും ചെയ്തുതുടങ്ങിയിരിക്കുന്നു. പ്രാചീനമോ അർവ്വാചീനമോ ആയ രാജ്യതന്ത്രനിയമങ്ങളെക്കുറിച്ചുള്ള നിരൂപണങ്ങളിൽ കൌടില്യന്റെ അഭിപ്രായങ്ങൾക്ക് ഇന്നത്തെ ലോകം വലിയ പ്രാധാന്യം നൽകാറുമുണ്ട്.

ഇപ്രകാരം, ചളിയിൽനിന്നു കണ്ടെടുത്തു ശാണോപലക്ഷണംപോലെ ച

ല്ല നാനാകൃതികളെന്നപോലെ പൂർവ്വാധികം ശോഭിക്കുന്ന ഈ അർത്ഥശാസ്ത്രം, ഇതിന്റെ പ്രണേതാവായ കൌടില്യനാൽ പൂർവ്വാചാര്യന്മാരുടെ ഗ്രന്ഥങ്ങൾ പരിശോധിച്ചു് അവയിലെ വിഷയങ്ങളെ ക്രോഡീകരിച്ചു നിർമ്മിക്കപ്പെട്ടതാകുന്നു. 'പൃഥിവ്യാ ലാഭേ പാലനേ ച യാവന്ത്യർത്ഥശാസ്ത്രാണി പൂർവ്വാചാര്യൈഃ പ്രസ്ഥാപിതാനി പ്രായശസ്താനി സംഹൃത്യൈകമിദമർത്ഥശാസ്ത്രം കൃതം' എന്നു ഗ്രന്ഥകർത്താവുതന്നെ ഗ്രന്ഥാരംഭത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതിൽ പലഗ്രന്ഥങ്ങളിലായ ഓരോ വിഷയങ്ങളുടെ നിർവ്വചനത്തിൽ വിശാലാക്ഷൻ, പരാശരൻ, പിശുനൻ, കൌണപദന്തൻ, വാതവ്യാധി, ബാഹുദന്തീപുത്രൻ എന്നു തുടങ്ങി ഓരോ പൂർവ്വാചാര്യന്മാരുടെ മതങ്ങളെ പൂർവ്വപക്ഷമായി ഉദ്ധരിച്ചു ഗ്രന്ഥകർത്താവു സ്വസിദ്ധാന്തത്തെ സ്ഥാപിച്ചിട്ടുള്ളതുകൊണ്ടു കൌടില്യനു തന്റെ പൂർവ്വഗാമികളിൽനിന്നു വലുതായ സാഹായ്യം ലഭിച്ചിട്ടുണ്ടെന്നു നിർണ്ണയിക്കാം. അവരുടെ എല്ലാവരുടേയും പേരിൽ കൌടില്യനു വളരെ ബഹുമാനമുണ്ടായിരിക്കാമെങ്കിലും ശുക്രനേയും ബൃഹസ്പതിയേയുമാണു് അദ്ദേഹം പ്രത്യേകം വന്ദിച്ചുകാണുന്നതു്. ഗ്രന്ഥാരംഭത്തിൽത്തന്നെ ഗ്രന്ഥകർത്താവു് 'ഓം നമഃ ശുക്രബൃഹസ്പതിഭ്യാം' എന്നു ഗുരുവന്ദനം ചെയ്തിരിക്കുന്നു. അർത്ഥശാസ്ത്രകർത്താക്കന്മാരായ എല്ലാവരുടേയും ശാസ്ത്രങ്ങളിൽ കൌടില്യൻ വ്യുൽപന്നനായിരുന്നുവെങ്കിലും ഉശനസ്സിന്റെ (=ശുക്രന്റെ) ദണ്ഡനീതിയിൽ പ്രത്യേകവ്യുൽപന്നൻ ആയിരുന്നതുകൊണ്ടു് ഈ ഗുരുവന്ദനം വളരെ യോജിച്ചതന്നെ ഇരിക്കുന്നു. ഉശനസ്സിന്റെ ദണ്ഡനീതി 'ശുക്രനീതി' എന്ന പ്രാചീനഗ്രന്ഥത്തിൽ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ടു്. വ്യവഹാരനിർണ്ണയത്തെസ്സംബന്ധിച്ച ഭാഗങ്ങളിൽ യാജ്ഞവൽക്യസ്മൃതിയിലെ വ്യവഹാരകാണ്ഡത്തെയാണു കൌടില്യൻ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു്.

ഗ്രന്ഥത്തിലെ വിഷയങ്ങളെ വിശകലനംചെയ്തു ക്രമപ്പെടുത്തുന്ന കാര്യത്തിൽ അർത്ഥശാസ്ത്രപ്രണേതാവു വളരെ മനസ്സിരുത്തിയിട്ടുണ്ടു്. ആദ്യത്തെ അദ്ധ്യായംകൊണ്ടു്, ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുവാൻ പോകുന്ന പ്രകരണങ്ങളുടേയും അധികരണങ്ങളുടേയും മറ്റും ശരിയായ വിവരം കാണിച്ചിരിക്കുന്നു. ആറായിരം ശ്ലോക(ഗ്രന്ഥ)മുള്ള ഈ ശാസ്ത്രത്തിൽ ആകെ 15 അധികരണങ്ങളും, അധിക

ണങ്ങളിലെല്ലാംകൂടി 150 അദ്ധ്യായങ്ങളും, 180 പ്രകരണങ്ങളുമാണുള്ളത്. അധികരണങ്ങൾക്ക ക്രമത്തിൽ വിഷയസൂചകങ്ങളായ ഓരോ പേരുകളും കൊടുത്തിരിക്കുന്നു.

ആദ്യം സൂത്രം, പിന്നെ ഭാഷ്യം എന്നുള്ള ക്രമത്തിലാണ വിഷയങ്ങൾ പ്രതിപാദിച്ചിട്ടുള്ളത്. സൂത്രവും ഭാഷ്യവും ഗദ്യത്തിൽത്തന്നെയാണ്. സൂത്രകാരനായ കൌടില്യൻതന്നെയാണ ഭാഷ്യവും ചെയ്തിട്ടുള്ളത്. ഭാഷ്യകാരന്മാർ ശാസ്ത്രത്തിൽ വളരെ വിപ്രതിപത്തി കാണുന്നതുകൊണ്ടു തന്റെ സൂത്രങ്ങൾക്ക ഭാഷ്യമെഴുതേണ്ട ചുമതല അവരെ ഏല്പിക്കുന്നതു യുക്തമല്ലെന്നു തോന്നുകയാൽ താൻതന്നെ ഭാഷ്യംകൂടി നിർമ്മിക്കുവാനിടയായതാണെന്നു ഗ്രന്ഥകർത്താവ് ഉപസംഹാരത്തിൽ പറഞ്ഞിരിക്കുന്നു. എല്ലാ പ്രകരണത്തിന്റെയും അവസാനത്തിൽ ആ പ്രകരണത്തിന്റെ ഗൌരവത്തെ സൂചിപ്പിക്കുന്നവയായി ഒന്നോ അധികമോ ശ്ലോകങ്ങളും ചേർത്തിട്ടുണ്ട്. കൌടില്യന്റെ ഗദ്യപദ്യങ്ങൾ ശബ്ദം കുറഞ്ഞും അർത്ഥം നിറഞ്ഞും ഉള്ളവയാണ്. ഭാഷാരീതി ഒട്ടുംതന്നെ ഗഹനമല്ല. എങ്കിലും, എല്ലാ ദിക്കിലും വളരെ വളരെ സാങ്കേതികശബ്ദങ്ങൾ ഉള്ളതുകൊണ്ട് ഇതു വായിച്ചു കാര്യം ഗ്രഹിക്കുവാൻ വളരെ പ്രയാസം നേരിടുന്നുമുണ്ട്.

ഇക്കാലത്തെ പരിഷ്കൃതരീതിയിലുള്ള പഠിപ്പു തുടങ്ങിയതിനു ശേഷമേ ഭാരതീയർ ചരിത്രവിഷയത്തിൽ അറിവുണ്ടായിട്ടുള്ളുവെന്നും, പണ്ടത്തെ കവികളും ഗ്രന്ഥകർത്താക്കന്മാരും തങ്ങളുടെ കൃതികൾ ഇന്നാളുണ്ടാക്കിയവയാണെന്നു കാണിക്കുന്നവയായ യാതൊരു ലക്ഷ്യങ്ങളും സ്വഗ്രന്ഥങ്ങളിൽ എഴുതുക പതിവുണ്ടായിരുന്നില്ലെന്നും പറയാറുള്ള അഭിപ്രായം കൌടില്യനെസ്സംബന്ധിച്ചേടത്തോളം ബാധകമല്ല. ഇദ്ദേഹം ഓരോ പ്രകരണങ്ങളിൽ 'ഇതിബാദരായണഃ', 'ഇത്യാഹബോധായനഃ' എന്നു തുടങ്ങി ഓരോ ആചാര്യന്മാരുടെ വചനങ്ങളെ പൂർവ്വപക്ഷമായിക്കാണിച്ച് 'നേതികൌടില്യഃ' എന്നിങ്ങനെ സ്വനാമനിർദ്ദേശത്തോടുകൂടിത്തന്നെ സ്വസിദ്ധാന്തങ്ങളെ സ്ഥാപിച്ചിരിക്കുന്നു. പക്ഷെ, കൌടില്യന്റെ ഈ പ്രയോഗം, ചില നിരൂപകന്മാർ സമാധാനത്തിനു പകരം സന്ദേഹത്തെ ഉണ്ടാക്കുന്നതിനായിട്ടാണ കരുതുന്നത്. സ്വനാമനിർദ്ദേശത്തോടുകൂടി സ്വാഭിപ്രായം പറയുക എന്നതു വിദ്വാന്മാരുടെ ഇടയിൽ പതിവില്ലെന്നും,

അതുകൊണ്ടു് ഈ അൎത്ഥശാസ്ത്രം കൌടില്യന്റെ കൃതിയായിരിക്കയില്ലെന്നും ഇതിൽനിന്നു ചിലർ ഊഹിക്കുന്നു. മാനവധൎമ്മശാസ്ത്രത്തെ മനുശിഷ്യനായ ഭൃഗുവും, യാജ്ഞവല്ക്യസ്മൃതിയെ അദ്ദേഹത്തിന്റെ ഒരു ശിഷ്യനും സംഗ്രഹിച്ചു പ്രശ്നോത്തരരീതിയിൽ നിൎമ്മിച്ചിട്ടുള്ളതായി വിജ്ഞാനേശ്വരമിശ്ര എന്നൊരു വിദ്വാൻ പറഞ്ഞിട്ടുണ്ടെന്നും, അതുപോലെ കൌടില്യശിഷ്യനായ ഒരാൾ ഉണ്ടാക്കിയതായിരിക്കാം ഈ അൎത്ഥശാസ്ത്രമെന്നും അവരവർ പറയുന്നതു്. ഇങ്ങിനെ ശങ്കിക്കുന്നവരോടു സമാധാനമായി, അവർ വിചാരിക്കുന്നതുപോലെയുള്ള ഒരു ദോഷം സ്വനാമനിൎദ്ദേശംകൊണ്ടു സംഭവിക്കാനില്ലെന്നു മാത്രമേ പറയേണ്ടതായിത്തോന്നുന്നുള്ളു. പോരെങ്കിൽ,

"യേന ശാസ്ത്രം ച ശസ്ത്രം ച നന്ദരാജഗതാ ച ഭൂഃ
അമൎഷേണോദ്ധൃതാന്യാശു തേന ശാസ്ത്രമിദം കൃതം."

എന്നു കൌടില്യൻ തന്നെ പറഞ്ഞിട്ടുള്ളതിനെ അവർ ഒന്നാലോചിച്ചു നോക്കട്ടെ. അതും പോരെങ്കിൽ, ഗ്രീക്കുകാർ ഇന്ത്യയിലെ രാജ്യനീതികളെപ്പററി വൎണ്ണിച്ചിട്ടുള്ളതുപോലെ കൌടില്യന്റെ അൎത്ഥശാസ്ത്രത്തിലും രാജ്യനീതികളെ വിവരിച്ചിരിക്കുന്നു എന്നു 'വിൻസെന്റ് സ്മിത്ത്' എന്ന പാശ്ചാത്യപണ്ഡിതൻ പറഞ്ഞിട്ടുള്ളതുകൊണ്ടു് അവർ സമാധാനിച്ചുകൊള്ളട്ടെ.

എന്തായാലും, ഭാരതീയരുടെ രാജ്യതന്ത്രത്തെപ്പററി പരിപൂൎണ്ണവും സ്വതന്ത്രവുമായ ഒരു ഗ്രന്ഥം ക്രിസ്ത്വബ്ദാരംഭത്തിനു മൂന്നു നാലു നൂററാണ്ടുകൾക്കു മുമ്പു, ഭാരതഖണ്ഡത്തിലെ ഒരു മന്ത്രിസത്തമൻ തന്നെ എഴുതിവെച്ചിട്ടുള്ള സംഗതി നമുക്കെല്ലാം വളരെ അഭിമാനജനകമായിരിക്കുന്നു. വിശിഷ്ടമായ ഈ ഗ്രന്ഥത്തിന്റെ ഉൽകൎഷത്തെക്കാണിക്കുന്ന ചില വിഷയങ്ങളെപ്പററി വഴിയെ എഴുതാമെന്നു വിചാരിച്ചു് ഇതിവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

കെ. വി. എം.

ഐതിഹ്യങ്ങൾ.

തിരുനെല്ലി.

വയനാട്ടിൽ സുപ്രസിദ്ധമായ തിരുനെല്ലി ക്ഷേത്രമിരിക്കുന്ന ദേശത്തിനു മുമ്പ് 'ആമലകഗ്രാമം' എന്നായിരുന്നു പേര്. ഈ ഗ്രാമത്തിനു വടക്കെ 'ബ്രഹ്മഗിരി' എന്ന പർവ്വതവും, അതിന്റെ താഴ്‌വരയിൽ ഒരു ആമലക (നെല്ലി) വൃക്ഷവും നിന്നിരുന്നു. ഈ ഗ്രാമത്തിലെ പ്രമാണിയായിരുന്ന ബ്രഹ്മദേവൻ എന്ന ബ്രാഹ്മണൻ ആ വൃക്ഷത്തിനു സമീപത്തുവെച്ച് ഒരു യാഗം ചെയ്യുകയും, യാഗസമാപ്തിയിൽ പ്രസന്നനായ വിഷ്ണുഭഗവാൻ ശംഖചക്രാദ്യായുധങ്ങളെ ധരിച്ചു ചതുർബ്ബാഹുവായി ആ വൃക്ഷത്തിൽനിന്നു പ്രത്യക്ഷമായി ബ്രാഹ്മണോത്തമനെ അനുഗ്രഹിച്ച് അന്തർദ്ധാനംചെയ്കയും ചെയ്തു. അതിനുശേഷം ആ ബ്രാഹ്മണൻ അതേസ്ഥലത്ത് ഒരു ക്ഷേത്രം പണിചെയ്ത് തനിക്കു പ്രത്യക്ഷമായ സ്വരൂപത്തിനു ശരിയായ വിഗ്രഹമുണ്ടാക്കി ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. ഭഗവാൻ പ്രത്യക്ഷമായതു നെല്ലിമരത്തിൽനിന്നാകയാൽ 'തിരുനെല്ലി' എന്ന് ആ ഗ്രാമത്തിനും ക്ഷേത്രത്തിനും പിന്നീടു പേർ വന്നു. ആ ക്ഷേത്രത്തിനു പിൻഭാഗത്തു പാപനാശിനിയെന്ന് ഒരു നദിയുണ്ട്. അതിൽ ഋണമോചിനി, ഗുണ്ഡികാ, ശതബിന്ദു, സഹസ്രബിന്ദു, വരാഹം ഇങ്ങിനെ അഞ്ചു പുണ്യതീർത്ഥങ്ങളുടെ സമാഗമം നിമിത്തം പഞ്ചതീർത്ഥം എന്നൊരു പേരും പറഞ്ഞുവരുന്നുണ്ട്. ആ നദിക്കു സമീപം പിണ്ഡപ്പാറ എന്നൊരു പാറയും ഉണ്ട്. ഋണമോചിനി എന്ന തീർത്ഥസംഗമം അവിടത്തിലുണ്ടാകകൊണ്ടു സകലരും പിതൃകടം തീർപ്പാൻവേണ്ടി ആ പിണ്ഡപ്പാറ എന്ന സ്ഥലത്തു പിതൃപിണ്ഡക്രിയാദികൾ ചെയ്തുവരുന്നു.

കേരളീയബ്രാഹ്മണരായ നമ്പൂതിരിമാർക്കു പരദേശയാത്ര കേരളാചാരത്താൽ വിരോധിച്ചിരിക്കകൊണ്ടു ഗയാദികളായ പുണ്യസ്ഥ

ങ്ങളിൽ ശ്രാദ്ധമൂട്ടുവാൻ സാധിക്കാത്തതു നിമിത്തം, മേൽപ്പറഞ്ഞ തിരുനെല്ലി ക്ഷേത്രത്തിൽ പോയി നമ്പൂതിരിമാർ സ്വയമായി പിതൃപിണ്ഡക്രിയാദികൾ ഇന്നും ആചരിക്കുന്നുണ്ട്. നമ്പൂതിരിമാർ ആ സ്ഥലത്തു പിതൃക്രിയ ചെയ്യുന്നതിനു വേറെയും കാരണം കേട്ടിട്ടുണ്ട്. ഒരു കേരളീയബ്രാഹ്മണന്റെ ഇല്ലത്തു സന്തത്യഭാവത്തിനുള്ള കാരണം എന്തെന്ന് ഒരു ജ്യോത്സ്യനെ വരുത്തി പ്രശ്നംനോക്കിച്ചതിൽ ദുർമൃതിയെ പ്രാപിച്ചിട്ടുള്ള പിതൃപിതാമഹന്മാരുടെ ദോഷത്താൽ സിദ്ധിച്ചതാണെന്നുകണ്ടു് അതിനു സ്വർണ്ണരജതങ്ങളെക്കൊണ്ടു പ്രതിമകളുണ്ടാക്കി യഥാവിധി തിലഹോമം കഴിച്ച് അതിപുണ്യസ്ഥലമായ രാമസേതുവിൽ പിണ്ഡംവെച്ചു പ്രതിമകളെ അവിടെ സമർപ്പിച്ചു യഥാശക്തി അദ്ദേശവാസികളായ ബ്രാഹ്മണരെ അന്നഭോജനാദികളെക്കൊണ്ടു തൃപ്തിപ്പെടുത്തിയാൽ ദോഷം തീർന്നു സന്താനലാഭമുണ്ടാകുമെന്നു പ്രതിവിധി നിശ്ചയിച്ചു. കേരളാചാരവിരുദ്ധമായ പരദേശവഴി യാത്രയായി രാമസേതുപ്രവേശനത്തിൽ വൈമനസ്യം വിചാരിച്ചു പശ്ചാത്താപമായി ഇരിക്കുന്ന മദ്ധ്യേ, ഒരു ദിവസം സ്വപ്നമുണ്ടായി. തേജോമയനായ ഒരു യുവാവു തന്റെ സമീപത്തിൽ വന്ന് 'അങ്ങ് ഒരു സംഗതിയെപ്പററി പരിതപിക്കുന്നതു ഞാനറിയുന്നു; അക്കാര്യം തിരുനെല്ലി ക്ഷേത്രത്തിൽ പിണ്ഡപ്പാറ എന്ന പുണ്യസ്ഥലത്തിൽവെച്ചു ചെയ്യുന്നതായാൽ രാമസേതുവിൽ ചെയ്യുന്നതുപോലെ ഫലസിദ്ധിയും അങ്ങയുടെ മനോരഥം സാധിച്ചു മേലാൽ ശ്രേയസ്സും ലഭിക്കും' എന്നു പറഞ്ഞതായി തോന്നി. ഉണർന്ന ശേഷവും ഈ സംഗതി വിസ്മൃതിവരാതെ തോന്നിക്കൊണ്ടിരുന്നു. ഇതു കേവലം സ്വപ്നമല്ലെന്നു കരുതി അദ്ദേഹം സ്വപ്നാദേശപ്രകാരം ഈ തിരുനെല്ലി ക്ഷേത്രത്തിൽ പിണ്ഡപ്പാറ എന്ന സ്ഥലത്ത് വിധിപ്രകാരം പിതൃപിണ്ഡാദികൾ ചെയ്തു പ്രതിമകളെ ഉത്തമബ്രാഹ്മണർക്കായി സദക്ഷിണം ദാനവും മററു ചില സൽകർമ്മങ്ങളും ചെയ്തു മടങ്ങിവന്നു. വീണ്ടും പ്രശ്നംവെച്ചു നോക്കിയതിൽ ആ വക ദോഷങ്ങളെല്ലാം തീർന്നു മേലാൽ സന്താനലാഭമുണ്ടാകുമെന്നു ജ്യോത്സ്യൻ പറഞ്ഞപ്രകാരം ആ ബ്രാഹ്മണനു സന്തതിയുണ്ടാകയും ചെയ്തു. അതു മുതൽക്കാകുന്നു കേരളീയബ്രാഹ്മണർക്ക് ഈ ക്ഷേത്രത്തിൽ പ്രത്യേകിച്ചും ഭക്തിവിശ്വാസങ്ങൾ ജനിച്ചത്. ഈ ക്ഷേത്രത്തിന്റെ

പ്രഥമകൎത്താവായിരുന്ന ബ്രഹ്മദേവൻ എന്ന ബ്രാഹ്മണശ്രേഷ്ഠൻ നിത്യനൈമിത്തികങ്ങളായ പൂജയടിയന്തരങ്ങൾക്കു വേണ്ടുന്ന സ്ഥാവരജംഗമസ്വത്തുക്കളു ആ വിഷ്ണുദേവനു ദാനംചെയ്തു വീഴ്ചകൂടാതെ ആ വക ദേവകാൎയ്യങ്ങൾ നടത്തിവന്നു.

കുറെക്കാലം കഴിഞ്ഞ സമയം ആ ദേവസ്വങ്ങളെല്ലാം ആ ഗ്രാമത്തിലുണ്ടായിരുന്ന മറ്റു ഗോത്രങ്ങളിലുള്ള ബ്രാഹ്മണൎക്കായി ഉദകപൂൎവ്വം ദാനംചെയ്തു് താൻ തുരീയാശ്രമിയായി ദേശാന്തരത്തേക്കു പോകുകയും ചെയ്തു. അതിനുശേഷം ആ ബ്രാഹ്മണർ ക്ഷേത്രകാൎയ്യങ്ങളെ ഭരണംചെയ്തുവന്നിരുന്നു. കാലാന്തരത്തിൽ ആ ബ്രാഹ്മണഗോത്രങ്ങൾ മറ്റും ക്ഷയിച്ചു. ദേവകാൎയ്യങ്ങളും തകരാറായി. ക്ഷേത്രമെല്ലാം ജീൎണ്ണപ്പെട്ടു് അത്യന്തം വിഷമാവസ്ഥയിൽ കിടന്നിരുന്നു. അങ്ങിനെയിരിക്കുന്ന കാലത്തു് ഒരു സന്യാസി ഈ തിരുനെല്ലിക്ഷേത്രത്തിൽ വന്നു. അദ്ദേഹത്തിന്റെ ദൈവികമായ നിസ്തുലപ്രവൃത്തികളെക്കൊണ്ടു സന്യാസി വിശിഷ്ടനെന്നു തൽഗ്രാമവാസികൾക്കെല്ലാം പൂൎണ്ണവിശ്വാസമായി. അദ്ദേഹം അവിടത്തെ പ്രമാണികളെയെല്ലാം ഉത്സാഹിപ്പിച്ചു ക്ഷേത്രം പൂൎവ്വസ്ഥിതിപോലെ ജീൎണ്ണോദ്ധാരണം ചെയ്തു. ഗോകൎണ്ണത്തുനിന്നും നാലു എമ്പ്രാന്മാരെ വരുത്തി

[illegible]

കളെക്കൊണ്ടു സന്യാസി വിശിഷ്ടനെന്നു തൽഗ്രാമവാസികൾക്കെ

തവെന്ന് ഉത്തമനായ ബ്രാഹ്മണൻ മനസ്സിലാക്കി ക്ഷേത്രത്തിലെ എല്ലാ അവകാശവും താൻ കയ്യേറി ക്ഷേത്രകാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടു വന്നു. പിന്നൊരു കാലത്തു വടക്കേടത്താനം, തെക്കേടത്താനം എന്നിങ്ങിനെ ആ ബ്രാഹ്മണകുടുംബം രണ്ടായി പിരിഞ്ഞു ക്ഷേത്രാധികാരം തുല്യമായി അനുഭവിച്ചുവരുന്നു. ഇന്നും ആ രണ്ടു ഭവനക്കാരാകുന്നു ക്ഷേത്രത്തിലെ ഉടമാവകാശികൾ. രണ്ടു തവണക്കും അവിടെ വന്ന് ഈ സന്യാസി ആദ്യം വിവരിച്ചുള്ള ബ്രഹ്മദേവവിപ്രശ്രേഷ്ഠൻ തന്നെയെന്നാകുന്നു അത്രത്യന്മാരുടെ പൂർണ്ണവിശ്വാസം.

ഈ ക്ഷേത്രത്തിൽ ആദികാലത്ത് ഒരു അത്ഭുതാവസ്ഥ കണ്ടിരുന്നുപോലും. അത്താഴപ്പൂജയ്ക്കുശേഷം ദീപം കത്തിച്ചുവെച്ചു ഗന്ധം, പുഷ്പം, പൂജിപ്പാനുള്ള ശംഖജലം മുതലായവ തയ്യാറാക്കി നടപ്പൂട്ടിപ്പോരും. പിറെറന്നാൾ നടതുറക്കുന്ന സമയം ജലഗന്ധപുഷ്പങ്ങൾ വെച്ചിരുന്ന സ്ഥാനത്തു കാണാതെയും പുഷ്പങ്ങളെല്ലാം മൂർത്തിയുടെ പാദങ്ങളിൽ കിടക്കുന്നതായും ശംഖ് കമഴ്ത്തിവെച്ചും കാണമാറുണ്ടത്രെ. തന്റെ ഉപാസനാമൂർത്തിയായി ഒന്നാമതായി പ്രതിഷ്ഠ ചെയ്ത സന്യാസശ്രേഷ്ഠനായിരുന്ന ബ്രഹ്മദേവൻ എന്ന ദ്വിജോത്തമൻ രാവു വന്ന് അർച്ചനചെയ്യു എന്നായിരുന്നു തദ്ദേശികന്മാരുടെ പൂർണ്ണബോധം. എന്നാൽ ആ പതിവ് ഇന്നും നടന്നുവരുന്നുണ്ട്. പക്ഷേ പൂർവ്വദിവസം വെച്ചുള്ള സാധനങ്ങളെല്ലാം യഥാസ്ഥാനങ്ങളിൽ തന്നെ കാണാം. ഈ കലിയുഗത്തിൽ അപ്രകാരമല്ലാതെ വരുമോ? ദിവ്യശക്തികളെല്ലാം ഇക്കാലത്ത് അപ്രത്യക്ഷമാണല്ലോ.

പോകുവാൻപോകുന്ന കവിതകൾ.

വടക്കുന്നാഥസ്തോത്രങ്ങൾ I

അലമലമലമൊല്ല കരകമലമലരിതപ്രകിലവസനം
സിതമശനാംഗമലമപിണ്ഡലം നിലമശിഥിലജടാവിലസിതം.

നിലയമധുനാസുജനാകലനൈനാലപലതതിവിലസിതമലസത
പരം ശിവ! നിൻപദജലജമതിനു വരമരുളുക വടക്കുന്നാഥ!
ആലവാലമുനൊക്കുന്നതൾപരിപാലനപരപൊരമരമാമുനി
ബാലനിലനുകൂലതയാകിലകാലനൊരുവനാവനാതവൊസ്ഥാ!
നാലമരുമതവനമനാശിവ കാലിണനമതൊഴുതെൻമവനാപരം
പാവയകാരുതദിയയാരമവരമരുളുക വടക്കുന്നാഥ!
ഇരാവൊകസ്യമെപ്പൂറഴച്ചതിലഭിലോലിമതമുമതവിധിയാൽ
വിപലോതിദനാതികരാചനാസമരലാനധുനാതിചപ്പരയം
നാവുവാചിജമൻതിജനസ്യപിരുഗരലാചനമാരിൽമനാനാതി-
മാംഗരകതരാരുമരു ചമാരമവരമരുളുക വടക്കുന്നാഥ!
ഉടലൊനായതുനികെവനാകാത്രുയനീയാസിസരോപരി
താഴ്ചവരാമരൊവമമനോമുഹമപ്പൂതാതുപചാനൊച്ചയിൽ
കരപ്പൂതപാലായുദിമലയപ്പൂപ്പനാംപ്പൂപ്പസംബരം
നോച്ചയിതപ്പൂണ്ടരയാതവരമരുളുക വടക്കുന്നാഥ!
ഉലകുകളിലെഴിലൊരാവക കലതതിപൂജനായ്പൂമരിച്ചുൻ
ഫലമിതിനാലെന്തിഹവന്നു കലമകടധവമമവാതവപ്പ
മലമകടനിലമിനിമമാലയം ഉലതാകിലുമിടമുഖനിതാൻ
നെവപദിമരമതമിതംപ്പുനവരമരുളുക വടക്കുന്നാഥ!
ഉദയുജപിച്ചുതിമടിപ്പുവരൊതുപാപിച്ചറിവുതമരും
ളതധിയാകന്മകഴിപ്പുവർ പൂതതനൻവാതനൊടരാന
പാതലസുരർമപാലുമമിതവപാസ്വമറിയാതഴലുന്ന
ഉദയപാഗതിക്കമെല്ലാതവഴികളിൽവരമരുളുക വടക്കുന്നാഥ!
ഏതുയമതിചിത്രമിതാനിൻമസുകമതിനപരിജടരവനാ-
ഗതംഗതാഗളിതബാധിജ്ഞതി വന്തതഎപാമതടിനി.
സത്യമിതെന്തില്ലാതരപ്പിള പൂത്രിപതിപ്പൂറിസുതന്നും
നന്മപിധാവപിബെപ്പയാരമവരമരുളുക വടക്കുന്നാഥ!
ഏകൻപ്രഭമെലിതനാവംമലാകങ്ങടചമപ്പവനാമെര
മരമപ്പുരികാനതതന്നുവവാഗംബികതൻപതിനോത
ഭോരമപരിപൂത്തുവിധായവിവേകബതതതചമജ്ഞാന-
നാകമ്പതതൈയവധിയാരമവരമരുളുക വടക്കുന്നാഥ!

ചെല്ലമ്മവന്നു മറിനാടകളിലുമെമ്മെയ്ക്കുപതിപ്പോലെ മിടികളിലു-
മോമനച്ചന്തമേറുമാടകളിലുമാരാമ്യനാമരോപ്പമിരിക്കിലും
തുരങ്കമലാമ്പഗന്ധകിലുമിമ്പഴമകൊടുകിലുംചവി-
മാമരമരിമവർന്തചകളികളിൽ വരമരുളുക വടക്കുന്നാഥാ!
കനവഴിപ്പൂന്നതന്തരംപാസമൃതപോലിന്നതിയമ്പുതൃപികളി-
ലൊതക്കനിവരനാമരിനമരാമെപ്പോഴതാകിലുമാമരിയാക്കിലുമാം
സ്വമകനിനതപൊരിചരനന്തവ തെറ്റുധരിവനാമശ്ചപാരിച
പരിപാലനംപെരുതുധരേപ്രിയ വരമരുളുക വടക്കുന്നാഥാ!
ഓമതിലവരോമനാമനിമനമനിതിയാമതിധീമതി
തതമനാമതിനാമനിതപവങ്ങളിലുതയാചനാമരുതി
സാമതിമതിയാമഗനനതപകാമരിപോകാമരിയാമരു
നാമതിനധികാരികളാരാ വരമരുളുക വടക്കുന്നാഥാ!
മരമാശിഖിയായതുനിപരമാമനസകിലാരൂതിമനുതി
മോമനസംശചപൂതനൂതിമാമനമനയതിപ്പൂമനു
ശ്രുതപമനപൂതപമനനത ശുധമമാമനങ്ങമെനാനു
പാതകിയനാവൃതിനിരതവരമരുളു വടക്കുന്നാഥാ!
നിരബുധവല്ലബുധനാമരിപ്പൂഗവപരിപാലിതപന്തൻ
പൊരതിയകലുഷങ്ങളകറ്റുകരളമരമവനവശമപാത
മങ്ങവിമാനുചിരപ്പാനരുകരമെചപ്പൃഷകേതന
മനനമനമശ്ശേരിരിനാവരമരുളുക വടക്കുന്നാഥാ!
നകംപിരാകമരിമിലാ ചനാസൽമനനാവമനംറിമകതന
ദ്വഷ്ടിക്രുതിനാശ്ശേരപോസനാ തമമരമലതാപോസനാ
പ്രകൃതിലായപ്രകൃതമതല്ലാകൂട്ടിൽവയിപ്പുമരശ്രീ
മങ്കിനകൈലാസനാഥകതനാവരമരുളുക വടക്കുന്നാഥാ! *

II

മനസ്സിനുരാതിനെമെപ്പുളികൾകൊലവുപോരം
മോടുക്ഷമന്ത്രകനായനുസ്സാടകത്തിനൽ

* [illegible]

നടക്കകണ്ടകൻവന്നിട്ടടിക്കുമെന്നതിനാൽനി-
ന്നടിയ്ക്കുള്ളുമടങ്ങത്തോൻഞാൻ വടക്കുന്നാഥ.
ആദിയുംനിന്നവധിയുംജാതിയുംപേർമഹിമയും
മാധവനറിവീലചതുർമ്മുഖനും
എത്രമാനിനിതിനാളെന്നോതുഹേതുജനനം ചൊൽവാൻ
ഭൂതനാഥ ശിവശംഭോ! വടക്കുന്നാഥ.
ഇരിക്കുന്നഗിരികന്യാതിരുത്തുടയിലപ്പോഴും
ഒരിക്കലൈശ്വര്യനിജജടമുടിയിൽ
ഇരിക്കുന്നജഗദംബാസികളുനിന്നിൻ ചരിത്രങ്ങൾ
ധരിക്കവല്ലിന്നിനിക്കുമോ വടക്കുന്നാഥ.
ഈവിധങ്ങളറിയപ്പിച്ചാൽ സേവചെയ്യുന്നധികാരം
ദേവകൾക്കും മുനികൾക്കുമിനിക്കൊക്കും
തിരുവൊളൂഞ്ഞാൻനിൽക്കുന്നൻ താപകം മേ പരന്തപം
ഭാവനയിലുദിക്കേണം വടക്കുന്നാഥ.
ഉരവയതംപോറുവത്തുവിത്തപ്പുരം വെസ്സ്വാസഭം
ചൊറുപോരുചോറുപാരായെന്നാഴിത്തുടങ്ങ
നാറുപോരയുള്ളസ്വാതനാദം ചൊറുണ്ടൊ ചിന്തയാണോ
വിറുതിനിമ്മയിലയെത്രപുണ്യം വടക്കുന്നാഥ.
ഉത്തമത്തണ്ടിനാടനീട്ടും ശ്രേഷ്ഠം പോലും മനോപഗൽ
ആലയാൻതാളെഴിക്കുന്നപാരിലിന്നാൽ
നാരകം നാരിമാർകുലമെത്തിടുന്നമേലവരിൽ
പ്പെത്തിടേണ്ടയിനിയിപ്പോ വടക്കുന്നാഥ.
ഏണിലേകപുരുഷൻമുമ്പസമ്പത്തികിലെയാളുകളെ
മന്ധികൾപുനരാൾവെന്നപോയ്നാശം
പംക്തിവിഭ്രാന്തിൽക്കൂട്ടുകൾന്നപുത്രൻവേതക്കതൻ
നന്ദികേശമുഖം വാഴും വടക്കുന്നാഥ.
ഏതുപുണ്യമേതുപാപമാരറിഞ്ഞുമേഹിനിയിൽ
പ്രീതിഭ്രമണസ്ഥിതാമ്മ യോഗമാത്രം ഉച്ചം
കാത്തിടേണമടിയനെ വീട്ടിലെയ്ക്കുള്ള വൈസിന്ദ്യ
തീർത്തിടേണം ശ്രീതിങ്കൾ വടക്കുന്നാഥ.

ഐതിഹാസചാതുരിയെന്നുംചൊൽബാണംകൃതബാണം
ശ്വേതഹാലംചിത്രകാലംപീതകാകോളം
ആരുമാപംചെയ്യാതെമറുവാർതാഹലമെന്നു
ചൈതവൻവന്നെത്തുമ്പോൾ വരുകുന്നാഹ.
കത്തവർണ്ണം ചിത്രകാമ്പിലൊത്തിടാതെചെല്ലുമ്പോൾ
പാർത്തിരിക്കുന്നവർജനപോരിനമായം
കൈക്കലാപശങ്കണയം തങ്ങളൊത്തുകാമനെത്തുമ്പോൾ
നൃത്താനാഹളുണ്ണീതാൻവരുകുന്നാഹ.
കാത്തുചൊല്ലുംപിടിജനായംചെത്തുമന്ത്രംജപിപ്പോർതം
തീർത്തറിയാതെവത്തപൂർത്തനാഞ്ഞാൻകഥയാരെന്നു
തതമൊന്നുമറിവീലെന്നൊത്തുനമെത്തുജിക്കൊല്ലു
സ്വതപ്പൂത്തരയാംമേധിവരുകുന്നാഹ.
ഒപ്പമകാണ്ണുസംപൂർണ്ണമെതജസപോവനംഗ്യവും
വൈവതംസപ്പമന്ത്രയോജമനാംപോൽ
ആപ്പൂത്തവർഗ്ഗമെള്ളാഴിഞ്ഞുചെന്നേരമെടുത്തിൽ
വിഷ്ണുപ്രവിശ്യതെവസ്തുവരുകുന്നാഹ.
ഒക്കചന്ദ്രാഭിനിരുപൂജ്യമക്ഷീഗ്രതഗാത്രി
ദ്രഷ്ടുത്തോ സമണമാത്രസപ്തമനസ്തോത്രി
ക്ഷണസപ്തിൽസ്വമാത്രവിഗ്രഹപ്രണയമിത്രി
ദിക്കുഗാത്രസുചരിത്രവരുകുന്നാഹ.
അക്ഷയാക്ഷവരവാഹദ്ദക്ഷയാഗക്ഷതിക്ഷ
ലക്ഷകോടിജഗദ്ബന്ധ ക്ഷണനാത്രപ്പ
ചെക്ഷപ്പത്തിനിത്യപൂർവ്വാക്ഷപ്രമാസ്വര
ദക്ഷിണകൈലാസവാസവരുകുന്നാഹ.

III

നരകുണ്ഡനിമേലിൽവരുമെന്നല്ലാതെപെടി
പെരുതായെന്നന്താപ്പുത്തുകഴിടുന്നു.
തിരുനാമമുര ചപ്പാൻവരുമ്പോടതുള്ളേണം
കരുണാവാരിധേശംഭോവരുകുന്നാഹ.
മടിക്കൊല്ലുജഗന്നാഥനിനക്കില്ലുപരിഭവം

ഏഴുപ്പതില്പിനിക്കളും തേടുന്നിടത്തിൽ
കാഷായനാരിയെ: പ്പുഴകനാംഗാനമെവൽപാദം
സ്മരിക്കുവാൻതുണയേണമെവടക്കനാഥ.
ശിരസ്സിലമ്പിളിഗംഗാധരിപ്പൂചാമ്പലുംപൊൻതു-
കങ്ങളിൽമഴ്ത്തുലംതലയുമായി
വിലസുന്നൊവപ്പുപൊലനാളകതാരിൽ
ചലിയാതെയുണ്ടാകേണമെവടക്കനാഥ
വടക്കനാഥനെക്കണ്ടുമഹിമ്ലുന്നൊരുക്കിപ്പ്പാ-
ളെളുകൂണന്നിൻപദതെന്നിലറിയിക്കാകേണം
വന്നിടൊപ്പുയിനിക്കലിൽപൊന്നിടനാഥതാപം
തിങ്ങിടുന്നമഹതിന്നിൽവടക്കനാഥ.
യമൻതാൻറപുരത്തിങ്കലയക്കൊല്ലെയിന്നിനെ-
ശ്ശിവൻതന്റെപുരത്തിങ്കലയക്കണം
ജഗത്താകെനിറഞ്ഞുള്ളപരബ്രഹ്മംമനക്കാമ്പിൽ
സ്മരിപ്പാനെതിക്കുമ്പോൾവടക്കനാഥ.

പുഷ്പാഞ്ജലി.

ഏഴാം അദ്ധ്യായം.

[[illegible]]

പിറ്റെദിവസം പുലരാൻകാലത്തു ബ്രാഹ്മണർ ഇരുവരും കപ്പൽ കയറി യാത്ര തുടങ്ങി. സമുദ്രത്തിന്റെ സ്ഥിതി സാധാരണ സ്ഥിതിപോലെ തന്നെ ആയിരുന്നു. അത്യന്തം നിറം, പരന്ന നീലനിറം, പിന്നെ കുതിക്കുന്ന ഇളകുന്ന [illegible]. വളരെ പാരിക്കിടക്കുന്ന അതേ അനന്തമായ ജലം. മുകൾഭാഗത്തു വിതത്തിയ ഗോളമണ്ഡലം. ഇവ കൂടാതെ വിശേഷമായ വ്യത്യാസമൊന്നും കാ

ന്നപ്പെട്ടിരുന്നില്ല. എന്നാൽ യാതൊരു ഭേദവും ഉണ്ടായിരുന്നില്ലെങ്കിലും അതെല്ലാം അത്ഭുതമായി കാണുന്നതുപോലെ അവൎക്കു തോന്നപ്പെട്ടു.

ചില ചില വസ്തുക്കൾ എല്ലായ്പോഴും അഭിനവരൂപം ധരിച്ചുകൊണ്ടു മനസ്സിനെ ആകൎഷിക്കുന്നു. മനോല്ലാസത്തെ വികസിച്ച പുഷ്പങ്ങളെക്കൊണ്ടു ശോഭിക്കുന്ന ഉദ്യാനത്തിൽ സഞ്ചരിപ്പിക്കുന്നു. വീണയുടെ വിചിത്രവാദനം, ക്രീഡാശീലനായ ബാലന്റെ അംഗഭംഗി, പ്രിയവാദിനിയുടെ മുഖമണ്ഡലം, മലയമാരുതന്റെ ഗതി ഇവയെല്ലാം നിത്യനൂതനത്വഗുണത്തെക്കൊണ്ടു് എല്ലായ്പോഴും മനസ്സിനെ ആകൎഷിക്കുന്നവയാണു്. മറ്റു ചില പദാൎത്ഥങ്ങളിൽ നിത്യനൂതനത്വമില്ലെങ്കിലും അവ മനസ്സിനെ മോഹിപ്പിക്കുന്നു. താമരയുടെ ഉള്ളിലിരിക്കുന്ന വണ്ടിനെപ്പോലെ മനോല്ലാസം അവയിൽ ഇളക്കമില്ലാതെ സ്തംഭിച്ച മാതിരിയിലിരുന്നു ചായിച്ചുപോകുന്നു. ദേവിയുടെ ശബ്ദം, ഉറങ്ങിക്കിടക്കുന്ന കുട്ടിയുടെ മുഖമണ്ഡലം, പ്രീതികൊണ്ടു വികസിച്ച കാമിനിയുടെ കണ്ണുകൾ, അനവധിയില്ലാതിരിക്കുന്ന സമുദ്രം ഇവ പൂൎണ്ണമായോക്കൂടാതെ ഗാംഭീൎയ്യഗുണങ്ങളെക്കൊണ്ടു മനസ്സിനെ മോഹിപ്പിക്കുന്നു. ബ്രാഹ്മണർ യാത്രചെയ്തിരുന്ന കാലം പ്രസന്നമായിരുന്നു. ലക്ഷ്മീദേവി അനന്തശായിയായ ഭഗവാന്റെ നേരെ പ്രീതികൊണ്ടു വികസിച്ച കണ്ണുകളാൽ നോക്കിക്കൊണ്ടിരുന്നിരുന്നു.

കപ്പൽ ഇടവിടാതെ യാത്ര ചെയ്തിരുന്നു. ഒന്നുപോലെ മൂന്നു ദിവസമാത്രം കഴിഞ്ഞുപോയി. നാലാം ദിവസം സന്ധ്യാസമയത്തു കിഴക്കേദിക്കിൽ വെളുത്ത ഒരു പദാൎത്ഥം കാണപ്പെട്ടു. സമുദ്രത്തിൽനിന്നാണു് ചന്ദ്രന്റെ ഉല്പത്തി എന്നു കേട്ടിട്ടുണ്ടു്. ഇതു ചന്ദ്രൻ തന്നെയായിരിക്കുമോ? എന്നാൽ ചന്ദ്രൻ ആകാശത്തിലാണല്ലോ വിളങ്ങുക. കാണെക്കാണെ ആ വെളുത്ത വസ്തു ക്രമത്തിൽ തിരമാലയുടെ ഉള്ളിൽനിന്നു പൊന്തിത്തുടങ്ങി. അതു ചന്ദ്രനല്ല; സൌധമാലികകളാൽ പരിശോഭിതമായ ഗോപുരങ്ങളോടുകൂടിയ നഗരമാണു്. അതുതന്നെയാണു് ബൊംബായി പട്ടണം. വഴിയാത്രക്കാർ കപ്പലിൽനിന്നു് അവിടെ ഇറങ്ങി.

ബ്രാഹ്മണർ ഇരുവരും ബൊംബായിൽ ഇറങ്ങിയ ഉടനെ തന്നെ ഒരു ചെറിയ വഞ്ചിയിൽ കയറി കുറേ ദൂരം പോയ ശേഷം ഒ

വർ അപ്രശസ്തമായ ഒരു ദ്വീപിൽ ഇറങ്ങി. വൃദ്ധൻ പറഞ്ഞു: "ഈ സ്ഥലത്തിന്റെ പേർ ഹസ്തിദ്വീപം എന്നാണ്. ഇതു പണ്ട് അതിപ്രസിദ്ധമായ ഒരു തീർത്ഥസ്ഥലമായിരുന്നു. ഇപ്പോൾ ആ തീർത്ഥം നശിച്ചുപോയിരിക്കുന്നു. ഈ ദ്വീപിന്റെ മിക്ക ഭാഗവും കാടായിപ്പോയിരിക്കുന്നു. ഒരു ദിക്കിലെങ്കിലും മനുഷ്യന്റെ ശബ്ദം കേൾക്കാൻ കഴിയുന്നതല്ല. ഇടവിടാതെയുള്ള ചില്ലിഝങ്കാരത്തോടുകൂടിയ കാറ്റിന്റെ ശബ്ദംകൊണ്ടും സമുദ്രത്തിലെ തിരമാലകളുടെ ഗംഭീരമായ ശബ്ദംകൊണ്ടും ഈ ദ്വീപു മുഴുവനും മാറ്റൊലി കൊള്ളുന്നു." ഇങ്ങിനെ പറഞ്ഞുംകൊണ്ട് അവർ ഒരു പർവ്വതഗുഹയുടെ ദ്വാരത്തിൽ ചെന്നെത്തി. ഗുഹ ഒരു വലിയ പാറ വെട്ടി ഉണ്ടാക്കപ്പെട്ടതാണ്. അതിനു മൂന്നു മുറികൾ ഉണ്ട്. ആദ്യത്തെ മുറിയിൽ വലിയ കല്ലുകൊണ്ടുണ്ടാക്കപ്പെട്ട ഒരു വിഗ്രഹം ഉണ്ട്. അതു മൂന്നു തലകളോടും നാലു കൈകളോടും കൂടിയതാണ്.

വൃദ്ധൻ പറഞ്ഞു: "ശില്പികൾ എത്ര നൈപുണ്യത്തോടുകൂടി സ്വപാരമ്പര്യമാർഗ്ഗങ്ങളുടെ സമ്മേളനത്തിൽനിന്നുണ്ടായ സ്വരൂപത്തെ നിർമ്മിച്ചിരിക്കുന്നു! നടുവിലത്തെ മുഖം ബ്രഹ്മാവിന്റേതാണ്. അതിന്റെ ഇടത്തും വലത്തുമുള്ള മുഖങ്ങൾ ശിവന്റെയും വിഷ്ണുവിന്റെയും ആണ്."

മധ്യവയസ്കൻ ചോദിച്ചു: "നാലിലധികം കൈകൾ ഇല്ലാത്തത് എന്തുകൊണ്ടാണ്?"

വൃദ്ധൻ ഉത്തരം പറഞ്ഞു: "വിശ്വരൂപനായ ഭഗവാന് കോടി കോടി മുഖങ്ങളും കോടി കോടി കൈകളും ഉണ്ട്. എന്നാൽ മനുഷ്യന്റെ ബുദ്ധികൊണ്ടു ഭഗവാനെ മൂർത്തിമത്തായി കാണുമ്പോൾ നാലു കൈകളോടുകൂടിയാണ് കാണ്മാൻ കഴിയുന്നത്. മനുഷ്യബുദ്ധിക്കു ആകാശം, കാലം, ജ്ഞാനം, ജീവന്റെ ആധാരം എന്നിവയായിട്ടാണ് ഭഗവാൻ അറിയപ്പെടുന്നത്. അതുകൊണ്ടു ഭഗവാൻ ശംഖചക്രഗദാപത്മങ്ങൾ ധരിച്ചു ചതുർഭുജരൂപിയായിട്ടു മനുഷ്യനു പ്രത്യക്ഷമാകുന്നു."

[illegible] ഗുഹയുടെ രണ്ടാമത്തെ മുറിയിൽ പ്രവേശിച്ചു. അവിടെ ശിലാനിർമ്മിതമായ മൂന്നു വിഗ്രഹങ്ങൾ കാണപ്പെട്ടു. ഒന്നു ശി

വന്റെയും മറെറാന്ന് പാർവ്വതിയുടേയും ശൃംഗാരത്തെ കാമദേവന്റെയും ആയിരുന്നു.

വൃദ്ധൻ പറഞ്ഞു: "ഈ സ്ഥലത്ത് കാമദേവരൂപി കഠിനപ്രേമത്തോടുകൂടിയ ശിവരൂപിയായ പുരുഷനെ പാർവ്വതിരൂപിയായ പ്രകൃതിയോടുകൂടി വിവാഹബന്ധത്തിൽ ബന്ധിച്ചിരിക്കുന്നു. നിർഗ്ഗുണമയനായ പുരുഷനിൽനിന്നു സൃഷ്ടിയുണ്ടാവുന്നതല്ല. സൃഷ്ടികാര്യത്തിൽ ഇതു രണ്ടാമത്തെ പ്രകരണമാണ്."

ബ്രാഹ്മണർ ഗുഹയുടെ മൂന്നാമത്തെ മുറിയിൽ പ്രവേശിച്ചു. അവിടെ ശിലാമയമായ അർദ്ധനാരീശ്വരന്റെ മൂർത്തിയും അതിന്റെ വലത്തുഭാഗത്ത് ഗണപതിവിഗ്രഹവും ഇടത്തുഭാഗത്ത് ലക്ഷ്മീസേവിതനായ സുബ്രഹ്മണ്യന്റെ വിഗ്രഹവും അവർക്ക് കാണാറായി.

വൃദ്ധൻ പറഞ്ഞു: "പ്രകൃതിയുടേയും പുരുഷന്റെയും— ശക്തിയുടേയും ശിവന്റെയും— ഗതിയുടേയും ലയത്തിന്റെയും— സമ്മേളനംകൊണ്ടാണ് സൃഷ്ടികാര്യം നടത്തപ്പെടുന്നത്. ശില്പകാരൻ ഗണേശരൂപിയായ ബ്രഹ്മാവിനെ സ്ഥൂലശരീരത്തോടും ഇഴഞ്ഞ വയറോടും ആനമുഖത്തോടുംകൂടി നിർമ്മിച്ച് അദ്ദേഹം സർവ്വാഗ്രപൂജ്യനും ഭക്ഷണഗ്രഹണത്തിന്റെ അധിഷ്ഠാനദേവനും ആണെന്നുള്ള ഭാവത്തെ എത്ര സ്പഷ്ടമായി വെളിപ്പെടുത്തിയിരിക്കുന്നു! സുബ്രഹ്മണ്യന്റെ രൂപത്തെയും സുന്ദരീസേവിതമായും അംഗസൗഷ്ഠവത്തോടും വിക്രമശാലിയായ യുദ്ധനിപുണന്റെ രൂപത്തോടുംകൂടിയും കൊത്തിവെച്ച് അദ്ദേഹം സ്ത്രീസംസർഗ്ഗാധിഷ്ഠാതാവായ വിഷ്ണുവാണെന്ന് എത്ര നല്ലവണ്ണം ശില്പകാരൻ വെളിപ്പെടുത്തിയിരിക്കുന്നു! വാസ്തവത്തിൽ സ്ഥൂലസൃഷ്ടിയോടുകൂടിയ ജഗത്തിന്റെ ആദ്യത്തെ ധർമ്മം ഭക്ഷ്യഗ്രഹണമാണ്. രണ്ടാമത്തെ ധർമ്മം ദാമ്പത്യമാണ്. ഇതുകൊണ്ടാണ് ഗണപതിയും സുബ്രഹ്മണ്യനും പാർവ്വതീപരമേശ്വരന്മാരുടെ സന്താനങ്ങൾ എന്നു പറയപ്പെടുന്നത്."

ഇങ്ങിനെ പറഞ്ഞുകൊണ്ടു വൃദ്ധൻ ആ മുറിയുടെ ഒരു അറ്റത്തു പോയി നിന്നു. അവിടെയുള്ള ഘോര ഒരു ശിലാരൂപത്തിന്റെ നേരെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "സൃഷ്ടികാര്യം കണ്ടുവല്ലോ. ഇപ്പോൾ സംഹാരകാര്യം എത്ര കൗശലത്തോടുകൂടി ശില്പ

കാ[illegible] കൊണ്ട [illegible] ന്ന പട്ടണം നോക്കുക! ഇരുപത്തിയായ മഹാ[illegible] ൻ പുണ്യമുള്ള [illegible] ആസ്ഥിമാനായ അലങ്കാരമായി [illegible] കൂടിയിരിക്കുന്ന [illegible] യും ഈ ലോകങ്ങൾ എല്ലാം ത്രിമൂർത്തികളുടെ [illegible] സ്ഥാപിച്ചിട്ടുള്ളതും [illegible] കളായിത്തീർന്നിരിക്കുന്നതും [illegible] പിടിച്ചിരിക്കുന്നതും കൊത്തിയിരിക്കുന്നു. [illegible] നടക്കുന്നു. [illegible] വരുന്നു. [illegible] പ്പെടുത്തി.”

ബ്രാഹ്മണൻ ഗുഹയുടെ ഉൾവശമെല്ലാം സഞ്ചരിച്ചു. എല്ലാടത്തിലും ചുമരുകളിൽ ദേവന്മാരുടെ ചിത്രങ്ങൾ കൊത്തിവെച്ചിട്ടുണ്ട്. ഇതെല്ലാം ഒരു [illegible] കൊത്തിയിട്ടുള്ളതാണ്. ബ്രാഹ്മണൻ ഈ ഗുഹയിൽ ഒരു രാത്രി കഴിച്ചുകൂട്ടി.

പിറ്റേദിവസം അവർ വേറെ ഒരു ഗുഹയിൽ ചെന്നു. ഇതിന്റെ പേർ [illegible] എന്നായിരുന്നു. ഈ ഗുഹയും ഒരു കുന്നിൻ [illegible] ഉയരവും വിസ്താരവും ഉണ്ടായിരുന്നു. അതിൽ മൂന്നു ഗുഹകൾ [illegible] ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. ഒന്നിൽ ധ്യാനനിരതനായ ബുദ്ധദേവന്റെ രൂപവും മറ്റൊന്നിൽ ശചീദേവിയോടുകൂടിയ ഇന്ദ്രന്റെ രൂപവും മൂന്നാമത്തേതിൽ പാർവ്വതിയോടുകൂടിയ മഹാദേവന്റെ രൂപവും കൊത്തിവെച്ചിട്ടുണ്ട്.

വൃദ്ധൻ ഓരോന്നായി ആ മൂന്നു ഗുഹകളെയും കാട്ടിക്കൊടുത്ത് എല്ലാറ്റിലും വിശേഷമായ ബുദ്ധദേവന്റെ ഗുഹയിലേക്ക് മടങ്ങിവന്ന് ഇങ്ങിനെ പറഞ്ഞു: “ഈ മൂന്നു ഗുഹകളിൽ സൃഷ്ടിയെയും രക്ഷയെയും സംബന്ധിച്ചുള്ള സകല വ്യാപാരങ്ങളും മൂർത്തിമത്താക്കിവെച്ചിട്ടുണ്ട്. ആദ്യത്തെ ഗുഹയിൽ ദേവാധിപനായ ഇന്ദ്രൻ മിന്നൽപ്പിണറിനു തുല്യയായ ശചിയോടുകൂടി [illegible] സന്തുഷ്ടിയുടെ [illegible] ഇരിക്കുന്നു. രണ്ടാമത്തെ ഗുഹയിൽ ശക്തിയോടുകൂടിയ മഹാദേവൻ ഗൃഹസംബന്ധങ്ങളായ സകല വ്യാപാരങ്ങളെയും നിർവ്വഹിച്ചു യോഗിനീരൂപവും അറുപത്തിനാലു കലാവിദ്യകളുടെ അധിഷ്ഠാത്രിയുമായ വിദ്യയാൽ പരിവൃതനായി ഇരിക്കുന്നു. ഈ മൂ

നാമത്തെ ഗുഹയിൽ ബുദ്ധിമാൻ ആത്മതൃപ്തിക്കായി സൃഷ്ടിയുടെ ചരമഫലത്തെ കണ്ടറിഞ്ഞു ജ്ഞാനാനന്ദമയനും ശാന്തമയനും ആയിത്തീർന്നിരിക്കുന്നു.”

കെ. കുഞ്ഞുണ്ണിനായർ ബി. ഏ., ബി. എൽ.

ജാതികളും വൃത്തിമര്യാദകളും.

മണ്ണാൻപാട്ട്—(തുടൎച്ച)

ചോപ്പാളരെ ചോപ്പാളരെ എഴുമാനന്ദപ്പൊന്നുംകോടിയുംകൊണ്ട് കോവിലകത്തേക്കും. / പോർപ്പുന്നാമ്പോക്കിതിപ്പെരുമ്പെരുന്ന പൊന്നുകനും / പോകുവെള്ളാ ച്ചുന്ന വഴിപ്പുറപ്പെട്ടു. / മാടന്ന പോക്കിതിമ വഴികണ്ടുന്ന പോക്കിതി / എഴുമാന്നാമ്പൊന്നുംകോടിയുമെല്ലാ കോവിലകത്തേക്കും. / പോക്കിതിപ്പള്ളർകഴത്തിൽകിടക്കുന്ന / കൊടാർമന്നിലൂടെ നാമം കേട്ടുമാനസമുട്ടിലുള്ളകാട്ടുമൊന്നുംകോടിയും. / പടിഞ്ഞാറിൽ തട്ടിത്തുറന്ന അടിതെളിയാമായന കഴിച്ചു / വെട്ടുവിളക്കും കത്തിവെച്ചു നടകഴിഞ്ഞിനു പാത്തിനിലത്തെയും തട്ടിത്തടവിരിച്ചു പൊന്നുകന്റെ വരവും നോക്കി നില്പാക്കുമ്പോൾ / പൊന്നുകനും പോക്കിതിയും വെള്ളിത്തലവണിഷ്ഠാത്തു / ചിപ്പം മെയ്യനു വഴിപുറപ്പെട്ടു / പൊന്നുകനും പോക്കിതിയും കണ്ട ചോരപ്പെണ്ണുങ്ങളെ / പടിഞ്ഞാറ്റേ പുഞ്ചിരികൊണ്ടു ചിരിച്ചു / കാട്ടിലൂടെല്ലാം കൈപിടിച്ചു പൊന്നുകനെ കടക്കയത്തിന്മേൽ കാവിയോന്നും കെട്ടിച്ചു / പോക്കിതിയെക്കൂട്ടാ പച്ചടിക്കാരിയെന്ന / പോക്കിതിയെയും കെട്ടിച്ചു പൊന്നുകനെക്കൊണ്ടകത്തുകൊള്ളിച്ചു / ചന്ദനക്കൂർ കട്ടിമേൽ ഇരുന്നനായിത്തതി. അപ്പോൾ ചോദിച്ചു പൊന്നുകൻ മുക്കെഴാകുന്ന ചോരപ്പെണ്ണുങ്ങളെ എവരെയാകുന്ന ചോരപ്പെണ്ണുങ്ങൾ കാവിലെ എന്നു ചോദിച്ചു. പടിഞ്ഞാറേകൊല്ലത്തു ചണ്ടാലിയുടെ കാരിയോനായാകുന്നു. കേട്ടുകൊണ്ടാലോ എന്റെ ചോരപ്പെണ്ണുങ്ങളെ കിഴക്കേകെട്ടു [illegible] പൊന്നുകന്റെ വരവോഴിക്കേണം ഞാൻ നിൻകോവിലകത്ത് അരമ്പുള്ളൂപോജനം കഴിച്ചു താമസിക്കേണമെങ്കിൽ. അഞ്ചതിനൊക്കെ ചോരപ്പെണ്ണുങ്ങൾ കടക്കൊടി

യെ വിളിച്ചുകൂട്ടി കിഴക്കംകൊല്ലത്തു ചങ്ങാതിയോടു ചൊല്ലിക്കൂട്ടേണമെന്നു കല്പിച്ചു. ഇന്നും നാളെയും അടുത്ത പിറന്നാളും അതിനടുത്ത പിറന്നാളും ഇങ്ങോട്ടു വരണ്ടാ എന്നു ചൊല്ലിക്കൂട്ടേണം. ഇരുപത്തെട്ടുനാളിൽ തീണ്ടാരിയാകുന്നു എനിക്ക് എന്നു ചൊല്ലിക്കൂട്ടിക്കൊള്ളൂ. ആയതിനെക്കേട്ടു കടലോടിയുണ്ട് കാരിയാനയെ അയച്ചു കാരിയാനപ്പൂരമേ കിഴക്കംകൊല്ലത്തേയ്ക്കു കൊണ്ടുപോകുന്നു ആയതിനെക്കണ്ടു കിഴക്കംകൊല്ലത്തു ചങ്ങാതിയുണ്ട് എന്തേ കാരിയാനയെ ഇങ്ങോട്ടു കൊണ്ടുപോന്നു എന്റെ കടലോടി? ഇന്നും നാളെയും അടുത്ത പിറന്നാളും അതിനടുത്ത പിറന്നാളും തീണ്ടാരിയാകുന്നു. ആനയ്ക്കു തീൻ കൊടുക്കവേണം ആനയ്ക്കു തണ്ണീർ കൊടുക്കവേണം താങ്ങൾക്കോരോ വഴികൾകൊണ്ട് ഇങ്ങോട്ടു കൊണ്ടുപോന്ന പൊന്നകനെ! കടലോടി ഇങ്ങോട്ടു പോന്നതിൽശേഷംകൊണ്ട് കിഴക്കംകൊല്ലത്തു പൊന്നകൻ മനസ്സാൽ നിരുപിക്കുന്നു. ഇരുപത്തെട്ടുനാൾക്കല്ലേ തീണ്ടാരിയുള്ളു. ആട്ടയിൽ രണ്ടു തീണ്ടാരിയുണ്ടോ എന്നു മനസ്സാൽ നിരുപിച്ചു ഏഴാമനന്നുപൊന്നെകൊടിവേളപ്പെണ്ണിന്റെ കോവിലകത്ത് ആരുമന്നറിഞ്ഞതില്ലല്ലോ. കാരിയാനയെ ഇറങ്ങിച്ചു വക്കത്തിറങ്ങിക്കെട്ടി കതകുവെള്ളിക്കോലാല കല്ലിവെന്നു കാരിയാനപ്പുരമേ ആനപ്പൂവിട്ടുകെട്ടി അരിയസ്ഥാനംകാപ്പം പുണ്ണന് എടത്തെച്ചു നോക്കീട്ടിതാ വഴിപോകുന്നു. എടത്തെവിലെപ്പോർപടിക്കൽച്ചെന്ന് വേളപ്പെണ്ണു അലത്തലത്തുവിളിക്കൊള്ളുന്നൊരു നേരത്തിങ്കൽ. വടക്കംകൊല്ലത്തു പൊന്നകനെ കട്ടിൽചുവട്ടിൽ ഒളിപ്പിച്ച് ആരെന്നു വിളിയുംകേട്ട് ഓമനേനോടിപ്പുറത്തുവന്നു. പടിസാക്ഷിത്തുറക്കാന് എന്റെ വേളപ്പെണ്ണേ! ഇരുപത്തെട്ടുനാളിൽ തീണ്ടാരിയാകുന്നു എനിക്ക്. പടിസാക്ഷ തള്ളിത്തുറന്നില്ലെങ്കിൽ കാരിയാനയെക്കൊണ്ടിപ്പോൾ പടിതള്ളിക്കും ഞാൻ. നിനക്കു തീണ്ടാരിയാണെങ്കിൽ എനിക്കു തീണ്ടാരിയില്ല എന്റെ വേളപ്പെണ്ണേ! പടിസാക്ഷതള്ളിത്തുറന്നില്ലെങ്കിൽ കാരിയാനയെക്കൊണ്ടു പടി തള്ളിക്കും ഞാൻ. എന്നു ചൊല്ലി കാരിയാനയെക്കൊണ്ടു പടിയും തള്ളിച്ച് അകത്തോട്ടു കടക്കുമ്പോൾ കാരിയാനയെക്കണ്ടു പോക്കിരിയുണ്ട്, കതിരകമ്മട്ടം പോടി കതിരുന്തുറട്ടും പൊട്ടിച്ച് മണിക്കിണറ്റിൽ വീണുപൊലിഞ്ഞുപോയി. ആരെയാണെടി വേള

പ്പെട്ടുന്ന എവരെയൊന്നെടി വേശപ്പെണ്ണു പാർപ്പുന്നൂൽപ്പൊക്ഷതിമ ഇ
ത്തുവാകുന്നു! ആയതിനെക്കേട്ട വേശപ്പെണ്ണുങ്ങ് തലയും കീഴിട്ടുനിന്നു
കേഴിനക്കൊണ്ട് ചന്ദനക്കതിർകട്ടിലമേൽ ചെന്നിരുന്നാനേരത്തു നാനപ്പു
വെച്ച എലിതെളുപ്പോലെയുണ്ട് കിടുകിടന്നാനെ വിറച്ചുതുടങ്ങി പൊന്ന
കൻ. ആയതിനെക്കണ്ടു കിഴക്കംകൊല്ലത്തു പൊന്നകനാണ്ട് വടക്കം
കൊല്ലത്തു പൊന്നകനെ എത്തിപ്പിടിച്ചു പൊന്നകൻ. കട്ടിൻചോട്ടി
ന്നിളപിടിച്ചു പൊന്നകൻ കട്ടിന്മേൽകൊണ്ടുവെയ്ക്കയിരുത്തുന്നു. പെ
ടിക്കേണ്ട ചങ്ങാതി മയപ്പെടേണ്ട ചങ്ങാതി ചങ്ങാതിയൊട്ടുള്ളൊരു
പരിഭവമില്ലല്ലൊ. എന്റെയവൻ ചങ്ങാതി നില്ലല്ലാഞ്ഞെങ്കിൽ ആ
നക്കൊലയാലെ ഞാൻ കുടുങ്ങുമല്ലൊ! എന്റെയവൻ ചങ്ങാതി നി
ല്ലല്ലാഞ്ഞെങ്കിൽ മുഖാമത്ത പള്ളുഞാനാടത്തിയേനെ ഇപ്പോൾ. ഇനി
ക്ക വേണ്ട ചങ്ങാതിയിവിടം നിന്നപ്പൊവട്ടെ. എന്നു ചൊല്ലി കാരിയാ
നവും ചങ്ങാതിയും പടികടന്നിതാ പോകുന്നു. വടക്കംകൊല്ലത്തു
വഴിപോകുന്നു ചങ്ങാതി. വടക്കംകൊല്ലം പൊന്നംപോർവടി നോ
ക്കി നിവിരെ ചെന്നു വഴിപ്പുറപ്പെട്ടു. കേട്ടുകൊണ്ടാലോ എന്റെ വ
ടക്കംകൊല്ലത്തു നല്ലമ്മെ നിങ്ങടെ മകൻ വാണിഭക്കച്ചവടത്തിനാ
യി പറഞ്ഞയച്ചിട്ട് ഏഴാകാനത്തെരുവിൽ ഉണ്ണാറങ്ങി താമസി
ക്കുന്നല്ലൊ എന്റെ നല്ലമ്മെ. നിങ്ങടെ തേവൻ മകനല്ലയെങ്കിൽ
അടിമുടി പാരിം വരെ കുടുങ്ങുമല്ലൊ നല്ലമ്മെ. അയർക്കാനക്കത്തി
യാലെ കുത്തിഞാൻ പിണങ്ങിടില്ലെനെ നല്ലമ്മെ. മുതുഴം കച്ച ചി
നതി നാടകശാലയിൽ ഞാൻ പിന്നം തുക്കിയേനെ എന്റെ നല്ല
മ്മെ! ആയതിനെക്കേട്ടു നല്ലമ്മയുണ്ട് പൊച്ചക്കടയെടുത്തു മുത്തുവടിയെ
ടുത്തു ഏഴാകാനത്തെരുവിലോളം ഓടുന്നു നല്ലമ്മയുണ്ട്. നല്ലമ്മ
യുടെ വരവുകണ്ടു പൊന്നകനാണ്ട് കമ്പിട്ടുമ്പടി ചാടി താനിങ്ങും
വയൽഭൂമിയോടുക്കടന്നു. വാണിഭപ്പീടികയിൽ വന്നായിരിക്കുന്നു.
കേട്ടുകൊണ്ടാലോ എന്റെ ഏഴാകാനത്തെരുവേശപ്പെണ്ണെ എന്റെ മക
നങ്ങോ നിൻകോവിക്കൽ? എന്താണെടാ നല്ലമ്മെ എതാകുന്നു ന
ല്ലമ്മെ നിങ്ങടെ മകൻ എൻ കോവിക്കലൊ എന്നു ചൊല്ലി. എന്നു
കൊണ്ടറിഞ്ഞു എടോ നല്ലമ്മെ നിങ്ങടെ മകൻ എൻ കോവിക്കലാ
ണെന്ന്. നിങ്ങണിഞ്ഞിരിക്കുന്ന ആടയാഭരണം നിനക്കാനന്നം

തപ്പാതോ നിനക്കുണ്ടതോ? കണ്ണുനീരൊഴുകിക്കുന്ന കനകവാളും ചിലത് പത്തിന മണിമേൽതിരം നിനക്കുണ്ടതോ മകളേ നിനക്കൊന്നുമി ല്ലല്ലതോ? എന്റെ മകന്റെ കട്ടിൽമേൽ കിടക്കുന്ന എട്ടുകെട്ടി എഴുപത്തിരണ്ടു കൽപതിച്ച നാഗമുത്തും മണിമേൽതിരം നിനക്ക പെൺനിറംവാങ്ങിവിട്ടുന്ന കിട്ടി എന്റെ പൊന്മകളേ? അത്തിനൊക്കെ വേശപ്പെണ്ണൊണ്ട് പാലിഴവായിൽ പുഞ്ചിരിച്ചുകൊണ്ടു ചിരിച്ചു നേരത്തു വേശപ്പെണ്ണിന്റെ തല്ലിത്തിരുമുടി പിടിച്ച് അടിക്കുമാറായിരം മുടിക്ക മുപ്പായിരം എണ്ണ എഴുനൂറായിരം കമകമണ്ണുമോടെ നേരത്തുകളുണ്ട്. അയ്യോ എന്റെ നല്ലമ്മേ നാങ്ങളെട മകൻ എന്ന ആടമ്പരമൊന്നും കഴുത്തിനകഴുത്ത് മാറിന മാർത്താലി കണ്ണു തെരുംകനകവാളു ചിലത് പത്തിന മണിമേൽതിരം ഇതാ കിടക്കുന്ന എന്ന ചൊല്ലി ഉരിക്കൊടുത്തു വേശപ്പെണ്ണ്. ഇതുകൊണ്ടൊന്നും പോരാ എന്റെ വേശപ്പെണ്ണേ എന്റെ മകനെ നീ കാട്ടിത്തന്നില്ലെങ്കിൽ അടിയടിക്കുന്നു മകളെ ഞാൻ കമമക്കുന്നു മകളെ ഞാൻ നിങ്ങളെട മകനെ ഞാൻ വാണിഭപ്പീടികയിൽ കാട്ടിത്തരാം എന്റെ നല്ലമ്മേ! വേശപ്പെണ്ണു മുമ്പിലും നല്ലമ്മ പിമ്പിലുമായിട്ടു നല്ലമ്മയെ കൊണ്ടു കച്ചത്തലയും പിടിപ്പിച്ചു വാണിഭപ്പീടിക നോക്കി ഇതാ പോകുന്നു. വാണിഭപ്പീടികയിൽ ചെല്ലുന്നേരത്തു അരയിരിക്കുന്ന വടക്കംകൊല്ലത്തു പൊന്മകൻ. നല്ലമ്മയിനൊക്കുന്ന പൊന്മകനാണ് എണീറ്റുനിന്നാചാരോപചാരം ചെയ്യുമ്പോഴും മതി മതി എന്റെ മകനെ ആചാരോപചാരം ഇപ്പോഴും. ഇപ്പോഴും പോകുന്നു നീ വടക്കംകൊല്ലത്തോളം. പൊലിപ്പറ വലിച്ചിട്ടു തല്ലുന്ന നല്ലമ്മ നാരത്തും വലിച്ചിട്ടെറിയുന്ന നല്ലമ്മ. നാഴി നാരായം തല്ലിത്തകർന്നോടുന്ന പൊന്മകൻ വഴി നടക്കുന്ന പൊന്മകൻ വടക്കംകൊല്ലത്തു നല്ലച്ഛൻ കാക്കൽ ചെന്നു കേഴുന്നു. പാണ്ടികശാലയൊക്കെ അടച്ചുപൂട്ടി നല്ലമ്മ വാണിഭച്ചെറുപിള്ളരെ കയ്ക്കപ്പുറത്തയക്കുന്നു. വാണിഭച്ചെറുപിള്ളരെയൊക്കെ പറഞ്ഞയച്ചിട്ടു നല്ലമ്മ പാണ്ടികശാലക്കു കൊണ്ടു തീക്കൊളുത്തുന്നു. പാണ്ടികശാലയിലൊക്കെ തീക്കൊളുത്തിട്ടു നല്ലമ്മ വടക്കംകൊല്ലം നോക്കീട്ടിതാ വഴിപോകുന്നു. വടക്കംകൊല്ലത്തു നിവിരെച്ചെന്നിട്ടു നല്ലമ്മ വടക്കംകൊല്ലത്തു നല്ലച്ഛനോടു പട

പറയുന്നു. വടക്കെകൊല്ലത്തു പൊന്നുകൻ വാണിഭം വിററു നിധി നേടുവാൻ പോയിട്ടു നല്ലച്ഛാ വിററുണ്ടു പോരേണ്ട യോഗമായില്ലാ. എന്നുതിടെ നല്ലമ്മേ എത്രതിടെ നല്ലമ്മേ എന്റെ മകനെ എന്നു കരകരച്ചു നല്ലമ്മേ. മെച്ചിട്ടില്ല നല്ലച്ഛാ അവൻ കേഴുന്നിത്, എഴാമാനന്ദ വേശപ്പെണ്ണിനെ കാണാത്ത മൂലംകൊണ്ടാണ്. അടക്കയാവുന്ന കാലത്തില്ല മടിയിൽ വെച്ചുട നല്ലമ്മേ കഴുങ്കാവുന്ന കാലത്തു തിരിച്ചു വെക്കണേ എന്റെ നല്ലമ്മേ. എന്നാലിനി നമ്മുടെ മകൻ പിടിയാതകയ്യ പിടിക്കുമുമ്പെയും കടിക്കാത്ത കത്തി കടിക്കുമുമ്പയും കയറാത്ത തിണ്ണ കയറുംമുമ്പയും തൊടുവതതാകും കളം തൊടുകുംമുമ്പയും നൊമ്മുടെ മകന ഒരു മകാളു. മാലവെച്ചു കൊണ്ടുവരണമെന്നു കല്പിച്ചു. ആയതിന്നു വേണ്ടുന്ന ഒരുക്കപ്പാടുകളൊക്കെ ഒരുള്ളുട്ടെണമെന്റെ നല്ലച്ഛാ. വെയിൽ തടുക്കുവാൻ വെള്ളോട്ടു വെയിൽക്കുടയും കത്തിപ്പിടിപ്പാൻ ചിത്രത്തണ്ടും പോർവടിയും കാച്ചിട്ടുവാൻ പൂഞ്ചിറച്ചേരിപ്പും കൂട്ടുവാൻ ഇളക്കിമട്ടിക്കലയും അന്നത്തു ഭോജനത്തിന്നു കാരകരപ്പുഴയരിയും യോഗം വരുത്തിക്കൊടുത്തു നല്ലമ്മേ. മകനെത്തേടിപ്പോകുന്ന എന്റെ നല്ലച്ഛാ ഒരു രാശി വെച്ചു നോക്കിട്ടുവേണം പോവാനെന്നു കല്പിച്ചു നല്ലമ്മ. ആയതിനൊക്കട്ടെ നല്ലച്ഛനണ് ഒരു കന്നിക്കരുവും ഒരു മണ്ണാടിക്കരവും എടുത്തുവെച്ച് എന്നായ് കേൾക്കണം എന്റെ നല്ലമ്മേ ഈ മണ്ണാടിക്കര നമ്മുടെ മകനാകുന്നു. ഈ കന്നിക്കര നമ്മുടെ മകന മാലവെച്ചു കൊണ്ടുവരുന്ന മകളാകുന്നു. ഈ കന്നിക്കരിന്റെ മറവു കണ്ണിനു പൊന്നുകൂടെ തിരുമ്പിക്കുന്ന എന്റെ നല്ലമ്മേ! മണ്ടേക്കരുവിനെ പൊന്നകന്ന കന്നിക്കരെപ്പോലെ പൊന്നുകൊള്ളു മാലയോഗം തികഞ്ഞു വരട്ടെ എന്റെ നല്ലമ്മേ. കുപ്പലാട്ടിയെക്കൊണ്ടു ഇറക്കീട്ടും കെട്ടിനെഴുപ്പിച്ച് വെള്ളാട്ടവെയിൽക്കുടയും കത്തിടിച്ചു നല്ലച്ഛൻ പൂഞ്ചിറച്ചേരിപ്പും കാൽകെട്ടു ചിത്രത്തണ്ടപ്പോർവടിയും കയ്യിടിച്ചു. പോരുമ്പോളെ എന്റെ നല്ലമ്മേ മകന മാലയോഗം തികഞ്ഞുവരട്ടെ. അണിയാത്തു തിരുവെളിയും എട വഴിക്ക് പോകുമച്ചൂർ എന്ന വഴിപുറപ്പെട്ടു നല്ലച്ഛനും. കമ്പിട്ടാമ്പടി ചാടി താനിക്കും വയൽപ്പുറത്തോടിക്കടന്നു മൂപ്പലും തൊപ്പുതൊടിക്കടന്ന് മഞ്ചാ

ടിക്കാതെപോയ മകനെ പെററിക്കാതെപോയ മകളുണ്ടോ എന്നു ചൊല്ലി മകളെത്തേടി നടന്നു നല്ലച്ഛൻ. ഏഴടക്കമുള്ള പുള്ളിപ്പുലിപ്പു് കുന്നടക്കംപോളം ചവുട്ടിത്തിരഞ്ഞു. ഏഴുകമ്പുള്ള ചിത്രമണ്ഡപ്പുരവടി മൂന്നു കമ്പംപോളം കത്തിത്തിരഞ്ഞു. വെയിൽ തട്ടപ്പാൻ കൊണ്ടുപോയ വെള്ളോട്ട വെയിൽകൂടെ സൂര്യന്റെ ഉദയം തട്ടുന്നു കിരിപ്പാളിത്തിളങ്ങലായി. ഭാഗ്യംകെട്ട മകനെ പെണ്ണിട്ട യോഗ്യംകെട്ട വഴിയൊക്കെ നടന്നു തോന്നിപ്പോൾ. ഇത്രനാളും എന്റെ മകൾ ഭാഗ്യമായിരുന്നു ഇപ്പോഴെനിക്ക് തണ്ണീർഭാഗം പോയതാണല്ലോ. ഇഷ്ടിമാംകുന്നം മലകേറി നോക്കുന്നോ നേരത്തു തെക്കേക്കൊല്ലത്തു ചെറുതാണയാര പാഴമ്പലം കാണാകുന്നു. അതുകാണുന്നോ ആറിയന്നൂരി പാഴമ്പലത്തിൽ ചെന്ന് അന്നത്തെഭോജനം വെച്ചുണ്ടിക്ക് ഊൺ കഴിയേണമെന്നു കല്പിച്ചു. ആ കുന്നും മല കടകടക്കുന്നോ കീഴ്പ്പെട്ടെങ്ങി ചാറെല്ലാമുള്ളന്നോരു നേരത്തിങ്കലുണ്ട് ആറിയന്നൂരി പാഴമ്പലത്തിൽ വടക്കിനിയെന്ന മുറിത്തളത്തിൽ നല്ലച്ഛനും ചെന്നെത്തിരുന്നു. കടലേടി അന്നത്തെ ഭോജനവും വെച്ചുതെക്കുന്നോരു നേരത്തിങ്കൽ തെക്കേക്കൊല്ലത്തു നല്ലച്ഛനെ കടലോടിയുമുണ്ട് തെക്കേക്കൊല്ലത്തു ലക്ഷ്മി ആ മകനെ മാലയോടും കൂടത്തു പുറപ്പെട്ടാകുന്നു. ആറിയന്നൂരി പാഴമ്പലത്തിൽ വന്നു തെക്കിനിയെന്ന മുറിത്തളത്തിൽ തെക്കേക്കൊല്ലത്തു നല്ലച്ഛനും വന്നെത്തിയിരുന്നു. തെക്കേക്കൊല്ലത്തു കടലോടി അന്നത്തെ ഭോജനവും വെച്ചുണ്ടങ്കി അന്നത്തെ ഭോജനവും കഴിച്ചുറങ്ങുന്നോരു നേരത്തിങ്കൽ. വടക്കിനിയെന്ന മുറിത്തളത്തിൽ വടക്കേക്കൊല്ലത്തു നല്ലച്ഛൻ ആറിയുള്ളതു സൂരിയസ്തുതിപ്പ് സ്തുതിക്കുന്നോരു നേരത്തിങ്കൽ. തെക്കിനിയെന്ന മുറിത്തളത്തിൽ കിടന്ന് ആറിയുള്ളതു സൂരിയസ്തുതിപ്പിന്റെ. ഒന്നൊന്ന് അതും പൊരുളാതെ പൊരുൾ തിരിക്കുന്നു തെക്കേക്കൊല്ലത്തു നല്ലച്ഛൻ. അപ്പോൾ ചോദിച്ചു വടക്കേക്കൊല്ലത്തു നല്ലച്ഛൻ. ആരെന്നുടെ എവരാകുന്നു തെക്കിനിയെന്ന മുറിത്തളത്തിൽ കിടന്ന് നമുക്കന്യോന്യം മൊന്നൊന്നു പിഴയാതെ തിരിക്കുന്നത്? തെക്കേക്കൊല്ലത്തു നല്ലച്ഛനും കടലോടിയുമാകുന്നു. എവിടെക്കായി പോകുന്നു എന്റെ നല്ലച്ഛാ തെക്കേക്കൊല്ലത്തോ മകളിരിപ്പുണ്ടല്ലോ അവിടെ വ്യാഴാഴ്ച ഞാനുമിപ്പോ വെള്ളിയാഴ്ച വെളുക്കുമ്പോൾ കാളാപ്പുളികനെന്ന പടക

നിച്ച നില്ലാകുന്നു. അവിടെക്കൊരു മകനോ മാലവെപ്പാനായി തിരഞ്ഞു പോകുന്നു. അതിനൊക്കെ നല്ലച്ചനെന്ന് തെക്കിനിയെന്ന മുറിത്തളത്തിൽ ചെന്നിട്ട് ഞാൻ വടക്കംകൊല്ലത്തു നല്ലച്ചനാകുന്നു എന്റെ നല്ലച്ചാ. വടക്കംകൊല്ലത്താമരാമലൂണ്ണിപ്പോകുന്നത്, അവനൊരു മാല തിരഞ്ഞു പുറപ്പെട്ടു എന്റെ നല്ലച്ചാ. എന്നാൽ നൊമ്പളിയവനും ആളിയാകുന്ന തെക്കംകൊല്ലത്തുചെന്ന് മകളെക്കണ്ടു മനം തെളിഞ്ഞു കാര്യക്കാന്തി ഉണ്ണാദോഷവും കഴിഞ്ഞു പോരാമെന്റെ നല്ലച്ചാ. നല്ലച്ചനാറിവനും കടലോടിമാരും കൂടിട്ടു പൊന്നിനോടകത്തിൽ കരയേറി. മുമ്പൂട്ട പോകുന്ന പൊന്നിനോടകത്തിൽ തെക്കംകൊല്ലത്തു നല്ലച്ചനും കടലോടിയും, അതുക്കം പിന്നിൽ പോകുന്ന പൊന്നിനോടകത്തിൽ വടക്കംകൊല്ലത്തു നല്ലച്ചനും കടലോടിയും. ഉപ്പുകടൽ ഉയർക്കടൽ തണ്ണീർ താമരക്കടൽ നീലച്ചാല സമുദ്രപ്പോരോടികടന്ന് തെക്കംകൊല്ലത്തു കീഴ്ക്കടവിൽ നിവിരെ ചെന്നു വഴിപ്പുറപ്പെട്ടു. തെക്കംകൊല്ലത്തു കണ്ടർമാളികപ്പുറത്തിരിക്കുന്ന തെക്കംകൊല്ലത്തു മകള്. പൊന്നിനോടകം കണ്ടു തെക്കംകൊല്ലത്തു മകളുണ്ട് നമ്മുടെ കീഴ്ക്കടവേ എന്റെല്ലാം തോണി പോകും എന്റെ നല്ലമ്മേ! ഉപ്പുകപ്പ പോകും മകളേ, മാലച്ചുങ്ങാടം പോകും മകളേ! ഉപ്പുതോണി കണ്ടാൽ ഞാനറിയും നല്ലമ്മേ, മാലച്ചുങ്ങാടം കണ്ടാൽ ഞാനറിയും. മകളേ, മുമ്പു വരുന്ന പൊന്നിനോടകത്തിൽ പീലിപ്പന്തൊടു ഉയരെ പിടിച്ചിട്ടുണ്ട് നല്ലമ്മേ. അതുക്കം പിന്നാലെ വരുന്ന പൊന്നിനോടകത്തിൽ വെള്ളൊട്ടു വെയിൽക്കുട ഉയരെ പിടിച്ചിട്ടുണ്ട് നല്ലമ്മേ! നിന്നക്കൊരു മാലതേടി വരുമെന്നാകിൽ മകളെ വീട്ടുപുഴ്ക്കിമാരോടെ ഇരുന്നുകൊണ്ടാലും. ആരാണ് നല്ലമ്മ മാലതേടുവാൻ പോയത് ആരാണ് നല്ലമ്മ മാലതേടുവാൻ പറഞ്ഞയച്ചത്? മാലതേടുവാൻ പോയതു നല്ലച്ചൻ മകളേ, മാലതേടുവാൻ പറഞ്ഞയച്ചതു ഞാനാണു മകളേ എന്നു കല്പിച്ചു തെക്കംകൊല്ലത്തു നല്ലമ്മ. എന്തു തന്നിട്ടു വെറുത്തു നല്ലമ്മേ! ഉടപ്പറന്ന തന്നിട്ടു വെറുത്തോ എന്റെ നല്ലമ്മേ! വസ്തുമുതലും തന്നിട്ടു വെറുത്തോ എന്റെ നല്ലമ്മേ! തലപ്പൂലപ്പൊന്ന് തന്നിട്ടു വെറുത്തോ എന്റെ നല്ലമ്മേ! ഇവയൊന്നും തന്നു വെറുത്തിട്ടില്ല എന്റെ മകളേ! ഏഴാമെണ്ണാളുവയസ്സിനി

നക്ഷ്, ചന്ദ്രാദമാരെന്നൊ വിരൂപന്മാരൻ വന്ന് [illegible] കുട്ടി മാലവെച്ചില്ലാത്ത കന്നിയും കന്നുകാലും നല്ലതല്ല മകളെ! പട്ടന്മാർ കണ്ടാൽ പ്രാവിപ്പോവും ബ്രാഹ്മണർ കണ്ടാൽ ശപിക്കുകയുമ[illegible]. എന്നു പറഞ്ഞു മകളുടെ മനവും കൂടി ഏണാക്കി. നല്ലമ്മ പറഞ്ഞിന വാചകം മുന്നടത്തുമുമ്പിൽ നല്ലച്ഛനാമിരുവരും വന്ന് കിഴക്കിനിയന്ന പൂമുഖത്തിൻ മേൽ നിലപാടായി. ആയതിനാലന്നു നല്ലമ്മയുണ്ട് വെള്ളിച്ചെമ്പിൽ തണ്ണീർകോലവും കൊടുത്തു വെള്ളിയാലവട്ടമൊപ്പം വലിച്ചിട്ട് വാത്സല്യസമേതംകൊണ്ടു യോഗം പതഞ്ഞു നല്ലമ്മ. അപ്പോൾ പറഞ്ഞു വടക്കൻകൊല്ലത്തു നല്ലച്ഛൻ ഓറിക്കം തണ്ണീർകോലം കുടിക്കേണമെന്നു കല്പിച്ചു. തണ്ണീർകോലം കുടിക്കേണമെങ്കിൽ ഞാൻ തേടിവന്ന മകൾ കയ്യാലെ തണ്ണീർ കുടിക്കേണ്ടു എന്നു കല്പിച്ചു. ആയതിനാലന്ന് നല്ലമ്മയുണ്ട് മകളെ ചെകിണ്ടി തണ്ണീർ കൊണ്ടുകൊടുക്കേണമെന്നു കല്പിച്ചു. അപ്പോൾ പറഞ്ഞു മകൾ കുളിർക്കണ്ണു കത്തി വളർത്തീട്ടില്ലല്ലൊ നല്ലമ്മേ! കാമത്തിനുമുടി കോതിവളർത്തീട്ടില്ലല്ലൊ നല്ലമ്മേ! മാറത്തു കൊങ്ക മുതിന്നിട്ടില്ലല്ലൊ നല്ലമ്മേ! [illegible] വന്ന മാല അകത്തിക്കയുമല്ല മകളെ! ആയതിനാലക്കേട്ടു മകളുണ്ട് ചെ കിണ്ടി തണ്ണീരും എടുത്തു വടക്കൻകൊല്ലത്തു നല്ലച്ഛന്നു കൊണ്ടുകൊടുക്കുമ്പോൾ തണ്ണീരിൽ നോക്കി നിഴൽനോക്കുന്നു നല്ലച്ഛൻ. വടക്കൻകൊല്ലത്തമ്മയുടെ [illegible] മതി, [illegible]ന്റെ മകനും മതി. ഈ മകളെ മാലവെച്ചു കൊണ്ടുപോവാൻ വടക്കൻകൊല്ലത്തമ്മ, പൊന്നപ്പ[illegible] എന്നു വടക്കൻകൊല്ലത്തമ്മ പണ്ടപ്പോരത്തെ [illegible] നാട്ടുമ്പുറത്തെ [illegible] ന്നു നല്ലതായി [illegible] എന്നും [illegible] പൊന്നപ്പാരങ്ങും കല്യാണം മംഗലം [illegible] കൂടി [illegible] കല്പിച്ചു. അതുകേട്ട് [illegible] വടക്കൻകൊല്ലത്തു നല്ലച്ഛൻ [illegible] ച്ചു [illegible] പൊന്നപ്പോരത്തെക്കില്ലാ [illegible] വടക്കൻ [illegible] [illegible] വടക്കൻകൊല്ലത്തു [illegible] [illegible] [illegible] സ്ത്രീധനമായി കാൽപ്പലിശ [illegible] പൊന്നുമുള്ള പാരമ്പര്യ [illegible] കൊണ്ടുപോയി കൊടുത്ത കളവുക

[illegible] പടിക്കലാക്കി [illegible] യോഗമുണ്ട്. [illegible] എന്റെ നാഴികമണിയാണോ [illegible] എന്നു പ്രശ്നം ചോദിച്ചു. [illegible] കെട്ടി നമ്പൂതിരിമാർ [illegible] നാഴികമണിയാണോ കൊണ്ടുകൊടുത്തു. ഏതാണെന്നു കണ്ടിട്ടാണോ പറയുന്നതു എന്നു ചോദിച്ചു നമ്പൂരി. വടക്കേക്കെട്ടിൽ നിന്നിട്ടാണ് മാലവെച്ചു കൊണ്ടുവ[illegible] ചോണോട്ടു കേറി[illegible] യോഗമില്ല എന്നു കണ്ടു. ഇവിടുന്നോട്ട് [illegible] എന്റെ നാഴികമണി [illegible] വടക്കേക്കെട്ടും ചോണോട്ടു കേറിത്തള്ളിയതിനുള്ള യോഗമുണ്ട്.

ഞങ്ങളുടെ വായനശാല.

ഒരു പിതൃഭക്തന്റെ സ്വാർത്ഥത്യാഗം. *

ഇതു ഒരു പുതിയ ഗദ്യപ്രബന്ധകാവ്യമാണ്. പൂർവ്വഭാഗം, ഉത്തരഭാഗം എന്നിങ്ങിനെ രണ്ടു ഭാഗങ്ങളായി തിരിച്ചിട്ടുള്ള ഈ കൃതിയിൽ ആകെ 244 പദ്യങ്ങൾ അടങ്ങിയിരിക്കുന്നു. കഥ, ശ്രീമഹാഭാരതപ്രസിദ്ധനായ സാക്ഷാൽ ദേവവ്രതന്റെ (ഭീഷ്മരുടെ) ആദിചരിത്രമാണ്. ഗംഗാവിരഹത്തിനുശേഷം തൽപ്രസാദത്താൽ കിട്ടിയ ദേവവ്രതൻ എന്ന പുത്രനോടുകൂടി ശന്തനുമഹാരാജാവു നാടുവാഴുന്ന കാലത്ത് ഒരിക്കൽ നായാട്ടിന്നായി കാട്ടിൽ പോയി. അപ്പോൾ യമുനാതീരത്തിൽവെച്ച് 'ഉപരിചരവസു' എന്ന ദാശരാജന്റെ പുത്രിയായ 'കാളി' എന്ന സൗന്ദര്യശാലിനിയായ കന്യകയെ കണ്ടവാറെ, മഹാരാജാവിന്ന് അവളിൽ അനുരാഗം ജനിക്കുവാനും ഇടയായി. രാജാവ് ദാശരാജനോടു കന്യകയെ ആവശ്യപ്പെട്ടപ്പോൾ അവളിലുണ്ടാവുന്ന പുത്രനു രാജ്യാവകാശം കൊടുക്കാമെ

* ഗ്രന്ഥകർത്താവ് കിളിമാനൂർ [illegible] ശ്രീമൂലവിലാസം പ്രസ്സ് [illegible] വില [illegible]

നിൽ സന്തതമാണെന്നു മറുപടി പറഞ്ഞു. രാജാവു വലിയ പരവശതയിലായി. തന്റെ പുത്രനും മഹാപരാക്രമിയുമായ ദേവവ്രതനിരിക്കെ യൌവരാജ്യം മറെറാരാൾക്കു കൊടുക്കുവാൻ മഹാരാജാവിനു മനസ്സുവന്നില്ല. അതിനാൽ അദ്ദേഹം രാജധാനിയിലേക്കു മടങ്ങിപ്പോയി. എങ്കിലും 'കാളി'യുടെ സൌന്ദര്യധോരണിയിൽ മഗ്നനായ അദ്ദേഹത്തിന്റെ ഹൃദയം കാളിക്കൊണ്ടിരുന്നു. അഭിലാഷവിപ്രലംഭത്താൽ അസ്വസ്ഥനായ അദ്ദേഹത്തിന്റെ വ്യസനകാരണമറിഞ്ഞ യുവരാജാവായ ദേവവ്രതൻ ദാശരാജനെച്ചെന്നുകണ്ടു്, കന്യകയെ അച്ഛനു ദാനം ചെയ്യണമെന്നു ആവശ്യപ്പെട്ടു. ദാശരാജന്റെ അഭിമതപ്രകാരം ദേവവ്രതൻ ഇങ്ങിനെ ഒരു സത്യവും ചെയ്തു:

“കരധരണിലൊഴിക്കംഗനാസക്തനാമോരാളൻ-
തിരുവടിയുടെതോരാഞ്ഞുരാജ്യൈകഭാരം
നിരുപമനായിടേണ്ടു ഗുരുശയോഷിത്തിലൂടെ-
മതമകരന്ദചന്ദ്രപുത്രൻ വടിക്കുന്നുതേൻ.
മനതനയനനാരി കൽപാദപകാരശേഷമണത്തിൽ
ശ്രമമൊട്ടുമിടയാദ്ദാൻവേണിയാലീവണ്ണമെ
മണികളുടയഗംഗാസക്തനായെന്നെകാൽക്കു-
ശ്രമമതിതയശിത്രിപാലനം ചെയ്യുകിലുമം.
വിധുധരമിധിയിരുന്നോക്കമായാമമഞ്ഞ്രി-
കഥമഹാനപരാഞ്ഞൊന്നാമസത്യമേയാനന്തം.”

ഭീഷ്മമായ ഈ പ്രതിജ്ഞ നിമിത്തം 'ഭീഷ്മൻ' എന്നു വിഖ്യാതനായിത്തീർന്ന ദേവവ്രതൻ ദാശകന്യകയെ പിതൃപാദത്തിങ്കൽ അർപ്പിക്കുകയും പിതാവിന്റെ അനുഗ്രഹം വാങ്ങി ആജീവനാന്തം ബ്രഹ്മചര്യസാമ്രാജ്യം വാഴുകയും ചെയ്തു. ഈ കഥയായ കാവ്യം മംഗളത്തിൽനിന്നു കിട്ടൂർ വാര്യർ വർണ്ണിച്ചിട്ടുണ്ടെന്നു പറയാം. കവി ഒരു വാസനാകവിയും കഥ വ്യുൽപത്തിയുള്ള ആളുമാണെന്നു് ഇതിലെ പല ഭാഗങ്ങളും തെളിയിക്കുന്നുണ്ടു്. ദുർല്ലഭമായി കണ്ടേക്കാവുന്ന ന്യൂനതകളും, ഈ കവി 'സാഹിത്യപദ്ധതിയിൽ പിച്ചനടക്കാൻ തുടങ്ങിയ' ഒരു ചെറുപ്പക്കാരനാകയാൽ ക്ഷന്തവ്യമാണു്. ലോകൈകകവിയും നിത്യബ്രഹ്മചാരിയുമായ ഭീഷ്മരുടെ കഥ ഏതു രീതിയിലായാലും ആലപിക്കേണ്ടുന്നതാകയാൽ ഈ കവിയുടെ ശ്രമം ഒട്ടും അസ്ഥാനത്തിലായിട്ടില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം.

ति हेतुः । अपरवैजात्यविशिष्टसंनिकर्षं तु स्वरूपतो घटत्वादिप्रकारकप्रत्यक्षं प्रतीति कार्यकारणभावद्वयं कल्पनीयम् । तथा च विनिगमनाविरहाद्वैजात्यद्वयाकल्पनेन लाघवाच्च पूर्वोक्तकार्यकारणभावद्वयमेव कल्पयितुमुचितमत आह अनन्तकोटीति । तथापीति चाक्षुषादिकमनोऽवच्छेदेन विषयसंयुक्तत्वरूपसिद्धान्तोपपादनमपीत्यर्थः । नानाभावेनेति मनसः संकोचविकासशालित्वेन विषयसंसृष्टस्यापि शरीरसंसर्गस्यावश्यकत्वाभिप्रायेण शरीरसंसर्गसंभवेनेति विहाय शरीरसंसर्गे नानाभावेनेत्युक्तम् । शरीरावच्छिन्नेत्यादि चाक्षुषादिकालेऽपि शरीरावच्छिन्नमनोभागावच्छिन्नचित एव प्रमातृत्वमिति यत्सिद्धान्तस्तदनुपपत्तिरित्यर्थः । इति चेन्न । घटादिसंसृष्टेत्यादिसिद्धान्तानुपपत्तेरित्यन्तपाठे स्वयमर्थः । घटाद्यसंयुक्तभागावच्छेदेनैवेन्द्रिये मनस्संयुज्यत इत्यत्र शरीरावच्छिन्नमनोभागावच्छिन्नचितश्चाक्षुषादिकालेऽपि प्रमातृत्वमिति यत्सिद्धान्तस्तदन्यथानुपपत्तिरेव विनिगमिकेति विनिगमकाभावात् घटादिसंयुक्तभागावच्छेदेनापीन्द्रिये मनस्संयुज्यत इत्युक्तमसंगतम् । अत एव विषयसंबन्धेनैव चाक्षुषादेस्संनिकर्षकार्यत्वमिति न तस्य स्वविषयावच्छिन्नत्वसिद्धिरिति मूले स च सावयवत्वात् परिणममान इति । सावयवत्वात् परिणन्तुं योग्योऽन्तःकरणाख्यो विद्याविवर्त इत्यर्थः । यद्वा परिणममान इत्यस्य यथाश्रुत एवार्थः । व्याप्य संयुक्तो भूत्वा अविच्छिन्नः देहाभ्यन्तरघटाद्यविभक्तः अवतिष्ठत इति संयुक्तो भवतीत्यर्थः । न्यायरत्नावल्यां शरीरघटादितदन्तरालदेशेषु युगपत् संयुक्त इत्येतद्वाक्यतात्पर्यार्थकथनम् । अविच्छिन्न इति प्रतीकधारणं त्वेतदर्थलाभे तत्पदमेव प्रधानं इत्यभिप्रायेण । अत्र विशेषो लघुचन्द्रिकायामुक्तः । चक्षुरादेरिव मनसोऽपि संनिकर्षश्चाक्षुषादिकार्ये हेतुः विनिगमकाभावात् । यदि मनो न स्थूलं तार्किकादिमतवत् स्यात् तदा तस्य जीवनकाले देहात् बहिर्गमनात् न घटादिसंनिकर्षसंभवः । यदा तु युगपद्धस्तपादाद्यवच्छेदेन सुखदुःखादिना नानापरिणामभागित्वेन स्थूलं तदा चक्षुरादितुल्यत्वेन तत्संनिकर्षः कथं न चाक्षुषादिहेतुः । चाक्षुषादिहेतुतावच्छेदकजातिविशेषस्य तत्रापि संभवात् । चक्षुरादेर्मनोभिन्नत्वात् घटादिसंयुक्तचक्षुरादिभागावच्छेदेनापि तदितरचक्षुरादिभागावच्छेदेनैव विनिगमकाभावेन चक्षुरादौ मनस्संयो-

गस्य चाक्षुषाद्युत्पत्तिकाले सत्त्वात् घटादौ मनःसंयोगस्याव्यवधानाच्च । न हि मनश्चक्षुरादेरेकदेश एव संयुज्यत इति नियन्तुं शक्यते किन्तु विषयाकर्षणोपादानबहुळत्वेन सर्वावयवभागेषु । तथा च चक्षुरादेः क्रियैव मनसो घटादिसंयोगे हेतुः । एवं च घटादौ संयुज्यमानं चक्षुरादिमिश्रितं मन एव घटाद्याकारवृत्तिः चक्षुरादिसंयोगनान्तरीयकत्वात् तज्जन्यतया व्यवह्रियते न तु सा तज्जन्यैवेति तात्पर्यम् । तादृशवृत्तौ चक्षुरादिक्रियाया अपि न हेतुत्वं प्रयोजनाभावात् । संयोगविशेष एव घटादिनिष्ठे तस्या हेतुत्वं तदर्थमेव चक्षुरादियुक्तमनःक्रियायां प्रमातृप्रवृत्तिरिति संक्षेप इति । विषयव्यापकमनोभागो वृत्तिज्ञानाख्यक्रियानिष्ठाभिव्यक्तिनिरूपितयोग्यतारूपत्वेन विषयस्य ज्ञानकर्मत्वसंपादक इत्याह मूले विषयव्यापक इति । अभिव्यक्तियोग्यत्वमिति वृत्तिज्ञानाख्यक्रियाया इत्यादिः । तथा च विषयव्यापकमनोभागो विषयस्य ज्ञानकर्मत्वसंपादकं यद्वृत्तिज्ञानाख्यक्रियानिष्ठमभिव्यक्तियोग्यत्वं तदभिन्न इत्यर्थः । तथा च मनोऽभिव्यक्तियोग्यत्वं विषयस्य ज्ञानकर्मत्वसंपादकं विषयव्यापकमनोभागश्चाभिव्यक्तियोग्यत्वं अतो विषयव्यापकतद्भागो विषयस्य ज्ञानकर्मत्वसंपादक इत्यर्थः पर्यवसन्नः । न्यायरत्नावल्यां योग्यतारूपमिति योग्यताया रूपमित्यर्थः । स्वक्रियाविषयसंसृष्टभागोऽपि वृत्तिज्ञानाख्यक्रियैकदेश इति भावः । मूले कर्तृभागावच्छिन्नचिदंशस्य प्रमातृत्वमेवोक्तं न तु तत्र हेतुरतो हेतुं पूरयति प्रमानुकूलेति । स्वावच्छेदकभागस्येति शेषः । तथा च कर्तृभागावच्छिन्नेत्यादिमूलस्य देहस्थमनोभागावच्छिन्नचिदंशः प्रमानुकूलव्यापारवद्भागावच्छिन्नत्वात् प्रमातेत्यर्थः । एवमुत्तरत्रापि । सिध्यर्थमिति संपत्त्यर्थमित्यर्थः । प्रमातृप्रयत्नजन्यमनःक्रियायाः मनोविषयसंयोगं प्रत्येव हेतुत्वं न तु प्रमां प्रतीति बोध्यम् । प्रमायां मनोविषयसंयोगजनकमनःक्रियासंपाद्यत्वसत्त्वप्रदर्शनाय विषयसंसृष्टभागरूपेति प्रमास्वरूपकथनम् । प्रमातृव्यापाराविष्टत्वादिति प्रमातृप्रयत्नजन्यक्रियारूपव्यापारवत्त्वादित्यर्थः । कर्तृव्यापाराधीनव्यापारवत् कारणमेव करणम् । उक्तं च व्युत्पत्तिवादे काष्ठेन पचतीत्यादौ करणत्वं तृतीयार्थः । तत्र व्यापारवत्कारणत्वम् । व्यापारे कर्तृव्यापाराधीनत्वं निवेशनीयमन्यथा कर्तुरपि करणतापत्त्या चैत्रश्चैत्रेण पचति काष्ठं चैत्रेण पचतीत्यादि

മംഗളോദയം കമ്പനി

ക്ലിപ്തം, തൃശ്ശിവപേരൂർ.

1080-ലെ 1-ാം റഗുലേഷനായ കൊച്ചി കമ്പനി റഗുലേഷനനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടത്

മൂലധനം ഉറുപ്പിക 1,00,000

ഈ മൂലധനത്തെ ഷെയർ 1-ക്കു 10 ഉറുപ്പിക വീതം 10,000 ഷെയറുകളായി ഭാഗിച്ചിരിക്കുന്നു.

ഡയറക്ടർമാർ.

1 മഹാമഹിമശ്രീ കൊച്ചി [illegible] വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട്
2 ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയ നാരായണൻനമ്പൂതിരിപ്പാട് അവർകൾ
" മാത്തൂർ വാസുദേവൻ നമ്പൂതിരിപ്പാട് "
" കറിയന്നൂർ [illegible] വാസുദേവൻ നമ്പൂതിരി "
" കരൂർ ദാമോദരൻനമ്പൂതിരിപ്പാട് "
6 മ. രാ. രാ. [illegible] "
" [illegible] കൃഷ്ണൻ [illegible] "
" ടി. സി. കൃഷ്ണമേനോൻ "
" ഒ. കെ. [illegible] "

ഓഡിറ്റർ—പി. [illegible].

ലീഗൽ അഡ്വൈസർ—കെ. കുഞ്ഞുണ്ണിനായരവർകൾ ബി. എ., ബി. എൽ., ഹൈക്കോർട്ട് വക്കീൽ, തൃശ്ശിവപേരൂർ.

മാനേജർ—സി. കുഞ്ഞിരാമൻമേനോൻ.

കമ്പനിയുടെ പ്രധാന ഉദ്ദേശങ്ങൾ.

1 വളരെ ഉപകാരപ്രദങ്ങളും, ശ്ലാഘ്യങ്ങളും, ഇതുവരെ അച്ചടിക്കാത്തവയുമായ് വിവിധവിഷയങ്ങളിലുള്ള സംസ്കൃതപുസ്തകങ്ങളും മലയാളപുസ്തകങ്ങളും, ഭംഗിയുള്ള തരത്തിൽ അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതിന്നും, മററു പുസ്തകങ്ങൾ ആവശ്യപ്പെടുന്ന വിധത്തിൽ അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതിന്നും അച്ചടിസംബന്ധമായിട്ടുള്ള ബൈൻറിങ്ങ് മുതലായ പ്രവൃത്തികൾ സൗകര്യത്തിൽ നടത്തുന്നതിന്നും വേണ്ടി ഏററവും ഉയർന്ന സ്ഥിതിയിൽ കമ്പനിവകയായ ഒരു അച്ചുകൂടം സ്ഥാപിച്ചു നടത്തുക.

2 ദേവനാഗരത്തിലും, മലയാളത്തിലും, ഇംഗ്ലീഷിലും മികച്ചതായ നിലയിൽ സകല അച്ചടിപ്രവൃത്തികളും വൃത്തിയായി നടത്തിക്കൊടുക്കുകയും [illegible] (ടൈപ്പുകൾ) മുതലായ സാധനങ്ങൾ ഉണ്ടാക്കിയും വാങ്ങിയും ആവശ്യംപോലെ വില്ക്കുകയും ചെയ്ക.

3 മംഗളോദയം മാസിക അതിന്റെ ഉദ്ദേശങ്ങൾ ഉൽകൃഷ്ടസ്ഥിതിയിൽ സാധിക്കത്തക്കവണ്ണം പരിഷ്കരിച്ചു നടത്തുകയും ചെയ്ക.

4 പല ഭാഷയിലുള്ള പുസ്തകങ്ങൾ വാങ്ങിയും അച്ചടിച്ചും കമ്പനി വക ഇപ്പോഴുള്ള ബുക്ക്ഡിപ്പോ പരിഷ്കരിക്കുക.

ഷെയറുകൾ ഇനിയും വില്പാനുണ്ട്. ഷെയർ ചേരുവാൻ ഇഷ്ടപ്പെടുന്നവർ മേലെഴുതിയ മാനേജർക്ക് അറിവുകൊടുക്കേണ്ടതാണ്.

[illegible] MANGALODAYAM CO. LTD., TRICHUR.

പുസ്തകം ൧൧



ലക്കം ൩

മംഗളോദയം

൧൦൯൭ മിഥുനം.



വിഷയവിവരം.

മംഗളോദയം.

൧൦൮൫ മിഥുനം.

മംഗളം.

നീലക്കൂന്തൽ ചുരുൾചേർന്നിട്ടുമലർമാതിന്റെ ശോഭയെല്ലാതെയില്ലി-
ല്ലുലോലപ്പൂമ്പട്ടുലച്ചാവിധമിടയിലിടംകൊള്ളിനാൽ മുങ്ങുന്നാണി
ചേലഞ്ചുന്നൊരു പാദകാലിൽ സ്വർണ്ണചിലമ്പൊലിയതുതിർത്തതാൽ
ബാലപ്പൂന്തിങ്കൾചൂടുംശിവയുടെ ശുഭമരുളുകയാകണം.

തോരണത്തു പരമേശ്വരമേനോൻ.

ശ്ലേഷോപമയും ഏകാവലിയും.

'സുഗുണമതനുമാർഗ്ഗാനുപ്രയത്നാം
തദനുഗുണമപശ്യൽ ക്രിയാമലംഘ്യാം
അധിഗതവിധി തപഃ ക്രിയാനുരൂപം
വിജയവതീം ച തപസ്സമാം സമൃദ്ധിം.'

(കിരാതാർജ്ജുനീയം 10 സ. 18 ശ്ലോ.)



ആകൃതിയ്ക്കു സദൃശമായ പ്രയത്നം, പ്രയത്നത്തിനനുരൂപമായ ക്രിയ, ക്രിയയ്ക്കു തക്കതായ തപസ്സ്, തപസ്സിനു സമമായ സമൃദ്ധി എന്നിവയെ വിധിച്ചിട്ടുള്ളതിൽ മുമ്പുമുമ്പു പറഞ്ഞതിനെ പിമ്പുപിമ്പു വന്നതു മുറയ്ക്കു വിശേഷണമാക്കുന്നതിനാൽ 'യഥാപൂർവ്വം പരസ്യ വിശേഷണതയാ സ്ഥാപനാ ഏകാവലീ' എന്ന അലങ്കാരസർവ്വസ്വവചനമനുസരിച്ചു പ്രസ്തുതപദ്യത്തിലെ അലങ്കാരം ഏകാവലിയാണെന്നു മല്ലി

നാഥമഹോപാദ്ധ്യായൻ പറയുന്നു. മല്ലിനാഥോക്തി യുക്തിയുക്തമല്ലെന്നു പറഞ്ഞു ചിലർ ഇവിടെ രശനോപമ എന്ന അലങ്കാരത്തെയാണു് സ്ഥാപിക്കുന്നതു്. മുമ്പുമുമ്പുള്ള ഉപമേയങ്ങൾക്കു പിമ്പുപിമ്പുള്ളവ ഉപമാനങ്ങളാകുമ്പോഴാണല്ലൊ രശനോപമയ്ക്കു പ്രവേശമുണ്ടാകുന്നതു്. സാഹിത്യദർപ്പണലക്ഷണമനുസരിച്ചു നോക്കുമ്പോഴും പ്രകൃതത്തിൽ രശനോപമയ്ക്കു പ്രസക്തി കാണുന്നില്ല. അപ്പോഴും മതഭേദം മൂലം എങ്കിലും ഏകാവലിയ്ക്കും രശനോപമയ്ക്കും പ്രാപ്തിയുണ്ടാകുന്നതിനാൽ, തന്നിവരണ്ടാലും വിരുദ്ധവിവിക്തമായ വിഷയങ്ങളും കല്പിച്ചുകൊടുക്കേണ്ടി വന്നിരിക്കുന്നു. അതിനു, 'ഔപമ്യവിവക്ഷയുള്ളേടത്തു രശനോപമ, അതില്ലാത്തേടത്തു് ഏകാവലി' എന്നിങ്ങിനെ ഭേദം കല്പിച്ചാൽ മതിയാകും. അങ്ങിനെയാകുമ്പോൾ നോക്കേണ്ടതു പ്രകൃതത്തിൽ ഔപമ്യവിവക്ഷയുണ്ടോ ഇല്ലയോ എന്നുള്ളതാണു്. സദൃശസമാദിപദങ്ങൾ പ്രയോഗിച്ചുകാണുന്നതിനാൽ ഔപമ്യവിവക്ഷയുണ്ടെന്നും, അതുകൊണ്ടു രശനോപമയാണു വരുന്നതെന്നും ഏകാവലിയാണെന്ന മല്ലിനാഥന്റെ അഭിപ്രായം അസമഞ്ജസമാണെന്നും വന്നുകൂടുന്നുണ്ടു്. ഇങ്ങിനെയാണു് എതിർകക്ഷികളുടെ വാദത്തിന്റെ നില.

മറ്റു ചിലർ മല്ലിനാഥമതത്തെത്തന്നെ സ്ഥാപിച്ചും കാണുന്നുണ്ടു്. എങ്ങിനെയെന്നാൽ— "സദൃശമതനുമാത്രതഃ" എന്നതിലെ സദൃശസമാദിപദങ്ങളും ഉപമാപദങ്ങളല്ല. അങ്ങിനെയാണെങ്കിൽ, രണ്ടും മൂന്നും പാദങ്ങളിൽ അനുഗുണാനുരൂപപദങ്ങളെ പ്രയോഗിക്കുമായിരുന്നില്ല. അവയ്ക്കു സാദൃശ്യാർത്ഥമൊട്ടില്ലതാനും. അതിനാൽ സദൃശസമശബ്ദങ്ങളും ആനുരൂപ്യാർത്ഥകങ്ങളാണെന്നു കല്പിക്കണമെന്നു സിദ്ധമായി. ആനുരൂപ്യം എന്നതു് അനുകൂലത്വം, ഉചിതത്വം, അനാകാംക്ഷിതത്വം എന്നീവക അർത്ഥങ്ങളിൽ പര്യവസാനിക്കുകയും ചെയ്യുന്നു. സ്വതവേ ഉൽകൃഷ്ടമായ ആകൃതിയ്ക്കു ഹീനമായ വ്യാപാരങ്ങളാൽ അപകർഷം ഉളവാകുന്നതാണല്ലൊ. ആകയാൽ ഔപമ്യവിവക്ഷയില്ലാത്ത പ്രസ്തുതസ്ഥലത്തു രശനോപമാലങ്കാരം വരുവാൻ തീരെ ന്യായമില്ല. ഏകാവലിയാകുന്നു വരുന്നതെന്നും സിദ്ധമായി. സഹൃദയന്മാരായവരായ സ്വാഭാവിക

പ്രയത്നാദികളാകുന്ന ഉത്തരോത്തരവിശേഷണങ്ങൾ വഴിയായി പൂർവ്വപൂർവ്വവിശേഷ്യങ്ങൾക്കു വൈശിഷ്ട്യം കല്പിച്ചിരിക്കുന്നതിനാൽ ഏകാവലിയ്ക്കു മാത്രമേ പ്രകൃതത്തിൽ പ്രവേശമുള്ളു. എന്നാൽ—

'ആകാരസദൃശപ്രജ്ഞഃ പ്രജ്ഞയാ സദൃശാഗമഃ
ആഗമൈസ്സദൃശാരംഭഃ പ്രാരംഭസദൃശോദയഃ.'

(രഘുവംശം 1 സ.)

എന്നിതിനെ എന്നൽമാലയാദൃശാദികളായ പദ്യങ്ങളിലെ സദൃശാദിപദങ്ങൾക്ക് അനന്വയപ്രാധാന്യമല്ല ഉള്ളത്. അവിടെ ഔപമ്യാത്മകമേ വരുവാൻ തരമുള്ളു. അല്ലെങ്കിൽ 'തുല്യാർത്ഥൈസ്തുല്യോപമാഭ്യാം തൃതീയാന്യതരസ്യാം' (2. 3. 72) എന്ന പാണിനീയസൂത്രമനുസരിച്ച് 'പ്രജ്ഞയാ,' 'ആഗമൈഃ' എന്നിവകളിൽ വരുമാനമായ തൃതീയാവിഭക്തിക്കു സാധുത്വമുണ്ടാകുവാൻ തരമില്ല. തുല്യാർത്ഥകങ്ങളായ ശബ്ദങ്ങളുടെ യോഗത്തിൽ മാത്രമേ തൃതീയ വരികയുള്ളു. തുല്യാർത്ഥകത്വമില്ലെങ്കിൽ ഷഷ്ഠിയാണ് വരുവാൻ ന്യായമുള്ളത്. ആകയാൽ 'ആകാരസദൃശ'ത്യാദി സ്ഥലങ്ങളിൽ ഔപമ്യവിവക്ഷ അപരിഹാര്യമായിരിക്കകൊണ്ടു രശനോപമ തന്നെയാകുന്നു വരുന്നത്. 'സഹജേതരമമർത്തൃതേ' എന്നാദിയായ കിരാതാർജ്ജുനീയശ്ലോകത്തിലാകട്ടെ ഔപമ്യവിവക്ഷാവിരഹം ഹേതുവായിട്ട് ഏകാവലിതന്നെ വരുന്നു. രഘുവംശവ്യാഖ്യാനത്തിൽ ഏകാവലിയെപ്പറ്റി മിണ്ടാത്ത മല്ലിനാഥൻ കിരാതാർജ്ജുനീയവ്യാഖ്യാനത്തിൽ മാത്രം അതിന്റെ വിവരണം ചെയ്തു ലക്ഷണം ഉദ്ധരിച്ചിരിക്കുന്നതും ഇതുകൊണ്ടുതന്നെയാകുന്നു.

വാസ്തവത്തിൽ ഇവിടത്തെ സദൃശാദിപദങ്ങൾ ഔപമ്യവാചികളായിരുന്നാൽത്തന്നെയും വിരോധമില്ല. അങ്ങിനെയാകുമ്പോൾ രശനോപമയ്ക്കു വിഷയമായിത്തീരുമെങ്കിലും പ്രസ്തുതപദ്യത്തിൽ യഥാപൂർവ്വം പദത്തിനു വിശേഷണത്വം നൽകിയിരിക്കുന്നതുകൊണ്ട് അലങ്കാരസർവ്വസ്വകാരമതത്തിലെ ഏകാവലിക്കും ന്യായമായ പ്രസക്തിയുണ്ട്. അതിനാൽ മല്ലിനാഥോക്തി സാമഞ്ജസ്യമുള്ളതുതന്നെ. പക്ഷേ അലങ്കാരങ്ങൾക്കു സങ്കരമാണെന്നേയുള്ളു. മറ്റു ചില അലങ്കാരങ്ങളും ഇതിനുള്ളിൽ അന്യോന്യസങ്കീർണ്ണങ്ങളായി

കാണേണ്ടതാണല്ലൊ. എന്നാൽ മല്ലിനാഥൻ ഇവിടെ രശനോപമൈകാവലികളുടെ സങ്കരമാണെന്ന് എന്തുകൊണ്ടു പറഞ്ഞില്ല? എന്നുണ്ടെങ്കിൽ അതിന്റെ കാരണം രശനോപമ അത്രത്തോളം സ്പഷ്ടമായി പ്രതിഭാസിക്കുന്നില്ലെന്നതിനാൽ അനാകലനവേദ്യമാണെന്നുള്ളതാകുന്നു.

അപ്പോൾ, അക്കൂട്ടരുടെ വാദപ്രകാരം രശനോപമൈകാവലികളുടെ തമ്മിൽ ഭേദം തന്നെ ഇല്ലാതെയാകുന്നുവല്ലോ. എന്നാൽ വ്യക്തമായ ഭേദം ഉണ്ടെന്നുതന്നെ ധാരാളം തെളിയിക്കാവുന്നതാണ്. പൂർവ്വപൂർവ്വോപമേയോപമാനകമായ ഉത്തരോത്തരൌപമ്യം രശനോപമയും, വിശേഷണീഭവദുത്തരോത്തരമായ പൂർവ്വപൂർവ്വപദാർത്ഥം ഏകാവലിയും എന്നിങ്ങിനെ സുവ്യക്തമായ സ്വരൂപഭേദവും ഇവറ്റക്കു കാണാവുന്നതാണ്. സ്വരൂപഭേദമുണ്ടെന്നു സമ്മതിക്കാമെങ്കിലും രണ്ടിനും വിവിക്തമായ വിഷയങ്ങൾ കിട്ടുകയില്ലല്ലോ എന്നു ശങ്കിക്കുവാനും ന്യായമില്ല. 'പുരാണി യസ്യാം സവരാംഗനാനി വരാംഗനാരൂപപരിഷ്കൃതാംഗ്യഃ' എന്നു മുതലായ പദ്യങ്ങളിൽ രശനോപമയുടെ ആക്രമണമില്ലാത്തതിനാൽ ഏകാവലിക്കു നിഷ്പ്രപഞ്ചമായ പ്രവേശം കാണുന്നുണ്ട്. ആ സ്ഥിതിക്കു വിവിക്തവിഷയലാഭം ഇല്ലെന്നു എങ്ങിനെ പറയും? അപ്പോൾ വേറെയൊരു വാദമുണ്ട്. രശനോപമക്കു പ്രവേശം ഇല്ലാത്ത സ്ഥലത്ത് ഏകാവലിക്കു പ്രവേശം കിട്ടുമെങ്കിലും, ഏകാവലി വരാത്ത സ്ഥലം രശനോപമക്കു കിട്ടുകയില്ലെന്നു മുമ്പോദാഹരണങ്ങളിൽനിന്നു വെളിപ്പെടുന്നു! അപ്പോൾ ഏകാവലിയിൽനിന്നു രശനോപമക്കു പാർത്ഥക്യം കാണിക്കുന്നതെങ്ങിനെ? ശരി, അതിനും ഒരു വഴിയുണ്ട്. രശനോപമ എന്നത് ഒരു സ്വതന്ത്രാലങ്കാരമല്ല. അത് ഉപമയുടെ തന്നെ ഒരു വകഭേദമാകുന്നു. ഉപമക്ക് ഏകാവലീവിവിക്തമായ വിഷയങ്ങൾ സുലഭമാണെന്ന സംഗതി വിശിഷ്യ വിസ്തരിക്കേണ്ടുന്ന ആവശ്യമില്ല. ആകയാൽ ഏകാവലിയിൽനിന്നുള്ള പാർത്ഥക്യം അവ്യഭിചരിതംതന്നെ. ഏവഞ്ച, രണ്ടിനും വിവിക്തവിഷയലാഭം നിർബ്ബാധമാണെന്നതിനാൽ അലങ്കാരവിഭാഗത്തിനും വ്യഭിചാരം പറവാനില്ല. പൃഥഗ്വിഭാഗത്തെ അന്യായമായി അർത്ഥിക്കുന്നതായ ഒരലങ്കാരങ്ങളുടെ

വിഭിന്നമായ വിഭാഗങ്ങളിൽപ്പെട്ട ഉപമൈകാവലികൾക്ക രശനോപമാവിഷയമായി വരുന്ന ചമൽകാരം ചിലേടത്തു മാത്രം സങ്കീർണ്ണത വന്നുപോകുമെങ്കിൽ തന്നെ അതുകൊണ്ട് അലങ്കാരവിഭാഗത്തിനു വ്യാഘാത യാതൊന്നുമില്ല.

പ്രകൃതപദ്യത്തിൽ ഏകാവലിക്കു നിർദ്ധാരണംവരുന്നും പ്രവേശമുണ്ടെന്ന ന്യായേന കല്പനാഗമനത്തിനു സാംഗത്യം ഉണ്ടായിരിക്കുയുള്ളൂ. നിർദ്ധാരണമായ പ്രവേശമില്ലെന്ന് ഏതുപ്പത്തിൽ വെളിപ്പെട്ടതാണ്. 'യഥാപൂർവ്വം പരസ്യവിശേഷണതയാ സ്ഥാപനം ഏകാവലീ' എന്നാണല്ലോ സർവ്വസ്വത്തിലെ സൂത്രം. ഇവിടെ മുൻമുന്നുള്ളവയെക്കുറിച്ചു പിൻപിന്നുള്ളവയ്ക്കു വിശേഷണതയാം കല്പിക്കപ്പെട്ടതുവിടെയാണ് ഏകാവലി വരുന്നത്. വിശേഷണതയാം സ്ഥാപനംകൊണ്ടോ, നിവൃത്തിക്കൊണ്ടോ കല്പിക്കാവുന്നതാണെന്ന് ആ സൂത്രത്തിന്റെ വിവരണത്തിൽ പറഞ്ഞുകാണുന്നുണ്ട്.

'പാദന്നിയന്ത്യാം സ്വവരാംഗനാനി
വരാംഗനാത്രപപാവിഷ്കതാംഗയാ
ത്രപാംസമുദ്ഭിന്നസവിലാസ-
മസ്യംവിലാസഃ കമുകമയ്യസ്യ.'

എന്നതിൽ മുൻമുന്നുള്ള വരാംഗനാത്രപാദികളെക്കുറിച്ചു പിൻപിന്നുള്ള വരാംഗനാത്രപാവിലാസാദികൾ വിശേഷണതയാ സ്ഥാപിക്കപ്പെട്ടിരിക്കുന്നതിനാലും, ഇതിലെ പ്രസ്തുതസ്ഥലത്ത് ഉത്തരോത്തരങ്ങൾക്ക പൂർവ്വപൂർവ്വനിരൂപിതമായ വിശേഷണതയം നിബന്ധിക്കപ്പെട്ടുകാണുന്നില്ല. നേരെമറിച്ചു മുന്നുള്ളതുകൾക്ക പിന്നുള്ളതുകളെക്കുറിച്ച് ഉപമാനതയാ ഉള്ള വിശേഷണതയം മാത്രമേ കല്പിക്കപ്പെട്ടുകാണുന്നുള്ളൂ. അതുകൊണ്ടു കല്പിതാധാരത്തിലോ പ്രസ്തുതശ്ലോകത്തിൽ ഏകാവലി വരുമാൻ ന്യായമെന്തിന്? ശരി. മുൻകുറിച്ച സർവ്വസ്വസൂത്രലക്ഷണത്തിൽ പറഞ്ഞിട്ടുള്ള വിശേഷണതയം എന്നതു പ്രകാരാന്തരരൂപമായിട്ടല്ലാ വിവക്ഷിക്കപ്പെട്ടിരിക്കുന്നതെന്നാകുന്നു. ഉത്കർഷാധായകത്വരൂപമായ വിശേഷണതയാകത്രേ വിവക്ഷിതമായിട്ടുള്ളത്. സ്വരൂപമാത്രനിഷ്ഠമായിട്ടുള്ള-

വസ്തുവിനു യാതൊന്നിന്റെ സംബന്ധംകൊണ്ടാണോ വൈശിഷ്ട്യം തോന്നുന്നത്, അതത്രേ വിശേഷണമാകുന്നത്. അതുകൊണ്ടാണ് പിൻപിന്നുള്ളവയ്ക്കു മുൻമുന്നുള്ളവയെ അപേക്ഷിച്ചുള്ള ഉൽകർഷാധാനത്തിന ഹേതുത്വം കല്പിക്കാതെ ഏകാവലി എന്നു പറയുന്നത്. 'വിശിഷ്ടീകാരൻ, പൂർവ്വോത്തരങ്ങളെ പരസ്പരമാ അംശം ഉള്ളതിനാൽ ഏകരൂപത്തിലുപകാരിയിട്ടുള്ളത് ഏകാവലി എന്ന സംജ്ഞയ്ക്കു അർത്ഥാന്തരം ചെയ്യുന്നു. ഇവിടെ പറഞ്ഞതായ അർത്ഥത്തിലുള്ള കാവ്യലിംഗ-വ്യതിരേക-ഉപമാ-സസന്ദേഹാദികളാം സാമാനാധികരണ്യനിർവാഹകന്മാരാം ഉത്തരോത്തരത്തിന്ന പൂർവ്വപൂർവ്വാപേക്ഷയുള്ളതാകയാലും പൂർവ്വപൂർവ്വത്തിന്ന തത്തദ്ഗുണമായ ഉത്തരോത്തരത്തോടുള്ള സാമാനാധികരണ്യത്തിന്റെ ബലത്താൽ ഉൽകർഷം അവശ്യമാനമാകുന്നതാണ്. അതുപ്രകാരം ആദിത്യാദികളിൽ മുൻമുന്നുള്ളവയെ അപേക്ഷിച്ച പിൻപിന്നുള്ളവയായ പ്രഥമപ്രത്യേകങ്ങൾ വിശേഷണമായും പ്രകാരവിശേഷ്യമായ വരുന്നതിലും അപ്രകാരം തന്നെയാണ്.

'ചന്ദ്രായതേ ശുക്ലരുചാപി ഹംസോ
ഹംസായതേ ചാരുഗതേന കാന്താ
കാന്തായതേ സ്പർശസുഖേന വാരി
വാരീയതേ സ്വച്ഛതയാ വിഹായഃ'

എന്നിത്യാദികളിൽ പൂർവ്വോപമേയിലെ വ്യക്തിഭേദമാണ് ഉത്തരോപമയിൽ ഉപമാനത്വം എങ്കിൽ പൂർവ്വോത്തരോപമാന്തരങ്ങൾക്ക് അന്യോന്യസംബന്ധവശേനയുള്ളവയായ കാഞ്ചിൽക്കമായ പ്രകൃഷ്ടം വിവക്ഷിതമാകുന്നത്. അവിടെ മാലോപമയാണെങ്കിലും ഏകാവലിയില്ലല്ലോ എന്നാണെങ്കിൽ, ഉപമ ഇല്ലെങ്കിൽ മാത്രമേ ഉള്ളൂ? പ്രകൃതഭേദാകളെ ഏകാവലീപ്രസംഗം എന്തിനെന്നും ആശംസം തന്നെ. അതുകൊണ്ടുതന്നെയാണ് ഏകാവലിക്കും മാലോപമയ്ക്കും വിവിക്തമായ വിഷയം സുലഭമാണെന്ന് ആദ്യം പറഞ്ഞത്.

'ശൃംഖലാരൂപേണ വിശേഷണവിശേഷ്യഭാവമുള്ള സംബന്ധം ഏകാവലി' എന്ന ലക്ഷണം കാണിച്ചിട്ട് രസഗംഗാധരകാരൻ ഇങ്ങിനെ പറയുന്നു:— "പൂർവ്വപൂർവ്വത്തിന്ന് ഉത്തരോത്തരത്തെക്കുറിച്ചു വിശേഷ്യതയാലും, വിശേഷണതയാലും വരുന്നതാകയാൽ

ഏകാവലി രണ്ടുവിധത്തിലുണ്ട്. സ്ഥാപകത്വം, അപോഹകത്വം എന്ന രണ്ടുവിധം ഭേദത്താൽ അതിൽ ഓരോവിഭാഗം പിന്നെ ദ്വിവിധമായ് ചമയുന്നു. സ്ഥാപകത്വം എന്നാൽ സ്വസംബന്ധത്താലുള്ള വിശേഷ്യതാവച്ഛേദകമായ നിയാമകത്വമാകുന്നു. സ്വവ്യതിരേകത്താൽ ഉള്ള വിശേഷ്യതാവച്ഛേദകരൂപമായ വ്യതിരേകബുദ്ധിയുടെ ജനകത്വമാണ് അപോഹകത്വം.''

'സ്വപന്ധിതോയഃ സ്വാദിതമർമ്മരീ
ഹിതം മതിഭൃദ്രൂപരാഗപക്രിയാ
പരോചതേ ദയാർദ്രിതസാധുരാവാ
സമാസാദ്യതായത്ര ചകാസ്തി കേശവഃ'

ഇത്യാദ്യുദാഹരണത്തിൽനിന്നു, ഏകാവലീലക്ഷണനിവിഷ്ടമായ വിശേഷണത്വം പ്രകാരതാരൂപേണ മാത്രമേ കാണപ്പെടുന്നുള്ളൂ. എങ്കിലും അലങ്കാരങ്ങളുടെ കാര്യത്തിൽ മതഭേദം ബഹുലമായിരിക്കുന്നതിനാൽ വിമർശിനീകാരമതത്തിലെ സർവ്വസ്വാമിമതവും ഏകാവലീലക്ഷണനിവിഷ്ടമായ വിശേഷണത്വം ഉൽകർഷാധായകത്വരൂപം തന്നെയാകുന്നു. സർവ്വസ്വകാരനും വിമർശിനീകാരനും തമ്മിൽ തന്നെ ഭിന്നമായ അഭിപ്രായങ്ങൾ കാണുന്നുണ്ടല്ലോ. മുമ്പുമുമ്പുള്ളവയെക്കുറിച്ചു പിമ്പുപിമ്പുള്ളവയ്ക്കുള്ള വിശേഷണത്വത്തിൽ മാത്രമേ ഏകാവലിയുള്ളുവെന്നാണ് സർവ്വസ്വകാരന്റെ മതം. വിശേഷ്യത്വത്തിലും ആകാമെന്നത്രേ വിമർശിനീകാരന്റെ ആശയം.

'ധർമ്മേണാഭ്യുദിതസ്യ ഭൂപചന്ദ്രമോ
ഭൂഷ്യോനിജപ്രസാദസ്വഭാവഃ ശ്രീഃ
ലക്ഷ്മ്യാ ചരിതപ്രാചിസർവ്വലോകാ
ലോകൈകനീതായുപചാരകീർത്തിഃ'

എന്ന ഈ ശ്ലോകം ഉദാഹരിച്ച് ഇതിൽ പൂർവ്വത്തോടു അവ്യവഹിതമായ്വെന്നും ഉത്തരോത്തരത്തെ വിശേഷിപ്പിച്ചിരിക്കുന്നതായി വിവരിച്ചിരിക്കുന്നു. അതിനാൽ വിമർശിനീകാരന്മാർ നവീനന്മാരുടെ മതപ്രകാരവും പ്രകൃതത്തിൽ ഏകാവലിയെ സാധിക്കാവുന്നതാണ്. പിൻപിന്നുള്ള പ്രയത്നാദികളെക്കുറിച്ചു മുൻമുന്നുള്ള അഭൃത്യാദികൾക്ക് പ്രകാരതാരൂപമാണെങ്കിലും വിശേഷണത്വം സ്പഷ്ടമാകുന്നുണ്ട്. ആകയാൽ പ്രാചീനപക്ഷത്തിലും അർവ്വാചീനപക്ഷത്തിലും

പ്രകൃതത്തിൽ മല്ലിനാഥമതപ്രകാരം ഏകാവലിയാണ് അലങ്കാരം എന്നു പറയുന്നതിൽ യാതൊരു വിരോധവുമില്ല. ഇതിനെയാണ് ഈ പദ്യത്തിലെ അലങ്കാരത്തെപ്പററി രാജശ്രീ തൊതീയകസ്തൂരിരംഗനാഥപണ്ഡിതരുടെ അഭിപ്രായം.

ശ്രീമാൻ അപ്പാശാസ്ത്രിവിദ്യാവാചസ്പതിയുടെ ആശയം താഴെ കാണിക്കുന്നതിലടങ്ങുന്നു:—

വാദഗ്രസ്തമായ 'സുശ്രമതന്നാകൃതേ' എന്നാദിയായ പദ്യത്തിൽ അലങ്കാരം ഏകാവലിയാണെന്നു മല്ലിനാഥമതിയുടെ യുക്തതയെ സമർത്ഥിച്ചിട്ടുള്ള പണ്ഡിതന്മാർ അതിലെ സുശോഭിപദങ്ങൾക്ക് ഔപമ്യപരതയില്ലെന്നും, ആനുകൂല്യവാചകതയാണ് ഉള്ളതെന്നും പറയുന്നു. ഔപമ്യപരത്വം ഇല്ലാത്തപക്ഷം ശങ്കരാപേക്ഷയും വരുവാൻ തരമില്ല. എന്നാൽ ഇവിടെ മനോരമതായാലോചിക്കേണ്ടുന്നതു സുശോഭിപദങ്ങൾക്ക് ഔപമ്യപരത്വം ഉണ്ടോ എന്നുള്ളതാണ്. ഉണ്ടെങ്കിൽ അത് ആരെങ്കിലും അംഗീകൃതമായിട്ടുണ്ടോ എന്നാണ് രണ്ടാമതു നിരൂപിക്കേണ്ടുന്നതു്. ഈ നിരൂപണംകൊണ്ടു വാദഗ്രസ്തമായ വിഷയത്തിന്റെ തീരുമാനം എളുപ്പത്തിൽ വരുന്നതാണല്ലോ. സുശബ്ദത്തിന് ആനുകൂല്യാർത്ഥം മാത്രം അംഗീകരിക്കുന്നതിനു, പിന്നീടുള്ള അനുഗുണാദിപദങ്ങളുടെ പ്രയോഗമാണ് പ്രയോജകമായിരിക്കുന്നതു്. പ്രകൃതപദ്യത്തിൽ ഏകാവലിയെ സമർത്ഥിച്ചിട്ടുള്ള മല്ലിനാഥമഹോപാദ്ധ്യായൻ സുശബ്ദപര്യായമായ തുല്യപദത്തെ വെച്ചുകൊണ്ടു നിഘണ്ടുകം അതിന് ഔപമ്യവാചിത്വം വിശദീകരിക്കുന്നുണ്ട്. നിഘണ്ടുകാരന്മാരും അനുഗുണാദിപദങ്ങൾക്കു സാദൃശ്യാർത്ഥം സമ്മതിക്കാതിരിക്കുന്നില്ല. "അനുഗുണഃ സദൃശേ തുല്യേ കാന്താരതാപാസംഘട്ടനാദികാനുഗുണേ ഏതേ" എന്ന 'വാചസ്പതി' സോദാഹരണം അനുഗുണശബ്ദത്തെ വ്യാഖ്യാനിച്ചിരിക്കുന്നു. അതിൽനിന്നു അനുഗുണശബ്ദത്തിന്റെ സാദൃശ്യവാചകത്വം സ്പഷ്ടമാകുന്നുണ്ട്. അനുരൂപശബ്ദവും ഇതിനുള്ളതുതന്നെയാണ്. 'രൂപമനോഗതം' എന്ന പ്രാദിസമാസം വെച്ചുകൊണ്ടാൽ മതി. 'ദേവാനാമനുരൂപാവി ചാവന്ത്യതമഥീതാ' എന്ന രാമായണത്തിൽ അനുരൂപശബ്ദത്തെ സാദൃശ്യാർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്. ശ്ലോകപ്പട്ടികത്തിൽ ത്രിവിധാകാന്ത

ഭേദേന സാദൃശ്യവാചകതയെ സമർപ്പിച്ചും കാണാറുണ്ട്. ചരമപാദസ്ഥമായ 'സമ'ശബ്ദത്തിന്റെ സാദൃശ്യവാചിത്വം അവ്യക്തമായിരിക്കുമാണല്ലോ. ആകയാൽ 'സമുദ്രമേഖലാലംകൃതേഃ' എന്നാദിയായ ശ്ലോകത്തിൽ സമുദ്രാദിപദങ്ങൾക്ക് ഉപമാനവാചകത്വാംഗീകരണം നിരവദ്യം തന്നെ. അതുകൊണ്ടുതന്നെയാണ് ഗ്രന്ഥകാരൻ ഇതിനെ ധാരണയിൽതന്നെ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇനി, അനന്തരശ്ലോകത്തിന് അനുരൂപമായ ഉദാഹരണം വ്യാഖ്യാനിച്ചല്ലോ. അതിനുശേഷം ഏകാവലിയെപ്പറ്റിയാണ് ആലോചിക്കേണ്ടത്. അനന്തരശ്ലോകം എന്നു സാദൃശ്യപ്രയോജകമായ ധർമ്മത്തോടുകൂടിയതായിരിക്കണം എന്നുള്ളതാണ്. ഇപ്പോൾ സമുദ്രാദിപദങ്ങളുടെ ഔപമ്യവാചകത്വം പ്രാസംഗികമായിരിക്കെ മാലോപമ തന്നിവയിൽ മാത്രമല്ലോ. ആ സ്ഥിതിക്ക് ഏകാവലിയെ മാത്രം സമർത്ഥിക്കുന്നതിനായി പറഞ്ഞ പ്രയോഗങ്ങൾക്ക് ഉൽകൃഷ്ടതയാണെന്ന പ്രസ്താവനയ്ക്ക് ഒരു പ്രസക്തിയും കാണുന്നില്ല. പ്രയോഗാദികളിൽ സാമാന്യധർമ്മത്തിന്റെ ഉപമാനോപമേയത്വം ഉള്ളതിനാൽ ഇവിടെ ഉദാഹരണങ്ങൾക്ക് വൈശിഷ്ട്യമുണ്ടാകുന്നില്ല.

അരം തീകരണിയെന്നെങ്കിൽ എന്നതുപോലെ,

'അധരത്തെപ്പോലെ ബിംബഫലം പ്രീതിക്കു പ്രധാനമായിത്തീർന്നു
അതിലുമധികം തുഷ്ടി ഗുണങ്ങളുടെ ഭംഗിയാൽ'

എന്നതിലും ഏകാവലി തന്നെയാണല്ലോ. ഉദാഹൃതങ്ങളിൽ അധികം വിശേഷമായ ഉൽകർഷത്തെ ഉളവാക്കുന്നതാണ്. അലങ്കാരികന്മാർക്ക് അതൊട്ടും അഭിമതവുമല്ല. നാടകീയ സാദൃശ്യം അതിൽ മാലോപമയിലാണെന്നു സമർത്ഥിച്ചിരിക്കുന്നത്. ശ്രീവിദ്യാധരപണ്ഡിതർ ആ പദ്യത്തെ അലങ്കാരസർവ്വസ്വത്തിൽ മാലോപമയ്ക്ക് ഉദാഹരണമായുദ്ധരിച്ചിട്ടുണ്ട്. ആകയാൽ പ്രകൃതോദാഹരണത്തെ ഏകാവലിയുടെ ലക്ഷ്യം പ്രായേണ ഉൾപ്പെടുത്തുന്നതല്ല കാര്യം.

അതുമല്ലാ, ഏകാവലിയിൽ പൂർവ്വപൂർവ്വത്തെക്കുറിച്ച് ഉത്തരോത്തരത്തിനു വിശേഷണതയാലുള്ള സ്ഥാപനമോ, അപോഹനമോ ഉണ്ടായിരിക്കണം. വിശേഷണം എന്നു, സാദൃശ്യമാത്രമല്ലാതെ പ്രതീതമായ വസ്തുവിനു യാതൊന്നിന്റെ സംബന്ധബലത്താലാണോ വൈശിഷ്ട്യം തോന്നുന്നത് അതാകുന്നു എന്ന സപ്ത്യുപാസ്യം

ഗ്രന്ഥത്തിൽ ജയദേവൻ പറഞ്ഞിട്ടുണ്ട്. 'സൎവ്വശരീരതന്മമാകുകളേ' എന്ന പദ്യത്തിലാകട്ടെ ആകൃത്യാദികൾ സ്വരൂപമാത്രേണയല്ലാ അവഗമ്യമാനമാകുന്നത്; പിന്നെയോ അനുതാപം അലംഘ്യത്വം മുതലായ ധൎമ്മങ്ങളെക്കൊണ്ടു ഗുണങ്ങളോടു വിശിഷ്ടമായിട്ടാകുന്നു. അതിനാൽ ഇവിടെ പ്രയത്നാദികൾക്കു വിശേഷണത്വം സംഭവിക്കുന്നില്ല. തന്മൂലം ഏകാവലിക്കും പ്രവേശമില്ല. മാലോപമയ്ക്കും ഏകാവലിക്കും തമ്മിലുള്ള ഭേദം ഇതാണ്: മാലോപമയിൽ മുൻമുന്നുള്ള വസ്തു സ്വരൂപമാത്രേണയല്ലാ അവഗമ്യമാകുന്നത്; ഉൽകൃഷ്ടധൎമ്മവിശിഷ്ടമായിട്ടാകുന്നു. ഏകാവലിയിലാകട്ടെ മുൻമുന്നുള്ള വസ്തുക്കൾ സ്വരൂപമാത്രേണ അവഗതമായിട്ടു പിൻപിന്നുള്ള പദാൎത്ഥങ്ങളുടെ സംബന്ധബലത്താലാകുന്ന ഉൽകൃഷ്ടമായിട്ടു പ്രതീതമാകുന്നത്.

'സൎവ്വശരീരതനകമാകുതേ' എന്ന പദ്യത്തിൽ പ്രയത്നാദികൾക്കു വിശേഷണത്വം കല്പിച്ചു കണ്ടു മംഗളോദയപണ്ഡിതർ ഇതിൽ 'വിമൎശിനീ'കാരോക്തമായ ലക്ഷണം സംഘടിപ്പിച്ചതെങ്ങിനെയെന്നു മനസ്സിലാകുന്നില്ല. ആകൃതിപ്രതിയോഗികമായ (ആകൃതിയുടേതു) സാദൃശ്യത്തിനു പ്രയോജകമായ അനുതാപത്തിനു തന്നെയാണ്, സ്വസംബന്ധബലത്താൽ വിശേഷണത്വം കാണുന്നത്.

ഈ പണ്ഡിതർ പറയുന്നതിനെല്ലാം പ്രയത്നാദികൾക്കു വിശേഷണത്വം യഥാകഥഞ്ചിൽ ഉണ്ടെന്നു സമ്മതിച്ചാൽത്തന്നെ പ്രകൃതത്തിൽ ഏകാവലി വരുന്നതല്ല. മുൻമുന്നുള്ളതിനെക്കുറിച്ചു പിൻപിന്നുള്ളവസ്തു വിശേഷണത്വേന സ്ഥാപനമോ അപോഹനമോ ചെയ്യുന്നതാണല്ലോ ഏകാവലി. അതായത്, ആദ്യം വിശേഷണമായിരുന്നതു പിന്നീടു വിശേഷ്യമായും, അതിനു മറ്റൊന്നു വിശേഷണമായും, അനന്തരം വിശേഷ്യമായും ശൃംഖലാവിധത്തിൽ എവിടെയോ പലതവണയായി നിബന്ധിക്കുന്നത്, അവിടെയാണു ഏകാവലി. ആദ്യം വിശേഷണമായിരുന്നതിനു പിന്നീടു വിശേഷ്യത്വമില്ലെങ്കിൽ അവിടെ ഏകാവലിയില്ല. ഇവിടെ ആദ്യം വിശേഷണമായി കല്പിക്കപ്പെട്ടതു പിന്നെ വിശേഷ്യമായ്‌വെച്ചുകാണുന്നില്ല. അതിനാൽ ഒരുവിധത്തിലും പ്രസ്തുതശ്ലോകത്തിൽ ഏകാവലിയെ സമൎത്ഥിക്കുവാൻ വഴിയില്ല. സമഗ്രമായ ലക്ഷണങ്ങളും തികഞ്ഞിരിക്കുന്നതിനാൽ മ

ശനോപമസ്സുതന്നെയാണ് അവകാശമുള്ളത്. ആകയാൽ മല്ലിനാഥോക്തിയും യുക്തമായിട്ടുള്ളതല്ല.

ഇങ്ങിനെയാണ് അപ്പാശങ്കവിദ്ധ്വാംഖസ്സതിയുടെ അഭിപ്രായം. ഇവരിൽ ആരുടെ അഭിപ്രായത്തിനാണ് സാംഗത്യം എന്നു മങ്ങിനെയും പരിശോധിച്ചു പണ്ഡിതന്മാർ തീർച്ചപ്പെടുത്തട്ടെ.

സി. ശങ്കുണ്ണിനായർ.

പോകുവാൻ പോകുന്ന കവിതകൾ.

"തൃശ്ശിവപേരൂർവാഴുംശിവശംഭോ"

അമ്പിളിത്തെല്ലുംപിച്ചകമാലയും തുമ്പമാലയുംചാർത്തിവിളങ്ങുന്ന
അമ്പിൽനല്ലതിരുമുടികാണേണം തൃശ്ശിവപേരൂർവാഴുംശിവശംഭോ
താരിൽമാനിനീകാന്തൻമുഖതാരം സാരസാരസന്ദർഭസംഭ്രമോദ്യോതം
നാരമാളികനികൾസേവിപ്പതും തൃശ്ശിവപേരൂർവാഴുംശിവശംഭോ
ബാലചന്ദ്രനോടൊത്തുവിലസുന്ന ഫാലമദ്ധ്യേവിളങ്ങുംനയനവും
ലീലകാട്ടുന്നചില്ലീയുഗളവും തൃശ്ശിവപേരൂർവാഴുംശിവശംഭോ
ആദിത്യചന്ദ്രന്മാരായ്‌വിളങ്ങുന്നൊരിന്ദ്രനീലസമാനകനീനികൾ
നീലപത്മസമാനനയനങ്ങൾ തൃശ്ശിവപേരൂർവാഴുംശിവശംഭോ
ചമ്പകത്തിലെസുമസമാനനാസയും പാരമഴകിന്നൊത്തവാസനവും
നേരെകാണേണംദന്താവലികളും തൃശ്ശിവപേരൂർവാഴുംശിവശംഭോ
കുണ്ഡലമണ്ഡിതഗണ്ഡവും പൂർണ്ണമതിന്നൊത്താനനവും
മുന്നിലാമ്മാറുകാണ്മാനുണ്ടെങ്കിൽ തൃശ്ശിവപേരൂർവാഴുംശിവശംഭോ
കണ്ഠശോഭയുംകാളകൂടമതും കണ്ടാൽകൌതുകമാകുംതിരുമാറും
കണ്ടാവൂനീലകണ്ഠമതായിടേ തൃശ്ശിവപേരൂർവാഴുംശിവശംഭോ
എപ്പോഴുംതിരുമാറിലണിയുന്ന സർപ്പമാലകൾപൊന്നണിമാലകൾ

[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible]
[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
(ശംഭോ

[illegible]
[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible]
[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible]
[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible]
[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible]
[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible]
[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible]
[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible]
(ന്നാൽ

[illegible] ശ്രീശിവപുത്രർവാഴും ശിവ
(ശംഭോ

[illegible]
(ന്നാൽ

[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible] കാലൻവന്നു [illegible]
[illegible] ശ്രീശിവപുത്രർവാഴും ശിവശംഭോ
[illegible] കാലൻവ-
(ന്നാം

[illegible] ശ്രീശിവപുത്രർവാഴും ശിവശം-
(ഭോ

വെള്ളിക്കുന്നിൽവസിക്കുന്നോനിന്നെ പള്ളിക്കാലിണനിത്യംഭജിക്കുവാൻ
ഉള്ളിൽതോന്നേണമെന്നുമടിയാനു തൃശ്ശിവപേരൂർവാഴുംശിവശംഭോ
സിദ്ധചാരണഗന്ധർവ്വഗുഹ്യക സാദ്ധ്യവിദ്യാധരാപ്സരോവൃന്ദവും (ശംഭോ
ബാധമാരെന്നവർ ക്ഷീസ്തുതിപ്പതും തൃശ്ശിവപേരൂർവാഴുംശിവശംഭോ
പക്ഷിരാജമൃഗരാജസമന്വിതമിന്ദ്രനാദിപോകവല്ലഭരൊക്കെ
ആശ്രയഫലത്തിന്നായ്നമിക്കുന്നു തൃശ്ശിവപേരൂർവാഴുംശിവശംഭോ
ഘോരമെന്നസംഹാരകാലത്തിൽ ഭേരീരവംമുഴക്കിസ്സുന്ദരം
നേരഞ്ഞാൽപുഷ്പവൃഷ്ടികളാശുചെയ്യു തൃശ്ശിവപേരൂർവാഴുംശിവശംഭോ
നാരദൻവീണവായിച്ചുകിന്നര ചാരണവൃന്ദംനൃത്തമാടിച്ചെയ്യും
ഗന്ധർവ്വഗണംപാടിസ്തുതിക്കും തൃശ്ശിവപേരൂർവാഴുംശിവശംഭോ
വെള്ളിമാമലപോലെവിളങ്ങുന്ന വെള്ളക്കാളതന്നുത്തമകാന്തിയും
ഉള്ളിൽകാണാറാകേണംവിഭോനിത്യം തൃശ്ശിവപേരൂർവാഴുംശിവശം-
(ഭോ
ദക്ഷിണകൈലാസത്തിൽമരുവുന്ന സാക്ഷാൽബ്രഹ്മമായുള്ളഭവാനെ-
(ടെ
പക്ഷമാശ്രിതരിലെന്നായിത്തന്നെന്നെ തൃശ്ശിവപേരൂർവാഴുംശിവശംഭോ
ബ്രഹ്മാച്യുതന്മാർപണ്ടുകാലത്തിൽ താഴെയുംമീതെയുമന്വേഷിക്കയും
സംഭാവിച്ചുവാദിന്നസ്വരൂപമേ തൃശ്ശിവപേരൂർവാഴുംശിവശംഭോ
അന്ത്യകാലത്തിലന്തകാരാതേ ചന്തമേറുന്നതിരുശരീരത്തെ
മുന്നിലാമ്മാറുകാട്ടിത്തരേണമേ തൃശ്ശിവപേരൂർവാഴുംശിവശംഭോ
ശങ്കരശിവശംഭോമഹാദേവ ചന്ദ്രശേഖരയെന്നിത്തിരുനാമം
എപ്പോഴുംസ്തുതിപ്പിച്ചീടുവാൻതോന്നേണം തൃശ്ശിവപേരൂർവാഴുംശിവ-
(ശംഭോ!

ആരോഗ്യസംരക്ഷണം.

വിദ്യാവിധാനസുഖങ്ങൾക്കെല്ലാം അടിസ്ഥാനം ആരോഗ്യമാകുന്നു, ആരോഗ്യമില്ലാത്തവനു യാതൊരു സുഖവും വേണ്ടപോലെ അനുഭവിപ്പാൻ സാധിക്കുന്നതല്ലെന്നും, അതുകൊണ്ട് ഇതിനെ ഒരു

ക്കുന്നതാണ് മനുഷ്യന്റെ മുഖ്യമായ ധർമ്മമെന്നുമുള്ള സംഗതി ഏറെക്കുറെ എല്ലാവർക്കും നിശ്ചയമുള്ളതാണല്ലോ. ആരോഗ്യരക്ഷാമാർഗ്ഗത്തെ ശമനോപായം, നിവാരണോപായം എന്നിങ്ങിനെ വൈദ്യശാസ്ത്രത്തിൽ രണ്ടായി പറയുന്നുണ്ട്. ഇതിൽ ആദ്യത്തേതു ദീനം വന്നാൽ പരിഹരിപ്പാനുള്ള മാർഗ്ഗവും, രണ്ടാമത്തേതു ദീനം വന്നു പിടിപെടാതെ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗവുമാകുന്നു. ഇതിൽ രണ്ടാമത്തേതിന് ആദ്യത്തേതിനെക്കാൾ വളരെ അധികം പ്രാധാന്യം കൂടുന്നതാണ്. അപകടത്തിൽപ്പെട്ടു നിവൃത്തിമാർഗ്ഗം ആലോചിക്കുന്നതിനെക്കാൾ ആദ്യമേതന്നെ അതിൽപ്പെടാതെ സൂക്ഷിക്കുകയാണ് ഉത്തമമെന്നു പറയേണ്ടതില്ലല്ലോ. ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ നമുക്കു സുഖമായി ജീവിപ്പാനുള്ള ചില നിയമങ്ങളും ഏർപ്പെടുത്തിട്ടുണ്ട്. ആ വക നിയമങ്ങൾ ഊണ്, ഉറക്കം, വ്യായാമം മുതലായവയെസ്സംബന്ധിച്ചുള്ള ചില വ്യവസ്ഥകളാകുന്നു. ഇവയെ ശരിയായി അനുസരിച്ചു നടന്നാൽ നമുക്കു മിക്ക ദീനങ്ങളും വരാതെ കഴിക്കാം. നേരെമറിച്ച്, ഇവയെ ലംഘിച്ചാൽ തക്കശിക്ഷ അനുഭവിക്കാതെ ഒരിക്കലും കഴിയുന്നതുമല്ല. ഒരു സമയം രാജനിയമങ്ങളെ ലംഘിച്ചു നടന്നാലും ചിലപ്പോൾ ശിക്ഷ കിട്ടാതെ കഴിഞ്ഞു എന്നു വരാം. എന്നാൽ അതിക്രമണം കഴിച്ചവന്ന് ഈശ്വരദണ്ഡശിക്ഷ അനുഭവിക്കാതെ ഒരിക്കലും കഴിയുന്നതല്ല. അതുകൊണ്ട് ആരോഗ്യത്തെ ആഗ്രഹിക്കുന്നവരെല്ലാം മേൽപ്പറഞ്ഞ നിയമങ്ങളെ അനുസരിക്കുകയാണ് ഒന്നാമതായി ചെയ്യേണ്ടതെന്നു തെളിയുന്നു. എന്നാൽ ഈ വിഷയത്തിൽ നമ്മുടെ അജ്ഞതകൊണ്ടും അന്ധവിശ്വാസംമൂലമായും അശ്രദ്ധയാലും മററും പലവിധ വിഘ്നങ്ങളും വന്നുകൂടുന്നുണ്ട്. ദേഹപ്രകൃതിയൊന്നും നോക്കാതെ കണ്ണിൽക്കണ്ട സാധനങ്ങൾ ഓരോന്നു തിന്നും, കുടിച്ചും, വലിച്ചും, ശരീരം മുഴുവൻ കേടുവരുത്തി, വൈദ്യനും മരുന്നിന്നായി വളരെ പണം ചിലവുചെയ്തു, അവസാനം യാതൊരു നിവൃത്തിയും കിട്ടാതെ എത്രയോ ചെറുപ്പക്കാർ അകാലവാർദ്ധക്യത്തേയും അകാലമരണത്തേയും പ്രാപിക്കുന്നു! എന്നാൽ നവീനപരിഷ്കാരത്തിന്റെ പ്രചാരത്തോടുകൂടി ആരോഗ്യനിയമങ്ങളെ ശരിയായി അനുസരിച്ചു നടപ്പാൻ നിവൃത്തിയില്ലാത്തതായും, എന്നല്ല, പലപ്പോഴും ലംഘിച്ചു നടക്കേണ്ടതായുമുള്ള അവ

സരങ്ങൾ എത്രക്കുറെ വന്നുചേൎന്നിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എങ്കിലും ശരിയായ മുൻകരുതലോടുകൂടിയിരിക്കുന്നപക്ഷം കുറെയൊക്കെ ഭേദമുണ്ടാകുമെന്നുള്ളതിനു സംശയമില്ല. അതുകൊണ്ട് ഈ വിഷയത്തിൽ നാം ശ്രദ്ധവെക്കേണ്ടതായ ചില പ്രധാന സംഗതികളെക്കുറിച്ച് ഇവിടെ പ്രസ്താവിക്കുന്നത് ഒരിക്കലും അനാവശ്യമായിവരികയില്ലെന്നു വിശ്വസിക്കുന്നു. ഭക്ഷണം, നിദ്ര, വ്യായാമം, ശുചിത്വം, മനസ്സമാധാനം എന്നീ വിഷയങ്ങളെക്കുറിച്ചു മാത്രമാണ് തൽക്കാലം ഞാൻ ഇവിടെ പറയാൻ പോകുന്നത്.

എന്നാൽ ഈ വക പ്രസംഗങ്ങളിൽ ശുദ്ധവായു, ശുദ്ധജലം മുതലായ മറ്റു വിഷയങ്ങളെക്കൂടി സാധാരണ ഉൾപ്പെടുത്താറുണ്ടെന്നുള്ളതു ശരിതന്നെ. ആരോഗ്യത്തെസ്സംബന്ധിച്ചേടത്തോളം അവയ്ക്കു വളരെ പ്രാധാന്യമുണ്ടെന്നുള്ളതിനും സംശയമില്ല. പക്ഷെ മലയാളികളായ നമ്മളിൽ അധികം ആളുകളുടേയും പാൎപ്പും കാലക്ഷേപവും പരദേശങ്ങളിലെപ്പോലെ ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ഗ്രാമങ്ങളിലോ നഗരങ്ങളിലോ അല്ലാത്തതുകൊണ്ടും, ശുദ്ധവായുവും ശുദ്ധജലവും ഒരുവിധം സുലഭമായി കിട്ടുന്ന നാട്ടുപുറങ്ങളിലാകയാലും അവയിൽനിന്നുള്ള ദോഷങ്ങൾ കുറെ കുറവാണെന്നു കരുതി ആ വക വിഷയങ്ങളെ വിട്ട്, അധികം അപകടങ്ങൾ കണ്ടുവരുന്ന ഭക്ഷണം മുതലായ മേൽപ്പറഞ്ഞ ഏതാനും ചില വിഷയങ്ങളെ മാത്രം ഇവിടെ എടുത്തതാണെന്നുള്ള സംഗതി ആദ്യംതന്നെ പറഞ്ഞുകൊള്ളുന്നു. ഇനി ആദ്യത്തെ വിഭാഗമനുസരിച്ച് ഓരോ വിഷയങ്ങളേയും പ്രത്യേകം എടുത്തു വിവരിക്കുവാൻ ശ്രമിക്കാം.

ഭക്ഷണവും അതിന്റെ ഉപയോഗവും:— നമ്മുടെ ശരീരത്തിന്റെ പ്രവൃത്തിമൂലം അതിന്റെ ഓരോ അംശങ്ങളും എല്ലായ്പോഴും നശിച്ച് ഉപയോഗമില്ലാതായിത്തീരുകയും, ഉപയോഗമില്ലാത്തതായിത്തീൎന്ന ആ വക അംശങ്ങൾ മലം, മൂത്രം, വിയൎപ്പ്, ഉച്ഛ്വാസം എന്നിവയിൽ കൂടി പുറത്തു പോവുകയും ചെയ്യുന്നു. ഈ നാശത്തെ പരിഹരിക്കാനാണ് നാം ആഹാരം കഴിക്കുന്നത്. ഈ ക്ഷയത്തിനനുസരിച്ചു നാം അന്നപാനങ്ങൾ കഴിപ്പില്ലെങ്കിൽ ശരീരം നിലനില്ക്കുന്നതല്ല. ഇതിൽനിന്നു ഭക്ഷണത്തിന്റെ ഉപയോഗം ഇന്നതാണെന്നു ഒരുവിധം ചുരുക്കത്തിൽ മനസ്സിലാക്കാമല്ലോ.

സമയം: ഭക്ഷണത്തിനുള്ള സമയത്തെപ്പററിയാലോചിക്കുമ്പോൾ പ്രായം, ശീലം മുതലായ പല സംഗതികളും വിചാരിക്കേണ്ടതുണ്ടു്. എന്നാൽ വിശക്കുമ്പോൾ ഭക്ഷിക്കുക എന്ന പ്രകൃതിയെ അനുസരിക്കുന്നതു് എല്ലാവക്കും പററുന്ന ഒരു നിയമമാകുന്നു. പക്ഷെ പരിഷ്കൃതജീവിയായ മനുഷ്യന് ഇതിലും ഗൗരവമേറിയ പല കൃത്യങ്ങളും നിർവ്വഹിപ്പാനുള്ളതുകൊണ്ടു് എല്ലായ്പോഴും ഈ മാതിരി നിയമം സാധിച്ചുവെന്നു വരുന്നതല്ല. അതുകൊണ്ടു് ഓരോരുത്തരുടേയും ജീവിതസമ്പ്രദായമനുസരിച്ചു് ഒരു സമയം ക്ലിപ്തപ്പെടുത്തേണ്ടതായിവരും. വിശക്കുമ്പോൾ ഭക്ഷിക്കുക എന്ന പ്രകൃതിയെ മാറി ഭക്ഷണസമയത്തു വിശക്കുക എന്നാക്കിത്തീർക്കേണ്ടിവരും. പരിചയംകൊണ്ടു് ഈ മാതിരി കാര്യം നമുക്കു അനായാസമായും ഹിതമായും വരുത്താവുന്നതുമാണ്. മലയാളികളായ അധികം ആളുകൾക്കും പററുന്നതായ ഭക്ഷണസമയം കാലത്തു് ഏഴുമണിക്കും ഒമ്പതുമണിയോടുകൂടി ഒരു ഊണം, ഉച്ചനേരം എന്നതിലും ഒരു ചായപ്പലഹാരവും, അസ്തമിച്ചു് ഏകദേശം എട്ടുമണിയോടുകൂടി രാത്രിയിലെ ഭക്ഷണവുമായാൽ വലിയ വൈഷമ്യമൊന്നും ഉണ്ടാകുന്നതല്ലെന്നു തോന്നുന്നു. ഭക്ഷണം വയററിൽനിന്നു നീങ്ങുന്നതിനു മുമ്പായി മറെറാന്നും ഭക്ഷിപ്പാൻ പാടുള്ളതല്ല. വിശന്നിട്ടു ഭക്ഷിക്കാതിരിക്കുന്നതിനേക്കാൾ വിശപ്പു ഉണ്ടാകുന്നതിനു മുമ്പെ ഭക്ഷിക്കുന്നതുകൊണ്ടുള്ള ദോഷമാണു് അധികം വലുതായിട്ടുള്ളതെന്നു നാം എല്ലായ്പോഴും ഓർമ്മവെക്കണം. ദഹനം നല്ല ശരിയായിട്ടില്ലെന്നു തോന്നിയാൽ ഉണ്ണുവാനുള്ള സമയം വൈകിക്കുക, മാത്ര ചുരുക്കുക, പട്ടിണിയിടുക ഇങ്ങിനെ അവസ്ഥപോലെ കഴിച്ചാൽ വൈദ്യന്റേയും മരുന്നിന്റേയും സഹായം ഒട്ടുമധികം കൂടാതെ കഴിക്കാം. സാധാരണ നാം ഉണ്ണുകഴിച്ചാൽ പിന്നെ അഞ്ചു മണിക്കൂർ കഴിഞ്ഞേ എന്തെങ്കിലും കഴിക്കാവൂ എന്നാണു് വൈദ്യവിധി. ഇതിൽ നാലു മണിക്കൂർ ദഹനപ്രവൃത്തിക്കും, ഒരു മണിക്കൂർ വയറിന്റെ സ്വസ്ഥതയ്ക്കും ഉള്ള സമയമാണത്രേ. ഈവിധം നോക്കുമ്പോൾ നമ്മുടെ ഇപ്പോഴത്തെ ഇടവിടാതെയുള്ള കാപ്പിയും പലഹാരവും മററും ആരോഗ്യത്തിനു ചേർന്നതല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. 'അജീർണ്ണേ ഭോജനം വിഷം' എന്നുള്ള പ്രമാണം വളരെ സാരമായിട്ടുള്ളതാകുന്നു.

മാത്ര:— ഇതു പ്രായം ആരോഗ്യസ്ഥിതി ദേഹാദ്ധ്വാനം എന്നിവയെ അനുസരിച്ച് ഓരോരുത്തനിലും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. എങ്കിലും എല്ലാവൎക്കും പാലുന്നതായ ഒരു നിയമം വിശപ്പും ദാഹവും ശമിക്കുന്നതുവരെ കഴിക്കുക എന്നുള്ളതുതന്നെയാണ്. അതു ശമിച്ചാൽ പിന്നെ മേലും കഴിക്കയില്ലെന്നുള്ള ദൃഢനിശ്ചയമുള്ളവൎക്കു വലിയ ഉദരവ്യാധികളൊന്നും ഉണ്ടാവാൻ വഴിയില്ല. പക്ഷെ, അപത്ഥ്യം പ്രവൎത്തിപ്പാനുള്ള വാസന മനുഷ്യനു സഹജമായിട്ടുള്ളതാണ്. ഒന്നാമത് ആഹാരത്തിലുള്ള ആൎത്തിയെ— അല്ലെങ്കിൽ ആസക്തിയെ— ജയിപ്പാനുള്ള മനശ്ശക്തിയില്ലാത്തതുകൊണ്ടും, വയറു നിറയെ കഴിക്കുന്നതും പുറമെ ഓരോ സാധനങ്ങൾ കണക്കിലധികം കടത്തിവിടുന്നതും മറ്റും ദേഹത്തിനു വലിയ ഗുണമാണെന്നുള്ള തെറ്റിദ്ധാരണ മൂലമായും മറ്റും ഈ വിഷയത്തിൽ നമുക്കു വളരെ അബദ്ധങ്ങൾ വന്നുകൂടുന്നുണ്ട്. ഇതിനെ അമിതഭക്ഷണം കൊണ്ടു ദഹനേന്ദ്രിയത്തിനു സ്വതന്ത്രമായും സ്വയമായും പ്രവൎത്തിപ്പാനുള്ള ശക്തി ക്ഷയിച്ചുതുടങ്ങുകയും, മരുന്നിന്റെ സഹായം വേണ്ടിവരികയും, മരുന്നിനെ കുറെ കഴിയുമ്പോൾ ആ മരുന്നുകൊണ്ടും മതിയാകാതായിത്തീരുകയും, അവസാനം യാതൊരു നിവൃത്തിയും കിട്ടാതെ വലിയ ആപത്തിൽ ചെന്നു ചാടുകയും ചെയ്യുന്നതായ അനുഭവങ്ങൾ നമ്മുടെ ഇടയിൽ ഒട്ടും അപൂൎവ്വമല്ലല്ലോ. ഭക്ഷണത്തിന്റെ അളവല്ല നോക്കേണ്ടത്; അതു ദേഹത്തിൽ പിടിക്കുന്നുണ്ടോ എന്നാണ്. 'ഭക്ഷിപ്പാൻ ജീവിച്ചിരിക്കുകയല്ല; ജീവിച്ചിരിപ്പാൻ ഭക്ഷിക്കുകയാകുന്നു'. പണ്ടത്തെ ആളുകൾക്കുണ്ടായിരുന്ന ആരോഗ്യത്തിന്നും ദീൎഘായുസ്സിന്നുമുള്ള മുഖ്യകാരണം, അവരുടെ അന്നപാനാദികളിലുള്ള കൃത്യം ഒന്നു മാത്രമായിരുന്നു. നമ്മുടെ ആചാരങ്ങളിൽ ഓരോ വ്രതോപവാസാദികളും മറ്റും നിശ്ചയിച്ചിട്ടുള്ളതിന്റെ സാരം വെറും മതസംബന്ധമായ കാൎയ്യം മാത്രമല്ല; ആരോഗ്യത്തിന്റെ വലുതായ രഹസ്യവും അതിൽ അടങ്ങീട്ടുണ്ട്. ദേഹാദ്ധ്വാനം അധികം ചെയ്യുന്നവർ അധികം ഭക്ഷിക്കണമെന്നും, മനസ്സുകൊണ്ടു അധികം പണി എടുക്കുന്നവർ ഭക്ഷണത്തിൽ ചുരുക്കണമെന്നും കൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളുന്നു.

ഭക്ഷണസാധനങ്ങൾ:— ഈ കാൎയ്യത്തിലും കാലദേശാവസ്ഥ

കൾ ദേഹപ്രകൃതി ശീലം മുതലായ പല സംഗതികളും ആലോചിക്കേണ്ടതുണ്ട്. എന്നാൽ ദേഹപ്രകൃതിയെ അനുസരിച്ചു ശീലിക്കുന്നത് അധികമാളുകൾക്കും പറ്റുന്ന ഒരു നിയമമായി കരുതാം. രുചിയേയോ സ്വാദിനേയോ അനുസരിക്കുന്നത് അത്ര ഗുണമായിരിക്കയില്ല. എന്നാൽ നിത്യം ഒരേ മാതിരി ഭക്ഷണം ശീലിക്കാതെ ഓരോ ദിവസങ്ങളിലായി ഭക്ഷണസാധനങ്ങൾ മാറിമാറി ശീലിക്കുന്നതു പലർക്കും ഹിതകരമായി കാണാറുണ്ട്. ഷഡ്രസങ്ങളോടുകൂടി ഭക്ഷിക്കണമെന്നും, അതിൽതന്നെ മധുരം പ്രധാനമായിരിക്കണമെന്നുമെന്നു ആയുർവ്വേദവൈദ്യശാസ്ത്രത്തിലെ സാമാന്യവിധി. നമ്മുടെ നടപടിയും ഈ വിധിക്ക് ഏതാണ്ടു യോജിച്ചതാകയാൽ അതിനെപ്പറ്റി അധികം വിസ്തരിക്കുന്നില്ല. എന്നാൽ മാംസഭക്ഷണം നമ്മുടെ രാജ്യത്തിന്റെ ശീതോഷ്ണസ്ഥിതിക്കും മനുഷ്യന്റെ ദേഹപ്രകൃതിക്കും ബുദ്ധിക്കും ഒട്ടും ചേർന്നതല്ല. അതു ജന്തുക്കൾക്കു പറ്റിയതാണ്. അതു നമ്മെ മൃഗപ്രായന്മാരാക്കിത്തീർക്കും. അതിനാലാണ് പണ്ടുള്ള വിദ്വാന്മാരും വൈദികന്മാരും മാംസഭക്ഷണം തീരെ നിഷേധിച്ചിട്ടുള്ളത്. ആധുനികവൈദ്യന്മാരും ഇപ്പോൾ ഈ വിധം തന്നെ അഭിപ്രായപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഈ രാജ്യത്തിനു ചേർന്നതു സസ്യഭക്ഷണം തന്നെയാകുന്നു. അതിൽ ഏതെല്ലാം സാധനങ്ങളാണ് ദേഹത്തിനു പറ്റുന്നതെന്ന് അവരവർ തന്നെ പരീക്ഷിച്ചറിഞ്ഞു നടപ്പാൻ സാധിച്ചാൽ അത്ര നന്നായിട്ടു മറ്റൊന്നുമില്ല. അവനവന്റെ വൈദ്യൻ അവനവൻ തന്നെ ആയിരിക്കുന്നതാണ് ഉത്തമം.

പാനീയങ്ങൾ:— ഈ പ്രകരണത്തിൽ പാനീയങ്ങളെക്കുറിച്ചു രണ്ടുവാക്കു പറയുന്നത് ആവശ്യമായിരിക്കുമല്ലോ. ചായ, കാപ്പി, കൊക്കൊ, സോഡ, ലെമനേഡ്, പലതരത്തിലുള്ള മദ്യങ്ങൾ എന്നിങ്ങിനെ നാനാവിധത്തിലുള്ള കൃത്രിമപാനീയങ്ങൾ ഇപ്പോൾ നമ്മുടെ ഇടയിൽ കടന്നുകൂടീട്ടുണ്ട്. വൈദ്യശാസ്ത്രപ്രകാരം നോക്കുമ്പോൾ ഇതൊന്നും നമുക്ക് അത്ര ഹിതമായി കാണുമെന്നു തോന്നുന്നില്ല. എന്നാൽ ലോകഗതിയെ തടയാൻ അത്രവേഗത്തിൽ സാധിക്കുന്നതല്ലല്ലോ. അതുകൊണ്ടു ദോഷം ചുരുങ്ങിയതും നമുക്കത്യാവശ്യമായിത്തീർന്നിട്ടുള്ളതുമായവയെ മാത്രം സ്വീകരിക്കാം. എന്നാൽ

മദ്യം ദേഹത്തിനും ബുദ്ധിക്കും ഒരുപോലെ ദോഷകരമായിട്ടുള്ളതാകയാൽ അതു തീരെ ഉപേക്ഷിക്കേണ്ടതാണെന്നു പ്രത്യേകം പറയേണ്ട കഴിവില്ല. കാപ്പിയും ചായയും മറ്റും മിതമായി ഉപയോഗിച്ചാൽ അതുകൊണ്ടു വലിയ ദോഷമില്ലെന്നു പറയാം. എന്നാൽ ഇപ്പോഴത്തെ മാതിരിയിൽ സാപ്പാട്ടിനുപകരിച്ചു കാപ്പി കുടിച്ചു വയറു നിറയ്ക്കുന്ന സമ്പ്രദായം എത്രയധികം വലിയ ദോഷം തന്നെയാണെന്നുള്ളതിനു സംശയമില്ല. നിർദ്ദോഷങ്ങളായ പാനീയങ്ങൾ ശുദ്ധജലം, ചുക്കുവെള്ളം — എന്നുവെച്ചാൽ ചുക്കിട്ടു തിളപ്പിച്ച വെള്ളം — കഞ്ഞി മുതലായവയെക്കൊണ്ടു പാനീയത്തിന്റെ കാര്യം നിർവ്വഹിക്കുന്നതാണ് ഉത്തമമായിട്ടുള്ളത്. അമിതമായ സുഖാനുഭവം അവസാനം ദുഃഖകരമായിട്ടുള്ളതാണെന്നും അതുകൊണ്ടു നമ്മുടെ ജീവിതം മിതമായിരിപ്പാൻ ശ്രമിക്കേണ്ടതാണെന്നും ഈ പ്രകൃതത്തിൽ പറഞ്ഞുകൊള്ളുന്നു.

ഭക്ഷണസമ്പ്രദായം:— ആരോഗ്യത്തെ സംബന്ധിച്ചേടത്തോളം ഭക്ഷണസമ്പ്രദായവും വളരെ പ്രധാനമായിട്ടുള്ളതാണ്. ഭക്ഷണസാധനങ്ങൾ നല്ലവണ്ണം വേവിച്ചും കടിച്ചുചവച്ചും കഴിക്കേണ്ടതാണെന്നുമാത്രമല്ല, വൃത്തിയുള്ളതായിരിക്കയും വേണം. ഭക്ഷണസമയത്തു വലിയ ആലോചനകൾ ഒന്നും ചെയ്യാതെ മനസ്സിനു സ്വസ്ഥതയും സന്തോഷവും അത്യാവശ്യമായിട്ടുള്ളതാകുന്നു. ഇഷ്ടമുള്ള സാധനങ്ങൾ, ഇഷ്ടജനങ്ങൾ ഒന്നിച്ചിരുന്ന്, ഇഷ്ടമുള്ള ആളുകൾ തെയ്യാറാക്കി തന്നു കഴിക്കേണമെന്നുള്ള വാക്ക് വളരെ ശരിയായിട്ടുള്ളതാണ്. ഭക്ഷണത്തിന്റെ അവസ്ഥയെ അനുസരിച്ച് അതിനുശേഷം കുറെനേരത്തെ വിശ്രമം അത്യാവശ്യമായിട്ടുള്ളതാകുന്നു. ഈ വക സംഗതികൾ ഭക്ഷണപ്രവൃത്തിക്ക് അത്യാവശ്യമായിട്ടുള്ളതാകയാൽ ഇതിൽ എല്ലാവരും പ്രത്യേകം മനസ്സിരുത്തേണ്ടതാണെന്നു പറഞ്ഞുകൊള്ളുന്നു.

നിദ്രയും അതിന്റെ ഉപയോഗവും:— നമ്മുടെ ഇന്ദ്രിയങ്ങൾക്കും മനസ്സിനും എപ്പോഴും പണിയെടുപ്പാൻ ശേഷിയില്ല. പ്രവൃത്തിയെ അനുസരിച്ച് അവയ്ക്കു കുറെ വിശ്രമം ആവശ്യമാണ്. ഈ വിശ്രമമാണ് ഉറക്കം എന്നു പറയുന്നത്. അദ്ധ്വാനംകൊണ്ടു മനസ്സിന്റെയും ഇന്ദ്രിയങ്ങളുടെയും ശക്തിയും ഓജസ്സും ക്ഷ

യിച്ചുപോകുന്നു. ഈ ശക്തിക്ഷയത്തെ തീൎക്കുന്നതു ഗാഢനിദ്രകൊണ്ടാകുന്നു. 'തെക്കുള്ള കിണററിൽ പകൽസമയം വെള്ളം ക്രമേണ വററിപ്പോകുന്നതും രാത്രിയിൽ അതു പണ്ടത്തെ സ്ഥിതിയിൽ വന്നുകൂടുന്നതും' നാം കണ്ടിട്ടുണ്ടല്ലൊ. അതുപോലെ തന്നെ പകൽ മുഴുവൻ പ്രവൃത്തി എടുത്തു ക്ഷീണിച്ചിട്ടുള്ള നമ്മുടെ മനസ്സിന്നും ശരീരത്തിന്നും രാത്രിയിലെ ഗാഢനിദ്രകൊണ്ടു പുലരുമ്പോഴേക്കും ഒരു പുതിയ ശക്തിയും ഉന്മേഷവും ഉണ്ടാകുന്നു. അതുകൊണ്ടു ഉറക്കം പ്രകൃതിസിദ്ധമായിട്ടുള്ളതാണെന്നും, അതു വേണ്ടതുപോലെ ഇല്ലാതെ പോയാൽ അതിൽനിന്നു പല ഉപദ്രവങ്ങളും അനുഭവിക്കേണ്ടതായിവരുമെന്നും തെളിയുന്നുണ്ടല്ലൊ. ഉറക്കമൊഴിച്ചാൽ ദേഹത്തിന്നും മനസ്സിന്നും തളൎച്ച, തലതിരിച്ചൽ, മടി, ദീപനക്ഷയം, ശോധനക്കുറവു മുതലായ പല ഉപദ്രവങ്ങളും ഉണ്ടാകുന്നതിന്നു പുറമെ, ഈ വിഷയത്തിൽ അതിയായ ഉപേക്ഷ കാണിച്ചാൽ കാഴ്ചകേടു, ചിത്തഭ്രമം തുടങ്ങിയുള്ള മഹാവ്യാധികൾകൂടി വന്നുകൂടുവാനിടയുണ്ടു. എന്നാൽ ആവശ്യത്തിൽ അധികം ഉറങ്ങുന്നതും ആരോഗ്യത്തിന്നു ഹാനികരമാണെന്നു പ്രത്യേകം ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു.

എത്രനേരം ഉറങ്ങണം:— എത്ര നേരമുറങ്ങണമെന്നുള്ള കാൎയ്യത്തിൽ പ്രായം, ദേഹം മുതലായ പല സംഗതികളും ആലോചിക്കേണ്ടതുണ്ടു. എന്നാൽ ക്ഷീണം തീരുന്നതുവരെ ഉറങ്ങുക എന്നുള്ളതു പരക്കെ സ്വീകരിക്കാവുന്ന ഒരു നിയമമാണു്. സാധാരണ യൌവനമുള്ള ആളുകൾ പതിനാറുനാഴികയിൽ ചുരുങ്ങാതെയും പതിനെട്ടു നാഴികയിൽ കവിയാതെയും ഉറങ്ങണമെന്നാണു് പറയപ്പെടുന്നതു്. എന്നാൽ കുട്ടികൾ, വൃദ്ധന്മാർ, ദുൎബ്ബലന്മാർ, സ്ത്രീകൾ, ദേഹംകൊണ്ടും മനസ്സുകൊണ്ടും അധികം അദ്ധ്വാനമുള്ളവർ, ഇവൎക്കൊക്കെ അധികം ഉറക്കംവേണ്ടതാണു്. ദേഹാദ്ധ്വാനത്തെക്കാൾ മനഃക്ലേശം ചെയ്യുന്നവൎക്കു ഉറക്കം അധികം വേണമെന്നും പ്രത്യേകം ഓൎമ്മവെക്കണം. സൂക്ഷ്മത്തിൽ മനസ്സിന്റെ ശ്രമപരിഹാരമാണു് ഉറക്കമെന്നു പറയാം. അതിനാൽ മനസ്സുകൊണ്ടു് അധികം പ്രവൃത്തി എടുക്കുന്നവർ ഉറക്കത്തിൽ അധികം ശ്രദ്ധ വെക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലൊ.

സമയം:—സകലജീവികൾക്കും ഉറക്കത്തിന്നു ദൈവം അനുവ

ടിപ്പിട്ടുള്ള സമയം രാത്രിതന്നെയാകുന്നു. പകലുറക്കം സാമാന്യേന ദോഷമായിട്ടുള്ളതാണെന്നുള്ളതിനു സംശയമില്ല. എങ്കിലും ദേഹസ്ഥിതി ശീലം മുതലായവയെ അനുസരിച്ച് ഈ വിധിയെ ഏറെക്കുറെ ഭേദപ്പെടുത്തേണ്ടതായി വരും. ശിശുക്കൾ വൃദ്ധന്മാർ ഇങ്ങിനെയുള്ളവർക്ക് എല്ലാ കാലത്തും, ഉഷ്ണകാലത്ത് എല്ലാവർക്കും പകലുറക്കം ഏറക്കുറെ ആവശ്യമായിത്തീരും.

സുഖനിദ്രക്കുള്ള മാർഗ്ഗങ്ങൾ:— സുഖനിദ്രക്കാവശ്യമായ സംഗതികളിൽ കൃത്യസമയം, മിതഭക്ഷണം, നിർവ്വിചാരം മുതലായവയാകുന്നു മുഖ്യമായിട്ടുള്ളവ. സമയം തെറ്റിയാൽ ഉറക്കം സുഖമാവാത്ത ആളുകൾ നമ്മുടെ ഇടയിൽ ധാരാളം കാണാറുണ്ടല്ലോ. വയറു നിറയെ ആഹാരം കഴിച്ച് ഉടനെ കിടന്നാലുണ്ടാകുന്നതാണ് ചില ദുഃസ്വപ്നങ്ങളും മറ്റും കണ്ടുവരുന്നത്. മിതമായി ആഹാരം കഴിച്ച രണ്ടു മണിക്കൂറെങ്കിലും വിശ്രമിച്ചതിന്റെ ശേഷമായിരിക്കണം കിടക്കുന്നത്. അല്ലാത്തപക്ഷം അതു ദഹനത്തിനും ഉറക്കത്തിനും തടസ്ഥമായിത്തീരുന്നതാണ്. രാത്രി എട്ടുമണിക്ക് അത്താഴം കഴിക്കുക, പത്തുമണിക്കു കിടക്കുക, കാലത്ത് ആറുമണിക്ക് എഴുന്നീല്ക്കുക എന്നുള്ള നിയമം നമ്മുടെ ഇടയിൽ അധികം ആളുകൾക്കും പറ്റുന്നതായിരിക്കും. മനോരാജ്യംകൂടാതെ ഇരിക്കുന്നത് ഉറക്കത്തിന് എത്രയോ അത്യാവശ്യമായിട്ടുള്ളതാകുന്നു. വേറെ എത്രതന്നെ അനുകൂലസംഗതികൾ ഉണ്ടായാലും മനോരാജ്യത്തിൽ പെട്ടുപോയാൽ പിന്നെ ഉറക്കം വരാൻ വളരെ പ്രയാസമായിരിക്കുമല്ലോ. 'വ്യാപാരശാല പൂട്ടുന്നതോടുകൂടി വ്യാപാരവിചാരങ്ങളെയും പൂട്ടണ'മെന്നാണ് ഒരാൾ ഈ വിഷയത്തിൽ തന്റെ സ്നേഹിതനോടു ഉപദേശിച്ചിട്ടുള്ളത്.

വിശ്രമം:— ഈ പ്രകരണത്തിൽ തന്നെ വിശ്രമത്തെക്കുറിച്ചുകൂടി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. യാതൊരു വിശ്രമവും കൂടാതെ ദേഹംകൊണ്ടും മനസ്സുകൊണ്ടും എല്ലായ്പോഴും അദ്ധ്വാനിക്കുന്നത് ആരോഗ്യത്തിനു വളരെ ദോഷകരമായിട്ടുള്ളതാകുന്നു. പണിയുടെ അവസ്ഥപോലെ കുറച്ചുനേരം ഒരു വിശ്രമം എല്ലാവർക്കും കഴിച്ചുകൂടാത്തതാണ്. പ്രതിപദം, പ്രദോഷം മുതലായ ദിവസങ്ങളെ നാം അനദ്ധ്യായദിവസങ്ങളായി നിശ്ചയിച്ചിട്ടുള്ളതും, പാഠശാലകൾക്കു ക

ദൈനികവിഷയം മററും ആഴ്ചതോറും മാസംതോറും കൊല്ലംതോറും ഓരോ കഴിവുകാലങ്ങളെ നിയമിച്ചിട്ടുള്ളതും ഈവിധമായ ഉദ്ദേശത്തെ മാത്രം അടിസ്ഥാനമാക്കിയാകുന്നു. എന്നാൽ ഇതിനെ കേവലം സാധകമായിരിക്കുന്നതിനും പുറമെ, മാറിമാറി പ്രവൃത്തി എടുക്കുന്നതും ഒരുവിധം വിശ്രമമാണെന്നുതന്നെ പറയാം. വായിച്ചു മനസ്സു ക്ഷീണിച്ചിരിക്കുന്ന സമയം കുറച്ചു ദേഹാഭ്യാസം ചെയ്കയും, അഭ്യാസിച്ചു ദേഹം ക്ഷീണിച്ചിരിക്കുന്ന സമയം കുറച്ചു വായിക്കുകയോ ചെയ്യുന്നതു ചിലപ്പോൾ ഒരു ആശ്വാസകരമായി തോന്നാറിട്ടുണ്ട്. അതുകൊണ്ട് അധികം പ്രവൃത്തി എടുക്കുന്നവർ ഈവക കാര്യത്തിൽ പ്രത്യേകം ശ്രദ്ധവെക്കേണ്ടതാണെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

(തുടരും)

എ. നാരായണൻ ഭട്ടതിരിപ്പാട്.

നിരുക്തം.

(൧)

ജീവാത്മാവിനും പരമാത്മാവിനും തമ്മിൽ ഐക്യസിദ്ധിയോ സാമ്യപ്രാപ്തിയോ ആണ് മോക്ഷമെന്നു വിചാരിക്കുക. ഈ മോക്ഷപ്രാപ്തിയാണു പരമപുരുഷാർത്ഥമെന്നു സിദ്ധവാദികളാകുന്നു. ദേവതാപ്രസാദംകൊണ്ട് ദുർവാസനയെ നിർമ്മൂലനം ചെയ്തു, ധർമ്മവിഷയമായ വാസനകൾ ചിത്തത്തിൽ സ്ഥിരപ്രതിഷ്ഠ കൊടുക്കുക, എന്നിവകൂടാതെ മുക്തിലാഭമുണ്ടാവുന്നതല്ലല്ലോ. ഈ നിയമം രാമായണത്തിലുള്ള പാത്രങ്ങളുടെ അവസ്ഥയെപ്പററി ചിന്തിക്കുക തന്നെ. സമുദ്രത്തെ സംസാരമായും, സാഗരമദ്ധ്യത്തിലുള്ള ലങ്കയെ ശരീരമായും, ലങ്കയുടെ അധിപനായ രാവണനെക്കുറിച്ചിരിക്കുന്നതാമെ രജോഗുണം, തമോഗുണം, സത്വഗുണം എന്നിവയിലെ അഹങ്കാരമായും, രാവണന്റെ പത്തു ശിരസ്സുകളെ രജോഗുണാധീനങ്ങളായ പത്ത് ഇന്ദ്രിയങ്ങളായും, സീതാദേവിയെ ജീവാത്മാവായും, ശ്രീ

രാമനെ പരമാത്മാവായും, ഇവരുടെ അന്യോന്യം ഒന്നിച്ചു ചേരൽ മുക്തിയായും വിചാരിക്കണം. ജീവാത്മാവിനെ പരമാത്മാവിങ്കൽ നിന്നു വേൎപിരിച്ച് അന്യരാശികളുടെ ശരീരത്തിന്ന് അധീനമാക്കിത്തീൎക്കുന്നതു രജോഗുണവും അതിന്റെ ചാൎച്ചവഴിക്കുള്ള ചേതോവികാരങ്ങളുമാകുന്നു എന്നുള്ള പരമാൎത്ഥത്തെ നാം സീതാപഹരണത്തിൽനിന്നു ഗ്രഹിക്കുന്നു. ശരീരാധീനനായിരിക്കുന്ന ജീവാത്മാവിനെ വീണ്ടും പരമാത്മാവിനോട് ഒന്നിച്ചു യോജിപ്പിക്കണമെങ്കിൽ, ഒരു മഹാസമരം വേണ്ടിവരുമെന്നും, ഈ സമരത്തിൽ ഉഭയപക്ഷേ, ഈശപ്രതിനിധികളായിരിക്കുന്ന ദേവതകളും, അനിഷ്ടങ്ങളുമായ കാമക്രോധാദികളും, പങ്കുകൊള്ളേണ്ടിവരുമെന്നും, ഈ രണ്ടു സംഗതികളെ നമുക്ക് രാമരാവണയുദ്ധവും, ഈ യുദ്ധത്തിൽ ഏൎപ്പെട്ടവരും പഠിപ്പിക്കുന്നു. പ്രഹസ്തൻ, അതികായൻ ഇത്യാദികളുടെ നാമധേയങ്ങളെ ആലോചിച്ചാൽ രാവണന്റെ ഭാഗത്തിലുള്ളവർ രജോഗുണത്തിന്റെ ചാൎച്ചവഴിക്കുള്ളവരാണെന്നു അറിയാം. സത്വഗുണപ്രധാനനായ വിഭീഷണൻ മാത്രം മറ്റെ ഭാഗത്തിൽ ചേൎന്നു. ബുദ്ധിപ്രകാശത്തെ ഉണ്ടാക്കുന്ന ആദിത്യന്റെ പുത്രനായിരിക്കുന്ന സുഗ്രീവനാണ് വാനരരാജാവ്. അതാതു വസ്തുക്കളെ യഥോചിതം വേണ്ടിടങ്ങളിലേക്കു കൊണ്ടുപോകുന്ന അഗ്നിയുടെ പുത്രനായിരിക്കുന്ന നീലനാണ സേനാധിപൻ. ദേഹശക്തി ഇന്ദ്രന്റെ കാൎയ്യമാണല്ലോ. ദേഹശക്തികൊണ്ടു ചോരത്തിളപ്പുണ്ടാവുമ്പോൾ, അന്യായകൃത്യങ്ങളെ പ്രവൃത്തിക്കാറുണ്ട്. എങ്കിലും ശരീരബലം അത്യാവശ്യമാണെതാനും. ഈ അഭിപ്രായത്തെ, ഇന്ദ്രപുത്രനായിരിക്കുന്ന ബാലിയുടെ വധവും തൽപുത്രനായ അംഗദനെ സ്വീകരിക്കലും വെളിവാക്കുന്നു. സുഗ്രീവൻ, നീലൻ, അംഗദൻ ഈ മൂന്നു പാത്രങ്ങളും, ബാലിവധവും അഗ്ന്യാദി തേജസ്സുകളുടെ സാമൎത്ഥ്യങ്ങളെയാണ് പഠിപ്പിക്കുന്നത്. മനോമാഹാത്മ്യം വളരെ ആലോചിപ്പാനുണ്ട്. ഇന്ദ്രതേജസ്സിന്റെ ഒരു ആകാരഭേദമാണ വായു. വായുവിന്റെ പുത്രനും ആദിത്യന്റെ ശിഷ്യനുമാണല്ലോ ഹനുമാൻ. അതുകൊണ്ട് ആദിത്യൻ, വായു ഈ തേജസ്സുകളൊന്നിച്ചുചേരുന്ന ഒരു ശക്തിവിശേഷമാണ് ആഞ്ജനേയൻ. ഈ ശക്തി യോഗശക്തിയാകുന്നു. ബുദ്ധിയെ വേദാന്തത്തിൽ ഉപയോഗിച്ചു പ്രാണായാ

ന്നം യോഗസിദ്ധിക്കു മുഖ്യകാരണമാകുന്നു. യോഗസിദ്ധികൊണ്ടാണ് ജീവാത്മാവിന്റെ അവസ്ഥയെ അറിയുന്നത്. സമുദ്രത്തെ ലംഘിച്ചു ലങ്കയിൽ ചെന്നു സീതാദേവിയുടെ കഷ്ടസ്ഥിതികളെ ഹനുമാനാണല്ലൊ ആദ്യം അറിഞ്ഞത്. ഇതുകളെക്കൊണ്ടു യോഗശക്തിയാകുന്നു ഹനുമാൻ എന്നു വിചാരിക്കാം. ഇനിയും ദേവപുത്രന്മാരായിരിക്കുന്ന അനവധി ഹരികേസരികളെ നാം രാമായണത്തിൽ കാണുന്നുണ്ട്. ഇതുകളെക്കുറിച്ചെല്ലാം ഇവിടെ ചിന്തിക്കുവാൻ സാധിക്കുന്നതല്ല. രാമായണത്തിൽ ഇന്ദ്രപുത്രനായ ബാലിയെ ഹനിച്ചു സൂര്യസുതനായ സുഗ്രീവനെ രാജാവാക്കുന്നതും, ഭാരതത്തിൽ ആദിത്യസുതനായ കൎണ്ണനെ വധിപ്പിച്ച് ഇന്ദ്രപുത്രനായ അൎജ്ജുനനെ വിജയിയാക്കുന്നതും, നാം ചിന്തിക്കണം. കുന്തി കന്യകയായിരിക്കുമ്പോൾ ആണ് കൎണ്ണനെ പ്രസവിച്ചതെന്ന് ഓൎമ്മവെച്ചാൽ ഇതിന്നു സമാധാനം കിട്ടും.

വേദോക്താദിദേവതകൾക്കും പുരാണപാത്രങ്ങൾക്കും അന്യോന്യം സംബന്ധമുണ്ടെന്നും, ഈ സംബന്ധമാലോചിക്കുന്നേടത്തോളം വെളിവാവുന്നതാണെന്നും, വായനക്കാർ ഓൎമ്മവെച്ചാൽ നന്ന്. ഇതിഹാസപുരാണങ്ങൾ ദേവതകളുടെ സ്വരൂപങ്ങളെ മനസ്സിലാക്കിത്തരിക മാത്രമല്ല ചെയ്യുന്നത്. ചരിത്രസംബന്ധമായ ചില വാസ്തവങ്ങളെയും നാം ഇതുകളിൽനിന്നു പഠിക്കുന്നു. മേഘം ഇടിമിന്നൽ മേഘധ്വനി ഇതുകളെപ്പററി ഋഷിമാർ ആശ്ചൎയ്യപ്പെടുന്നതും സ്തുതിക്കുന്നതും നാം വേദത്തിൽ കാണുന്നുണ്ട്. എന്നാൽ ഇതുകളുടെ താല്പൎയ്യം ഇതാകുന്നു: മേഘം, വൎഷം, വൎഷപാതം, ധാന്യോല്പത്തി ഇങ്ങിനെ ചില കാൎയ്യങ്ങൾ, മൂന്നു ലോകങ്ങളിലും വസിച്ചുകൊണ്ടിരിക്കുന്ന ദേവന്മാർ, മനുഷ്യർ, തിൎയ്യക്കുകൾ ഇതുകളുടെയും മററും അന്യോന്യപ്രവൃത്തികളെക്കൊണ്ടുണ്ടാവുന്നവകളും അന്യോന്യോപകാരത്തിന്നായി പൎയ്യവസിക്കുന്നവകളും ആകുന്നു. അതായതു വൎഷാദികാൎയ്യങ്ങൾ സമഷ്ടിയുടെ പ്രവൃത്തികൊണ്ടുണ്ടാവുന്നതും സമഷ്ടിയുടെ ഉപയോഗത്തിന്നുവേണ്ടി പൎയ്യവസിക്കുന്നതും ആകുന്നു എന്നൎത്ഥം. സമഷ്ടിക്കു പ്രത്യേകം ചില കാൎയ്യങ്ങളുള്ളതുപോലെ വ്യഷ്ടികൾക്കും ചില പ്രത്യേകകാൎയ്യങ്ങളുണ്ട്. ഇപ്രകാരം വ്യഷ്ടിക്കും സമഷ്ടികൾക്കും വേണ്ട കാൎയ്യങ്ങളെ ചെയ്തുകൊണ്ടിരിക്കുന്ന അഗ്ന്യാദി

തേജോവിശേഷങ്ങളിലുള്ള കാൎയ്യാധിക്യംകൊണ്ടായിരിക്കാം മഹൎഷിമാർ ഈ തേജോവിശേഷങ്ങളുടെ കാൎയ്യങ്ങളായിരിക്കുന്ന പക്ഷാദികളെ അറിഞ്ഞിരിക്കുന്നത്. അല്ലെങ്കിൽ വേറെ ഒരു വിധത്തിലും വിചാരിക്കാം: ഒന്നുമറിയാത്ത ജഡങ്ങളായ പ്രകൃതിശക്തികളുടെ കവിതകളിൽ യാതൊരു രസവും ഉണ്ടാകുന്നതല്ല. വിദ്വാന്മാർ, കവികളുടെ മധുരവചനങ്ങളെ ആലോചനയാകുന്ന ജിഹ്വകൊണ്ട് ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ, മറ്റൊന്നിനെയും വിസ്മരിക്കുന്നു. ഇതുപോലെ ലൗകികബുദ്ധി മേഘം, വൎഷം ഇത്യാദികളെ കണ്ട് ആശ്ചൎയ്യപ്പെടത്തക്കവിധത്തിലുള്ള ഉൽകൎഷത്തെ പ്രാപിച്ചിട്ടില്ലെന്നും മഹൎഷിമാരുടെ ബുദ്ധി ഈ ഉൽകൎഷത്തെ പ്രാപിച്ചിട്ടുണ്ടെന്നും വിചാരിക്കാം. ഈ മൂന്നു ദേവന്മാരും സൎവ്വത്ര വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇവരും സ്വസ്വകാൎയ്യങ്ങളെ ഏഴു രശ്മികളുടെ സഹായത്താൽ നടത്തുന്ന ഏഴോ ഏഴുരശ്മികളോടുകൂടി നടത്തുന്ന ഏഴോ പറയാം. ഈ രശ്മികൾ സൎവ്വദാ പരന്മാൎക്കുവേണ്ടി മറ്റോ കാൎയ്യങ്ങളെ ചെയ്തുകൊണ്ടിരിക്കുന്നു എന്നു പറയുന്ന മന്ത്രത്തിൽ ഒന്നാണ് ഇത്: "സ്ത്രിയസ്സതീസ്താ ഉമേ പുംസ ആഹുഃ പശ്യദക്ഷണ്വാന്ന വിചേതദന്ധഃ കവിര്യഃ പുത്രഃ സ ഈമാചികേത യസ്താ വിജാനാത് സ പിതുഷ്പിതാസത്" (ഋഗ്വേദം) അൎത്ഥം:- "പരന്മാൎക്കുവേണ്ടി സൎവ്വദാ പ്രവൃത്തികളെ ചെയ്യുന്നതുകൊണ്ട് ഈ രശ്മികളെ സ്ത്രീകൾ എന്നു പറയാം. പക്ഷെ താൻ ഈ പ്രവൃത്തികളിൽ യാതൊരു സ്വാൎത്ഥത്തെ അപേക്ഷിക്കാത്തതുകൊണ്ട് പുരുഷന്മാർ എന്നും പറയാം. ഈ രശ്മികളെ ഏവനാണോ അറിയുന്നത് അവനാണ് കണ്ണുള്ളവൻ. ഇവറ്റകളെ അറിയാത്തവനാണ് അന്ധൻ. മകൻ ഈ രശ്മികളെ അറിയുന്നുവെങ്കിൽ അവൻ ഒരു പുത്രനായിരുന്നാലും അവനെ പിതാവിന്റെ പിതാവായി വിചാരിക്കണം." ഈ ഏഴു രശ്മികളുടെ വിവിധക്രിയാവൈചിത്ര്യത്താൽ ഓരോരോ വസ്തുവിന്റെ അവയവങ്ങളിലും ഏഴുവിധമായ ബന്ധങ്ങളും ഏഴുവിധമായ ചലനങ്ങളുമുണ്ടാവുന്നു. ഈ ഏഴുവിധബന്ധങ്ങളെയാണ് നാം സപ്തധാതുക്കൾ എന്നു വിചാരിക്കുന്നത്. ധാതുക്കളായി തീരുവാൻ പോകുന്ന വസ്തുക്കളിൽ അതാതു ധാതുക്കളായിത്തീരുന്നതിന് ഉചിതങ്ങളായ ഏഴുവിധം ചലനങ്ങളുണ്ടാവുന്നു. ഈ ചലനങ്ങളാണ് സപ്തസിന്ധുക്കൾ. ഭാഗവതാദി

കളിൽ കാണുന്ന സപ്തപർവ്വതങ്ങളും (പർവ്വതം=പർവ്വമുള്ളത്, പർവ്വം=ബന്ധം) സപ്തസിന്ധുക്കളും (സിന്ധു=സ്യന്ദനം, ചലനവിശേഷം) സമഷ്ടിയുടെ എല്ലാവിധമായ ബോധവും ചലനവും ആകുന്നു. സമഷ്ടിക്കുള്ളതെല്ലാം വ്യഷ്ടികൾക്കുള്ളതിനാൽ, ഈച്ച, എറുമ്പ് ഇത്യാദി പ്രാണികളിലുംകൂടി സപ്തപർവ്വതങ്ങളും, സപ്തസിന്ധുക്കളും ഉണ്ട്. ഈ രശ്മികൾതന്നെയാണ സപ്ത ഋഷികൾ. ഏഴ് എന്ന സംഖ്യക്കു പ്രാധാന്യം ഈ രശ്മികളെക്കൊണ്ടുണ്ടായതാണ്. ഞരമ്പുകൾ ദേഹമാസകലം വ്യാപിച്ചിരിക്കുന്നതുപോലെ ഈ രശ്മികൾ ലോകത്തിലുള്ള സർവ്വപദാർത്ഥങ്ങളെയും വ്യാപിച്ചു ബന്ധിക്കുന്നു. ഇങ്ങിനെയുള്ള ഏഴു രശ്മികളുടെ സഹായത്തോടുകൂടിയാണു, സർവ്വത്ര വ്യാപിച്ചുകൊണ്ടിരിക്കുന്ന അഗ്ന്യാദിദേവതകൾ സ്വസ്വകാര്യങ്ങളെ നടത്തിക്കൊണ്ടുവരുന്നത്. ഇതാണ നൈരുക്തസിദ്ധാന്തം. പക്ഷേ യാസ്കൻ പൌരാണികന്മാരുടെ അഭിപ്രായങ്ങൾക്കു അവകാശം കൊടുക്കുന്നുണ്ട്.

കാമരൂപത്വാവയവങ്ങളോടുകൂടി ഇന്ദ്രാദിദേവതകളെ സ്തുതിക്കുന്നതു വേദത്തിലും പുരാണത്തിലും കാണുന്നതുകൊണ്ടു ഈ ദേവതകളെ മനുഷ്യരെപ്പോലെ ശരീരങ്ങളോടുകൂടിയവരായി വിചാരിക്കാം. നാം കാണുന്നവയായ ആദിത്യമണ്ഡലം, ജ്വാലാസമേതനായ അഗ്നി, നഭോമണ്ഡലത്തിൽ മേഘങ്ങളോടൊന്നിച്ചു ശോഭിക്കുന്ന വിദ്യുത്, ഇവകളെത്തന്നെ അഗ്ന്യാദിദേവകളായി വിചാരിക്കുന്നതായാലും വിരോധമില്ല. നമ്മുടെ ദൃഷ്ടിക്കു ഗോചരങ്ങളാകുന്ന ആദിത്യമണ്ഡലാദികൾ അതാതു ദേവതകളുടെ ശരീരങ്ങളാണെന്നും ഈ ശരീരങ്ങൾക്കു പ്രാണികളുടെ ശരീരങ്ങൾക്കു എന്നപോലെ ആത്മാക്കളുണ്ടെന്നും ഈ ആത്മാക്കളാണ ദേവതകൾ എന്നും, ഇങ്ങിനെയും ഒരു മതമുണ്ട്. ഇപ്രകാരം പലവിധത്തിൽ ദേവതകളുടെ സ്വരൂപങ്ങളെ യാസ്കൻ പറഞ്ഞിട്ടുണ്ട്. ദേവതാസ്വരൂപങ്ങളെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ വാസ്തവമാണോ എന്ന് ആലോചിക്കണം. വീട്, വൃക്ഷം ഇങ്ങിനെ നാം കാണുന്ന വസ്തുക്കളുടെ ആകൃതിയെപ്പറ്റി ഏകാഭിപ്രായമേ ഉണ്ടാകുന്നുള്ളു. ഈശ്വരന്റെ ആകൃതിയെപ്പറ്റിയാകട്ടെ ഓരോരോ ശാസ്ത്രപ്രവർത്തകന്മാർ ഓരോരോ വിധത്തിൽ വർണ്ണിച്ചുകാണുന്നു. ശാസ്ത്രപ്രവർത്തകന്മാരായ ആചാര്യന്മാർ നമ്മെ തെറ്റിദ്ധരിപ്പിക്കുന്നു എന്നല്ല നാം ഇതിൽനി

ന്നു തീൎച്ചയാക്കേണ്ടത്. ഈശ്വരൻ സൎവ്വസ്വരൂപിയായതുകൊണ്ട് അദ്ദേഹത്തിന്റെ സ്വരൂപത്തെ ഏതുവിധത്തിൽ പറഞ്ഞാലും തെററാവില്ലെന്നാണ് സകല ശാസ്ത്രങ്ങളുടേയും തത്വം. ഈ വാസ്തവത്തെ യാസ്കൻ നിരുക്തത്തിൽ (ആത്മാ സൎവ്വം ദേവസ്യ ദേവസ്യ) ഇത്യാദി വാക്യങ്ങളെക്കൊണ്ടു സ്പഷ്ടമായിപ്പറഞ്ഞിട്ടുണ്ട്. അഗ്നി, ഇന്ദ്രൻ, ആദിത്യൻ ഈ മൂന്നു തേജസ്സുകളുടെ പ്രവൃത്തികളേയും സ്വരൂപങ്ങളേയും പറഞ്ഞുവല്ലൊ. സോമൻ, വരുണൻ ഇങ്ങിനെ അനവധി ദേവതകൾ വേദത്തിൽ കാണപ്പെടുന്നുണ്ട്. ഇതുകളെപ്പററിയും അല്പം അറിയണമല്ലൊ.

മുമ്പു കാണിച്ച അഗ്ന്യാദിദേവതകളിൽ മററു സകല ദേവതകളും അന്തൎഭവിക്കുമെന്നാണ് നിരുക്തസിദ്ധാന്തം. ചില ദേവതകൾ അഗ്നിയിലും മററു ചിലതു വേറെ രണ്ടിലും ഈവിധത്തിലാണ് അഗ്ന്യാദിദേവതകളിൽ അന്യദേവതകളുടെ അന്തൎഭാവം. ഇന്നത് ഇന്നതിൽ അന്തൎഭവിക്കുമെന്നു പ്രത്യേകിച്ച് അറിയണമെങ്കിൽ ദൈവതികനിഘണ്ടുവിൽനിന്നു നിരുക്താനുസാരേണ അറിയാവുന്നതാണ്. ഒരു ദേവത മറെറാരു ദേവതയിൽ അന്തൎഭവിക്കുമെന്നു പറയുന്നതിന് ഇതാണ് അൎത്ഥം: ഒരു ദേവതയെപ്പററിയുള്ള പൎയ്യായശബ്ദങ്ങളുടെ അനേകാൎത്ഥങ്ങൾ പലതുമായിരിക്കും. ഇതിൽ ഒരു ശബ്ദത്തിന്റെ അവയവാൎത്ഥം ഏതായിരിക്കുന്നുവോ ആ അൎത്ഥത്തെ മറെറാരു ദേവത ചെയ്തുകൊണ്ടിരിക്കുമ്പോൾ ആ ശബ്ദംകൊണ്ട് ആ ദേവതയെ പറയാം. ഉദാഹരണം— വരുണന് ഇന്ദ്രനിലാണ് അന്തൎഭാവം. വരുണപദത്തിന്റെ അൎത്ഥം വെള്ളംകൊണ്ട് ആകാശത്തെ മറയ്ക്കുന്നവൻ എന്നാണ്. (വൃണോതീതി സതഃ) ഇന്ദ്രശബ്ദത്തിന്റെ അൎത്ഥം ധാന്യങ്ങളെ പിളൎക്കുന്നവൻ എന്നാകുന്നു. "ഇരാം ദൃണാതി തി" മേഘംകൊണ്ട് ആകാശത്തെ ആച്ഛാദിച്ചതായ ഒരു തേജസ്സു വരുണശബ്ദംകൊണ്ടു പറയപ്പെടുന്നു. ഈ തേജസ്സു തന്നെ, ധാന്യാദികളെ വേറെ രണ്ടാക്കി പകുത്തിരിക്കുമ്പോൾ അതിനെ പിളൎക്കുന്നതുകൊണ്ട്, ഇന്ദ്രനായിത്തീരുന്നു. ഇങ്ങിനെ ശബ്ദങ്ങളുടെ അവയവാൎത്ഥങ്ങളെ ആലോചിച്ച് ഇന്ദ്രനേയും വരുണനേയും ഒന്നാക്കന്നാപക്ഷം അഗ്നിയേയും ഇന്ദ്രനേയും ഒന്നാക്കുന്നതിന് എന്താണ് വിരോധം എന്നൊരു സംശയം ജനിക്കാം. അനേക ദേവതകൾ മൂ

സവിധമാണെന്നും ഇതുകളിൽ മററു ദേവതകൾക്ക് അന്തർഭാവമാണെന്നും നിയതസിദ്ധാന്തമാകുന്നു എന്ന മാത്രമേ ഈ സംശയത്തിന്ന സമാധാനമുള്ളൂ. പൌരാണികന്മാരുടെ സിദ്ധാന്തത്തെ അനുസരിച്ച് യാസ്കൻ ഇന്ദ്രനേയും വരുണനേയും ഭിന്നദേവതകളായി പറയുന്നില്ലെന്നില്ല. മന്ത്രങ്ങളെ വ്യാഖ്യാനിക്കുന്ന അവസരത്തിൽ യാസ്കൻ പല ലോകതത്വങ്ങളേയും ഉപദേശിക്കുന്നു എന്നു മുമ്പു പറഞ്ഞുവല്ലൊ. ഉദാഹരണത്തിന്നുവേണ്ടി ഒന്നോ രണ്ടോ കാണിക്കുന്നു.

കത്തിക്കൊണ്ടിരിക്കുന്ന ദീപം കെടുമ്പോൾ അതു നശിക്കുന്നു എന്നാണ് പൊതുവിൽ വിചാരിക്കപ്പെടുന്നത്. ഇതു തീ നശിക്കുന്നില്ലെന്നും, ഇതു ജലം, പൃഥ്വി ഇത്യാദികളിൽ ലയിക്കുകയാണെന്നും "കാരണമാണ്ണോ പരാഭവം" എന്ന മന്ത്രവ്യാഖ്യാനത്തിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. വൃക്ഷാദികളുടെ ചുവട്ടിൽ എറുമ്പുകൾ മട ഉണ്ടാക്കുകയും ഈ മടയിൽനിന്ന് മണ്ണെടുത്ത് അതിന്റെ ചുറവും കൂട്ടുകയും ചെയ്യാറുണ്ടല്ലൊ. ഇങ്ങിനെ കൂട്ടിയുള്ള മണ്ണ് അല്പം നനവോടുകൂടിയതായി കാണാറുള്ളത്. ഈ നനവിന്നുള്ള കാരണം വമ്ര്യഃ (എറുമ്പുകൾ) എന്ന പദവ്യാഖ്യാനത്തിൽ പറയപ്പെട്ടിരിക്കുന്നു. "വമ്ര്യൈവമനാൽ" നിരുക്തവാക്യം. ദുർഗ്ഗാചാര്യന്റെ വ്യാഖ്യാനം. "താഃഹിമന്ത്രഭൂതകം കൃതാഭിരാർദ്രം ഭവതി" എന്നർത്ഥം — എറുമ്പുകൾ ഛർദ്ദിക്കുന്നതുകൊണ്ടാണ് മണ്ണ് ആർദ്രമായിത്തീരുന്നത്. ഇങ്ങിനെ ചില ലോകതത്വങ്ങളെ പറയുന്നതിന്ന പുറമെ ഇന്ത്യയിൽ പണ്ടുകാലങ്ങളിൽ ഉണ്ടായിരുന്ന പല ആചാരസമ്പ്രദായങ്ങളെയും സ്മൃതികളേയും വേദങ്ങളേയും ഉള്ള സംബന്ധത്തേയും യാസ്കൻ കാണിക്കുന്നുണ്ട്. ഇതുകളെ എല്ലാം പറ്റി ഒരു ഉപന്യാസത്തിൽ എഴുതുവാൻ പ്രയാസമാണ്. ഈ ഉപന്യാസം തന്നെ സാമാന്യത്തിലധികം വലുതായിരിക്കുന്നു എന്നാണ് തോന്നുന്നത്. പക്ഷെ നിരുക്തം വായിച്ചിട്ടുള്ളവർ ഈ ഉപന്യാസത്തെ ഭേദത്തിലധികം ദീർഘമായിട്ടില്ലെന്നായി വിചാരിക്കില്ലെന്ന വിശ്വാസത്തോടുകൂടി തൽക്കാലം വിരമിക്കുന്നു.

വരവൂർ കപ്ലിങ്ങാട്ട നാരായണൻ ഭട്ടതിരി.

"പ്രേതമോ മനുഷ്യനോ?" *

(ഒരു ചെറുകഥ.)

I

"റാണിഹട്ട്"ത്തിലെ ജന്മിയായ "ശാരദാശങ്കര"ന്റെ ഭവനത്തിലുണ്ടായിരുന്ന വിധവയ്ക്കു് അവളുടെ പിതൃകുടുംബക്കാരായ ബന്ധുക്കൾ ആരും ഉണ്ടായിരുന്നില്ല. ഓരോരുത്തരായി എല്ലാവരും മരിച്ചുപോയി. ഭർത്തൃകുടുംബത്തിൽ അവളുടെ സ്വന്തം എന്നു പറയുവാൻ ആരും ഉണ്ടായിരുന്നില്ല. അവൾക്കു ഭർത്താവും പുത്രനും ഇല്ല. അവളുടെ ഭർത്തൃസഹോദരനായ 'ശാരദാശങ്കര'ന്റെ കുട്ടിയായിരുന്നു അവളുടെ ഓമന. ആ കുട്ടിയെ പ്രസവിച്ചശേഷം വളരെ കാലത്തേക്കു് അതിന്റെ അമ്മ അത്യന്തം ദീനത്തിൽ പെട്ടു. വിധവയായ "കാദംബിനി"യാണ് അതിനെ വളർത്തിക്കൊണ്ടു പോന്നത്. ഒരു സ്ത്രീ മറ്റൊരാളുടെ കുട്ടിയെ വളർത്തുന്നതായാൽ അവൾക്കു് അതിനോടുള്ള വാത്സല്യത്തിനു പതിന്മടങ്ങു ശക്തിയുണ്ടായിരിക്കും. കാരണം, അവൾക്കു് ആ കുട്ടിയുടെ മേലിൽ യാതൊരു അവകാശവും ഇല്ല; യാതൊരു രക്തബന്ധവുമില്ല; കേവലം സ്നേഹവാത്സല്യത്തിന്റെ അവകാശം മാത്രമേയുള്ളു. സ്നേഹത്തിനു സമുദായം സ്വീകരിക്കുന്ന എന്തെങ്കിലും ഒരു രേഖമൂലം അതിന്റെ അവകാശത്തെ സ്ഥാപിക്കുവാൻ സാധിക്കയില്ല; അതു തെളിയിക്കുവാൻ ആഗ്രഹവുമില്ല. അത് അതിന്റെ വിഷയമായതും ആരുടെ എന്നു നിശ്ചയമില്ലാത്തതുമായ അമൂല്യരത്നത്തെ ദ്വിഗുണീഭവിച്ചതായ ആസക്തിയോടുകൂടി ആരാധിക്കുക മാത്രം ചെയ്യുന്നു. ഇങ്ങിനെ ആ വിധവയുടെ തടയപ്പെട്ടതായ സ്നേഹശക്തി മുഴുവനും ആ കുട്ടിയുടെ നേർക്കു തിരിഞ്ഞു. ശ്രാവണമാസത്തിൽ ഒരു രാത്രി "കാദംബിനി" പെട്ടെന്നു കാലഗതിയെ പ്രാപിച്ചു. എന്തോ കാരണവശാൽ അവളുടെ ഹൃദയത്തിന്റെ സ്പന്ദനം ശമിച്ചു. നാലുപുറവും ഉള്ള ലോകം അതിന്റെ യഥാക്രമമുള്ള ഗതിയെ നിർവ്വഹിച്ചു. സ്നേഹപരിപൂർണ്ണമാ

---

* ഈ ചെറുകഥ സർ. രവീന്ദ്രനാഥടാഗോർ എഴുതിയതാകുന്നു.

യ കാദംബിനിയുടെ അതിസൌന്ദര്യമായ ചെറുപ്പത്തിൽ മാത്രം സാധാരണ ഗതിക്ക് വിപ്ലവം നേരിടുകയും അവളുടെ 'കാദംബരികൾ' എന്നന്നേയ്ക്കുമായി നിലച്ചുപോവുകയും ചെയ്തു.

പോലീസുകാർ നാനാവശ്യമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കാതിരിക്കുന്നതിനായവരെ സഹിക്കയാലിന്റെ നാലു ബ്രാഹ്മണരൊത്തുകൂടി പ്രത്യേകം വിധിയുടെ ശവം അനുസരിക്കാതെ ആ മൃതശരീരത്തെ ദഹിപ്പിക്കാനായിട്ട് ഉടനെതന്നെ നീക്കംചെയ്തു. 'മണിമുത്ത്'തിലെ ശ്മശാനഘട്ടം ഗ്രാമത്തിൽനിന്ന് ചുരുക്കം ദൂരെയായിരുന്നു. ഒരു കുളത്തിനരികെ ഒരു ചെറുകുടിലും സമീപത്ത് ഒരു വടവൃക്ഷവും അല്ലാതെ ആ പ്രദേശത്ത് എന്തും കാണ്മാൻ ഉണ്ടായിരുന്നില്ല. പണ്ട് ആ നിലത്തിൽകൂടി ഒരു പുഴ ഒഴുകിയിരുന്നു. പിന്നീട് അതിന്റെ ഗതി തിരിയുകയും അകലേക്കു വഴിതെറ്റിപ്പോവുകയും ചെയ്തു. അതിലൊരു ഭാഗം ഉൽകൃഷ്ടകർമ്മങ്ങളുടെ ആവശ്യത്തിലേക്കു വെട്ടിത്താഴ്ത്തി ഒരു കുളമാക്കിത്തീർത്തിരുന്നു. ഇന്നും ആ കുളത്തെ പഴയ നദിയുടെ തന്നെ ഒരു ഭാഗമായി വിചാരിച്ച് ആരാധിച്ചുപോന്നു.

മൃതശരീരത്തെ വഹിച്ചിരുന്നവരെല്ലാവരും അതിനെ ആ കുടിലിൽ എത്തിച്ചു ശവദാഹത്തിനു വേണ്ടതായ വിറക് വരുന്നതിനു കാത്തിരുന്നു. കാത്തുകാത്ത് അക്ഷമരായി തീർന്ന് അവരിൽ രണ്ടുപേർ വിറക് വരാത്തത് എന്തുകൊണ്ടെന്നന്വേഷിക്കുവാൻ പുറപ്പെട്ടു. 'നിതായി'യും 'ഗുരുചരണ'നും അങ്ങിനെ പോയപ്പോൾ 'വിധു'വും 'ബനമാലി'യും ശവം കാത്തുകൊണ്ടിരുന്നു.

ശ്രാവണമാസത്തിലെ ഇരുട്ടുള്ള ഒരു രാത്രിയായിരുന്നു. നക്ഷത്രങ്ങൾ തെളിയാത്ത ആകാശവീഥിയിലെല്ലാം കാർമേഘപടലങ്ങൾ തിങ്ങിയിരുന്നു. കുടിലിലെ പ്രകാശമില്ലാത്ത മുറികളിൽ മൃതശരീരത്തിനോടുകൂടി രണ്ടുപേരും മൌനമായിരുന്നു. അവരുടെ തീപ്പെട്ടികൊണ്ടും വിളക്കുകൊളുത്തും ഫലമുണ്ടായില്ല. തീപ്പെട്ടി നനഞ്ഞതായിരുന്നു. അവരെത്ര പ്രയത്നിച്ചിട്ടും അത് കത്തിയില്ല. വിളക്ക കെട്ടുപോകുകയും ചെയ്തു. വളരെ നേരം മിണ്ടാതിരുന്ന ശേഷം അതിലൊരാൾ, 'ചങ്ങാതീ! ഒന്നു പുകവലിക്കാൻ കിട്ടിയെങ്കിൽ നന്നായിരുന്നു. ധൃതിയിൽ നാം അത് എടുക്കുവാൻ മറന്നുപോയി' എന്നു പറഞ്ഞു.

"ഞാൻ ഓടിപ്പോയി വേണ്ടതെല്ലാം എടുത്തുകൊണ്ടുവരാം," എന്നു കൂട്ടുകാരൻ മറുപടി പറഞ്ഞു.

'ബാണമാലി' പോകുവാൻ ആഗ്രഹിച്ചതിന്റെ കാരണം 'വിധു' ധരിച്ചു. (ശ്മശാനഭൂമി ഏകാന്തമായുള്ള സ്ഥലമാകയാൽ പേടിച്ചാണ് പോകുവാനാഗ്രഹിച്ചത്) "അതുകൊള്ളില്ല! ഞാൻ തന്നെ താൻ ഇവിടെ ഇരിക്കണം അല്ലോ." എന്നു മറുപടി പറഞ്ഞു.

സംഭാഷണം വീണ്ടും അവസാനിച്ചു. ഇരുവരും നിശ്ശബ്ദരായി. അഞ്ചുമിനിട്ട് ഒരു മണിക്കൂറുപോലെ തോന്നി. വിറക് കൊണ്ടുവരുവാൻ പോയ കൂട്ടരെ അവർ മനസ്സുകൊണ്ടു ശപിച്ചു. അവർ ഇരുവരും വല്ല സ്ഥലത്തും ചെന്നിരുന്നു വെടിപറയുകയായിരിക്കണമെന്ന് അവർ സംശയിച്ചു. ഇടവിടാതെ തവളകളും കുളക്കരയിലുള്ള ചീവീടുകളും കരയുന്നതിന്റെ ശബ്ദമല്ലാതെ മറ്റൊന്നും ഒരനക്കവും ഒച്ചയും ഉണ്ടായിരുന്നില്ല. പെട്ടെന്ന്, മൃതശരീരം തന്നെത്താൻ ഒരു ഭാഗത്തേക്ക് തിരിഞ്ഞുകിടക്കുമ്പോഴുള്ളതുപോലെ, ശവം കിടന്നിരുന്ന പായ ചലിക്കുന്നതായി അവർക്കു തോന്നി. 'വിധു'വും 'ബാണമാലി'യും പേടിച്ചു വിറച്ചുകൊണ്ട് 'രാമ, രാമ, രാമ' എന്നു ജപിക്കുവാൻ തുടങ്ങി. മുറിയിൽനിന്ന് ഒരു ദീർഘനിശ്വാസം കേട്ടു. ഒരു നിമിഷത്തിനുള്ളിൽ കാവൽക്കാർ കുടിലിൽനിന്നു പേടിച്ചു പുറത്തു ചാടി, ഗ്രാമത്തിലേക്കു കുതിച്ചു ഓടി.

മൂന്നു നാഴിക അകലെ ഓടിയപ്പോൾ അവരുടെ ചങ്ങാതിമാർ ഒരു റാന്തലും കയ്യിൽ വരുന്നതു കണ്ടു. വാസ്തവത്തിൽ, അവർ ഒന്നു പുകവലിക്കാൻ തന്നെയാണ് പോയിരുന്നത്. വിറകുകാര്യത്തെപ്പറ്റി അവർക്ക് യാതൊരു വിചാരവുമുണ്ടായിരുന്നില്ല. എങ്കിലും, വിറകിനുള്ള മരം മുറിച്ചിട്ടിട്ടുണ്ടെന്നും വെട്ടിക്കീറിക്കഴിഞ്ഞാൽ ഉടനെ അതെടുത്തു കൊണ്ടുവരാമെന്നും അവർ ഉറപ്പിച്ചു പറഞ്ഞു. 'വിധു'വും 'ബാണമാലി'യും കുടിലിൽ വെച്ചുണ്ടായ സംഗതികൾ അവരെ അറിയിച്ചു. 'നിതായി'യും 'ഗുരുചരണ'നും ആ കഥ കേട്ട് അവരെ പുച്ഛിക്കുകയും സ്ഥലം വിട്ടു പോന്നതിനു കലശലായി ശാസിക്കുകയും ചെയ്തു.

താമസിക്കാതെ, അവർ നാലുപേരും കുടിലിലേക്കു മടങ്ങി. കുടിലിൽ പ്രവേശിച്ചപ്പോൾ, ദഹിപ്പിക്കുവാൻ കൊണ്ടുവന്ന മൃതശരീരം

അവിടെനിന്നു പോയിരിക്കുന്നു എന്ന് അവൾ മനസ്സിലായി. ഒരു വെറും പായ മാത്രം അവിടെ കിടന്നിരുന്നു. അവർ പരിഭ്രമിച്ച് അന്യോന്യം മുഖത്തോടുമുഖം നോക്കി. വല്ല കുറുക്കനും വലിച്ചുകൊണ്ടുപോയിരിക്കുമോ? എന്നാൽ വസ്ത്രത്തിന്റെ ഒരു കഷണംപോലും അവിടെ എങ്ങും കാണാൻ ഇല്ലല്ലോ. പുറത്തു കടന്നു നോക്കിയപ്പോൾ മുൻവശത്തു കൂട്ടിയിരുന്ന മണ്ണിൽ പുതുതായി ഉണ്ടായ ഒരു സ്ത്രീയുടെ മൃദുലങ്ങളായ കാലടികൾ അവർ കണ്ടു. ശാമളാശങ്കരൻ ഒരു വിഡ്ഢിയല്ലായിരുന്നു. വല്ല ചെകുത്താൻകഥകളും ചെന്നു പറഞ്ഞാൽ അദ്ദേഹം ചിരിക്കയും വിശ്വസിക്കയില്ല. അതുകൊണ്ട് ഇനി എന്തു വേണമെന്ന് അവർ നാലുപേരും കൂടി ആലോചിച്ചു. വളരെ വാദപ്രതിവാദങ്ങൾക്കു ശേഷം മൃതശരീരത്തെ യഥാക്രമം ദഹിപ്പിച്ചു എന്നു പറയുന്നതായിരിക്കും ഉത്തമം എന്നു തീർച്ചപ്പെടുത്തി.

സൂര്യോദയത്തോടുകൂടി വിറകുകാർ വന്നപ്പോൾ, അവർ വരുവാൻ വളരെ താമസിച്ചതുകൊണ്ട്, അവരെ കൂടാതെ തന്നെ കാര്യം നിവൃത്തിച്ചു എന്നും ഭാഗ്യവശാൽ കുടിലിൽ തന്നെ കുറെ വിറകുണ്ടായിരുന്നു എന്നും അവർ പറഞ്ഞു. മൃതശരീരം ആരെങ്കിലും കട്ടുകൊണ്ടുപോകുന്ന ഒരു വിലപിടിച്ച സാധനമല്ലാത്തതുകൊണ്ട് അതിനെപ്പറ്റി ആർക്കും സംശയമുണ്ടാകുവാൻ അവകാശമില്ലല്ലോ.

II

ജീവന്റെ യാതൊരു ലക്ഷണവും ഇല്ലാതിരിക്കുമ്പോൾപോലും, ചിലപ്പോൾ, ശരീരത്തിൽ സൂക്ഷ്മമായ ജീവശക്തി കുടുങ്ങി കിടപ്പുണ്ടായിരിക്കുമെന്നും, പ്രത്യക്ഷത്തിൽ മൃതപ്രായമായ ചില ശരീരത്തിനു രണ്ടാമതും ജീവൻ ഉണ്ടാകാമെന്നും എല്ലാവർക്കും അറിയാവുന്നതാണ്. 'കാദംബിനി' മരിച്ചിട്ടുണ്ടായിരുന്നില്ല. അവളുടെ ജീവയന്ത്രം എന്തോ സംഗതിവശാൽ, പെട്ടെന്നു ചലനരഹിതമായിത്തീർന്നിട്ടു ഉണ്ടായിരുന്നുള്ളൂ.

വീണ്ടും സുബോധമുണ്ടായപ്പോൾ, അവൾ, അവളുടെ നാലു ഭാഗത്തും നിബിഡമായ അന്ധകാരത്തെ കണ്ടു. അവളുടെ പതിവുള്ള സ്ഥലത്തല്ലാ കിടക്കുന്നതെന്ന് അവൾക്കു തോന്നി. അവൾ 'സഹോദരീ' എന്നു ഉറക്കെ വിളിച്ചു. കൂരിരുട്ടിൽ നിന്ന് ഉത്തരവും പുറപ്പെട്ടില്ല. അവൾ ഭയവിഹ്വലയായി എഴുന്നേറ്റിരുന്നു. അ

വരുടെ മരണശയ്യയും ഹൃദയഭാഗത്തു പെട്ടെന്ന് ഒരു വേദനയും പി ന്നീട് ഒരു പൊന്നുംകട്ടയും ഭാഗ്യദൗർലഭ്യവും ക്ഷമയും അവൾക്ക് കാ ണുന്നു. അവരുടെ സഹോദരി അപ്പോൾ കട്ടിലിന്റെ കാൽക്കൽ കൊടുങ്കാറ്റുപോലെയുള്ള പോലെ കാവൽക്കാരായിരുന്നു. “സഹോദരി! കട്ടിലിൽ ഇരുത്തട്ടെ കൊണ്ടു വരൂ. എനിക്ക് തീരെ സുഖമില്ല” എന്നു പൊന്നമ്മയോട് പറഞ്ഞുകൊ ണ്ടാണ് കാദംബരി ബോധശൂന്യയായി കട്ടിലിൽ വീണത്.

പിന്നീടുണ്ടായതൊന്നും അവൾക്ക് ഓർമ്മയില്ല. മയിലപ്പീലി ത ട്ടിമറിഞ്ഞുപോയ പുഷ്പംപോലെ അവരുടെ മാർദ്ദവം കാണപ്പെട്ടിരുന്ന “കാദംബരി”യുടെ ബോധശക്തിയും ഓർമ്മ ശക്തിയും — ലോകത്തിന്റെ സാക്ഷാൽ — ഒരു ക്ഷണ ത്തിൽ അപ്രത്യക്ഷമായിരുന്നു. നേരം കഴിഞ്ഞതിനുശേഷം അവരുടെ പ്രേമഭാജനമായ അച്ഛന്റെ സ്നേഹസമ്പൂർണ്ണമായ ഉദ്യാന ത്തിൽ അവരെ “മോളേ” എന്ന് ഉറക്കെ വിളിയായി വിളി ച്ചപ്പോൾ ഇല്ലായ്മ എന്നെങ്കിലും “കാദംബരി”ക്ക് കാ ണ്മാനായില്ല. അവളുടെ മരണത്തിനുള്ള മീഠലോ കത്തെ വിട്ട് ... ഇല്ലാത്തതും ആ യ മൃത്യുലോകയാത്ര അവൾ അപ്പോൾ ആ പരലോക ത്തേക്കു പോകുവാൻ ... പോലെയുള്ള സ്നേഹസമ്പൂർണ്ണമായ ഒരു സന്താനസംഗമം വേർപാടുസമയ ത്ത് അവളുടെ മാതാവായ കൃഷ്ണയോടു ലഭിച്ചിട്ടുണ്ടായിരി ക്കുമോ എന്നുകൂടി അവൾക്ക് തീരെ ഓർമ്മിക്കുവാൻ സാധിച്ചില്ല. സ്വബോധം വന്നപ്പോൾ ഉണർന്ന അവൾ ആ ലോകം നിശ്ശബ്ദമായ ലം, ഒന്നും കാണുവാൻ ഇല്ലാത്തതും, കേൾക്കാനില്ലാത്ത തും, പ്രവൃത്തിക്കാനില്ലാത്തതും, ശബ്ദമില്ലാത്ത ഒരു ശൂന്യ സ്ഥാനം മാത്രമായിട്ടുള്ള ആ യമലോകമാണെന്ന് അ വൾക്ക് ആദ്യത്തിൽ തോന്നിയിരിക്കണമെന്ന് ഞാൻ വി ചാരിക്കുന്നു. എന്നാൽ, തുറന്നുകിടക്കുന്ന വാതായനത്തിൽക്കൂടി ജ ലസമ്പർക്കമുള്ള ഒരു തണുത്ത കാറ്റ് അകത്തു പ്രവേശിക്കയും, പ ള്ളിയിലെ മണികളുടെ നിലവിളി കേൾക്കയും ചെയ്തപ്പോൾ അ വളുടെ മാനസഗതി പുതുതായി ആയിത്തീരുകയും, പുതിയ അവളുടെ ജീവകാലത്തിലെ വർഷങ്ങൾ ഓർമ്മയിൽ വരികയും അവൾക്കപ്പോഴും

ഇഹലോകസംബന്ധിതന്മാരാണെന്നുള്ള ധാരണ ദൃഢീഭൂതമായിത്തീരുകയും ചെയ്തു. അപ്പോൾ രാത്രിയായിരുന്നു. ചന്ദ്രന്റെ പ്രകാശത്താൽ സമീപത്തുള്ള കുളവും, അടുത്തുള്ള വടവൃക്ഷവും പഴയ കിടക്കുന്ന മൈതാനവും, ദൂരത്തുള്ള വൃക്ഷസമൂഹവും, അവൾ വിവരമായി കണ്ടറിഞ്ഞു. ചെറുപ്പകാല ദിവസങ്ങളിൽ അവൾ ആ പുഴയിൽ കളിക്കുവാൻ പോവാറുണ്ടെന്ന് ഓർമ്മവന്നു. തദ്ദിവസങ്ങളിൽ ആ ശ്മശാനസ്ഥലത്തുള്ള വല്ല ഭൂതപ്രേതാദികളും കണ്ടാൽ മരണം എത്രയും ഭയങ്കരമായിരിക്കുമെന്നു വിചാരിച്ച് അവൾ ഭയപ്പെടാറുണ്ട്.

അവളുടെ ആദ്യത്തെ വിചാരം സ്വഗൃഹത്തിലേക്ക മടങ്ങേണമെന്നായിരുന്നു. എന്നാൽ, പിന്നീടവൾ അതിനെപ്പറ്റി ആലോചിച്ചു: "ഞാൻ മരിച്ചവളാണ്. എനിക്ക് എങ്ങിനെ വീട്ടിലേക്ക മടങ്ങിച്ചെല്ലാം. ഞാൻ മടങ്ങി എത്തിയാൽ ആ കുടുംബക്കാർക്ക് അപമാനമായിത്തീരും. ഞാൻ പരലോകത്തേക്ക് യാത്ര പറഞ്ഞുകഴിഞ്ഞു. ഞാൻ ഒരു പ്രേതം മാത്രമാകുന്നു!" കൂടാതെ ഇപ്രകാരമല്ലായിരുന്നുവെങ്കിൽ, "ശവദാഹക"ന്റെ സുരക്ഷിതമായ അന്തഃപുരം വിട്ട് ഇത്ര അകലത്തുള്ള ശ്മശാനഭൂമിയിൽ ഈ അർദ്ധരാത്രിയിൽ പ്രത്യക്ഷപ്പെടുവാൻ അവൾക്ക് എങ്ങിനെ സാധിക്കുമായിരുന്നു എന്ന് അവൾ ആലോചിച്ചു. അവളുടെ ശവസംസ്കാരക്രിയകൾ കഴിഞ്ഞിട്ടുണ്ടായിരിക്കില്ലെങ്കിൽ, അവളുടെ മൃതശരീരം ദഹിപ്പിക്കുവാൻ ചുമന്നെടുത്തവർ ഇപ്പോൾ എവിടെ പോയിരിക്കുന്നു? അവർ ശവദാഹം കഴിച്ചു മടങ്ങിപ്പോയതായിരിക്കണം. ഇതിനെയെല്ലാമായിരുന്നു അവളുടെ ആലോചനയുടെ ഗതി. "ശവദാഹക"ന്റെ പ്രദേശിതമായ ഭവനത്തിൽ വെച്ചു കഴിഞ്ഞതായ അവളുടെ ചരമഘട്ടത്തെ കുറിച്ച് ഓർത്തപ്പോൾ, അവൾ ഇപ്പോൾ ദൂരത്തുള്ളതും, ജീവജാലങ്ങളാൽ ഉപേക്ഷിക്കപ്പെട്ടതും, അന്ധകാരമയമായതും ആയ ശ്മശാനഭൂമിയിൽ ഏകാകിനിയായിത്തീർന്നിരിക്കുന്നു എന്ന സംഗതി, അവൾ അറിഞ്ഞു. തീർച്ചയായും അവൾ ഇപ്പോൾ ഐഹികസംബന്ധങ്ങളിലെ ഒന്നിലേക്കും ഭാഗമല്ല. അവൾ ദുർനിമിത്തത്തിന്റെയും ശകുനപാതത്തിന്റെയും മൂർത്തിയായിരുന്നു. അവൾ അവളുടെതന്നെ പ്രേതമായിരുന്നു.

ഈ ധാരണയാൽ അവൾ ഇഹലോകത്തോട് ബന്ധിപ്പിച്ചിരുന്ന

സകല കെട്ടുകളും താനേ അഴിഞ്ഞുപോയി. അവൾക്ക് അപാരങ്ങളായ അത്ഭുതശക്തിയും, അപരിമിതമായ സ്വാതന്ത്ര്യവും, ഉണ്ടെന്നു തോന്നി. അവൾക്ക് ഇഷ്ടമുള്ളേടത്തു പ്രവേശിക്കുവാനും ഇഷ്ടമുള്ളേടത്തു പോകുവാനും സാധിക്കുമായിരുന്നു. ഈ പുതിയ സങ്കല്പത്തിൽനിന്നുണ്ടായ ആവേശത്താൽ മതിമറന്നവളായി അവൾ ഒരു കൊടുങ്കാറ്റിനെപ്പോലെ ഭയങ്കരയായി കട്ടിലിൽനിന്നു പുറത്തു ചാടി ശ്മശാനസ്ഥലത്തു ചെന്നുനിന്നു. ലജ്ജയുടെയോ, ഭയത്തിന്റെയോ, ഒരു ഛായപോലും അവളിൽ കാണപ്പെട്ടില്ല.

എന്നാൽ, നടക്കുന്തോറും അവളുടെ പാദങ്ങൾക്കു ശക്തി കുറയുകയും, ശരീരം ക്ഷീണിക്കുകയും ചെയ്തു. അതുകൊണ്ടവൾ അവസാനമില്ലാത്ത ചലനംകിടന്നിരുന്നു. ഇടയ്ക്കിടയ്ക്കു ശൈത്യവായുക്കൾ ഉണ്ടായിരുന്നു. ചിലപ്പോൾ അവൾ മിന്നൽപോലെ വേഗത്തിൽക്കൂടിയാണ് സഞ്ചരിച്ചിരുന്നത്.

അങ്ങനെയുള്ളതൊക്കെക്കൂടി ഉയർന്ന വീടുകളുടെ മേൽക്കൂര നില്ക്കുന്ന പട്ടിലിൻകൂട്ടങ്ങളിൽനിന്ന് കോട്ടാ പക്ഷികളുടെ കരച്ചിൽ കേട്ടു. അപ്പോൾ അവൾ ഭയത്തിന്നധീനയായി. ഈ ലോകത്തോടും, ജീവജാലങ്ങളോടും അവൾക്കുള്ള ബന്ധം ഒഴിഞ്ഞിരുന്നു എന്നു നിശ്ചയിക്കുവാൻ അവൾക്കു സാധിച്ചില്ല. അവൾ, വിസ്തൃതമായ ശ്മശാനഭൂമിയിലായിരുന്നപ്പോൾ, ശ്രാവണമാസത്തിലെ കുളിർട്ട് അവളെ ചുറ്റുമുണ്ടായിരുന്നപ്പോൾ, തീരെ ഗതിയില്ലാത്തവളും, പ്രേതഭൂമിവാസികളിൽ ഒരുവളും ആയിരുന്ന സ്വർഗ്ഗപ്രകാരവും, മനുഷ്യലോകത്തിലെ, അവളെ ഭയപ്പെടുത്താനാകിയിട്ടു അവൾ സ്വയത്തന്നെ ഭയപ്പെട്ടു. മഹാനദിയുടെ കരയിലുള്ള തീരങ്ങളിൽ നിവസിക്കുന്നവരായ മനുഷ്യരെ പ്രേതങ്ങളും അന്യോന്യം ഭയപ്പെടുന്ന കൂട്ടരാകുന്നു.

III

അവളുടെ വസ്ത്രങ്ങളിൽ ചേറുപുരണ്ടിരുന്നു. അസാധാരണങ്ങളായ അനുഭവങ്ങളാലും, നിദ്രാഭംഗത്താലും "കാദംബിനി" ഒരു ഉന്മത്തയെപ്പോലെയായിത്തീർന്നിരുന്നു. വാസ്തവത്തിൽ, അവളുടെ ആകൃതി നോക്കു കാണുന്നവർ പേടിക്കത്തക്കവിധത്തിലായിരുന്നു. കുട്ടികൾ അവളെക്കണ്ടാൽ കല്ലെറിയുകയോ,

വെടിപ്പോടുകൂടിയോ, ചെയ്തിരുന്നു. ഭാഗ്യവശാൽ അവരുടെ ആ ശ്രമം കണ്ടത് ഒരു വഴിപോക്കനാണ്. അയാൾ, അടുത്തുവന്ന് "അമ്മേ! നിങ്ങൾ ഒരു കലീനയാണെന്നു തോന്നുന്നു. എവിടേക്കാണ് ഈ വേഷത്തിൽ തനിച്ചായിട്ട് പോകുന്നത്" എന്നു ചോദിച്ചു. "കാദംബിനി" അയാളുടെ വിചാരംപോലെയാകുന്നു എന്നുകൊണ്ട് ഒരു സമാധാനം പറയുന്നതിന്ന് അശക്തയായി അയാളുടെ മുഖത്തേക്ക് തുറിച്ചുനോക്കി. അവൾക്ക് ഇഹലോകസംബന്ധമുണ്ടായിരുന്നു എന്ന് ഇനിയും വിശ്വസിക്കുവാൻ കഴിവുണ്ടായിരുന്നില്ല. അവൾ ഒരു കലീനയെപ്പോലെ കാണപ്പെടുന്നുണ്ടെന്നും, ഒരു വഴിപോക്കൻ അവളോടു ചിലതെല്ലാം ചോദിക്കുന്നുണ്ടെന്നും ധരിക്കുവാൻ അവൾക്ക് സാധിച്ചില്ല. ആ യാത്രക്കാരൻ വീണ്ടും "അമ്മേ! വരൂ! ഞാൻ നിങ്ങളെ വീട്ടിൽ കൊണ്ടുപോയാക്കാം. എവിടേയ്ക്കാണ് പോകേണ്ടത്" എന്ന് അവളോടു ചോദിച്ചു.

"കാദംബിനി" ചിന്താധീനയായി. ശ്വശുരഗൃഹത്തിലേക്ക് പോകുന്ന കാര്യം തീരെ അസംഭവ്യമായിരുന്നു. അവൾക്ക് പിതൃഗൃഹം ഉണ്ടായിരുന്നതും ഇല്ല. അവൾക്ക് അവളുടെ ബാല്യകാലത്തിലെ ഒരു സ്നേഹിതയെക്കുറിച്ച് അപ്പോൾ ഓർമ്മവന്നു. "യോഗമായ"യെ അവൾ ബാല്യംമുതൽക്കേ കണ്ടിട്ടില്ല. എങ്കിലും, അവർ തമ്മിൽ കത്തിടപാടുകൾ ഉണ്ടായിരുന്നതിനാൽ പലപ്പോഴും അവർ തമ്മിൽ വഴക്കുകളും പിണക്കങ്ങളും ഉണ്ടായിട്ടുണ്ട്. "കാദംബിനി"ക്ക് "യോഗമായ"യെ അപരിമിതമായ സ്നേഹമുണ്ടായിരുന്നു എന്നു "കാദംബിനി"യും "യോഗമായ" അനുഭവിച്ചിരുന്നതിനേക്കാളും സ്നേഹം "കാദംബിനി"ക്കില്ലെന്ന് "യോഗമായ"യും അന്യോന്യം വാദിച്ചു കലഹിക്കാറുണ്ട്. ഒരിക്കൽ കണ്ടുകിട്ടിയാൽ അന്യോന്യം പിരിയുവാൻ സാധിക്കയില്ലെന്ന് അവർക്ക് ഉത്തമവിശ്വാസമുണ്ടായിരുന്നു.

"ഞാൻ നിശ്ചിന്ദപ്പൂരിലുള്ള "ശ്രീപതി"യുടെ ഗൃഹത്തിലേക്കാണ് പോകുന്നത്" എന്നു "കാദംബിനി" തന്നോടു സഹതാപം തോന്നിയ ആ യാത്രക്കാരനെ അറിയിച്ചു.

"നിശ്ചിന്ദപ്പൂര്" കുറച്ചു ദൂരത്തല്ലെങ്കിലും ആ യാത്രക്കാരൻ പോകേണ്ടതായ "കൽക്കത്ത"യ്ക്കുള്ള വഴിമദ്ധ്യത്തിലായിരുന്നു. അതുകൊണ്ട്, അയാൾ "കാദംബിനി"യെ ശ്രീപതിയുടെ ഗൃഹ

ത്തിൽ കൊണ്ടാക്കുകയും ബാല്യത്തിൽ വേർപിരിഞ്ഞ ആ സ്നേഹിതകനെ വീണ്ടും കെട്ടിപ്പിടിക്കുകയും ചെയ്തു. ആദ്യത്തിൽ അവൾക്ക് അന്യോന്യം മനസ്സിലായില്ലെങ്കിലും, ക്രമേണ പള്ളിക്കാലത്തെ ഓർമ്മയ പിടിച്ച് ഇരുവരും പരസ്പരം ആശ്ലേഷം ചെയ്തു.

“ഹാ! എന്റെ ഭാഗ്യംതന്നെ! ഞാൻ നിന്നെ വീണ്ടും കാണുമെന്നു സ്വപ്നേപി വിചാരിച്ചിരുന്നില്ല. എന്തിനായിട്ടാണ് ഇവിടെ എത്തിച്ചേർന്നത്. ഇന്നുമുതൽ നിന്നെ തീർച്ചയായും ഇവിടെനിന്ന് അയക്കുവാൻ ഭാവമില്ല” എന്നിപ്രകാരം ശോശാമ്മ സന്തോഷത്തോടുകൂടി പറഞ്ഞു. കാർമ്മേലിൻ കുറെ നേരം മിണ്ടാതിരുന്ന ശേഷം, “സഹോദരീ! എന്റെ ഭർത്താവിന്റെ പിതാവിനെക്കുറിച്ച് എന്നോടൊന്നും ചോദിക്കരുത്. എനിക്ക് ഇവിടെ വല്ല ജോലിയും കഴിച്ചുകൂടാനാണ് മതി. എന്നെ ഇവിടത്തെ വേലക്കാരിയെപ്പോലെ കരുതിക്കൊള്ളണം. ഞാൻ നിന്റെ പണിയെല്ലാം എടുത്തുകൊള്ളാം,” എന്നു കൂടി പറഞ്ഞു. “എന്ത്! നിന്നെ ഒരു വേലക്കാരിയെപ്പോലെ വിചാരിക്കുകയോ? ഒരിക്കലുമില്ല. അത്? നീ എന്റെ ഉറ്റസ്നേഹിതയാണ്, നീ എന്റെ—” എന്നെല്ലാം ശോശാമ്മ തടുത്തു പറഞ്ഞു.

പുറത്തു പോയിരുന്ന ശ്രീപതി അപ്പോഴേക്കും വീട്ടിലേക്കു മടങ്ങിയെത്തി. കാർമ്മേലിന്റെ ആഗമനത്തിന്റെ നേരം കഴിഞ്ഞതിനാൽ ഇരിപ്പുറക്കാതെ. പിന്നെ രണ്ടു മിനിറ്റു, പുത്രിക പുറത്തുപോയി. അവൾ അവരുടെ ശബ്ദം കേട്ടിരുന്നില്ല. (വിധവ തല മൂടുകയായിരുന്നു). അതിനാൽ ശ്രീപതി, ലജ്ജയോടെ അവളെ പ്രവേശിപ്പിച്ചില്ല. കാർമ്മേലിന്റെ പ്രകൃതം കണ്ടു ശ്രീപതി ഭയന്നു. തന്റെ സ്നേഹിതയെ തിരിച്ചറിയുന്നതിനു മുമ്പുതന്നെ ശോശാമ്മ കാർമ്മേലിനെക്കുറിച്ച് ശ്രീപതിയോട് കാര്യങ്ങൾ വിവരിച്ചു പറയുവാൻ തുടങ്ങി. എന്നാൽ, ശോശാമ്മ പറഞ്ഞതെല്ലാം എളുപ്പം സമ്മതിക്കുവാൻ തയ്യാറുള്ള ശ്രീപതിയുടെ അടുക്കൽ നിന്നു വിവരങ്ങളൊന്നും അറിയപ്പെടുകയുണ്ടായില്ല. കഥ മുഴുവൻ കേൾക്കാതെ തന്നെ കാർമ്മേലിനെ സമ്മതിച്ചു. കഥ മുഴുവനാക്കുവാൻ സമ്മതിക്കാഞ്ഞതുകൊണ്ടു ശോശാമ്മയ്ക്ക് അല്പം പോലും വിഷമമുണ്ടായില്ലെന്നില്ല.

കാദംബരി സ്വഗൃഹത്തിൽ ചെന്നു താമസിച്ചിരുന്നു എങ്കിലും, അവർക്കു സ്നേഹിതയായ യോഗമായയ്ക്കും പഴയപോലെ എന്നെക്കാ യോജിപ്പാ ഇല്ലാതായിവന്നു. അവരുടെ രണ്ടുപേരുടെയും ഇടയ്ക്കു മറയാകുന്ന ഒരു ഭിത്തി ഉണ്ടായിരുന്നു. കാദംബരിയുടെ ജീവസന്ധാരണകാര്യം അവളെത്തന്നെ പരിഭ്രമിപ്പിക്കയും, സ്വഭാവം നികൃഷ്ടമായിത്തീരുകയും ചെയ്യുമ്പോൾ, അവർക്കു തന്നോടുള്ള ഉള്ളഴിഞ്ഞ സൗഹാർദ്ദം എങ്ങിനെ ഉണ്ടാകും! യോഗമായയെ പൂർണ്ണമായി സ്നേഹിക്കുന്നതിന് അവർക്കു സാധിച്ചില്ല. കാദംബരി യോഗമായയെ നോക്കി ചിന്താമഗ്നയായിരിക്കും. 'യോഗമായക്കു മതമുണ്ട്; അവർക്കു ഭിന്നകൃത്യങ്ങളുണ്ട്; അവർ എന്റെ ലോകത്തിൽനിന്നു വളരെ വിട്ടകന്ന ഒരു വ്യത്യസ്തലോകത്തിലാണ് വിഹരിക്കുന്നത്. അവർ ഉന്നതലോകവാസികളുടെ സ്നേഹവാത്സല്യങ്ങളിലും, കർത്തവ്യങ്ങളിലും പങ്കുകൊള്ളുന്നു. ഞാനാണെങ്കിൽ കേവലം പൊള്ളയായ ഒരു ഭോഗ്യം നിഴൽ ഭക്ഷിക്കുന്നു. അവർ ജീവിക്കുന്നവരിൽ ഒരുവളാണ്. ഞാൻ അതിതൃപ്തിയിൽ കഴിച്ചുപോരുന്നവളാണ്.' ഇപ്രകാരമായിരുന്നു കാദംബരിയുടെ ആലോചനകൾ.

യോഗമായയ്ക്കും ഏതാണ്ട് ഒരു അസ്വാസ്ഥ്യത തോന്നി. പക്ഷെ, കാരണമെന്താണെന്ന് അവർക്കുതന്നെ മനസ്സിലായില്ല. സ്ത്രീകൾക്ക് പുരുഷസമ്പർക്കത്തിൽ സ്വാതന്ത്ര്യം കുറയും. എന്തുകൊണ്ടെന്നാൽ, അതിൽ യഥാർത്ഥകവിതയും, ധീരതാത്തതയും, വിശാലവും ഇല്ലാതെ ഉണ്ടെന്നിരുന്നാലും അതിനെ സാധാരണമായ പ്രവൃത്തികളിൽ ചെലുത്തി ഉപയോഗിക്കുവാൻ അസാദ്ധ്യമാണ്. മനോവികാരങ്ങളെ സമഞ്ജസിപ്പിക്കപ്പെടുവാൻ പറ്റാത്ത മനസ്സുകാര്യങ്ങളെപ്പറ്റി വിചിന്തനം ചെയ്യുവാൻ സ്ത്രീകൾ ഇഷ്ടപ്പെടുകയില്ല. തന്നിമിത്തം, അവർക്ക് ഇന്നതാണെന്നു മനസ്സിലാക്കുവാൻ കഴിയാത്തതായ വല്ല കാര്യവുമുണ്ടായാൽ സ്ത്രീകൾ സാധാരണയായി അതിനെ ഒന്നുകിൽ തീരെ നശിപ്പിക്കുവാനോ, അല്ലെങ്കിൽ വിസ്മരിക്കുവാനോ ശ്രമിക്കും. അല്ലാത്തപക്ഷം, ഉപയോഗപ്രദമായ തരത്തിൽ അതിന് ഒരു പുതിയ പരിണാമം വല്ലതും വരുത്തും. ഇതൊന്നും സാദ്ധ്യമല്ലാതെ വരുന്ന ദിക്കിൽ, സ്ത്രീകളുടെ ക്ഷമയും ശാന്ത

ത്തയും നശിക്കുകയും അവർ കോപിഷ്ഠരാകുകയും മറ്റുമായിത്തീരുകയും ചെയ്യും. കാദംബിനിയുടെ വികാരപരിത്യാഗവും കൂട്ടത്തിൽ ചേരാ യ്മയും അധികരിച്ചുവരുന്തോറും യോഗമായയുടെ ശങ്ക കൂടിക്കൂടി വന്നു വന്നു. അവളുടെ മനസ്സിലുണ്ടായിരുന്ന ആ കനത്ത ഭാരം എന്താണെന്നു യോഗമായ അന്വേഷിച്ചു.

ആകാലത്ത് ഒരു പുതിയ സംഭവം നേരിട്ടു. കാദംബിനിക്ക് സ്വയം തന്നെ വളരെ ഭയമായിരുന്നു. എങ്കിലും അവൾക്ക് അവളെ വിട്ടൊഴിപ്പാൻ കഴിവില്ലായിരുന്നില്ല! ചെറുതായെ ഭയപ്പെടുന്നവർ അവരുടെ പിന്നിലാരെങ്കിലും ഉണ്ടെങ്കിൽ അവരെ ഭയപ്പെടുന്നതു സാധാരണയാണ്. പിന്നിൽ ആരും ഇല്ലെങ്കിലും ഉണ്ടെന്നു തോന്നും. കണ്ണുകാണാത്ത ദിക്കിൽ ഭയവും ഉണ്ട്! എന്നാൽ കാദംബിനിയുടെ പ്രധാനമായ ഭീതി മറ്റു അവളിൽ തന്നെയാണ് കിടന്നിരുന്നത്. അവളിൽനിന്നു വിട്ടു മറ്റൊന്നിനേയും അവൾ ഭയപ്പെട്ടിരുന്നില്ല. അർദ്ധരാത്രിയുടെ നിശ്ശബ്ദതയിൽ അവളുടെ മുറിയിൽ അവൾ തനിച്ചിരിക്കുമ്പോൾകൂടി അവൾ ഭയപ്പെട്ടു നിലവിളിച്ചു. സന്ധ്യക്കു, ദീപപ്രകാശത്തിൽ സ്വന്തം നിഴൽ കാണുന്നതായാൽ അവൾ ഭയപ്പെട്ടു വിറക്കും. അവളുടെ ഭയപാരവശ്യങ്ങളെ കണ്ടുകണ്ട് ആ വീട്ടിലുള്ള സകലരും ഒരുവിധം ഭയാകുലരായിത്തീർന്നു. വേലക്കാരും, യോഗമായ തന്നെയും, പ്രേതങ്ങളെ കണ്ടുതുടങ്ങി! ശങ്കയും ഭയവും സകല സ്ഥലങ്ങളിലും നിറഞ്ഞു. അർദ്ധരാത്രിയിൽ ഒരിക്കൽ അവളുടെ മുറിയിൽനിന്നു കാദംബിനി നിലവിളിച്ചുംകൊണ്ടു പുറത്തുവന്നു യോഗമായയുടെ വാതുക്കൽ മുട്ടി, “സഹോദരീ! സഹോദരീ! നിന്റെ കാലടികളിൽ വീണു മരിക്കുവാൻ നീ എന്നെ അനുവദിക്കണേ. നീ എന്നെയൊരിക്കലും വിട്ടുകളയരുതേ” എന്നിങ്ങിനെ കരഞ്ഞപേക്ഷിച്ചു.

യോഗമായയുടെ ഭയവും കോപവും ഒരുപോലെ വളർന്നു. ആ നിമിഷത്തിൽ കാദംബിനിയെ അവിടെനിന്ന് അവൾ ആട്ടിപ്പുറത്താക്കുമായിരുന്നു. പക്ഷേ സൗമ്യശീലനായ ശ്രീപതി ഭഗിനിയെ പറഞ്ഞു ശാന്തയാക്കുകയും അടുത്തു വേറെ ഒരു മുറിയിൽ അവളെ സമാധാനപ്പെടുത്തി ഉറക്കുകയും ചെയ്തു.

പിറ്റെദിവസം, യോഗമായ അവളുടെ ഭർത്താവിനോ, അവി

ചാരിതാർത്ഥ്യത്തിൽ അവരുടെ സ്വന്തം മുറിയിലേക്ക് വിളിച്ചുവരുത്തി. അവനെ താഴെ പറയുംപ്രകാരം ശ്രീപതി ശാസിച്ചു: 'നിന്റെ ഒരു പുരുഷനാണെന്ന് വിചാരിക്കപ്പെടുന്നതല്ലല്ലോ! ഇതാണോ നിങ്ങളുടെ പൌരുഷം. ഒരു സ്ത്രീ, അവരുടെ പെരുമാറ്റത്തിൽനിന്ന് മാടിപ്പോന്ന് നിങ്ങളുടെ ഗൃഹത്തിൽ പ്രവേശിച്ചു. ഒരു മാസം കഴിഞ്ഞു. അവർ കടന്നുപോകേണ്ടതാണെന്ന് സൂചിപ്പിക്കുകകൂടി നിന്റെ ഇതുവരെ ചെയ്തിട്ടില്ല. അതിനിടയിൽ ഒരു വാക്യംപോലും നിന്റെ ഉച്ചരിച്ചതായി ഞാൻ കേട്ടിട്ടില്ല. അതിനുള്ള കാരണം മനസ്സിലാക്കിത്തന്നാൽ വളരെ ഉപകാരമായിരുന്നു. ഇങ്ങനെയാണോ ഒരു പരസ്ത്രീയോട് പുരുഷന്മാർ പെരുമാറേണ്ടത്? നിന്റെ, പുരുഷന്മാരെല്ലാവരും ഇക്കാര്യത്തിൽ ഒരുപോലെയാണ്.'

ചില പുരുഷന്മാർക്കു തങ്ങളുടെ ഭാര്യമാരോട് നിരാതങ്കമായ സ്നേഹമുണ്ട്. ഭാര്യമാർ അവരെ നിരന്തരമായി കുറ്റപ്പെടുത്തിയാൽപോലും അവർക്ക് പരിഭവമില്ല. നിഷ്ഠുരയായും സ്വാർത്ഥിയുമായ കാർത്ത്യായിനിയോട് ശ്രീപതിക്ക് തോന്നിയ സ്നേഹം അതിന്റെ ശരിയായ അളവിലേ താല്പര്യം അതിലൊളിച്ചിട്ടില്ലെന്നും താൻ തീരെ നിരപരാധിയാണെന്നും വാദിക്കുവാനുള്ള ധൈര്യം കാണിച്ചില്ല. സത്യം ചെയ്യുവാൻകൂടി ശ്രീപതി ഒരുക്കമായിരുന്നു. എങ്കിലും അദ്ദേഹത്തിന് ആ വാക്കുകളെ പ്രവൃത്തിയിൽ പ്രവേശിപ്പിക്കുവാൻ സാധിച്ചില്ല. പെരുമാറ്റക്കാർ നടന്ന ആ സംഭവങ്ങളുടെ നിശ്ചയമായിട്ടുള്ള പൊരുത്തക്കേടായിരിക്കണമെന്ന് അദ്ദേഹം വിചാരിച്ചു. അതു ദുസ്സ്വഭാവമായി തീർന്നപ്പോൾ അവരെ മാടിപ്പോന്ന് അദ്ദേഹത്തിന്റെ വീട്ടിൽ തന്നെ പ്രവേശിച്ചതായിരിക്കണം. അല്ലെങ്കിൽ, അവരാണോ, ഇല്ലാത്ത പെരുമാറ്റം നടത്തിയ ഉപേക്ഷകളെ ഇപ്രകാരമെല്ലാം ശ്രീപതി ആലോചിച്ചു. എന്നിട്ടും, ഭാര്യയുടെ കുറ്റപ്പെടുത്തലുകൾ അദ്ദേഹം ഗൌനിക്കാതിരുന്നില്ല. ആ സന്ദർഭങ്ങളിലായി പ്രേരണകളൊന്നും കാർത്ത്യായിനിയെ പ്രേരിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചില്ല.

അങ്ങനെ ആഴ്ചകൾ കുറച്ചു കഴിഞ്ഞതോടുകൂടി, ശ്രീപതിയുടെ ഭാര്യ, മന്ദമായ സ്വരത്തിൽ ഒരിക്കൽ തന്നെ മനസ്സിൽ പ്രവേശിപ്പിക്കുവാൻ ഇടവന്ന കാർത്ത്യായിനിയെ അവിടെ നിന്നും

പ്പിച്ചുകൂടെന്നും രക്ഷാവിനെക്കൊണ്ടു തന്നെ വേണ്ടതു ചെയ്യിപ്പിക്കേണമെന്നും അവൻ ഉറപ്പിച്ചിട്ടുണ്ടായിരുന്നു. ഭാര്യയുടെ ഉപദ്രവം സഹിക്കവയ്യാതെയായി. സമാധാനത്തോടുകൂടി ഒരു വീട്ടിൽ കഴിച്ചുകൂട്ടുന്നതിനു കാദംബിനിയുടെ ഭർത്തൃഗൃഹത്തിൽ വിവരം അറിയിക്കുവാൻ ശ്രീപതി നിർബ്ബന്ധിതനായിത്തീർന്നു. എഴുത്തയച്ചാൽ കിട്ടുന്ന മറുപടി തൃപ്തികരമായിരിക്കയില്ലെന്നു ശ്രീപതിക്കു തോന്നി. അതുകൊണ്ടു 'റാണിഘട്ട'ത്തിലേക്കു താൻ തന്നെ നേരിട്ടു പുറപ്പെട്ടു അവിടുന്നു കിട്ടുന്ന മറുപടിക്കനുസരണമാക്കി വേണ്ടതു പ്രവർത്തിക്കുവാൻ ശ്രീപതി തീർച്ചപ്പെടുത്തി.

അങ്ങിനെ, ശ്രീപതി 'റാണിഘട്ട'ത്തിലേക്കു പോയി. യോഗമായ കാദംബിനിയോടു 'ചങ്ങാതി! നീ ഇനിയും ഇവിടെ അധികം താമസിക്കുന്നതു് ഏതുവിധവും ഉചിതമല്ല. ജനങ്ങൾ എന്തു പറയും' എന്നു് അടുത്തുകൂടി പറഞ്ഞു.

'എനിക്കു ജനങ്ങളും തമ്മിൽ എന്താ സംബന്ധം?' എന്നു കാദംബിനി സ്നേഹിതയായ യോഗമായയുടെ മുഖത്തു നോക്കിക്കൊണ്ടു സമാധാനം പറഞ്ഞു.

യോഗമായ അത്ഭുതപരവശയായി, 'നിനക്കു ലോകത്തെ ബോധമൊന്നുമില്ലെങ്കിൽ ഞങ്ങൾക്കു അങ്ങിനെയല്ല. അന്യഗ്രാമത്തിലെ ഒരു സ്ത്രീയെ ഇവിടെ അനാവശ്യമായി താമസിപ്പിക്കുന്നതിനു ഞങ്ങൾ എന്തു സമാധാനം പറയും?' എന്നു യോഗമായ കോപത്തോടുകൂടി ചോദിച്ചു.

'എന്റെ ശ്വശുരഗൃഹം എവിടെയാണു്?'

'നിനക്കു ഭ്രാന്താണു്. ദൈവമേ ഇനി എന്താണാവോ പറവാൻ ഭാവം.'

'എനിക്കു നിന്നോടെന്തുകാര്യം? ഞാനീലോകത്തിൽ ഉള്ളവളാണോ? നീ ചിരിക്കുകയും, കരയുകയും, സ്നേഹിക്കുകയും ചെയ്യുന്നു. ഓരോരുത്തരും അവരവരുടെ കാര്യങ്ങളെ വിടാതെ പിടിക്കുകയും, സാധിക്കുകയും ചെയ്യുന്നു. ഞാനോ, വെറുതെ മിഴിച്ചുനോക്കിക്കൊണ്ടിരിക്കുന്നു! നീ ഒരു മനുഷ്യനാണു്. ഞാനൊരു നിഴലാണു്. എന്തോ ഈശ്വരൻ നിങ്ങളുടെ ഈ ലോകത്തിൽ ഇങ്ങിനെ വെച്ചുകൊണ്ടിരിക്കുന്നതു് എന്തിനാണെന്നു് എനിക്കു മനസ്സിലാവുന്നില്ല.'

കാദംബിനിയുടെ അസാധാരണവും പ്രകൃതിവിരുദ്ധവും ആയ മുഖഭാവവും വാക്കുകളും കണ്ടും കേട്ടും അവളുടെ വിചാരഗതിയെക്കുറിച്ചു, മുഴുവനുമല്ലെങ്കിലും, ഏതാണ്ടൊക്കെ, യോഗമായയ്ക്ക് അപ്പോൾ മനസ്സിലായി. അവളെ പുറത്താക്കുവാനോ, ഇനിയും ചോദ്യങ്ങൾ ചോദിച്ചു ബുദ്ധിമുട്ടിക്കുവാനോ, അവൾ ശക്തയായില്ല. വിചാരമഗ്നയായി, യോഗമായ സ്വന്തം മുറിയിലേക്കു മടങ്ങിപ്പോന്നു.

IV

ശ്രീപതി 'രാണിഘട്ട'ത്തിൽ നിന്നു മടങ്ങിയെത്തിയപ്പോൾ രാത്രി ഏകദേശം പന്ത്രണ്ടുമണിയായി. ഘോരമാരി നിമിത്തം അവിടമെല്ലാം വെള്ളത്തിൽ മുങ്ങിയിരുന്നു. മഴ മാറുകയില്ലെന്നും രാത്രി കഴിക്കലും അവസാനിക്കുകയില്ലെന്നും തോന്നി. രാണിഘട്ടത്തിലേക്കു പോയ സംഗതിയെക്കുറിച്ചു യോഗമായ ഭർത്താവിനോടു ചോദിച്ചു. 'എനിക്കു വളരെ പറയാനുണ്ട്,' എന്നു ശ്രീപതി മറുപടി പറഞ്ഞു. അദ്ദേഹം വസ്ത്രങ്ങൾ മാറ്റി അത്താഴം കഴിച്ചു അതിനുശേഷം കിടന്നു പുകവലിച്ചു. അദ്ദേഹത്തിന്റെ മനോവികാരങ്ങൾ അവ്യവസ്ഥിതങ്ങളായിരുന്നു. ഭാര്യയുടെ ജിജ്ഞാസ വർദ്ധിച്ചുവർദ്ധിച്ചു വന്നു. അവൾ അക്ഷമയായിത്തീർന്നു. ഭർത്തൃസമീപമെത്തി 'എന്താ കേട്ടത്?' എന്നു ചോദിച്ചു.

അദ്ദേഹം പറഞ്ഞു: 'നീ ചെയ്തതു വലിയ തെറ്റായിപ്പോയി എന്ന്.'

യോഗമായ വളരെ പരിഭ്രമിച്ചു. അവൾക്കു ക്രോധവും പരിഭ്രമവും ഉണ്ടായി. സ്ത്രീകൾക്കു ഒരിക്കലും തെറ്റു പറ്റാറില്ല; അഥവാ, വല്ലതും പറ്റിയാൽ തന്നെ, ബുദ്ധിയുള്ള പുരുഷൻ അതിനെപ്പറ്റി പ്രസ്താവിക്കയില്ല; ആ തെറ്റിനെ താൻതന്നെ കയ്യേല്ക്കുന്നതായിരിക്കും അധികം നല്ലത്. 'അതെങ്ങിനെയാണെന്നു എനിക്കു കേൾക്കാമോ,' എന്നു യോഗമായ പരിഭവത്തോടുകൂടി ചോദിച്ചു.

'നീ ഇവിടെ അതിഥിയായി സ്വീകരിച്ച ആ സ്ത്രീ നിന്റെ സ്നേഹിതയായ കാദംബിനിയല്ല.'

ഇതു കേട്ടപ്പോൾ യോഗമായയ്ക്കു വല്ലാത്ത ദേഷ്യം വന്നു. ഒരൊറ്റാളാണ് ഇപ്രകാരം ആക്ഷേപിച്ചതെങ്കിൽ സഹിക്കാമായിരുന്നു. 'എന്താ പറഞ്ഞത്? എനിക്ക് എന്റെ ചങ്ങാതിയെ തിരിച്ചറിഞ്ഞുകൂടെ? അതിനും ഞാൻ നിങ്ങളുടെ അടുക്കൽ വരണമോ? അവിടന്ന് ആൾ അതിസമർത്ഥൻ തന്നെ.'

'എന്റെ സാമർത്ഥ്യത്തെപ്പറ്റി നാം തമ്മിൽ കലഹിക്കേണ്ട ആവശ്യം ഒന്നും ഇല്ല. ഞാൻ പറഞ്ഞതു ശരിയാണെന്നു തെളിയിച്ചുതരാം. നിന്റെ കാദംബിനി മറ്റൊരുവനെ ആഗ്രഹിക്കുന്നു എന്നതിനു സംശയമില്ല.'

'കേട്ടോളൂ! നിങ്ങൾക്ക് എന്തോ ഒരു വലിയ തെറ്റു പറ്റീട്ടുണ്ട്. ഒന്നുകിൽ, പോയി അന്വേഷിച്ച വീടു തെറ്റീട്ടുണ്ട്; അല്ലെങ്കിൽ, നിങ്ങൾ കേട്ടതൊക്കെ തെറ്റിദ്ധരിച്ചിട്ടുണ്ട്. നിങ്ങളോടു തന്നെ പോകുവാനായി പറഞ്ഞു? കൊള്ളാമായിരുന്നു. അപ്പോൾ സംഗതികളൊക്കെ ശരിയായി വിവരിച്ചു മനസ്സിലാക്കാം.'

കാര്യനിർവഹണത്തിനു തനിക്കുള്ള പ്രാപ്തിയെക്കുറിച്ചു തന്റെ ഭാര്യക്കുതന്നെ അവിശ്വാസം ജനിച്ചതിൽ ശ്രീപതിക്കു വളരെ പരിതാപം തോന്നി. അദ്ദേഹം പലതരത്തിലുള്ള തെളിവുകളും ഹാജരാക്കി. ഒരു ഫലവും ഉണ്ടായില്ല. അർദ്ധരാത്രി ആയിട്ടും അവരുടെ തർക്കം അവസാനിച്ചില്ല. കാദംബിനിയെ അവിടെനിന്നു പറഞ്ഞയയ്ക്കേണ്ട കാര്യത്തിൽ ഇരുവർക്കും ഒരേ അഭിപ്രായമായിരുന്നുവെങ്കിലും, കള്ളവേഷം നടിച്ചു ആ സ്ത്രീ തന്റെ ഭാര്യയെ ചതിച്ചുവെന്നു ശ്രീപതിക്കു വിശ്വാസമുണ്ടായിരുന്നുവെങ്കിലും, തന്റെ സ്നേഹിത കപടയായ ഒരു വ്യഭിചാരിണിയാണെന്നു യോഗമായ തീരുമാനപ്പെടുത്തിയിരുന്നുവെങ്കിലും, തല്ക്കാലത്തെ വാദപ്രതിവാദത്തിൽ ആരും പരാജയത്തെ സമ്മതിച്ചില്ല. പറഞ്ഞുപറഞ്ഞ് അവരുടെ ഒച്ച വളരെ ഉച്ചത്തിലായി. അടുത്ത മുറിയിൽ കാദംബിനി കിടന്നുറങ്ങുന്നുണ്ടെന്നുള്ള കാര്യംതന്നെ അവർ വിസ്മരിച്ചു.

അവരിലൊരാൾ പറഞ്ഞു: 'എന്തായാലും നാം നല്ല കുടുക്കിൽ പെട്ടു. സത്യമായിട്ടും, ഞാൻ പറഞ്ഞ സംഗതി ഞാൻ എന്റെ സ്വന്തം ചെവികൊണ്ടു കേട്ടതാണ്.' മറ്റേ ആൾ അതു കേട്ടു കോ

പിച്ച്, 'അതിന്നു ഞാനെന്തുവേണം? എനിക്ക് എന്റെ കുഞ്ഞുങ്ങളെ കാണണ്ടതേ? നല്ല കാര്യം' എന്നു മറുപടി പറഞ്ഞു.

ഒടുവിൽ യോഗമായ അഭിപ്രായപ്പെട്ടു. 'അതെ, കേട്ടോളൂ. കാദംബിനി എന്നാണു മരിച്ചത്?' കാദംബിനി മരിച്ചു എന്നു പറയുന്ന ദിവസവും അയാളുടെ അടുക്കൽനിന്നു തനിക്കു കിട്ടിയുള്ള എഴുത്തുകളിൽ ഏതെങ്കിലും ഒന്നിന്റെ തിയ്യതിയും തമ്മിൽ താരതമ്യപ്പെടുത്തി അതിലുണ്ടാകാവുന്ന തെറ്റുകൊണ്ടു ശ്രീപതി പറയുന്നത് അബദ്ധമാണെന്നു ശ്രീപതിയെ ബോദ്ധ്യപ്പെടുത്താമെന്നു യോഗമായ വിചാരിച്ചു. തിയ്യതി പറഞ്ഞപ്പോൾ, അതിനു അവിടെ എത്തിയതിന്റെ തലേദിവസമാണ് കാദംബിനി മരിച്ചതെന്നു മനസ്സിലായി. യോഗമായയുടെ ഹൃദയം തുടിച്ചു. ശ്രീപതിയും അല്പം ഇളകിപ്പോയി.

അപ്പോൾ വാതിൽ പൊട്ടുമാറ് തള്ളിത്തുറന്ന് ഒരു തണുത്ത കാറ്റു ശക്തിയോടുകൂടി അകത്തേക്കു അടിച്ചുകയറി. അവിടെ തെളിഞ്ഞിരുന്ന വിളക്കു കെട്ടു. അതോടുകൂടി നിബിഡാന്ധകാരം അവിടെയെല്ലാം നിറഞ്ഞു. കാദംബിനി അകത്തു കടന്നുവന്നു. നേരം രാത്രി ഒരു മണിയായിരിക്കുന്നു. പുറത്തു മഴ പെയ്തുകൊണ്ടിരുന്നു.

'ചേച്ചീ! ഞാൻ നിങ്ങളുടെ കാദംബിനിതന്നെയാണ്. എന്നാൽ, ഞാൻ ഇപ്പോൾ ജീവിച്ചിരിക്കുന്ന കാദംബിനിയല്ല. ഞാൻ മരിച്ചവളാണ്,' എന്നു കാദംബിനി സ്പഷ്ടമായി പറഞ്ഞു.

യോഗമായ പേടിച്ചു നിലവിളിച്ചു. ശ്രീപതിക്ക് ശബ്ദം മിണ്ടുവാൻ വയ്യാതായി.

കാദംബിനി തുടർന്നു പറഞ്ഞു. 'മരിച്ചുപോയവളാണ് എന്നുള്ള സംഗതി ഒഴിച്ചു ഞാൻ നിങ്ങളോടു യാതൊരപരാധവും ചെയ്തിട്ടില്ല. എനിക്കു ജീവനുള്ളവരുടെ കൂട്ടത്തിൽ കൂടുവാൻ വയ്യെങ്കിൽ മരിച്ചവരുടെ കൂട്ടത്തിലും ചേരുവാൻ വയ്യ. ഹാ! ഈശ്വരാ! ഞാൻ ഇനി എവിടെ പോകും?' ധാര മുറിയാതെ മഴപെയ്യുന്ന കൂരിരുട്ടുള്ള ആ ഭയങ്കരരാത്രിയിൽ നിദ്രാധീനരായി കിടന്നുറങ്ങുന്ന സ്വസ്ഥികത്തരെയിനി വിളിച്ചുണർത്തുവാനോ എന്നു തോന്നുമാറ് കാദംബിനി ഉറക്കെ നിലവിളിച്ചുകൊണ്ട് 'ഈശ്വരാ! ഞാൻ ഇനി എവിടെ പോകും' എന്ന് ഒരിക്കൽകൂടി ഗർജ്ജിച്ചു.

മോഹാലസ്യപ്പെട്ടു നിലത്തുകിടക്കുന്ന തന്റെ ചങ്ങാതിയായ 'യോഗമായ'യെ തനിയെ വിട്ടുംകൊണ്ടു 'കാദംബിനി' അവളുടെ ശരിയായ സ്ഥാനത്തെ അന്വേഷിച്ചുംകൊണ്ടു വിസ്തൃതമായ ലോകരംഗത്തിൽ പ്രവേശിച്ചു.

V.

കാദംബിനി രാണിഹട്ടത്തിൽ എത്തിയതു് എങ്ങിനെയാണെന്നു പറവാൻ സാധിക്കയില്ല. ആദ്യത്തിൽ അവൾ പുറത്തൊന്നുമിറങ്ങാതെ സമീപത്തുള്ള ഇടിഞ്ഞുപൊളിഞ്ഞ ഒരു അമ്പലത്തിൽ പട്ടിണികിടന്നു കഴിച്ചുകൂട്ടി. ഉച്ചതിരിഞ്ഞശേഷം, മഴക്കാലമാകയാൽ, കാലേ ഇരുട്ടായി. ആസന്നമായിരുന്ന കൊടുങ്കാറ്റിനെ പേടിച്ചു ജനങ്ങളെല്ലാം അവരവരുടെ ഗൃഹാന്തർഭാഗങ്ങളിൽ കടന്നുകൂടി. അപ്പോൾ കാദംബിനി പുറത്തു വന്നു. ശ്വശുരഗൃഹത്തിലെത്തിയപ്പോൾ അവളുടെ ഹൃദയം വല്ലാതെ ഇടിച്ചു. മുഖം മുഴുവനും ഒരു തടിച്ച മൂടുപടംകൊണ്ടു് ആച്ഛാദനം ചെയ്തു അവൾ അകത്തു പ്രവേശിച്ചു. വേലക്കാരാരും വിരോധം പറഞ്ഞില്ല. അവർ അവളെ അവിടത്തെ ഒരു വേലക്കാരിയാണെന്നു വിചാരിച്ചു. മഴ പെയ്യുകയും കാറ്റടിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഗൃഹനായികയായ ശാരദശങ്കരന്റെ ഭാര്യ വിധവയായ അവളുടെ സഹോദരിയോടുകൂടി ചീട്ടുകളിച്ചുകൊണ്ടിരുന്നു. അടുക്കളയിൽ ഒരു വെപ്പുകാരൻ വേല നടത്തിയിരുന്നു. ശയനമുറിയിൽ ഒരു കിടക്കമേൽ അവിടത്തെ ചെറിയ കുട്ടി, കാദംബിനിയുടെ പ്രിയപ്പെട്ട ബാലൻ, ദീനമായി കിടന്നുറങ്ങിയിരുന്നു. ആരും കാണാതെ കാദംബിനി ആ മുറിയിൽ പ്രവേശിച്ചു. അവൾ ശ്വശുരഗൃഹത്തിൽ വന്നതു് എന്തിനാണെന്നു് എനിക്കു മനസ്സിലാകുന്നില്ല; അവൾക്കു തന്നെ അതു വിവരമുണ്ടായിരുന്നില്ല. അവളുടെ ആ കുട്ടിയെ ഒരു കണ്ണുകൂടി കണ്ടാൽ കൊള്ളാമെന്നു മാത്രമേ അവൾക്കു തോന്നിയുള്ളു. പിന്നീടു് എന്തു ചെയ്യേണമെന്നോ, എവിടെ പോകേണമെന്നോ, അവൾക്കു യാതൊരു ആലോചനയും ഉണ്ടായിരുന്നില്ല. വിളക്കു കത്തിക്കൊണ്ടിരുന്ന ആ മുറിയിൽ പനിപിടിച്ചു ചടച്ച ശരീരത്തോടുകൂടി കൈകൾ മുറുക്കിപ്പിടിച്ചുംകൊണ്ടു് അവളുടെ ബാലൻ കിടന്നുറങ്ങുന്നതു് അവൾ കണ്ടു. അതിനെ കണ്ട മാത്രയിൽ

അവളുടെ ഹൃദയം വരണ്ടുപോയി. അവൾക്കു മോഹം വർദ്ധിച്ചു. ആ പൈതലിന്റെ ശോഷിച്ച ശരീരത്തെ അവളുടെ മാറിടത്തിൽ അമർത്തിപ്പിടിക്കുവാൻ സാധിച്ചുവെങ്കിൽ എത്ര നന്നായിരുന്നു! പെട്ടെന്ന് ആ പഴയ വിചാരം അവൾക്കു വീണ്ടും വന്നു. അവൾ ഇപ്രകാരം ആലോചിച്ചു: 'ഞാൻ ജീവിക്കുന്നില്ല. അത് ആരു കാരണം? അവന്റെ അമ്മ ചങ്ങാതിമാരെയും നേരംപോക്കിനേയും ശീട്ടുകളിയെയും ഇഷ്ടപ്പെടുന്നു. ആ കുട്ടിയുടെ ചുമതല അവൾ എന്നെ ഏല്പിച്ചിരുന്ന കാലത്തെല്ലാം അവൾക്ക് അവനെപ്പറ്റി എന്തെങ്കിലും ഒരു ആവലാതിയോ, മനസ്സമാധാനക്കേടോ ഉണ്ടായിരുന്നില്ല. ഞാൻ നോക്കിയപോലെ ഇപ്പോൾ അവനെ ആരു നോക്കുവാനാണ്?'

ഉറങ്ങിയിരുന്ന കുട്ടി ഒന്നു തിരിഞ്ഞുകിടന്നു. പാതി ഉറക്കത്തിൽ 'അമ്മായി! എനിക്ക് ഇത്തിരി വെള്ളം തരൂ' എന്നു പറഞ്ഞു. അവളുടെ പൊന്നോമന 'അമ്മായി'യെ അന്നും മറന്നിട്ടുണ്ടായിരുന്നില്ല. അവൾ പരിഭ്രമിച്ചു, വികാരസമ്പൂർണ്ണതയോടുകൂടി കുറച്ചു വെള്ളം വാരിയെടുത്ത് ആ കുട്ടിയെ അവളുടെ മാറിടത്തിൽ ചേർത്തുപിടിച്ച് അവനു വെള്ളം കൊടുത്തു.

ഉറക്കത്തിൽനിന്നുണരാതിരുന്നപ്പോൾ, പരിചിതമായിരുന്ന ആ കയ്യിൽനിന്നു വെള്ളം വാങ്ങി കുടിക്കുന്നതിലുള്ള അസാധാരണത്വത്തെപ്പറ്റി ആ കുട്ടിക്ക് ഒന്നും തോന്നിയില്ല. വളരെ നാളായി അത്യന്തം ആഗ്രഹിച്ചിരുന്ന അവളുടെ മോഹം സാധിച്ചു. കുട്ടിയെ അവൾ പല കുറി ചുംബിച്ചു വീണ്ടും താരാട്ടി ഉറക്കുവാൻ ഭാവിച്ചപ്പോൾ കുട്ടി ഉണർന്ന് അവളെ കെട്ടിപ്പിടിച്ചു. 'അമ്മായി! അമ്മായി ചത്തുപോയോ?' എന്ന് ആ കുട്ടി [illegible] ചോദിച്ചു.

"ഉവ്വ് മകനേ!"

"എന്നിട്ട് തിരിച്ചുവന്നുവോ. ഇനി ചാവരുത്, കേട്ടോ."

അവൾക്കതിനു സമാധാനം പറയുവാൻ സാധിക്കുന്നതിനുമുമ്പ് കാര്യമെല്ലാം അപകടത്തിലായി. വേലക്കാരിൽ ഒരുവൾ ഒരു കപ്പു സാഗോ അരി കുറുക്കിയതുംകൊണ്ട് അകത്തേക്കു വന്നു. കപ്പ് അവളുടെ കയ്യിൽനിന്നു താഴെ വീണു! അവൾ അന്നു നിലത്തു പതിച്ചു. ഒച്ച കേട്ട് ഗൃഹനായിക കളി നിറുത്തി മുറിയിൽ പ്രവേശിച്ചു. അവളൊരു മരത്തൂണുപോലെ സ്തംഭിച്ചുനിന്നു. ഓടിപ്പോകുവാനോ

വല്ലതും ശബ്ദിക്കുവാനോ അവർക്കു സാധിച്ചില്ല. ഇതെല്ലാം കണ്ട് ആ കുട്ടിയും വല്ലാതെ പരിഭ്രമിച്ചു. കുട്ടി ഉറക്കെ കരഞ്ഞുതുടങ്ങി. 'പൊക്കോട്ടെ, അമ്മായി' അമ്മായി ഒരു ഓട്ടുപാത്രമെടുത്ത് അവളുടെ തന്നെ തലയ്ക്ക് ആഞ്ഞ് ഒരടി അടിച്ചു. നെററി പൊട്ടി രക്തം പ്രവഹിച്ചു. "നോക്ക എന്റിച്ചു ജീവനെന്ന്" എന്ന് അവർ ഉച്ചത്തിൽ പറഞ്ഞു. ശാരദാശങ്കരൻ അവിടെ ഒരു പ്രതിമയെപ്പോലെ നിശ്ചേഷ്ടനായി നിന്നു. കുട്ടി മയങ്ങിപ്പോയി നിലവിളിച്ചു. ബോധാലസ്യപ്പെട്ടു വീണ സ്ത്രീകൾ അവിടെത്തന്നെ കിടന്നിരുന്നു.

"ഞാൻ മരിച്ചിട്ടില്ല. ഞാൻ മരിച്ചിട്ടില്ല" എന്ന് ഉച്ചത്തിൽ പറഞ്ഞുകൊണ്ട് കാദംബിനി പടിയിറങ്ങി അന്തഃപുരത്തിനു മുന്നുള്ള കിണററിൽ ചെന്നു ചാടി. വെള്ളത്തിൽ വീണ ശബ്ദം മുകളിൽ നിന്നിരുന്ന ശാരദാശങ്കരൻ കേട്ടു.

രാത്രി മുഴുവനും മഴ പെയ്തു. പിറേറന്നു പ്രഭാതത്തിലും മഴ പെയ്തിരുന്നു. ഉച്ചക്കും മഴ പെയ്യുന്നുണ്ടായിരുന്നു. തന്റെ മരിച്ചതുകൊണ്ടു മുമ്പു മരിച്ചിട്ടുണ്ടായിരുന്നില്ലെന്നു കാദംബിനി തെളിയിച്ചു.

പുത്തേഴത്തു രാമമേനോൻ ബി. എ., ബി. എൽ.

ജാതികളും പ്രതിമസ്ഥാനങ്ങളും

മണ്ണാർ പാട്ട് — തോററം

(തുടർച്ച.)

ഇന്നാട്ടുകാർക്ക് എട്ടാം ദിവസം ഈ മക്കളെ മാലവെച്ച് കൊണ്ടുപോയിരിക്കാം. എന്റെ മകനെ ഉണ്ണിച്ചിറ വന്നുപോയെങ്കിലും അത് വെച്ചിട്ടെങ്കിലും ഈ മക്കളെ മാലവെച്ചുകൊണ്ടുപോയിരിക്കാം. നല്ലമ്മക്കല്യാണവും കഴിഞ്ഞ് വിശ്വാസക്കൂറും പിടിച്ചു വടക്കെകൊല്ലത്ത് നല്ലച്ഛൻ കടമലാടിയുംകൂടി പോകാമെന്നുംഎന്ന് വഴിപുറപ്പെട്ടു. ഒരുമിച്ചുതന്നെ വടക്കേകൊല്ലത്ത് നിധിയെത്തേടി വഴിപുറപ്പെട്ടു. കേട്ടുകൊണ്ടാലോ എന്റെ വടക്കെകൊല്ലത്ത് നല്ലമ്മ, മകന് മകളെ തേടിപ്പോയി വടക്കെകൊല്ലത്ത് ചെന്ന് മക്കളെക്കണ്ട് മനം

നെല്ലിനത് കായകംത്തിലുന്നാലോചവും കഴിച്ച് അപ്പോൾകല്യാണവും കഴിഞ്ഞു വിശ്വാസക്കേസ്സും പിടിച്ച് പോന്നു എന്റെ നല്ലമ്മേ. മഞ്ചാടിക്കുരുവൊത്ത മകനെ കുന്നിക്കുരുവൊത്ത മകളെ എന്നാക്കാണ് നല്ലപ്പാ കല്യാണം നിശ്ചയിച്ചുപോന്നിരിക്കണ്. ഇനക്കട്ടത്തിനെഴാംനാള് കല്യാണവും നിശ്ചയിച്ചുപോന്നു എന്റെ നല്ലമ്മേ. കല്യാണത്തിന് അന്നുരുളഭോജനം വെച്ചൊരുക്കുവാൻ കടിയാളരെ വരുത്തി കാളക്കഴുത്തിൽ നെല്ലുമന്ന് കുടിയാളരെ മിറത്ത് കൊണ്ടു പൊതിപറിച്ച് ഇനക്കട്ടത്തിന എഴാം പക്കം പള്ളി കുത്തി പതംവരുത്തി വടക്കംകൊല്ലം പോണാട്ട് കൊണ്ടുവന്ന് അരിയളന്നാണ് എന്നു കല്പിച്ചു. ഇനിയങ്ങനെ കേട്ടുകൊണ്ടാലുമെന്റെ നല്ലമ്മേ. കല്യാണഘോഷം അറിവുകൂട്ടിയതെ എന്റെ നല്ലമ്മേ. ഇടശ്ശാരമ്മവെടിയൊച്ചപാണ്ടിവെടി, വല്ല ഓലവെടി മാറത്ത് മാർച്ചുണ്ണിയൻമരുതൂർവാഴും എളമൻചെട്ടിയാരോടും കല്യാണവും അറിവുകൂട്ടി. കേട്ടുകൊണ്ടാലുമെന്റെ കടലാടി അടിയാളര് കുടിയാളരെ വിളിച്ചുകൂട്ടികൊണ്ടുവന്നാണ്. ആയിരം കോൽ ചുറ്റ് ചെത്തിയടിച്ചു മന്നുരുളന്നിപ്പുറത്ത് നിരക്കപ്പുരക്കപ്പണിതീർത്താണ് എന്നു കല്പിച്ചു. അടിയാളര് കുടിയാളരെ വിളിച്ചുകൂട്ടികൊണ്ടുവന്ന് നിരക്കപ്പുരകെ ചെത്തിയടിപ്പിച്ച് മന്നുരുളവാഴുന്ന നിരപ്പത്തിൽ പണിതീർപ്പിച്ചു. പാപ്പാലെ വെള്ളി മറവുചെയ്തു മുന്നു കല്ലുമക്ക് അടുപ്പുകൂട്ടി മലയോളം വിറകും കൊണ്ടുചെന്നു തിരുകിച്ചു. ആയിരം പറ അരിവെക്കുന്ന അല്ലിച്ചെമ്പം വലിച്ചുവെച്ച് കടലോളം വെള്ളവും കൊണ്ടുചെന്നു തേമ്പലിട്ടു. കടുമ്പാവിനെ ഇട്ടു കടകനെതിസ്സും കൂട്ടി വെള്ളവും തിളച്ചുവരുംമുമ്പിൽ അടിയാളര് കുടിയാളര് കണക്കിനാപ്പുഴയരിയും കുത്തി യോഗം വരുത്തിക്കൊണ്ടുവന്ന് അരിയും വാർത്തിച്ചു അരിയരിച്ചു തേമ്പലിട്ടു. ആയിരംകെട്ടു ശർക്കരയും കൊണ്ടുചെന്നു ചേർക്കാനായന്നേരത്തിലുണ്ട് കൊത്തത്തേങ്ങയും ഉടച്ചിട്ടു ചേർത്തു പട്ടിട്ടുകൂടി തണലിട്ടെടുത്ത് മന്നുരുളവാഴുന്ന നിരപ്പത്തിൽ കൊണ്ടുവെച്ച് എന്മകൻ മാലചെയ്യാൻപോകുന്ന കല്യാണമഭോജനങ്ങളും നിരക്കപ്പുരക്കെച്ചൊരായിരുന്നാരെന്ന എന്നു കല്പിച്ചു. വടക്കംകൊല്ലത്തു പൊന്മകനും കിഴക്കേകൊല്ലത്തു ചങ്ങാതിയും മണവാളർകൊക്കനാക്കി പരിശോഭിതത്തി ഇല്ലിനെന്ന ഇലമുറിച്ചിട്ട്

കിഴക്കംകൊല്ലത്തു കന്നിദേവി നേരമായി ചെന്ന് മണ്ണാനോലെ കൊണ്ടുചെന്ന് മരമിനി വിളമ്പി. അന്നത്തൂണുഭോജനവും നിരക്കെ പ്പരക്കെ കൊടുത്ത് അന്നത്തൂൺഭോജനവും കഴിച്ചു കഴുക്കൂട്ടവരുത്തിയ സുഖവും കഴിച്ചി പാവിനെ തീൻകഴിച്ചു തെക്കേക്കൊല്ലത്തുള്ളവരെ മാല വെച്ചുകൊണ്ടുപോരുവാൻ പോകാമല്ലോ എന്നു വഴിപ്പുറപ്പെടുവാനും കാലമാകുന്നു. കാർത്തിക മീനം ശകരാശിക്കൽ കൊണ്ടുചെന്നു ക ല്യാണക്കപ്പലുംകൊണ്ടു നിലനിറുത്തി. തണ്ടാളികളെ വിളിച്ചുകൂട്ടി തണ്ടുകെട്ടിപ്പിടിപ്പിച്ച് കല്യാണഭോജനത്തിനും വടക്കേക്കൊല്ലത്തു പൊന്നകരം ചെന്നാവിരുന്നു. പോന്നുകൊടുത്ത പണിക്കരാമ ക തിർകളിക്കുന്ന ഒരമായികളും ചൊന്നായിരുന്നു. വെടിവെപ്പിച്ച് കപ്പ ലടുപ്പിച്ച് തണ്ടാളികളെക്കൊണ്ടു തണ്ടുവലിപ്പിച്ചു പോകാമല്ലോ എ ന്നു വഴിപ്പുറപ്പെട്ടു. കന്നാകുമാരിത്തുറ ഇരുപിടിക്കാതെത്ത് ഒരു വെളിപ്പുറത്തുകടല കടന്നോടുന്നു. തണ്ടുമന്നു ഇരുപിടിക്കുന്നന ത്തെ ഇതവെളിപ്പുറത്തുകടലും കടന്നോടുന്നു. ഉപ്പുകടല്, ഉയിർ കടല്, കണ്ണീർക്കടല്, താമരക്കടല്, നീലാംബരം, സമുദ്രപ്പര വും കടന്നോടുന്നു. ഇരുപത്തുമൂന്ന് തിരകൾ കീഴ്ക്കടവും … ട്ടു കല്യാണക്കപ്പല് കളിപ്പോടന്നു. തണ്ടുവലിപ്പോട്ട്, കൊടുവേടി മുലമാടന്നാട് ഇരുത്തുമാമനൻറെ കീഴ്ക്കടവിൽ … … കളിച്ചു. … ആദ്യതാലി മന്ത്രകോടി പ്പുട വാങ്ങിട്ടുവേണം തെക്കേക്കൊല്ലത്തു ദേവിയെ എതിരേല്ക്കചെന്നു മാലവെപ്പാൻ. കൊടുവേടി മുലമാടന്നാട് ഇരുത്തുമാമനൻറെ കീഴ്ക്കടവിൽ കൊണ്ടുചെന്നു കെട്ടണപ്പിച്ചു. വെടിവെപ്പിച്ച് കെ ട്ടണപ്പിച്ചു കയറെറിഞ്ഞിട്ടു കപ്പൽ പിടിച്ചുകെട്ടി. ചീനിത്താത്തിട്ടു കപ്പൽ സമം നിറുത്തി. നിങ്ങൾ ഇവിടെ ഇരുന്നാലും ഇവനക്കൊണ്ടു എന്റെ കല്യാണഭോജനമാകട്ടെ. ഞാൻ ഇരുത്തുമാമനൻകളിനു ആദ്യതാലി മന്ത്രകോടിപ്പുടവ വാങ്ങിച്ചുവരട്ടെ. എഴുന്നള്ളും ഇരുത്തു മാമനെക്കണ്ടു അമ്മാമനെ കാണ്മാൻ കൊണ്ടുപോയി മല്ലയില നല്ലി കാഴ്ച വെച്ചുകൊടുത്തു. ആദ്യതാലി മന്ത്രകോടിപ്പുടവയും വാങ്ങി പോയിവരട്ടെ എന്റെ മൂത്തമ്മാമാ. തെക്കേക്കൊല്ലത്തു കരുമ മാലവെച്ചു പോരുവേഴിക്കു ഇതിലെ വന്നുപ്പോകണം എന്നു കല്പി ച്ചു പോകാമല്ലോ എന്നുവഴിപ്പുറപ്പെട്ടു പൊന്നകരം. പൊന്നിനോട

ത്തിൽ വന്നു കരയേറി വെടിവെച്ചു കപ്പലൊഴിയപ്പെട്ടത്തി തമ്പുരാക്കൾ
പുരക്കളെല്ലാംകൊണ്ടു തങ്ങളെവലിപ്പിച്ചു തെക്കെകൊല്ലത്തു കീഴ്കടവു
നോക്കി വഴിപോകുന്നു. കേട്ടുകൊണ്ടാലോ എന്റെ പാണികൊ
ട്ടുപണിക്കാരരെ, പാണികൊട്ട് ഉണ്ടെങ്കിൽ വളഞ്ഞുകൊമ്പ് പ
ന്നാ താളം പിടിക്കുന്ന നാഗവെള്ളിപ്പുഴയും കണ്ട നടിയുന്നു
ട്ടെ എന്നു കല്പിച്ചു. തങ്ങളെൽപാട്ട് കഴൽവിളിതാളത്തോടെനെ
പോതതാകിച്ചു പോരുമകൻ. തെക്കെകൊല്ലത്തു കീഴ്കടവിൽചെന്നു
തെല്ലുണ്ണിപ്പിച്ചു പോരുമകൻ. വെടിവെച്ച കപ്പലുണ്ടാക്കിക്കെട്ടി നില
പാർക്കുന്നവരെത്തൊക്കെ ആയതിനെ കെട്ടിയിക്കുന്ന തെക്കെകൊല്ല
ത്തെ പൊന്നുപൂന്തുറയിൽ കണ്ണൻകാളികപ്പുറത്തിരിക്കുന്ന മകാം കേം
ക്കുന്നാതാനായുണ്ട്. കേട്ടുകൊണ്ടാലുമെന്റെ തെക്കെകൊല്ല
ത്തു നല്ലമ, കല്യാണമഹാജനങ്ങളും എന്നെ മാലവെക്കുവാൻ വ
ന്ന മകനും കീഴ്കീഴ്കടവിൽ വന്നു തെല്ലുന്നതല്ലോ. മാററി
നും വെടിവെപ്പിലെ മറിയിന്നും ചഴലുമാവന്നു എന്നുകോവിക്കൽ ആ
ള്ളാതെ വിധിവന്നല്ലോ. ആയതിനൊക്കെ വല്ലമയുണ്ട് നാടിയും
ളെ പിള്ളക്കുട്ടി പോർപടിയും തള്ളിയടപ്പിച്ച് എഴുനാക് എട്ടു
കൂടാ എട്ടുനാക നിലപ്പെടുത്തുന്ന കാളിമാർകതിർകല്പംകൊണ്ടു ചെ
ന്ന പടിപ്പുറക്ക് നാടുപോയി. ഇപ്പടിതുറന്നുവരുന്ന മകനെ എന്റെ
മകളെ മാലവെച്ചുകൊടുക്കണ്ട എന്നു കല്പിച്ചു. മററിന്നും വെടിവെ
പ്പിച്ചു. മറിയിന്നും ചഴലുതിപ്പിച്ചു. ആയതിനൊക്കെ കല്യാണമഹാ
ജനങ്ങളും കീഴ്കടവിന്നോടി കരകൊണ്ടു. ഇടമരാജാവ്, ചോഴരാ
ജാവ്, പല്ലവരാജാവ്, പാണ്ഡ്യരാജാവ് തുടങ്ങിയ കടതഴവല്ലവരും
ആയിരുന്ന പോർപടികൾ മുട്ടി ഉടഞ്ഞൊഴിഞ്ഞു. കതിർകളിക്കുന്ന
കന്നിമേവി നേരമായികളും ചെന്നു പോർപടി മുട്ടി ഉടഞ്ഞൊഴിയുന്നു
പാണികൊട്ടുപണിക്കാരായ് തങ്ങളിലുറക്കളും അറുപത്താറുമതു
റുമൂന്നും എഴുപത്തെഴ് എഴുകലങ്ങളും പോർപടികൾ മുട്ടി പിറന്ന
ഴിയുമെന്നറിഞ്ഞു പോരുകനെ കീഴക്കെകൊല്ലത്തെ പടനാതിയും
നിവിരെ ചെന്നു പടിപുറപ്പെട്ടു. (തുടരും)

प्रयोगापेक्षेति । ननु मध्यस्थमनोभागस्य प्रमातृव्यापाराविषयत्वेऽपि प्रमां प्रति कारणत्वाभावात् कथं करणत्वमत आह । तादृशप्रमां प्रतीति तादृशप्रमायोगशून्यत्वरूपतत्कारणत्वादित्यर्थः । मध्यस्थमनोभागरूपायां वृत्तावुक्तहेतुद्वयसत्त्वं दर्शयितुं प्रमातृप्रयत्नजन्यतात्क्रियाया विषयसंयोगजनकत्वं तादृशक्रियोपहितायां तस्यां विषयसंसृष्टभागायोगशून्यत्वं च दर्शयति प्रमात्रेति । अज्ञातविषयभागत्वादिति अज्ञातविषयसंसृष्टभागत्वादित्यर्थः । अज्ञाननिवृत्तिरूपाभिव्यक्त्युत्पत्तियोग्यत्वं विषयस्यास्तीति प्रदर्शनायाज्ञातेति तद्विशेषणम् । तदव्यवधानेन विषयसंसृष्टभागाव्यवधानेन । फलेति प्रमाफलेत्यर्थः । तस्यैव विषयसंसृष्टभागस्यैव । अज्ञानविषयकत्वमिति अज्ञातविषयकत्वघटितप्रमात्वमित्यर्थः । यदव्यवधानेन यत् फलं दृश्यते तस्यैव तत्त्वादिति भावः । यद्वा अज्ञातविषयाभिव्यक्तिरूपफलदर्शनेनेति वस्तुतोऽज्ञातो यो विषयो घटादिः तदभिव्यक्तिरूपस्य वस्तुतोऽज्ञातघटादिविषयकत्वविशिष्टफलस्य दर्शनेनेत्यर्थः । वस्तुतोऽज्ञातघटाद्यभिव्यक्तिं प्रति वस्तुतोऽज्ञातघटादिविषयत्वविशिष्टस्यैव ज्ञानस्य हेतुतया तत्फलस्य तदभिव्यक्तिरूपत्वमिति भावः । अज्ञानविषयकत्वमिति वस्तुतोऽज्ञातघटादिविषयकत्वमित्यर्थः ।।

व्या० र०— प्रमातृचैतन्येति जीवेत्यर्थः । स्वप्नेऽप्यविद्यावृत्तेः स्वाप्नविषयजीवयोरुपरागार्थत्वात् स्वाप्नगजादेरस्वच्छत्वेन तत्र प्रतिबिम्बाश्रयवृत्तिघटितोपरागस्य तत्साक्षात्कारार्थं शुक्तिरूप्यादाविव आवश्यकत्वात् स्वप्ने प्रमातृभावस्य प्रमाणवृत्त्यभावप्रयुक्तस्य मूल एवाग्रे सुषुप्तिकान्तःकरणावच्छिन्नचैतन्यस्यैव प्रमातृत्वादित्यादिना वक्ष्यमाणत्वात् । अहं घटं साक्षात्करोमीति व्यवहारार्थं तु प्रमात्रुपरागोऽपेक्ष्यत एव । घटादिव्यावहारिकसाक्षात्कारस्य मनोवृत्तिघटितत्वेन तत्र प्रमात्रुपरागस्य आवश्यकत्वात् । उपरागेति संबन्धेत्यर्थः । प्रतिबिंबाश्रयप्रमावच्छेदकत्वं घटादिनिष्ठं प्रत्यक्षस्थले संबन्धः । तेनैव घटं साक्षात्करोमीति व्यवहारसंभवात् प्रतिबिंबाश्रयप्रमाविषयत्वम् । परोक्षस्थले तेनैव घटमनुमिनोमि घटं जानामीत्यादिव्यवहारसंभवात् । ननु सुखादिषु जीवस्य तादात्म्यसंबन्ध एव साक्षात्कारव्यवहारे नियामकः । घटादिषु तूक्तरूपमिति वैरूप्यमिति चेन्न । अज्ञान एव जगदुपादानत्वपक्षे

जीवस्य मनःसुखादौ प्रतिबिम्बद्वारैव संबन्धस्य वाच्यत्वेन मनस्सुखाद्यवच्छिन्नचिद्रूपस्य मनआदिसाक्षात्कारस्यापि जीवप्रतिबिम्बाश्रयत्वेन जीवस्य प्रतिबिम्बाश्रयसाक्षात्कारावच्छेदकत्वरूपसंबन्धस्यैव मनस्सुखादिसाक्षात्कारनियामकत्वेनावैरूप्यात् मनोवच्छिन्नचितः जीवत्वे मनोऽवच्छिन्नरूपेणैकेन बिम्बत्वं प्रतिबिम्बाधारत्वं च अनुपपन्नमिति वाच्यम् । मनोविशिष्टरूपेण द्वितीयस्य मन उपहितरूपेण आद्यस्य स्वीकारात् मनसोऽपि स्वच्छत्वेन प्रतिबिम्बाधारत्वे विशेषणत्वं भोक्तृत्वरूपजीवकोटौ विशेषणतया निवेशासंभवेन जीवोपाधित्वेनावच्छिन्नबिम्बत्वे उपाधित्वमेव । न च मनोविशिष्टचिद्रूपप्रतिबिम्बाश्रयं प्रति मनसोऽवच्छेदकत्वे मानाभाव इति वाच्यम् ॥

न्या- र- व्या— तदधिष्ठानत्वप्रयोजकं तादात्म्यमिति अध्यस्ताधिष्ठानयोर्यत्तादात्म्यं तदित्यर्थः । आध्यासिकसंबन्धशालित्वस्य तस्यैव भासकतायां तन्त्रत्वादिति भावः । अनाद्यध्यासस्य दोषादेरिवाधिष्ठानस्यापि नापेक्षेति अनादिदृश्यानामधिष्ठानाभावेन केषांचित् कोऽधिष्ठानतादात्म्यमिति कथं तद्भासकत्वमत आह अनादिदृश्यानामिति । अनाद्यध्यासस्य जनकतयाधिष्ठानानपेक्षायामप्याश्रयतयाधिष्ठानापेक्षासत्त्वादिति भावः । तत्त्वाद्वैतसिद्धौ मणौ कुसृष्टकल्पनोपपादने तत्त्वविद्याध्यासस्यानादित्वेन दोषाद्यनपेक्षावदधिष्ठानापेक्षापि न स्यादिति चेन्न । जनकत्वेनाधिष्ठानानपेक्षायामप्याश्रयत्वेन तदपेक्षानियमात् परममहत्त्वादेराश्रयापेक्षावत् भासकतयाप्यधिष्ठानापेक्षणाच्चेति उपरागार्थकत्वादिति । तथा च प्रमातृचैतन्येति मूलप्रमातृपदस्य यथाश्रुतार्थकत्वे स्वाप्नाविद्यावृत्तेरज्ञानविषयजीवधर्मोपरागार्थकत्वस्यानुक्तता मूलस्य न्यूनता स्यादिति तद्वारणाय तत्पदं जीवार्थकतया व्याख्यातमिति भावः । ननु प्रमातृचैतन्योपरागार्थान्तःकरणवृत्तिरिति मूले प्रमातृपदस्य जीवार्थकत्वेऽपि अन्तःकरणवृत्तिपदेनाविद्यावृत्तेरग्रहणात्तदनुक्तितादवस्थ्यमिति चेन्न । अन्तःकरणवृत्तीत्यस्याविद्यावृत्त्युपलक्षणत्वात् । ननु स्वप्नेऽविद्यावृत्तेर्नोपरागार्थकत्वं स्वाप्नविषयस्य स्वच्छत्वेन तत्र स्वप्रतिबिम्बवत्त्वरूपोपरागस्यैव संभवादित्यत आह स्वाप्नगजादेरिति । अस्वच्छत्वेनेति स्वप्रतिबिम्बवत्त्वरूपोपरागासंभवादिति शेषः । ननु स्वाप्नगजादेः स्वच्छमेवान्यथा त-

മംഗളോദയം കമ്പനി

ത്രിശ്ശിവപേരൂർ.

1080-ലെ 1-ാം റെഗുലേഷനായ കൊച്ചി കമ്പനി റെഗുലേഷനനുസരിച്ചു രജിസ്തർ ചെയ്യപ്പെട്ടതു.

മൂലധനം ഉറുപ്പിക 1,00,000

ഈ മൂലധനത്തെ ഷെയർ 1-ക്ക് 10 ഉറുപ്പിക വീതം 10,000 ഷെയറുകളായി ഭാഗിച്ചിരിക്കുന്നു.

ഡയറക്ടർമാർ.

1 മഹാമഹിമശ്രീ കൊച്ചി [illegible]
2 ബ്രഹ്മശ്രീ [illegible] നമ്പൂതിരിപ്പാട് [illegible]
3 ,, [illegible] വാസുദേവൻ നമ്പൂതിരിപ്പാട് [illegible]
4 ,, [illegible] വാസുദേവൻ നമ്പൂതിരി [illegible]
5 ,, [illegible] നമ്പൂതിരിപ്പാട് [illegible]
6 മ. രാ. രാ. [illegible] [illegible]
7 ,, [illegible] [illegible]
8 ,, ടി. സി. [illegible] [illegible]
9 ,, [illegible] [illegible]

ആഡിറ്റർ — പി. [illegible]

ലീഗൽ അഡ്വൈസർ — [illegible] ബി. എ., ബി. എൽ., [illegible] വക്കീൽ, ത്രിശ്ശിവ[illegible]

മാനേജർ — സി. [illegible]

കമ്പനിയുടെ പ്രധാന ഉദ്ദേശങ്ങൾ.

1 [illegible]

2 [illegible]

3 [illegible]

4 [illegible]

[illegible]

മംഗളോദയം.

൧൦൯൭ ചിങ്ങം.


മംഗളം

മനോ ധിനോതു മേ ദേവീ മനോജ്ഞാ മിമനോരമാ
യാ ശൈത്യപാവനീ ശംഭോ പാർവ്വതീ സതീ.

രസനിരൂപണം.

(൧)

സംഗീതമോദമായ സാഹിത്യത്തിൻെറ സൗന്ദര്യത്തെ അറിഞ്ഞാസ്വദിക്കുന്ന സഹൃദയന്മാരുടെ ഇടയിൽത്തന്നെ കാവ്യസ്വരൂ



പത്തെ സംബന്ധിച്ച മതഭേദങ്ങൾ അനേകമുണ്ട്. "രമണീയാർത്ഥപ്രതിപാദകശ്ശബ്ദഃ കാവ്യം" എന്ന് രസഗംഗാധരകാരൻ നിരൂപിച്ചിരിക്കുന്നു. "രീതിരാത്മാ കാവ്യസ്യ" എന്നു വാമനാചാര്യർ വിചാരിക്കുന്നു. "വക്രോക്തിഃ കാവ്യജീവിതം" എന്ന് വക്രോക്തിജീവിതകാരൻ സിദ്ധാന്തിക്കുന്നു. "കാവ്യസ്യാത്മാ ധ്വനിഃ" എന്ന് ധ്വനികാരനും സ്ഥാപിക്കുന്നു. "തദദോഷൗ ശബ്ദാർത്ഥൗ സഗുണാവനലംകൃതീ പുനഃ ക്വാപി" എന്നും "അദോഷം ഗുണവൽകാവ്യമലങ്കാരൈരലങ്കൃതം രസാന്വിതം" എന്നും മറ്റും ഓരോ ശാസ്ത്രകാരന്മാരും ഓരോ വിധത്തിൽ അഭിപ്രായപ്പെടുന്നു. "വാ

ക്യം രസാത്മകം കാവ്യം" എന്നു സഹൃദയന്മാർ ഒരുപോലെ സമ്മതിച്ചിരിക്കുന്നു.

ഒരു മനുഷ്യശരീരത്തിന് കടകകുണ്ഡലാദ്യാഭരണങ്ങൾ എപ്രകാരമോ അപ്രകാരം, രസാത്മകമായ കാവ്യശരീരത്തിനു (വാക്യത്തിനു) ഒരു മോടി വരുത്തുവാൻ മാത്രമേ ഉപമാദ്യലങ്കാരങ്ങൾക്കു സാധിക്കൂ. മാധുര്യാദിഗുണങ്ങളാകട്ടെ, ശൌര്യാദികൾ ഒരുവന്റെ ആത്മാവിനെ എന്നപോലെ, കാവ്യാത്മാവായ രസത്തെ അത്യുൽകൃഷ്ടമാക്കിത്തീർക്കും. ഈ വക സംഗതികൾ ആധുനികന്മാർക്ക് അവഗണനാവിഷയമായിത്തീർന്നിട്ടുണ്ട്. എങ്കിലും ദീനബന്ധുക്കളായ കവനകീടങ്ങൾ സാഹിത്യനഭോമണ്ഡലത്തെ ഇപ്പോഴും ദുഷിപ്പിക്കാതിരിക്കുന്നില്ല. ഈ ഒരു ദോഷത്തിനു ഈ നിരൂപണകർത്താവുതന്നെ പലപ്പോഴും ഭാഗഭാക്കായിത്തീർന്നിട്ടുണ്ടെന്നുള്ള പരമാർത്ഥം സസങ്കോചം സമ്മതിച്ചുകൊള്ളുന്നു.

കവിയുടെ പ്രതിഭാപ്രഭാവത്തിന്റെ ഫലമായി കാവ്യജീവനായ രസത്തിന്റെ സ്വരൂപജ്ഞാനം സമ്പാദിക്കുന്നതിനു മുമ്പുതന്നെ കാവ്യനിർമ്മാണത്തിനു കൈവയ്ക്കുമ്പോഴാണ് കവിത ദുഷിച്ചുപോകുന്നത്. കവനകലാകൗതുകന്മാരും, കാവ്യശ്രവണകുതുകികളും രസത്തിന്റെ ഒരു സാമാന്യജ്ഞാനം സമ്പാദിച്ചുതീരൂ. രസത്തിന്റെ സ്വരൂപം, വിഭാഗം, അവാന്തരവിഭാഗങ്ങൾ, ഓരോ രസത്തിനുമുള്ള വിഭാവം, അനുഭാവം, സ്ഥായിഭാവം, സഞ്ചാരി ഇതുകളുടെ സ്വഭാവം, രസഭംഗകങ്ങളായ ദോഷങ്ങൾ ഇങ്ങിനെ പല കാര്യങ്ങളും ശരിയായി ഗ്രഹിച്ചാൽ മാത്രമേ ഈ സാമാന്യജ്ഞാനം സിദ്ധിക്കയുള്ളു. അതുകൊണ്ട് ഇപ്രകാരമുള്ള വിഷയങ്ങളെക്കുറിച്ചാണ് ഇവിടെ നിരൂപണംചെയ്യാനാരംഭിക്കുന്നത്.

വിഭാവേനാനുഭാവേന വ്യക്തഃ സഞ്ചാരിണാ തഥാ
രസതാമേതി രത്യാദിഃ സ്ഥായീഭാവഃ സചേതസാം.

വിഭാവം, അനുഭാവം, സഞ്ചാരി ഇതുകളാൽ സുവ്യക്തവും സ്വാദിഷ്ഠവുമായ രത്യാദി ചിത്തവൃത്തിവിശേഷമാണ് സഹൃദയന്മാരുടെ ഹൃദയങ്ങളിൽ ശൃംഗാരാദിനാമമായി പരിണമിക്കുന്നത്. അവ്വ [illegible]

രികളിലാണെങ്കിലും കാവ്യാത്മാക്കളുടെ ഭാവനാവിശേഷംകൊണ്ട് അതുകൾ സഹൃദയന്മാരിലും ഉണ്ടായിത്തീരുന്നു. ഈ സംഗതി മറെറാരിടത്തു സ്പഷ്ടമായി വിവരിക്കപ്പെടും. "വിഭാവൈരനുഭാവൈശ്ച സാത്വികൈർവ്യഭിചാരിഭിഃ" എന്നിങ്ങനെ സാത്വികങ്ങളായ ഭാവങ്ങൾകൂടി രസഘടകങ്ങളാണെന്നാണ് ചിലരുടെ അഭിപ്രായം. പക്ഷെ അവ അനുഭാവങ്ങളിൽ അന്തർഭവിപ്പതുകളാകയാൽ വേറെ എടുത്തു പറയേണ്ടതായ ആവശ്യം കാണുന്നില്ല. "രസപ്രതീതിയുണ്ടാകുന്നു" എന്നു പറയുന്നതിനു "ചോറു വെയ്ക്കുന്നു" എന്നു പറയുന്നതുപോലെ അർത്ഥം ഗ്രഹിച്ചാൽ മതി. വാസ്തവത്തിൽ അരിയാണ് വെയ്ക്കുന്നത്; അത് ചോറായിത്തീരുന്ന ഒരു പ്രത്യേകവ്യാപാരത്തെ പുരസ്കരിച്ച് അങ്ങിനെ വ്യവഹരിക്കുന്നുവെന്നേയുള്ളു. ഇപ്രകാരംതന്നെ രത്യാദിസ്ഥായിഭാവങ്ങളുടെ ചർവ്വണാവസ്ഥയെ ആസ്പദമാക്കിക്കൊണ്ടാണ് "രസപ്രതീതി" എന്നു വ്യവഹരിക്കുന്നത്. രസത്തെ വിഷയീകരിച്ച് ഒരു പ്രത്യേകബോധമുണ്ടാവുകയല്ലെന്നു താല്പര്യം. ഈ സംഗതിയെക്കുറിച്ചു പല മതഭേദങ്ങളുമുണ്ട്. അവയുടേയും സൂക്ഷ്മമായ അറിവുണ്ടാവുന്നതു പ്രകൃതത്തിനു അത്യാവശ്യമായിരിക്കും. മുൻപറഞ്ഞ വിഭാവാദികളുടെ സ്വരൂപജ്ഞാനം, ഈ മതഭേദങ്ങളുടെ താല്പര്യഗ്രഹണത്തിനു വളരെ സഹായമായിത്തീരും. അതുകൊണ്ടു വിഭാവാദികളെത്തന്നെ ഇവിടെ ആദ്യമായി വിവരിക്കാം.

> കാരണാന്യഥകാര്യാണി സഹകാരീണിയാനിച
> രത്യാദേഃസ്ഥായിനോലോകേതാനിചേന്നാട്യകാവ്യയോഃ
> വിഭാവാഅനുഭാവാസ്തൽകഥ്യന്തേവ്യഭിചാരിണഃ

എന്നാണ് നിയമം. ആലംബനം, ഉദ്ദീപനം ഇങ്ങിനെ കാരണങ്ങൾ രണ്ടുവിധം. അവയിൽ സ്ഥായിഭാവരൂപമായ രത്യാദിചിത്തവൃത്തിവിശേഷം യാതൊരു വ്യക്തിയെ ആലംബിച്ചു (ആശ്രയിച്ച്) ഉത്ഭവിക്കുന്നുവോ അത് (ആവ്യക്തി) ആലംബനം. ഇങ്ങിനെ ഉത്ഭവിച്ചതിനുശേഷം ഏതെല്ലാ വസ്തുക്കൾ ആ ചിത്തവൃത്തിയെ ഉദ്ദീപിപ്പിക്കുന്നുവോ അതുകൾ ഉദ്ദീപനങ്ങൾ. കാമിന്യാദികൾ ആലംബനങ്ങളും ചന്ദ്രോദയാദികൾ ഉദ്ദീപനങ്ങളുമാകുന്നു. പൂ

൧൦. രത്യാദികളുടെ ആവിർഭാവത്തിനു ശേഷം കായികങ്ങളായോ, വാചികങ്ങളായോ, മാനസികങ്ങളായോ ഉണ്ടാകുന്ന ചേഷ്ടാവിശേഷങ്ങളാണ് ഇവിടെ "കാര്യങ്ങൾ" എന്നു വ്യവഹരിക്കപ്പെടുന്നത്. രത്യാദികളാൽ ഉല്ലാസം ചെയ്യപ്പെടുന്ന കാര്യങ്ങളുടെ ഝടിതിപ്രതീതിക്കു സഹായികളായി നില്ക്കുന്ന നിർവ്വേദാദികൾ തന്നെ സഹകാരികൾ. ഇപ്രകാരമുള്ള കാരണകാര്യസഹകാരികളെ ക്രമേണ വിഭാവം, അനുഭാവം, വ്യഭിചാരി (സഞ്ചാരി) എന്നിങ്ങനെ നിർദ്ദേശിച്ചുവരുന്നു. വാസനാരൂപേണ ലയിച്ചു കിടക്കുന്ന രത്യാദിചിത്തവൃത്തികളെ വിഭാവനം ചെയ്യുന്നതു (ആസ്വാദയോഗ്യമാക്കിത്തീർക്കുന്നത്) വിഭാവം. ആത്മഗതങ്ങളെ ബാഹ്യവിഷയമാക്കിത്തീർക്കുന്നത് അനുഭാവം. രത്യാദികളെ വിശേഷിച്ചും സഞ്ചരിപ്പിക്കുന്നത് വ്യഭിചാരി. എന്നിങ്ങനെ ഇവയുടെ പേരിനു പറയുന്നതായ അർത്ഥവും നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്.

ഉദ്ബുദ്ധം കാരണൈഃ സ്വൈഃ സ്വൈർബ്ബഹിർഭാവം പ്രകാശയൻ
ലോകേ യഃ കാര്യരൂപഃ സോഽനുഭാവഃ കാവ്യനാട്യയോഃ
വിശേഷാദാഭിമുഖ്യേന ചരണാദ്വ്യഭിചാരിണഃ
സ്ഥായിന്യുന്മഗ്നനിർമ്മഗ്നാഃ കല്ലോലാ ഇവ വാരിധൗ
യേഷൂപകർത്തൃതാം യാന്തി സ്ഥായിനോഽസംസ്കൃതാഃ
ഉപകുർവ്വന്തി തേ ജ്ഞേയാ വ്യഭിചാരിണഃ

എന്നുള്ള പ്രമാണവചനങ്ങൾ മേൽ പറഞ്ഞ നിർവ്വചനങ്ങൾക്കു സാക്ഷികളാണ്. വനിതാദികളെ ആലംബിച്ചു ജാതമായി, പവനോദ്യാനാദികളാൽ ഉദ്ദീപ്തമായി, നിർവ്വേദാദികളാൽ ഝടിതിസ്ഫുടീകൃതമാകുന്ന രത്യാദിചിത്തവൃത്തിവിശേഷമാണ് രസം എന്നുള്ളത് ഇപ്പോൾ സ്പഷ്ടമായല്ലോ. ചില ഉദാഹരണങ്ങളും കൂടി ചൂണ്ടിക്കാണിക്കാം.

"ചന്ദ്രനും കൊമ്പിൽ [illegible] പാമ്പിരിപ്പാകമാതിരിത്തന്നി,
നാനാദേശ്യാം ചെപ്പുകെട്ടിക്കുന്നെന്നാൽ വിഷമിച്ചു [illegible]"
പ്രാണപ്രിയനാം [illegible] ഉള്ളിൽ [illegible]
[illegible]
(നാട്ടങ്ങാം."

മുഗ്ദ്ധയായ നായികയെ സമാശ്ലേഷംചെയ്യുന്നതിന്നു ഉത്സുകനായ നായകന്റെ പ്രവൃത്തിയും നായികയുടെ അപ്പോഴത്തെ നിലയുമാണ് കവി ഇവിടെ വർണ്ണിച്ചിരിക്കുന്നത്. നായികാനായകന്മാർ രണ്ടുപേരിലുമുള്ള രതിയെ പോഷിപ്പിക്കുന്ന സംഗതികളടങ്ങിയ ഒരു കാവ്യമാണ് ഈ പദ്യം. നായികാനിഷ്ഠയായ രതിക്കു നായകൻ ആലംബനവും അയാളുടെ സംഭാഷണാദിയും ആശ്ലേഷണവും ഉദ്ദീപനങ്ങളും രോമാഞ്ചം മുതലായവ അനുഭാവങ്ങളും ലജ്ജ വ്യഭിചാരിയുമാണ്. നായകനിഷ്ഠയായ രതിക്കു നായിക ആലംബനവും അവളുടെ സൌന്ദര്യവിശേഷം ഉദ്ദീപനവും സംഭാഷണാദിയും ആശ്ലേഷണവും അനുഭാവങ്ങളും അതുകളാൽ പ്രതീയമാനമായ ഔത്സുക്യം വ്യഭിചാരിയുമാകുന്നു. ഈ പ്രകാരം ഇവരിലുള്ള രതി ഏതാദൃശങ്ങളായ കാര്യങ്ങളെ വഴിപോലെ അറിയുന്ന സഹൃദയന്മാരുടെ ഹൃദയത്തിങ്കൽ പ്രകാശിക്കുമ്പോൾ ശൃംഗാരരസാസ്വാദമാകുന്ന പരമാനന്ദം അവരനുഭവിക്കുന്നു. നായകനോ നായികയോ ഒരു വ്യക്തി മാത്രം ആലംബനമായി ഉണ്ടാകുന്ന രതിയും രസംതന്നെയാണ്.

“പോവാനിരുന്നതിടുകണ്ടെഴുന്നേറ്റുമൊരൽപ്പമിടത്തുന്നിലവോ-
ഭിവാച്ചിരാകണ്ടുവേപഥുതിയതാൻ സീമിതിയെന്നിങ്ങിരുന്ന
ആവാരകാങ്ക്ഷിയട്ടുമെന്നണഞ്ഞുടനെ കയ്യിൽകൊടുത്തൊന്നതാൻ
ഭീവായവാരകവുള്ളവാകിടുകിടുത്തപ്പോഴരഞ്ഞിപ്പിഴുതുമ്പം.

കണ്ടെത്രമെന്നോർക്കിലാരെന്നു ചില്പകരികിലണ്ണെന്നിട്ടവാൻകാക്കുമൊരുത്തൻ-
കൊണ്ടോരെന്നു പുളിരിപ്പുകിലുതെളുവിതനൻ വാദനാകാണെങ്കിലുംതാൻ
ഉണ്ടായിട്ടില്ലുമസ്മിയെന്നുലയതിനാൽത്തെന്നെളിടിപ്പിതിൽ ഇതുവും
തണ്ടാരമ്പൻ തിരമ്പിൽ തടവുപതഞ്ഞവർ ചുറ്റുരാഗരപ്പെണ്ണിനാൾ.”

ഇതിൽ പൂർവാർദ്ധത്തിൽ നായിക ആലംബനവും അവളുടെ രാക്ഷണവും ഒരൂ ഉദ്ദീപനങ്ങളും കിടുകിടുപ്പ് അനുഭാവവും പ്രതീയമാനമായ ഹർഷം വ്യഭിചാരിയും, ഉത്തരപദ്യത്തിൽ നായകൻ ആലംബനവും വിജനസ്ഥലം ഉദ്ദീപനവും വെളിപ്പെട്ട ഭാവങ്ങൾ അനുഭാവവും പ്രതീയമാനമായ ആവേശം വ്യഭിചാരിയും ആകുന്നു. ഇപ്രകാരത്തെ വിഭാവാദികൾ ഉണ്ടാകുന്നുവെന്നതാണ് മനസ്സിലാക്കേണ്ട കാരണങ്ങളായിരിക്കുന്നത്. അല്ലാതെ ഉണ്ടാവുന്നവരായ

ല്ല. ഈ സംഗതിയെ ഒന്നുകൂടി വിശദപ്പെടുത്താം. കുലാലന്റെ ചക്രവും കോലും ഘടോല്പത്തിക്ക് കാരണങ്ങളാണ്. എന്നാൽ അവക്ക് അന്യോന്യാശ്രയതയുമുണ്ട്. ചക്രത്തിന്നോ കോലിന്നോ ഒറ്റയ്ക്ക ഘടത്തെ ജനിപ്പിക്കുവാൻ ശക്തിയില്ല. കരിങ്കല്ല്, മുള, സൂര്യകാന്തം ഇവയോ തീയുണ്ടാക്കുവാൻ പ്രത്യേകം പ്രത്യേകം കാരണങ്ങളാണ്. ഒന്നിന് മറ്റൊന്നിനെ ആശ്രയിക്കേണ്ട എന്നു താല്പര്യം. ഇതുപോലെ രസത്തിന്റെ വിഭാവാദികൾ ഓരോന്നും പ്രത്യേകകാരണങ്ങളല്ല. ഇന്നിന്ന രസങ്ങൾക്ക് വിഭാവാദികൾ ഇന്നിന്നവയെന്നു നിയമമില്ല. ഒരു വ്യാഘ്രത്തെ കാണുമ്പോൾ ഭീരുക്കൾക്ക് ഭയവും വീരന്മാർക്ക് ഉത്സാഹവും അതിനെ മുമ്പു കാണാത്തവർക്ക് വിസ്മയവും അതു വല്ലവരെയും ഉപദ്രവിച്ചിട്ടുണ്ടെങ്കിൽ അവരുടെ ബന്ധുക്കൾക്ക് ക്രോധവും ഉണ്ടാകുന്നതു സാധാരണയാണ്. അപ്പോൾ ഭയാനകത്തിന്നെന്നപോലെ വീരത്തിന്നും, അത്ഭുതത്തിന്നും രൌദ്രത്തിന്നും വ്യാഘ്രം ആലംബനവിഭാവമായിത്തീരും. ഇപ്രകാരം തന്നെ വിപ്രലംഭശൃംഗാരത്തിന്നും, കരുണത്തിന്നും, ഭയാനകത്തിന്നും ചിന്താദികൾ വ്യഭിചാരികളുമാകുന്നു. ഇവകൾ ഒന്നുകൊണ്ടുതന്നെ രസപ്രതീതിയുണ്ടാവുന്നതല്ല. വ്യാഘ്രം ആലംബനമായും, അശ്രുപാതം അനുഭാവമായും, ചിന്ത വ്യഭിചാരിയായും, ഭയം സ്ഥായിയായും ഉണ്ടാകുന്ന ചിത്തവൃത്തിവിശേഷമേ ഭയാനകമാകയുള്ളൂ. ഈ അഭിപ്രായത്തെ ഉള്ളിൽ വച്ചുകൊണ്ടാണ് 'വ്യക്തസ്സ തൈർവ്വിഭാവാദ്യൈഃ' എന്ന ഗ്രന്ഥവചനം പ്രയോഗിച്ചിരിക്കുന്നത്.

വസ്തുതം ഇപ്രകാരമാണെങ്കിലും ചിലേടങ്ങളിൽ വിഭാവാദികളെല്ലാം വർണ്ണിക്കപ്പെട്ടിട്ടില്ലെങ്കിൽത്തന്നെ രസപ്രതീതിയ്ക്കു യാതൊരു ഹാനിയും ഉണ്ടാകുന്നതല്ല. ഏതെങ്കിലും ചിലതുണ്ടെങ്കിൽ അതുകൾക്ക് അനുരൂപമായി മറ്റു സംഗതികളെ അതാതു പ്രകരണങ്ങളിൽ ആക്ഷേപിച്ചു രസാസ്വാദനം സാധിക്കാവുന്നതാണ്.

> സദ്ഭാവശ്ചേദ്വിഭാവാദേർദ്വയോരേകസ്യ വാ ഭവേൽ
>
> ഝടിത്യന്യസമാക്ഷേപേ തദാ ദോഷോ ന വിദ്യതേ.

എന്നും വിധിച്ചിട്ടുണ്ട്. അതായത് ചില ചില രസങ്ങൾക്ക് വിഭാവാദികൾ ഇന്നിന്നവയാണെന്നു നിയമമുണ്ട്. [illegible] [illegible]

ഘട്ടങ്ങളിൽ ഏതെങ്കിലും ഒരു സംഗതി വർണ്ണിക്കപ്പെട്ടാൽ തന്നെ പ്രകരണബലംകൊണ്ട് ഇതരസംഗതികളെ ആരോപിക്കുവാൻ കഴിയും. അവിടെ ചില സംഗതികളെ മാത്രം പ്രദർശിപ്പിച്ചാലും ശേഷം പൂരണംചെയ്തു സഹൃദയന്മാർ രസമനുഭവിച്ചുകൊള്ളും. അതിന്നു ഉദാഹരണവുമുണ്ട്.

നീങ്ങീടിനാനിലമതോ ഗഗനാഗ്രടിക്കഴിഞ്ഞുമതം,
ചേരവെന്തുകളുമെന്നിതപാദപീഠനപാദമോക്ഷം,
ചാതുശ്രീയെഴുമക്ഷരാവലികൾതിൽപ്പുറ്റമിത്തിതാ
ദേവശ്ലോകത്തിൽ കമ്പിട്ടപ്രിയതമൻ തന്നിൽ പ്രസരിക്കുന്നി.

കട്ടിലയരതിന്നമില്ലാത്തശിഖരരൂപതിപ്പോടം
കിളിമൊഴിതോടുകളിപ്പൊരുപ്പൊക്കപ്പെട്ടിവച്ചു
നളിനമിഴിപടച്ചതിൽ അപോലമതിലാഴെന്നാ-
മൊളി,ശിഖിപാകമാനകാസുമോദരാമിളന്തു.

ആരുമലെത്തുന്നതുമോഷപ്രിയതമനാലിവളന്നിന്നമുമ്പോട്ടുമതല്ലാ-
ഒരൊന്നംകൊണ്ടുമോരെയനടനാടിതിരിയെ,പിന്നെയുമ്പോട്ടുതന്നെ
നേരയരെന്തുവരത്തുന്നായികലിന്നിയുമെന്നൊന്നുമല്ലോട്ടിതെ-
ട്ടാരാമരൂപദപ്പുൺകോടിയെന്നായസംഭവോപോതനുമണ്ടും.

ഇത്യാദി പദ്യങ്ങളിൽ ആദ്യത്തേതിൽ വിഭാവവും (ദേഹസൌരഭം, ഭ്രമരാവലിശ്രവണം, അങ്കുരാവലോകനം മുതലായവ ഉദ്ദീപനവിഭാവങ്ങളും ആലംബനവിഭാവവും) രണ്ടാമത്തേതിൽ അനാസ്ഥ, കാർശ്യം, പാണ്ഡുത മുതലായ അനുഭാവങ്ങളും, മൂന്നാമത്തേതിൽ ഔത്സുക്യം, ശങ്ക, ചിന്ത മുതലായ വ്യഭിചാരികളും മാത്രമേ വർണ്ണിക്കപ്പെട്ടിട്ടുള്ളു. അപ്പോൾ ആദ്യത്തേതിൽ അനുഭാവവും വ്യഭിചാരിയും, രണ്ടാമത്തേതിൽ വിഭാവവും വ്യഭിചാരിയും, മൂന്നാമത്തേതിൽ വിഭാവവും അനുഭാവവും ആരോപിക്കപ്പെടേണ്ടിവരും. അങ്ങിനെ ചെയ്യുന്നതുകൊണ്ടു രസത്തിനു ന്യൂനതയില്ലതാനും. സിദ്ധങ്ങളോ ആരോപിതങ്ങളോ ആയിട്ടുള്ള വിഭാവാദികളെക്കൊണ്ടാണ് രസസാക്ഷാൽക്കാരം സിദ്ധിക്കുന്നത്.

ആലത്തൂർ അനുജൻനമ്പൂതിരിപ്പാട്.

ആരോഗ്യസംരക്ഷണം.

(തുടൎച്ച)

വിവിധവിനോദങ്ങൾ:— കാലഭേദംകൊണ്ട് എല്ലാവകക്കാൎക്കും വരിഷ്ഠം, ഭേദമെപോക്കു ചതുരംഗവും വന്നുതുടങ്ങിയിരിക്കുന്നു. ഇതിൽ തന്നെ മനസ്സുകൊണ്ടുള്ള പണിക്കു വളരെ പ്രാധാന്യം കൂടിട്ടുണ്ട്. ഇതിന്റെ പ്രതിവിധിയായി കൂടക്കൂടെ വിശ്രമം കഴിച്ചുകൂടേണ്ടതാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ അതുകൊണ്ടു മാത്രം മതിയാവുന്നതല്ല. വിശ്രമസമയങ്ങളിൽ എന്തെങ്കിലും വല്ല വിനോദത്തിനുള്ള വഴികളും ഏൎപ്പെടുത്തേണ്ടതാണ്. പന്തുകളി മുതലായ കളികളെ ഈ കൂട്ടത്തിൽ സാധാരണ ഗണിക്കാറുണ്ട്. എന്നാൽ അവയെല്ലാം അധികവും ശരീരത്തെ സംബന്ധിക്കുന്നവയാകയാൽ മനസ്സമാധാനത്തെ സംബന്ധിച്ചേടത്തോളം അവറ്റെ ശരിയായ ഫലമുണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടു മനസ്സിനെ പ്രത്യേകം സംബന്ധിക്കുന്ന സംഗീതസാഹിത്യാദികളാണ് ഇതിനു ശരിയായിട്ടുള്ള മാൎഗ്ഗമെന്നു പറയാം. സംഗീതശ്രവണം, സാഹിത്യപാരായണം, ഇഷ്ടജനങ്ങളുമായുള്ള സല്ലാപസംഭാഷണം എന്നിതുകൾക്കു മനസ്സിനുള്ള മാന്ദ്യങ്ങളെ കളഞ്ഞു പുതുമയും ഉന്മേഷവും നൽകുന്നതിന് ഒരുതരം പ്രത്യേക ശക്തിയുണ്ടെന്നുള്ളത് എല്ലാവൎക്കും അനുഭവമുള്ളതാകയാൽ അതിനെപ്പറ്റി അധികം വിസ്തരിക്കുന്നില്ല. ഒരു സമയത്തും വിശ്രമവും സ്വസ്ഥതയുമില്ലാതെ മനസ്സുകൊണ്ട് അധികമായി പണിയെടുക്കുന്നവരൊക്കെ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധവെക്കേണ്ടതാണെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

മനസ്സുറപ്പ്:— മനസ്സമാധാനമില്ലാതാക്കിത്തീൎക്കുന്ന സംഗതികളിൽ മനസ്സിന്റെ ഉറപ്പില്ലായ്മ വളരെ മുഖ്യമായ ഒന്നാകുന്നു. നിസ്സാരമായ വല്ല സുഖക്കേടും ഉണ്ടാവുമ്പോഴേക്കും വല്ലാതെ ഭയപ്പെട്ടു തനിക്കു ശരീരത്തിനു തീരെ സുഖമില്ല, ഒന്നിനും വയ്യ എന്നും ക

ററും വെറുതെ ജലപിശാചു വിചാരിപ്പുവന്നെ വളരെ ആളുകളും മ
നസ്സമാധാനത്തെ നശിപ്പിക്കുന്നുണ്ട്. ഇതല്ല, ഈ ജലപിശാചു
തന്നെ കടവിൽ ഭയങ്കരമായ വ്യാധിയായിപ്പരിണമിക്കാറുമുണ്ടു. ക
ട്ടം അപൂർവ്വമല്ല. 'ചിന്ത ചിതയെക്കാൾ ആപൽക്കരമാകുന്നു. ചി
ത ദേഹത്തെ മാത്രമേ ദഹിപ്പിക്കുന്നുള്ളു. ചിന്തയാകട്ടെ ദേഹത്തെ
യും ദേഹിയെയും ഒപ്പം ദഹിക്കുന്നു.' അതുകൊണ്ടു നമ്മുടെ ഈ
മനോദൌർബ്ബല്യത്തെ പരിഹരിച്ചുകൊള്ളാതെ മറ്റൊന്നും മനസ്സമാധാ
നമുണ്ടാവുന്നതല്ല. മനസ്സിനെ നന്മ കൊടുപ്പുവാൻ കഴിയുമെങ്കിൽ
ജീവിപ്പിക്കുവാനും അതിനു തന്നെ ശക്തിയുണ്ട്. ആ ശക്തിയെ
നാം ഉണർത്തി ബലപ്പെടുത്തുകയേ വേണ്ടു. സഹനശീലംകൊണ്ടാ
ണ് അതു ബലപ്പെടുന്നത്. നമുക്കു നിത്യം ഉണ്ടായിക്കൊണ്ടിരിക്കു
ന്ന ചില്ലറ ഉപദ്രവങ്ങളെ വകവെക്കാതെയൊക്കെ സഹിച്ചുതന്നെ
ശീലിക്കണം. ക്ലേശങ്ങളെ സഹിക്കുന്നതിൽ നിന്നാകുന്നു മനശ്ശക്തി
വെളിപ്പെടുന്നത്. സഹനശീലം മനസ്സിനുള്ള വ്യായാമമാകുന്നു.
അതുകൊണ്ടു ദൌർബ്ബല്യം, സങ്കോചം, ക്ഷോഭം, ആലസ്യം മുതലായ
ക്ഷുദ്രവികാരങ്ങളെ ധൈര്യം, സ്ഥൈര്യം, ഉത്സാഹം എന്നീ ഉൽകൃ
ഷ്ടങ്ങളായ വികാരങ്ങളെക്കൊണ്ടു നമ്മൾ ജയിക്കണം. എ
ന്നാൽ ധൈര്യമായും അത്യാഗ്രഹത്തോടും ഉള്ള ഈ വക ഉപദ്രവങ്ങ
ളെ സഹിച്ചു ശീലിച്ചതുകൊണ്ടു മാത്രമായില്ല; സൽസ്വഭാവത്തെ
പുഷ്ടിപ്പെടുത്തുകയും കൂടി വേണം. പൂന്തോട്ടത്തിലുള്ള ദുഷ്ടച്ചെടിക
ളെ കളയുക മാത്രം ചെയ്താൽപോരാ; നല്ലച്ചെടികളെ വെച്ചു പിടിപ്പി
ക്കുകയും കൂടി വേണമെന്നു പറയേണ്ടതില്ലല്ലോ. തോട്ടക്കാരന്റെ
കരുതൽപ്പ് ആവശ്യംതന്നെ; എന്നാൽ വിവേകമാനന്റെ മനസ്സുതി
അതിലേറെ ആവശ്യമായിട്ടുള്ളതാകുന്നു. സ്വപ്നത്തിൽ സന്തുഷ്ടമാ
യ മനസ്സമാധാനത്തിന്റെ അടിസ്ഥാനം. അതുകൊണ്ടു ധൈര്യം
സ്ഥൈര്യം മുതലായ ശക്തിമത്തായ വികാരങ്ങളെ സമ്പാദിക്കുന്ന
തോടുകൂടി സത്യം സമാധാനശീലം മുതലായ സൽഗുണങ്ങളെക്കൂ
ടി പുഷ്ടിപ്പെടുത്താൻ ശ്രമിക്കണം. സൽഗുണങ്ങളാണ് സമാധാനത്തെ
യും ഐശ്വര്യത്തെയും സ്വാതന്ത്ര്യത്തെയും ജനിപ്പിക്കുന്ന എന്നുള്ളത് ഒ
രു പ്രകൃതിനിയമമാകുന്നു. അതുകൊണ്ടു ദുസ്സ്വഭാവത്തെയല്ലാതാക
ക്കി, സൽസ്വഭാവത്തെ പുഷ്ടിപ്പെടുത്തുക. എന്നാൽ നമുക്കു മനസ്സ

മാധാനമുണ്ടാവാതിരിക്കയില്ല. 'മനഃപോലെമംഗല്യം' എന്നല്ലൊ ആചാര്യവചനം.

കൃത്യനിഷ്ഠ — ഓരോരുത്തനും അവരവരുടെ അവസ്ഥയ്ക്കനുസരിച്ച് ആത്മാർത്ഥമായും പരാർത്ഥമായും ഓരോ കൃത്യങ്ങൾ ഉണ്ടായിരിക്കും. ആ വക കൃത്യങ്ങളെല്ലാം അപ്പപ്പോൾ തന്നെ ചെയ്തുതീർക്കാഞ്ഞാൽ ഒരിക്കലും മനസ്സമാധാനമുണ്ടാവുന്നതല്ല. കൃത്യം എന്നതു ഭാരമേറിയ ഒരു ചുമടാണ്. അതു തലയിൽ നിന്നിറക്കിയാൽ മാത്രമെ മനസ്സിന്നു ആശ്വാസവും സുഖവും ഉണ്ടാവുകയുള്ളൂ. എന്നാൽ ഈ കാര്യത്തിൽ മൂന്നു സംഗതി നാം പ്രത്യേകമായി മനസ്സിരുത്തേണ്ടതുണ്ട്. ഒന്നാമത് അവരവരുടെ കൃത്യം ഇന്നതാണെന്നു മനസ്സിലാക്കുക, രണ്ടാമത് അതു സമയത്തു ചെയ്യുക, മൂന്നാമതു ചെയ്യുന്നതു ശ്രദ്ധയോടുകൂടിയിരിക്കുക. ഇതിൽ സ്വകൃത്യങ്ങളെ അറിവാനുള്ള വഴി അവരവരുടെ സ്ഥിതി ഇന്നതാണെന്നു മനസ്സിലാക്കുക തന്നെയാകുന്നു. എല്ലാവർക്കും സ്വാഭാവികമായി പ്രത്യേകം പ്രത്യേകം ഓരോ സ്ഥാനങ്ങളും സ്ഥിതികളുമെല്ലാമുണ്ട്. അവയെ മനസ്സിലാക്കി കൃത്യങ്ങളനുഷ്ഠിച്ചാൽ അതു നമ്മുടെ മനസ്സിന്നു സമാധാനമുണ്ടാക്കുന്നതിന്നു പുറമെ മനുഷ്യർ തമ്മിലുള്ള ബന്ധത്തെ വളരെ ദൃഢീകരിക്കയും ചെയ്യും. എന്നാൽ ഇങ്ങിനെയുള്ള കാര്യം കേവലം മനം, നിസ്സാരമായ വല്ല ലേഖനം പഠിച്ചും മാത്രം ഭാവിച്ച്, ഓരോ കാര്യങ്ങളിൽ ചെന്നുചാടുന്നതുകൊണ്ടാണ സ്വഭാവവും പ്രവൃത്തിയും തമ്മിൽ യോജിക്കാതെ ഒടുവിൽ ഇച്ഛാഭംഗം, പശ്ചാത്താപം, അപമാനം മുതലായവയോടുകൂടി തങ്ങൾ ഏറ്റെടുത്ത കാര്യങ്ങളിൽനിന്നു പിന്തിരിയേണ്ടിവരുന്നതും, സമുദായത്തിൽ ഇന്നു കണ്ടുവരുന്നതായ വലുതായ കുഴപ്പങ്ങൾ നേരിടുന്നതും. അതുകൊണ്ട് എല്ലാവരും ഓരോ കാര്യങ്ങളിൽ ഏർപ്പെടുന്നതിന്നു മുമ്പായി തനിക്ക പഠിപ്പ് പ്രാപ്തി പണം മുതലായത് എത്രയുണ്ട്, തന്റെ സ്ഥിതിയെന്താണ്, എന്നും മറ്റും ശരിയായി ആലോചിക്കേണ്ടതാണ്. കൃത്യനിഷ്ഠയിൽ സമയം വളരെ പ്രധാനമായ ഒന്നാണ്. എന്നല്ല കൃത്യനിഷ്ഠയെന്നു കേട്ടാൽ സമയമാണ് ആളുകളുടെ ഉള്ളിൽ ഒന്നാമതായി കാണുന്നത് എല്ലാ കാര്യവും സമയ

ഇതുതന്നെ ചെയ്താൽ അല്പപ്രയത്നംകൊണ്ട് അധികഫലം സിദ്ധിക്കുന്നതാണ്. നേരമറിച്ചു സമയം തെററിയാൽ പിന്നെ വളരെ അദ്ധ്വാനിച്ചിട്ടും വലിയ ഫലമൊന്നുമില്ല. വെള്ളമെല്ലാം പോയതിന്റെ ശേഷം ചിറ കെട്ടാൻ ശ്രമിക്കുന്ന മാതിരി പലപ്പോഴും പ്രയത്നം തീരെ നിഷ്ഫലമായി എന്നും വരാറാണ് ഏറെയും. വല്ല സുഖക്കേടും ഉള്ളതായി കണ്ടാൽ ഉടൻതന്നെ അതിന്റെ പ്രതിവിധി ചെയ്യണം. അപകടത്തിൽ ചാടിയതിന്റെ ശേഷം വൈദ്യനെ വരുത്തിട്ട് വലിയ കാര്യമൊന്നുമില്ല. നാം കൃഷിചെയ്യുന്നതു കാലത്തുതന്നെ ആയിരിക്കണം. കാലം തെററിയാൽ വേല വിഫലം. നമുക്കു കിട്ടാനുള്ളതു സമയത്തു വാങ്ങുകയും, നാം കൊടുപ്പാനുള്ളത് അവധിക്കുതന്നെ കൊടുത്തുതീർക്കുകയും വേണം. അല്ലാത്തപക്ഷം അത് ഉരുണ്ടുകൂടി, ഒടുവിൽ കുഴപ്പത്തിലായി വരുമെന്നു പറയേണ്ടതില്ലല്ലോ. ഇരിപ്പ്, കളി, ഊണ്, ഉറക്കം മുതലായ എല്ലാ കാര്യം നോക്കുന്നതായാലും സമയം വളരെ വിലയുള്ളതാണെന്നു കാണാം. ഇതുപോലെ തന്നെ ശ്രദ്ധയും കൃത്യനിഷ്ഠയിൽ എത്രയോ മാഹാത്മ്യമുള്ള ഒന്നാകുന്നു. ശ്രദ്ധയോടുകൂടിയ പ്രവൃത്തി തനിക്കും മറ്റുള്ളവർക്കും ഒരുപോലെ സൌരസ്യത്തെ ജനിപ്പിക്കുന്നു. അതിഥിയെ സൽക്കരിക്കുന്നത് ശ്രദ്ധയോടുകൂടിയായാൽ ആ അതിഥിക്ക് അതൃപ്തിയെ ഉണ്ടാക്കുന്നതിന്റെ പുറമെ തന്റെ മനസ്സിനേയും സന്തോഷിപ്പിക്കുമെന്നുള്ളതിന്നു സംശയമില്ല. അതുകൊണ്ടു നാം എല്ലാ കാര്യവും ശ്രദ്ധയോടുകൂടിത്തന്നെ ചെയ്യേണ്ടതാകുന്നു. മേൽപറഞ്ഞപ്രകാരം അവരവരുടെ കൃത്യം ഇന്നതാണെന്നറിഞ്ഞ്, അതതുസമയത്തു തന്നെ ശ്രദ്ധയോടുകൂടി നടത്തിപ്പോന്നാൽ, ഫലം എന്തുതന്നെയായിരുന്നാലും, പ്രവൃത്തിയുടെ പരമോദ്ദേശ്യമായ 'ചെയ്യേണ്ടതു ചെയ്തു' എന്നുള്ള മനസ്സമാധാനമെങ്കിലും നമുക്കു ലഭ്യം ഉണ്ടാകാതിരിക്കുന്നതല്ല.

ഈശ്വരവിശ്വാസം:— ഒന്നിലും ഒരു വിശ്വാസമില്ലാത്തവരുടെ മനസ്സു സംശയം ഭയം മുതലായ വികാരങ്ങളെക്കൊണ്ട് എപ്പോഴും വ്യാകുലപ്പെട്ടുകൊണ്ടിരിക്കും. ധൈര്യമായി ഒരു കാര്യവും അവരെക്കൊണ്ടു പ്രവർത്തിപ്പാൻ കഴിയുന്നതല്ല. വിശ്വാസമാണ് മനുഷ്യ

ന് എത്ര സങ്കടത്തിലും ഒരു ആശ്വാസമായിട്ടുള്ളത്. സംശയരഹിതമായും നിർഭയമായും ഓരോ കാര്യത്തിൽ നമ്മെ പ്രവൃത്തിപ്പിക്കുന്നതിന്നു വിശ്വാസത്തിന്നുള്ള ശക്തി ഒന്നു വേറെത്തന്നെയാകുന്നു. മനുഷ്യർ തമ്മിൽതമ്മിലുള്ള വിശ്വാസം തന്നെ ഇതിന്നു ദൃഷ്ടാന്തമാണ്. നമുക്കു വല്ല ആപത്തും നേരിടുമ്പോൾ നമ്മെ സഹായിപ്പാൻ ചില ബന്ധുക്കളുണ്ടായാലത്തെ ആശ്വാസവും അത് ഉള്ളതാണെന്ന ആശ്വാസവും മനസ്സിൽ ഒന്നാലോചിച്ചാൽ മതി. ഈ സ്ഥിതിക്കു മനുഷ്യന്റെ ബുദ്ധിയേയും ശക്തിയേയും അതിക്രമിക്കുന്ന പല സംഭവങ്ങളും സർവ്വദാ നമ്മുടെ ചുറ്റും നടന്നുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ സർവ്വജ്ഞനും സർവ്വശക്തനും സർവ്വലോകൈകബന്ധുവുമായ ഒരീശ്വരൻ നമ്മെ സകലവിധ ആപത്തുകളിൽനിന്നും കാത്തുരക്ഷിക്കുമെന്നുള്ള വിശ്വാസം നമുക്ക് എത്രമാത്രം ധൈര്യത്തെയും സമാധാനത്തെയും ഉണ്ടാക്കിത്തീർക്കുന്നു! ഈവിധമായ വിശ്വാസം പണ്ഡിതന്മാർക്കും പാമരന്മാർക്കും ഒരുപോലെ ആവശ്യമായിട്ടുള്ളതാകുന്നു. പണ്ഡിതന്മാരുടെ ജ്ഞാനത്തിന്നു പൂർവ്വാധികമായ ശക്തി കൊടുത്തും, പാമരന്മാരുടെ ദൌർബ്ബല്യത്തെ തിരസ്കരിപ്പിച്ചും, എന്നു വേണ്ട ഇഹലോകത്തെയെല്ലാം ഒരുപോലെ അനുഗ്രഹിച്ചും നിലനിൽത്തിപ്പോരുന്നതിന്നുള്ള ശക്തി വല്ലതിന്നുമുണ്ടെങ്കിൽ അത് ഈശ്വരവിശ്വാസം ഒന്നിന്നു മാത്രമേയുള്ളൂ. ഇതിനെ തെളിയിപ്പാൻ വലിയ പ്രയാസമൊന്നുമില്ല. വളരെ പണച്ചെലവു ചെയ്ത് വലിയ ചികിത്സകളെല്ലാം ചെയ്തിട്ടും യാതൊരു നിവൃത്തിയും കിട്ടാത്ത എത്രയോ മഹാവ്യാധികൾക്ക് ഈശ്വരസേവകൾ, വഴിപാടുകൾ, മന്ത്രജപങ്ങൾ മുതലായവകൊണ്ട് ഒടുവിൽ എളുപ്പത്തിൽ സുഖം കിട്ടീട്ടുള്ളതായ ദൃഷ്ടാന്തം എത്രയോ ഉള്ളവയായിരിക്കുന്നല്ലോ. ഇതിനെല്ലാം അടിസ്ഥാനം, ഈശ്വരവിശ്വാസം ഒന്നു മാത്രമല്ലാതെ മറ്റൊന്നാണ്? ചുരുക്കിപ്പറയുന്നതായാൽ നമ്മുടെ പൂർവ്വാചാരങ്ങളിൽ ആരോഗ്യനിയമങ്ങളെല്ലാം അടങ്ങീട്ടുണ്ട്. അവയെ വിശ്വസിച്ച് ആരെങ്കിലും അനുസരിച്ചു നടക്കുക മാത്രമേ നാം വേണ്ടതുള്ളൂ. എന്നാൽ ശരീരമായും, മാനസികമായും മറ്റുമുള്ള യാതൊരു ഉപദ്രവവും ഉണ്ടാവാൻ വഴിയില്ല.

എന്നാൽ ഇപ്പോഴം പാശ്ചാത്യസംസ്കാരം വർദ്ധിച്ചുവരുന്നതോടുകൂടി നമ്മുടെ സ്വാഭാവികമായ ജീവിതമെല്ലാം പോയിരിക്കുന്നു. ഊണു്, ഉടുപ്പു്, നടപ്പു്, കുളി, ഇതുമുതലായ എല്ലാ നടപടികളും വളരെ കൃത്രിമമായിത്തീന്നിട്ടുണ്ടു്. ഇതു നിമിത്തം നമ്മുടെ ദേഹത്തിനും, ബുദ്ധിക്കും, സ്വഭാവത്തിനും വളരെ കേടു പറ്റുന്നുവെന്നുള്ള അഭിപ്രായം ഇന്നു പല മഹാന്മാരിൽനിന്നും നാം കേട്ടുവരുന്നുണ്ടല്ലോ. ജീവിപ്പാനത്യാവശ്യമായിട്ടുള്ള ചൂടു്, വെളിച്ചം, കാററു്, വെള്ളം, സസ്യങ്ങൾ എന്നിവയെല്ലാം നമ്മുടെ രാജ്യത്തു പ്രകൃത്യാതന്നെ സുലഭമായിട്ടുള്ളതാണു്. അതിനാൽ ഇവയിൽനിന്നു പരിഷ്കരണത്തെ [illegible] കൃത്രിമസാധനങ്ങളുടെ ഉപയോഗം പകർന്നു നമുക്കാവശ്യമുള്ള ഉടുപ്പു് എന്നീ കൃത്രിമസമ്പ്രദായങ്ങളൊന്നും നമുക്കാവശ്യമില്ല. എന്നല്ല അവ പലവിധ അപായകരവും കൂടിയായിത്തീരും. അതുകൊണ്ടു ഇവയെയെല്ലാം ഉപേക്ഷിച്ചു് നാം നമ്മുടെ രാജ്യത്തിനും നമ്മുടെ ദേഹസ്ഥിതിക്കും അനുസരിച്ചു നടക്കുന്നതായാൽ നമ്മുടെ പൂർവ്വന്മാരെപ്പോലെ ആരോഗ്യവും, ആയുസ്സും, ഓജസ്സും, തേജസ്സും, ശ്രേയസ്സുമെല്ലാം ഉണ്ടായിത്തീരുന്നതാണെന്നു മാത്രം പറഞ്ഞു തൽക്കാലം അവസാനിപ്പിക്കുന്നു.

എം. [illegible] ഭട്ടതിരിപ്പാട്.

ഹാ! റബ്ബ്

(ശിശിരകുമാരഘോഷിന്റെ ഒരിംഗ്ലീഷുലേഖനത്തിൽനിന്നു്)

താഴെ എഴുതുന്നതു് ഇന്ത്യയെ സംബന്ധിച്ച ഒരു അത്ഭുതകരമായ സംഭവത്തിന്റെ പ്രസിദ്ധപ്പെടുത്താത്ത വിവരണത്തിൽനിന്നെടുത്തതാണു്: —

“ഞാനാദ്യമായി ഈ അത്ഭുതകഥയെപ്പററി ആദ്യമായി ഞാൻ കേട്ടതു കോൺഗ്രസ്സിൽവെച്ചാണു്. ഒരു ദിവസം [illegible]

* ഇംഗ്ലീഷ് [illegible] എന്നു വിളിക്കപ്പെടുന്നു.

ടം ഞാൻ, ഒന്നിച്ചു താമസിച്ചിരുന്ന സ്നേഹിതന്റെ വരവും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ആപ്പീസ്സുകൾ എല്ലാം വിടേണ്ട സമയം കഴിഞ്ഞിട്ടും അദ്ദേഹത്തെ ഒരു ഭാഗത്തേയ്ക്കു കണ്ടില്ല. എങ്കിലും സന്ധ്യയടുത്തപ്പോൾ അദ്ദേഹം വലിയ ഒരു ഭാണ്ഡത്തോടുകൂടി വീട്ടിലെത്തു. ബദ്ധപ്പെട്ടു കടന്നുവന്ന ഒരു കസാലമേൽ കിടന്നു. ഈ ഭാണ്ഡത്തിന്റെയും ബദ്ധപ്പാടിന്റെയും കാരണമെന്താണെന്നു ഞാൻ വിസ്മയത്തോടെ ചോദിച്ചതിനു മറുപടിയായി "ഈ ബാബുക്കൾ കാരണം ഞാൻ ചാവാറായി" എന്നു മാത്രം അദ്ദേഹം പറഞ്ഞു. ബാബു എന്നു പറഞ്ഞ സാധനം എന്താണെന്ന് എനിക്കു മനസ്സിലായില്ല. ആഫ്രിക്കാഖണ്ഡത്തിൽ 'ബാബൂൺ' എന്നൊരുതരം കുരങ്ങുകളുണ്ടെന്നു ഞാൻ വായിച്ചു മനസ്സിലാക്കീട്ടുണ്ട്. മനുഷ്യരും ചിലതിനെ കൂട്ടത്തു സഞ്ചരിക്കുമ്പോൾ കണ്ടിട്ടുമുണ്ടായിരുന്നു. എന്നാൽ ബാബു എന്ന ഒരു ജീവിയെപ്പറ്റി ഇതുവരെ ഞാൻ കേട്ടറിവുകൂടെയില്ലായിരുന്നു. 'എന്താണ് ഈ ബാബു' എന്നു ഞാൻ സ്നേഹിതനോടു ചോദിച്ചപ്പോൾ അദ്ദേഹം പൊട്ടിച്ചിരിച്ചതേയുള്ളു. ഒടുവിൽ "ഇതുവരെ ബാബു എന്ന വാക്കു കേട്ടിട്ടില്ലേ? ആശ്ചര്യംതന്നെ. ബാബു ഒരുതരം ജീവിയാണ്, ബംഗാളിലുള്ളതാണ്" എന്നു പറഞ്ഞു. ഈ അല്പസംഗതിക്കിത്രയധികം ചിരിച്ചു കണ്ടപ്പോൾ എനിക്കു കുറച്ചധികം ദേഷ്യംവന്നുവെങ്കിലും അദ്ദേഹം എന്നോടു മാപ്പു ചോദിച്ചു. ബാബു ഒരു ഉപദ്രവിയാണെങ്കിലും തനിക്ക് അതിനെക്കൊണ്ടു വലിയ ഉപകാരമാണെന്നുപറഞ്ഞപ്പോൾ ഞാൻ അല്പം കൃതാർത്ഥനായി. എങ്കിലും ഒരു ബാബുവിനെ കാണേണമെന്നു ആഗ്രഹം ഉടനെ ജനിച്ചു. ബാബുവിനു—ബാബുക്കൾക്കു—ഒരു പ്രത്യേകവാസസ്ഥലമുണ്ടെന്നു ഞാൻ മനസ്സിലാക്കീട്ടുണ്ടായിരുന്നു. സ്നേഹിതനോടു ഒരു ബാബുവിനെ പിടിച്ചുകൊണ്ടുവരുവാൻ ഭൃത്യന്മാരോടു കല്പിക്കുവാൻ പറഞ്ഞപ്പോൾ "ബാബു സാധാരണയായി ഇവിടങ്ങളിലൊക്കെ അലഞ്ഞു നടക്കുന്നതു കാണാം. പിന്നെ എന്തിനാണ് പിടിച്ചുകൊണ്ടുവരുന്നത്" എന്ന് അദ്ദേഹം മറുപടി പറഞ്ഞു. ഞാൻ വലിയ പരുങ്ങലിലായി. ബാബു എങ്കിലും ഇന്നജാതി ജന്തുവായിരിക്കുമെന്നുകൂടി എനിക്കൂഹിപ്പാൻ സാധിച്ചില്ല. ബാബു സനാതനാചാരിയായ ഒരു ബുദ്ധിജീവിയാണെന്നു മാത്രമേ എനിക്ക് ആലോചിപ്പാൻ ധ

ജാതികളും വൃത്തിമൎയ്യാദകളും.

മണ്ണാർപാട്ട് —തോറ്റം.

(തുടൎച്ച)

ആണ്ടക്കം പതിനാറാന്ന് അടിയന്തിരം പതിനാറാണ്. അന്തിയാനം വള്ളുവത്ത കന്നവിഞ്ഞു പോയാലൊ അടിയത്തിന്റെ പഴന്തലക്ക കാറകൊവുണ്ടല്ലൊ. വെള്ളോടെത്തിയാലൊ പൂലയനാട്ടക്കാലൊ എന്റെ തട്ടാനെ. ഇരിമ്പോട്ടു എത്തിയാലൊ കന്നകന് അട്ടക്കാരമൊ. മരത്തോടെത്തിയാലൊ വിശ്വകൎമ്മാവിന്നം അട്ടക്കാരല്ലൊ. പൊന്നോടെട്ടത്താലൊ തട്ടാനം അട്ടത്തൂട്ടെ എന്റെ തട്ടാനെ. അതുകൊണ്ടൊരു കാറകൊവ്വയല്ല പോയാമില്ലല്ലൊ. എന്ന പണ്ണൂർമെ പാരത്തു കന്യകവ് തട്ടാന്റെ മനവുംകൂടി എണക്കിക്കണ്ട. അവന്റെ മരവും മെല്ല തടവത്തു ഉഴന്തു തട്ടാനം പൊന്നിന്നോടത്തിൽ തല മുട്ടാതെ കത്തി സമം നിറുത്തി. അവരുടെ കൈവള്ളസമെ കെട്ടഴിച്ചു തട്ടാനം. പൊന്നിൻ പൊഴുതുതമാലയിലെടുത്തു തട്ടാനം. കയറ്റുപിടിച്ചു എടുത്തു തട്ടാനം. പൊന്നിന്നോടത്തിലേക്കു വലിച്ചെറിഞ്ഞു. കയറ്റും പിടിച്ചങ്ങിനെ എടിത്തൊരു പൊന്മാല കളിച്ചും ചിരിച്ചെചെന്ന് എടുത്തു ദേവിയാള്. മാറത്തുവെച്ചു ചിന്തം നോക്കുന്നു. പള്ളി കഴുത്തിൽ കെട്ടി അഴകു നോക്കുന്നു. അഴകുണ്ടു തട്ടാനെ ചിന്തമുണ്ടു തട്ടാനെ ഇപ്പൊന്നിൻ പൊഴുതിനമാല ഉണ്ടൊരു തരമൊഴിത്താലും. അല്ലെങ്കിൽ ഇപ്പൊരിമ്മാറിൽ ഒന്നു പണിതീൎത്തു തരേണം എന്റെ തട്ടാനെ. നാലിട്ട നാൽക്കുംകൂടി നിലയില്ലാത്ത നാളുകളിൽ എവ്വണ്ണം പൊന്നിൻപൊഴുതുമമാല പണിതീൎക്കുന്നു. അതുമതിനൊക്കുപദേശം ഞാൻ ഉണ്ടാക്കിത്തരികാരമെ കോവിലകത്തുവാഴും പെരുതട്ടാനെ എന്നു കല്പിച്ചു. പണിത്തിരുപ്പുള്ളതെന്നും കൊണ്ടുപോന്നിട്ടില്ല. പണിയായുധങ്ങളൊപ്പം കൊണ്ടുപോന്നിട്ടില്ല. പണിത്തിരുപ്പുള്ളതൊക്കെയും പണിയായുധങ്ങളൊപ്പംകൂടി ഞാൻ തരികാ

ടെടാ എന്റെ തട്ടാനെ എന്നു കല്പിച്ചു കന്യകാവപ്പോൾ. കേട്ടു കൊണ്ടരേലാ എന്റെ ഭൂമിദേവി നല്ലൊരു ഈരടിഭൂമിയിരെക്കുയർത്തുക എന്നു കല്പിച്ചു. ഈരടി ഭൂമി ഉയന്നില്ലെങ്കിൽ വിഷ്ണുവിന്റെ പടവിലത്തിൽ ഞാൻ കിടന്നുകയില്ല. വായുവിനാലെ ചുററി ഞാൻ അടിപ്പിക്കും. അഗ്നിയാലെ ചുട്ടു ഞാൻ ചൂടരിയിക്കും. പേടിച്ചു ഗംഗാദേവി മെയല്പെട്ടു ഗംഗാദേവി ഈരടി ഭൂമി കത്തി ഉയത്തിക്കുന്നു. ഈരടി ഭൂമി ഉയത്തിയ നേരത്ത് അരിയെറിഞ്ഞ പാഴമ്പലം തോററി കുവളം എന്ന വടവൃക്ഷം തോററി തണ്ടാന് കപ്പലെ തോററി അത്തിയെന്ന വടവൃക്ഷം തോററി ഇഴഞ്ഞെടാ എന്റെ തട്ടാനെ. അത്തിയെന്ന വടവൃക്ഷത്തിന്മേൽ നിന്റെ മരയാടകവും അണ്ണാച്ചുകെട്ടി കപ്പലക്കൽ ചെന്നു അരയിരുന്നാലും. കന്യകാവിന്റെ പൊന്നിനോടം ഇഴഞ്ഞു കുവളം എന്ന വടവൃക്ഷത്തിന്മേൽ കൊണ്ടുചെന്നണച്ചുകെട്ടി. അരിയെറിഞ്ഞ പാഴമ്പലത്തിൽ ചെന്നു ഹരഹര എന്നു ചൊല്ലി അരയിരുന്നു. ശിവശിവ എന്നു ചൊല്ലി കടിയിരുന്നു. പണിയായുധക്കോപ്പും പറഞ്ഞുകൊടുപ്പാനായി തട്ടാനും ചെന്നു നിലപാർക്കുന്നു. പണിയായുധക്കോപ്പും തോററിക്കൊടുപ്പാനായി കന്യകാവും ചെന്ന് അരയിരുന്നു. എന്തെല്ലാം പണിയായുധക്കോപ്പുവേണം എന്റെ തട്ടാനെ. തട്ടിക മുട്ടിക ഊതിക ചെറണിക അരക്കല്ല് ഉരക്കല്ല് ഇക്കം പതിട്ടും വേണം എന്റെ കന്യകാവേ. ചെന്തീത്തിൻചിരട്ടയും നെരിപ്പോട്ടും തിണ്ണം വായിമ്പം ഈർക്കുഴലും തരേണം എന്നു കല്പിച്ചു. പണിത്തരപ്പിള്ളയെയും തോററിക്കൊടുത്തു. നന്ത്യാർവിളക്കിന്നു നെയ്യും തിരിയും പണിയായുധക്കോപ്പും തോററിക്കൊടുത്തു. നാഗമേൽപോർമണിമോതിരവും വായിലിട്ടു കടിച്ചു തൂക്കി കണ്ണിലിട്ടൂററി തൂക്കവും മൂക്കവും നോക്കിക്കൊടുത്തു. എത്ര എത്ര ഇലാം പൊന്നുണ്ടു എന്റെ കന്യകാവേ. മുപ്പത്തുമുന്നുലാം പൊന്നു കുറവുകൂടാതെയുണ്ടു എന്റെ തട്ടാനെ. അവന്റെ കണ്ണിപ്പടിയിലിട്ടു പിടിച്ചുനോക്കിയപ്പോൾ മുപ്പത്തുമുന്നുലാം പൊന്നു കുറവുകൂടാതെയുണ്ട്. ഇത്ര പെരുപ്പത്തിൽ ഇത്ര കൈകണക്കെല്ലായാൽ എങ്ങുമ്മേ പൊൻപണി അരിയൻ പണിക്കെല്ലേണ്ടു. നിന്റെ

പണിയും തരവും നിനെൻറകൽ എനെൻറ കയ്യും കണക്കും എനെൻറ തല്. പൊന്നിൻപൊഴ്ത്തുമാല വേഗം പണിതീക്കുന്നവനെൻറ തട്ടാനെ! കാരം പുരട്ടി കനൽപ്പുറത്തുവെച്ചു വായിനാം ഊതർകുഴൽ കൊണ്ടൂതി പൊന്നുതിളച്ചു പാകംവന്നപ്പോൾ കുഴൽക്കട്ടിൽകൊണ്ടു കത്തി ഗുണമാക്കിത്തിളപ്പിച്ചു. ഒരു മുറി പൊന്ന് നെരിപ്പോട്ടിൽ പൂത്തി ഒരു മുറി പൊന്ന് അവനെൻറ കൈപൊള്ളസഞ്ചിയിലിട്ടു ഒരുമുറി പൊന്നുംകൊണ്ട് അവൻ പൊന്നിൻപൊഴ്ത്തുമാല പണികഴിച്ചു. നെരിപ്പോട്ടിൽ ഇട്ടു പഴുപ്പിച്ചു മാറ്റുചെയ്യുന്നോരു നേരത്തിൽ കേട്ടുകൊണ്ടാലോ എനെൻറ തട്ടാനേ ഇത്രനാളും ഗംഗയെനിക്കു തടവായിരുന്നു. ഇപ്പോളെനിക്കു ഗംഗതടപോരുന്നില്ലല്ലോ എനെൻറ തട്ടാനെ. അവൻ അവനെൻറ മടിയോടകത്തിലേറി കരകൊണ്ടു കന്യാകാവ് പൊന്നിനോടകത്തിലും ഏറി കരകൊണ്ടു. തട്ടാരത്തപ്പിലയും അടിയെറിഞ്ഞു പാഴമ്പലവും തട്ടി പൂമുകമാകി കാണട്ടെ എനെൻറ തട്ടാനെ, എനിക്കു പണിത പൊന്നിൻപൊഴ്ത്തുമാല നന്നൊരു വലിച്ചെറിയുന്ന നേരത്ത് പെട്ടെന്നു കയ്യിലൊട്ടു കടഞ്ഞെടുത്തു കന്യാകാവ്. പൊന്നിൻപൊഴ്ത്തുമാല മെനമാറപ്പൊന്നായിൽ പൊലിഞ്ഞു പോയി. നിനെൻറ പൊന്നിൻപൊഴ്ത്തുമാല നിശ്ചം ചോദിക്കുന്നു എനെൻറ പൊന്നിൻപൊഴ്ത്തുമാല ഞാനും ചോദിക്കില്ല എനെൻറ തട്ടാനെ. അവളമടിയോടം കത്തി അവനോടൊട്ടു തിരിഞ്ഞു നേരത്ത് കുമ്പടയുൻകാളി വാളുംകൊണ്ടു തൊണ്ടപൊയ്യുത്തു മാല. അപ്പോൾ പറഞ്ഞു തട്ടാൻ, നാട്ടു നടുപാടലിൽ വെച്ചു പൊന്നിൻപൊഴ്ത്തുമാല തട്ടിയെടുത്ത എനെൻറ കള്ളി. നീ ഭൈരിയാകുന്ന വടക്കെകോട്ടിലുള്ളു പെണ്ണ നാട്ടും വീട്ടും കേട്ടു കാൽപ്പിലവു നിനെൻറ മന്ത്രവാദിനെൻറ പക്കൽ കൊടുത്തയച്ചു പാണ്ടിയനോടുള്ളൊരു കൊണ്ടുവന്നാൽ കക്കാതെ കളവുചൊല്ലി തച്ചിപ്പൊട്ടിപ്പിച്ചുകെട്ടി ഊതർമനമാപോർക്കുഴകേറി ഞാൻ ചമച്ചിരിക്കുന്നു. ഏഴുദിവസം എനെൻറ മന്ത്രവാദിനെ ഞാൻ കാത്തിരുന്നു എട്ടാം ദിവസം വരം കൊടുക്കുന്നുപേൾ വരം കൊടുത്തു വഴിയും ചോദിച്ചു പാണ്ടിയനോടുള്ള വന്നാൽ തട്ടാനെൻറയും പാണ്ടിയനെൻറയും തലകൊണ്ടു കളികള വൻതീക്കുന്ന ഞാൻ കാർ കൊടുക്കുന്നു. എന്നും ചൊല്ലി അറിയാകുന്ന

വടക്കംതെക്കോട്ടും കിഴക്കടവുനോക്കി വഴിപോകുന്നു. കിഴക്കടവിൽ ചെന്നു നോക്കുമ്പോൾ കല്യാണമഹാജനങ്ങളെല്ലാം മാലവെച്ചു മത്സരിനോടും കൂടി കണ്ടില്ല. നാലുഭാഗങ്ങളുമായെയും കണ്ടിടക്കണാതെ നേരത്തിങ്കൽ കിഴക്കിനകോണോടിക്ക നിന്ന് ഇടിമിന്നുന്നു. ഇടിക്കോൾക്കാരക്കോടിയ നിന്ന് ഇടിവെട്ടുന്നു. കാർത്തുമ്പാക്കോടിക്ക നിന്നുകാർത്തുമ്പുന്നു. തെക്കടിച്ചുകാറ്റു വടക്കടിച്ചു വടക്കടിച്ചുകാറ്റു തെക്കടിച്ചുതെക്കത്തിരമ്പി കാറ്റു തിരിഞ്ഞു തുന്നു. പുള്ളുമക്കി കരുന്തോട്ടി വലിയൻ കല്ലാട്ടി ചാമ്പുരിയൻ എന്ന വർഷം പെയ്യു.

(തുടരും)

ഐതിഹ്യങ്ങൾ.

ചേരമാൻ പെരുമാളും ചേരാട്ടി അമ്മയും.

ചേരമാൻ പെരുമാളുടെ ചരിത്രം എന്തിനെന്നുയെങ്കിലും അറിയിരിക്കട്ടെ. അദ്ദേഹത്തെപ്പറ്റി രസകരമായ ഒരൈതിഹ്യം കേട്ടുവരുന്നുണ്ട്.

ചേരമാൻ പെരുമാളുടെ ഭാര്യ ചേരാട്ടി അമ്മ എന്നൊരു സ്ത്രീയായിരുന്നു. ആ സ്ത്രീയോടുകൂടി പെരുമാൾ തലപ്പിള്ളി താലൂക്കിൽ 'തളി' എന്ന പ്രദേശത്ത് ഒരു കോട്ട കെട്ടി വളരെക്കാലം താമസിക്കുകയുണ്ടായി. 'തളി' എന്നു പ്രസിദ്ധമായി അറിയപ്പെടുന്ന സ്ഥലങ്ങളും, അവിടങ്ങളിലെല്ലാം പ്രതിഷ്ഠാഭേദം ഒരുപോലെയും വലുപ്പത്തിലുമായി കണ്ടുവരുന്ന ക്ഷേത്രങ്ങളും കേരളത്തിന്റെ പഴയ ചരിത്രത്തിൽ ഒരു ഭാഗത്തെ വ്യക്തമാക്കുന്നവയാണ്. പണ്ടു തളിയാതിരിമാരായ നമ്പൂതിരിമാർ രാജ്യകാര്യങ്ങളിൽ ഏറ്റെടുത്തു താമസിച്ചുവന്നിരുന്ന സ്ഥലങ്ങൾക്കാണ 'തളി' എന്ന പേർ പറയുന്നത്. ഈ 'തളികൾ' കേരളത്തിൽ പല ദിക്കുകളിലുമുണ്ടെങ്കിലും, കൊച്ചിശ്ശീമയിൽ അധികമുണ്ടെന്നു തോന്നുന്നില്ല. തലപ്പിള്ളി താലൂക്കിലുള്ള തളി കൊച്ചിശ്ശീമയിലെ ഒരു 'തളി' ആയിരിക്കാം എന്നുകൂടി സംശ

യമുണ്ട്. ഈ 'തളി' തളിയാതിരിമാരുടെ വാസസ്ഥലമായിരുന്നതിനു പുറമെ പെരുമാക്കളുടെ രാജധാനികൂടിയായിരുന്നു എന്നു പല ലക്ഷ്യങ്ങളെക്കൊണ്ടും തെളിയുന്നുണ്ട്.

തലപ്പിള്ളി താലൂക്കിന്റെ പടിഞ്ഞാറെ അറ്റത്തു നാലുപുറവും വയലുകളാലും തോടുകളാലും പരിവൃതമായി ഉയരം കുറഞ്ഞും വിസ്താരം കൂടിയും നീളം കൂടിയും ഒരു കുന്നു സ്ഥിതിചെയ്യുന്നുണ്ട്. ഈ കുന്നിന്റെ നടുക്ക് ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ഒരു കോട്ടയുടെ നഷ്ടശിഷ്ടങ്ങൾ ഇന്നും കാണുന്നുണ്ട്. ഇതിന്റെ നാലുപുറവും, ഇപ്പോൾ ഒട്ടേറെ തൂർന്നുകളിലായിട്ടുള്ളതും ഇടയ്ക്കിടയ്ക്കു കോട്ടയിൽനിന്നിറങ്ങുവാൻ കല്പടവുകളോടുകൂടിയതും ആയ ഒരു കിടങ്ങും കാണുന്നുണ്ട്. തെക്കുഭാഗത്തായി 'തളി' എന്നൊരു വിശിഷ്ടമായ ശിവക്ഷേത്രവും, അതിനടുത്തുതന്നെ ആ ക്ഷേത്രത്തിന്റെ ഉടമസ്ഥന്മാരിൽ ഒരാളായ കൂടല്ലൂർ നമ്പൂതിരിപ്പാട്ടിലെ ഒരു മനയും അനേകം ഭവനങ്ങളും ഉണ്ട്. ഈ കോട്ടയുടെ നഷ്ടശിഷ്ടങ്ങളെ ഇന്നും ജനങ്ങൾ പെരുമാക്കളുടെ കോട്ട എന്നു പറഞ്ഞു ബഹുമാനിച്ചുവരുന്നുണ്ട്. ആ കോട്ടപ്പറമ്പിൽ നിശേഷം ഇരിപ്പുണ്ടെന്നും അസാധാരണമായ ഒരു ചൈതന്യം അവിടെ ഉണ്ടെന്നാണ് പരക്കെയുള്ള വിശ്വാസം. ഭൂതങ്ങളുടെ സാന്നിദ്ധ്യമുണ്ടെന്നു കരുതി അസമയങ്ങളിൽ ആ സ്ഥലത്തെ ജനങ്ങൾ പരിഹരിച്ചുവരുന്നു.

ഇങ്ങിനെ തളിപ്പറമ്പാളുമായ പെരുമാക്കളുടെ രാജ്ഞി ചെറോട്ടി എന്ന ഒരു ശിവഭക്തയായിരുന്നു. അവർ നൂറ്റെട്ടു ശിവക്ഷേത്രങ്ങളിൽ ദർശനം കഴിച്ചതിനു ശേഷമേ പതിവായി ഭക്ഷണം കഴിക്കുകയുള്ളൂ എന്നൊരു വ്രതമുണ്ടായിരുന്നു. അതിനുവേണ്ടി കോട്ടയ്ക്കടുത്ത പ്രദേശങ്ങളിൽ അനേകം ചെറിയ ശിവക്ഷേത്രങ്ങൾ പെരുമാൾ പണിചെയ്യിച്ചു. ഈ ക്ഷേത്രങ്ങൾ നൂറ്റെട്ടുണ്ടായിരുന്നുവെന്നും അവയെല്ലാം മുമ്പറഞ്ഞ തളിക്ഷേത്രത്തിന്റെ കീഴേടങ്ങളായിരുന്നു എന്നുമാണു കേൾവി. ഇവയിൽ പലതും കാലാന്തരത്തിൽ നശിച്ചുപോയി എങ്കിലും ചിലത് ഇപ്പോഴും നിലനിന്നുവരുന്നുണ്ട്. പലതിന്റെയും നഷ്ടശിഷ്ടങ്ങളായ കല്ലുകളും, ചെറുതും വലുതുമായ പല ശിവലിംഗങ്ങളും ഇന്നും പല സ്ഥലങ്ങളിലും കിടക്കുന്നതായി കാ

ണ്ടാണ്. ഇത്ര വളരെ സ്ഥിതിവ്യത്യാസം നേരിട്ടിരിക്കുന്ന ഇക്കാലത്തുകൂടി ഇത്ര വളരെ ക്ഷേത്രങ്ങൾ അടുത്തടുത്തു സ്ഥിതിചെയ്യുന്ന മറ്റ സ്ഥലം വേറെയുണ്ടോ എന്ന സംശയമാണ്.

ഇപ്രകാരം പെരുമാക്കന്മാരുടെയും ശിവഭക്തനായ ചേരരാജ് അമ്മയുടെയും കഥകൾ തീരെ മറന്നു കൂട്ടത്തിലായി. കൊട്ടപ്പറമ്പിൽ എള്ളു വിതയ്ക്കുകയാണ് പതിവെന്നായി. അഗാധമായിരുന്ന കിടങ്ങു തൂർന്നു തൂർന്ന് വളരെ നികന്നു വശായി. ആ സ്ഥലത്തെപ്പറ്റിയുള്ള ബഹുമാനവും ഭയവും മാത്രം ഇന്നും നിലനിന്നു വരുന്നുണ്ട്.

—:o:—

തിരുവനന്തപുരത്തെ

ഒററക്കല്ല് മണ്ഡപം.

പദ്യങ്ങൾ

ആഭൂമാനശ്രീബാലമാർത്താണ്ഡവർമ്മ-
ക്ഷ്മാപാലോ ധന്യക്ഷോണിഭേദസ്യപുത്രഃ
മൂർത്തിം സമ്യക് സിദ്ധിമേ പാർത്ഥസാരഥിം
വിന്യസ്തൈശ്വര്യ്യൈകദൈവ്യസ്ഥാനേ.

അബ്ദേ ചിന്മയിസംഖിതേ ശ്രീതലസന്ന്യംശേ സപത്ന്യംശേ സിത-
ഭോഗേശ്വരപദമന്ത്രമേഷപാദേ ദിനാലോകമാരാരപേത
പ്രാസാദാന്തമനന്തശായിനഃ ശ്രീബാലമാർത്താണ്ഡവർമ്മ-
പദ്മനാഭകുലശേഖരസ്വാമിനാ കല്പിതമാലാകൃതാം.

൯൦൬-ാമതു മേടമാസം 10-ാംനു വ്യാഴാഴ്ച വെളുത്ത ത്രയോദശി പക്ഷം കർക്കടകം രാശിയിങ്കലാണു പ്രതിഷ്ഠ (തിരുവനന്തപുരത്തു ഒററ കല്ലു മണ്ഡപത്തിന്മേൽ എഴുതിയ ശ്ലോകങ്ങൾ.)

—:o:—

പോകുവാൻപോകുന്ന
കവിതകൾ.

ഭാഷാകവിവരനായ കുഞ്ചൻനമ്പ്യാർ ഒരിക്കൽ ഒരു ക്ഷേത്രത്തിൽ ദർശനത്തിനായി പോയ അവസരത്തിൽ മറുനാട്ടുകാരനായ ഒരാൾ "ഇവിടെ എന്താ മൂർത്തി?" എന്നു ചോദിച്ചതിനു പ്രത്യുത്തരം ചെയ്തതായ ഒരു ശ്ലോകം താഴെ ചേർക്കുന്നു:—

അരവിന്ദബന്ധുസുതസോദരനഗ്രജന്റെ
ഗുരുശിഷ്യരിപുതാതരിപുതാതനവന്റെ
പിതൃതാതതാതപിതൃതാതസുതാന്തകന്റെ
തനയാഗ്രജന്റെ ചരണാംബുജമാശ്രയേഞാൻ.

അർത്ഥം — അരവിന്ദബന്ധു=ആദിത്യൻ; തത്സുതൻ=കർണ്ണൻ; കർണ്ണസോദരൻ=ഭീമൻ; ഭീമാഗ്രജൻ=യുധിഷ്ഠിരൻ; യുധിഷ്ഠിരന്റെ വംശകർത്താ=ചന്ദ്രൻ; ചന്ദ്രന്റെ ഗുരു=ബൃഹസ്പതി; ബൃഹസ്പതിശിഷ്യൻ=ഇന്ദ്രൻ; ഇന്ദ്രശത്രു=മേഘനാദൻ; ഇന്ദ്രജിത്തിന്റെ താതൻ=രാവണൻ; രാവണനെ കൊന്നവൻ=ശ്രീരാമൻ; രാമപിതാവ്=ദശരഥൻ; അദ്ദേഹത്തിന്റെ താതൻ=അജൻ; അജതാതൻ=രഘു; അദ്ദേഹത്തിന്റെ പിതാവ്=ദിലീപൻ; ദിലീപതാതൻ=വംശപിതാവായ സൂര്യൻ; സൂര്യസുതൻ=യമൻ; യമാന്തകൻ=പരമശിവൻ; ശിവതനയൻ=സുബ്രഹ്മണ്യൻ; തദഗ്രജൻ=വിഘ്നേശ്വരനായ ഗണപതി; അദ്ദേഹത്തിന്റെ പാദാരവിന്ദം വന്ദിക്കുന്നവൻ എന്നു താല്പര്യം.

ശ്രീപരമേശ്വരന്റെ ജടാമകുടത്തിൽ സ്ഥിതിചെയ്യുന്ന ഗംഗാഭഗവതിയും തിരുമകനായ സുബ്രഹ്മണ്യനും ശിവനും കൂടിയുള്ള സംഭാഷണമായ ഒരു പദ്യം താഴെ ചേർക്കുന്നു:—

മാതാകപൃതിതാതികെവലിവിലസത്ഗംഗേശരണ്യൻ ഞാൻ
വിട്ടേൻ ഞാനുമകം ശതിൽപ്പതികിമംതസ്യാഃസ്ഥിതായാവശ
കോപാവേശവശാൽ ഭവേൽമമവിനെ ഇപ്രത്യുത്താമവിനയവാ—
നംശമധിജലധിപതയായധിമധില്ലാ ഞാനിധിപ്പധിയിൽ


—:—

ഞങ്ങളുടെ വായനശാല

സ്കാന്ദപുരാണം.

പുരാണപാരായണത്തിന്റെ ഉപയോഗത്തെപ്പററി വിശേഷിച്ചൊന്നും പറയേണ്ടുന്നതാവശ്യമില്ല. സാക്ഷാൽ തുഞ്ചത്തെഴുത്തച്ഛൻ തന്നെ കേരളീയർക്കു പുരാണതത്വങ്ങളെ ഗ്രഹിപ്പിക്കുവാനായിട്ടാണല്ലൊ പുറപ്പെട്ടത്. ആ കവിശ്രേഷ്ഠൻ "കിളിപ്പാട്ട്" എന്നൊരു പുതിയ രീതി കണ്ടുപിടിച്ച് ആ രീതിയിൽ പുരാണങ്ങളെ കേരളീയർക്കു പരിശീലിക്കുകയും ചെയ്തു. കാലം പോയതോടുകൂടി സംസ്കൃതവൃത്തങ്ങളിൽ "വൃത്താനുവൃത്ത"മായിട്ടും, കേവലം ഗദ്യമായിട്ടും ഉള്ള പുരാണപരിഭാഷകൾ മലയാളത്തിൽ ഉണ്ടാവാൻ തുടങ്ങി. ഈ രീതികൾക്കെല്ലാം ഓരോ പ്രകാരത്തിൽ ഉൽകർഷമുണ്ടെന്നുള്ളതു തീർച്ചയാണ്. എങ്കിലും, വളരെക്കാലമായിട്ടുള്ള പരിചയത്താലോ സംഗീതമൂലകമായി ഭക്തിവിഷയത്തിൽ അധികം പ്രാധാന്യമുള്ളതിനാലോ വെറും ശ്രുതിമാധുര്യത്താലോ എന്തോ, കേരളത്തിലെ സാധാരണജനങ്ങൾ അധികം വിലമതിക്കുന്നതു കിളിപ്പാട്ടുകളെയാണെന്നു പ്രത്യക്ഷമാണ്. അതിനാൽ സ്കാന്ദപുരാണത്തെ കിളിപ്പാട്ടു രീതിയിൽ പരിഭാഷപ്പെടുത്തുവാൻ പുറപ്പെട്ട ഒരു കവിയും ഭക്തനുമായ കടവിൽ ശങ്കരൻകുട്ടിമേനോനവർകളെ ഞങ്ങൾ അഭിനന്ദിക്കുന്നു. തിരുവനന്തപുരത്തുള്ള കമലാലയ പ്രസ്സിൽനിന്നു നല്ല കടലാസ്സിൽ ഭംഗിയായി അടിച്ച് മാസംതോറും ഖണ്ഡമായി പ്രസിദ്ധപ്പെടുത്തി വരുന്ന ഈ വിശിഷ്ടഗ്രന്ഥത്തിന്റെ ചില ലക്കങ്ങൾ ഇവിടെ അയച്ചുതന്നതു വായിച്ചുനോക്കിയതിൽ തർജ്ജമ വളരെ വിശദവും, കിളിപ്പാട്ടുകൾക്കു പ്രത്യേകമായിട്ടുള്ള മാധുര്യാദി ഗുണങ്ങൾ ചേർന്നതും ആണെന്നു ബോദ്ധ്യമായിരിക്കുന്നു. നിരർത്ഥകങ്ങളായ ചില പദങ്ങൾ ഇടയ്ക്കിടയ്ക്കു കാണുന്നതും ചില ഭാഗങ്ങൾ അധികമായി ദീർഘിച്ചു പോയിട്ടുള്ളതും മററുമായി ചില ദോഷങ്ങൾ ഇതിലെ കവിതയെ നിരൂപണം ചെയ്യുമ്പോൾ കാണാവുന്നതാണ്. എന്നാൽ ഒരു പുരാണം എന്ന നിലയ്ക്കു ഇതിനെ എല്ലാവരും ബഹുമാനിക്കുമെന്നു നിസ്സംശയം പറയാം. വില കൊല്ലത്തിൽ ആറുറുപ്പികമാത്രം.

പുസ്തകം ൧൧ ലക്കം ൩



മംഗളോദയം

[illegible]



വിഷയവിവരം

മംഗളോദയം.

൧൦൮൯ തുലാം.


മംഗളം.

ഞാനാരാം, ഞനെങ്ങുനിന്നാം, ഞനിവിടെ വരുവതി-
 ന്നെന്തുബന്ധം, പ്രവേശി-
പ്പാനാൎക്കുമാകുമോനോ, തിരികെയിവിടെയെങ്ങുപോവാൻ
 കഴിഞ്ഞുമെന്നറിവുണ്ടും
നാനാ ചിന്താന്ധകാരപ്പരപ്പിലാവഴിയിൽ-
 ത്തിങ്ങിവിടുന്നു: സ്വപ്നിൽ-
ത്തന്നെ നാമാസുപ്രീതിപ്രഭയുടെവെളിവി-
 ല്ലതെയില്ലാസമാധാനം!

പ്രവൃത്തിമാൎഗ്ഗം.

(൪)

“നാം എവിടെ നിന്നാണു വന്നത്? നമ്മുടെ ഗതി എങ്ങോട്ടാണ്?” ഈ ചോദ്യങ്ങൾ, ലോകത്തിൽ അനേകായിരം മനുഷ്യരെ സന്ദേഹാന്ധകാരത്തിലാക്കിത്തീൎത്തിട്ടുണ്ട്. മേലിൽ അനേകം പേരെ ഇവ അസ്വാസ്ഥ്യപ്പെടുത്തുമെന്നുള്ളതും നിശ്ചയമാണ്.



മരണാനന്തരം താൻ സ്ഥിതിചെയ്യുന്നതായിരിക്കുമെന്നറിവാനുള്ള അത്യാസക്തി നിമിത്തം ‘പി. ബി. ഷെല്ലി’ എന്ന മഹാകവി ആത്മഹത്യ ചെയ്വാൻ ശ്രമിക്കയുണ്ടായെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽനിന്നു നാം പഠിക്കുന്നു. സംസാരസുഖത്തിന്റെ അസ്ഥിരതയെപ്പറ്റിയും, മനോമാലിന്യങ്ങളെപ്പറ്റിയും, ജീവന്റെ ഉല്പത്തി

നാശങ്ങളെപ്പററിയും മററുമാലോചിച്ചു വ്യാകുലചിത്തന്മാരായിത്തീരുന്നതുള്ളവരിൽ ഒരാളാണ് 'ഷെല്ലി' എന്ന മഹാൻ. മനുഷ്യർക്കു വേണ്ടതായ എല്ലാ ഐശ്വര്യങ്ങളും ഇദ്ദേഹത്തിനുണ്ടായിരുന്നു. യൂറോപ്പ് ഖണ്ഡത്തിലുള്ളവർ മുഴുവൻ ഇദ്ദേഹത്തിന്റെ അപാരമായ ബുദ്ധിശക്തിയെ ബഹുമാനിച്ചു പോന്നിരുന്നു. തന്നെ അതിരററ ഭക്തരോടുകൂടി കരുതിപ്പോന്നിരുന്നവരായ അനേകം സ്നേഹിതന്മാരും ഈ വിശിഷ്ടനുണ്ടായിരുന്നു. എന്നിട്ടും "നാം എവിടെനിന്നുവന്നു? നമ്മുടെ പോക്കെങ്ങോട്ടാണ്?" എന്നുള്ള ചോദ്യങ്ങൾ അദ്ദേഹത്തെ ദുഃഖിതനാക്കിത്തീർത്തു.

മേൽപ്പറഞ്ഞതിന്റെ താല്പര്യമെന്ത്? മനുഷ്യജന്മത്തിന്റെ പൂർണ്ണതയെത്തന്നെ അറിവാനാകായ്കയാണു ആത്മഹത്യ ചെയ്വാൻ നിശ്ചയിച്ചുവെന്നുള്ളതു വലിയ ദോഷമല്ലയോ എന്നു ചിലർ കരുതുമായിരിക്കും. പക്ഷേ, അല്പം ആലോചിച്ചുനോക്കിയാൽ, ഈ കാര്യത്തിൽ ഷെല്ലിക്കു പ്രത്യേകമായൊന്നുമില്ലെന്നു നമുക്ക് എളുപ്പത്തിൽ അറിയാവുന്നതാണ്. നമ്മുടെ ജീവശക്തിയിലെ ഗതിയെയോ ശക്തികളെയും അന്ത്യത്തെയും കുറിച്ചുള്ള ചിന്ത ചിലപ്പോൾ നമ്മളിൽ പലർക്കും മനോദുഃഖത്തെ ഉണ്ടാക്കിത്തീർക്കുന്നുണ്ട്. മനുഷ്യൻ പ്രധാനമായി പഠിച്ചറിയേണ്ടതു തന്നെപ്പററിയുള്ള തത്വങ്ങൾ തന്നെയാണ്. ആത്മജ്ഞാനത്തിന്നുതകുന്ന ഈ പഠിപ്പ് ഏററവും ദുസ്സാധ്യവുമാണ്.

എന്നാൽ നിസ്സാരന്മാരായ ബുദ്ധിക്ക് ഇതിന്റെ സൂക്ഷ്മതയെത്തന്നെ അറിവാൻ എളുപ്പത്തിൽ സാധിക്കുമെന്നു തോന്നുന്നില്ല. മഹാശക്തിയോടുകൂടിയവരായ അവതാരപുരുഷന്മാർക്കല്ലാതെ ഇതരന്മാർക്ക് ഈ പ്രകാശമേറിയ തത്വത്തെ ഗ്രഹിപ്പാൻ സാധിക്കുന്നതല്ല. ജീവനും പ്രകൃതിയും രണ്ടു പ്രത്യേക വസ്തുക്കളാണെന്നും, അവ ഒരു കാലത്തും ഒന്നാകുന്നില്ലെന്നും, ഈശ്വരൻ ഇവ രണ്ടിലും വ്യാപിച്ചുകൊണ്ടിരിക്കയും തന്റെ ഇഷ്ടംപോലെ ഇവ തമ്മിലുള്ള സംയോഗവിയോഗങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യുന്നുവെന്നുമാണ് ശ്രീമധ്വാചാര്യരുടെ അഭിപ്രായം. ഈശ്വരനും, ജീവനും, അചേതനവസ്തുക്കളും തങ്ങളിൽ യാതൊരു ഐക്യവുമില്ല. ഈശ്വരൻ ജീവനു ദേഹേന്ദ്രിയാദികളെ നൽകി അവന്റെ കർമ്മഫലങ്ങളെ നിയമ

റുവാൻ ജീവിതരംഗത്തിലേക്ക വിട്ടയക്കുന്നതിനെയാണ് നാം സൃഷ്ടിയെന്നു ഘോഷിക്കുന്നത്. ജീവനു കുടിയിരിപ്പാൻ വേണ്ടുന്ന കരണങ്ങളും ചെയ്യാനായി അദ്ദേഹം നൽകിയും ഇടയ്ക്കിടെ ജന്മം നൽകുന്നു. ഇങ്ങനെ അവ്യക്തത്തിൽനിന്നു വ്യക്തത്തെ സൃഷ്ടിക്കുന്നത്. ജീവനു ബാഹ്യരൂപത്തെ നൽകി അതിന്റെ പ്രവൃത്തിക്കു പ്പാൻ വിട്ടയയ്ക്കുക മാത്രമേ ബ്രഹ്മദേവൻ ചെയ്യുന്നുള്ളൂ.

മഹാപ്രളയകാലത്തു ബ്രഹ്മാണ്ഡമാസകലം നാരായണന്റെ ഉദരത്തിൽ സ്ഥിതിചെയ്യുന്നു. ഇപ്രകാരം സൎവ്വലോകപിതാവായ മഹാവിഷ്ണുവിന്റെ ഉദരത്തിൽ മുപ്പത്താറായിരം കല്പകാലത്തോളം സകല ചരാചരങ്ങളും അവ്യക്തസ്വരൂപത്തിലായി സ്ഥിതിചെയ്യുന്ന കാലത്തെയാണ് മഹാപ്രളയമെന്നു പറയുന്നത്. ഈ കാലത്ത് സകല നാമങ്ങളും രൂപങ്ങളും, ഗുണങ്ങളും സത്വരജസ്തമോഗുണങ്ങളും മുങ്ങിക്കിടക്കുന്നു. ഈ സമയത്താണ് ബ്രഹ്മാണ്ഡത്തിനു അത്യാവശ്യമായ ഒഴിവു (വിശ്രമം) സിദ്ധിക്കുന്നത്. യാതൊരു ജീവനും (ബ്രഹ്മാവുതന്നെയായാലും) ഈ സമയത്തിൽ ബോധമുണ്ടാകുന്നില്ല. ബ്രഹ്മാവ്, ഇന്ദ്രൻ, മുതലായ ദേവന്മാരും ഇല്ലാതായിത്തീരുന്നു. വികാരങ്ങൾ നശിക്കുകയും പ്രകൃതി നിശ്ചലയായിത്തീരുകയും ചെയ്യുന്നു. സകല ജീവനും പ്രളയകാലത്ത് പരബ്രഹ്മത്തോടൊന്നിച്ചനുഭവിച്ച് സകല ദുഃഖങ്ങളേയും മറന്നു സുഖിച്ചിരിക്കുന്നു. ഈ പ്രളയം നിത്യമായിരുന്നാൽ എത്ര നന്നായിരുന്നു! പക്ഷേ നിൎഭാഗ്യവശാൽ പ്രപഞ്ചം വീണ്ടും പുനഃസ്ഥിതിയെ പ്രാപിപ്പാനുള്ള കാലമുദയം ചെയ്യുന്നു. അനേകകാലത്തോളം പരമസുഖമനുഭവിച്ച ജീവൻ വീണ്ടും ജനനമരണപാത്രമായിത്തീൎന്നു സംസാരത്തിലേക്ക കടന്നുവരുന്നു. അത്യന്തം തീവ്രവേഗത്താൽ പ്രവഹിക്കുന്നതായ ഒഴുക്കത്തെപ്പറ്റി ഒന്നും വേറെ യാതൊരു മാറ്റവുമില്ലാത്തതായും ജന്മത്തെ അടയുന്നു.

ഒരു ആമ തന്റെ അവയവങ്ങളെ സ്വേച്ഛയാ പുറത്തേക്കിടുവാൻ ഇന്ദ്രിയരൂപമായ അവയവങ്ങളെ തനിക്ക പുറത്തേക്ക നീട്ടുവാൻ കഴികയില്ലെന്നു നടിച്ചിട്ടു പ്രയോജനമില്ലല്ലോ. എട്ടുകാലി അതിന്റെ വലയെ ഇഷ്ടംപോലെ സൃഷ്ടിക്കയും ഒരുകാലത്തെല്ലാം വലിച്ചെടുക്കയും ചെയ്യുന്നതിനിടയ്ക്കു വലയിലെ നൂലുകൾ അതിനോടു എതിൎക്കുവാൻ ശ്രമിക്കുന്നതു മൌഢ്യമല്ലയോ?

"യഥോർണ്ണനാഭിഃ സൃജതേ ച
യഥാ പൃഥിവ്യാമോഷധയസ്സംഭവന്തി
യഥാ സതഃ പുരുഷാൽ കേശലോമാനി
തഥാക്ഷരാൽ സംഭവതീഹ വിശ്വം."

(താല്പര്യം:—എട്ടുകാലി അതിന്റെ വലയെ പുറത്തേക്കു വിടുകയും അകത്തേക്കു വലിക്കുകയും ചെയ്യുന്നതുപോലെയും, ഭൂമിയിൽ പുല്ലു മുളക്കുന്നതുപോലെയും, മനുഷ്യന്റെ ദേഹത്തിലും തലയിലും രോമങ്ങളുണ്ടാകുന്നതുപോലെയും അനാദ്യപരബ്രഹ്മത്തിൽനിന്നു വിശ്വമുണ്ടാകുന്നു.)

പ്രളയസമയത്തിൽ ലക്ഷ്മീദേവിയാൽ നിയമിക്കപ്പെട്ട ഒരു ശബ്ദവിശേഷം മഹാവിഷ്ണുവിനെ സ്തുതിക്കുന്നു. വേദം അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ വർണ്ണിക്കയും, നാമധേയങ്ങളെയും ലീലകളേയും സ്തുതിക്കയും, വീണ്ടും ജാഗ്രദവസ്ഥയെ സ്വീകരിപ്പാൻ അദ്ദേഹത്തോടു പ്രാർത്ഥിക്കയും ചെയ്യുന്നു. അപ്പോൾ സർവ്വശക്തനായ ഈശ്വരൻ പ്രപഞ്ചമാകുന്ന പന്തിനെ വീണ്ടും ഉരുട്ടുവാൻ തുടങ്ങുന്നു. ഇപ്രകാരം ചെയ്വാൻ അദ്ദേഹത്തിനു ലേശംപോലും പ്രയാസമുണ്ടാകുന്നില്ലെന്നു മാത്രമല്ല അത് ഒരു കളിപോലെയായിട്ടു പരിണമിക്കുന്നതുമുണ്ട്. "ലോകവത്തു ലീലാകൈവല്യം," (ബ്രഹ്മസൂത്രം). പ്രപഞ്ചവാസനയോടുകൂടി പരബ്രഹ്മം വാസുദേവനായ്ത്തീരുന്നു. അതിനുശേഷം അദ്ദേഹം 'സങ്കർഷണ'നും, പിന്നീടു 'പ്രദ്യുമ്ന'നും, അതിൽപിന്നെ 'അനിരുദ്ധ'നുമായ്ത്തീരുന്നു. അനിരുദ്ധൻ തന്റെ മായാലീലയെ തുടങ്ങുമ്പോഴേയ്ക്കും സൃഷ്ടിക്കു ഒരു രൂപം സിദ്ധിക്കുന്നു. അതിനെയാണ് നാം സ്ഥൂലസൃഷ്ടിയെന്നു പറയുന്നത്. അനിരുദ്ധന്റെ നാഭിയിൽനിന്നു ഒരു താമരയുണ്ടാകയും, അതിൽ ചതുർമ്മുഖനായ ബ്രഹ്മാവ് ഉണ്ടായിരിക്കയും ചെയ്യുന്നു. ഈ സമയത്ത് ബ്രഹ്മാവിനു മനശ്ശക്തി കുറഞ്ഞിരിക്കുന്നതിനാൽ തന്നാൽ കർത്തവ്യമെന്തെന്ന് അദ്ദേഹം അറിയുന്നില്ല. അപ്പോൾ "തപ, തപ," എന്നൊരശരീരിവാക്ക് അദ്ദേഹത്തിനു കേൾക്കമാറാകയും, ഉടനെ തന്നെ അദ്ദേഹം തപസ്സു തുടങ്ങുകയും, ഈ തപസ്സിന്റെ അന്ത്യത്തിൽ മഹാപുരുഷൻ തന്നെ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷ

ായി കഴിഞ്ഞ മഹാകല്പകാലത്തുണ്ടായിരുന്ന ജീവന്മാർക്ക് വീണ്ടും ഉപാധികളെ നല്കി സൃഷ്ടിയെ ആവർത്തിപ്പാൻ അദ്ദേഹത്തോടു കല്പിക്കുകയും ചെയ്യുന്നു.

"സോഭിധ്യായശരീരാൽസ്വാൽസിസൃക്ഷുർവിവിധാഃപ്രജാഃ
അപഏവസസർജ്ജാദൌതാസുവീൎയ്യമവാസൃജൽ
തദണ്ഡമഭവദ്ധൈമംസഹസ്രാംശുസമപ്രഭം.
തസ്മിൻജജ്ഞേസ്വയംബ്രഹ്മാസർവ്വലോകപിതാമഹഃ (മനുസ്മൃതി.)

ഒരു വലിയ കളികഴിഞ്ഞതിനു ശേഷമുള്ള ഉറക്കുപോലെ, മഹാപ്രളയകാലത്തു ജീവൻ ഉറങ്ങിക്കിടക്കയായിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. പുതിയ ആകൃതിയെ സ്വീകരിപ്പാനായിട്ടാണ്ടും, വീണ്ടും തട്ടും ചവിട്ടും കൊള്ളുവാനായിട്ടാണ്ടും, കഴിയുമെങ്കിൽ പരം നാട്ടിയിരിക്കുന്ന ലാക്കി (Goal-ഉന്നമെന്നതായ ദിക്ക്) ലെത്തുവാൻവേണ്ടി ശ്രമിപ്പാനായിട്ടാണ്ടും ജീവൻ ഇതാ വീണ്ടും പ്രപഞ്ചത്തിലേയ്ക്കു തട്ടിയുണർത്തപ്പെട്ടിരിക്കുന്നു.

നാരായണനാൽ ഉരുട്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലചക്രം താഴെ പറയുംപ്രകാരമാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്.

കൃതയുഗം........	നമ്മുടെ	1,72,8000	കൊല്ലം
ത്രേതായുഗം........	,,	1,08,0000	,,
ദ്വാപരയുഗം........	,,	72,0000	,,
കലിയുഗം........		36,0000	,,
ആകെ		3,88,8000	കൊല്ലം

ഇപ്രകാരമുള്ള ചതുര്യുഗകാലംകൊണ്ടു ദേവന്മാർക്ക് ഒരു വയസ്സു തികയുന്നു. ദേവന്മാരുടെ 71 വയസ്സുകാലം മന്വന്തരമെന്നു പറയുന്നു. ഇപ്രകാരമുള്ള 14 മന്വന്തരങ്ങളാണ് ഒരു കല്പകാലമായിരുന്നത്. ഇതു ബ്രഹ്മാവിന്റെ ഒരു പകലാണ്. ബ്രഹ്മാവിനു നൂറു വയസ്സു തികയുന്ന കാലത്തെയാണ് (36000 കല്പകാലത്തെയാണ്) മഹാകല്പമെന്നു പറയുന്നത്. ഇതിനുശേഷം ഈ 36000 കല്പകാലത്തോളം മഹാപ്രളയവും ദീർഘിക്കുന്നു.

ഓരോ മന്വന്തരകാലങ്ങളിലും ഇന്ദ്രന്മാരും, മനുക്കളും, ഋഷികളും മാറുന്നു. ഓരോ കല്പാന്തരങ്ങളിൽ പ്രകൃതിക്കും സ്വല്പം ചില

നാശങ്ങളും ഭവിക്കുന്നു. ഇതിനെയാണ് 'നിത്യപ്രളയ'മെന്നു പറയുന്നത്. ഇപ്രകാരമുള്ള നിത്യപ്രളയാന്തത്തിലാണ് മഹാവിഷ്ണു മത്സ്യമായവതരിച്ചു സത്യവ്രതമഹാരാജാവിനെ രക്ഷിച്ചത്.

ഈ മഹാകല്പമായ കാലചക്രത്തിനകത്ത് എത്രയോ ചെറിയ ചക്രങ്ങളുണ്ടെന്നു മേൽപ്രസ്താവിച്ചതിൽനിന്നു നമുക്കു ഗ്രഹിക്കാവുന്നതാണല്ലോ. ഇവയെല്ലാറ്റിന്റെയും കേന്ദ്രസ്ഥാനത്തെ അവലംബിക്കുന്നതും, ഈ കാലചക്രത്തെ സർവ്വദാ ചുറ്റിച്ചുകൊണ്ടിരിക്കുന്നതുമായ മഹാശക്തിയെയാണ് 'പരബ്രഹ്മം' എന്നു വേദങ്ങൾ ഘോഷിക്കുന്നത്. ഒരു ചെറിയ വിത്തു മുളച്ചു ചെടിയായി, വളർന്നു വലിയ മരമായി, പൂത്തുകായ്ച്ചു, കായ്കളുണ്ടായി വീണ്ടും വിത്തായിത്തീരുന്നു. മഴ പെയ്തുണ്ടാകുന്ന ജലം സൂര്യതാപത്താൽ ആവിയായി ചമഞ്ഞ് ആ ആവി മേഘരൂപമായിത്തീർന്നു വീണ്ടും മഴയായി ഭൂമിയിൽ പതിക്കുന്നു. ഒരു വലിയ മല കല്ലുകളായി പൊടിഞ്ഞു സമുദ്രത്തിൽ ചെന്നടിഞ്ഞ് കാലാന്തരത്തിൽ സഞ്ചയിച്ചു കട്ടയായി ഭൂമിയുടെ അന്തർഭാഗത്തുള്ള ശക്തി മൂലം [illegible] കുന്നുകളായി പരിണമിക്കുന്നു. ഇതുപോലെ തന്നെ മനുഷ്യനും ചെറിയ പുഴുവിൽനിന്നു പൊന്തി വീണ്ടും പുഴുവായിത്തന്നെ കലാശിക്കുന്നു. ഇങ്ങനെയുള്ള പരിണാമങ്ങളെയാണ് [illegible] സംഗതികളെയാണ് നാം [illegible] അനുഭവിക്കുന്നത്. കാലമെന്ന മഹാശക്തിയോടു സംബന്ധപ്പെട്ടിട്ടുള്ള അനേകം ചെറിയ ചക്രങ്ങളിൽ ജീവൻ ജനനമരണാദികളുടെ സഹായത്താൽ സർവ്വദാ ചുറ്റിക്കൊണ്ടേ ഇരിക്കുന്നുണ്ട്. ഈ ചക്രങ്ങളിൽ ജീവൻ ബന്ധിക്കപ്പെട്ടിരിക്കുന്നതിനു അനവധി കാരണങ്ങളുണ്ട്. താൻ ഒരു മഹാശക്തിയുടെ അടിമയാണെന്നും, തന്റെ മുഖ്യമായ ഈ ജഗദീശ്വരനെ സർവ്വദാ സ്മരിച്ചു വിശ്വസിക്കയാണെന്നുമുള്ളതാണ് ജീവൻ അറിയാതിരിക്കുന്നത്. തനിക്കു പരമസ്വാതന്ത്ര്യമുണ്ടെന്നുള്ള [illegible] ജീവൻ സംസാരസാഗരത്തിൽ മുങ്ങിക്കുഴയുന്നു.

'സർവ്വാജീവേ സർവ്വസംസ്ഥേ ബൃഹന്തേ
തസ്മിൻ ഹംസോ ഭ്രാമ്യതേ ബ്രഹ്മചക്രേ.

പൃഥഗാത്മാനം പ്രേരിതാരം ച മത്വാ
ജുഷ്ടസ്തതസ്തേനാമൃതത്വമേതി.

(ശ്വേതാശ്വതരോപനിഷത്ത്)

'അന്യശക്തികൾക്കധീനമല്ലാത്തതാണു സ്വാതന്ത്ര്യമെന്നത്. എത്രകാലത്തോളം ജീവൻ താൻ വിചാരിച്ചുകൊണ്ടിരിക്കുമോ അത്രകാലത്തോളം ആ വലിപ്പമേറിയ ബ്രഹ്മചക്രത്തിൽ അതു ചുറ്റിത്തിരിഞ്ഞുകൊണ്ടേ ഇരിക്കും. എപ്പോഴെങ്കിൽ പാരബ്രഹ്മത്തോടു ചേർന്നുകഴിയുന്നുവോ അപ്പോൾ മാത്രമേ ജീവൻ മോക്ഷപ്രാപ്തനായിത്തീരുന്നുള്ളൂ.'

പയ്യന്നൂർ മാധവപ്പണിക്കർ (ബി. എ.)

ജാതികളും വൃത്തിമര്യാദകളും

മണ്ണാർപാട്ട് ...പാലം (ഇടവ)

അന്നത്തിരാഞ്ഞ കാറകളുടെ ചാരകളിയാളും പറന്ന വടക്കെകൊല്ലത്തു ദേവിയാൾ കിടക്കുന്നപോലെ കൊച്ചിയിൽ ചെന്നയിരുന്ന കന്യയാവിനോടു പടപാടുന്ന നല്ലപ്പൂവും നല്ലമ്മയും പോയ കോൽപറഞ്ഞുകളെ. 'ശങ്കരൻ കീഴ്ക്കടവിൽ ചെന്ന ശങ്കരനായി കണ്ടെത്തി കല്പ്പും നടത്തി നല്ലപ്പൂവും നല്ലമ്മയും പുറപ്പെട്ടിരുന്നുപോയി.'-

ആയതിനൊക്കെ കന്യയാവുണ്ട് നാരകൻ താന്റെ ഭർത്താവിനെ വിളിച്ചുകൂട്ടി 'നല്ലപ്പൂവും നല്ലമ്മയും കല്പ്പിലോടിക്കവാൻ പോയി പുനരുടിഞ്ഞാലോ എന്റെ ഭർത്താവേ.' 'എലപ്പുലക്രിയകൾ ചെയ്യേണം' എന്നു കല്പിച്ച ഭർത്താവ്. 'എത്ര ദിവസത്തെ എലപ്പുലപ്പുണ്യാഹം കഴിപ്പിക്കേണം?' 'പത്തുദിവസത്തെ എലപ്പുലപ്പുണ്യാഹവും കഴിപ്പിക്കേണം, പന്ത്രണ്ടു മാസത്തെ പിണ്ഡവും കഴിക്കേണം എന്റെ ദേവിയേ' 'അതിൽ പൂവലിരാവര എന്റെ ഭർത്താ

വേ!' 'നല്ലതെന്നാനായിട്ടും കഴിക്കാമല്ലൊ'. അതിൽ പുതുതായി ട്ടൊ എന്റെ ഭർത്താവേ!' 'അന്നപ്പൂന്നതന്നെയായി കഴിക്കാം എന്റെ ദേവിയേ!' 'പന്ത്രണ്ടുമാസത്തെ പിണ്ഡം അന്നപ്പൂന്നതന്നെ എങ്ങിനെ കഴിക്കും എന്റെ ഭർത്താവേ?' എന്നു ചോദിച്ചു. 'മുന്നൂറ്റിരുപത്താറു ബലിയും പന്ത്രണ്ടു പിണ്ഡവും അന്നപ്പൂന്നതന്നെ കഴിച്ചുലൊ എന്റെ ദേവിയേ! എലപ്പൂല ശേഷക്രിയ പുണ്യാഹവും കഴിഞ്ഞുപോകും'. 'എന്നാലിപ്പോഴത്തന്നെ കഴിച്ചുകൊള്ളുക വേണ്ടു, നല്ലപ്പനും നല്ലമ്മയും പോയി പുനരുടിഞ്ഞുപോയി എന്റെ ഭർത്താവേ.' ആയതിനൊക്കെ ഭർത്താവുണ്ട്, ദുഃഖത്തോടുകൂടി എലപ്പൂല പുണ്യാഹവും കഴിക്കുന്നു.

'വേണ്ടില്ലാ എന്റെ ഭർത്താവെ, നല്ലപ്പനേയും നല്ലമ്മയേയും പുനരുടിപ്പു ശങ്കുശ്ശവനെ ആയോധിതോട്ടു മഴപെറിയാത്ത കലമകൻതൊട്ട് ആണിവെക്കാതെ ഉപായിന്നിന്നു കണ്ടുപിടിക്കാതെ നട്ടാട്ടിൽ കൊണ്ടുചെന്ന് ശങ്കുഷവൻ കലവേടകളെ കഴുവേറാഞ്ഞ എന്റെ ഭർത്താവേ? എലപ്പൂലപ്പുണ്യാഹവും കഴിഞ്ഞ് ഇനിഞാനെ എന്റെ ഭർത്താവേ!' 'കിഴക്കേകൊല്ലത്തു ചങ്ങാതിവീട്ടിൽ പോയി വിരുന്നുണ്ണ തിരുമടക്കം കഴിക്കേണം' എന്നു കല്പിച്ചു. 'നാം നടക്കാം നാം നടക്കാം എന്റെ ഭർത്താവേ കിഴക്കെകൊല്ലം ചങ്ങാതിവീട്ടിൽ വിരുന്നുണ്ണിന്ന്. ഇനിക്കിങ്ങിനെ മടിമണി നടന്നുകൂടാ എന്റെ ഭർത്താവേ, ഇനിക്കിങ്ങിനെ പാദ്ദപ്പെരുക്കം നടന്നുകൂട. ഇനിക്കിങ്ങിനെ മുലവീണു മുടിനരച്ചല്ലൊ ഭർത്താവേ, നമുക്കിങ്ങിനെ മക്കളുംകൂടി കണ്ടിനില്ലല്ലൊ. മക്കളുംകൂടി കണ്ടിയാത്ത ജാലകപ്പുതങ്ങളോൾ വാക്കും നടയും എത്ര മുൻനടയാകും! മുല വീണു മുടി നരച്ചു സ്ത്രീവശ്ശും ഞങ്ങൾക്ക വാക്കുമെ നടയുമെത്ര പിൻനടയാകും!'

ദേവിയുടെ ഇഷ്ടം ബുദ്ധിസുഖം വരട്ടെ എന്നുചൊല്ലി ഒരേവെ മുന്നിലോടി വഴിനടക്കുന്നു. ഭർത്താവിന്നാലെ മക്കൾകൂടി ദേവിയാളെ കാൽ താരത്തോരെ വെച്ചു നടന്നാളല്ലൊ. അവിടുന്നു കിഴക്കെ വഴി നടന്നുചെല്ലുമ്പോൾ 'പാരം മടക്കി പാവിതിതിൽകഴിക്കേണം.' ഒരു കോൽമേൽ രണ്ടു പക്ഷി ചേക്കേറുംപോലെപ്പോലെ ദേവിയും ഭർത്താവും ചെന്നായതിരിക്കുന്നു. ഒരുള്ളലംചേലും

പറഞ്ഞതും പഴുത്തു തിൻകഴിച്ചിരിക്കുമ്പോൾ അപ്പോൾ ചോദി ച്ചു തമ്പുരാൻ തന്റെ ദേവിയോടു. ഈ കാണുന്നതിനെല്ലാമിപ്പൊ ഴാകുന്നത്, ഇതുതന്നെ എവിടത്തെ കലിപ്പോരാകുന്നു. ശങ്കുമുക്കവൻ തന്റെ കിഴ്ക്കേപ്പാടകുന്നു, കല്ലേനൊലിപോരാണു കലിപ്പോര്. നമു ക്കൊരു കലിപ്പോരു കാണേണമെങ്കിൽ ഭർത്താവെ കല്ലേനൊലി പോ രു കാണേണമെങ്കിൽ എന്റെ ദേവിയാളെ! വിഷുണ്ണണം കഴിഞ്ഞു പോരുന്ന വിണ്ടികക്കാവട്ടെ. വിഷുണ്ണണം കഴിഞ്ഞു പോരുന്നോരു നേരത്തെന്റെ ഭർത്താവെ മറുതുണ്ടല്ലോ ചില കൂട്ടിമരുന്നുകൾ. ഇ നിക്കൊരു കലിപ്പോരു കാണേണമെങ്കിൽ എന്റെ ഭർത്താവേ കല്ലേ നൊന്നൊലിപ്പോരു കണ്ടിട്ടുവേണം കിഴക്കെക്കൊല്ലം. ചാത്തനിവീ ട്ടിൽ വിഷുണ്ണണിന്ന്. കല്ലേനൊന്നൊലി പോരാറിൽചെന്നാലോ എ ന്റെ ദേവിയാളെ. ആഴക്കവെള്ളത്തിൽ മുഴുമ അട്ട പുഴ പാമ്പും മു തലകിടന്നു കടിപറയുന്നു. നോമുക്കതു പേടിശങ്കയുമുണ്ടെങ്കി ലോ എന്റെ ഭർത്താവേ പെണ്ണാകുന്നു എൻ്റപ്പനാലെ ഇണ പോരിക.

ഭർത്താവിനോടു അങ്ങു ദേവി പറഞ്ഞൊഴിച്ചു കനഞ്ഞിരുന്നു ഭർത്താ വിൻ മുന്നിലോടി വഴിനടക്കുന്നു. ചിത്തിരകത്തിൽ പെരുപ്പാപപോ ലെ ദേവി കല്ലേനൊന്നൊലി പോരാറിങ്കൽ നിവിരെ ചെന്നു. പുഴയു ടയോൻ പൊന്നകനും പുഴത്തോണിയും വലിച്ചു കേക്കരെ വെച്ചു തോണിത്തലക്കൽ കിടന്നു ഉറങ്ങുന്നു. 'പുഴയുടയോൻ പൊന്ന കനേ പുഴയുടയോൻ പൊന്നകനേ' നാലും മൂന്നു വിളിക്കുന്നു ന്നു. ചില്ലുന്നപ്പോളേ ഉണർന്നു പുഴയുടയോൻ തോണിത്തലക്കൽ ചെന്നു നിലപാടേന്നു. 'കേട്ടുകൊണ്ടാലോ എന്റെ പുഴയുടയോൻ പൊന്നകനേ, എന്നെയും എന്റെ ഭർത്താവിനെയും ഇപ്പുഴ വിലങ്ങി ത്താരേ. തോണിക്കൂലിക്കെന്നും കൊടുന്നിട്ടില്ല ഞാൻ. എടുത്തുമ്പോഴേ തോട്ടും പുഴയും നീന്തിട്ടില്ല' 'തോണിക്കൂലിക്കെന്നും കൊന്തിട്ടില്ലെ ങ്കിൽ ഇവിടെവെച്ചു പലവക ഞാൻ കണ്ടിട്ടുണ്ട്. തലയിൽ കെട്ടി ന്ന കെട്ടുപ്പച്ചുമട്ടു തന്നാൽ നിങ്ങളേയും ഭർത്താവിനേയും പുഴ കടത്തി ത്തരാം.' 'തലയിൽ കെട്ടിന കെട്ടുപ്പച്ചുമട്ടു തന്നാൽ എന്റെ തി രുമുടി നാപ്പും പാഴ്കരയുമോ.' 'അവകയുംകൂടി തരുവാൻ പറ

ങ്കില്ലെങ്കിൽ ഇനിയും പലവക ഞാൻ കണ്ടിട്ടുണ്ട്.’ ‘ഉള്ളവണ്ണം നീ പറഞ്ഞാലോ ശങ്കുമ്മക്കിവനോ ഉടയവണ്ണം തരുവാൻ കാരംകര വില്ലല്ലോ.’ ‘തോളിൽ കിടക്കുന്ന കോൽമുണ്ടാണെന്നാൽ നിങ്ങളെയും ഉണ്ണാവെയും പുഴവിലങ്ങിടേണ്ട്.’ ‘കോൽമുണ്ടാട നിനക്ക തന്നാലോ പൊന്മകനേ എന്റെ പോർമുല സപല്ലം പാഴ്ക്കരയല്ലോ. ഏഴരാണ്ടിൽ കണ്ടുപോന്നു പതിറാറാണ്ടിൽ മാലവെച്ചു; മാറ്റക്കൻ ഉണ്ണാറു കൂടി കണ്ടിട്ടില്ലല്ലോ. കോൽമുണ്ടാട നിനക്ക തന്നാലൊ പൊന്മകനേ! എന്റെ തങ്കനിറ സപല്ലം ചിതംകുറയല്ലോ’ ‘ആ വകയുംകൂടി തരുവാൻ പാങ്ങില്ലെങ്കിൽ ഇനിയും പല വക ഞാൻ കണ്ടിട്ടുണ്ടല്ലോ. ഉള്ളവണ്ണം നീ പറഞ്ഞാലോ മകനെ ഉടയവണ്ണം തരുവാൻ കാരം കഴിവില്ലല്ലോ.’ ‘ഉറക്കടിയിൽ കിടക്കുന്ന മഞ്ഞത്താലി കുത്തുവട്ടിയും ഉണ്ണാവിൻ കയ്യിലിരിക്കുന്ന പൊൻചൂരക്കോലും തന്നാൽ നിങ്ങളെയും ഉണ്ണാവിനെയും ഈ പുഴ മറുകരയ്ക്കു വിലങ്ങിടേണ്ട്.’

ഉണ്ണാവിൻകയ്യിന്ന് പൊൻചൂരക്കോലും കൈകുവണ്ണത്തി മഞ്ഞത്താലക്കുത്തുവട്ടിയും കൂടി തോണിയിലെ മുമ്പെ കൊണ്ടുവെച്ചു കൊടുത്തു. മഞ്ഞത്താലക്കുത്തുവട്ടി ചെന്നെടുക്കുവാൻ ചെന്നപ്പോൾ ചക്കി ചെമ്പരന്തായ് പറന്നിരുന്നു. പൊൻചൂരക്കോല് ചെന്നെടുക്കുവാൻ ചെന്നപ്പോൾ നാഗവെള്ളിപ്പാമ്പായി ചൊറാടിക്കളിക്കുന്നു. ‘പൊന്നും വേണ്ട കള്ളി പണവും വേണ്ട കള്ളി. പോടീപോ കള്ളി മറയത്ത്’ ‘തോണീം വേണ്ട കള്ള ഉഴക്കോലും വേണ്ട കള്ള പോ പോ കള്ള മറയത്ത്.’ അവരുടെ തോണിയും കത്തിയിറക്കി ഇതാ പോകുന്ന കള്ളൻ നടപ്പുഴയോടെ. പൊരുത്തമല്ലാത്ത ദേവിനിൻ പുറമെ പോരാളുമൊന്നുകൊണ്ടു നാട്ടിൽ കിടന്നിപ്പോൾ വലയുള്ളൂ.’ ‘പൊരുത്തമില്ലാത്ത ദേവിക്കാൻമൂലമൊന്നുകൊണ്ടല്ല എന്റെ ഉണ്ണാവേ ഭാഗ്യംകെട്ട മകൻ നിങ്ങളായിട്ടാണ്.’ ‘കേട്ടുകൊണ്ടാലോ എന്റെ മാറ്റരക്കളെ എന്റെ ഉണ്ണാവേ തോണികടത്താതെ പോയ ശങ്കുക്കവൻ കുരുക്കേടുകളെ ആരാധിച്ചു കഴവെറിയാതെ ഉപദേശിച്ചിട്ടു കുരുപ്പിടിച്ചുപോകാതെ നാട്ടിൽ കൊണ്ടുവന്ന കള്ളനെ ഞാൻ കഴുവേറ്റിടേണ്ട്. തെക്കടിച്ചു കാറ്റു വടക്കടിച്ചു. വടക്കടിച്ചി

നകാരറ് തെക്കടിച്ചു. തെക്കെതിയവള്ളികാരറ് തിരിച്ചുതുന്നു. 'കള്ള
നം തോണിയും കൂടി നാട്ടാട്ടിൽ നാടുകടവിൽനിന്നു തിരത്തിരിയുന്നു.
തോണിപോയി കഴമരമായി. കഴക്കോലുപോയി കഴുതിൽ പാ
ണ്ടു. നാട്ടാട്ടുനാട്ടുകടവിൽ കഴമരമായി. ഇതാ കിടക്കുന്നു ഭർത്താവേ
പുഴയുടയോൻ കഴമരത്തിന്മേൽ.' 'അയ്യോ എന്റെ ദേവിയാളെ ക
ള്ളനെ തോററി ഉഴതിരിച്ചല്ലാതെകണ്ട് ആളിയാകുന്ന കിഴക്കെകൊ
ല്ലം വിളക്കുണ്ണിനില്ല ഞാൻ.' തോണികടത്തുന്ന പോയ പുഴയു
ടയോൻ പൊന്മകനോടുള്ള സ്ഥായിച്ചു എന്റെ ഭർത്താവിന്നു വിട്ടി
ട്ടില്ലല്ലോ. പുഴയുടയോൻ പൊന്മകനെ തോററിയുഴതിരിക്കണമെ
ങ്കിൽ എന്റെ ഭർത്താവേ, ഇപ്പഴ മറുവാര്? അതൊട്ടു കുറകൊണ്ടി
ട്ടാട്ടു.' ഭർത്താവിൻകയ്യിലിരിക്കുന്ന വളർപുസ്തകം കൈവണങ്ങി ക
ണ്ണുനീരും തെളിച്ചു താലോലം വരുത്തി കുറിയിനമരയോടമാക്കി ഉത
ത്തിരിച്ചു. 'കേറികൊൾക എന്റെ ഭർത്താവേ! കുറിയിനമരയോട
കത്തിൽ'. മരയോടകത്തിലോടി കരകൊണ്ടു. പൊൻപൂതൽകൊണ്ടു
ഉഴന്നു മറുകരക്കണയോട്ടോടി കരകൊണ്ടു. മരയോടം തല്ലിത്താലോ
ലിച്ചു. വളർപുസ്തകമാക്കി ഉതതിരിച്ചു. ഭർത്താവിൻ കയ്യിലതൊട്ടു
കൊടുത്തു. 'എനിക്കുവേണ്ട എന്റെ ദേവിയാളെ. വളർപുസ്തകം
കൈവണങ്ങണമെങ്കിൽ പൊൻമകനെ തോററി ഉഴതിരിച്ചിട്ടുവേ
ണം. ആയിരം കുന്തമുള്ള കല്ലുകൊന്ന കലിമ്പകര് കൂട്ടടിയാക്കി
തോററി അടിക്കിട്ടു ചവിട്ടുപടിയാക്കിച്ചു. കഴപണയമെന്ന പുഴയുട
യോനെ ഇറക്കി വെള്ളംകൊണ്ടു തെളിച്ചു. ദർപ്പുല്ലുകൊണ്ടു കാപ്പം
ചെയ്തു. പ്രാണപ്രതിഷ്ഠ ജീവപ്രതിഷ്ഠ മന്ത്രപ്രതിഷ്ഠ പ്രതിഷ്ഠചെയ്തു
ഞരമ്പോട്ഞരമ്പൊട്ടി, വായുവിനോടു വായു ഒട്ടി, ജീവനോടു ജീവ
നൊട്ടി. കാൽക്കിട്ടാടുന്ന കാൽച്ചിലമ്പുകൊണ്ടു ഇടികൊടുക്കുന്ന
നേരത്ത് എടഭാഗം ക്ഷതിച്ചിട്ട് വലഭാഗം എഴുന്നേറ്റു ദൈവമുന്നിൽ
വന്ന് ആചാരോപചാരം ചെയ്യുന്നു. നടൈയെന്നെകണ്ടപ്പോഴേ ഇ
പ്പോഴേചെയ്ത ആചാരോപചാരം അപ്പോഴേ ചെയ്യേണ്ടായിരുന്നില്ലേ മ
കനെ. മനുഷ്യകുലത്തിൽ മനുഷ്യി എന്നെ ഞാൻ നിനച്ചുള്ളൂ. ദൈവകുല
ത്തിൽ ദൈവം നിങ്ങളാണെന്നു ഞാൻ നിനച്ചില്ലല്ലോ. 'കേട്ടുകൊ
ണ്ടാലും എന്റെ മകനെ. അന്തിയോളം നീ തോണി കുത്തിയാലും
സന്ധ്യയാകുമ്പോഴേ നിനക്കുള്ള കാറം കൂലിയായിരിക്കട്ടെ' എന്നു വ

മവും കൊടുത്തു. ആടകൊണ്ടടികെട്ടി. കുറകൊണ്ടു മുടികെട്ടി. വാളും തട്ടും മണിച്ചുരം കച്ചിലേറി അസ്ഥിയും പൊന്നും വന്ന വനത്തോടെ വഴിപോകുന്നു. 'ഉണ്ടല്ലോ ദേവിയാരേ, ഉതപോടല്ലോ ദേവിയെ. ഉണ്ടുചൂട്ടു ജാതികളുണ്ട്. പടംവെലിയനാഗങ്ങളുണ്ട്, മുഖംവെലിയ ഭൂതമുണ്ട്. വണ്ടുതുമ്പിവാനരന്മാരുമുണ്ട്. വാളരിക്കൻ വൻപുലി മൂർക്കമുണ്ട്?' ആയതിനെക്കേട്ടു ദേവിയാളുമുണ്ട്, ഭൂതികളുമൊരു മന്ത്രം ഉപദേശം ചെയ്തു. പടംവെലിയ നാഗങ്ങളും വന്നു മുഖംവെലിയ ഭൂതങ്ങളും വന്നു. വണ്ടുതുമ്പി വാനരന്മാരും വന്ന് ഇടടുത്തു. വാളരിക്കൻ വൻപുലിവന്നനേരിട്ടതോരനേരത്തു പേടിച്ചുഉത്താവ് ഭയപ്പെട്ട ഉത്താവ്. മുള്ളുള്ള പൊതമരത്തിന്മേലോടി കയറിക്കൊണ്ടു. ആണൊരുകന്നതാൻ മരംകേറി കയറിയല്ലോ എന്റെ ഉത്താവെ. പെണ്ണാകുന്നതൊരുന്നതുചെയ്യും. എന്നതിനെ കേട്ട ദേവിയാളുണ്ട്. വാളരിക്കൻ വൻപുലിയെ വിളിച്ചുകൂട്ടി. കുട്ടികളു തെണ്ടിനാലും ഇടത്തുംവലത്തുംനിറുത്തി പെൺപുലിയെ മുന്നിൽനിറുത്തി വെള്ളപ്പം നാട്ടിലെ ഇളപ്പനി ആവാഹിച്ചു മുള്ളുള്ള പൊതമരത്തിന്മേലതൊട്ടു കയറി. പൊതമരത്തിനെ പറിപ്പിച്ച് പൊതമരത്തിനെ ഇളക്കിച്ച് തെള്ളിച്ച് ഉത്താവിനെ ഇറക്കിട്ടു പുലിക്കഴുത്തിൽ കൊണ്ടുചെന്നാക്കിയത്തി. പേടിയുള്ള എന്റെ ഉത്താവ് പുലിക്കഴുത്തിൽ അമർന്നിരിക്കാതെ കരഞ്ഞുപോയല്ലോ നടാനട എന്നു ദേവിയാളും നടന്നുചൊല്ലി. അസ്ഥിയുംപൊന്നും വനവാസത്തെ ചതുർപീഠക്കല്ലും തന്റെ വലഭാഗത്തെ തെച്ചി ചെമ്പരത്തി മുല്ല നല്ലി നാലുപുഷ്പം തല ഉലച്ചുകെട്ടി. വെള്ളമുണ്ടു കരിമ്പടം തട്ടിതളും വിരിച്ച് ഈരേഴുമണിക്കല്ലുകൊണ്ടു തളംനിരത്തി. ഉൾനടയിൽ ഉത്താവിനെക്കൊണ്ടു ആക്കിയത്തി. ദേവിയും ഉത്താവും ഒരു മൂലം പാവും പാത്തയും പഴുത്തുതിന്നു പല മൊഴിവാക്കും പറഞ്ഞു ആരതിനന്നു. ഇതിനൊരു എന്റെ ഉത്താവെ. കിഴക്കുംകൊല്ലം പതാതിവീട്ടിൽചെന്നു വിശന്നുണ്ടോ ഇല്ലയോ എന്നതറിഞ്ഞുവരുമ്പോളും പകൽ വാഴുന്നാദിത്യനോടും രാവുവാഴും ചന്ദ്രദേവനോടും പട്ടുംപൂവും പടപൊരുതി തൊഴുതിരിക്കരുതെടോ എന്നു ചൊല്ലി. ഉത്താവിനെ വിളരുണ്ണിനായി പറഞ്ഞയച്ചുവരാനും കാലമാകുന്നു.

(തുടരും)

ബാലന്റെ ആദ്യശോകം*

(കുഞ്ഞിരാമൻ)

(1)

എത്രമനോഹരമാരാമമായിരുന്നതപ്പോ—
ളയനവനീടകമെന്നാകിൽ.
ഏകനായ്‌ലീലകളാടിനടന്നേനവിടെ ഞാ—
നാകയാൽ സോദരാ! പറയാവുന്നീ.
വണ്ടുകളും പൂമ്പാറ്റകളും നിറഞ്ഞവരേ പോ—
ലുണ്ടായിരുന്നെൻ സഖികളായി

(൨)

ചിത്രശലഭങ്ങളുമുണ്ടെൻ ചങ്ങാതി—
ലെത്രയുണ്ടിരുന്നിതോ! കുഞ്ഞാടുകൾ
ഞ്ഞെങ്ങനിരുന്നൊന്നെന്നിലുണ്ടായിരുന്നതവ—
നിങ്ങനിരുന്നുകളിച്ചു നടന്നാരേ —

(൩)

ദൂരത്തുനിന്നൊരു പൂങ്കുയിലിൻ നാദം
ചുറ്റുമരങ്ങളിലൂടെ വരവായ്
നട്ടുവളർത്തിയൊരു തൈമരക്കൊമ്പുകൾ
തൊട്ടിട്ടുപൊട്ടിച്ചു നിന്നിതാ!
മാമരമേറിക്കളിക്കാൻ പോകുമ്പോൾ
പറന്നിറങ്ങിനിന്നിതാ! കുഞ്ഞുവാലാട്ടം —

(൪)

'എന്തുണ്ടിനീ ബാലകാ! നിനക്കിന്നൊരു ഭാവക—
ളങ്കമെന്തോ കാണുന്നിതാ നിന്റെ മുഖത്തു
എന്നെല്ലാം ചോദിച്ചെന്നടുത്തിരുന്നമ്മയി—
ലൊന്നുമേ മിണ്ടാതിരുന്നു ഞാൻ!!

---

* ഇംഗ്ലീഷിനെ അനുകരിച്ചതു.

ന്നൃസമാനമാമെന്മനമായന്നന–
മിന്നിഃ മൽഭൂമിയിൽ കാണുകയില്ലാ!!
അല്ലായസ്സേകിനാൻ പുഷ്പങ്ങളെന്നപോൽ
തൽപ്പൂർണ്ണമാപ്തിൽപ്പൂതമെഷൻ!!
ഖേലിപ്പിടാതെനീ, ശ്രീധിപ്പൂക്കാരനെയും
സോദരൻസ്വപ്നത്തിലാണെബാലം!!'

(൨)

കഷ്ടം! ദീപ്തപുഷ്പങ്ങളും, പക്ഷികളൊക്കയു–
മിട്ടേച്ചുപോയിതോ, സോദരാ! നീ?
ഞാനിന്നു ചൊല്ലുന്നവാക്കുകൾ കേൾക്കാതെ
മാനത്തുവാഴുന്നോ സോദരാ! നീ?
ദീർഘമായിക്കാണപ്പോകുമ്പനാട
പക്ഷത്തിലെത്തുമോ സോദരാ! നീ?

(൩)

വൻചിറകിലും, വൃക്ഷത്തണലിലും
സഞ്ചാരമീവിധമിനിയെന്നോ!!
കഷ്ടം! മൽജ്യേഷ്ഠനോടൊത്തുകളിക്കവേ
യിഷ്ടപ്പെട്ടിലങ്ങനിഷ്ടമോല.
എന്നുമൽസോദരനെന്നെ വിട്ടെങ്ങുപോ–
യെന്നുവന്നീടുകയെന്നാകിൽ __

എ. പി. കുഞ്ഞുൺനായർ ബി. എ., ബി. എൽ

തന്ത്രയുക്തി.

'തന്ത്രം' എന്നു വെച്ചാൽ ശാസ്ത്രം; 'യുക്തി' എന്നാൽ യോഗം. 'തന്ത്രയുക്തി' എന്ന ശബ്ദത്തിന്നു ശാസ്ത്രയോഗം എന്നർത്ഥം. 'യുജ്യതേ ഇതിയോഗഃ' എന്ന വ്യുൽപത്തിപ്രകാരം 'യോഗ'ശബ്ദത്തിന്ന് അംശം എന്നു താൽപര്യം. അപ്പോൾ, തന്ത്രയുക്തികൾ

എന്നു വെച്ചാൽ ശാസ്ത്രവിഷയങ്ങൾക്കുള്ള സംബന്ധത്തിന്നടിസ്ഥാനമായ ചില അംശങ്ങൾ അല്ലെങ്കിൽ എളുപ്പങ്ങൾ എന്നർത്ഥം കിട്ടുന്നു. ശാസ്ത്രകാരന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ വിഷയങ്ങളെ പ്രതിപാദിക്കുന്നതു 'തന്ത്രയുക്തികൾ' എന്ന സംജ്ഞയാൽ അറിയപ്പെടുന്ന ചില വസ്തുക്കളുടെ സഹായംകൊണ്ടാകുന്നു. അതിനാൽ, ഹിന്ദുക്കളുടെ ശാസ്ത്രഭണ്ഡാരം തുറന്ന് അതിലുള്ള അർത്ഥങ്ങളെ ഗ്രഹിക്കുവാനാഗ്രഹിക്കുന്നവർ 'തന്ത്രയുക്തികൾ' എന്ന താക്കോൽക്കൂട്ടം കയ്യിൽ കരുതുന്നത് അത്യാവശ്യമാകുന്നു. 'തന്ത്രയുക്തി' എന്ന കണ്ണിയിൽ കോർത്തിട്ടുള്ള ഈ താക്കോലുകൾ വ്യാപാരംകൊണ്ടു ഭിന്നങ്ങളാണെങ്കിലും ജാതിയിൽ അഭിന്നങ്ങളാകുന്നു. ഇവയിൽ ചിലതു വിഷയസംബന്ധത്തെയും വേറെ ചിലത് അർത്ഥസംബന്ധത്തെയും ആശ്രയിച്ചിരിക്കുന്നു. 'അധികരണം,' 'വിധാനം' മുതലായവ വിഷയസംബന്ധത്തിന്നുതകുന്നവയാകയാൽ 'അനുബന്ധചതുഷ്ടയ'ാദികളെപ്പോലെയുള്ള ചില അംശങ്ങൾ മാത്രമാകുന്നു. 'അപദേശം,' 'അതിദേശം' തുടങ്ങിയവ അർത്ഥസംബന്ധത്തിന്നുപകരിക്കുന്നവയാകകൊണ്ടു, സംയോഗവിപ്രയോഗാദികളെപ്പോലെ വിശേഷാർത്ഥബോധകങ്ങളും ആകുന്നു. ഈ തന്ത്രയുക്തികൾ, ഏറക്കുറെ എന്ന വ്യത്യാസത്തോടുകൂടി പ്രായേണ എല്ലാ ശാസ്ത്രങ്ങളിലും ഉപയോഗിക്കപ്പെടുന്ന ചില പരിഭാഷാശബ്ദങ്ങളാകയാൽ അവയുടെ ഒരു സ്വരൂപപരിജ്ഞാനമുണ്ടാകുന്നതു വിദ്യാർത്ഥികൾക്ക് ഒഴിച്ചുകൂടാത്തതാണ്. പ്രകൃതത്തിൽ ഇവയുടെ ലക്ഷണങ്ങൾ 'കൌടില്യന്റെ അർത്ഥശാസ്ത്രം' അനുസരിച്ചാണു പറയുവാൻ തുടങ്ങുന്നത്. എന്നാൽ, ലക്ഷ്യങ്ങൾ ചിലത് ഇതരവിഷയങ്ങളിൽനിന്നും എടുത്തു ചേർക്കുന്നുണ്ട്. ഈ വ്യതിയാനം സൌകര്യത്തിന്നുവേണ്ടി ചെയ്യുന്നതുമാണ്.

'തന്ത്രയുക്തികൾ' മുപ്പത്തിരണ്ടെണ്ണമാണെന്നാണു പണ്ഡിതന്മാർ പറയുന്നത്. 1. അധികരണം, 2. വിധാനം, 3. യോഗം, 4. പദാർത്ഥം, 5. ഹേത്വർത്ഥം, 6. ഉദ്ദേശം, 7. നിർദ്ദേശം, 8. ഉപദേശം, 9. അപദേശം, 10. അതിദേശം, 11. പ്രദേശം, 12. ഉപമാനം, 13. അർത്ഥാപത്തി, 14. സംശയം, 15. പ്രസംഗം, 16. വിപര്യയം, 17. വാക്യശേഷം, 18. അനുമതം, 19. വ്യാഖ്യാനം, 20. നിർവ്വച

നം, 21. നിദർശനം, 22. അപവർഗ്ഗം, 23. സ്വസംജ്ഞ, 24. പൂർവ്വപക്ഷം, 25. ഉത്തരപക്ഷം, 26. ഏകാന്തം, 27. അനാഗതാവേക്ഷണം, 28. അതിക്രാന്താവേക്ഷണം, 29. നിയോഗം, 30. വികല്പം, 31. സമുച്ചയം, 32. ഊഹ്യം — ഇങ്ങിനെ യുക്തികൾ ആകെ മുപ്പത്തിരണ്ടാകുന്നു. ഇവയിൽ ഓരോന്നിനേയും ചുരുക്കത്തിൽ താഴെ വിവരിക്കുന്നു.

(1) അധികരണം:— ശാസ്ത്രകാരന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുവാൻ പോകുന്ന വിഷയത്തെപ്പറ്റി ഗ്രന്ഥാരംഭത്തിൽ ചെയ്യുന്ന വിവരണമാണ് 'അധികരണം.' യാതൊരർത്ഥത്തെ അധികരിച്ചു (വിഷയീകരിച്ചു) പറയുന്നുവോ അതധികരണം എന്നർത്ഥയോജന. ഉദാഹരണം:—

'പരമവേദാന്തമാർഗ്ഗത്തിൽക്കൂടിയിനാകാരി
നിരന്തരശാസ്ത്രങ്ങളും തിരഞ്ഞറിയപ്പെട്ടതും
പഠിച്ചിൽപ്പരാണെങ്ങുംകൊള്ളുവാൻ വെച്ചതന്നാം
പരമകൃപാലുക്കളാകിയ ഗുരുക്കന്മാർ
അതിനെക്കാൾ ചുരുക്കിയെടുത്തുരത്തീടുന്നേൻ
മധുരതരമായ കൈവല്യനവനീതം.'

(എഴുത്തച്ഛൻ— കൈവല്യനവനീതം)

ഇതിൽ ഗ്രന്ഥകാരൻ, തന്റെ ഗ്രന്ഥത്തിൽ പ്രതിപാദിക്കുവാൻ പോകുന്ന കാര്യത്തെ ചുരുക്കിപ്പറഞ്ഞിരിക്കുന്നതിനാൽ ഇത് 'അധികരണ'മാകുന്നു.

(2) വിധാനം:— ശാസ്ത്രത്തിന്റെ പ്രകരണാനുപൂർവ്വിയാകുന്നു 'വിധാനം.' ഗ്രന്ഥത്തിന്റെ ആരംഭത്തിൽ, ഗ്രന്ഥകാരൻ ഗ്രന്ഥവിഷയത്തെസ്സംഗ്രഹിച്ചു വിശകലനം ചെയ്തു ക്രമപ്പെടുത്തി പറയുന്നതു 'വിധാന'മാണ്. അച്ചടിച്ച പുസ്തകങ്ങളിൽ പ്രായേണ ഒരു വിഷയവിവരം അല്ലെങ്കിൽ 'വിഷയാനുക്രമണിക' ചേർക്കാറുണ്ടല്ലോ. ഈ അച്ചടിയന്ത്രങ്ങളുടെ നടപ്പായതിനു മുമ്പും ഗ്രന്ഥകാരന്മാർ ഗ്രന്ഥനിർമ്മാണത്തിൽ അനുസരിച്ചു വന്നിരുന്ന ഒരു 'ഏർപ്പാടു'മാകുന്നു. ഉദാഹരണം:—

'. . . രാജസേവകവൃത്തിയെ ധൌമ്യൻചൊല്ലിയവാറും
വ്യാജനിർവ്യാജമത്സ്യനഗരപ്രവേശനം
മല്ലനിഗ്രഹംപിന്നെക്കീചകാദികൾവധം
നിർല്ലജ്ജൻസുയോധനൻതന്നുടെനിരൂപണം
ഗോഗ്രഹണാദികളുംവിജയവിജയവും
ഫാൽഗുനിതന്നാലനന്ദനാത്മജവിവാഹവും . . .'

(ഭാരതം — കഥാസംഗ്രഹം.)

ഭാരതത്തിന്റെ ആരംഭത്തിൽ ആ ഗ്രന്ഥത്തിലെ പർവ്വങ്ങളുടെ ക്രമം വിവരിച്ചിട്ടുള്ള മേൽപ്പറഞ്ഞ ഭാഗം 'വിധാനം'ആകുന്നു.

(8) യോഗം: — ഒരു പ്രകരണത്തിൽപ്പറഞ്ഞിട്ടുള്ള സംഗതികളുടെ സാരം സംഗ്രഹിച്ചു ചെയ്യുന്ന വാക്യയോജനയ്ക്കാണ 'യോഗം' എന്ന പേർ പറയുന്നത്. ചില ഗ്രന്ഥങ്ങളിൽ 'സിംഹാവലോകിതം' എന്നു പറയുന്നത് ഏകദേശം 'യോഗ'ത്തോടു യോജിച്ചിരിക്കുന്നു. വസ്തുസ്ഥിതികഥനം ചെയ്യുന്ന ശാസ്ത്രങ്ങളിലല്ലാ വിധിനിഷേധപരങ്ങളായ ഗ്രന്ഥങ്ങളിലാണ യോഗത്തിന് അധികമായ ഉപയോഗം. കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ പ്രായേണ എല്ലാ അദ്ധ്യായങ്ങളിലും 'യോഗം' കാണപ്പെടുന്നുണ്ട്. ഉദാ:—

'ചതുർവ്വർണ്ണാശ്രമോ ലോകോ രാജ്ഞാ ദണ്ഡേന പാലിതഃ
സ്വധർമ്മകർമ്മാഭിരതോ വർത്തതേ സ്വേഷു വർത്മസു.'

(അർത്ഥശാസ്ത്രം — അധി. 1. അ. 4.)

മേൽപ്പറഞ്ഞ പ്രകരണത്തിൽ വർണ്ണാശ്രമധർമ്മങ്ങളെ സംക്ഷിപ്തമായി വിധിക്കുകയാണ ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളത്. ആ വിധിപ്രകാരം അനുഷ്ഠിക്കുന്നതായാൽ എല്ലാവരും സ്വകർമ്മനിരതന്മാരായി ഭവിക്കുമെന്ന വിഷയയോജനാപൂർവ്വം സ്ഥാപിച്ചിരിക്കയാൽ ഇതു 'യോഗം' ആകുന്നു.

(9) പദാർത്ഥം: — വിശേഷാർത്ഥവിവക്ഷയോടുകൂടി പ്രയോഗിക്കുന്ന ഒരു സാധാരണപദത്തിനുള്ള വിശേഷാർത്ഥമാണ 'പദാർത്ഥം.' ഒരു പദത്തിനു പ്രകരണവശാൽ കിട്ടുന്ന അർത്ഥം എന്നു താൽപര്യം. അർത്ഥശാസ്ത്രത്തിൽ 'മൂലഹരൻ' എന്നൊരു പദവും, അതിനു 'യാതൊരാൾ അച്ഛനും മുത്തച്ഛനും നേടിവെച്ച സ്വത്തി

ന്നെ പൂത്തടിപ്പു മുടിപ്പുകളുമുണ്ടാവാം. അവൻ 'മൂലഹരൻ' എന്നാവും കൊടുത്തിട്ടാണ 'പദാർത്ഥ'ത്തെ ഉദാഹരിച്ചിരിക്കുന്നത്. മൂലഹൻ എന്ന പദത്തിന്ന സ്വാഭാവികമായി ഈ വിശേഷാർത്ഥമില്ല. അതു കിട്ടുന്നു പ്രകരണവശാലും, ഗ്രന്ഥകാരന്റെ വിവക്ഷയാലും മാത്രമാകുന്നു. മല്ലിനാഥാദികളായ വ്യാഖ്യാതാക്കന്മാർ 'ഇത്യർത്ഥഃ' എന്ന പദംകൊണ്ട് കാണിക്കുന്ന അർത്ഥങ്ങൾ 'പദാർത്ഥ'ശബ്ദത്താൽ കിട്ടുന്നവയാകുന്നു.

(5) ഹേത്വർത്ഥം:— ഉദ്ദിഷ്ടാർത്ഥത്തെ സാധിപ്പിക്കുന്നതായ ഹേതുവിന്ന 'ഹേത്വർത്ഥ'മെന്നു പേർ പറയാം. ധർമ്മാർത്ഥകാമങ്ങളുടെ ഉൽകർഷാപകർഷങ്ങളെ പറയുന്ന ദിക്കിൽ 'അർത്ഥ ഏവ പ്രധാനഃ' (അർത്ഥംതന്നെയാണ പ്രധാനം) എന്നു കൌടില്യൻ പറയുന്ന അപ്പോൾ 'എന്തുകൊണ്ട്' എന്നൊരു ചോദ്യമുണ്ടാവാം. ആ ചോദ്യത്തെ ഉള്ളിൽവെച്ചുകൊണ്ട് 'അർത്ഥമൂലൌ ഹി ധർമ്മകാമാവിതി' (ധർമ്മകാമങ്ങളുടെ മൂലം അർത്ഥമാകുന്നു) എന്നിതിനെ ഹേതുവിനെ കാണിച്ചിരിക്കുന്നു. ഇതിനെപ്പോലെ ഒരു പ്രകരണത്തിൽ ഉള്ള ഹേത്വാകാംക്ഷയെ ഉള്ളിൽവെച്ചു താൻതന്നെ പറയുന്നതായ ഹേതുവിനെയാണ 'ഹേത്വർത്ഥം' എന്നു പറയുന്നത്. 'വാക്യ'ങ്ങളിൽ ഒട്ടധികം ചോദ്യവും സമാധാനവും ഒന്നിച്ചുതന്നെ പറയുന്നതായ തർക്കശാസ്ത്രഗ്രന്ഥങ്ങളിൽ ഹേത്വർത്ഥത്തിന്റെ അപേക്ഷ സ്വല്പമാകുന്നു.

(6) ഉദ്ദേശം:— ഉദ്ദേശം എന്നാൽ സംക്ഷേപവാക്യം; ഒരു കാര്യത്തെ ചുരുക്കിയ വാക്കുകളെക്കൊണ്ടു പറയുക എന്നർത്ഥം. 'വിദ്യാവിനയഹേതുരിന്ദ്രിയജയഃ' (വിദ്യാവിനയങ്ങളെക്കൊണ്ടുണ്ടാവുന്നതാണ് ഇന്ദ്രിയജയം) എന്നുള്ളത് ഉദ്ദേശമാകുന്നു.

(7) നിർദ്ദേശം:— ഉദ്ദേശത്തിന്റെ വിപരീതം നിർദ്ദേശം; അധികം വാക്കുകളെക്കൊണ്ടു പറയുക എന്നർത്ഥം. 'കർണ്ണത്വഗക്ഷിജിഹ്വാഘ്രാണേന്ദ്രിയാണാം ശബ്ദസ്പർശരൂപരസഗന്ധേഷ്വവിപ്രതിപത്തിരിന്ദ്രിയജയഃ' എന്നതുപോലെ. ഇന്ദ്രിയജയമെന്നുള്ള വിദ്യാവിനയങ്ങളുടെ കാര്യം (വിദ്യാവിനയങ്ങളാകുന്ന ഹേതുവിനോടുകൂടിയതു) എന്നതിനെത്തന്നെ വിസ്തരിക്കുകയാണ് ഇതിൽ ചെയ്തിട്ടുള്ളത്. വിദ്യാവിനയങ്ങൾ മനുഷ്യനുള്ള കാമ- ക്രോധ- ലോഭ- മാന-

൭. ഹർഷങ്ങളെ കുറിക്കുന്നത് ഇന്ദ്രിയങ്ങളെ ഉണ്ടാക്കുന്നു. അതു കർണ്ണം, ത്വക്ക്, നാക്ക്, ജിഹ്വ, ഘ്രാണം എന്ന പഞ്ചേന്ദ്രിയങ്ങൾക്കുള്ള ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ വിഷയങ്ങളിൽ ഇവകളിലുള്ളവയാകുന്നു. ആദ്യം പറഞ്ഞതിനെത്തന്നെ ഇതിൽ വിസ്തരിച്ചിരിക്കയാൽ ഇതു 'നിർദ്ദേശം'.

(8) ഉപദേശം:— ഇന്നപ്രകാരം ഇരിക്കണം എന്നുള്ള ഉപദേശം തന്നെ ഉപദേശം. ഉദാഹരണം ആവശ്യമില്ല.

(9) അപദേശം:— പൂർവ്വോക്തത്തിന്ന് വകയുള്ള ഒരു വിഷയത്തിൽ ഇന്നാൽ ഇന്നപ്രകാരം പറയുന്നു. എന്നു കാണിക്കുന്നതാണു അപദേശം. 'രാജാവിന്റെ മന്ത്രിസഭയിൽ പന്ത്രണ്ടു മന്ത്രികൾ ഉണ്ടായിരിക്കണമെന്നു മാനവന്മാരും; പതിനാറെന്നു ബാർഹസ്പത്യന്മാരും; ഇരുപതെന്ന് ഔശനസന്മാരും; കഴിവുപോലെയാവാമെന്നു കൌടില്യമതം.' മേൽകാണിച്ചത് അപദേശത്തിന്നുദാഹരണം. ഒരേ വിഷയത്തെ സംബന്ധിച്ച വിവിധമതപ്രദർശനമെന്നു താൽപര്യം.

(10) അതിദേശം:— മുമ്പു പറഞ്ഞതുപോലെ ഒന്നുകൊണ്ടു പിന്നീടു പറയുന്ന ഒന്നിനെക്കൂടി സാധിക്കുന്നത് 'അതിദേശം.' 'ദത്തസ്യാപ്രദാനമൃണാദാനേന വ്യാഖ്യാതം' (കൊടുത്തതു തിരിയെ കൊടുക്കാത്ത എന്ന വിഷയം കടംവാങ്ങുന്നതിനെപ്പറ്റി പറഞ്ഞതിൽ പറഞ്ഞുകഴിഞ്ഞു) എന്നുദാഹരണം.

(11) പ്രദേശം:— ആദ്യം പറയേണ്ടതായ ഒരു കാര്യം പിന്നീടു പറയാൻ പോകുന്നതുകൊണ്ടു സാധിക്കേണമെന്നു പറയുന്നതാണു പ്രദേശം. 'ഇനി ക്രമപ്രാപ്തമായി ഇന്നകാര്യത്തെയാണു നിരൂപിക്കേണ്ടത്. എന്നാൽ അതു മുകളിൽ ഇന്ന സംഗതിയെ നിരൂപണം ചെയ്യുമ്പോൾ തെളിച്ചുപറയും' എന്ന മട്ടിലുള്ള പ്രസ്താവനകൾ ഇക്കാലത്തെ ഉപന്യാസങ്ങളിൽ സുലഭമാകയാൽ ഈ വിഷയം സ്പഷ്ടമാകുന്നു. മേൽപ്പറഞ്ഞ അതിദേശവും പ്രദേശവും ഗ്രന്ഥകാരന്മാർ സൗകര്യത്തിനുവേണ്ടി സ്വീകരിച്ചിരിക്കുന്നവയെന്നു ചെയ്യുന്ന ഉപായങ്ങളാകുന്നു.

(12) ഉപമാനം:— ഇത് ഉപമതന്നെ. ദൃഷ്ടമായ ഒന്നിനോടോ, പ്രസിദ്ധമായ ഒന്നിനോടോ ഉപമിച്ച് അദൃഷ്ടമോ അപ്രസി

ഭേദമോ ആയ ഒന്നിനെ സാധിക്കുക എന്നതാണ് ഉപമാനത്തിന്റെ സ്വഭാവം. ഉദാഹരണം സ്പഷ്ടം.

(13) അർത്ഥാപത്തി: പറയാതെതന്നെ കിട്ടുന്ന അർത്ഥമാണ് 'അർത്ഥാപത്തി' ഉദാഹരണം സുലഭം.

(14) സംശയം:— രണ്ടിടത്തും ചേരുന്ന (ന്യായം) ഉള്ള അർത്ഥം സംശയം. 'ക്ഷീണലുബ്ധപ്രകൃതികഃ ചലിതപ്രകൃതിം വ്രജേൽ' എന്നുദാഹരണം. രാജാവു ശത്രുവിനോടു യുദ്ധത്തിനു പോകുമ്പോൾ ശത്രുവിന്റെ പ്രജകൾ ക്ഷീണന്മാരായും ലുബ്ധന്മാരായും ഇരിക്കുമ്പോഴോ, ശത്രുവിന്റെ മർദ്ദനത്താൽ പ്രജകൾ പീഡയനുഭവിച്ചിരിക്കുമ്പോഴോ ആണു വേണ്ടത് എന്നാണിതിന്റെ സാരം. 'പ്രജകൾ ക്ഷീണന്മാരായും ലുബ്ധന്മാരായും ഇരിക്കുമ്പോൾ തങ്ങളുടെ ധനം കൊടുത്ത് അവരെ വശീകരിക്കുവാൻ എളുപ്പമുണ്ട്. അപ്പോൾ ശത്രുവിനെ എളുപ്പത്തിൽ ജയിക്കാം.' എന്ന് ആദ്യം പറഞ്ഞതിനു ഹേതു. രാജാവിന്റെ ഉപദ്രവം സഹിക്കുന്ന പ്രജകളെ എളുപ്പത്തിൽ വശീകരിക്കാമെന്നതാണ് രണ്ടാമത്തേതിനു ഹേതു. ഇങ്ങിനെ രണ്ടിടത്തും ചേരുന്നതായ അർത്ഥത്തെ 'സംശയം' എന്നു പറയുന്നു.

(15) പ്രസംഗം:— 'മുമ്പു പറഞ്ഞതുപോലെ' എന്നു പറയുന്നതാണ് പ്രസംഗം. ഒരു വാക്യത്തിൽ പറഞ്ഞുവെച്ച ഒരു സംഗതി പിന്നീടുള്ള വാക്യങ്ങളിലും ഉപയോഗിക്കേണ്ടിവരുമ്പോൾ 'പ്രസംഗ'ത്തിന്റെ ആവശ്യം നേരിടുന്നു. ഉദാഹരണം ഊഹ്യം. ഈ പ്രസംഗത്തെ അനുഷംഗമെന്നും പറയാം.

(16) വിപര്യയം:— പ്രതിലോമമായി അർത്ഥം സാധിക്കുന്നതു വിപര്യയം. ഇതു സംസ്കൃതത്തിലെ വൈദ്യഗ്രന്ഥകാരന്മാർ ധാരാളം ഉപയോഗിക്കാറുണ്ട്. അഷ്ടാംഗഹൃദയം മുതലായവയിൽ സുലഭം. 'വിപരീതവിപര്യയഃ' ഇത്യാദി നോക്കുക.

(17) വാക്യശേഷം:— ഒരു വാക്യത്തിൽ കണ്ഠോക്തം പറയാത്തതായ ഒരു വാക്കുകൂടി ഉണ്ടായാലേ വാക്യം അവസാനിക്കുകയുള്ളൂ എന്നിരിക്കട്ടെ. അങ്ങിനെ ആവശ്യമായിട്ടുള്ള പദത്തെ സ്വയമേവ നാം ഉണ്ടാക്കിക്കൊള്ളണം. അതിനു വാക്യശേഷം എന്നു പേർ പറയുന്നു. ഇതു സാധാരണ സാഹിത്യത്തിൽ പ്രസിദ്ധമാകുന്നു.

(18) അനുമതം:— അന്യന്റെ വാക്യം അഥവാ മതം അപ്രതിഷിദ്ധമായാൽ അത് അനുമതമാകുന്നു. 'പക്ഷാവുരസ്യം പ്രതിഗ്രഹ ഇത്യൗശനസോ വ്യൂഹവിഭാഗഃ' (സൈന്യവ്യൂഹത്തെ പക്ഷം, ഉരസ്യം, പ്രതിഗ്രഹം എന്നിങ്ങനെ ഉശനസ്സ്=ശുക്രൻ വിഭജിച്ചിരിക്കുന്നു) എന്നു കൗടില്യൻ പറഞ്ഞിരിക്കുന്നു. ഇതിൽ ഉശനസ്സിന്റെ വിഭജനം തനിക്കു സമ്മതമല്ലെന്നു പറഞ്ഞിട്ടില്ലായ്കയാൽ ഇതു കൗടില്യന് അനുമതമാകുന്നു എന്നറിയണം. അന്യന്റെ അഭിപ്രായത്തെ പറയുന്നതു ഖണ്ഡിക്കുന്നതിനുവേണ്ടിയോ സ്വീകരിക്കുന്നതിനുവേണ്ടിയോ ആവാം. രണ്ടാമത്തെ പക്ഷത്തിനാണെങ്കിൽ അതിനെ 'അനുമത'മിത്യാ പറയുന്നതു പതിവാകുന്നു.

(19) വ്യാഖ്യാനം:— പ്രകൃതത്തിൽ ആവശ്യമില്ലാത്ത വിധം അത്ര പരത്തി ഒരു കാര്യം പറയുന്നതു വ്യാഖ്യാനം. ഇതു പ്രായേണ ആ വിഷയത്തിലേക്കു വായനക്കാരെ സവിശേഷം ആകർഷിക്കുന്നതിനുവേണ്ടി ചെയ്യുന്നതാണ്.

(20) നിർവ്വചനം:— ഒരു ഗ്രന്ഥകാരനു വ്യാഖ്യാതാവിന്റെ ജോലിയില്ല. ഗ്രന്ഥകാരൻ ഉപയോഗിക്കുന്ന പദങ്ങൾക്ക് അർത്ഥം പറയേണ്ടതു വ്യാഖ്യാതാവാണ്; ഗ്രന്ഥകാരനല്ല. എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ ഗ്രന്ഥകാരൻ തന്നെ താനുപയോഗിക്കുന്ന പദങ്ങളെ വ്യാഖ്യാനിക്കാറുണ്ട്. ഒരു പദം പറഞ്ഞാൽ അതിന്റെ വ്യുൽപത്തി കാണിച്ച് അർത്ഥംകൂടി ഗ്രന്ഥകാരൻ പറഞ്ഞേക്കും. അതിനെ പറയുന്നതിനു 'നിർവചനം' എന്നു പേർ പറയുന്നു. ഉദാ:—

'നക്ഷത്രാണാം ദ്വിജാനാം ച രാജ്ഞോഽഭൂദ്യദയം പുരാ
യച്ച രാജാ ച യക്ഷ്മാ ച രാജയക്ഷ്മാ തതോ മതഃ'

(അഷ്ടാംഗഹൃദയം)

രാജയക്ഷ്മാ=ക്ഷയരോഗം. രാജാവിന്റെ രോഗം (രാജാവിനുണ്ടായ രോഗം) എന്നും, രാജാവായ രോഗം (രോഗങ്ങളിൽ രാജാവ്) എന്നും രണ്ടുപ്രകാരത്തിൽ അന്വർത്ഥനിർവ്വചനം ചെയ്തിരിക്കുന്നു. അതിനാൽ ഇതു നിർവ്വചനോദാഹരണമാകുന്നു. ഗ്രന്ഥകാരന്മാർ ഇങ്ങനെ 'നിർവ്വചനം' ചെയ്യുന്നത് ഏതെങ്കിലും ചില പ്രത്യേകോദ്ദേശം വെച്ചുകൊണ്ടായിരിക്കും. പ്രകൃതത്തിൽ ക്ഷയരോഗത്തിന്റെ ഭയങ്കര

ത്വം കാണിക്കുവാൻവേണ്ടിയാണ ഗ്രന്ഥകൎത്താവ് ഇങ്ങിനെ ചെയ്തിട്ടുള്ളത്.

(21) നിദൎശനം:— ദൃഷ്ടാന്തത്തോടുകൂടി പറയുന്ന ദൃഷ്ടാന്തം 'നിദൎശനം.' ഒരു സംഗതിയെ സാധിപ്പാനായി പറയുന്നതാണല്ലൊ ദൃഷ്ടാന്തം. അതിനെ സാധിപ്പാനായിട്ടുകൂടി ഒരു ദൃഷ്ടാന്തം പറഞ്ഞാൽ നിദൎശനമായി. 'അധികം ബലമുള്ള ശത്രുവിനോടു രാജാവു യുദ്ധംചെയ്യരുത്' എന്നു പറയുന്ന കൌടില്യൻ 'അങ്ങിനെ ചെയ്താൽ ആനയോടു കാൽയുദ്ധം ചെയ്യുന്നപോലെ * ആപത്തിൽ പെട്ടു നശിച്ചുപോകും' എന്നു പറഞ്ഞിരിക്കുന്നു. 'ബലവാനോടെതിരിട്ടാൽ ആപത്തു വരുമല്ലൊ' എന്നു പറഞ്ഞാൽതന്നെ ദൃഷ്ടാന്തമായി. അതിന്നും ദൃഷ്ടാന്തമായി 'ആനയോടു കാൽയുദ്ധം ചെയ്യുന്നപോലെ' എന്നുകൂടി പറഞ്ഞിരിക്കയാൽ ഇതു നിദൎശനമാകുന്നു.

[22. അപവൎഗ്ഗം, 23. സ്വസംജ്ഞ എന്നിവ അൎത്ഥശാസ്ത്രത്തിലെ ചില വിഷയങ്ങളെ പറഞ്ഞതിനുശേഷമുള്ളതിൽ വളരെ വിസ്തരിക്കേണ്ടിവരുന്നതുകൊണ്ട് അവയെ ഇനിയൊരിക്കൽ വിവരിക്കാമെന്നു വെക്കുന്നു.]

(24) പൂൎവ്വപക്ഷം (25) ഉത്തരപക്ഷം=സിദ്ധാന്തം (26) ഏകാന്തം എന്നിവ സുപ്രസിദ്ധമായിട്ടുള്ളവതന്നെയാകയാൽ ഉദാഹരണം ആവശ്യമില്ല.

(27) അനാഗതാവേക്ഷണം.— ക്രമപ്രാപ്തമായ ഒരു വിഷയത്തെ പിന്നീടൊരിക്കൽ പറയുന്നുണ്ടെന്നു കാണിക്കുന്നത് അനാഗതാവേക്ഷണവും (28) മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ടെന്നു കാണിക്കുന്നത് അതിക്രാന്താവേക്ഷണവും ആകുന്നു. ഇവയ്ക്കു മുമ്പുപറഞ്ഞ 'പ്രദേശം,' 'അതിദേശം' എന്നിവയോടു വളരെയധികം വ്യത്യാസമില്ല. പ്രദേശം, അതിദേശം എന്നിവ മേലിൽ പറയാനിരിക്കുന്നതും പറഞ്ഞുകഴിഞ്ഞതുമായ ഒരു സംഗതികൊണ്ടു മറ്റൊന്നിനെ സാധിക്കുകയാകുന്നു. അനാഗതാവേക്ഷണവും, അതിക്രാന്താവേക്ഷണവും അങ്ങിനെയല്ല. കേവലം പറയുക തന്നെയാണ്.

* [illegible] ഇതിനു [illegible] ചേൎത്തിരിക്കുന്നു. '[illegible]' [illegible] ത്തി'.

(29) നിയോഗം:— 'ഇന്നപ്രകാരമേ ചെയ്യാവൂ, മറ്റൊരു പ്രകാരം ചെയ്യരുത്' എന്നു വിധിക്കുന്നതു നിയോഗം. വിധിനിഷേധങ്ങൾ രണ്ടുംകൂടിയ ഒരു വിധി എന്നു താൽപര്യം. 'ഇന്ത്യയിൽ പരുത്തി കൃഷിചെയ്യുന്നോർ പരുത്തിയേ കൃഷി ചെയ്യാവൂ; പരുത്തിയല്ലാതെ മറ്റൊന്നും കൃഷി ചെയ്യരുത്' എന്നുദാഹരണം.

(30) സമാനങ്ങളായ രണ്ടു വസ്തുക്കളെ കാണിച്ച് അവ രണ്ടിലൊന്ന് എന്നു പറയുന്നതു വികല്പവും, (31) സമാനങ്ങളായ അധികവസ്തുക്കളെ ചേർത്തു പറയുന്നതു സമുച്ചയവും ആകുന്നു. ഇവ ഭാഷയിൽ സാധാരണങ്ങളാകയാൽ വിസ്തരിക്കുന്നില്ല. (32) ഇന്നപ്രകാരമെന്നു പ്രത്യേകം എടുത്തു പറയാതെ ഊഹിപ്പാൻ വിടുന്നത് 'ഊഹ്യ'വും ആകുന്നു.

മേല്പറഞ്ഞവയെയാണു കൌടില്യൻ 'തന്ത്രയുക്തികൾ' എന്നു പറഞ്ഞിട്ടുള്ളത്. ഇവയെല്ലാം ഗ്രന്ഥത്തിന്റെ അന്തസ്സാരം പഠിക്കുന്നവർ അറിഞ്ഞിരിക്കേണ്ടത്ത്യാവശ്യമാണ്. ഇവയിൽ പലതും മറ്റു ശാസ്ത്രങ്ങളിലും ഉപയോഗപ്പെടുന്നതാണെന്ന് ആദ്യമേ പറഞ്ഞിട്ടുണ്ടല്ലോ. ഒരു 'നിഘണ്ടു' എന്ന നിലയിൽ ഇവ വായനക്കാർക്കുപകരിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

കെ. വി. എം.

പാതിരിക്കുന്നിലെ
കാരാഗ്രഹം.

I

'എന്തെടോ! പണിക്കർ ഉറങ്ങിയോ?'

'ഇല്ല. കുറച്ചു മുമ്പു കുട്ടിനാകത്തുനിന്നു ശബ്ദം കേട്ടിരുന്നു.'

'കാഞ്ഞിരപ്പള്ളി' കൂപ്പിൽ വലിയ നായർ അത്താഴത്തിനുശേഷം, ഒന്നിന്മേൽ ഒന്നായി മൂന്നു മെത്തകൾ വിരിച്ചുവെച്ചിരുന്ന തന്റെ കട്ടിലിന്മേൽ ഇരിക്കുന്നു. വിശാലമായ നാലു മുറികളുള്ള നായ

തം, വിശേഷിച്ചു ഭൃത്യൻ 'ഏരച്ചൻ' മാത്രമേയുള്ളു. ഏരച്ചൻ അടുത്തു ണ്ടായിരുന്ന ഒരു വിളക്കിനു മുമ്പിലിരുന്നു നായരുടെ 'നിദ്രാവിഷ്ടി നി' ലേഹ്യം തയ്യാറാക്കുന്നു. നായർ ഇടക്കിടയ്ക്കു മുറിയുടെ ഒരു ഭാഗ ത്തേയ്ക്കു നോക്കി പുഞ്ചിരി തൂകിക്കൊണ്ടിരുന്നു.

'എന്നാൽ വാതിലൊന്നു തുറക്ക. താക്കോലിതാ' എന്നു പറ ഞ്ഞു നായർ തന്റെ മടിയിൽനിന്ന് ഒരു താക്കോലെടുത്ത് ഏരച്ച ന്റെ എറിഞ്ഞുകൊടുത്തു. ഭൃത്യൻ ആ താക്കോലെടുത്ത് അവരിരു ന്നിരുന്ന മുറിയുടെ വടക്കേ പുറത്തിന്നടുത്തുപോയി, അവിടെ തൂക്കി യിരുന്ന ഒരു ചിത്രമെടുത്തു താഴെ വെച്ച്, അതിന്നടിയിലുണ്ടായിരു ന്ന ഒരു ദ്വാരത്തിൽ താക്കോൽ കടത്തി ഒന്നു മൂന്നു പ്രാവശ്യം തിരി ച്ചു. ഉടനെ ആ മുറിക്കകത്തു മുമ്പു കാണ്മാനില്ലാതിരുന്ന ഒരു വാ തിൽ തുറന്നു. വാതിലിന്നിടയിൽ കൂടെ ഒരു ഇടനാഴികയും, അഴി കമ്പക്കിളിയിൽ കൂടെ ഒരു മനുഷ്യരൂപവും പ്രത്യക്ഷമായി. ഇരുട്ടേറി യ ആ പുതിയ മുറിയിലേക്കു നായരുടെ ദീപത്തിന്റെ പ്രകാശം അ ല്പമേ കടന്നിരുന്നുള്ളൂ. മനുഷ്യരൂപം വളരെ ശോഷിച്ചും, മുഖം മു ഴുവനും കറുത്തു നീണ്ട രോമങ്ങൾകൊണ്ടു മൂടിയുമിരുന്നു. രൂപത്തെ കണ്ട ഉടനെ നായർ എഴുന്നേറ്റ് താണു വണങ്ങി. 'അങ്ങു വര ണം' എന്നു പുച്ഛരസത്തോടുകൂടി പറഞ്ഞു. 'മഹാപാപി, നിന്റെ ഈ പരിഹാസത്തിന് ഈശ്വരൻ പകരം ചോദിച്ചുകൊള്ളും' എന്ന് അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടു ആ രൂപം മുഖം തിരിച്ചു.

നായർ — മേൽപ്പറഞ്ഞ പണിക്കരെ! ദൈവനാമത്തിന്റെ തുമ്പി ലുള്ളകാരണമാണ് ഇങ്ങിനെയെല്ലാം തോന്നുന്നത്. ഇപ്പോൾ വ യസ്സെത്രയായി ഓർമ്മയുണ്ടോ?

പണിക്കർ മറുപടി ഒന്നും പറഞ്ഞില്ല.

നായർ — അകപ്പെട്ടു നിനക്ക് 25 വയസ്സായിരുന്നു അല്ലേ? അ തല്ല —

പണിക്കർ — ഞാൻ — ഞാനെ — രാക്ഷസനായ നിന്റെ പതി യിൽപ്പെടുന്ന കാലത്ത് എനിക്ക് 25 വയസ്സുതന്നെയായിരുന്നു. ദൈവം സാക്ഷി —

നാ — ദൈവത്തിന്റെ കാര്യം പിന്നെ പറയാം. ഇപ്പോൾ നി

എന്റെ അതിഥിയായിട്ട് 11 മാസമായില്ലേ? എന്നാൽ 26 തികഞ്ഞിരിക്കണം. ഇദ്ദേഹത്തിന് എനിക്കും വളരെയുണ്ടല്ലോ — (ഭൃത്യനോട്) എടോ! എന്നാണ് ഇവന് ഒടുവിൽ ഭക്ഷണം കൊടുത്തത്?

ഭൃത്യൻ — കഴിഞ്ഞ വെള്ളിയാഴ്ച.

നാ — ഇന്നു തിങ്കളല്ലേ. നാലു ദിവസമായി. കാറ്റു വിശപ്പും ധാരാളം ഉണ്ടാവും. കുറച്ചു പായസം കൊണ്ടുകൊടുക്കൂ!

എട്ടപ്പൻ ഒരു അഴികൂട്ടിനിടയിൽക്കൂടെ ഒരു കിണ്ണിയിൽ നിറയെ പായസം കൊണ്ടു കൊടുത്തു. നാലു ദിവസമായി ആഹാരം കൂടാതെ പട്ടിണി കിടന്നിരുന്ന ആ സാധു ആ പായസം മുഴുവനും അത്യാർത്തിയോടുകൂടി വാരി ഭക്ഷിച്ചു.

നായർ — ഇനിയത്തെ ഭക്ഷണം നാലു ദിവസത്തിനു ശേഷം മതി. അല്ലെങ്കിൽ ദേഹം മിനുത്തുപോകും. എട്ടപ്പാ, നീ നടന്നു പൊയ്ക്കോളൂ. എനിക്ക് പണിക്കരോട് ചില സ്വകാര്യവർത്തമാനം പറയാനുണ്ട്.

എട്ടപ്പൻ കല്പനയനുസരിച്ചു പുറത്തിറങ്ങിപ്പോയി.

നാ — പണിക്കരേ! ഞാനിന്നു സുശീലയെ കണ്ടു. അവളുടെ സൗന്ദര്യം ഒന്നുകൂടി അധികമായിട്ടുണ്ടെന്നു തോന്നി. എന്റെ ആഗ്രഹത്തെ ഇന്ന് അറിയിച്ചു.

പണി — എന്തൊക്കെയാവശ്യം പറയേണം. നീ ചന്തിരാമനെ തൈപ്പൂയത്തിന് അപേക്ഷിച്ചാലും ആ കുട്ടി നിന്റെ ഭാര്യയാവുന്നതല്ല.

നാ — തീർച്ചയുണ്ടോ? എന്നാൽ ഇന്ന് സുശീല സമ്മതിച്ചു.

പ — അതു ശുദ്ധ പൊളിയാണ്. ജീവൻ പോയാൽക്കൂടി സുശീല സമ്മതിക്കില്ലെന്ന് എനിക്കു പൂർണ്ണബോദ്ധ്യമുണ്ട്.

നാ — നിന്റെ ബോദ്ധ്യമല്ല കണക്ക്. സമ്മതം കിട്ടിക്കഴിഞ്ഞു. പക്ഷേ ഒരു കരാറിന്മേലാണ്.

പ — ആ കരാറെന്താണ്?

നാ — അതു വളരെ എളുപ്പത്തിൽ സാധിക്കാവുന്നതാണ്. പക്ഷേ സുശീല അതസാദ്ധ്യമെന്നു വെച്ചിട്ടുണ്ട്. 'ഞാൻ സുശീലയെ ത്യജിച്ചിരിക്കുന്നു' എന്നു നിന്റെ വായിൽനിന്നു വീഴുന്നതു കേട്ടാൽ സ

മതമാണെന്നാണ പറഞ്ഞത്. അതിനും വല്ല ബുദ്ധിമുട്ടുണ്ടോ?

പ— ഞാൻ ജീവനുള്ള കാലംവരെ ആ വാക്കുകൾ പറയില്ല. നിങ്ങൾക്ക എന്നെ ഈ നിലയിൽ തന്നെ മുക്കിമുട്ടിക്കാമായിരിക്കാം. ഞാനതു സഹിച്ചുകൊണ്ടേ വഴികയുള്ളൂ.

നാ— (കോപത്തോടെ) 'നീ ആ വാക്കുകൾ ഇന്നു മുതൽ മൂന്നു ദിവസത്തിനകം പറയുന്നതല്ലെങ്കിൽ നിന്റെ തല ഉത്തരം പറയുന്നതാണ്. നീ ആരോടാണ കളിക്കുന്നതെന്നറിയുന്നുണ്ടോ? പരമവിഡ്ഢി! നീ സുശീലയുമായി പരിചയമായ ദിവസം ആ കൂട്ടിന്റെ പണി തുടങ്ങി. അവളുമായി സ്നേഹം വർദ്ധിച്ചുവരുന്നതെന്നറിഞ്ഞപ്പോൾ കൂട് ഈ ഉദ്ദേശിക്കുകയെത്തി. അന്നു മുതൽ ഇരുപതു മാസം കഴിയുന്നതിനു മുമ്പു നീ എന്റെ അധീനത്തിലായി. നിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നു ലോകത്തിൽ എനിക്കും എന്റെ പുണ്യോദ്യോഗസ്ഥന്മാർക്കും മറ്റാർക്കും നിശ്ചയമില്ല. ഈ നിമിഷത്തിൽ തന്നെ നിന്റെ കഥ കഴിച്ചാൽ കൂടി എന്നോടു ചോദിപ്പാനാരുമില്ല. നിന്റെ പണ്ടത്തെ ധിക്കാരവും പുച്ഛവാക്കുകളും ഇപ്പോൾ എന്നോടു പറയില്ല. സൂക്ഷിച്ചു കളിച്ചാൽ മതി. നിന്നെക്കൊണ്ട് എന്റെ ഇഷ്ടപ്രകാരം നടത്താനുള്ള ശക്തി എന്റെ പക്കലുണ്ട്. നിന്റെ ഇപ്പോഴുള്ള മലിനവേഷത്തിൽ നിന്നെ സുശീല കാണുന്നതായാൽ പണ്ടുണ്ടായിരുന്ന സ്നേഹമുണ്ടാവുമെന്നു തോന്നുന്നുണ്ടോ? നിന്റെ നീണ്ട താടിയും മീശയും, മെലിഞ്ഞ ദേഹവും അവൾക്കൊന്നു കാട്ടിക്കൊടുത്തെങ്കിലോ. പണ്ടത്തെ പച്ചക്കാമദേവനാണെന്നു എന്നു തീർച്ചയാക്കിക്കൊള്ളട്ടെ'—എന്നു ഗർജ്ജിച്ചു നായർ ഒരു കണ്ണാടിയെടുത്തു കൊണ്ടുവന്നു പണിക്കരുടെ മുഖത്തു പിടിച്ചു 'നോക്കെടാ നായെ, നിന്റെ ഇന്നത്തെ വേഷം' എന്നു പറഞ്ഞു. തന്റെ ഛായ കണ്ണാടിയിൽ കണ്ടപ്പോൾ പണിക്കർ ഒന്നു പിൻമാറി. നായർ ഉടനെത്തന്നെ വാതിലടച്ചു താക്കോൽ മടിയിൽ വെച്ചു കിടന്നുറങ്ങുകയും ചെയ്തു.

II

സമനിരപ്പിൽനിന്ന് എണ്ണൂറടിയോളം ഉയരത്തിൽ പൊന്മു

നില്ക്കുന്ന 'പാതിരിക്കുന്നി'ന്റെ ഒത്ത മുകളിൽനിന്നു നോക്കിയാൽ നാലുപാടും കണ്ണെത്താവുന്ന പ്രദേശങ്ങൾ മുഴുവനും 'കാഞ്ഞിരവള്ളി' മൂപ്പിൽ വലിയനായരുടെ അധീനത്തിലാണ്. ധനംകൊണ്ടോ ജനസ്വാധീനംകൊണ്ടോ നായരോട് എതിരിട്ടുനില്ക്കുവാൻ അടുത്ത ദിക്കുകളിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. കഷ്ടിച്ച് 18 വയസ്സാകുന്നവരെ കുറച്ച് സംസ്കൃതം വായിച്ചതല്ലാതെ പറയത്തക്ക വിദ്യാഭ്യാസം ഈ മനുഷ്യനില്ല. ഇരുപത്തഞ്ചാം വയസ്സിൽ അനവധി സ്വത്തുള്ള തന്റെ തറവാട്ടിലെ കാരണവസ്ഥാനം കിട്ടിക്കഴിഞ്ഞു. കുടുംബത്തിലുള്ളവരുമായി നല്ല സ്വരച്ചേർച്ച പോരാത്തതുകൊണ്ടു താൻ സ്വന്തമായി അനവധി ചിലവിട്ട് കെട്ടിച്ച 'പാതിരിക്കുന്നി'ന്റെ മുകളിലുള്ള വലിയ ഒരു നാലുകെട്ട് മാളികയിലാണ് താമസം. മൂന്നു കാര്യസ്ഥന്മാരും, എട്ടുപത്തു ഭൃത്യന്മാരും, എണ്ണമറ്റ തൊഴിലാളികളും നായരുടെ കീഴിലുണ്ട്. മറ്റാരും അറിയുന്നതല്ല എങ്കിലും നായർ എത്ര വലിയ സാമൂഹ്യസേവകനാണെന്നു ഭാവിച്ചാലും അതു നിർവഹിക്കാനായിക്കൊണ്ടു നിറവേറ്റുവാൻ വേണ്ടുന്നതു പരിചാരകന്മാർ ആയാൾക്ക് എന്നും സ്വാധീനത്തിലുണ്ട്. അതാണ് പ്രകൃതം മാറ്റമില്ലാത്തതാണ്. മറ്റുള്ളവരുടെ സങ്കടം കാണുന്നതാണ് നായർക്കുള്ള വലിയ സന്തോഷം. 'വലിയനായർ' വരുന്നുവെന്ന് പറഞ്ഞിട്ടുണ്ടെന്നു കേട്ടാൽ ആ ദിക്കിലെ സ്ത്രീകളും, കുട്ടികളും വീട്ടിൽപ്പോയൊളിച്ചിരിക്കും. ഈ നായരെപ്പോലെ സ്ഥാനമാനങ്ങളും പദവിയുമുള്ള നാടുവാഴി നായന്മാർക്ക് അന്നു കേരളത്തിൽ എന്തു ശക്തിയും നടത്തുന്നതിനു കഴിയുമായിരുന്നു.

ഇക്കാലത്തു നായർക്ക് 40-വയസ്സിൽ കൂടുതൽ അധികമായിട്ടില്ല. സുശീലയെ കണ്ടുമുട്ടിയതിനു ശേഷം വിവാഹത്തിനുള്ള വിചാരം കടന്നുകഴിഞ്ഞു. അസാധാരണമായ സൗന്ദര്യത്തിനു പുറമെ സുശീലയ്ക്കു പിതൃസ്വത്തായി അനവധി സ്വത്തുക്കളുണ്ട്. ഇവരണ്ടും കാഞ്ഞിരവള്ളി മൂപ്പിൽ നായരെ വല്ലാതെ ആകർഷിച്ചു. സുശീലയുടെ അച്ഛൻ രണ്ടുകൊല്ലം മുമ്പു മരിച്ചുപോയിരുന്നു. താനും, അമ്മയും രണ്ടുമൂന്നു ഭൃത്യന്മാരും, മാത്രമേ വീട്ടിൽ ഉള്ളൂ. അച്ഛന്റെ സ്വത്തിൽ മിക്ക ഭാഗവും ആ പ്രദേശങ്ങളിലായിരുന്നതുകൊണ്ടാണ് അവർ ആ ദിക്കിൽ താമ

സമാക്കിയത്. വരന്നെത്തിയ ഉടനെത്തന്നെ നായർ അവരുമായി പരിചയമായി. ആറുമാസത്തിനുള്ളിൽ സുശീലയുടെ വീട്ടിൽ ഒരു നിത്യനായിക്കഴിഞ്ഞു. ഈ കാലത്താണ ശങ്കരപ്പണിക്കർ ആ നാട്ടിലെത്തിയത്. പണിക്കർ സുശീലയുടെ അച്ഛന്റെ താവഴിയിൽപ്പെട്ട ഒരു യുവാവായിരുന്നു. സംസ്കൃതത്തിൽ വളരെ പഠിപ്പിനു പുറമെ, പല ശാസ്ത്രങ്ങളിലും ഒരുപോലെ നൈപുണ്യവും, 'കളരി'പ്പയറ്റിൽകൊണ്ടു ദേഹത്തിന്ന് അതിതേജസ്സും, പണിക്കൎക്കു ധാരാളമായുണ്ടായിരുന്നു. പണിക്കരുടെ അപ്രതീക്ഷിതമായ ആഗമനം നായൎക്കു ഒട്ടുംതന്നെ രസിച്ചില്ല. സുശീലയുടെ അമ്മ പണിക്കരെ സ്വന്തപുത്രനെപ്പോലെ സ്നേഹിച്ചുവരുന്നതു കണ്ടുകണ്ടു നായൎക്കു മനസ്സിന്നു ചൂടുപിടിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ വരവിന്നുശേഷം സുശീലയ്ക്കു തന്നോടുള്ള പെരുമാറ്റത്തിന്നു വലിയ വ്യത്യാസം വന്നുവെന്നു തീൎച്ചപ്പെട്ടപ്പോൾ പണിക്കരെ കയ്യിൽപ്പെടുത്തുവാനുള്ള ഉപായങ്ങൾ മാത്രമായി കണ്ടുപിടിച്ചു. ഇക്കാലത്തു ഒരുദിവസം സന്ധ്യക്കു പണിക്കർ ഏതോ കാരണവശാൽ അവിടെനിന്നു മൂന്നു നാഴികയകലെയുള്ള ഒരു വീട്ടിലേക്കു പുറപ്പെട്ടു. ആ യാത്രയിൽനിന്നു മടങ്ങിവന്നില്ല. വഴിക്കുവെച്ചു നായരുടെ ഭൃത്യന്മാർ അദ്ദേഹത്തെ പിടികൂടുകയും, ബലാൽ പിടിച്ചുകെട്ടി മുമ്പു പ്രസ്താവിച്ച സ്വകാൎയ്യമുറിയിലുള്ള കുട്ടിനകത്തു കൊണ്ടിടുകയും ചെയ്തു. പണിക്കരുടെ വൎത്തമാനങ്ങൾ ഇന്നതാണെന്നാൎക്കും യാതൊരറിവുമില്ല. മറ്റുള്ളവരെപ്പോലെത്തന്നെ നായരും ഈ കാൎയ്യത്തിൽ വളരെ അത്ഭുതം നടിക്കുകയും, വേണ്ടുന്ന അന്വേഷണങ്ങൾ നടത്തുവാനുള്ള ഒരുക്കങ്ങൾ ചെയ്യുകയുമുണ്ടായി. പതിനൊന്നു മാസത്തോളം സുശീലയെ തന്റെ അഭിലാഷം ഒന്നുംതന്നെ അറിയിച്ചില്ല. അതിന്നുശേഷം ഒരു ദിവസം വെളിപ്പെട്ട കാൎയ്യം അറിയിച്ചപ്പോൾ 'ഞാൻ മനസ്സുകൊണ്ടു അദ്ദേഹത്തെ വരിച്ചുകഴിഞ്ഞിരിക്കുന്നു. അദ്ദേഹം മരിച്ചിട്ടില്ല എന്നാണ് എന്റെ ബോദ്ധ്യം. എന്നു അദ്ദേഹം മരിച്ചുവെന്നു പറയുന്നതു ഞാൻ കേൾക്കുന്നുവോ അതുവരെ എന്നോടുള്ള കാൎയ്യത്തെപ്പറ്റി യാതൊന്നും പറയരുതു' എന്നാണു മറുപടി പറഞ്ഞത്. ഇതാണു നായർ പ്രസ്താവിച്ച കഥ.

III

പണിക്കരുമായുണ്ടായ സംഭാഷണത്തിനു ശേഷം പിറേറന്നാൾ ഉച്ചയ്ക്കു നായർ സുശീലയുടെ വീട്ടിലെത്തി. ആ കുട്ടിയുടെ കാര്യത്തെപ്പററി സംസാരിപ്പാൻ വന്നതാണെന്നാണു നായർ നടിച്ചതു്. അപ്പോൾ —

സുശീല — 'അമ്മയ്ക്കു ദേഹത്തിനു നല്ല സുഖമില്ല. ഉറങ്ങുകയാണ്. ഞാൻ വിവരം അമ്മയോടു പറഞ്ഞുകൊള്ളാം' എന്നു മറുപടി പറഞ്ഞു.

നായർ — എന്നാൽ ഞാൻ പിന്നെ ഒരിക്കൽ വരാം. എന്താ കുഞ്ഞുകളി തുടങ്ങിയിരിക്കുന്നത്. ഇനിയും പണിക്കരെ മറക്കുവാനായിട്ടില്ലേ?

സു — അദ്ദേഹത്തെപ്പററി മറന്നുപോകാൻ ആലോചിപ്പാനാണു ഞാൻ തീർച്ചയാക്കീട്ടുള്ളത്.

നാ — അതു കുറെ സാഹസമല്ലേ? മരിച്ചുപോയ ആളെപ്പററി എത്ര കാലമാണു വിചാരിച്ചു മനസ്സു മുഷിപ്പിക്കുക.

സു — മരിച്ചുവെന്നു് എനിക്കു ഇനിയും ബോദ്ധ്യംവന്നിട്ടില്ല.

നാ — എന്നാൽ ആ ബോദ്ധ്യം ശരിയാണ്. പണിക്കർ മരിച്ചിട്ടില്ല. പക്ഷെ —

ഇത്രയും പറഞ്ഞതിന്നുപ്പോഴേക്കും ആ സാധ്വിയുവതി തേൾ കടിച്ചപോലെ ഒന്നു ഞെട്ടി. 'മരിച്ചിട്ടില്ലേ? എന്താണു തീർച്ച? എവിടെയാണ്? കണ്ടുവോ?' എന്നു തുടങ്ങി നൂറു ചോദ്യം തുടരെ തുടരെ ചോദിച്ചു.

നായർ — ഇത്രയധികം ചോദ്യങ്ങൾക്കു എങ്ങിനെയാണു മറുപടി പറയേണ്ടത്. പണിക്കർ മരിച്ചിട്ടില്ല. വേണമെങ്കിൽ കാണുകയും ചെയ്യാം. പക്ഷേ അതിന്നുമുമ്പ് എന്റെ അപേക്ഷയെപ്പററി തീർച്ചമറുപടി പറയണം.

സു — എന്തിനാണു് എന്നെ ഇങ്ങിനെ വ്യസനിപ്പിക്കുന്നതു്? ഇക്കാര്യമൊഴികെ മറെറന്തുതന്നെയായാലും ഞാൻ സമ്മതിക്കാം. അദ്ദേഹം സ്വന്തമനസ്സാലെ എന്നെ കൈവെടിഞ്ഞല്ലാ

ന്നു ഞാൻ വിവാഹകാൎയ്യത്തെപ്പററി ആലോചിക്കുകൂടി ചെയ്യുന്നതല്ല.

നാ — ആട്ടെ. പണിക്കർ ന്യായീകരിച്ചാൽ വിരോധമില്ലല്ലോ. അത് എളുപ്പത്തിൽ കഴിയുന്നതാണ്. അയാൾ എന്റെ അറിവിൽപ്പെട്ട ഒരു സഹായമുണ്ട്. വേണമെങ്കിൽ ഇന്നുരാത്രിതന്നെ കാണാം.

സു — രാത്രി എന്തിനായാണ് അങ്ങ പുറമെ വരുന്നത്?

നാ — അങ്ങ വരേണമെന്നില്ല. സുശീല കുന്നിൻചെരിവിൽ നാലുകെട്ടിൽ വന്നാൽ മതി. ഞാൻ എത്തപ്പെടാം [illegible]. അയാൾ [illegible] സമ്മതിക്കില്ല. ഇന്നു വരാത്തപക്ഷം പിന്നെ കാൎയ്യം സാധിക്കുമോ എന്ന സംശയമാണ്.

സു — രാത്രിസമയത്തു തനിയെ നാലുകെട്ടിലേയ്ക്കു വരുന്നതു തീരെ അസാദ്ധ്യമായ ഒരു കാൎയ്യമാണ്.

നാ — എന്നാൽ വേണ്ട. ഞാൻ നിൎബന്ധിക്കുന്നില്ല. എന്റെ സുഖത്തിനല്ലല്ലോ.

സു — ഈ പറഞ്ഞതെല്ലാം സത്യമാണെന്ന് എന്തിനെയാണു ഞാൻ വിശ്വസിക്കേണ്ടത്? ഒരു സംശയം ഇങ്ങിനെ വരും കൂടി —

നാ — ഈ അടയാളംകൊണ്ടു തീൎച്ചപ്പെടുത്താമല്ലോ? എന്നു ചോദിച്ചു പണിക്കരുടെ മേത്തിരിപ്പിൽ കിടന്നിരുന്ന ഒരു [illegible]തിരം എടുത്തു കാണിച്ചുകൊടുത്തു.

സു — ആട്ടെ. ഞാൻ വരാം. ദൈവം സൎവ്വശക്തനാണല്ലോ.

നായർ യാത്രപറഞ്ഞു പോയി.

IV

അന്നു സന്ധ്യമയങ്ങിയശേഷം നായർ കൂട്ടിലിട്ട സിംഹക്കുട്ടിയെപ്പോലെ മാളികമുകളിൽ അങ്ങുമിങ്ങും നടന്നുതുടങ്ങി. ഓരോ നിമിഷവും ഒരു [illegible] യുഗംപോലെ തോന്നി. കുറെനേരം [illegible] കഴിച്ചുകൂട്ടിയതിനുശേഷം തന്റെ ശയനമുറിയിൽ പോയി ഉല്ലാസത്തിൽ ഇരുന്നു. 'പണിക്കരേ! ഒരു നാഴികയ്ക്കുള്ളിൽ സുശീലയെക്കാണാം.' എന്നു പറഞ്ഞു.

പണിക്കർ — നിന്റെ ഈ നാഴികയ്ക്കുള്ളിൽ സുശീല വരില്ല എന്ന് എനിക്കറിഞ്ഞുകൂടേ?

നാ— എന്നാൽ കാണാം. സുശീലയുടെ മുമ്പിൽവെച്ചു 'ഞാൻ സുശീലയെ മനസ്സുകൊണ്ടു ത്യജിച്ചിരിക്കുന്നു' എന്നു പറയുവാൻ മറക്കരുത്.

പ— മനസ്സിലല്ലല്ലൊ?

നാ— മനസ്സിലല്ലേ? അങ്ങിനെ പറ്റില്ല. ശിവപാൎവ്വതം ഈ കുട്ടിൽ ഇരുന്നു താമസവും, ആറ്റിൽ ഭോജനവും കൊണ്ടു തൃപ്തിപ്പെടുമെങ്കിൽ പറയേണമെന്നില്ല. നീ ഞാൻ പറഞ്ഞപ്രകാരം ചെയ്യാത്തപക്ഷം നിന്നെ ഞാൻ എന്തെല്ലാംവിധത്തിൽ ദ്രോഹിക്കുമെന്നു പറയുവാൻ വയ്യ. നീ എന്തിനാണ് ഈ വിധം കപടസന്യാസിവേഷം കെട്ടുന്നത്. നിന്നെ എന്റെ ഭൃത്യന്മാർ പിടികൂടിയ സമയത്തു നീ ഒരു നീചപ്പെണ്ണുമായി ശൃംഗാരിച്ചുകൊണ്ടിരിക്കുകയായിരുന്നില്ലേ? ആ പെണ്ണിന്റെ അപ്പൻ എന്റെ ഭൃത്യന്മാരിൽ ഒരുത്തനാണ്. ഇത്ര ചപലനായ നീ എന്തിനാണ് ആ കുട്ടിയെ ഇങ്ങിനെ വ്യസനിപ്പിക്കുന്നത്?

പ— ശിവ! ശിവ!! ഈ മഹാപാപങ്ങൾക്കു പുറമെ ഈപ്രകാരമുള്ള പൊളിയും വേണമോ? ഏതു പെണ്ണുമായിട്ടായിരുന്നു ഞാൻ സംസാരിച്ചിരുന്നത്. ഈ കഥ തീരെ പൊളിയാണെന്നു് അന്വേഷിച്ചാലറിയാവുന്നതാണല്ലോ.

നാ— അന്വേഷിച്ചാൽ അതു ശരിയാണെന്നറിയാം. എന്റെ ശാസനപ്രകാരം ചെയ്വാൻ സന്നദ്ധനായി വഴിക്കെപ്പെട്ടതാണെന്നു മറന്നുപോയോ. ഇങ്ങിനെ ഒരു സംഭവം നടന്നുവെന്നു ഞാൻ ആളുകളെക്കൊണ്ടു പറയിപ്പിച്ചു സുശീലക്കു ബോദ്ധ്യമാക്കിക്കൊടുക്കാം. എന്തിനിനി വെറുതെ എന്നോടെതിൎക്കുവാൻ വരുന്നത്. ഇന്നു രാത്രി ഞാൻ പറഞ്ഞപ്രകാരം ചെയ്താൽ നാളെ രാവിലെ സ്വാതന്ത്ര്യം കിട്ടും. ഇല്ലാത്തപക്ഷം ഈ നിലയിലും കഷ്ടമായി ജീവിതം കഴിക്കേണ്ടിവരും. ദിവ്യകടം മനം കാട്ടേണ്ട'— എന്നു ക്രോധത്തോടെ പറഞ്ഞു നായർ വാതിലടച്ചുപോയി.

ഒരു നാഴികയ്ക്കുള്ളിൽ ഏതെപ്പുറം സുശീലയും വന്നെത്തി. 'ബഹു ധൈൎയ്യം. ഇങ്ങോട്ടു വരുമെന്നു ഞാൻ കരുതിയിരുന്നില്ല. ഇരിക്കൂ. എടാ! കുമാരൻ കൊണ്ടുവാ' എന്നു പറഞ്ഞു നായർ ഒരു വി

മെല്ലി പുൽപായ എടുത്തിട്ടു. 'എനിക്ക് ഇരിക്കേണ്ട. മുഷിക്കാറാവും ഉണ്ട്. ഞാൻ വന്ന കാൎയ്യം സാധിച്ചാൽ മതി' എന്നു സുശീല പറഞ്ഞു.

നാ— എന്താണ് ഇത്ര ധൃതി. ഞാൻ ചതിയനൊന്നുമല്ല. പണിക്കർ ഈ വീട്ടിനകത്തുണ്ട്. ഉടനെ കാണാം. അതിനുമുമ്പു എനിക്കു ഒരുവാക്കു പറയാനുണ്ട്. ഈ 11 മാസമായി ശങ്കപ്പണിക്കർ എന്റെ തടവുകാരനാണ്. ഈ പ്രവൃത്തി കുറെ സാഹസമാണെന്നു തോന്നുമായിരിക്കാം. പക്ഷെ അതിന്റെ സത്യാവസ്ഥ അറിഞ്ഞാൽ ആ വിചാരം മാറും. സുശീലയുമായി വലിയ സ്നേഹമാണെന്നു നിങ്ങളെയെല്ലാവരെയും തെറ്റിദ്ധരിപ്പിക്കുകയായിരുന്നു അയാൾ. അയാളു കാണാതെയായ ദിവസം എന്റെ മുറ്റത്തിൽ ഒരുവന്റെ മകളുമായി അവൻ സൈരസല്ലാപം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് അവനെ ഞാൻ കണ്ടെത്തിയത്. ഇത്ര വകനായ ഒരു ചെക്കൻ സുശീലയുടെ ഭൎത്താവായാൽ എത്രയോ സുഖമനുഭവിച്ചിരിക്കേണ്ട സുശീലയുടെ ജന്മം തീരെ വ്യസനകരമാവുമെന്ന ബോദ്ധ്യം എനിക്ക് നല്ലവണ്ണമുണ്ടായി. അതുകൊണ്ടാണ് അവനെ ഞാൻ ബന്ധവസ്സിൽ വെച്ചത്. കാൎയ്യം വെളിപ്പെട്ടതാവും വിചാരമെ പറഞ്ഞുകൂടുകയെന്നു വിചാരിച്ചാണ് ഇതുവരെ ഞാൻ ഈ വിവരം പറയാഞ്ഞത്. ഈ കാര്യം അവന്തന്നെ സമ്മതിക്കും'— എന്നുപറഞ്ഞു നായർ മടിയിൽനിന്നു താക്കോലെടുത്തു സ്വകാൎയ്യമുറി തുറന്നു. പണിക്കർ അഴികൾക്കു പിന്നിൽ വന്നുനിന്നു.

സുശീല— ഇതാരാണ്?

നായർ— ഇതാണു പണ്ടത്തെ ശങ്കപ്പണിക്കർ.

സു— ഇതദ്ദേഹമല്ല. ഇതിനെന്താ ഒരു ചതിയുണ്ട്.

പണിക്കർ— അതെ സുശീലേ! ഞാൻതന്നെയാണ് ആ മഹാപാപി.

സു— അയ്യോ കഷ്ടം! ഈ നിലയിലാക്കിയതു നിങ്ങളല്ലേ. എന്തു കഠിനകൃത്യമാണ്!

നായർ— സുശീലയുടെ ഗുണത്തിനു വേണ്ടിയല്ലേ. കാര്യം അവൻ സമ്മതിക്കും.

പണി— ഞാൻ യാതൊരു കാൎയ്യവും ചെയ്തിട്ടില്ല. സുശീലേ! ആ ദുഷ്ടൻ പറഞ്ഞിരിക്കാവുന്ന കഥകളെല്ലാം അസത്യമാണ്. അവൻ എന്നെ ഭീഷണിപ്പെടുത്തിയതാണ്. അതു വിശ്വസിക്കരുതേ!

സു— ഇദ്ദേഹത്തെ ഈ നിമിഷത്തിൽ പുറത്തു വിടണം. ഇല്ലെങ്കിൽ ഈ വിവരം ഞാൻ നാടെല്ലാം പരത്തും. ഞാൻ അദ്ദേഹത്തെ ഇവിടെക്കണ്ടുവെന്ന് എല്ലാവരോടും പറയും.

നായർ— (ചിരിച്ചുകൊണ്ടു)— രാത്രിസമയത്തു തന്നെ ഇവിടെ വന്നപ്പോൾ ഇവനെക്കണ്ടു എന്നല്ലേ പറയേണ്ടത്! ഓ. പറയാം. വിരോധമില്ല. അങ്ങിനെ ധൈൎയ്യം പ്രവൎത്തിക്കുന്നതിനു മുമ്പ് എനിക്കു കുറച്ചുകൂടി പറയുവാനുണ്ട്. സുശീല എന്തുതന്നെ പറഞ്ഞാലും എനിക്കു വിരോധമില്ല. പണിക്കരെ വിട്ടയക്കണമെങ്കിൽ ഞാൻ സുശീലയുടെ ഭൎത്താവായിക്കഴിയണം. അതിനു മുമ്പിൽ എത്ര പ്രയത്നിച്ചാലും പണിക്കർ പുറത്തു വരില്ല. ഞാൻ ഈ കാൎയ്യം പ്രവൎത്തിച്ചതുകൊണ്ടുണ്ടാവാനുള്ള എല്ലാ ഭവിഷ്യത്തുകളും ഞാൻ സഹിച്ചുകൊള്ളാം. പത്തുമിനിട്ടു സമയം തരാം. അതിലിടയ്ക്കു നിങ്ങൾ വേണ്ടതുതീൎച്ചയാക്കിക്കൊള്ളുവിൻ. ഒരുകൊല്ലമായി ഞാൻ അനുഭവിക്കുന്ന സങ്കടത്തിനു ഇന്നു യാതൊരു ശമനവും കിട്ടാത്തപക്ഷം പണിക്കരുടെ ശിരസ്സും, ദേഹവും നാളെ പ്രഭാതത്തിനു മുമ്പു വേർപെടുന്നതാണ്. നല്ലവണ്ണം ആലോചിച്ചു തീൎച്ചയാക്കാം— എന്നു ഗൌരവത്തിൽ പറഞ്ഞു നായർ പുറത്തു പോയി. അല്പസമയത്തിനാണെങ്കിലും ആ മനുഷ്യൻ പോയപ്പോൾ ഇരുവൎക്കും വലിയ സമാധാനമായി. എന്താണു വേണ്ടതെന്നറിയാതെ ഇരുവരും കുറച്ചുനേരം മുഖാമുഖം നോക്കി നിന്നു. ഒടുവിൽ—

സുശീല— ഈ അഴികളുടെ വാതിൽ തുറപ്പാൻ വല്ല വിദ്യയുമുണ്ടോ?

പ— തീരെയില്ല, താക്കോൽ ആ പാപിയുടെ മടിയിലാണ്. ആ കാൎയ്യത്തെപ്പറ്റി ആലോചിച്ചിട്ടു ഫലമില്ല. ഈ രാത്രിസമയത്തു തനിയെ ഇങ്ങോട്ടുവന്നതെന്തിനാണ്? ഇതിനെങ്ങിനെ ധൈൎയ്യം വന്നു. ആ ദുഷ്ടൻ എന്തുതന്നെ പ്രവൎത്തിപ്പാനും മടിയില്ലല്ലോ.

സു—ഈ കുപ്പിയിലെന്താണെന്നു നോക്കുക. എന്റെ മാനം രക്ഷിപ്പാൻ അതു മതി. ഇതു നിറച്ചും പാഷാണമാണ്. ഞാൻ ഇതു കരുതിവെച്ചതാണ്.

പ—എന്താ അമ്മേ! പാഷാണമോ? അത് ആ കിണ്ടിയിൽ കഴിക്കണം—അവൻ ഇപ്പോൾ എത്തും. അവനോട് എന്നെ പുറമെ വിട്ടാൽ വിവാഹം ചെയ്യാമെന്നു പറയൂ. ശേഷമെല്ലാം ഞാൻ ആവാം.

സുശീല പണിക്കർ കാണിച്ചുകൊടുത്ത കിണ്ടിയിൽ തന്റെ കൈവശമുണ്ടായിരുന്ന പാഷാണം കഴിച്ചു. ഉടനെതന്നെ നായർ മടങ്ങി എത്തി.

നാ—എന്താണ തീർച്ചയാക്കിയത്?

പ—എന്നെ പുറത്തേക്ക വിട്ടെന്നു തീർച്ച പറയുന്നപക്ഷം ഞാൻ നിങ്ങൾ പറഞ്ഞപോലെ ചെയ്യാം. എനിക്ക കുറച്ചു വെള്ളം കുടിക്കാൻ തരണം. ഇല്ലെങ്കിൽ ഞാൻ ഇപ്പോൾ മരിക്കും.

നായർ ആ കിണ്ടി എടുത്തു കൊണ്ടുവന്നു പണിക്കർക്ക നീട്ടി കാണിച്ചു.

പ—ആ കിണ്ടിയിലല്ലെ നിങ്ങൾ നോക്കാതെ എന്തോ കഴിച്ചത്? അതു വല്ല വിഷവുമല്ലെന്ന് എങ്ങിനെയാണ തീർച്ചപ്പെടുത്തേണ്ടത്. എന്റെ സമ്മതം വാങ്ങി കഴിവിൽ എന്നെ കൊല്ലുവാനാണെന്നോ മോഹം? എനിക്ക ആ വെള്ളം വേണ്ട.

നായർ—പണിക്കർക്ക തലക്കുത്തും കയറിയോ? ഈ വെള്ളത്തിൽ യാതൊന്നും വിഷവുമൊന്നുമില്ല. എനിക്ക കുടിപ്പാൻ ഏമച്ചൻ കൊണ്ടുവെച്ചതാണ്.

സു—അങ്ങനെ കുറെ അല്പം കുടിച്ചു കാണിക്കുക. എന്നാൽ വെറുതെയുള്ള സംശയം തീരും.

നാ—എന്നാൽ സുശീല പറയുംപോലെതന്നെ—എന്നുപറഞ്ഞു കുറെ വെള്ളം കുടിച്ചു. "ശിവ—ചുക്കുവെള്ളത്തിൽ കരിങ്ങാലി കുറെ അധികം ചേർത്തു." എന്നു കുട്ടിപ്പട്ടരെ ശപിച്ചു കിണ്ടി പണിക്കർക്ക കൊടുത്തു. പണിക്കർ അതു വാങ്ങി കുടിക്കുന്ന മാതിരി നടിച്ചു.

നാ—എന്താ സുശീലയുടെ തീർച്ച?

സ്ഥ— ത്യം ബാദ്ധ്യതയെ പുറത്തു വിട്ടു.

ഇതു തിട്ടപ്പെടുത്തിയതിനു ശേഷം നായർ ക്രമേണ അസ്വാസ്ഥ്യം വഹിച്ചുവന്നു. ഒടുവിൽ വയററിൽ വേദന സഹിക്കവയ്യ എന്നു പറഞ്ഞു കിടക്കയിൽ പോയി കമിഴ്ന്നു കാല്മണിനേരം നിശ്ശബ്ദമായി കിടന്നു. പണിക്കർ അല്പം കഴിഞ്ഞശേഷം വിളിച്ചുനോക്കി. 'അയ്യോ വയററിൽ വലിയവേദന, തലചുററുന്നു' എന്നു പുലമ്പി ആ തടിയൻ കിടക്കയിൽ കിടന്നുരുളുവാൻ തുടങ്ങി. അതിലിടയ്ക്കു താക്കോൽ താഴത്തു വീണു. സുശീല അതെടുത്തു പണിക്കരുടെ കയ്യിൽ കൊടുത്തു. അരമിനിട്ടുനേരം ഇരുട്ടത്തു തപ്പിപ്പിടിച്ചു പണിക്കർ വാതിൽ തുറന്നു പുറത്തു കടന്നപ്പോഴും 11 മാസമായി നടക്കാത്തതുകൊണ്ടു കാല്മണിനേരം അങ്ങോട്ടുമിങ്ങോട്ടും ആടി. ഒടുവിൽ നായരെ പിടിച്ചുവലിച്ചു കൂട്ടിലാക്കി. 'എന്റച്ഛാ' എന്നുച്ചത്തിൽ വിളിച്ചു. ഉടനെ ഇന്ദിരയൊരു സേവകനെ എത്തി. നീയും യജമാനന്റെ കൂടെ പോ എന്നു പറഞ്ഞു അവനേയും കൂട്ടിനകത്തേക്ക തള്ളി. '11 മാസമായി ആഹാരംവെച്ചു ഏകം നിങ്ങൾ എന്തൊക്കെ അനുഭവിച്ചുകൊള്ളുവിൻ' എന്നു പറഞ്ഞു പണിക്കർ വാതിലടച്ചു ഇന്ദിരയോടും സുശീലയോടു കൂടി പോയി. ഒരു കൊല്ലം മുഴുവനും മുറയിട്ടാൽ കൂടി അവർക്ക് സഹായം കിട്ടില്ല എന്നായിരുന്നു പണിക്കരുടെ ശാപവാക്ക്.

കഴിഞ്ഞ കൊല്ലം വൃശ്ചികമാസത്തിൽ പാതിരിക്കുന്നു ബങ്കളാവു പൊളിച്ചു പണിയിക്കുമ്പോഴും കണ്ട രണ്ടു അസ്ഥികൂടങ്ങളും ആരുടെയാണെന്ന് ഇപ്പോഴും തീർച്ചപ്പെട്ടുവല്ലോ.

എ. പി.

ഒരെഴുത്ത്

പരേതനായ പി. സി. ബാലകൃഷ്ണപ്പണിക്കർ 'മലയാളി' പത്രാധിപരായിരുന്ന കാലത്ത് (മി. പ്രാസവാദകാലത്ത്) എന്റെ

കാരണവശാൽ, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു വാങ്ങിയിരുന്ന പത്രം മടക്കി അയയ്ക്കുവാനായി. അന്നു കുഞ്ഞിക്കുട്ടൻ തിരുമനസ്സിലേക്ക് ശ്ലോകത്തിൽ ഒരെഴുത്തയച്ചത് താഴെ ചേർക്കുന്നു:—

ഇന്നാണല്ലോ പണമെഴുതിയതിങ്കലുള്ളവരിൽ സ്വാധ്യായായകക്കഷ്ടം,
പിന്നീടുള്ളോരു പകരമെപ്പുറം വരുപൊരുന്നതങ്ങുള്ളിൽപ്പൂരിപ്പാനും,
ഒരു വർഷം ഭാഷായാക്കിത്തുടപ്പോരിപ്പത്രകൾവുള്ളതെന്നാണത്തിലായി-
വാർദ്ധക്യം കൊണ്ടുവരുന്നിൽപ്പിലതിന്മചിലരവകാശമാകാതെയായേ.

ഒരു സഹൃദയൻ.

—:o:—

സാഹിത്യശകലങ്ങൾ.

ഭാഷയിൽ കർമ്മണിപ്രയോഗം കൃത്രിമമാണെന്നു പരേതനായ പ്രൊഫസർ രാജരാജവർമ്മ തമ്പുരാനവർകൾ അഭിപ്രായപ്പെട്ടിട്ടുണ്ടല്ലോ. എന്നാൽ ശ്രീമാൻ ഉള്ളൂർ പരമേശ്വരയ്യരവർകൾ ഇതിനോടു യോജിക്കുന്നില്ല. "ഭാഷാകവിതയിൽ പണ്ടു കർമ്മണിപ്രയോഗമേ നടപ്പില്ലായിരുന്നു എന്നു പറയുന്നതു ശരിയല്ല" എന്നും, "കൊടിയനിശാചരനാലേയകമിൽ കൊല്ലപ്പെട്ട ജടായുവിനൊപ്പം" എന്നു കണ്ണശ്ശപ്പണിക്കർ പാടീട്ടുണ്ടെന്നും ആണ് അയ്യരവർകൾ പറയുന്നത്.

* * * * *

കേരളീയപണ്ഡിതന്മാരുടെ കൃതിയായി അനേകം ഗ്രന്ഥങ്ങൾ ഇന്നും കണ്ടുകിട്ടാതെ ഓരോ ഗ്രന്ഥപ്പുരകളിൽ കിടപ്പുണ്ടെന്ന് അടുത്ത കാലത്തെ പരിശോധനകൾ തെളിയിച്ചിട്ടുണ്ട്. ഇവയിൽ ഒരു വലിയ പങ്കു സാഹിത്യഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളാണ്. നാരായണഭട്ടന്റെ വക കുമാരസംഭവത്തിനും മറ്റുമുള്ള വിവരണവ്യാഖ്യാനവും, പൂർണ്ണസരസ്വതി എന്ന പ്രസിദ്ധനായ ഒരാളുണ്ടാക്കിയ

* അന്തർജ്ജനത്തിലെ കുട്ടിക്കാവ് എന്നും സന്ദർഭത്തിലല്ല (സന്ദർഭത്തിലല്ല) എന്നും കാണുന്നു.

വിദ്യുല്ലത (മേഘസന്ദേശവ്യാഖ്യാനം) യും ഇപ്പോൾ പ്രസിദ്ധമാണല്ലോ. ഉത്തരരാമചരിതനാടകത്തിന് ഉത്തമമായ ഒരു വ്യാഖ്യാനം ഇന്നും അച്ചടിക്കാതെ കിടപ്പുണ്ട്. ഇത്, ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ കല്പനപ്രകാരം നാരായണഭട്ടൻ എന്ന ഒരു പണ്ഡിതൻ ഉണ്ടാക്കിയതാണെന്നു കാണുന്നു. 'ഭവഭൂതിഭാരതി'യുടെ രസം മുഴുവൻ അനുഭവിക്കണമെങ്കിൽ ഈ വ്യാഖ്യാനം വായിക്കേണ്ടതാണ്. ശുദ്ധമായ പാഠമനുസരിച്ചിട്ടുള്ള ഈ വ്യാഖ്യാനം കേരളീയർക്ക് അഭിമാനജനകമായ ഒരു ഗ്രന്ഥമാണ്.

* * * *

ഇക്കാലത്തു സംസ്കൃതഭാഷയ്ക്കു സർവ്വസാധാരണമായി ഉപയോഗിച്ചുവരുന്നതും അധികം പ്രചാരത്തിലിരിക്കുന്നതും ആയ നാഗരാക്ഷരത്തെപ്പറ്റി ഒരു പണ്ഡിതൻ ഇങ്ങിനെ പറയുന്നു:—"സംസ്കൃതം എഴുതുന്നതിനു തെക്കെ ഇന്ത്യയിൽ സർവ്വരും ഉപയോഗിക്കുന്നതായ ഒരു ലിപി ഇല്ലെന്നു തീർച്ചയാണ്. വടക്കെ ഇന്ത്യയിൽ "ഹിന്ദുസ്ഥാനി" ഒഴികെ എല്ലാ ഭാഷകളും, സംസ്കൃതഭാഷയും എഴുതുവാൻ നാഗരമോ അതിന്റെ രൂപാന്തരമായ അക്ഷരമോ ആണു സർവ്വസാധാരണമായി സ്വീകരിച്ചുവരുന്നത്. ഹിന്ദി, മറാത്തി മുതലായ ഭാഷകളിൽ നാഗരലിപിയെ രൂപഭേദം കൂടാതെതന്നെ ഉപയോഗിക്കുന്നു. ഗുജറാത്തികൾ നാഗരാക്ഷരത്തിന് ഒരു ശിരോരേഖ കൊടുത്ത് അതിനെ സ്വന്തമാണെന്നഭിമാനിച്ചുവരുന്നു. ബങ്കാളി അക്ഷരവും ചിലടിക്കിൽ തടിച്ചും, ചിലേടത്തു ചടച്ചും, വളഞ്ഞും വളയാതെയും വിലക്ഷണമായി കാഴ്ചയിൽത്തന്നെ നാഗരലിപിയുടെ രൂപാന്തരമായിട്ടാണിരിക്കുന്നത്. ഉൽകലലിപിയും നാഗരത്തിൽത്തന്നെ ഒരു വേഷഭേദമാണ്. ഇതിനെ വടക്കെ ഇന്ത്യയിൽ എല്ലാടവും വ്യാപിച്ചിട്ടുള്ള ഈ അക്ഷരത്തിനു തെക്കെ ഇന്ത്യയിലും നല്ല പ്രചാരമുണ്ട്. ദക്ഷിണദേശക്കാർ സ്വന്തം അക്ഷരമാലയെ മറന്ന് ഈ വടക്കൻ ലിപിയെ മാതൃലിപിയുടെ നിലയിൽ പൂജിച്ചു തങ്ങളുടെ ദാക്ഷിണ്യം കാണിക്കുന്നു. ആര്യന്മാർ വടക്കെ ഇന്ത്യയിൽനിന്നു തെക്കെ ഖണ്ഡത്തിലേയ്ക്കു വന്നപ്പോൾ പരിചയാധിക്യം നിമിത്തം ഈ അക്ഷരത്തെ ഇങ്ങോട്ടു കൊണ്ടുവന്നതാണെ

ന്നു ചരിത്രജ്ഞന്മാർ പറയുന്നു. എന്തായിരുന്നാലും, ഈ നാഗ
രലിപിയാണു പണ്ടു സംസ്കൃതഭാഷയ്ക്കു ഉപയോഗിച്ചിരുന്നത്. അതി
നാലാണു സംസ്കൃതത്തെ 'ദേവഭാഷ' എന്നു പറയുന്നതുപോലെ ലി
പിയെ ദേവനാഗരം എന്നുകൂടി പറയുന്നത്. 'സംസ്കൃതം' എന്ന
ശബ്ദം ആ ഭാഷയുടെ സംസ്കാരത്തെ കാണിക്കുന്നതുപോലെ 'നാഗ
രം' എന്ന ശബ്ദം ആ അക്ഷരത്തിന്റെയും പരിഷ്കാരത്തെ തെളിയി
ക്കുന്നു. എന്തിനധികം പറയുന്നു? സൎക്കാരിൽനിന്നുകൂടി അംഗീക
രിച്ചിട്ടുള്ള ഈ അക്ഷരം എല്ലാ ദിക്കിലും ഇപ്പോൾ പ്രചാരത്തിലി
രിക്കുന്നു. അതുകൊണ്ടുതന്നെയാണ്, ഇന്ത്യയിൽ പരക്കെ ഒരേ ലി
പിയെത്തന്നെ ഉപയോഗിക്കണമെന്നു വാദിക്കുന്ന സംഘക്കാർ കൂടി നാ
ഗരാക്ഷരത്തെ പ്രചാരപ്പെടുത്തുവാൻ ശ്രമിച്ചുവരുന്നത്.'

ഞങ്ങളുടെ വായനശാല.

കാകൻ. "ഒരു മാസ്യത്തും ഒരാളും കവിക്കലും കാണാത്ത അന
യാസേനത്തെപ്പറ്റി ഒരു വരക്കെങ്കിലും ഇപ്പോഴത്തെ കവിത മലയാളഭാഷ
യിൽ ഉണ്ടെന്നു തോന്നുന്നില്ല." "സൎവ്വസാധാരണയായി സൎവ്വദി
ക്കിലും കാണുന്ന കാകനെപ്പറ്റി" അത്ര അധികം പറയുന്നുമില്ല.
ഇതിനെ നമ്മുടെ കവികളുടെ പിന്നെയുള്ള അബദ്ധം കണ്ടുപിടിച്ച്,
കാകന്റെ സ്വഭാവത്തിലുള്ള ഗുണദോഷങ്ങളെ ഫലിതമയമായി
വൎണ്ണിച്ചുകൊണ്ട്, മിസ്റ്റർ മൂൎക്കോത്തു കുമാരൻ ഒരു ചെറുപുസ്തകം എ
ഴുതിയിരിക്കുന്നതിൽ സഹൃദയന്മാൎക്കു പരക്കെ സന്തോഷമുണ്ടാകാതി
രിക്കയില്ല. പോരെങ്കിൽ "നമ്മുടെ വായസിയമസ്സ്" ഇത് ഒന്നാ
ന്തരമായ ഒരു കീൎത്തിയുണ്ടായി.

കാകനു കൊടുത്തിട്ടുള്ള 'പ്രശംസാപത്രം' വളരെ നന്നായിട്ടു
ണ്ട്. കവികളെ കാകനെ കളിയാക്കിപ്പറഞ്ഞിട്ടുള്ളതു വലിയ കുറ്റ
മായിരിക്കുന്നു. "സ്ത്രീകൾക്കശിക്ഷിതപടുത്വം" എന്നു സാക്ഷാൽ കാ
ളിദാസർ പറഞ്ഞത് ഇരിക്കട്ടെ. അതിൽ പരമാൎത്ഥമല്ലാതെ ഒ
ന്നും ഇല്ലല്ലോ. ആ സരസകവിയായ ശ്രീഹൎഷൻ കളിച്ചുകൂട്ടി കാ.

കുന്ന കള്ളിയാക്കിട്ടുണ്ട്. കാക്കയും കുയിലും കൂടി വ്യാകരണം പഠിക്കുവാൻ തുടങ്ങി പോലും! "ഇദ്യോസ്മൃതേഷ്..." എന്ന സൂത്രം ഇരുവരും പഠിച്ചു. പുലർകാലെ ഉണർന്നുവിടുവാൻ തുടങ്ങുമ്പോഴാണ് 'താതങ്ങ്'ന്റെ സ്ഥാനികളെ കാക്ക മറന്നുപോയിരിക്കുന്നു. കാക്ക കുയിലിനോട് ചോദിച്ചു. അതാണ് 'കാ,കാ' എന്നതിന്റെ അർത്ഥം. എന്നിട്ട് കുയിൽ പറഞ്ഞുകൊടുക്കയാണത്രെ "തുഹി, തുഹി" എന്ന്. കവിക്കു കുയിലിനെ കുറെ അധികം ഇഷ്ടമാണെങ്കിൽ അങ്ങനെയാകട്ടെ. ഇത്ര ഓർമ്മയില്ലാത്ത ഒരു ജീവിയാണ് കാകൻ എന്ന് ആരും വിശ്വസിക്കയില്ല. വ്യാകരണശാസ്ത്രപ്രവർത്തകനായ സാക്ഷാൽ പാണിനിമഹർഷിക്ക് ഹ്രസ്വദീർഘപ്ലുതങ്ങളുടെ തത്വം പഠിപ്പിച്ച ഗുരുനാഥൻ ഒരു കോഴിയാണെന്നു പറയുന്ന കവികൾ കോഴിയെപ്പോലെയുള്ള ഒരു ജീവിയായ കാകനെ ഇത്ര ബുദ്ധിഹീനനാക്കിത്തള്ളിയത് അന്യായംകൊണ്ടായിരിക്കണം! 'ഓഹോ... സർവ്വസമ്മതമായ ഒരു വ്യാകരണമുണ്ടാക്കാൻ' കാകൻ ശ്രമിക്കാറില്ലെങ്കിലും പഠിച്ചാലും പഠിയാത്ത ഒരു ജന്തുവാണ് കാകനെന്നു വരുമോ? തെളിവുമില്ല.

ആഹാരസമ്പാദനത്തിൽ അതിചതുരനാണ് കാകനെന്നുള്ളതു വളരെ വാസ്തവം തന്നെ. പക്ഷേ തിന്നുവാനുള്ള സാധനം കിട്ടിയാൽ കൂട്ടരെ വിളിക്കാതെ തനിച്ചിരുന്നു തിന്നുന്ന സ്വഭാവം കാകനില്ല. പിണ്ഡം പുറത്തുവെച്ചു കൈകൊട്ടിയാൽ ആദ്യം വരുന്ന കാക്ക അതു കൊത്തിത്തിന്നാതെ അടുത്തിരുന്നു കരഞ്ഞുതുടങ്ങും. കൂട്ടുകാർ കൂടി എത്തിയാലേ തിന്നുതുടങ്ങുള്ളൂ. തിന്നുതുടങ്ങിയാൽ പിന്നെ ബഹളമയമാണ്. കിട്ടുന്നതു കിട്ടുന്നതു കൊക്കിലാക്കി പറന്നു വല്ല ദിക്കിലും ആരും കാണാതെ സൂക്ഷിച്ചു പിന്നെയും വന്നു കൊത്തിത്തുടങ്ങും. ഇങ്ങിനെ കൊണ്ടുപോയി വെച്ച സ്ഥലം പിന്നെ കാക്കക്കു തിരിച്ചറിവാൻ സാധിക്കയില്ലെന്നും, ഇതിനാലാണ് സൂക്ഷിച്ച സാധനം എവിടെയെന്നോർമ്മയില്ലാത്തവരെപ്പറ്റി "കാക്കയുടെ ബുദ്ധിപോലെ" എന്നു പറയാറുള്ളതെന്നും നാട്ടുപുറങ്ങളിൽ ഒരു പ്രസിദ്ധിയുണ്ട്. ഇതു പരമാർത്ഥമല്ലെങ്കിൽ, ശുദ്ധനാടന്മാരുടെ ഈ തെറ്റിദ്ധാരണ നീക്കം ചെയ്യാനായി 'അഭിപ്രായപ്രസാരണസംഘം' സ്ഥാപിക്കുന്നതു കാകസമുദായസഭയിൽനിന്നു ചെയ്യാൻ വൈകിയിരിക്കുന്ന ഒരു കൃത്യമാണ്.

ഗൃഹസ്ഥാശ്രമവും, വിനോദവും മാത്രം 'ദിനചര്യ'യായി കഴിഞ്ഞുകൂടുന്ന കാകൻ വലിയ പകിട്ടുകാരിയൊന്നുമല്ല. ഇന്നും 'കറുത്തമ്മ' (കറുത്ത തമ്പുരാട്ടി) ചാടി കളിക്കുന്നതുകാണാറു

ള്ളു. പണ്ടു കാകൻ ശുദ്ധ വെള്ളയായിരുന്നുവെന്നും പിന്നെ കാ-ണ്ണുവാരൽ അസുരന്മാർ പിടിച്ചു കറുപ്പിച്ചതാണെന്നും പറയുന്ന ചോട്ടാനാഗപ്പൂരിലെ 'മുണ്ടന്മാർ' കാക്കയുടെ പൂർവ്വചരിത്രത്തെ വ-ർണ്ണിക്കുന്നത്. ശുക്ലപക്ഷനായിരുന്ന കാകൻ കൃഷ്ണപക്ഷനായ-തിനെപ്പറ്റി ഗ്രീക്കുകാരും ഒരു കഥ പറയുന്നുണ്ട്. ഗ്രീക്കുകാരുടെ സൂര്യനായ 'അപ്പോളോ'വിന് അയാളുടെ പ്രണയഭാജനമായ കൊറോണിസ്സിനെപ്പറ്റി തെറ്റിദ്ധാരണയുണ്ടാക്കി കൊറോണിസ്സി-നെ കൊല്ലിച്ചതു കാകനാണെന്നും അതിന്റെ പരമാർത്ഥം മനസ്സി-ലായപ്പോൾ അപ്പോളോ കാകനെ കറുപ്പിച്ചതാണെന്നും ഗ്രീക്കു-കാർ വിശ്വസിച്ചുവരുന്നു.

കാക ഒറക്കണ്ണനായതിനു ഹിന്ദുക്കളും ഒരു കാരണം പറയാ-റുണ്ടല്ലോ. ഇന്ദ്രപുത്രനായ ജയന്തൻ വേഷം മാറി കാകനായി വന്നു സീതാദേവിയെ ഉപദ്രവിച്ചപ്പോൾ ശ്രീരാമന്റെ അസ്ത്രപ്രയോഗ-ത്താൽ അവന്റെ ഒരു കണ്ണു പോയി. അന്നുമുതല്ക്കാണത്രെ കാക ഒറക്കണ്ണനായത്. ഈ കഥയാലോചിക്കുമ്പോൾ പണ്ടൊരുകാല-ത്തു കാകന്റെ കണ്ണും നേരെയായിരുന്നു എന്നു തെളിയുന്നു. കാക-നു 'ഫെയർപ്ലേ' കിട്ടീട്ടില്ലെന്നു തീർച്ചയാണ്. അല്ലെങ്കിൽ ജയന്ത-ന്റെ തെറ്റിനു കാകനെ ശിക്ഷിക്കുന്നതു ശരിയല്ലെന്നും, മേലിൽ അനിമേഷനായ സഹസ്രാക്ഷന്റെ കൂടെ ഒറക്കണ്ണന്മാരായും കാ-കങ്ങളെ എണ്ണക്കണ്ണന്മാരായും സൃഷ്ടിക്കേണ്ടതാണെന്നും കാകൻ വാ-ദിക്കുമായിരുന്നു.

എന്തായാലും 'കറുത്ത' മനുഷ്യരെക്കാൾ 'വെള്ള'ക്കാരെ അധി-കം ബഹുമാനമുള്ള ഇക്കാലത്തു കാകനെ "കഴിയുന്നത്ര വെളുപ്പി-ക്കുവാൻ" ശ്രമിച്ച മിസ്റ്റർ കുമാരനെ ഞങ്ങൾ അഭിനന്ദിക്കുന്നു. "അ-കത്തിരുന്നു നാം ഒരു കാകന്റെ പ്രവൃത്തി നോക്കിക്കൊണ്ടിരിക്കു-ന്നതിനിടെ പുഞ്ചിരിയിടാത്ത വല്ല ആളും ഉണ്ടെങ്കിൽ അദ്ദേഹം ഉട-നെ ഡാക്ടരോടു സർട്ടിഫിക്കറ്റു വാങ്ങി ആറുമാസത്തെ കല്പനക്കപേ-ക്ഷിക്കണം." ഫലിതമേറിയ മിസ്റ്റർ കുമാരന്റെ 'കാകനെ' വായി-ച്ചിട്ടു സന്തോഷിക്കാത്ത ചിലപേരാത്തവരായി വല്ലവരും ഉണ്ടെങ്കിൽ അവരും അങ്ങിനെ ചെയ്യണമെന്നു ഞങ്ങൾ ശിപാർശി ചെയ്യുന്നു.

മിസ്റ്റർ കുമാരന്റെ കാകൻ സാഹിത്യലോകത്തിൽ 'ചിരഞ്ജീ-വി'യായിരിക്കട്ടെ എന്നുള്ള ഞങ്ങളുടെ പ്രാർത്ഥന ഒട്ടും അസ്ഥാന-ത്തിലല്ലല്ലോ. വില 4 ണ.

മംഗളോദയം കമ്പനി

ക്ലിപ്തം, തൃശ്ശിവപേരൂർ.

1080-ലെ 1-ാം റെഗുലേഷനായ കൊച്ചി കമ്പനി റെഗുലേഷനനുസരിച്ച്

രജിസ്റ്റർ ചെയ്യപ്പെട്ടത്.

മൂലധനം ഉറുപ്പിക 1,00,000

ഈ മൂലധനത്തെ ഷെയർ 1-ക്ക് 10 ഉറുപ്പിക വീതം 10,000

ഷെയറുകളായി ഭാഗിച്ചിരിക്കുന്നു.

ഡയറക്ടർമാർ.

1 മഹാരാജശ്രീ കൊച്ചി [illegible] തമ്പുരാൻ [illegible]
2 ബ്രഹ്മശ്രീ [illegible] നമ്പൂതിരിപ്പാട് [illegible]
3 ,, [illegible] വാസുദേവൻ നമ്പൂതിരിപ്പാട്
4 ,, [illegible] വാസുദേവൻ നമ്പൂതിരി
5 ,, [illegible] നമ്പൂതിരിപ്പാട്
6 മ. രാ. രാ. [illegible]
7 ,, [illegible]
8 ,, [illegible] കൃഷ്ണമേനോൻ
9 ,, [illegible]

[illegible]

[illegible]

[illegible]

[illegible]

1 [illegible]

2 [illegible]

3 [illegible]

4 [illegible]

[illegible]

PRINTERS AND PUBLISHERS—THE MANGALODAYAM CO. LTD.



ലക്കം

മംഗളോദയം.



സ്വാമിനി

രസകരവും, ഏറ്റവും ആകർഷകവുമായ ഒരു സാമുദായിക നോവൽ.

ശ്രീമാൻ ആർ. സി. ദത്ത് അവർകളുടെ ഒരു ശ്രുതിപ്പെട്ട നോവലിന്റെ തർജ്ജമ.

ദാമ്പത്യജീവിതത്തെ ഇതിലധികം ഫലിതത്തോടെ വിവരിക്കുവാൻ പ്രയാസമാണ്.

ഒരു [illegible] ഗദ്യകാരനായ മിസ്റ്റർ കരുണാകര മേനോനാണ് ഗ്രന്ഥകാരൻ. പുസ്തകം അച്ചടിച്ചു ഇറങ്ങിയിരിക്കുന്നു. കടലാസ്സിന്റെ ക്ഷാമം നിമിത്തം കുറച്ചു കോപ്പികൾ മാത്രമേ ഇപ്പോൾ അച്ചടിക്കുന്നുള്ളൂ. ആവശ്യക്കാർ താഴെ പറയുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

മാനേജർ, മംഗളോദയം കമ്പനി, തൃശ്ശിവപേരൂർ.

വിഷയവിവരം

പുസ്തകം ൧൧.

ലക്കം ൯.

മംഗളോദയം.


[illegible] പത്രികം.

മംഗളം.

മംഗലമംഗലതാജിതാ
കനകാ കനകാദ്രിരാജമരിശാഖിത്രി
പഞ്ചശരപഞ്ചതാകരാ
സഞ്ചിതസൌഭാഗ്യവല്ലരീ ദിശതു.

വർണ്ണശാസ്ത്രം.

'പ്രാചീനഭാരതത്തിലെ ചിത്രമെഴുത്ത്' എന്ന വിഷയത്തെപ്പറ്റി ഒരു വിലയേറിയ ലേഖനം 'മോഡർൺ റിവ്യു' എന്ന ഇംഗ്ലീഷ്



മാസികയിൽ ശ്രീമാൻ ടി. എ. ഗോപീനാഥറാവു (എം. എ.) അവർകൾ എഴുതിയിരിക്കുന്നു. അതിൽനിന്നു പ്രാചീനഹിന്ദുക്കൾ ചിത്രമെഴുത്തിന്നുപയോഗിച്ചിരുന്ന വർണ്ണങ്ങളെക്കുറിച്ചുള്ള ഭാഗം ചുരുക്കത്തിൽ താഴെ പകർത്തുന്നു. വായനക്കാർക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ശുദ്ധവർണ്ണങ്ങൾ.

൧. സിതം (വെളുപ്പ്), ൨. കജ്ജലം (കറുപ്പ്), ൩. രക്തം (ചുവപ്പ്), ൪. പീതം (മഞ്ഞ), ൫. ശ്യാമം (നീലം) എന്നീ പഞ്ചവർണ്ണങ്ങളെ 'ശുദ്ധവർണ്ണങ്ങൾ' എന്നു പറയുന്നു. താർക്കികന്മാരുടെ പക്ഷത്തിൽ വർണ്ണങ്ങൾ ശുക്ലം, നീലം, രക്തം, പീതം, ഹരിതം, ക

പിശം, ചിത്രം എന്നിങ്ങിനെ ഏഴാകുന്നു. എന്നാൽ മുമ്പത്തെ അഞ്ചുവൎണ്ണങ്ങളെയാണിവിടെ ആലോചിക്കുന്നത്. ഇവയിൽ മു സുപ്രസിദ്ധമാകയാൽ അതിനെ വിട്ട്, ശേഷം വൎണ്ണങ്ങൾ ഉ ണ്ടാക്കി ചിത്രമെഴുത്തിന്നു ഉപയോഗിച്ചിരുന്നത് എങ്ങിനെയാണെന്നു താഴെ വിവരിക്കുന്നു.

കറുപ്പ്. കാററില്ലാത്ത സ്ഥലത്ത് ഒരു വിളക്കു കത്തിച്ചുവെക്കുക. അതിന്റെ മീതെ ചാണകം തേച്ചുണക്കിയ ഒരു മൺപാത്രം കമിഴ്ത്തുക. കത്തി കഴിഞ്ഞാൽ കമിഴ്ത്തിയ ആ പാത്രത്തിന്റെ അതിനുള്ളിൽ പററിയ കരി ചുരണ്ടിയെടുത്തു വെള്ളത്തിൽ കലൎത്തി ഒരു മൺപാത്രത്തിലാക്കി കാററത്തുവെച്ചു വററിക്കുക. പിന്നതു നിംബ (നിംബോലവേപ്പ്) പശ ചേൎത്തുണക്കി സൂക്ഷിക്കുക.

ചുവപ്പ്. ഇതു ഒരു ധാതു അല്ലെങ്കിൽ ഗൈരികം (ചെങ്കല്ലു) കൊണ്ടാണ് ഉണ്ടാക്കുന്നത്. നല്ല ചെങ്കല്ലു പൊടിച്ചു കുത്തി ശീലപ്പൊടിയിട്ടു ധാരാളം വെള്ളമൊഴിച്ചു കലക്കുന്നു. അന്നേരം ചുവട്ടിൽ താഴുന്ന കട്ടകളെ കളഞ്ഞ് ആ വെള്ളം വേറെ പാത്രത്തിൽ ഒഴിച്ച് ഊറുവാൻ വെക്കുന്നു. ഈ ഊറൽ എടുത്തു മൺപാത്രത്തിലാക്കി വററിക്കുന്നു. ഇതു മേല്പറഞ്ഞ പശ ചേൎത്തു സൂക്ഷിക്കുക.

മഞ്ഞ. ഇതു പീതധാതു (മഞ്ഞക്കാവി) യിൽനിന്നാണുണ്ടാക്കുന്നത്. ഉണ്ടാക്കുന്ന ക്രമം മുമ്പത്തെപ്പ്രകാരംതന്നെ.

നീലം. ഇതും ഒരുതരം ധാതുവിൽനിന്നുതന്നെയാണ് ഉണ്ടാക്കുന്നത്. പക്ഷേ ആ ധാതു കിട്ടുന്ന വഴി പറഞ്ഞുകാണുന്നില്ല. ഉണ്ടാക്കുന്ന ക്രമം മുമ്പത്തെപ്പോലെതന്നെ. ഒരു വ്യത്യാസം മാത്രം ഉണ്ട്: ഇതിൽ ചേൎക്കേണ്ടുന്ന പശ കപിത്ഥവൃക്ഷത്തിന്റെ പശയാണ്.

മേല്പറഞ്ഞ പഞ്ചവൎണ്ണങ്ങൾക്കു പുറമെ ഇളകപ്പ്, ധൂമ്രകം, ഹരിതം, അതിരക്തം, ലാക്ഷ, മനയോല എന്നീ ചില വൎണ്ണങ്ങളും കൂടി ചിത്രമെഴുത്തുകാർ സൂക്ഷിക്കേണ്ടതാണെന്ന് പറഞ്ഞുകാണുന്നു. ഗൈരികം, സിന്ദൂരം, മനയോല എന്നിവ ചേൎന്നാൽ ഒരു വിധം പറഞ്ഞിട്ടുണ്ട്. ഗൈരികം ഒരു [illegible]

...ളും അഞ്ചുദിവസവും വെള്ളം കൂട്ടി കുതിൎത്തിട്ടിരിക്കണം. പിന്നെ, മനശില (മനയോല) വെള്ളംകൂട്ടാതെ പൊടിച്ച് അഞ്ചുദിവസം വെയിലത്തിട്ട് ആറാംദിവസം വീണ്ടും വെള്ളംകൂട്ടി പൊടിക്കണം. മനയോലയെ കാണുന്നത്. ഇങ്ങിനെ ശുദ്ധിചെയ്തെടുത്തിട്ടുള്ള ഇവ വേറെ പശകൂട്ടി ഉണക്കി സൂക്ഷിക്കുന്നു.

<u>സ്വൎണ്ണവൎണ്ണം</u>. മുമ്പറഞ്ഞ വൎണ്ണങ്ങൾ കൂടാതെ സ്വൎണ്ണവൎണ്ണം എന്നൊരു വൎണ്ണംകൂടി ആവശ്യമാണ്. നല്ല മാറ്റുള്ള സ്വൎണ്ണം വളരെ നേരിയ തകിടുകളായി അടിച്ച് ചെറിയ കഷണങ്ങളാക്കി വെട്ടി ഉരലിൽ ഇടുക. അതോടുകൂടി കുറെ മാൎദ്ദവമുള്ള പൂഴിയും ഇടണം. സ്വൎണ്ണം പൊടിയാകുന്നതുവരെ ഇത് ഇടിച്ചിട്ട് ഇടിക്കുക. ഈ പൊടി ഒരു സ്ഫടികപ്പാത്രത്തിലാക്കി വെള്ളമൊഴിക്കണം. അതിൽനിന്ന് പൂഴി തള്ളി സ്വൎണ്ണം വേറെ എടുക്കുക. പിന്നെ പശകൂട്ടി സൂക്ഷിക്കുക. ഇതിൽ കൂട്ടേണ്ട പശ വജ്രലേപം (വജ്രപ്പശ) എന്നൊരു പ്രത്യേകതരം പശയാണ്. അതുണ്ടാക്കുന്നത് ഇങ്ങിനെയാണ്:—

എരുമത്തോലു ചെറുകഷണങ്ങളാക്കി മുറിച്ച് വെള്ളത്തിലിട്ട് തിളപ്പിച്ച് വേവിക്കുക. ആ വെള്ളം വറ്റി വെണ്ണപോലെയാകുമ്പോൾ വാങ്ങി ആവശ്യമുള്ള വലിപ്പത്തിൽ ഉരുട്ടി ഉണക്കുക. ഇതാണ് വജ്രപ്പശ. ഇതു ചൂടുവെള്ളത്തിൽ കലക്കിയാണ് ഉപയോഗിക്കുന്നത്. ഇതു സ്വൎണ്ണവൎണ്ണത്തിനു മാത്രമല്ല, മുമ്പറഞ്ഞ എല്ലാ വൎണ്ണങ്ങൾക്കും ഉപയോഗിക്കാം.

മേല്പറഞ്ഞ പ്രകാരം ഉണക്കി സൂക്ഷിച്ചിട്ടുള്ള വൎണ്ണ(ചായ)ങ്ങൾ ആവശ്യംപോലെ അലിയിച്ച് മഷിയാക്കി ഉപയോഗിക്കുകയായിരുന്നു ചിത്രമെഴുത്തുകാരുടെ പതിവ്.

സങ്കരവൎണ്ണങ്ങൾ.

മേല്പറഞ്ഞ മൂലവൎണ്ണങ്ങൾക്ക് പുറമേ, അവ തമ്മിലുള്ള സങ്കരം നിമിത്തം പലതരത്തിലുള്ള വൎണ്ണങ്ങൾ ഉണ്ടാകുന്നു. അവയ്ക്കു സങ്കരവൎണ്ണങ്ങൾ അല്ലെങ്കിൽ സമ്മിശ്രവൎണ്ണങ്ങൾ എന്നാണ് പേർ പറയുന്നത്. സിതം (വെളുപ്പ്), രക്തം (ചുവപ്പ്) ഇവ കൂട്ടിയാൽ പാടലം (റോസ്)വൎണ്ണമായി. സിതം, കൃഷ്ണം, പീതം എന്നിവ സങ്കലന

മായി ചേൎന്നുണ്ടാവുന്ന വൎണ്ണത്തെ 'താമ്രച്ഛവി' എന്നു പറയുന്നു. വെളുപ്പും കറുപ്പും സമം കൂടിയാൽ ഗജവൎണ്ണം. ചുവപ്പും മഞ്ഞയും കറുപ്പും കൂടിയാൽ ബകുളവൎണ്ണം (കാറൽ). രണ്ടോഹരി ചുവപ്പും ഒരോഹരി മഞ്ഞയും ചേൎന്നാൽ 'അതിരക്ത'വൎണ്ണമാകുന്നു. രണ്ടോഹരി മഞ്ഞയും ഒരോഹരി വെളുപ്പും ചേൎന്നാൽ 'പിംഗലവൎണ്ണം'. രണ്ടോഹരി മഞ്ഞയും ഒരോഹരി കറുപ്പും കൂടിയാൽ ഒരു പ്രത്യേകതരം നീലവൎണ്ണം (Deep water) ആകുന്നു. മഞ്ഞയും കറുപ്പും ഒപ്പം കൂടിയാൽ മനുഷ്യവൎണ്ണം കിട്ടുന്നതാണു്. ഹരിതാലവൎണ്ണവും ശ്യാമവൎണ്ണവും സമഭാഗമായി കൂട്ടിയാൽ ശുകവൎണ്ണം (കിളിനിറം) ആവും. കുങ്കുമവൎണ്ണവും ലാക്ഷാരസവും കൂട്ടിയാൽ ഞാവൽപ്പഴത്തിന്റെ നിറം (Violet). ലാക്ഷാരസവും ഇംഗുലിക അല്ലെങ്കിൽ 'ജാതിലിംഗ'വും ചേൎന്നാൽ ഒരു പ്രത്യേകതരം ചുവപ്പു കിട്ടുന്നതാണു്. കുങ്കുമവൎണ്ണവും നീലവൎണ്ണവും കൂട്ടിയാൽ കറുത്തനിറം കിട്ടും. ഇങ്ങിനെ വൎണ്ണങ്ങളുടെ സങ്കരത്താൽ പലതരം പ്രത്യേക വൎണ്ണങ്ങൾ കിട്ടുന്നതാണു്.

സ്വതന്ത്രവൎണ്ണങ്ങൾ.

'അംശുമൽഭേദാഗമം' എന്ന ഗ്രന്ഥത്തിൽ വെളുപ്പ്, ചുവപ്പ്, മഞ്ഞ, നീലം എന്നീ നാലു നിറങ്ങൾക്കു പല വകഭേദങ്ങളുണ്ടെന്നും അവ സ്വതന്ത്രവൎണ്ണങ്ങളാണെന്നും പറഞ്ഞിരിക്കുന്നു. അവയിൽ വെളുപ്പിന്റെ വകഭേദങ്ങൾ പറയുന്ന ഭാഗം നശിച്ചുപോയിരിക്കുന്നു. മറ്റുള്ളവ ഇങ്ങിനെയാണു്.

I. ചുവപ്പിന്റെ വകഭേദങ്ങൾ:—(1) അരുണം=ഇതു മുയലിന്റെ രക്തത്തോടു സമമാകുന്നു. (2) രക്തം=ഇതു പാ[illegible] (Shoe flower) യോടു തുല്യമാണു്. (3) ശോണം=ഇതു ക[illegible] (മുരിക്ക)പ്പൂവുപോലെയോ തത്തയുടെ കൊക്കുപോലെയോ ചുകന്നിരിക്കും. (4) പാടലം=ലാക്ഷാരസത്തിന്റെ നിറം.

II. മഞ്ഞയുടെ വകഭേദങ്ങൾ:—(1) സ്വൎണ്ണവൎണ്ണം (2) കപിശം=പച്ചമഞ്ഞളിനു സമം (3) പീതം=ഹരിതാലംപോലെ (4) ഹരിതം=പൂച്ചക്കണ്ണിന്റെ നിറം.

III. നീലത്തിന്റെ വകഭേദങ്ങൾ:—(1) നീലം=മേഘവൎണ്ണ

ചാരവ (2) ശ്യാമമേഘങ്ങളുടെ നിറം (3) കാരമുള്ളമേയിൽക്കൂ ണ്ണാന്തരിക്കും (4) കൃഷ്ണം.

മേൽക്കാണിച്ചപ്രകാരം, കറുത്തതൊഴിച്ച വെളുപ്പിന്റെ വകഭേദങ്ങളോടുകൂടിയുള്ള പതിനാറുനിറങ്ങൾക്ക 'സ്വതന്ത്രവൎണ്ണങ്ങൾ' എന്നു നാമകരണം ചെയ്തിരിക്കുന്നു.

സ്വഭാവവൎണ്ണങ്ങളും, ഉപവൎണ്ണങ്ങളും.

ഭരതമഹൎഷിയുടെ നാട്യശാസ്ത്രത്തിൽ നടന്മാരുടെ മുഖത്തു നിറം വരുത്തുവാനായി നാലു വൎണ്ണങ്ങളെ പറയുന്നുണ്ട്.—(1) വെളുപ്പ് (2) നീലം (3) മഞ്ഞ (4) ചുവപ്പ്– ഇവയെ 'സ്വഭാവവൎണ്ണങ്ങൾ' എന്നാണ് അവർ പറയുന്നത്.

സ്വഭാവവൎണ്ണങ്ങളിൽ ഈരണ്ടെണ്ണത്തിന്റെ സങ്കരത്താൽ പലമാതിരി 'ഉപവൎണ്ണങ്ങൾ' ഉണ്ടാകുന്നു.

I വെള്ളയും മഞ്ഞയും ചേൎന്നാൽ–പാണ്ഡു

II വെള്ളയും ചുവപ്പും ചേൎന്നാൽ–പത്മം

III വെള്ളയും നീലവും ചേൎന്നാൽ–കപോതം

IV മഞ്ഞയും നീലവും ചേൎന്നാൽ–ഹരിതം

V നീലവും ചുവപ്പും ചേൎന്നാൽ–കാഷായം

VI ചുവപ്പും മഞ്ഞയും ചേൎന്നാൽ–ഗൌരം

ഇതിലെ 2– 4– 6. വൎണ്ണങ്ങൾ കൂട്ടിയാൽ പല പ്രത്യേക നിറങ്ങൾ ഉണ്ടാവും.

സങ്കരവൎണ്ണങ്ങൾക്കെല്ലാം ഏറ്റം, കുറച്ചും (ഉദാഹരണം: ഏറ്റ ചുവപ്പ്, കുറച്ചുവപ്പ്) എന്നിങ്ങിനെ രണ്ടവസ്ഥകൾ ഉണ്ടെന്നു നാട്യശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നു. ഈ രണ്ടു വൎണ്ണങ്ങളുടെ കൂട്ടിച്ചേൎക്കുന്ന മാത്രാക്രമത്തെയാണ് അതു കാണിക്കുന്നത്. 'ഏറ്റം' എന്നതിന്നു 1–ഉം, കുറച്ചതിന്നു 2–ഉം മാത്രകൾ ചേൎക്കണം.

കെ. വി. എം.

പ്രവൃത്തിമാർഗം.

(൨)

ജീവനെ ബന്ധിക്കുന്നതായ കാരണങ്ങൾ താഴെ പറയുന്നവയാണ്. (1) ഈശ്വരേച്ഛ (2) അവിദ്യ (3) കാമകർമ്മം (4) ലിംഗശരീരം (5) ത്രിഗുണാത്മകമനം (6) സ്ഥൂലശരീരം. ഇതിൽ ഈശ്വരേച്ഛയത്രെ നമ്മെ ബന്ധിക്കുന്നതായ ഏറ്റവും മഹത്തായ ശക്തി. "യമേവൈഷവൃണുതേതേനലഭ്യഃ" (ആർ അദ്ദേഹത്താൽ അനുഗ്രഹിക്കപ്പെടുന്നുവോ അയാളാണ മുക്തനായിത്തീരുന്നത്.) ഒന്നാമതായി മേൽപ്പറഞ്ഞ ബാക്കി അഞ്ചു കൂട്ടവും നമ്മെ കെട്ടിയിടുവാനായുള്ള മുഖ്യ കാരണങ്ങളായിത്തീരുന്നു.

ഇപ്രകാരം അനേകം ജയിൽക്കാരാൽ കൈകാലുകളെല്ലാം മുറുകെ ബന്ധിക്കപ്പെട്ടവനായ ജീവൻ അല്പം സ്വാതന്ത്ര്യത്തോടുകൂടി അതിരില്ലാത്തതായ സമുദ്രമദ്ധ്യത്തിലേക്ക വലിച്ചെറിയപ്പെടുന്നു. സദുപദേശങ്ങളെ ചെയ്യിക്കുവാനുള്ള വേദങ്ങളേയും ജഗദീശ്വരൻ ജീവന്റെ സഹായിയായി സൃഷ്ടിച്ചിട്ടുണ്ട്.

കൃതയുഗത്തിൽ ജീവനു ദൈവികവിഷയത്തിൽ പ്രവേശിപ്പാൻ അനവധി വഴികളുണ്ടാകുന്നുണ്ട്. ഈ യുഗത്തിൽ സത്വഗുണമാണ നാടു വാഴുന്നത്. സകല ജീവികളും സന്തുഷ്ടചിത്തന്മാരായിരിക്കുന്നു. 'ധർമ്മം' നാലുകാലിന്മേലാണ സ്ഥിതിചെയ്യുന്നത്. പ്രകൃതിയുടെ സകല രഹസ്യങ്ങളേയും ജ്ഞാനംകൊണ്ട നിഷ്പ്രയാസേന അറിയുമാറാകുന്നതിനു പുറമെ ഉൾഗ്ഗുണങ്ങളും ശ്രേഷ്ഠങ്ങളായും ഭവിക്കുന്നു. മനുഷ്യർ അരോഗദൃഢഗാത്രന്മാരും ഏകദേശം 32 അടി വരെ ഉയരമുള്ളവരും സമ്പൽസമൃദ്ധിയോടു കൂടിയവരും ദീർഘായുഷ്മാന്മാരായി വർത്തിക്കുന്നു. ഈശ്വരചൈതന്യം സർവ്വരിലും പ്രകാശിച്ചുകൊണ്ടിരിക്കുന്നു.

ത്രേതായുഗത്തിൽ ധർമ്മത്തിന്ന ഒരു കാൽ നഷ്ടമാകുന്നു. അറിയത്തക്കവിധമില്ലെങ്കിലും ഈശ്വരചൈതന്യത്തിനും അല്പം കുറവു സംഭവിക്കുന്നുണ്ട്. രജോഗുണം പതുക്കെപ്പതുക്കെ മേല്പോട്ടുകയ

...ൽ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യർ 21 അടി ഉയരമുള്ളവരാകുന്നുള്ളൂ.

ദ്വാപരയുഗം മുൻപറഞ്ഞ യുഗങ്ങളെക്കാൾ കീഴ്പോട്ടു പതിക്കുന്നു. ധർമ്മം രണ്ടു കാലിൽ മാത്രമേ സ്ഥിതിചെയ്യുന്നുള്ളൂ. മനുഷ്യർ പത്തരയടി പൊക്കത്തിലധികം വളരുന്നില്ല. സ്വാർത്ഥവും വൈരുദ്ധ്യഭാവങ്ങളും വരുന്നു.

നാമിപ്പോൾ ജീവിച്ചിരിക്കുന്ന കലിയുഗമാണ് ഒടുക്കത്തേത്. ഇതിൽ ധനസമ്പാദനത്തിനാണ് കേന്ദ്രസ്ഥാനം ലഭിക്കുന്നത്. ഈ കാലത്തു ദൈവികത്വം ഏറ്റവും കുറവാണെന്നു നാം കണ്ടുവരുന്നതുമല്ലോ. മനുഷ്യർ വാമനന്മാരുമാണ്. നിരസമായ സാമൂഹ്യസംഘടനകളിലും മറ്റും സർവ്വത്ര വ്യാപിച്ചുകൊണ്ടിരിക്കുന്നത്.

ജീവാത്മാവിന്റെ ഓരോ കാലത്തുണ്ടാകുന്ന രൂപഭേദങ്ങളെ നാം മനസ്സിരുത്തി നോക്കിയാൽ ജഗദീശ്വരന്റെ ശക്തിയേയും സൃഷ്ടികളിൽ അദ്ദേഹത്തിനു യാതൊരു പക്ഷഭേദവുമില്ലാത്തതിനെയും നമുക്ക് എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. പുനർജ്ജന്മത്തിൽ വിശ്വാസമില്ലാത്തവർ ദൈവം പക്ഷപാതിയാണെന്ന് ആക്ഷേപിക്കുമായിരിക്കാം. സുഖദുഃഖാദികളുടെ അനന്യസാധാരണമായ ഈ ഭേദങ്ങളാണ് നാം ലോകത്തിൽ കണ്ടുവരുന്നതെന്നുള്ളതു വാസ്തവം തന്നെ. ആരോഗ്യം, ശക്തി, ധനം, സന്തോഷകരങ്ങളായ എന്നിവയെല്ലാം ചിലരിലും ദുഃഖകരങ്ങളായ സർവ്വവും മറ്റൊരാളിലും കുടികൊള്ളുന്നതും നാം കാണുന്നുണ്ട്. ഒരുത്തൻ അതിസുഖമനുഭവിക്കുന്നു ഇതരൻ ദുഃഖത്തെ അനുഭവിക്കുന്നു. "ഒരുവനതിധനവാനവൻ ദരിദ്രനും" ഇപ്രകാരം ലോകത്തിൽ പലതിനെയും നാം കണ്ടുവരുന്നു. ഈശ്വരൻ നിഷ്പക്ഷപാതിയും കരുണാനിധിയുമാണെങ്കിൽ മേൽപറഞ്ഞപ്രകാരമിരിക്കുന്നതെന്തുകൊണ്ടെന്നു നാസ്തികന്മാർ പൂർവ്വപക്ഷം ചെയ്യുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

ജഗദീശ്വരൻ കരുണാനിധിയും നീതിന്യായസംരക്ഷകനുമാണെന്നുള്ളതു നിശ്ചയം തന്നെ. അദ്ദേഹം ഓരോ ജീവന്റെയും കർമ്മങ്ങൾക്കനുസൃതങ്ങളായ ഫലങ്ങളെയാണ് അവയ്ക്ക് നൽകുന്നത്. ജീവന്മാർ ഓരോ ജന്മത്തിൽ പ്രത്യേകമായ നല്ലതുംചീത്തയും

രാളുടെ പേരിൽ അകാരണമായ ദ്വേഷമൊ ഉണ്ടാകുന്നില്ല. അവരവരുടെ കർമ്മങ്ങൾക്കു ശരിയായ ഫലത്തെ മാത്രമേ അദ്ദേഹം സർവ്വദാ നൽകുന്നുള്ളു. ജീവാത്മാവിന്റെ പൂർവ്വജന്മത്തിലെ നടപടിയെയാണു നാം കർമ്മമെന്നു വാദിക്കുന്നത്. കർമ്മമെന്ന പദത്തിന്നു പ്രവൃത്തിയെന്നാണ് അർത്ഥമെങ്കിലും ഇതു സർവ്വവിധത്തിലുള്ള അനുഭവങ്ങളേയും വിചാരങ്ങളേയും പ്രവൃത്തികളേയുംസംബന്ധിക്കുന്നു. കാര്യകാരണങ്ങളേയും അനുഭവങ്ങളേയും ഭരിക്കുന്നതു കർമ്മമാണ്. അതിന്റെ അതിരിന്നകത്തുപെടാത്തതായ യാതൊരു കാര്യകാരണങ്ങളുമില്ല.

ജീവാത്മാവ് ഇപ്രകാരം കർമ്മത്തിന്നധീനനാണെങ്കിലും സർവ്വദാ സുഖാനുഭവത്തെ ഇച്ഛിച്ചുകൊണ്ടേ ഇരിക്കുന്നു. 'സകല മനുഷ്യരും സുഖത്തെ ഇച്ഛിക്കുന്നു. ഈ ഇച്ഛ പലവിധത്തിലാണെങ്കിലും സകലരും സുഖത്തെ ഒന്നിനെത്തന്നെയാണു കാംക്ഷിക്കുന്നത്. പക്ഷേ, ലിംഗശരീരത്താൽ ബന്ധിക്കപ്പെട്ടവനായ ജീവൻ പലപ്പോഴും തെറ്റായ വസ്തുക്കളെ ഇച്ഛിക്കുന്നുവെങ്കിലും പ്രകൃത്യാ അതിന്നു സുഖത്തെ അനുഭവിപ്പാനാണു വാസന. ഈ മോഹത്തോടുകൂടിയാണ് അതു പ്രയത്നം ചെയ്യുന്നത്. എപ്പോഴെങ്കിലും അല്പം കഷ്ടമനുഭവിപ്പാൻ ജീവൻ തയ്യാറാകുന്നുണ്ടെങ്കിൽ പിന്നീട് അധിക സുഖമനുഭവിക്കാമല്ലോ എന്നു കരുതീട്ടു മാത്രമാണ്. സുഖാനുഭവമാണ് അതിന്റെ പരമോദ്ദേശം. ബാക്കിയുള്ളവയെല്ലാം അതിന്നു ലഭിപ്പാനുള്ള മാർഗ്ഗങ്ങൾ മാത്രമായിട്ടു ജീവൻ കരുതുന്നുള്ളു.' ജീവന്റെ പുനരാവൃത്തി (പുനരപി ജനനം പുനരപി മരണം) മുഴുവൻ പരമസുഖത്തെ തേടൽ മാത്രമാണ്.

'പ്രവൃത്തിമാർഗ്ഗത്തിൽ'കൂടെ ചരിക്കുന്നവർ അനിത്യങ്ങളായ ലഘുസുഖങ്ങളിൽ രമിച്ചു അവയെ ലഭിപ്പാനായിക്കൊണ്ടു വേലചെയ്യുന്നു. ലോകത്തിൽ കാണുന്ന ക്ഷണഭംഗുരങ്ങളായ വസ്തുക്കളെ ശാശ്വതങ്ങളാണെന്ന് ഇവർ കരുതുന്നു. കരുണാനിധിയായ ജഗദീശ്വരന്റെ മാഹാത്മ്യത്തെ ഇവർക്ക് അറിവാൻ സാധിക്കാതാവുകയാൽ തന്നിമിത്തം ഇവർ സംസാരസാഗരത്തിൽ സർവ്വദാ മുങ്ങിപ്പൊങ്ങിയലയുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞതിന്നുള്ള മുഖ്യകാരണം കാമകർമ്മം തന്നെയാണ്.

നമ്മുടെ സർവ്വകർമ്മങ്ങളും അജ്ഞാനത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്. ഇച്ഛയാണ ജീവനെ വസ്തുവിനോട് അടുപ്പിക്കുന്നത്. അങ്ങിനെ അടുക്കുമ്പോൾ അവ തമ്മിൽ ബന്ധമുണ്ടാവുകയും ആ ബന്ധം പിന്നീട ബലവത്തായിത്തീരുകയും ചെയ്യുന്നു. ഈ ബന്ധത്തിന്റെ ഫലമായി ആലോചനയും ആലോചനയുടെ ഫലമായി കർമ്മവുമുണ്ടാകുന്നു. ഇപ്രകാരം ഇച്ഛ, ജ്ഞാനം, ക്രിയ എന്നീ മൂന്നും കൂടീട്ടാണ സ്വഭാവഭേദങ്ങളെ തിരയുന്നത്. ജീവാത്മാവിനെ ബദ്ധനാക്കി ചെയ്യുന്നവയും ഇവതന്നെയാണ്. ഇങ്ങിനെ അനാദിയായി ആശകളേയും വിചാരങ്ങളേയും കർമ്മങ്ങളേയും ഓരോ ജീവാത്മാവും ദിനംപ്രതി വർദ്ധിപ്പിച്ചുകൊണ്ടു വരുന്നുണ്ട്. ഇവയിൽ ഓരോന്നും കർമ്മത്തിന്റെ ചെറിയ വിത്തുകളായിത്തീരുന്നു. ഈ വിത്തുകൾ ജീവാത്മാവിനെ അനേകായിരം ജന്മങ്ങൾ തടവിലപ്പെടുത്തുകയും ചെയ്യുന്നതാണ്.

ഈ വിത്തുകളുടെ സമൂഹത്തെയാണ നമ്മുടെ ഗ്രന്ഥങ്ങളിൽ 'സഞ്ചിതകർമ്മ'മെന്നു പറഞ്ഞിരിക്കുന്നത്. അവയിൽ അധികവും സത്തുക്കളാണെങ്കിൽ അവ നമ്മുടെ അഭിവൃദ്ധിക്കു കാരണങ്ങളായിത്തീരുന്നു. നേരെ മറിച്ച് അവ ദുഷ്കർമ്മങ്ങളാണെങ്കിൽ അവയുടെ ഭാരം പേറുവാൻ നാം സംസാരമാകുന്ന സാഗരത്തിൽ മുങ്ങുകയും പൊങ്ങുകയും ചെയ്തുകൊണ്ട ഇരിക്കുന്നു. ഈ സഞ്ചിതകർമ്മങ്ങൾ ജാഗ്രദവസ്ഥയിലും സ്വപ്നാവസ്ഥയിലും ആത്മാവിനെ ഇടവിടാതെ നമ്മെ മഥിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ (സഞ്ചിതകർമ്മത്തിൽ) പാകംവന്നിട്ടുള്ളവയാണ ജീവന്റെ പ്രാരബ്ധകർമ്മങ്ങളായിത്തീരുന്നത്. ഇപ്രകാരം 'സഞ്ചിതത്തിൽ'നിന്നു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതായ പ്രാരബ്ധകർമ്മങ്ങളാണ ജീവന് അടുത്തകാലത്തു സിദ്ധിക്കുവാൻ പോകുന്ന ജന്മത്തേയും അതിനുവേണ്ട ദേഹവും നിർമ്മിക്കുന്നത്. ജീവൻ ജനിക്കുവാൻ പോകുന്ന രാജ്യം, വർഗ്ഗം, ജാതി, കുടുംബം മുതലായതു നിശ്ചയപ്പെടുത്തുന്നതും പ്രാരബ്ധകർമ്മമാണ്. 'അന്തേ മതിഃ സാ ഗതിഃ' അവസാനകാലത്തു (മരിക്കുന്ന സമയത്ത്) ഒരുവൻ മനസ്സിൽ എന്തു വിചാരിക്കുന്നുവോ അതിനനുസരിച്ചു ജന്മം പിന്നീട് അവനു സിദ്ധിക്കുന്നു. അതിനാലാണ് ആത്മജ്ഞന്മാർ നാമമന്ത്രജപാദികൾ ചെയ്യുക

മരണമെന്നു വിധിക്കപ്പെടുവാൻ കാരണം. ആത്മഹത്യ ചെയ്യുന്നവന്റെ അവസാനകാലത്തെ വിചാരം ആത്മഹത്യ ചെയ്യുന്നുള്ള ഇച്ഛയായിരുന്നുകൊണ്ടു പിന്നീടുണ്ടാകുന്ന ജന്മങ്ങളിലെല്ലാം അയാൾ ആത്മഹത്യ ചെയ്തിട്ടുതന്നെ മരിപ്പാനാണ് എളുപ്പം.

പ്രാരബ്ധകർമ്മത്തിന്റെ ഫലമനുഭവിക്കാതെ തരമില്ല. പാതകങ്ങളൊന്നുമില്ലാത്ത ഒരു ഋഷീശ്വരനുംകൂടി പ്രാരബ്ധകർമ്മമനുഭവിക്കാതെ തരമുള്ളു. പക്ഷേ, ഈശ്വരജ്ഞാനം സിദ്ധിച്ചിട്ടുള്ള ഋഷിയുടെ സഞ്ചിതകർമ്മം കത്തി ശൂന്യമായി പോകുന്നുവെന്നു മാത്രമല്ല ആഗാമികത്തെക്കുറിച്ചുള്ള ശങ്ക ഇല്ലാതാവുകയും ചെയ്യുന്നു. അദ്ദേഹത്തിനു പ്രാരബ്ധകർമ്മത്തിനോടു മാത്രമേ സമാധാനം പറയേണ്ടതുള്ളു. ഇതിലും ഈശ്വരൻ അദ്ദേഹത്തെ അല്പം സഹായിക്കുന്നുണ്ട്. അതിനാൽ കർമ്മമോചനം വരുവാൻ കരുണാനിധിയും ഭക്തവത്സലനുമായ ജഗൽകർത്താവിന്റെ ദയയില്ലാതെ സാധിക്കുന്നതല്ല.

കർമ്മം സ്വാതന്ത്ര്യത്തെ തടയുകയോ മനുഷ്യനെ ഒരു യന്ത്രമാക്കിത്തീർക്കുകയോ ചെയ്യുന്നില്ല. കർമ്മത്തെ സംബന്ധിച്ചുള്ള നിയമവും പ്രകൃതിയുടെ ഇതരനിയമങ്ങളെപ്പോലെ തന്നെയാണ്. മനുഷ്യനുള്ള കാര്യകാരണങ്ങളെ തിരഞ്ഞെടുപ്പാൻ വേണ്ടുവോളം സ്വാതന്ത്ര്യമുണ്ട്. പക്ഷേ, മുള്ളു വിതച്ചു നെല്ലു കൊയ്യുവാൻ സാധിക്കയില്ലെന്നു മാത്രമേയുള്ളു. ഒരു മനുഷ്യൻ സദ്വിചാരങ്ങളെ ചിന്തിക്കയും സൽപ്രവൃത്തികളെ ചെയ്കയും സൽസ്വഭാവത്തെ വളർത്തുകയും ചെയ്യുന്നുവെങ്കിൽ അയാളുടെ 'കർമ്മം' നല്ലതായിത്തീരുന്നു.

മനുഷ്യർക്കും മൃഗങ്ങൾക്കും തമ്മിലുള്ള വ്യത്യാസത്തെ കാണിപ്പാനായി ഐതരേയാരണ്യകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

'ഓഷധിവനസ്പതിഷു രസോ ദൃശ്യതേ. ചിത്തം പ്രാണഭൃത്സു പ്രാണഭൃത്സ്വേവാവിസ്തരാമാത്മാ. തേഷു ഹി രസോപി ദൃശ്യതേ. ന ചിത്തമിതരേഷു. പുരുഷേ ത്വേവാവിസ്തരാമാത്മാ. സ ഹി പ്രജ്ഞാനേന സംപന്നതമഃ വിജ്ഞാതം വദതി വിജ്ഞാതം പശ്യതി വേദ ശ്വസ്തനം വേദ ലോകാലോകൗ മർത്ത്യേനാമൃതമീപ്സതി ഏവം സമ്പന്നഃ അഥേതരേഷാം പശൂനാമശനായാപിപാസേ ഏവാഭിജ്ഞാനം

വിജ്ഞാനമേഖലയിൽ അവിജ്ഞാതമേഖലയിൽനിന്നു വരുന്ന സന്ദേശ കങ്ങളിലൂടെ തങ്ങൾക്കു വന്നതാണെന്നു്. അരവിന്ദമഹർഷി പറയുന്നു:

“ധാതുക്കളിലും സസ്യങ്ങളിലും മനസ്സ് കാണപ്പെടുന്നുണ്ട്. പ്രാണികളിൽ മനസ്സുണ്ട്. പ്രാണികളിൽ അതു കൂടുതൽ സ്പഷ്ടമാകുന്നു. അവയിൽ മനസ്സ് കാണപ്പെടുന്നുണ്ട്. എന്നാൽ മറ്റുള്ളവയിൽ ബുദ്ധി കാണപ്പെടുന്നില്ല. മനുഷ്യനിൽ അതുമാത്രമല്ല ബുദ്ധിയും പ്രത്യക്ഷമായി കാണപ്പെടുന്നു. ആ ബുദ്ധിക്ക് വലിയ അറിവുണ്ടാകുന്നു. അതിനാൽ അറിയുന്നതിനെ സം സാധിപ്പാൻ ആ ബുദ്ധിക്ക് സാധിക്കുന്നു. ഇന്നലെ കഴിഞ്ഞത് ആ ബുദ്ധിക്ക് ഇന്ന് ഓർമ്മയുണ്ടാകുന്നു. കാണാൻ കഴിയുന്നതിനേയും ക ഴിയാത്തതിനേയും ആ ബുദ്ധി കാണുന്നു. മൃഗങ്ങൾ സ്വഭാവ ത്താൽ മതിയില്ലാതെ ആ ബുദ്ധി കാണിക്കുന്നു. മൃഗങ്ങൾക്ക് ഈ വക ഗുണങ്ങളെല്ലാമില്ല. എന്നാൽ മനുഷ്യനെപ്പോലെ ഗുണദോഷ ങ്ങളെയും വിശേഷം മാത്രമേ അറിവാൻ സാധിക്കുന്നുള്ളൂ. അറിവുള്ള തിനെ അവ സംസാരിക്കുന്നില്ല. ഇന്നലെ കഴിഞ്ഞതിനെ അവ ഇ ന്ന ഓർമ്മവെക്കുന്നില്ല. കാണപ്പെടാത്തവയും കാണേണ്ടതില്ലാ ത്തവയേയും അവ അറിയുന്നില്ല. അവയ്ക്കു് ഇന്ദ്രിയജ്ഞാനമേയുള്ളൂ. അ റിവുപോലെയാണ് ഉയർന്നത്.”

നല്ല വിത്തുകളെ വിതപ്പാൻ സമ്പ്രദായം ക്രമീകരിക്കയും നല്ല ഫലത്തെ കൊയ്യെടുപ്പാൻ വേണ്ടി യത്നിക്കയും ചെയ്യുന്നതു മനുഷ്യന്റെ ചുമതലയാണ്. നല്ലതിൽനിന്ന് അധികം നല്ലതിലേക്കു കടപ്പാൻ നോക്കിക്കൊണ്ടിരിക്കയും ഒരിക്കലും കീഴ്പോട്ടു പതിക്കാതിരിപ്പാൻ സൂക്ഷിക്കയും ചെയ്യുന്നത് അയാളുടെ കർത്തവ്യമാണ്.

അഖണ്ഡപരിപൂർണ്ണനായി, സച്ചിദാനന്ദനായി, സർവ്വലോ കനിയന്താവായിരിക്കുന്ന മഹാശക്തിയെ കണ്ടുപിടിച്ച് അദ്ദേഹ ത്തിന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗം അതിപൂർവ്വം നമസ്കരി ക്കേണ്ടതു മനുഷ്യന്റെ മുഖ്യധർമ്മമാണ്. പ്രപഞ്ചസ്വഭാവത്തിലുള്ള ഈ വ ശ്യത്തെയാണ് അയാൾ ഇച്ഛിക്കുന്നത്.

അനിത്യങ്ങളും അനേകം കാരണങ്ങളുമായ പ്രപഞ്ചപദാർത്ഥങ്ങ ളെ ആശ്രയിക്കുന്ന ജീവൻ സർവ്വദാ ബദ്ധനാകുന്നു. ആ ജീവൻ

ഈശ്വരനെ അറിയുന്നില്ലെന്നതാകുന്നു അജ്ഞാനത്തിൽനിന്നു നിർ-
ഷേധത്തോടും തീകഠന്നുകൊണ്ടും വരുന്നു. അതിന്നു ബന്ധിപ്പിക്കുന്ന
ങ്ങളായ ശൃംഖലകളുടെ ശക്തിയെ തന്നെത്തന്നെ വർദ്ധിപ്പിക്കുന്നു. കു
ഞ്ഞാനിധിയായ ഭഗവൽപാദത്തിൽനിന്നു ഇപ്രകാരം അകന്നുപോകു
ന്തോറും ജീവൻ തന്റെ കർമ്മമാകുന്ന ചുമടിനെ വലുതാക്കുന്നു. ജീ
വന്റെ ഈ ഗതിയെയാണു മഹാത്മാക്കളായ ഋഷിശ്രേഷ്ഠന്മാർ
“പ്രവൃത്തിമാർഗ്ഗ”മെന്നു വ്യാഖ്യാനിക്കുന്നതു്. ഇതിന്റെ മുഖ്യമായ ഉ
ദ്ദേശവും ഫലവും ധർമ്മാർത്ഥകാമങ്ങളാണു്. ഇതിന്റെ വിപരീതമാ
ർഗ്ഗത്തെയാണു് “നിവൃത്തിമാർഗ്ഗ”മെന്നു പറയുന്നതു്. ഈ നിവൃ
ത്തിമാർഗ്ഗമാണു് മോക്ഷത്തെ സാധിപ്പിക്കുന്നതു്.

പഴമ്പള്ളി രാമകൃഷ്ണയ്യർ (ബി. സി)

ജാതികളും പുരാതനമര്യാദകളും.

കണ്ണർപാട്ടു — തോറ്റം. (തുടർച്ച)

പൊൻവരട്ടെ പൊൻവരട്ടെ കോലവെച്ച തായിൽദേവിയെ, കി-
ഴക്കേകൊല്ലം വിളങ്ങുന്നവരൊ എന്റെ അടിയേരുവരട്ടെ. എന്താ-
ണൊ അന്നെയാത്ര ധിമ്പടിയും ഇടവണ്ണം പോകാമല്ലൊന്നു വഴി
നടന്നാലല്ലോ. വനവാസം കഴിയാൻ നടന്നതാൻ മന്നവൻ കി-
ഴക്കേകൊല്ലം ചേന്നോട്ടനാക്കി വഴിപോകുന്നു. കിഴക്കേകൊല്ലു
ചേന്നോട്ടത്തിന്റെ പോർപടിക്കൽ ചെന്നതിന്നു. പടിതാക്കോ-
ളി നല്ലമ്മെ വിളിക്കുന്നല്ലൊ! കൈനാർപാവി നല്ലമ്മ വാതുക്കൾ
മാറ് പാണ്ണി വിളിപ്പുതല്ലോ. നടുനാഴിയിൽ കിടന്നതിനെ വിളി
കേട്ടനല്ലമ്മ. പുറനാഴികക്ക് ചാടി പുറത്തുവന്നു. ആരുമാകുന്നതു
നിന്നു് എന്നവരാകുന്ന മകനെ പടിതാക്കെ തള്ളിയിപ്പോഴ് വി-
ളിക്കുന്നല്ലൊ! വടക്കേകൊല്ലം നല്ലതോമ്മ കാറാണിതാൻ കളിമുറ്റ-
ത്തിൽ ചേന്നോട്ട വാഴുന്നുള്ളി പോരുകൻതാനാ. എന്നതിനുപോൽ

ണ്ടാ പൊന്നാങ്ങളെ പൊന്നുകന്നേ. പടിഞ്ഞാക്കത്തിരിന്നുവിളിപ്പുന്നായി. നിങ്ങളുടെ മകനെങ്ങും ഇവിടെയുണ്ടോ നല്ലമ്മേ. നിങ്ങളുടെമകൻ എന്റെ മക ഒന്റ ചങ്ങാതിയാണോ. എന്റെ മകൻ നിന്നെക്കണ്ടിട്ടേ നാൾ ചങ്ങാതിയാകുന്നുണ്ടോ. എവിടെ വെച്ചിട്ട് നിങ്ങളെന്റെ ചങ്ങാതിത്വം. എഴുത്തിയോതി പഠിച്ചതിനെ നടക്കുന്ന കാലത്ത് മണിക്കിണറ് ചാടിത്തുടിച്ചും കളിക്കും നല്ലമ്മേ. മണിക്കിണറ്റ ചാടിത്തുടിച്ച കളിക്കുന്ന നേരത്ത് നിങ്ങളുടെ മകന്റെ വളർപുസ്തകം വീണു പൊലിഞ്ഞുപോയി. മറ്റുള്ള ചങ്ങാതിമാരെല്ലാമേ കൈകൊട്ടിയാർത്തു ചിരിച്ചുള്ളു ഞാനെന്നവൻ ചാടാതി മണിക്കിണറ്റിൽ ചാടി എടോല വളർപുസ്തകം എടുത്ത് നിങ്ങടെ മകൻ എന്റെ ചങ്ങാതിക്കയ്യിൽ കൊടുത്തുതന്നെ. അന്നുതൊട്ടു ഇന്നേതോളം ഞങ്ങൾ തമ്മിൽ ചങ്ങാതിത്വമാകുന്നു. നിങ്ങടെമകൻ ഇളെമ്മെലെവെച്ചതെങ്കിൽ ആളിയാകുന്ന വടക്കെകൊല്ലത്ത് എഴിവസത്തെ വിതുണ്ട്. വടക്കെകൊല്ലത്ത് ഞാൻ മല വെച്ചതെങ്കിൽ എന്റെ നല്ലമ്മേ കിഴക്കെകൊല്ലം ചോണാട്ട് എഴു ദിവസം വിതുണ്ട് എന്ന് കല്ലും പാറയായിട്ട് ഞങ്ങൾ തമ്മിൽ അല്ലാമുണ്ടോ നല്ലമ്മേ. കിഴക്കെകൊല്ലം ചോണാട്ട് വിതുണ്ട് ഉണ്ണൂ ഇല്ല എന്നറിയുന്നായി മാലവെച്ചു കൈകേഴൽമുടിയാള് അസ്സിയുംപൊന്നും വനവാസത്തെ ചാത്തർപിടിക്കുപ്പം തന്റെ വലങ്കനെ അയിനത്തിൽ ഞാൻ ഇങ്ങോട്ടുപോരുന്നോ എന്റെ നല്ലമ്മേ. നിന്റെ ചങ്ങാതിയിവിടെ ഇല്ല എന്റെ മകനെ. മേപ്പിണപ്പുത്ത് ചെട്ടിയാരുമായി ധർമ്മികളോട് ചൂതാടി ചൂതിലും തോറ്റ് ചൂടിക്കയാലെ വരിക്കെട്ടി കിടപ്പാകുന്നു എന്റെ മകനെ. അവർക്കിൽ പോയി നിയ്യവനെ കൊണ്ടുവന്നാൽ എഴുദിവസത്തെ വിതുത്തുണ്ട് എൻകോവിക്കൽ കഴിഞ്ഞു പോകുന്നുണ്ടോ എന്നു കല്പിച്ചു തന്റെ നല്ലമ്മ. മേപ്പിണപ്പുറത്ത് ചെട്ടിയാന്റവിടെക്ക് എന്നിവെപോരുകന്നു എന്റെ നല്ലമ്മേ. വലതു കിടക്കുന്നു പെരുവഴിയേപ്പോയാലെ എന്റെ നല്ലമ്മേ, വലതിരിയോടൊക്കെ പൊന്നിരും എന്റെ മകനെ. ഇടതുമേൽ കിടക്കുന്ന പെരുവഴിയേപ്പോയാലോ എന്റെ നല്ലമ്മേ, ഇടത്തുവ പടിഞ്ഞാറയിൽ പോവഴിപ്പുറപ്പെ

ട്ടം. നേർവഴിയെ കിടക്കുന്ന പെരുവഴിയെപ്പോയാലൊ എന്റെ നല്ലമ്മേ, മേച്ചിലൊപ്പുറത്ത് ചെട്ടിയാരെന്റെ പൊന്നുംപോർപടികൾ നിവിരെ ചെന്നു വഴിപുറപ്പെട്ടു. കേട്ടുകൊണ്ടാലൊ എന്റെ നല്ലമ്മെ, കോവിലകം കടിപ്പിണോവിന്നു ഒന്നു പറഞ്ഞയച്ചാണ് എന്നു കല്പിച്ചു. ആയതിന്നു കേട്ടു നല്ലമ്മയുണ്ട്, കോവിലകം കടിപ്പിണോവിന്നു വിളിച്ചുകൂട്ടി വഴികാട്ടുവാനും യാത്രയാകുന്നു. പൊറ്റുരട്ടെ പൊറ്റുരട്ടെ എന്റെ കിഴക്കംകൊല്ലം നല്ലമ്മ. മേച്ചിലൊപ്പുറത്തും ഇം പൊറ്റുരട്ടെ എന്നു വഴിയാത്രയും വിടചൊന്നി പോകുന്നല്ലൊ എന്നു വഴിപുറപ്പെടാനും കാലമാകുന്നു. അപ്പടിയെയാവിധം ഓടി വരുന്നു. വെള്ളമുള്ളേടം കടന്നു വെള്ളമില്ലാത്തേടം ഓടിക്കടന്നു അപ്പുറവും അപ്പുറങ്ങോടിക്കടക്കുന്ന നേരത്ത് അപ്പോഴെ പറഞ്ഞു കോവിലകം കടിപ്പിണോവ്. ഇതാ കാണുന്നു മകനെ മേച്ചിലൊപ്പുറത്തു ചെട്ടിയാരെന്റെ പൊന്നുംപോർപടിയാകുന്നു. ആയതിന്നു കണ്ടു വടക്കംകൊല്ലത്തു പൊന്നുകന്നെണ്ട് ചെട്ടിയാരെന്റെ പൊന്നുംപോർപടി നോക്കി നിവിരെ വഴിപുറപ്പെട്ടു. കിഴക്കംകൊല്ലത്തു മകനെ കിഴക്കംകൊല്ലത്തു മകനെ എന്റെ നേർചങ്ങാതി എന്നു വിളിക്കുള്ളുന്നോരു നേരത്തു പെട്ടെന്നു വിളികേൾക്കുന്നു കിഴക്കംകൊല്ലത്തു തന്റെ നേർചങ്ങാതി. പടിവാതിൽ തള്ളി തുറന്നു തന്റെ ചങ്ങാതിയുടെ വലതുഭാഗത്തെക്ക നിവിരെ ചെന്നു വഴിപുറപ്പെടുന്നു. എന്തു എന്റെ ചങ്ങാതി ഇവന്നും വരിക്കെട്ടിയത് കേൾക്കട്ടെ എന്നു ചോദിച്ചു. ധർമ്മികളോടെ ചൂതാടി ചൂതിലും തോറ്റു ചൂതിന്നു പണയംവെപ്പാനില്ലായ്കകൊണ്ടു ചെറുകയറാലെ എന്നെ വരിക്കെട്ടി എന്റെ ചങ്ങാതി. ആയതിന്നു കേട്ടു നല്ല വടക്കംകൊല്ലത്ത് ചങ്ങാതിയുണ്ട്. കർക്കടിയിൽ കിടക്കുന്ന ആയസ്സൂറക്കത്തിയെടുത്ത് വരിക്കെട്ടിയ കയറിന്നു അറുത്ത് തന്റെ ചങ്ങാതിയുടെ കയ്യുംപിടിച്ചു ചെട്ടിയാരെന്റെ മുമ്പിൽ നിവിരെചെന്നു വഴിപുറപ്പെട്ട്. എന്റെ ചങ്ങാതി ചൂതിൽ തോറ്റാതെല്ലാം നിനക്കുവേണം എന്റെ ചെട്ടിയാരെ ഒരു തട്ടംചൂതും മണിപ്പലകയുമായി ചൂതാടേണം എന്നിക്ക എന്നു കല്പിച്ചു. എന്നതിന്നു കേട്ടു ചെട്ടിയാരെന്ന് ചൂതാട്ടംമണിപ്പലകയും ചൂതും കഴികിവെച്ചു ചൂതാടുന്നു. വടക്കോട്ട് അടിപ്പിച്ചു ചെട്

യാൻ തെളിപ്പിച്ചു ചെട്ടിയാൻ. അടിതെളി ആരാധനയും കഴിച്ചു വെളിച്ചിലുള്ള കളത്തിൽവെച്ചു. കിഴക്കും പടിഞ്ഞാറും ചെട്ടിയാന്മാരും പൊന്നകരും മായിരുന്ന് ചൂതാട്ടം പലക വലിച്ചുവെച്ചു ചൂതാട്ടം കയറിയെത്തി കളിക്കണമെടോ മകനെ ഇപ്പോൾ വന്ന പൊന്നകനെ എന്ന ചൊല്ലി ചെട്ടിയാന്മാർ. ആയതിനെ കേട്ട പൊന്നകനങ്ങ് പിടിവരകുപ്പിടുത്ത് കൈകപിടിച്ചു കൈവരകുപ്പൂതെടുത്തു കളി തുടങ്ങി. അച്ചൂതിലും അച്ചുരക്കപ്പുറയിൽ പോർ തോറു പോർ പിഴച്ചു വടക്കനെകൊല്ലും പോണൊരുങ്ങി പൊന്നകൻ. ആ ചൂതുംകരുവരെയെട്ടു നീക്കിവെച്ചു ഇതിവിടെ സമസ്വാതിചൂതായിരിക്കട്ടെ എന്നെന്റെ മകനെ. മൂന്നാമതെ തട്ടും കയറിയെത്തി കൈവരകുപ്പൂതെടുത്തു കൈപിടിച്ചു. പിടിവരകുപ്പൂതെടുത്തു കളിതുടങ്ങി. ആ ചൂതിലും അച്ചുരകപ്പുറമിലും പോർതോറു പോർപിഴച്ചു വടക്കനെകൊല്ലുത്തു പൊന്നകൻ. ആ തട്ടുംമണിപ്പലക ഗണപതിച്ചൂതാക്കി മാറ്റിയെട്ടു മാറ്റിവെച്ചു. പൂതനാമനാലാംതട്ടും കയറിയെത്തി കൈവരകുപ്പൂതിളക്കി കളി തുടങ്ങി അച്ചൂതിലും അച്ചുരക്കപ്പുറമിലും പോർതോറു പോർപിഴച്ചു വടക്കനെകൊല്ലുത്തു പോണൊരുങ്ങി പൊന്നകൻ. വെയ്യന്തെടാ വെയ്യന്തെടാ ഇപ്പോൾ വന്ന പൊന്നകനെ ചൂതിനടുത്ത പണയം പലതും വെച്ചു എന്നതിനെ കേട്ട പോണൊരുങ്ങി പൊന്നകൻ, നിറുകക് നേർപ്പാതി നൊനിക നൊനിപ്പട്ടും ചൂതിന പണയമാക്കികൊടുത്തു പൊന്നകൻ. ആ തട്ടും മണിപ്പലക അതങ്ങെട്ടു മാറ്റിവെച്ചു. പിടിവരകുപ്പൂതിളക്കി കളി തുടങ്ങുന്നോരു നേരത്ത് അച്ചൂതിലും അച്ചുരക്കപ്പുറമിലും പോർതോറു പോർപിഴച്ചു പോണൊരുങ്ങി പൊന്നകൻ. വെയ്യന്തെടാ വെയ്യന്തെടാ ഇപ്പോൾ വന്ന പൊന്നകനെ ചൂതിനടുത്ത പണയം പലതും വെക്ക് എന്ന കല്പിച്ചു. കഴുത്തിനു കഴലമ്മത മാറിന മാർത്താലി ചൂതിന പണയമാക്കികൊടുത്തു പൊന്നകൻ. ആ തട്ടുകരുവരെയെട്ടു മാറ്റിവെച്ചു ചെട്ടിയാൻ. അഞ്ചാമതാന്തട്ടുംകയ നിരത്തിപ്പൊന്നകൻ, കൈവരകുപ്പു നീക്കിക്കളിതുടങ്ങുന്ന നേരത്ത് കളിപ്പനകരുവെട്ടി ചെട്ടിയാൻ നീക്കിന കരു തട്ടുത്തു ചെട്ടിയാൻ. അച്ചൂതിലും അച്ചുരക്കപ്പുറമിലും പോർതോറു പോർപിഴച്ചു പൊന്നകന്. വെയ്യന്തെടാ വെയ്യന്തെടാ ഇപ്പോൾ വ

ന്നു പൊന്നുകനേ. എന്നതിനെ കേട്ടു പൊന്നുകനനു് കയ്യിലുള്ള കനകവള വിരൽ ചുറ്റിരു മണിമോതിരം ചൂതിനു പണയമാക്കിക്കൊടുത്തു. ആ ആഭരണങ്ങളൊക്കെ നീക്കിവെച്ചു ചെട്ടിയാർ. നാലുമൂന്നേഴാമരനാഴികനേരത്തും കരു നിരത്തി കളിതുടങ്ങുമ്പോഴേ നാലു് ചൂതിലും തോറ്റു പൊന്നുകൻ ചൂതിനു പണയംവെപ്പാനില്ലാത്തതുകൊണ്ടു് അമ്പരിക്കുന്ന ചോണാട്ടുണ്ണി പൊന്നുകൻ. അപ്പോൾ ചോദിച്ചു പൊന്നുകൻ, ചൂതിനൊന്നും ഇല്ലെങ്കിൽ പൊന്നുകരേനില്ല മാലവെച്ചു മങ്കഴൽമുടി ദേവിയാളെ പണയമെഴുതിയാണ് എന്റെ മകനെ. അല്ലെങ്കിൽ ചൂടിക്കയറാലെ ചിത്രമണിത്തൂണിനോടു് ഞാൻ വരിഞ്ഞുകെട്ടും എന്നു ചൊല്ലി ചെല്ലിങ്ങാപ്പോരത്തു ചെട്ടിയാനപ്പോൾ. എന്നതിനെ കേട്ടു വട്ടകെക്കൊല്ലുന്നു പൊന്നുകൻ. താൻ മാലവെച്ചു ദേവിയാളെ പണയമെഴുതാതെകണ്ടു് മായിക്കാനായനേരത്തു് വലതിരിയവണ്ണോടകനണ്ടു് നില്ലിവിടെയിരുന്നുകൊണ്ടാലുമെന്റെ മകനെ. താഴെ തട്ടി മീതെ പാഞ്ഞിളച്ചു വണ്ണോടകൻ ദേവിയിരിപ്പേടത്തു നിവിരെച്ചെന്നു വഴിപ്പെട്ടു. നിയ്യിനി വട്ടംപൂണ്ടു പടപൊരുതിയിരുന്നുകൊണ്ടാലും നിന്റെ മത്തായിനെ ചെട്ടിയാനോടു ചൂതാടി ചൂതിലുംതോറ്റു ചൂതിനുപണയമെല്ലാം വെപ്പാനില്ലായ്കകൊണ്ടു ചെറുകയറാലെ വരിഞ്ഞുകെട്ടുവാൻ തുനിഞ്ഞു നില്ക്കുന്നു ചെട്ടിയാൻ അതുതന്നെ കേട്ടു ദേവിയാളുണ്ട്, എട്ടുകെട്ടിയ മേത്തിലുള്ള കൽപതിച്ച നാഗം പോർമണിമോതിരം ഊരിക്കൊടുത്തു. ഈ മോതിരം തന്താവിന്റെ കയ്യിലെത്തു തക്കവണ്ണമാക്കി ചൂതാടുവാൻ ചൊല്ലിക്കൊള്ളു എന്റെ വണ്ണോടക. വണ്ണോടകനിക്കൽ ഊരിക്കൊടുത്തു. ഇട്ടിരിപ്പാൻ നാൽവിരൽ നറുക്കോലയും കൊടുത്തയച്ചു. ആകാലമാഗത്തു പാഞ്ഞിവള്ളച്ചു തന്താവിന്റെ ഉലമാളികവന്നു വഴിപ്പെട്ടു. ചെട്ടിയാൻകണ്ടോരു മണിമോതിരവും പോർമണിച്ചു നറുക്കിനോലയും ഇട്ടിരുന്നു തക്കവണ്ണമായി മറ്റംപ ചൂതിനൊന്നു പടപൊരുതുവാനായി തുടങ്ങിയിരിക്കുന്നു.

(തുടരും)

കാലനിൎണ്ണയം

പ്രാചീനഹിന്തുക്കളുടെ ഗവേഷണസാമൎത്ഥ്യം മനസ്സിലാക്കുന്നതിനു നമ്മുടെ ശാസ്ത്രങ്ങളിൽ ഒളിച്ചുകിടക്കുന്ന ഓരോ തത്വങ്ങളും വളരെ സഹായിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഇതിനെ തെളിയിക്കുന്നതിനു ഹിന്തുക്കളുടെ ജ്യോതിശ്ശാസ്ത്രത്തിലടങ്ങിയിരിക്കുന്ന ചില സംഗതികളെ ഉദാഹരണമായി എടുത്തുകാണിക്കാം. ജ്യോതിശ്ശാസ്ത്രത്തിലെ ഏറ്റവും പ്രധാനമായ ഒരു ഭാഗം കാലനിൎണ്ണയമാണ്. ഇപ്പോഴും കണ്ടുവരുന്ന കാലവ്യവസ്ഥ ഇതേ നിലയിൽ ഏൎപ്പെട്ടുവരുവാനുണ്ടായ കാരണം എന്തെന്നുള്ള വിചിന്തനം ജ്യോതിഷത്തിലെ രസകരമായ ഒരു വിഷയമാണ്. ഇതിനു ഹിന്തുക്കൾ പണ്ടു തന്നെ കണ്ടുപിടിച്ചിട്ടുള്ള ചില വഴികൾ ചുരുക്കത്തിൽ ഇവിടെ വിവരിക്കാം. ഇതിൽനിന്നു പ്രാചീനഹിന്തുക്കളുടെ സൂക്ഷ്മജ്ഞാനശക്തി വ്യക്തമാകാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ആഴ്ചവട്ടം

ആഴ്ചകൾ എങ്ങിനെ ഉണ്ടായി എന്ന ചോദ്യത്തിനു [illegible]ശികളാണ് ആഴ്ചകൾ ഉണ്ടാക്കീട്ടുള്ളതെന്നാണു ഹിന്തുക്കൾ പറയുന്ന സമാധാനം. സൃഷ്ടി തുടങ്ങിയ ആദ്യത്തെ ദിവസം സൂൎയ്യൻ ഉദിച്ചപ്പോൾ സൂൎയ്യന് ഒന്നാമത്തെ ദിവസത്തെ ആദ്യത്തെ രണ്ടര നാഴിക (ഹോര) സമയത്തിന്മേൽ ശക്തിയും അധികാരവും കൊടുത്തു. ആ ദിവസത്തിനു ആദിവാരം എന്നാണു പേര്. അതായതു സൃഷ്ടിയുടെ ഒന്നാമത്തെ ദിവസം എന്നൎത്ഥം. പിന്നെ ശുക്രൻ, ബുധൻ, ചന്ദ്രൻ, ശനി, ഗുരു, കുജൻ ഇവർ ക്രമേണ വന്നു. ഇവർ ഓരോരുത്തൎക്കും രണ്ടര നാഴിക (ഒരു ഹോര) വീതം സമയത്തിന്മേൽ അധികാരവും ശക്തിയും കൊടുത്തു. ഇങ്ങിനെ ഏഴു ഹോര അതായതു പതിനേഴര നാഴിക കഴിഞ്ഞപ്പോൾ എട്ടാമത്തെ ഹോര വീണ്ടും സൂൎയ്യനുതന്നെ കിട്ടി. പിന്നെ ക്രമേണ 9-ാം ഹോര ശുക്രനും, 10-ാം ഹോര ബുധനും എന്ന ക്രമത്തിൽ (ക്രമം:-രവി, ശുക്രൻ, ബുധൻ, ചന്ദ്രൻ, ശനി, ഗുരു, കുജൻ-എന്നാണ്) 14-ാം ഹോരയെ

ദയം, പിന്നെ 15-ാം ഹോരയ്ക്കു വീണ്ടും രവി, ശുക്രൻ, ബുധൻ തുടങ്ങിയവർ 21-ാം ഹോരവരെയും അധിപന്മാരാകുന്നു. 22-ാം ഹോര വീണ്ടും സൂര്യന്റെ കാലമായിരിക്കും. ഒരു ദിവസത്തെ ഇപ്രകാരം ആകെ 24 ഹോരയാണുള്ളത്. ഈ ക്രമത്തിൽ ബുധനോടുകൂടി 24-ാമത്തെ ഹോര അവസാനിക്കുന്നു. അതോടുകൂടി ആ ദിവസവും അവസാനിക്കുന്നു. പിറ്റെ ദിവസത്തെ ഒന്നാമത്തെ ഹോര മേല്പടി ക്രമപ്രകാരം ചന്ദ്രന്റെതാണ്. അതുകൊണ്ടു രണ്ടാം ദിവസത്തെ ആദ്യത്തെ ഹോരാകർത്താവായ ചന്ദ്രന്റെ ദിവസം അല്ലെങ്കിൽ സോമവാരം (ചന്ദ്രവാരം) എന്ന പേര് രണ്ടാം ദിവസത്തിന്നും കിട്ടി. രണ്ടാം ദിവസവും ഇരുപത്തിനാലു ഹോരകളും ഓരോ ഗ്രഹങ്ങൾക്കു ഭാഗിച്ചുകൊടുത്താൽ 3-ാം ദിവസം ആദ്യത്തെ ഹോര കുജന്റേതായി വരും. ഇങ്ങിനെ ഏഴു ദിവസവും ഓരോ ആഴ്ചയുടെ അധിപന്മാരായ ഗ്രഹങ്ങൾക്കു ആദ്യത്തെ ഹോര കിട്ടുന്നു. എട്ടാം ദിവസം വീണ്ടും ആദ്യത്തെ ഹോരാധിപൻ സൂര്യനാകുന്നു. ഇങ്ങിനെയാണ ആഴ്ചകൾ ഉണ്ടായത്. ആഴ്ചകളുടെ ഉത്ഭവത്തെപ്പററി ഹിന്തുക്കൾക്കല്ലാതെ മററൊരു സമുദായക്കാർക്കും ശരിയായി കാണുകയില്ല. മററുള്ളവർക്ക് ഈ തത്വം ഹിന്തുക്കളോടു കിട്ടിയതാണ്, താഴെ കൊടുക്കുന്ന പട്ടികയിൽനിന്ന് ഇതു വെളിപ്പെടും.

ഞായർ 1, സൂര്യൻ (1) 8 15 22 29 36 43 50 57 64 71 78 85 92 99 106 113 120 127 134 141 148 155 162 (169)
വെള്ളി 2, ശുക്രൻ 2 9 16 23 30 37 44 51 58 65 72 79 86 93 100 107 114 (121) 128 135 142 149 156 163
ബുധൻ 3, ബുധൻ 3 10 17 24 31 38 45 52 59 66 (73) 80 87 94 101 108 115 122 129 136 143 150 157 164
തിങ്കൾ 4, ചന്ദ്രൻ 4 11 18 (25) 32 39 46 53 60 67 74 81 88 95 102 109 116 123 130 137 144 151 158 165
ശനി 5, മന്ദൻ 5 12 19 26 33 40 47 54 61 68 75 82 89 96 103 110 117 124 131 138 (145) 152 159 166
വ്യാഴം 6, ഗുരു 6 13 20 27 34 41 48 55 62 69 76 83 90 (97) 104 111 118 125 132 139 146 153 160 167
ചൊവ്വ 7, കുജൻ 7 14 21 28 35 42 (49) 56 63 70 77 84 91 98 105 112 119 126 133 140 147 154 161 168

ആഴ്ചയിൽ അടങ്ങിയ ഏഴു ദിവസത്തിനുംകൂടി 168 ഹോരയാണല്ലോ ഉള്ളത്. മേൽപ്പട്ടികപ്രകാരം ഗണിക്കുന്നതായാൽ 1 — 25 — 49 — 73 — 97, 121, 145, ഈ ഏഴു ഹോരകൾ ക്രമത്തിൽ ഞായർ ദിവസത്തെ തുടർന്ന് ആഴ്ചയിലെ ഓരോ ദിവസങ്ങളാകുന്നു. 169, ആമത്തെയും അടുത്ത ആഴ്ചയിലെ ഒന്നാമത്തെ ഹോര വീണ്ടും സൂര്യന്റേതായി ഭവിക്കുന്നു. ഇതിനെ ക്രമേണ വീണ്ടും ഓരോ ആഴ്ചകൾ ഉണ്ടാകുന്നു.

സമയവിഭാഗം

ഒരു ദിവസത്തെ നാഴിക എന്ന പേരോടുകൂടി 60 സമഭാഗങ്ങളായി ഭാഗിച്ചിരിക്കുന്നു. ഇംഗ്ലീഷ് കണക്കുപ്രകാരം 24 മണിക്കൂറിനു സമം നാഴികയാണ്. നാഴികയെ വീണ്ടും 60 വിനാഴികയായി വിഭാഗിച്ചിരിക്കുന്നു. രണ്ടര വിനാഴികയെ ഒരു മിനിട്ടെന്നു പറയുന്നു. സമയത്തെ ഇത്ര ഭാഗിച്ചാൽ വ്യാവഹാരികത്തിനു മതിയാകുമെങ്കിലും ഗണിതത്തിൽ അതേതരം പിഴവു വരാതെ കഴിപ്പാൻ ജ്യോതിഷക്കാർ സമയത്തെ ഇനിയും ചെറിയ ഭാഗങ്ങളായി ഭാഗിച്ചിട്ടുണ്ട്. പാശ്ചാത്യരുടെ കണക്കുപ്രകാരം ഒരു ദിവസം എന്നതു 24 മണിക്കൂറു 60 മിനിട്ട് 60 സെക്കന്റു അല്ലെങ്കിൽ 84600 സെക്കന്റാണ്. ജ്യോതിഷക്കാരുടെ കണക്കുപ്രകാരം ഇങ്ങിനെയാകുന്നു—

ഒരു ദിവസം = 60 നാഴിക
1 നാഴിക = 60 വിനാഴിക
1 വിനാഴിക = 60 ലിപ്ത
1 ലിപ്ത = 60 വിലിപ്ത
1 വിലിപ്ത = 60 പര
1 പര = 60 തല്പര

അതായതു ഒരു ദിവസത്തിനു (60 × 60 × 60 × 60 × 60 × 60) 46,656000000 തല്പരകളുണ്ടെന്നു സാരം. പാശ്ചാത്യന്മാർ ഒരു ദിവസത്തെ അഞ്ചു സ്ഥാനങ്ങളായേ വിഭജിക്കാൻ സാധിച്ചിട്ടുള്ളു. ജ്യോതിഷക്കാർ ആയതു പതിനൊന്നു സ്ഥാനത്തോളം ഭാഗിച്ചിരിക്കുന്നു. സമയത്തിന്റെ ഇത്ര ചെറിയ ഭാഗങ്ങളുംകൂടി കണ്ടെത്തിയ ജ്യോതിശാസ്ത്രജ്ഞന്മാരുടെ കണക്കുകൾ ഒരു പ്രകാരത്തിലും തെറ്റുവാൻ ന്യായമില്ല.

യൻ ഉദ്യോഗത്തിലിരുന്ന മാർസ്ഡൻ ഇപ്രകാരം പറയുന്നു: "എൻെറ ഭരണത്തിൻകീഴിലുള്ള ജില്ലയിൽ എണ്ണായിരത്തിലധികം സ്ത്രീപുരുഷന്മാരുണ്ട്. ഇവരിൽ മുപ്പതു വയസ്സിനു മുമ്പു വിവാഹം കഴിയാത്ത പത്തു പേരെ കാണുമോ എന്നു വളരെ സംശയമാണ്". വിവാഹത്തിലഭിരുചി കാട്ടാത്തവരെ എത്രയോ നിസ്സാരന്മാരായും, പരിഹാസ്യന്മാരായുമാണ് അപരിഷ്കൃതർ കരുതിവരുന്നത്. 'സൻടാൽ' വർഗ്ഗത്തിൽ "അവിവാഹിതനായ ഒരുവനെ സ്ത്രീപുരുഷന്മാർ ഒരുപോലെ വെറുക്കുന്നു. അവനെ കള്ളനെന്നോ, ക്ഷുദ്രപ്രയോഗിയുടെയോ നിലയിലാണു കരുതിവരുന്നത്. അവനെ മനുഷ്യവർഗ്ഗത്തിൽപ്പെട്ടവനായിത്തന്നെ ഗണിക്കുകയുമില്ല." കാപ്പിരികളുടെ സങ്കേതങ്ങളിൽ നിത്യബ്രഹ്മചാരികൾക്കു പ്രവേശമില്ല. അവിവാഹിതനായി മരിച്ച ഒരുവൻെറ ആത്മാവിനു സ്വർഗ്ഗപ്രവേശമില്ലെന്നാണു ഫിജിദ്വീപുകാരുടെ വിശ്വാസം. ഇങ്ങിനെ ചില ഉദാഹരണങ്ങൾകൊണ്ടു ബ്രഹ്മചര്യം വളരെ നികൃഷ്ടമായിട്ടാണു പരിഷ്കാരമില്ലാത്തവർ കരുതിവരുന്നതെന്നു തീർച്ചയാക്കാമല്ലോ.

പരിഷ്കൃതരിൽത്തന്നെ ബ്രഹ്മചര്യം പരിഷ്കാരത്തിനു് എത്രമാത്രം ആശ്രയിച്ചുനില്ക്കുന്നതായിക്കാണാം. അതായതു പരിഷ്കാരം കൂടുന്ന കൂട്ടിലാണു ബ്രഹ്മചര്യവും കണ്ടുവരുന്നത്. പരിഷ്കാരശിഖരത്തെ പ്രാപിച്ച പാശ്ചാത്യരാജ്യങ്ങളിൽ പണ്ഡിതന്മാർ, ശാസ്ത്രജ്ഞന്മാരുടെയും, അവിവാഹിതരുടെയും സംഖ്യ വർദ്ധിച്ചുവരുന്നുവെന്നു കണക്കുകൾ തെളിയിക്കുന്നുണ്ട്. എന്നാൽ തീരെ കാടന്മാരല്ലെന്നും, അർദ്ധപരിഷ്കൃതന്മാരെന്നും കരുതിപ്പോരുന്നവരും സമ്മതിക്കുന്ന ചൈനാ, ഇന്ത്യ, ഈജിപ്ത് എന്നീ രാജ്യങ്ങളിലെ നിവാസികളുടെയിടയിൽ നിത്യബ്രഹ്മചര്യം കുറവായിട്ടാണു കാണുന്നത്. 'പെറുവ്' എന്ന ദിക്കിൽ വിവാഹം കഴിക്കാത്ത പുരുഷനെ 'ചെറ്റ'യെന്നു വിളിക്കുമത്രെ! ചീനരാജ്യത്തു വിവാഹത്തിനു മുമ്പു മരിക്കുന്നതു വലിയ കഷ്ടമായിട്ടാണു കരുതിവരുന്നത്. ഇപ്രകാരം മരിച്ചുപോകുന്നവരുടെ ആത്മാവിനു (മരണശേഷം) ഒരു വിവാഹം നടത്താറുണ്ടത്രെ. ഹിന്ദുജാതിക്കാരുടെയിടയിൽ "മക്കളില്ലാത്തവൻ മനുഷ്യനല്ല" എന്നൊരു പഴമൊഴി കൂടിയുണ്ട്. ഇവർ വിവാഹത്തെ കൊണ്ടെപ്പോഴും

ണ്ടു വിവാഹം ഒരു മതാനുഷ്ഠാനമായിട്ടാണു കരുതിവരുന്നത്. ഹിന്ദുമതപ്രകാരം വിവാഹം പതിനാറാമത്തെ 'സംസ്കാര'മായിട്ടാണു ഗണിക്കുന്നത്. ഇഹത്തിലും പരത്തിലും ഗതിക്കത്യാവശ്യമായ ഒരു പുത്രലാഭ ഉദ്ദേശ്യത്തോടുകൂടിയാണ് വിവാഹം. "ഒരു ഭാര്യയെ ലഭിക്കുന്നതു വംശപുത്രനെ ലഭിക്കുവാൻ മാത്രമാണ്" എന്നു ബ്രഹ്മധർമ്മത്തിൽ പറയുന്നുണ്ട്. പുരാതന അഥേനിയക്കാരുടെയിടയിൽ വിവാഹം ഒരു രാജകാര്യമായി കരുതിവന്നിരുന്നു. വിവാഹം ചെയ്യാത്തവരുടെ പേരിൽ ക്രിമിനൽ നടപടി നടത്താമെന്നു സ്പാർട്ടയിലൊരു നിയമമുണ്ടായിരുന്നുവത്രേ. 'സോളൻ' എന്ന പ്രസിദ്ധ നിയമജ്ഞന്റെ കാലത്തു വിവാഹം രാജ്യഭരണവിഷയങ്ങളിൽപ്പെട്ട ഒന്നായിരുന്നു. ഇപ്രകാരം തന്നെ പഴയ റോമസാമ്രാജ്യത്തിൽ ബ്രഹ്മചാരികൾ ഒരു പ്രത്യേകനികുതി കൊടുക്കേണ്ടിവന്നിരുന്നു. മേൽ പ്രസ്താവിച്ച സംഗതികളിൽനിന്നു വിവാഹം മനുഷ്യനത്യാവശ്യമായ ഒരു കർമ്മമാണെന്നും, ബ്രഹ്മചര്യം നിഷിദ്ധവും വർജ്ജ്യവുമാണെന്നുമാണു നമ്മുടെ പൂർവ്വികന്മാരുടെയും ഇപ്പോൾ ഉള്ള അനവധി ആളുകളുടെയും വിശ്വാസമെന്നു വിശദമാകുന്നുണ്ടല്ലോ. കാര്യം ഇങ്ങിനെയാണെങ്കിൽ നിത്യബ്രഹ്മചര്യത്തിനിത്ര മഹിമ നൽകുന്നതു ചില മതക്കാരുടെയിടയിൽ എന്തുകൊണ്ടാണെന്നു കല്പിച്ചുവരുന്നതെന്നൊരു ചോദ്യത്തിനവകാശമുണ്ട്. ഇതിനു മറുപടി പറയുന്നതിനു മുമ്പ് ബ്രഹ്മചര്യത്തിനുള്ള ചില കാരണങ്ങൾ എടുത്തു പറയുവാൻ ശ്രമിക്കാം. 1. ആദ്യമായി പറയേണ്ടത് അംഗഭംഗം, ജന്മനാൽത്തന്നെയുള്ള മററു ചില വൈകല്യങ്ങൾ എന്നിവയാണ്. വിവാഹം അത്യാവശ്യമാണെന്നും, ബ്രഹ്മചാരികൾ ഹീനന്മാരാണെന്നും വാദിക്കുന്ന കൂട്ടരിൽ തന്നെ അംഗഭംഗം, അന്ധത്വം മുതലായ ന്യൂനതകൾ ഉള്ളവർ മിക്കവാറും വിവാഹം ചെയ്യാതെതന്നെ കാലം കഴിച്ചുകൂട്ടേണ്ടിവരുന്നുണ്ട്. 2. ലോകത്തിൽ ചില സ്ഥലങ്ങളിൽ നടന്നുവരുന്ന ബഹുഭാര്യാത്വമാണു വേറൊരു കാരണം. ഒരാൾക്ക് ഒന്നിലധികം സ്ത്രീകളെ വിവാഹം കഴിക്കുന്നതിൽ വിരോധമില്ലെന്നു വരുന്നപക്ഷം, ആ കൂട്ടത്തിൽ നിർദ്ധനന്മാർക്കു സ്ത്രീകളെ കിട്ടുവാൻ കുറച്ചു ബുദ്ധിമുട്ടുണ്ടാവാറുണ്ടതു സാധാരണയാണ്. 'മെക്കിൻ' ദ്വീപിൽ ഇന്നും നിർദ്ധനന്മാ

ളായ യുവാക്കന്മാർക്ക് ഭാര്യമാരെ കിട്ടുവാൻ വളരെ പ്രയാസമുണ്ട്. ഇതിനുള്ള കാരണം ആ സ്ഥലത്തു നടപ്പുള്ള ബഹുഭാര്യത്വസമ്പ്രദായവും, തന്നിമിത്തം സ്ത്രീകളിൽ ഭൂരിപക്ഷം ധനവാന്മാരുടെ ഭാര്യമാരാവുകയുമാണ്. ഇതേകാരണം ഹേതുവായി ആസ്ത്രേലിയയിലെ ചില നിവാസികളുടെയിടയിലും, കപ്പിൻ ഇന്ത്യർ, ഡഗോബ, ഷ്ളിക്കറ് എന്നീ വർഗ്ഗക്കാരിലും, സെഡ്ഡാൻ, മൈക്രോനീസിയാ, ലിഫ് എന്നീ രാജ്യങ്ങളിലും സാധുക്കളായവർക്ക് ഇഷ്ടപ്രകാരം സ്ത്രീകളെ കിട്ടുന്നില്ലെന്ന യോഗ്യന്മാരായ ചില ദേശസഞ്ചാരികൾ പറയുന്നുണ്ട്. 3. മൂന്നാമതായി പറയേണ്ട കാരണം ധനസ്ഥിതിയാണ്. ദാരിദ്ര്യം നിമിത്തം ആജീവനാന്തമോ, കുറച്ചധികകാലത്തേക്കോ ബ്രഹ്മചര്യം സ്വീകരിച്ചിരിക്കുന്നവർ ഇന്നും ധാരാളമുണ്ട്. ചില അപരിഷ്കൃതന്മാരുടെയിടയിലും ഈ കാരണംകൊണ്ടു ചിലർ അഭാര്യന്മാരായിരിക്കേണ്ടിവരുന്നുണ്ട്. ഭാര്യയെ വില കൊടുത്തു വാങ്ങുന്ന സമ്പ്രദായം നിലനില്ക്കുന്ന സ്ഥലങ്ങളിൽ മര്യാദപ്രകാരമുള്ള സംഖ്യ കൊടുപ്പാൻ സാധിക്കാത്തവർക്ക് ഗത്യന്തരമില്ല. 'സലു' വർഗ്ഗത്തിൽ "കന്നാലി ധാരാളമില്ലാത്തവനു ഭാര്യാപരിഗ്രഹിക്കുവാൻ അനവധി സംവത്സരം കഴിയേണ്ടിവരുന്നു." വടക്കെ ഇന്ത്യയിലെ 'കാസ്' വർഗ്ഗക്കാർ ഭാര്യയെ സ്വന്തമായി താമസിപ്പിക്കുവാനുള്ള മുതൽ സമ്പാദിക്കുന്നതുവരെ വിവാഹം ചെയ്യാറില്ല. (4) ഇക്കാലത്തു ബ്രഹ്മചാരികളുടെ സംഖ്യ വർദ്ധിക്കുന്ന കാരണത്തിനുള്ള മുഖ്യകാരണം, കാലോചിതമായി ഒരു കുടുംബത്തെ രക്ഷിച്ചുകൊണ്ടുപോകുവാനുള്ള വലിയ ചിലവാണ്. കാനേഷുമാരി കണക്കുകൾപ്രകാരം ഒരു രാജ്യത്ത് ആകമാനമായി വല്ല ദുർഭിക്ഷമോ, ക്ഷാമമോ, മുതൽനാശമോ, കച്ചവടനഷ്ടമോ സംഭവിച്ച കൊല്ലങ്ങളിൽ നടക്കുന്ന വിവാഹങ്ങളുടെ എണ്ണം ഇവയൊന്നുമില്ലാതെയുള്ള കാലത്തുള്ളതിൽ എത്രയോ കുറവായാണു കാണുന്നത്. നേരെമറിച്ച് രാജ്യത്തിന്നു എല്ലാവിധത്തിലും സുഭിക്ഷം നേരിടുന്നതായാൽ ആ കാലത്തു സാധാരണയിലധികം വിവാഹങ്ങളും നടന്നുവരാറുണ്ട്. ഇതു പരിഷ്കാരത്തിന്റെ ഒരു വൈചിത്ര്യമാണ്. പണ്ടുകാലത്തു ഭാര്യയേയും, അവളിൽനിന്നുണ്ടാവുന്ന സന്തതികളേയും സംരക്ഷിപ്പാ

ന്നുള്ള ശേഷി വേണ്ടവണ്ണമില്ലാതിരുന്നിട്ടും വിവാഹകാൎയ്യത്തിൽ മനുഷ്യർ അത്ര വിമുഖരായിരുന്നില്ല. എന്തെന്നാൽ, ആ കാലങ്ങളിൽ പുരുഷന്മാർ 'നിത്യവൃത്തി'ക്കായി ചെയ്തുവന്നിരുന്ന ജോലികളിൽ ഭാൎയ്യമാരും സഹായിച്ചിരുന്നു. കൃഷി, കൈത്തൊഴിൽ മുതലായ പ്രവൃത്തികളിൽ പുരുഷന്മാരെ അവരുടെ ഭാൎയ്യമാർ സഹായിക്കാവുന്നതാണല്ലോ. എന്നാൽ ഇക്കാലത്തു പുരുഷന്മാർ സാധാരണയായി പ്രവേശിക്കുന്ന ജോലികളിൽ (ഗവൎമ്മെണ്ടുദ്യോഗം മുതലായത്) അവരുടെ ഭാൎയ്യമാരുടെ യാതൊരു സഹായത്തിന്നും തരമില്ല. ഇതുകാരണം ഇക്കാലത്ത് അവൎക്കു വേണ്ടി ചിലവിടുകയല്ലാതെ അവരെക്കൊണ്ടു യാതൊരു ഗുണവും പുരുഷന്മാൎക്കു സിദ്ധിക്കുന്നില്ല. ഇപ്രകാരം ചിലവിടുവാൻ ത്രാണിയുണ്ടാവുന്നതുവരെ ബ്രഹ്മചൎയ്യവ്രതമനുഷ്ഠിക്കാതെ തരമില്ല. 5. മാനസികമായി ഇക്കാലത്തുള്ള വലിയ പരിഷ്കാരം മൂലം വിവാഹവിഷയത്തിൽ മനുഷ്യനുള്ള ആസക്തി കുറഞ്ഞിരിക്കുന്നുവെന്നൊരു കാരണം ചിലർ പറയുന്നുണ്ട്. ഇതത്ര ശരിയാണെന്നു തോന്നുന്നില്ല. മൃഗങ്ങളിൽ തന്നെ ബുദ്ധി കുറഞ്ഞവയിലാണു വിഷയാസക്തി വൎദ്ധിച്ചുകാണുന്നതെന്നും (കഴുത, പോത്ത്-ഉദാഹരണം), മനുഷ്യരിൽ ബുദ്ധിശക്തി കുറഞ്ഞവൎക്കു ബുദ്ധിമാന്മാൎക്കാൾ 'സ്ത്രീഭ്രാന്ത്' അധികമാണെന്നും, അതുനിമിത്തം ബുദ്ധിക്കു വല്ലവിധവും പരിഷ്കാരവും വികാസവും വൎദ്ധിക്കുന്നതായാൽ ഈ വിഷയത്തിൽ അഭിരുചി കുറയുമെന്നനുമിക്കാവുന്നതാണെന്നുമാണ് ഈ കൂട്ടരുടെ വാദം. മാനസികപരിഷ്കാരം വൎദ്ധിക്കുന്തോറും സ്ത്രീവിഷയത്തിൽ ലയിക്കാതെ മനസ്സിനെയും, ആസക്തിയെയും അടക്കിവെപ്പാനുള്ള ശക്തിയുണ്ടാവുമെന്നല്ലാതെ, വിവാഹകാൎയ്യത്തിൽ നിന്നു മനുഷ്യനെ അതു തീരെ പിന്മാറ്റിനിൎത്തുമെന്നു പറഞ്ഞുകൂടാ. 6. ഈ കാരണമാണു വളരെ പ്രധാനമായത്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള സംയോഗത്തിൽ എന്തോ ഒരശുദ്ധിയുണ്ടെന്നും, വിവാഹത്തിൽ ഒരു പാപാംശമുണ്ടെന്നും ചിലൎക്കൊരു തെറ്റിദ്ധാരണയുണ്ട്. ഈ അന്ധവിശ്വാസം നിമിത്തം വളരെ ജനങ്ങൾ നിത്യബ്രഹ്മചൎയ്യവ്രതവും, വളരെ സ്ത്രീകൾ നിത്യകന്യകാവ്രതവും സ്വീകരിച്ചുവരുന്നുണ്ട്. വിവാഹം ഒരു പാപകൎമ്മമായി ഏതൊരു മതത്തിലും

പറഞ്ഞിട്ടില്ല. വിഷയത്തിലത്യാസക്തി മാത്രമേ ദൂഷ്യമായി വിധിച്ചിട്ടുള്ളു. ബുദ്ധമതക്കാരാണ് ഈവിധം വിശ്വസിച്ചുവരുന്നവരിൽ അധികപക്ഷക്കാരും. ഈ വിശ്വാസം കാരണം ദൈവപ്രീതി, സന്തതിയോടുകൂടിയ ജീവിതം, പുണ്യകർമ്മത്തിലുള്ള അഭിരുചി എന്നിവയെ ആശ്രയിച്ചു വളരെ പുരുഷന്മാരും സ്ത്രീകളും വിവാഹം കഴിക്കാതെ തന്നെ ജീവിതം കഴിച്ചുകൂട്ടുന്നുണ്ട്. ഈ വിശ്വാസമാണ് ക്രിസ്തുമതക്കാരിലും കണ്ടുവരുന്ന ചില മതപ്രധാനികളുടെ വിവാഹവൈമുഖ്യത്തിന്നു കാരണം.

ഒടുവിൽ പറഞ്ഞ കാരണംതന്നെയാണ ബ്രഹ്മചര്യത്തിന്ന് ഉൽകൃഷ്ടപദവി കൊടുത്തിട്ടുള്ളത്. നിത്യബ്രഹ്മചര്യമോ, നിത്യകന്യകാത്വമോ മതപ്രകാരം ആചരിക്കേണ്ടതാവശ്യമാണെന്നു വിശ്വസിക്കുമ്പോഴും, അനാവശ്യ നൈഷ്ഠികതകളെ വെടിച്ചും ആ വ്രതത്തെ മറ്റുംപോലെ ആചരിക്കുന്ന ഒരാളെ നിത്യം ബഹുമാനിക്കുന്നതല്ലല്ലോ. മനുഷ്യജീവിതവികാസത്തിൽ ബ്രഹ്മചര്യം (അല്ലെങ്കിൽ കന്യകാത്വം) എന്നൊരു പ്രത്യേകകാലം തീരെ യാവശ്യമാണെന്നല്ലാതെ, നിത്യബ്രഹ്മചര്യം ആചരിക്കുന്നതാണ് ഉയർന്ന ധർമ്മമെന്നും വിവാഹം പാപകർമ്മമാണെന്നോ പറയുവാൻ യാതൊരടിസ്ഥാനവും തീരെ കാണുന്നില്ല.

എ. പി. കൃഷ്ണൻനായർ ബി. എ., ബി. എൽ.

ഇനിയങ്ങോട്ടു നോക്കേണ്ട.

(ഒരു ചെറുകഥ)

അന്നത്തെ ആദിത്യനും അസ്തമിച്ചു. നീലമയമായ നഭോഭിത്തിയിൽ വിവിധങ്ങളായ ചായങ്ങളും തേച്ച്, പ്രകൃതിദേവി ചിത്രപ്പണി തുടങ്ങി. വിചിത്രമായ ആ നഭോമണ്ഡലത്തി 'ചെന്താമരക്കാടൊരുസമയം വിരിഞ്ഞുപൊങ്ങുന്ന പൊയ്കയുടെ ചന്തമിയന്ന്' തെളിച്ചു മലയാളങ്ങളിലെ മഹോത്സവമായ ചിങ്ങമാസത്തിൽ തിരു-

ണ്ടത്തിനുള്ളിലെ തെളിവു മുഴുവൻ വെളിവാക്കിക്കൊണ്ടു സന്ധ്യാസമയ വും സന്നിഹിതമായി. 'ഓണക്കളി'കളിൽ ഏർപ്പെട്ടിരുന്ന കുട്ടികളു ടെ ഉത്സാഹമയമായ ആർപ്പുവിളികളും 'പൂവിളി'കളും ഉച്ചത്തിൽ കേട്ടുതുടങ്ങി. 'കുമ്മികൊട്ടിയാടുന്ന' 'കുട്ടിമാൻമിഴികൾ' പാട്ടും ക ളിയും നിർത്തി വാടിത്തളർന്ന മെയ്യോടുകൂടി കാന്താഗമനത്തെ എതി രേല്പാനായി 'ഉമ്മറത്തു വന്നെത്തി മുഗ്ദ്ധനയനോല്പലമാല ചാ ർത്തി'ക്കൊണ്ടു ഉൽക്കണ്ഠയോടെ നിലകൊണ്ടു.

സർവ്വാകാരസുഭഗമായ ഈ സമയത്ത്, കനകപ്പുരമെന്ന സു പ്രസിദ്ധമായ നായർഭവനത്തിലെ പടിപ്പുരക്കോലായിൽ, പതിനാറു വയസ്സു പ്രായംചെന്ന കമനീയാംഗിയായ ഒരു തരുണീമ ണി, ഏതോ ഒരു സുകൃതിയുടെ വരവു കാത്തിരിക്കുന്നതുപോലെ ഉൽക്കണ്ഠിതയായി കാണപ്പെട്ടു. അവളുടെ നീണ്ട നയനങ്ങൾ ആ പടിയുടെ മുൻവശത്തുള്ള പാടത്ത് അങ്ങുമിങ്ങും സഞ്ചരിച്ചു കൊണ്ടിരുന്നു. ആ സുന്ദരി സൂര്യന്റെ പൊൻകതിർപ്പുറ്റു പാകമായ പരിലസിക്കുന്ന പൊൻകതിർക്കുലകൾ അന്തിത്തെന്നൽ നെൽച്ചെടികൾ നിരന്നു നിരന്നു നീരാളപ്പട്ടു വിരിച്ചപോലെ പരിശോഭിക്കുന്ന വയ ലിന്റെ ഭംഗി നോക്കി രസിക്കുകയായിരിക്കുമോ? അല്ല; ശൃം ഗാരചൈതന്യം കളിയാടുന്ന അവളുടെ നീണ്ട നീലനയനങ്ങൾ പാടത്തിൻ നടുവിൽക്കൂടെയുള്ള ഇടവഴിയുടെ അങ്ങേ അറ്റം വരെ പായുന്നുണ്ട്. ആകാശത്തിൽക്കൂടി വല്ലവരും പോകുന്നതു ക ണ്ടെങ്കിലോ അവളുടെ കാതിലെയറ്റിയ കണ്ണുകൾ വികസിച്ചി രുന്നു. ബാലചന്ദ്രനെ വെല്ലുന്ന ഫാലഫലകത്തിൽ, ഇവിടെപ്പണി ത്തു നനഞ്ഞ തിലകം ചില്ലിവില്ലാട്ടത്തിൽ തകർന്നിരുന്നത്, അവൾ ഏതോ ആലോചിക്കുകയായിരുന്നുവെന്ന വിളിച്ചുപറഞ്ഞു. കോമ ളമായ കപോലതലവും നിശ്വാസങ്ങളിൽ ഇളകുന്ന കുളിർമുല കളും ഇടക്കിടെ രോമാഞ്ചമണിഞ്ഞിരുന്നത്, ഇളംനം ഇക്കിളിയണ ഞ്ഞ 'കളിവിളക്കിളം'തെന്നലിന്റെ ലാളനംകൊണ്ടായിരുന്നുവോ? അല്ല; അങ്ങിനെയാണെങ്കിൽ മനോവൃത്തികളെധുരമായ മനോ രാജ്യത്തിന്റെ അനുഭാവമായി, ശൃംഗാരചൈതന്യം ഇത്ര ദീപ്തി യിൽ ആ ഓമനവദനത്തിൽ കളിയാടിക്കാണുകയില്ല. 'കാർക ലംപോലെ കറുത്തുമിനുത്തോരു വാർകുഴൽ പിന്നിലൂഴിഞ്ഞു' ചിതറി

ചിതറിക്കിടന്നിരുന്നു. അവൾ ഒട്ടിട എഴുന്നേററു അൽഭുതാധീനയായി അങ്ങുമിങ്ങും നടന്നു നോക്കി. വീണ്ടും പൂർവ്വസ്ഥാനത്തു ചെന്നു വടക്കോട്ടുതന്നെ ഉററുനോക്കിക്കൊണ്ടിരുന്നു.

അവൾ ഇങ്ങിനെ മനോരാജ്യത്തിൽ ആരുടെയോ ചിത്രം വരച്ചുകൊണ്ടിരിക്കുമ്പോൾ, കാഴ്ചയിൽ അവളുടെ അനുജത്തിയാണെന്നു തോന്നിക്കുന്ന എട്ടുപത്തു വയസ്സു ചെന്ന ഒരു ബാലിക തുള്ളിച്ചാടിക്കൊണ്ട് ഉത്സാഹത്തോടെ അടുത്തുവന്ന്, 'ഏട്ടത്തി! എന്താ ഇന്നിത്ര വടക്കോട്ടു നോക്കുന്നത്?' എന്നു ചോദിച്ചിട്ട് ഉറക്കെയൊന്നു ചിരിച്ചു. 'നിന്റെ തലക്കുടുക്കയാണ്. മിണ്ടാതെ കടന്നുപൊയ്ക്കോ പെണ്ണേ അവിടുന്ന്!' എന്നു സാമ്യം ശോഭയോടെ [illegible] സിച്ചുകൊണ്ട് ആ യുവതി അവിടെ നിന്നെഴുന്നേററു. 'അയ്യ! ഇന്നു വരില്ല; വെറുതെ വടക്കോട്ടു നോക്കി ബുദ്ധിമുട്ടണ്ട' എന്നു പിന്നെയും ആ വികൃതിപ്പെണ്ണു പറഞ്ഞപ്പോൾ, 'അമ്മിണി! നിന്റെ ധാർഷ്ട്യം ഞാൻ കാണിച്ചുതരാം' എന്നു ആ സുന്ദരയുവതി കപടകോപത്തോടെ പറഞ്ഞ്, ഓടിച്ചെന്നവൾ ചാപല്യ സോദരിയുടെ കുടുമ പിടിച്ചു. അമ്മിണി വേഗത്തിൽ കൈ കുതറി പിടിവിടുവിച്ചിട്ട് പൊട്ടിച്ചിരിച്ചുകൊണ്ടോടിപ്പോയി. തൽക്ഷണത്തിൽ '[illegible]' ഇവിടെയുണ്ടോ?' എന്നു ചോദിച്ചുംകൊണ്ടു സുന്ദരനായ ഒരു യുവാവു പടി കടന്നുവന്നു അവളുടെ അടുക്കലെത്തി.

ആഗതനായ ആ പുരുഷനെ കണ്ടപ്പോൾ അമ്മിണി മണ്ടിച്ചെന്ന് അയാളുടെ കയ്യിൽ കടന്നു പിടികൂടി 'ഏട്ടത്തി'യെ പിന്നെയും കളിയാക്കുവാൻ തുടങ്ങി. മാധവി—അതാണ് ആ തരുണിയുടെ പേര്—'കട്ടിപ്പൊൻകാപ്പിട്ട കൈകളാൽ വാർകുഴൽ കെട്ടിയൊതുക്കി' വെച്ചിട്ട് പ്രേമാകുലമായ മന്ദാക്ഷമന്ദസ്മിതംകൊണ്ടു അഭ്യാഗതനായ അതിഥിക്കു സ്വാഗതം പറഞ്ഞു. പ്രേമവും നാണവും കലർന്ന [illegible] കാഴ്ച കൺമുനകൊണ്ടു തന്നെ [illegible] ചെയ്ത സ്വാഭാവികമായ ജീവനായികയെ എത്രതന്നെ നോക്കീട്ടും ആ കാമുകന്റെ നയനങ്ങൾക്ക് അലംഭാവം ഉണ്ടായില്ല. 'മാധവി എന്താ മുഷിഞ്ഞു അകലെപ്പോയി നില്ക്കുന്നത്?' എന്നു ചോദിച്ചുകൊണ്ടു ആ യുവകാമുകൻ വിയർപ്പണിഞ്ഞ കാന്തയുടെ കവി

സ്വയം തകൈകൊണ്ടു പിടിച്ചു. 'ഏട്ടൻ വരാനിത്ര താമസിച്ചാൽ ഏട്ടത്തി എന്തിനാ മുഷിയാതിരിക്കം?' എന്നു പറയുന്നതിനു തക്ക മനോധൈര്യം അമ്മിണിക്കില്ലാതിരുന്നില്ല. അനുജത്തിയുടെ കളിയാക്കൽ വാസ്തവത്തിൽ അവൾക്കു രസകരമായിരുന്നുവെങ്കിലും ഭർത്താവിന്റെ മുമ്പിൽ വെച്ചു ഇങ്ങിനെ നാണിപ്പിച്ച അമ്മിണിയോടു അസൂയ തോന്നിയവളുമായി. 'അമ്മാമൻ ഇവിടെയില്ലേ?' എന്നു വല്ലഭൻ ചോദിച്ചതിനു 'കല്ലറത്തു മനക്കൽ നിന്നു ആളു വന്നിട്ടു അമ്മാമൻ അവരൊട്ടു പോയി' എന്നു മാധവി മറുപടി പറഞ്ഞു. അവർ എല്ലാവരും അകായിലേക്കു പോയി.

....

കനകപ്പുരമെന്നതു ഒരു കാലം പണ്ടു വളരെ ധനപുഷ്ടിയുള്ള ഒരു തറവാടായിരുന്നു. സ്ഥാനികളായ അവിടത്തെ കുറുപ്പന്മാർ പലരും പരാക്രമികളും ബുദ്ധിശാലികളുമായിരുന്നു. അവർ അളവറ്റ ധനം സമ്പാദിച്ചു ആ തറവാടിന്റെ പേരും പെരുമയും ഉയർത്തിവെച്ചു. രണ്ടു മൂന്നു തലമുറയായി അവിടത്തെ മൂപ്പന്മാരായ കുറുപ്പന്മാർ തീരെ പുത്തന്മാരും കാര്യശേഷിയില്ലാത്തവരുമായതിനാൽ തറവാട്ടുസ്വത്തു പലവിധത്തിലും നശിക്കുവാനിടയായി. ഇപ്പോഴത്തെ കാരണവരായ കുട്ടിക്കുറുപ്പ് പുത്തനല്ലെങ്കിലും ബുദ്ധിമാനിയും, സാധുവല്ലെങ്കിലും അധീനനും ആണ്. കനകപ്പുരം തറവാട്ടിലെ പ്രതാപശാലികളുടെ കടാൻകാലത്തുള്ള ഒന്നുരണ്ടു നാലുകെട്ടും കുട്ടിക്കുറുപ്പിന്റെ ബുദ്ധിമാനായകുന്ന കാരണവരിന്റെ സഹായത്താൽ ഒന്നാമിപ്പിടിച്ചു അങ്ങനെയായിരിക്കയാണ്. തറവാട്ടുസ്വത്തു മുഴുവനും കല്ലറത്തു മനക്കലേക്കു പണയപ്പെടുത്തിയിരിക്കുന്നതിനാൽ മനക്കൽനിന്നുള്ള കല്പനപ്രകാരം ചെയ്യുന്നതിനു കുട്ടിക്കുറുപ്പു നിർബ്ബന്ധനായിരിക്കുന്നു. കുട്ടിക്കുറുപ്പിന്റെ ഏക സോദരിയായ കല്യാണി അമ്മയുടെ രണ്ടു സന്താനങ്ങളാണ് മാധവിയും അമ്മിണിയും. കുറുപ്പിനു തന്റെ മരുമക്കളിൽ അളവറ്റ വാത്സല്യമുണ്ടായിരുന്നു. മൂത്ത മരുമകളായ മാധവി, പുതുശ്ശേരി കോവിലകത്തെ പ്രധാനോപാദ്ധ്യായനായ നാരായണൻനായരുടെ പ്രാണപ്രിയതമയാണ്. കനകപ്പുരം അവരുടെ കടവെന്നു കാട്ടുകേട്ട 'കനകപ്പുരം' അല്ലാതെ

തീൎന്നതിനാലാണു്, പണ്ടത്തെ പതിവു വിട്ടു് അവിടുത്തെ ഒരു സ്ത്രീ സ്ഥാനമാനാദികളൊന്നുമില്ലാത്ത കേവലം ഒരു നായരുടെ നായികയായിത്തീൎന്നതു്. നാരായണൻനായർ നല്ല വ്യുല്പന്നനും, കവിയും, രസികനും, സരസഭാഷിയുമാണു്. സ്വപ്രയത്നത്താൽ പഠിപ്പും പണവും പേരും നേടിയ ധീമാനായ നാരായണൻനായർ പുത്തൂപ്പള്ളിവലിയ തമ്പുരാന്റെ പ്രീതിക്കും സ്നേഹത്തിനും പ്രത്യേകം പാത്രീഭവിച്ചു. സരസലളിതങ്ങളായ കവനകുസുമങ്ങളെക്കൊണ്ടു സാഹിത്യലോകമാകമാനം സുരഭിലമാക്കിത്തീൎത്ത നായർ ഭാഷാഭിമാനികളായ സഹൃദയന്മാരുടെ ഇടയിൽ സുപരിചിതനും ബഹുമതനുമായി. നാരായണൻനായരുടെ താദൃശമായ സ്ഥിതിയും തമ്പുരാന്റെ പ്രത്യേക സേവയും ഓൎത്തിട്ടാണു് കനകപ്പുരയിലെ കാരണവർ തന്റെ ഭാഗിനേയിയെ അദ്ദേഹത്തോടു ബന്ധിപ്പിച്ചതു്. എന്നാൽ അതു് അന്നാട്ടുകാരിൽ ചിലൎക്കു കോപത്തേയും, മറ്റു ചിലൎക്കു താപത്തേയും, വേറെ ചിലൎക്കു് അസൂയയേയും ജനിപ്പിച്ചു. നവയൌവനലക്ഷ്മി കളിയാടുന്ന മാധവി, വസന്തകാലത്തു തളിൎത്തുതഴച്ചു പൂത്തുമൊട്ടുകളിട്ടു ശോഭിക്കുന്ന മാധവീലതപോലെ വിളങ്ങുന്നതു കണ്ടു പല യുവാക്കന്മാരും വ്യാമോഹിച്ചിരുന്നു. വിലാസകമനീയമായി വികസിച്ച ആ വനകുസുമം നാഗരികനായ നാരായണൻനായരുടെ അധീനമായതിൽ അസൂയാലുക്കളായിത്തീൎന്ന അന്നാട്ടുകാരിൽ ചിലർ നാരായണൻനായരെപ്പറ്റി പല ദൂഷണങ്ങളും പറഞ്ഞു പരത്തിത്തുടങ്ങി. അദ്ദേഹത്തിന്റെ കലാമഹിമയെ അപലപിച്ചു കുത്തുപ്പാട്ടുണ്ടാക്കി ഞെളിപ്പിക്കുവാനായും ചില വിദ്വാന്മാർ പുറപ്പെടാതിരുന്നില്ല.

സംബന്ധം കഴിഞ്ഞിട്ടു് ഏറെ നാളായിട്ടില്ലാത്ത ആ കാമിനീകാമുകന്മാർ അനുരാഗപാശത്താൽ അന്യോന്യം ആകൃഷ്ടരായി ഏകമനസ്സോടെ പെരുമാറിവരുന്ന സമയമാണതു്. പറയത്തക്ക പഠിപ്പോ, പരിഷ്കാരമോ ഒന്നും ഇല്ലാത്ത കേവലം നാട്ടിൻപുറത്തു ജീവിതം നയിക്കുന്ന മുഗ്ദ്ധയായ ഒരു ഗ്രാമീണയുവതിക്കു് ഉൽകൃഷ്ടചിത്താസവും മനസ്സൌന്ദര്യവും കവിതാവും ഗുണവും മറ്റു ഗുണങ്ങളെല്ലാം ഒത്തു തികഞ്ഞിട്ടുള്ള ഒരു നാഗരികവരനെ ലഭിച്ചതു ദിവ്യമായ പ്രേമത്തിന്റെ അമേയമായ ശക്തികൊണ്ടല്ലെങ്കിൽ പിന്നെ എന്തുകൊണ്ടായിരിക്കും?

തിരുവോണം ദിവസത്തെ സന്ധ്യാസമയം സാധാരണ ദമ്പതിമാർക്കുതന്നെയും എത്ര ഉൽക്കണ്ഠയും ഉത്സാഹവും ഉളവാക്കുന്ന കാലമാണ്! അന്യോന്യാനുരാഗതരംഗിതമായ നവദാമ്പത്യത്തിൽ കാലെടുത്തുവെച്ചിട്ടുള്ള കാമിനീകാമുകന്മാർക്കായാൽ പറയാനുമില്ലല്ലോ. ഈ സ്ഥിതിക്ക്, മാധവി കവിയും രസികനുമായ തന്റെ കാന്തൻ വരുന്നതും കാത്തുംകൊണ്ടു പടിപ്പുരയിൽ ചെന്നിരുന്നതിൽ അസാംഗത്യമോ അനൗചിത്യമോ ഉണ്ടോ?

മാധവിയുടെ അമ്മയായ പ്രധാനനായിക ജാമാതാവിനെ ആദ്യന്തത്തിലധികം ഉപചരിച്ചു. നല്ല 'താരാധിത്വം' തികഞ്ഞ ഒരമ്മ തന്റെ മാമകനകളുടെ അതിയോഗ്യനായ ഭർത്താവിനെ ഇങ്ങിനെയുള്ള പ്രത്യേകസന്ദർഭം കിട്ടുമ്പോൾ എങ്ങിനെയെല്ലാം സൽക്കരിച്ചു സന്തോഷിപ്പിക്കുവാൻ ഉദ്യമിക്കുകയില്ല!

II

നേരം എട്ടുപത്തു നാഴിക രാവെച്ചെന്നു. ധവളമേഘരായ കാകന്മാരുണ്ടും നീട്ടി പ്രകൃതിദേവിയെ മാലിനമാക്കെച്ചു ഗഗനവീഥിയിൽ ലാലസിക്കുന്ന ചന്ദ്രനെ മേഘക്കീറ്ചുറ്റുന്നു വന്നു വളഞ്ഞു. നിലാവെളിച്ചം തെല്ലുന്നു മങ്ങി. ശീതളമായ ഒരു വെള്ളക്കാറ്റു നിന്നേയും വീശി. കനകപ്പുരയിലെ കാരണവർ കല്ല്യാണത്തുമനക്കൽനിന്ന് ഇനിയും മടങ്ങിവന്നിട്ടില്ല. നാരായണൻനായർ വളരെ നേരം കാത്തിരുന്നു. ഒടുവിൽ കാരണവരെ കൂടാതെതന്നെ ഉണ്ണു കഴിച്ചു പ്രിയതമയുമായുള്ള പ്രേമസല്ലാപത്തിൽ വ്യാപൃതനായി. വെറും ഗ്രാമീണയാണെങ്കിലും മാധവി സംഭാഷണത്തിൽ നാഗരികനായ തന്റെ വല്ലഭനെ തോല്പിക്കുകയാണ് പതിവ്. തന്റെ പ്രാണപ്രേയസിയിൽനിന്നു പരാജയം ലഭിക്കുന്നതുതന്നെ നാരായണൻനായർ മനോഗ്രഹമായിട്ടാണ കരുതിയിരുന്നത്. സാഹിത്യത്തോടു യാതൊരു ബന്ധവുമില്ലാത്ത തന്റെ ജീവിതസഖിയുടെ അടുക്കൽ അയാൾ താനുണ്ടാക്കിയ നല്ല നല്ല കവിതകൾ ചൊല്ലിക്കേൾപ്പിക്കുക പതിവാണ്. കാമുകന്മാരുടെ പ്രണയപ്രാർത്ഥനകളെ വിഷയീകരിക്കുന്ന കവിതയാണെങ്കിൽ, അവൾ എത്ര വിലപിച്ചാലും, അയാൾ അവ ആവർത്തിപ്പിച്ചു ചൊല്ലിക്കാതെ വിടുകയില്ല. മാധവിക്ക

കഥകൾ കേൾക്കുന്നതിൽ വലിയ രസമാണ്. നാരായണൻനായർക്ക് കഥ കിട്ടുന്നതിൽ വല്ല പ്രയാസവുമുണ്ടോ? നല്ല രസാവഹങ്ങളായ കഥകൾ പറഞ്ഞുതുടങ്ങും. പക്ഷെ അവസാനം വരുമ്പോൾ കല്പിച്ചിട്ടി രസപ്പെടുത്തിക്കും. മാധവി തൽക്ഷണം വല്ലാത്ത പരിഭ്രമത്തോടും കോപത്തോടുംകൂടി കാരണവരോട് കലശൽ കൂട്ടും. അവളുടെ മനോഗതിക്കനുസരിച്ചു കഥ പറഞ്ഞാൽ അന്നു വലിയ സന്തോഷമാണ്. അതറിഞ്ഞുകൊണ്ട് ആ കാമുകൻ അതിനെന്നും വിപരീതമായി പ്രവർത്തിക്കുക പതിവായിരുന്നു. തന്റെ ജീവിതവല്ലഭയുടെ പ്രണയകോപം കാണുന്നതിനുവേണ്ടിത്തന്നെയായിരുന്നു അയാൾ അങ്ങിനെ ചെയ്തിരുന്നത്. പതിവുപോലെ ആ രാത്രിയും അവൾ കഥ പറയുവാനായി നിർബ്ബന്ധിച്ചു തുടങ്ങി. നിർബ്ബന്ധം കൂടുന്തോറും അയാൾ 'വിലപിടിപ്പിക്കലും' തുടങ്ങി. ആയാൾ ഇങ്ങിനെ പറഞ്ഞു:—

“ആകട്ടെ; ഞാൻ ഒരു ‘രസികൻ’ കഥ പറഞ്ഞുതരാം. എനിക്കെന്തു സമ്മാനം തരും?”

മാധവി— സമ്മാനമോ? കഥ പറയുന്നതിനും മറ്റും സമ്മാനം തന്നുതുടങ്ങിയാൽ പിന്നെ എന്തിനെല്ലാം വേണ്ടിവരും?

നാരായണൻനായർ— ശരി; എന്നാൽ സമ്മാനം വേണ്ട; കഥയും വേണ്ട.

മാധവി— ഇതെന്തു സൂത്രം? ആകട്ടെ; സമ്മാനം തരാം. കഥ കേൾക്കട്ടെ.

നാ.നാ— എന്നാൽ സമ്മാനം എടുക്കു.

മാ— വേല കഴിഞ്ഞിട്ടല്ലേ സമ്മാനം?

നാ.നാ— എനിക്കങ്ങിനെയല്ല; സമ്മാനം മുമ്പേ; വേല പിന്നെ.

മാ— എന്റെ പതിവങ്ങിനെയല്ല; ഞാനതു മാറ്റുകയുമില്ല.

നാ.നാ— എന്നാൽ ഞാൻ കഥ പറയുകയുമില്ല.

മാധവി മുഷിഞ്ഞു നെറ്റി ചുളിച്ചു കാന്തനെ കടക്കണ്ണുകൊണ്ട് ഒന്നു നോക്കി. അയാൾ അതിനു പകരംചെയ്യാതെ വിട്ടില്ല. 'സമ്മാനം തരില്ലെങ്കിൽ ഞാൻ തട്ടിപ്പറിച്ചു മേടിക്കും' എന്നു പറഞ്ഞ് അവളുടെ കോമളമായ കപോലതലത്തിൽ പ്രേമാർദ്രമായൊന്നു ചുംബിച്ചു. ആ വിലാസിനി ആസകലം പുളകിതഗാത്രിയാ

തിപ്പുരന്നു. പെട്ടെന്നു കാറ്റു കടന്നു വിളക്കു കെടുത്തി. മാധവിയുടെ വളകൾ ഉസ്സുന്നു ഇളകി. അപ്പോൾ ഒന്നു ഞെട്ടി നടുങ്ങി. ആ മുറി മുഴുവൻ ഇരുട്ടുകൊണ്ടു നിശ്ശബ്ദമായി. തൽക്ഷണം കല്യാണിയമ്മ വാതിൽക്കൽ വന്നു വിളിച്ചു. മാധവി വിളക്കു കൊളുത്തി വാതിൽ തുറന്നു. കാരണവർ മനക്കൽനിന്നു മടങ്ങി വന്നുവെന്നും, നാരായണൻനായരെ കാണാനാവശ്യപ്പെടുന്നുവെന്നും അമ്മ പറഞ്ഞു. അകാരണമായി നാരായണൻനായരുടെ മനസ്സു കിടന്നു പിടച്ചുതുടങ്ങി. അയാൾ അവിടെനിന്നു പുറപ്പെട്ടു ചെന്നു. കുട്ടക്കുറുപ്പ് തറവാട്ടു കാരണവരുടെ പ്രൗഢിയോടുകൂടി കാലിന്മേൽ കാലേറി ഉമ്മറത്തു പടിയിൽ ഇരുന്നിരുന്നു. നാരായണൻനായർ അടുത്തുചെന്നു വളരെ ബഹുമാനത്തോടെ 'മനക്കൽനിന്നു വരാൻ ഇത്ര താമസമെന്തേ?' എന്നു ചോദിച്ചതിനു 'ഉം' എന്നു ഗൌരവത്തിലുള്ള ഒരു മൂളൽ മാത്രമേ മറുപടി ഉണ്ടായുള്ളു. കുറച്ചു നേരത്തേക്കു ഇരുവരും മൗനമവലംബിച്ചു. ഒടുവിൽ കുട്ടക്കുറുപ്പ് ഇങ്ങിനെ ഗൌരവത്തിൽ പറഞ്ഞു:

'നാരായണൻനായരെ! നിങ്ങൾ ഞങ്ങളുടെ തറവാട്ടുമഹിമ നശിപ്പിച്ചു. നിങ്ങൾ ഒരു കള്ളനാണെന്നു ഞാൻ തെറ്റിദ്ധരിച്ചു പോയി.'

നാരായണൻനായർ ഇതു കേട്ടു കാര്യം മനസ്സിലാകാതെ അദ്ദേഹത്തെ മിഴിച്ചുനോക്കി. കല്യാണിയമ്മയും മാധവിയും അകത്തു വാതിൽ മറഞ്ഞുനിന്നു കാരണവർ പറയുന്നതിലേക്കുതന്നെ ചെവി കൊടുത്തിരുന്നു. കാരണവർ തുടർന്നു പറഞ്ഞു:—

'ഇനി പറഞ്ഞിട്ടു ഫലമില്ലല്ലോ. നിങ്ങൾ നിങ്ങളുടെ ജാതിയു മറച്ചുവെച്ചു ഞങ്ങളെ തെറ്റിദ്ധരിപ്പിച്ചു കുലം കെടുത്തി.'

നാ.നാ — അവിടുന്നു പറഞ്ഞതിനർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

കുട്ടക്കുറുപ്പ് — 'നിങ്ങൾക്കു മനസ്സിലാവില്ല. അങ്ങിനെ നടിക്കുകയാണു നല്ലത്. പോക്കണംകെട്ട പറയിയുടെ മകനല്ലേ?'

നാ.നാ — (സംഭ്രമത്തോടെ) — എന്താണാവോ ഇങ്ങിനെ പറയുന്നത്?

കു.കു — (ദേഷ്യത്തോടെ) എന്താണെന്നോ? താൻ തറവാട്ടേക്കു

വലുതായെയാതെ ജാതിഭ്രഷ്ടില്ലേ? താനാണു മറപ്പുവെച്ചു തറവാട്ടു ചീത്തപ്പെടുത്തിയതു മര്യാദയായോ?

നാ-നാ— ഈ അബദ്ധം പറഞ്ഞുപിടിപ്പിച്ചത് ആരാണാവോ?

കു-ക— ഉം! അബദ്ധം, അല്ലേ? താനിനി അധികമൊന്നും പറയേണ്ട. ഇപ്പോൾ ഇവിടുന്നു പോണം. മേലിൽ ഇങ്ങോട്ടു കടക്കരുത്. എന്നെക്കൊണ്ടധികം പറയിപ്പിക്കണ്ട.

നാ-നാ—(വിഷാദത്തോടെ) ഞാൻ പോണെങ്കിൽ പോകാം. കാരണം ശരിക്ക പറഞ്ഞുകേട്ടാൽ കൊള്ളാം.

കു-ക— എന്ത്? താൻ അധികപ്രസംഗം ഒന്നും എടുക്കണ്ട. തന്റെ യോഗ്യത തനിക്ക കേൾക്കണോ? തനിക്ക ആയിത്തമുണ്ടോ ചിത്തമുണ്ടോ? ആയിത്തമായിട്ടു കുളിക്കാതെ അമ്പലത്തിൽ കടന്നില്ലേ? തൊട്ടുതിന്നില്ലേ? തനിക്ക കുലമുണ്ടോ? നമ്പൂരാരെ താൻ പുച്ഛിക്കാറില്ലേ? ഇന്നാളെങ്ങാണ്ടു താൻ സായ്പന്മാരുടെ കൊളുപത്രികയിൽ തിരുമനസ്സിലെപ്പറ്റി ദൂഷിച്ചെഴുതിലേ? ഇതൊക്കെ മാനമോ മര്യാദയോ? യോഗ്യതയോ?

നാരായണൻനായർ ഇടിവെട്ടിയ മരംപോലെ അനങ്ങാതെ അസ്വാസ്ഥ്യപ്പെട്ടു നിന്നുപോയി. കരുപ്പു വീണ്ടും പറഞ്ഞു. "എന്തായാലും കഴിഞ്ഞതു കഴിഞ്ഞില്ലേ? താനായിട്ടുള്ള ബന്ധുത്വം മതി. ഇപ്പോൾ പടികടക്കണം. തന്നെ ഇനി ഉപേക്ഷിക്കയത്. ഈ രാത്രിയിൽ ഇറങ്ങണം. ഇല്ലെങ്കിൽ, ഇവിടേക്ക്, ഈശ്വരനും മറ്റും എന്നെന്നും മതിയും മുടക്കമെന്നാണ് തിരുമനസ്സുകൊണ്ട് അരുളിച്ചെയ്തിരിക്കുന്നത്."

നാരായണൻനായർ എന്തോ ചിലതു പറവാൻ ആരംഭിച്ചു. ഒരക്ഷരവും പുറത്തേക്ക പുറപ്പെട്ടില്ല. അകത്തുനിന്ന 'കരച്ചിലും പിഴിച്ചിലും' തുടങ്ങി. കുട്ടിക്കരുപ്പ് (അകത്തേക്ക നോക്കീട്ട്) 'എടീ ചവിട്ടി ഞാൻ എല്ലു മുറിക്കും, മിണ്ടാതിരുന്നോളിൻ! ഇനി ഒച്ച കേൾക്കട്ടെ' എന്നു കോപാകുലനായലറി, നാരായണൻനായരോട് 'പടികടക്കാൻ' പറഞ്ഞു. ആയാളാകട്ടെ ഒന്നും മിണ്ടാതെ അകത്തേക്ക കണ്ണകണ്ണനെ കാവെള്ളറ്റം ഒന്നു നോക്കിക്കൊണ്ടു മുറ്റത്തേക്കി

ങ്ങി. വാകയിൽനിന്ന് ഒന്നരണ്ടു ദീനസ്വരങ്ങളും അത്യുച്ചത്തിൽ പുറപ്പെട്ടു. നാരായണൻനായർ പടിഞ്ഞാറെ മുറ്റത്തിൽക്കൂടെ കടന്നുപോയി. പടിഞ്ഞാററിമുറിയുടെ ജനലിൽക്കൂടെ അയാളുടെ ദൃഷ്ടി പോകാതിരുന്നില്ല. മാധവി ധാരധാരയായി കണ്ണീർ വാർത്തുകൊണ്ടു തേങ്ങിത്തേങ്ങിക്കരഞ്ഞു വിളറിത്തുടുത്ത മുഖത്തോടെ ജനലിനരികെ നിന്നു പ്രാണപ്രിയന്റെ അന്ത്യയാത്ര നോക്കിക്കാണുന്നു. ദയനീയാവസ്ഥയിൽ സ്ഥിതിചെയ്യുന്ന തന്റെ ജീവിതേശ്വരിയെ കണ്ട മാത്രയിൽ അയാളുടെ ഹൃദയം ഒന്നുകൂടി തകർന്നു. ഒഴുകുന്ന ചുടുകണ്ണീർക്കണങ്ങളും നിലത്തു പതിച്ചു. ഒരക്ഷരമെങ്കിലും ഉരിയാടുന്നതിന് അയാളും ശക്തനായില്ല. തിരിഞ്ഞുതിരിഞ്ഞു നോക്കിക്കൊണ്ട് ആ കാമുകൻ പടികടന്നു പോയി.

....

മാധവിയുടെ അപ്പോഴത്തെ നില എന്തായിരുന്നുവെന്നു, ഭാഗ്യവശാൽ ഈ ഭാഗം വായിക്കുന്നതിന് എനിക്കൊരു വായനക്കാരത്തിയെ കിട്ടുമെങ്കിൽ, അവരുടെ സ്ത്രീഹൃദയത്തോടു പറഞ്ഞു മനസ്സിലാക്കുന്നതിനു വലിയ പ്രയാസമില്ല. പുരുഷനായ വായനക്കാരനോടു പറവാനുള്ളതു, നാരായണൻനായരുടെ നില തനിക്കാണെങ്കിൽ ഉള്ള അനുഭവം എന്താണെന്നു അവനവനൊന്നാലോചിച്ചു ഊഹിച്ചുകൊണ്ടാൽ മതി എന്നാണ്.

കാരണവരെ ഭയപ്പെടുന്ന കൂട്ടത്തിൽ പെട്ടവർ കാരണവർ കാണിക്കുന്നതെല്ലാം കണ്ണുംചിമ്മി സഹിക്കുകയല്ലാതെ ഗത്യന്തരമില്ലല്ലോ. കട്ടക്കുറുപ്പിന്റെ മനക്കലേക്ക് തുളച്ചു കയറിയതു നാരായണൻനായരുടെ സംബന്ധം നിർത്തലാക്കാൻ പറയുന്നതിനു വേണ്ടിയായിരുന്നു. അസൂയാലുക്കളായ അവിടത്തെ ചില പ്രമാണികളും ഒരുമിച്ചു നാരായണൻനായരുടെ പേരിൽ ചില ദോഷങ്ങളും ആരോപിച്ചു മനക്കൽചെന്നു നമ്പൂതിരിയെ പറഞ്ഞു ധരിപ്പിച്ച് അദ്ദേഹത്തെക്കൊണ്ടു കട്ടക്കുറുപ്പിനെ വിളിപ്പിച്ചു. ഭീരുമണിയായ കുറുപ്പിനു തമ്പുരാക്കളുടെ ഹിതത്തിനോടു വിരോധം വരുമാറു പല ഏഷണികളും അവർ പറഞ്ഞു പിടിപ്പിച്ചു. നാരായണൻനായരെ പറഞ്ഞയച്ചില്ലെങ്കിൽ ദേശക്കാരാരും ജാതിയിൽ കൂട്ടുകയില്ല

നു ഭീഷണിയും കൂട്ടിവിട്ടു. ഇതിനൊക്കെ ഉപദ്രവങ്ങൾ മൂലമാണ് കൃഷ്ണക്കുറുപ്പു നാരായണൻനായരുടെ മക്കളോടുള്ള ബന്ധം വിടുത്തിയത്. ആത്മാവിന്റെ ആജ്ഞക്ക് എതിരായി പ്രവർത്തിക്കുന്നതിനു സാധുവായ മാധവിക്കെവിടെ ത്രാണി? അവൾ 'കണ്ണീരും കയ്യുമായി' കാലം കഴിച്ചുകൂട്ടി. ഇങ്ങനെ ഉപദ്രവമില്ലാതെ അവരൊരുക്കരത്തും കാന്തനെയോർത്തും സ്വഗൃഹത്തിൽ മാധവി സന്യാസിനിയെപോലെ നിവസിച്ചു.

(തുടരും)

സി. ശങ്കുണ്ണിനായർ (വിദ്വാൻ)

മൃണാളിനി.

(1)

അനിയന്ത്രിതകാലയോഗമാം
പനിയിൽപ്പെട്ടുപരം വിവർണ്ണയായ്
ഇനിമേൽ വിരമിച്ചു—ശോഭതൻ—
നിനിയില്ലൊട്ടുവരാ മൃണാളിനി.

(2)

കരവിദ്ധമൊഴിഞ്ഞു ജീവിതം
നരകംപോലെനിനച്ചിരുന്നയായ്
മരുവുന്ന മൃണാളിനിക്കഹോ
മരണന്താൻ പദമില്ല സംശയം.

കരാമസ്സ്.

ഞങ്ങളുടെ വായനശാല.

കണ്ണശ്ശരാമായണം. ''മദ്ധ്യകാലമലയാളമാതൃകക''ളുടെ നാലാം ഭാഗമായി ശ്രീമാൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ പ്രസിദ്ധപ്പെടുത്തിട്ടുള്ള കണ്ണശ്ശരാമായണം സുന്ദരകാണ്ഡം വായിച്ചുനോക്കിയതിൽ പ്രസാധകനെ വളരെ അഭിനന്ദിക്കുവാൻ ഞങ്ങൾ ഒട്ടും മടിക്കുന്നില്ല. മലയാളസാഹിത്യത്തിലുള്ള പഴയ ഗ്രന്ഥങ്ങളുടെ അഭിവൃദ്ധിയും [illegible]വും [illegible] അറിഞ്ഞാസ്വദിക്കാതെ സാഹിത്യവേദികളാണെന്നഭിമാനിക്കുവാൻ നവീന സഹൃദയന്മാർക്കവകാശമില്ലെന്നു പറയേണ്ടതില്ലല്ലോ. അങ്ങിനെയുള്ള പഴയ ഗ്രന്ഥങ്ങളിൽ ഏറ്റവും മാന്യമായ ഒരു പദവി ഈ വിശിഷ്ടഗ്രന്ഥത്തിനുണ്ടെന്ന് [illegible]. കണ്ണശ്ശരാമായണത്തിൽവെച്ചും ഈ സുന്ദരകാണ്ഡത്തിനു പ്രത്യേകം മെച്ചമുണ്ട്. ഇതിന്റെ മാതിരി കാണാനായി ചിലതു താഴെ ചേർക്കുന്നു:—

''അന്നു[illegible]
[illegible]
[illegible]
[illegible].''

''കണ്ടാ[illegible]
[illegible]
[illegible]
[illegible].''

''കണ്ടാ[illegible]
[illegible]
[illegible]
[illegible].''

''കണ്ടാൻ[illegible] മധുപാനം [illegible]
[illegible]''

വണ്ടാർകുഴൽകളുഴിഞ്ഞുനോക്കപ്പോനാമല്ല്യാദികളുമുലത്തിനാലും
പണ്ടെത്തിപ്പുമഴക്കറിയന്നാദികൾപ്പലപലപാടുകിടന്നുമവിടെ."
"ചെന്തിനാഭികമണിയരസുഖകരമായഴകിയപുംചിലപ്പുമയാലും
കതിരവനോടെതിരാകിയകാന്തികലർന്നമഹാരത്നപ്പുമയാലും
മധുമദമേറ്റുമുരണ്ടിയമധുപന്മാരണുന്നരുചിയാലുംശിപി-
പ്പുളകാലംവൈവസ്വതപുരമെന്നോതാംവണ്ണംകണ്ടാൻ."
"ഞെങ്ങനുകാലംമതിതികണ്ടാനഴകിയപ്പുംപൊന്നിൻപുഷ്പകം
മാനിതമുഷ്ണകമോദ്യുകപ്പുമതവിനാശകസുരരാജശരീരം
മാനിനിമാർപലരെയുമവനാഭികമതവിയുങ്ങീടിനാനുപാത്താൻ
മേനകയോടെതിരാമെന്തമാകിനിപേരാർമ്മയനോചന്നുക.

ഒരാൾ.”

ഹനുമാൻ ലങ്കയിൽ ചെന്നപ്പോഴുള്ള കണ്ട കാഴ്ചകളെ വർണ്ണിക്കുന്ന ഭാഗം എത്ര മനോഹരമായിട്ടുണ്ടെന്നു നോക്കുക! ഇതുപോലെ രസകരമായ ഭാഗങ്ങൾ ഇതിൽ വളരെയധികമുണ്ട്.

പ്രൌഢഗംഭീരമായ ഈ ഗ്രന്ഥത്തിനു മനോഹരമായ ഒരു ടിപ്പണി പരമേശ്വരയ്യർതന്നെ എഴുതിച്ചേർത്തിട്ടുള്ളതു വിദ്യാർത്ഥികൾക്കും മററു വായനക്കാർക്കും വളരെ ഉപയോഗപ്പെടുന്ന ഒന്നാണ്. പക്ഷെ അതു വളരെ ചെറുതായിപ്പോയതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു. അയ്യരവർകൾ വ്യാഖ്യാനിക്കാതെ വിട്ടിട്ടുള്ളതിൽ പലതും വായനക്കാർക്കു മനസ്സിലാക്കുവാൻ സാധിക്കാതെ ഇനിയും കിടപ്പുണ്ട്. അടുത്ത പതിപ്പിൽ ഈ ടിപ്പണി കുറച്ചുകൂടി വിസ്തരിച്ചു ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

പലവക.

കിട്ടലേഖനി. ചിത്രമെഴുതുമ്പോൾ സൂക്ഷ്മരേഖ (Out line) വരയ്ക്കുവാനുപയോഗിക്കുന്ന പെൻസിലിനു 'കിട്ടലേഖനി' എന്നാണു പ്രാചീന ഹിന്തുക്കൾ പേരു പറഞ്ഞിരുന്നത്. ഈ കിട്ടലേഖനിയു

ടെ നിർമ്മാണക്രമത്തെ ഒരിംഗ്ലീഷു മാസികയിൽ ഇങ്ങിനെ വിവരിച്ചിരിക്കുന്നു:— പഴയ കാട്ടോട്ടുകൾ പൊടിച്ചു ശീലപ്പൊടിയിട്ടു ഉണങ്ങിയ ചാണകപ്പൊടിയോടുകൂടി കലർത്തി വേപ്പിൻപശവെള്ളത്തിലോ കരുപ്പശവെള്ളത്തിലോ കുഴച്ചു ഇഷ്ടമുള്ള വലുപ്പത്തിൽ പെൻസിൽപോലെ ഉരുട്ടുക. ഇതാണു കിട്ടലേഖനി. ഇതു സൌകര്യംപോലെ രണ്ടോ മൂന്നോ നാലോ അംഗുലം നീളത്തിൽ ഉണ്ടാക്കാവുന്നതാണ്.

* * *

അല്ലോ, ഏല്ലോ. 'ഉണ്ടല്ലോ' 'വന്നുവല്ലോ' ഇത്യാദി പ്രയോഗങ്ങളിലെ അന്ത്യശബ്ദം 'അല്ലോ' എന്നാണെന്നാണ് ഇക്കാലത്തു സാധാരണയായി ധരിച്ചും ഉപയോഗിച്ചും വരുന്നത്. എന്നാൽ ചില പഴയ ഗ്രന്ഥങ്ങൾ നോക്കുമ്പോൾ ഈ അന്ത്യശബ്ദത്തിന്റെ സ്വരൂപം 'ഏല്ലോ' എന്നാണെന്നു വെളിവാകുന്നതായി ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ പ്രസ്താവിക്കുന്നു. ഇതുകൂടാതെ, ഇപ്പോൾ നടപ്പില്ലാത്ത അർത്ഥത്തിൽ പ്രയോഗിച്ചുവരുന്ന പല ശബ്ദങ്ങൾക്കും പണ്ടു അർത്ഥഭേദം ഉണ്ടായിരുന്നതായും പഴയ ഗ്രന്ഥങ്ങളിൽനിന്നു വെളിപ്പെട്ടിട്ടുണ്ടല്ലൊ. 'മംഗളോദയ'ത്തിൽ തുടർച്ചയായി ചേർത്തുവരുന്ന 'മണ്ണാർപാട്ട്' സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്കു വലിയ പുതുമ തോന്നുന്ന പല പഴയ പദങ്ങളും പ്രയോഗങ്ങളും അവയുടെ രൂപഭേദങ്ങളും കാണാവുന്നതാകുന്നു.

* * *

ഇന്ത്യൻ സംഗീതം. ഇന്ത്യൻ സംഗീതസമാജത്തിന്റെ 2-ാം വാർഷികയോഗം ഇതിനിടെ ഡൽഹിയിൽ വെച്ചു കൂടുകയുണ്ടായപ്പോൾ, അദ്ധ്യക്ഷനായിരുന്ന രാമപുരത്തിലെ നവാബ് ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു:

ഹിന്തുക്കളുടെ സംഗീതത്തിന്റെ മൂലം ദൈവികമായ ഒന്നാണെന്നു വിശ്വസിച്ചുവരുന്നു. വേദപ്രവാചകനായ ബ്രഹ്മാവു വെളിപ്പെടുത്തിയ ചതുർവ്വേദങ്ങളിലൊന്നായ സാമവേദമാണ് സംഗീതത്തിന്റെ മൂലം. മഹമ്മദീയരുടെ സംഗീതം 12-ഉം 13-ഉം ശതവർഷങ്ങളിലാണ ജീവിച്ചിരുന്നത്. സുൽത്താൻ അലാവുദ്ദീൻ-ഖില്ജിക്

എന്ന മഹർഷീയവീരൻ സംഗീതത്തിൽ വലിയ പ്രതിപത്തികാണിക്കുകയും, സംഗീതവേദികളെ പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു.

* * * * * * * *

ഒരു അപലപനം. ഈ തലവാചകത്തിൽ ഒരു ലേഖകൻ എഴുതിയിട്ടുള്ള ദീർഘലേഖനത്തിന്റെ സാരമാണിത്:—

രഘുവംശത്തിലെ "വാഗർത്ഥാവിവസംപൃക്തൌ" എന്ന പ്രഥമപദ്യം കാളിദാസന്റെ കൃതിയല്ലെന്നും പിന്നീട പ്രക്ഷിപ്തമായി ചേർത്തിട്ടുള്ളതാണെന്നും പറഞ്ഞ് 'രഘുവംശവിമർശ'കാരൻ കാളിദാസനെ അപലപിക്കുന്നു. ഈ അപലപനം ശരിയല്ലെന്ന കാളിദാസനെക്കൊണ്ടുതന്നെ തെളിയിക്കാം. കാളിദാസൻ, താൻ ഏറ്റവും ബോധിച്ച ചില ആശയങ്ങളെ അന്യകൃതികളിൽ പല ദിക്കിലും ഈഷദ്ഭേദത്തോടുകൂടി ആവർത്തിച്ചുപറയുന്നതു പതിവാണ്. രഘുവംശത്തിൽ പാർവ്വതീപരമേശ്വരന്മാർക്ക് "വാഗർത്ഥാവിവസംപൃക്തൌ" (വാക്കും അർത്ഥവും എന്നപോലെ വേർപിരിക്കാൻ കഴിയാത്ത വിധം നിത്യമായി സംബന്ധിച്ചിരിക്കുന്നവർ) എന്നാണ്, പാർവ്വതീപരമേശ്വരന്മാർക്ക് വിശേഷണം കൊടുത്തിരിക്കുന്നത്. ഇതു കുമാരസംഭവത്തിലും ഇതുപ്രകാരം പറഞ്ഞിട്ടുള്ളതാണ്. പാർവ്വതിയെ പരമേശ്വരനു നൽകേണമെന്ന സപ്തർഷിമാർ ഹിമവാനോടു പറയുന്ന ഘട്ടത്തിൽ "തമർത്ഥമിവ ഭാരത്യാസുതയാ യോക്തുമർഹസി" (വാക്കിനോടു അർത്ഥത്തെച്ചേർക്കുംപോലെ പാർവ്വതിയോടു പരമേശ്വരനെ ചേർക്കുവാൻ അങ്ങ് അർഹിക്കുന്നു) എന്നു പറഞ്ഞിരിക്കുന്നു. രഘുവംശത്തിലെ "ജഗതഃപിതരൌ" (ലോകത്തിന്റെ മാതാപിതാക്കന്മാർ) എന്ന വിശേഷണവും കുമാരസംഭവത്തിൽ ഇവർക്കു കൊടുത്തിട്ടുണ്ട്. "മാതരംകല്പയന്ത്വേനാമീശോഹിജഗതഃപിതാ" (ജനങ്ങൾ ഇവളെ അമ്മയായി കല്പിക്കട്ടെ. ഈശൻ ജഗത്തിന്റെ പിതാവാണല്ലോ) എന്നും സപ്തർഷിമാർ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു, മുൻപറഞ്ഞ രഘുവംശപദ്യത്തെ അപലപിക്കുന്നവർ കുമാരസംഭവപദ്യങ്ങളെയും അപലപിക്കേണ്ടിവരും.

മംഗളോദയം കമ്പനി, ക്ലിപ്തം,
തൃശ്ശിവപേരൂർ.

രാമായണ പാരായണം.

സുന്ദരകാണ്ഡം

(കിളിപ്പാട്ട്)

മാത്രമായി
നല്ലകടലാസിൽ
വലിയ വരികളിൽ

വൃത്തിയായി

അച്ചടിച്ചിട്ടുള്ളത്.

വില 4 ണ മാത്രം.

തപാൽക്കൂലി പുറമെ.

മലമ്പനി ഇളപ്പനി

ക്വിനൈനില്ലാത്ത ഗുളിക.

ഈ രോഗങ്ങൾക്കുള്ള ഗുളികകൾ ലക്ഷോപലക്ഷം ജനങ്ങൾക്കും ഗുണം ചെയ്ത ഗുളികകൾ.

ഭയപ്പെടേണ്ടാ വിശേഷമായ പരീക്ഷിച്ചുനോക്കുക.

മറ്റു രോഗങ്ങൾക്കുള്ള ഔഷധം ഇവിടെയെല്ലാം കിട്ടുവാൻ ഇടയാകും.

Dr. H. L. BATLIWALA.
P. O. WORLI—BOMBAY.

തൃശ്ശിവപേരൂർ
മംഗളോദയം
കമ്പനിയിൽ





കാവ്യം, ശാസ്ത്രം, വ്യാകരണം, ഇതിഹാസം, സ്തോത്രം,

സാഹിത്യം, സംഗീതകലാവിദ്യ,

വൈദ്യം, ജ്യോതിഷഗണിതം,

നോവൽ, കഥ, പ്രബന്ധങ്ങൾ, നാടകം, പ്രഹസനം, കിളിപ്പാട്ടുകൾ മുതലായവകളും.

ഏതുതരമായ എല്ലാതരം പുസ്തകങ്ങളും വില്പാനുണ്ട്.

1. മംഗളോദയം മാസിക.
2. കേരളകല്പദ്രുമം അച്ചുകൂടം.
3. മംഗളോദയം ബുക്ക് ഡിപ്പോ.
4. മംഗളോദയം വ്യാപാരശാല.

ഇവയെസംബന്ധിച്ച എല്ലാവിവരങ്ങൾക്കും അന്വേഷിക്കേണ്ടുന്ന മേൽവിലാസം:—

THE MANAGER,
MANGALODAYAM CO., LTD.
TRICHUR.

മംഗളോദയം കമ്പനി

ക്ലിപ്തം, തൃശ്ശിവപേരൂർ.

1080-ലെ 1-ാം റഗുലേഷനായ കൊച്ചി കമ്പനി റഗുലേഷനനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടത്.

മൂലധനം ഉറുപ്പിക 1,00,000

ഈ മൂലധനത്തെ ഷെയർ 1-ക്ക് 10 ഉറുപ്പിക വീതം 10,000 ഷെയറുകളായി ഭാഗിച്ചിരിക്കുന്നു.

ഡയറക്ടർമാർ.

1 രാജരാജശ്രീ കൊച്ചി 9-ാംകൂർ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്

2 ബ്രഹ്മശ്രീ ഏ. കെ. ടി. കെ. എം. ചെറിയ നാരായണൻ നമ്പൂതിരിപ്പാട് അവർകൾ

3 " താഴത്ത് വാസുദേവൻ നമ്പൂതിരിപ്പാട് "

4 " കപ്ലിങ്ങാട്ട് മനയ്ക്കൽ വാസുദേവൻ നമ്പൂതിരി "

5 " [illegible] ദാമോദരൻ നമ്പൂതിരിപ്പാട് "

6 മ. രാ. രാ. [illegible] കുഞ്ഞിക്കൃഷ്ണ [illegible] "

7 " [illegible] രാജാ "

8 " ടി. സി. കുഞ്ഞുമേനോൻ "

9 " ഏ. കെ. [illegible] രാജാ "

ആഡിറ്റർ—പി. [illegible].

ലീഗൽ അഡ്വൈസർ—കെ. കെ. [illegible] ബി. ഏ., ബി. എൽ., ഹൈക്കോർട്ടു വക്കീൽ, തൃശ്ശിവപേരൂർ

മാനേജർ—സി. [illegible].

കമ്പനിയുടെ പ്രധാന ഉദ്ദേശങ്ങൾ.

1 [illegible] ഉപകാരപ്രദങ്ങളും, [illegible] ഇതുവരെ അച്ചടിക്കാത്തതായ [illegible] സംസ്കൃതപുസ്തകങ്ങളും മലയാളപുസ്തകങ്ങളും [illegible] അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനും, [illegible] പുസ്തകങ്ങൾ [illegible] വിധത്തിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനും [illegible] പ്രവൃത്തികൾ [illegible] ഉയർന്ന നിലയിൽ കമ്പനിവക [illegible] നടത്തുക.


2 [illegible] മലയാളത്തിലും, ഇംഗ്ലീഷിലും [illegible] സകല അച്ചടിപ്രവൃത്തികളും [illegible] (ബൈൻഡിംഗ്) [illegible] ചെയ്യുക.

3 മംഗളോദയം മാസിക [illegible] ഉത്കൃഷ്ട [illegible] ചെയ്യുക.

4 [illegible] പുസ്തകങ്ങൾ [illegible] അച്ചടിച്ചും കമ്പനിക്ക് [illegible] പരിശ്രമിക്കുക.

[illegible] ഷെയർ [illegible] ഇതിന്റെ [illegible] അറിയിക്കുന്നതാണ്.

PRINTERS AND PUBLISHERS—THE MANGALODAYAM CO., LTD., TRICHUR.

പുസ്തകം ൧൧  ലക്കം ൯

മംഗളോദയം

൧൦൯൭ ധനു.



വിഷയവിവരം.

മംഗളോദയം.

൧൦൯൮ ധനു.

മംഗളം.

ദോഷാപേതംനമിപ്പോൾക്കളിമതമഖിലംകൈവരുത്തുന്നമൂലം
ശേഷാദ്ര്യന്തർഭ്രമിച്ചീടിനവിബുധശചീനന്ദനാനന്ദമാക്കി
ഭാഷാസാമ്രാജ്യരാജ്ഞീപദമതുലിവരുംദേവിഭാവൈകപാത്രീ-
ഭൂഷാമാണിക്യമേനികനിവൊടേതമ്മുണ്ണേസദ്ധ്യവാഗർത്ഥബോധം.

*സംസ്കൃതഭാഷ

വ്യവഹാരഭാഷയായിരുന്നുവോ?



നമ്മുടെ കേരളത്തിലെന്നല്ല, ഇൻഡ്യാമഹാരാജ്യത്തിലുള്ള സകല ദേശങ്ങളിലും അതാതു ജനങ്ങളുടെ സാഹിത്യസമ്പത്തു മുഴുവനും ശാസ്ത്രങ്ങളിൽ മിക്കഭാഗവും സംസ്കൃതഭാഷയെ അനുസരിച്ചുണ്ടായിട്ടുള്ളതായി കാണുന്നു. വടക്കെ ഇൻഡ്യയിലുള്ള മിക്ക ആധുനികഭാഷകളും ആദിമസംസ്കൃതഭാഷയുടെ പരിണാമഭേദങ്ങളാണെന്നു ഭാഷാശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഭാരതഖണ്ഡത്തിലുള്ള ആസ്തിക്യമതാനുസാരികളായ സകല ജനങ്ങളുടെയും മതം, ആചാരം, ധർമ്മശാസ്ത്രം എന്നീ വിഷയങ്ങളെല്ലാം സംസ്കൃതഭാഷയിലാണു സംഗ്രഹിച്ചി

* [illegible] വാർഷിക യോഗത്തിൽ വായിച്ചതു്.

വെച്ചിരിക്കുന്നത്. നമ്മുടെ ജീവിതത്തിൽ ഐഹികപാരത്രികങ്ങളെ ഉദ്ദേശിച്ചുള്ള എല്ലാ നടവടികൾക്കും പ്രമാണഭൂതങ്ങളായ ഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിലാണ നിബന്ധിച്ചിരിക്കുന്നത്. ചുരുക്കിപ്പറയുന്നതായാൽ, സംസ്കൃതഭാഷയിൽ പ്രതിപാദിക്കാത്തതായിട്ട് ഒരു വിഷയവും ഇല്ലെന്നുതന്നെ പറയാം. ഇപ്രകാരമുള്ള സംസ്കൃതഭാഷയുടെ ഉത്ഭവവും സ്ഥിതിയും ഈ നമ്മുടെ ഭാരതഖണ്ഡത്തിലാണെന്നു വരുമ്പോൾ ഏതുദേശീയനായ ഏതുമതക്കാരനാണ് ആ ഭാഷയിൽ അഭിമാനവും ബഹുമാനവും ഉണ്ടാകാത്തത്?

വിശേഷിച്ചും, നമ്മുടെ കേരളഭാഷാസാഹിത്യത്തിൽ സംസ്കൃതത്തിന് എത്രമാത്രം ബന്ധമുണ്ടെന്നുള്ള സംഗതി നമുക്കെല്ലാവൎക്കും അനുഭവഗോചരമാണ്. നമ്മുടെ പദ്യസാഹിത്യത്തിലുള്ള വൃത്താലങ്കാരാദി ചമല്ക്കാരങ്ങളെല്ലാം മിക്കവാറും സംസ്കൃതത്തിലുള്ളവതന്നെയാണ്. ഗദ്യസാഹിത്യത്തിലും എത്ര സംസ്കൃതപദവും നമുക്കു പ്രയോഗാൎഹമായിത്തന്നെ കാണുന്നു. ദിനചൎയ്യയിൽ നാം നിത്യേന പ്രയോഗിക്കുന്ന നമ്മുടെ സാധാരണ വാക്കുകൾപോലും ദ്രാവിഡശബ്ദങ്ങൾ ഇല്ലെന്ന നിലയായിത്തീൎന്നിരിക്കുന്നു. ഉണ്ടെങ്കിലും അവയ്ക്കു പ്രചാരവും ഗൌരവവും കുറയും. ഇതിന്നു പലപ്രകാരത്തിൽ നമ്മുടെ നാട്ടുഭാഷകളിൽ കടന്നുകൂടി പ്രതിഷ്ഠയെ പ്രാപിച്ചിരിക്കുന്നതുകൂടാതെ, ഈ ഭാഷ ഈയിടെയ്ക്കു പ്രസിദ്ധന്മാരായ ദ്വീപാന്തരങ്ങളിലുള്ള പണ്ഡിതന്മാരെപ്പോലും ആകൎഷിച്ചു വിസ്മയപരിതരാക്കിത്തീൎത്തിരിക്കുന്നു. സൎവ്വതോമുഖമായ ഒരു ഉത്തമഭാഷയാണ് സംസ്കൃതം. അതു ഏതുകാലം മുതല്ക്കു ഈ ഭാഷ ഇന്നു കാണുന്നതുപോലെ ഗ്രന്ഥമാത്രഗോചരമായിരുന്നുവോ, അഥവാ, സൎവ്വജനീനമായ ഒരു ഭാഷയായി വളരെക്കാലം വിളങ്ങിയശേഷം ഒടുവിൽ വാൎദ്ധക്യകാലത്തു ഉപരിരംസുവായ ഉദ്യോഗസ്ഥനെപ്പോലെ 'റിക്കാൎഡുകൾ' കൊണ്ടു മാത്രം യോഗ്യത അറിയിക്കേണ്ടതായ ഇന്നത്തെ നിലയിൽ എത്തിയതാണോ, എന്നുള്ള ഒരു വിചാരണ ഭാരതവൎഷീയരായ നമുക്കു നിശ്ചയമായും രസാവഹമായിത്തന്നെ ഇരിക്കും.

സംസ്കൃതഭാഷയ്ക്കു വ്യവഹാരദശയിലിരിക്കുന്ന ഒരു ഭാഷയുടെ സകല ലക്ഷണങ്ങളും, നേരെമറിച്ച്, സാഹിത്യമാത്രഗ്രാഹ്യമായ ഒരു മൃ

ശ്രുതിഭാഷയുടെ സകല വൈലക്ഷണ്യങ്ങളും പരിപൂർണ്ണമായി കാണുന്നു. കുറെക്കാലം സംസ്കൃതഭാഷ പഠിക്കയും, അതിൽ പരിചയമുള്ളവരോടു സംസർഗ്ഗം ചെയ്കയും ചെയ്താൽ ഈ പറഞ്ഞ രണ്ടു സംഗതിയും സ്പഷ്ടമാകും. പ്രാചീനകാലത്തുള്ള യാസ്കൻ തുടങ്ങിയ നിരുക്തകാരന്മാരും, പാണിനി, പതഞ്ജലി മുതലായ വൈയാകരണന്മാരും സംസ്കൃതത്തെ കേവലം, 'ഭാഷ' എന്നാണു വിളിക്കുന്നത്. പതഞ്ജലിയുടെ കാലത്തിന് (അതായത് ഏകദേശം ക്രി. മു. രണ്ടാം ശതവർഷത്തിനു) വളരെക്കാലം മുമ്പുതന്നെ ഈ ഭാഷ വൈദികമെന്നും ലൌകികമെന്നും രണ്ടായി പിരിഞ്ഞുകഴിഞ്ഞിരുന്നു എന്ന് അവരുടെ ഗ്രന്ഥങ്ങളിൽനിന്നും സ്പഷ്ടമാകുന്നുണ്ട്. അക്കാലത്തുതന്നെ വൈദികം അല്ലെങ്കിൽ ഛന്ദസ്സ് എന്നു വിളിച്ചുവന്ന ഭാഷ വളരെ പഴക്കമുള്ളതും, അർത്ഥം മനസ്സിലാക്കാൻ വൈഷമ്യമുള്ളതും ആയിത്തീർന്നിരുന്നു. പാണിനി തുടങ്ങീട്ടുള്ള വൈയാകരണന്മാർ വൈദികഭാഷയും ലൌകികഭാഷയും കൂടിച്ചേർത്താണു വ്യാകരണം നിർമ്മിച്ചിട്ടുള്ളത്. അതിൽ ലൌകികഭാഷയെ പ്രധാനമാക്കിവെച്ചിട്ട്, വൈദികഭാഷയിലെ വിശേഷവിധികളെ നിർദ്ദേശിക്കയും, ലൌകികഭാഷയെ തങ്ങളുടെ വ്യാകരണംകൊണ്ടു സംസ്കരിക്കയുമാണു ചെയ്തുകാണുന്നത്. 'കൃ=ചെയ്ക' എന്നർത്ഥമുള്ള ധാതുവിൽ വി- ആ എന്നു രണ്ടു ഉപസർഗ്ഗങ്ങൾ ചേർന്നുണ്ടായിട്ടുള്ള ഒരു ശബ്ദമാണു വ്യാകരണപദം. വി- ആ എന്ന രണ്ടുപസർഗ്ഗങ്ങളും വിശ്ലേഷാർത്ഥദ്യോതകങ്ങളത്രെ. അതുകൊണ്ടു വ്യാകരണം എന്നതിനു 'വേർതിരിക്കുക' അപഗ്രഥനംചെയ്ക, എന്നർത്ഥം സിദ്ധിക്കുന്നു. ഭാഷയിലുള്ള നാമം, ധാതു, ഉപസർഗ്ഗം, അവ്യയം എന്നീ ശബ്ദങ്ങളേയും വർണ്ണം, പദം, വാക്യം, പ്രകൃതി, പ്രത്യയം എന്നീ അംശങ്ങളേയും പിരിച്ചെടുത്ത് അവയെ ചേർക്കേണ്ടുന്നവിധത്തെയും, ചേരുമ്പോളുണ്ടാകുന്ന മാററങ്ങളേയും പ്രതിപാദിക്കുന്നതായാൽ വ്യാകരണമായി. ഇതിൽനിന്നും ഭാഷയ്ക്കു സിദ്ധിക്കുന്ന ഫലം സംസ്കരണമാണ്. ഇങ്ങിനെ വ്യാകരണംകൊണ്ടു സംസ്കരിക്കപ്പെട്ടതായ അതായതു പരിഷ്കരിക്കപ്പെട്ടതായ ഒരു ഭാഷയാണു സംസ്കൃതം എന്നു പറഞ്ഞുവരുന്നത്. ഈ സംസ്കരണം സിദ്ധിച്ചത്, ഏതു ഭാഷയ്ക്കാണോ അതിനെയും സംസ്കൃതമെന്നുതന്നെ പറയാം.

പാണിനീയാദിവ്യാകരണഗ്രന്ഥങ്ങൾ ഉണ്ടായതോടുകൂടി ഭാഷയുടെ ഗതി രണ്ടു ഭിന്നപ്രകാരത്തെ അവലംബിച്ചുതുടങ്ങി. ഗ്രന്ഥകർത്താക്കളും കവികളും നിയമേന വിദ്വാന്മാരായിരുന്നതുകൊണ്ട് അവർ പാണിനീയാദികളെ അനുകരിച്ച് അവരാൽ നിയന്ത്രിതമായ ഭാഷയെത്തന്നെ ഉപയോഗിക്കയും ആ ഭാഷയ്ക്കു ഗ്രന്ഥങ്ങളിൽ സ്ഥായിയായ പ്രതിഷ്ഠയുണ്ടാക്കുകയും ചെയ്തു. ജനസാമാന്യമാകട്ടെ, വിദ്യാഭ്യാസമില്ലാതിരുന്നതുകൊണ്ട് അതാതു കാലത്തു നടപ്പിലിരുന്ന ഭാഷയെ ഉപയോഗിച്ചുവന്നു. ആ ഭാഷയിൽ സന്ധി, ഉച്ചാരണസ്ഫുടത, പ്രകൃതിപ്രത്യയങ്ങളുടെ യോജിപ്പ് ഇത്യാദി വ്യാകരണനിയമങ്ങളെ വകവെയ്ക്കാതെ തന്നെ കഴിച്ചുകൂട്ടി. ആ സംസ്കാരത്തിനു കീഴടങ്ങാതെ പ്രകൃത്യാ ഇരുന്ന നിലയിൽ തന്നെ ഇരുന്നതുകൊണ്ട് അതിനു പ്രാകൃതമെന്നും പേർ സിദ്ധിച്ചു. ഈ പ്രാകൃതമല്ലെങ്കിൽ അസംസ്കൃതമായ സംസ്കൃതഭാഷ വളരെക്കാലംകൊണ്ട് ഓരോ ദേശത്തിൽ ഓരോ രീതിയെ അവലംബിച്ചു പല ശാഖകളായിത്തീരുകയും ഇക്കാലത്തു വടക്കേ ഇൻഡ്യയിൽ നടപ്പിലിരിക്കുന്ന ബംഗാളി, ഉർദു, ഹിൻഡി, പഞ്ചാബി മുതലായ ഭാഷകളുടെ മാതൃക്കളായി പരിണമിക്കയും ചെയ്തു.

ഗ്രന്ഥകാരന്മാർ ഉപയോഗിച്ചുവന്ന വ്യാകരണനിയന്ത്രിതമായ ഭാഷ കാലക്രമംകൊണ്ടു നിലച്ചുപോകയും മറ്റു ഭാഷകളിൽ കാണുന്നതുപോലെ ഉപര്യുപരിയുള്ള വികാരങ്ങൾക്ക് അനധീനമായിരിയ്ക്കയും ചെയ്തു. വ്യാകരണപ്രമാണംകൊണ്ടു സാധിക്കാൻ കഴിയാത്തതും, വ്യാകരണനിയമങ്ങളെ ലംഘിക്കുന്നതും ആയ പ്രയോഗങ്ങൾ എത്രതന്നെ ഹൃദ്യവും ഭംഗിയുള്ളതും ആയിരുന്നാലും പണ്ഡിതന്മാർ സമ്മതിക്കയില്ലെന്നുള്ള മട്ടിലായി. ഇപ്രകാരമുള്ള ഒരു ഭാഷ വിദ്വാന്മാർക്കല്ലാതെ പാമരന്മാർക്ക് ദുർഗ്രഹമായിത്തീർന്നതോടുകൂടി അത് ഒരു മൃതഭാഷയെന്ന പേരിനു പാത്രീഭവിച്ചു. എന്നാൽ വാസ്തവത്തിൽ വൈയാകരണന്മാർ സംസ്കൃതഭാഷയെ ഹനിക്കയല്ല ചെയ്തത്; അതിനെ ചിരജീവിയാക്കുകയാണ് ചെയ്തിട്ടുള്ളത്. അതായത്, ഇതരഭാഷകൾ കാലദേശാദ്യുപാധികൾക്ക് വശംവദങ്ങളായി വികാരം പ്രാപിച്ചു മാറിക്കൊണ്ടിരിക്കവേ, ഈ സംസ്കൃതഭാഷ

ശതാബ്ദങ്ങൾക്കു മുമ്പ് ഇതേ രൂപത്തിൽത്തന്നെ ഇന്നും ഇരിക്കുന്നതായി നാം കാണുന്നു. ഇവിടെ എത്ര ശതാബ്ദങ്ങൾ കഴിഞ്ഞാലും ഇപ്പോഴിരിക്കുന്ന രൂപത്തിനു മാററം വരികയുമില്ല. ഇക്കാലത്തും പുതിയ ഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ ഉണ്ടാകുകയും പ്രചരിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. അനേകം പത്രികകളും മാസികഗ്രന്ഥങ്ങളും സംസ്കൃതത്തിൽ പുറപ്പെടുന്നുണ്ട്. ചില രാജധാനികളിലും മററും സംസ്കൃതപണ്ഡിതന്മാർ തർക്കവ്യാകരണാദിശാസ്ത്രങ്ങളിൽ പരിശീലനം ചെയ്യുകയും ആ ഭാഷയിൽത്തന്നെ വാദകോലാഹലങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതെല്ലാംകൊണ്ടും സംസ്കൃതം കേവലം ഒരു പുരാതനഭാഷയായി ഗണിക്കത്തക്കതല്ലെന്നും, അതു 'എന്നും പതിനാറു വയസ്സ്' എന്ന മട്ടിൽ എല്ലാ കാലത്തിലും ജീവിച്ചിരിക്കുന്നതാണെന്നും സ്പഷ്ടമാകുന്നു. എന്നാൽ ഇതെല്ലാം പരിമിതമായ ഒരു വിദ്വൽഗോഷ്ഠിയിൽ മാത്രമേ നടപ്പിൽ വരികയുള്ളു എന്നുള്ള സംഗതി നാം ഒരിക്കലും വിസ്മരിക്കരുത്.

ആദികാലത്തു സർവ്വജനീനമായ ഒരു ഭാഷയായിരുന്നു സംസ്കൃതം എന്നതിലേക്കു ചില ലക്ഷ്യങ്ങളുള്ളതിനെ എടുത്തുനോക്കാം. യാസ്കാദിവൈയാകരണന്മാർ ഇതിനെ ഭാഷയെന്നും, ലൌകികമെന്നും വ്യവഹരിക്കുന്നതായി മുമ്പു സൂചിപ്പിച്ചുവല്ലോ. അവർ ഈ ഭാഷയെപ്പററി പറയുന്ന പല സംഗതികളും ഒരു വ്യവഹാരഭാഷയെന്ന നിലയിലാണ്. അക്കാലത്തു ഗ്രന്ഥമാത്രദൃഷ്ടമായിരുന്നു എന്നുള്ളതിലേക്കു യാതൊരു സൂചകങ്ങളും പ്രാചീനഗ്രന്ഥങ്ങളിലില്ല. പതഞ്ജലി പലപ്പോഴും 'ലോകം', 'വേദം' എന്ന ശബ്ദങ്ങളെക്കൊണ്ടാണ് കാവ്യസംസ്കൃതത്തെയും, വൈദികസംസ്കൃതത്തെയും നിർദ്ദേശിക്കുന്നത്. പാണിനിയുടെ വ്യാകരണത്തിലുള്ള എത്രയോ സൂത്രങ്ങൾ ഒരു വ്യവഹാരഭാഷയ്ക്കു മാത്രം ചേരുന്നതും, അല്ലാത്തപക്ഷം ആ സൂത്രങ്ങൾക്ക് ആവശ്യം തന്നെ ഇല്ലാത്തതും ആയിക്കാണുന്നു. ഉദാഹരണമായി, 'പ്രത്യഭിവാദേഽശൂദ്രേ', 'ദൂരാദ്ധൂതേ ച' എന്ന സൂത്രങ്ങൾകൊണ്ടു, പ്രത്യഭിവാദനം ചെയ്യുമ്പോഴും ദൂരെ നിന്നു സംബോധനം ചെയ്യുമ്പോഴും ഉപയോഗിക്കേണ്ട 'പ്ലുതം' അല്ലെങ്കിൽ മൂന്നു മാത്രയുള്ള ദീർഘവിശേഷം ഒരു വ്യവഹാരഭാഷയ്ക്കല്ലാതെ സാഹിത്യ

മാത്രമായല്ല വലിയ ആവശ്യമൊന്നുമില്ലാത്തതാണെന്നു സാധിക്കാം. അതുകൂടാതെ, ഇപ്പോഴത്തെ ജീവൽഭാഷകളിൽ കാണാത്തതു പോലുള്ള ശബ്ദരൂപങ്ങളും മററും അന്നു സംസ്കൃതത്തിലും ഉണ്ടായിരുന്നതായി ലക്ഷ്യങ്ങൾ ഉണ്ടു്. വടക്കും കിഴക്കും പ്രത്യേകമുള്ള ചില വിശേഷങ്ങളെ പാണിനി, യാസ്കൻ ഇവരും, ചില പ്രത്യേക ദേശങ്ങളിൽ മാത്രമുണ്ടായിരുന്ന വ്യത്യാസങ്ങളെയും പദവിശേഷങ്ങളെയും പതഞ്ജലി, കാത്യായനൻ ഇവരും എടുത്തുപറഞ്ഞിട്ടുണ്ടു്.

ക്രിസ്തുവർഷാരംഭത്തിനു രണ്ടു ശതാബ്ദങ്ങൾക്കു മുമ്പ് ആര്യാവർത്തം എന്നു വിളിച്ചുവന്നതും ഹിമവദ്വിന്ധ്യപർവ്വതങ്ങൾക്കു മദ്ധ്യസ്ഥിതിചെയ്യുന്നതുമായ ദേശത്തിൽ സംസ്കൃതഭാഷ നടപ്പിലിരുന്നു എന്നാണ് സാധാരണ പണ്ഡിതന്മാരുടെ അഭിപ്രായം. ആരുടെ ഇടയിലാണ് നടപ്പിലിരുന്നത് എന്നു ചോദിച്ചാൽ, ശിഷ്ടന്മാരായി വിദ്യാഭ്യാസം സിദ്ധിച്ചവരുടെ ഇടയിൽ നിശ്ചയമായും നടപ്പിലിരുന്നു എന്നു പറയാം. ഇതരവർഗ്ഗക്കാരുടെ ഇടയിലും നടപ്പിലിരുന്നിരിക്കണം. പതഞ്ജലിയുടെ മഹാഭാഷ്യത്തിൽ, ഒരു വൈയാകരണനും, ഒരു തേരാളിയും തമ്മിൽ, സൂതൻ എന്ന പദത്തിന്റെ നിരുക്തത്തെപ്പററി നടന്ന ഒരു വാദം ഉദ്ധരിച്ചുകാണുന്നു. ഇതിൽ നിന്നും ബ്രാഹ്മണേതരജാതികൾക്കും സംസ്കൃതം സ്വാധീനമായിരുന്നു എന്നു തെളിയുന്നു.

സംസ്കൃതനാടകങ്ങളിൽ, സംസ്കൃതവും പ്രാകൃതവും ചേർത്തിളച്ചു് ഉപയോഗിച്ചിരിക്കുന്ന രീതി നോക്കുമ്പോഴും ചില തെളിവുകൾ നമുക്കു കിട്ടുന്നു. നാടകം മുതലായ നാട്യകാവ്യങ്ങൾ സാധാരണ പൊതുജനങ്ങൾ ഒന്നിച്ചുകൂടി കണ്ടു രസിക്കുന്നതായി ഉണ്ടായിട്ടുള്ള ദൃശ്യകാവ്യങ്ങളാണല്ലൊ. സംസ്കൃതഭാഷയിൽ അഭിനയയോഗ്യമായ അസംഖ്യം ഉത്തമനാടകങ്ങൾ ഉണ്ടായിട്ടുള്ളതു തന്നെ ആ ഭാഷയുടെ സജീവതയ്ക്കു മതിയായ സാക്ഷ്യമാണ്. അവയിൽ രാജാവു മുതലായിട്ടുള്ള ഉത്തമപാത്രങ്ങൾ സംസ്കൃതവും, സ്ത്രീജനങ്ങളും താണതരം പാത്രങ്ങളും പ്രാകൃതത്തിന്റെ ഓരോ ശാഖയും സംഭാഷണത്തിൽ ഉപയോഗിക്കുന്നതായിട്ടു കവികൾ നിബന്ധിച്ചിരിക്കുന്നു. പ്രാചീനനാടകങ്ങളിൽ കവികൾ അക്കാലത്തുള്ള വസ്തുസ്ഥിതിയെ നാ-

ടകങ്ങളിലും ചേർത്തി എന്നേ ഉള്ളൂ. സംസ്കൃതം വ്യവഹാരഭാഷയായതിന്റെ ശേഷമുണ്ടായിട്ടുള്ള അർവ്വാചീനനാടകങ്ങളിലും ഈ വ്യവസ്ഥ കാണുന്നതു, പാരമ്പര്യാനുവർത്തനം എന്നു പറഞ്ഞു സമാധാനപ്പെടേണ്ടതേ ഉള്ളൂ. പ്രാകൃതം സംസാരിക്കുന്നവർ സംസ്കൃതവും, സംസ്കൃതം സംസാരിക്കുന്നവർ പ്രാകൃതവും ധാരാളം മനസ്സിലാക്കിയിരുന്നു. അങ്കങ്ങളിൽ അവതരിപ്പിച്ചിട്ടുള്ള പാത്രങ്ങൾ ഒരേ തരക്കാരല്ലാതെ വരുന്ന അവസരങ്ങളിലെല്ലാം സംസ്കൃതനാടകങ്ങളിലെ സംഭാഷണങ്ങൾ പ്രാകൃതവും സംസ്കൃതവും ഇടകലർന്നിട്ടാണ്. നാടകങ്ങൾ ആടിക്കണ്ടും, ഇതിഹാസപുരാണങ്ങൾ ചൊല്ലിക്കേട്ടും രസിക്കാനുദ്ദേശിച്ചിട്ടുള്ള ജനസാമാന്യത്തിനു സംസ്കൃതത്തിൽ തന്നെ വ്യവഹരിക്കാൻ കഴിഞ്ഞില്ലെന്നു വാദിക്കാമെന്നു വരികിലും, അതു കേട്ടാൽ മനസ്സിലാക്കാൻ കഴിവില്ലായിരുന്നു. അതായത്, ഇപ്പോൾ വ്യവഹാരഭാഷയിലിരിക്കുന്ന സാധാരണ തമിഴും, മലയാളവും എന്നപോലെയായിരുന്നിരിക്കണം. അതത് വടക്കെ ഇന്ത്യയിൽ നാട്ടുഭാഷകളുടേയും സംസ്കൃതത്തിന്റേയും നില. തമിഴ് മാത്രം സംസാരിക്കുന്ന ഒരു പരദേശിക്കും, മലയാളം മാത്രം അറിയാവുന്ന ഒരു മലയാളിക്കും തമ്മിൽ ഉണ്ടാകുന്ന സംഭാഷണങ്ങൾ നമുക്ക് പലപ്പോഴും അറിയാൻ ഇടയായിട്ടുണ്ട്. തമിഴൻ തമിഴിലും മലയാളി മലയാളത്തിലും ചോദ്യോത്തരങ്ങൾ ചെയ്യുന്നു. ഇവർക്ക് അന്യോന്യം കാര്യം ഗ്രഹിക്കുന്നതിൽ വലിയ വിഷമമില്ലതാനും. അന്നു സംസ്കൃതം അറിയാവുന്നവർക്ക് ഒന്നോ അധികമോ പ്രാകൃതവും വശമായിരുന്നു. ഇക്കാലത്തു നമ്മുടെ ഇടയിൽ താമസിക്കുന്ന തെലുങ്കർക്കും ഇതര നാട്ടുകാർക്കും മറ്റും അവരവരുടെ ഭാഷയ്ക്കു പുറമെ തമിഴും മലയാളവും കൂടി സ്വാധീനമായി കാണുന്ന സ്ഥിതിക്കു മേൽപറഞ്ഞ സംഗതി അസംഭവമല്ലല്ലോ. ഇന്നും സംസ്കൃതഭാഷയിൽ തന്നെ വ്യവഹരിക്കുവാൻ കഴിയാവുന്ന വിദ്വജ്ജനങ്ങൾ ഉള്ള സ്ഥിതിക്ക് ആ ഭാഷ വ്യവഹാരഭാഷയായിരുന്നിട്ടേ ഇല്ലെന്നും, അപ്രകാരമുള്ള വ്യവഹാരം അസംഭാവ്യമാണെന്നും നമുക്കു ഖണ്ഡിച്ചുപറവാൻ തരമില്ല.

എന്നാൽ സംസ്കൃതഭാഷയ്ക്കു വ്യവഹാരഭാഷാസൗകര്യവും സർവ്വജനീനതയും ഉണ്ടായിരുന്നിരിക്കാൻ തരമില്ലെന്നുള്ളതിനുള്ള യുക്തിക

ത്തേയും നാം അല്പം ചിന്തിക്കേണ്ടതുണ്ട്. ക്രിസ്തുവിനു മുമ്പു ൬-ാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ബുദ്ധമുനി തന്റെ ഉപദേശങ്ങളെ ദേശ്യഭാഷയിലാണ് പ്രസംഗിച്ചത്; സംസ്കൃതത്തിലല്ല. ഏറ്റവും പ്രാചീനമായ ബുദ്ധമതഗ്രന്ഥങ്ങളെല്ലാം അന്നത്തെ സർവ്വജനീനമായ നാട്ടുഭാഷയിലാണ് എഴുതിവെച്ചിട്ടുള്ളത്. ഇതിൽനിന്നും അക്കാലത്തു സംസ്കൃതം വ്യവഹാരഭാഷയിലിരുന്നില്ലെന്നോ അല്ലെങ്കിൽ വ്യവഹാരഭാഷയെ വിട്ടുമാറിക്കഴിഞ്ഞിരുന്നുവെന്നോ, അഥവാ, ബുദ്ധമുനി പ്രസംഗിച്ച ദേശങ്ങളിൽ അതിനു പ്രചാരമില്ലായിരുന്നുവെന്നോ ഊഹിക്കാം. അതുപോലെ തന്നെ അശോകചക്രവർത്തിയുടെ ശിലാലേഖനങ്ങളിലും സംസ്കൃതം കാണുന്നില്ല.

ഒരു ഭാഷയുടെ സർവ്വജനീനതയെ അതിലെ ഗദ്യഗ്രന്ഥങ്ങളുടെ സ്ഥിതികൊണ്ട് അനുമാനിക്കാമെന്നു വരികിൽ, സംസ്കൃതത്തിലെ ഗദ്യങ്ങളുടെ നില പ്രതികൂലമാണ്. കൃത്രിമബാഹുല്യവും അതിദീർഘസമാസങ്ങളോടുകൂടിയതും ചിലേടത്ത് ഒരു മാതിരി വൃത്തത്തിന്റെ മട്ടിലുള്ളതുമായ ഒരു ഗദ്യവിശേഷമാണ് സംസ്കൃതാഖ്യായികകളിൽ കാണുന്നത്. ആ മാതിരി ഗദ്യഭാഷ ഒരു കാലത്തും സംസാരിച്ചിരിക്കാൻ ഇടയില്ല.

സംസ്കരണംകൊണ്ടുണ്ടായതാണല്ലോ സംസ്കൃതം. ഈ സംസ്കരണമെന്നു പറയുന്ന വ്യാകരണനിയമങ്ങൾ പണ്ഡിതന്മാരല്ലാതെ പാമരന്മാർ അറിഞ്ഞിരിക്കാൻ തരമില്ല. ഈ ക്രിയ ആത്മനേപദമാണ്, ഇന്നതു പരസ്മൈപദമാണ്, ഇന്നത് ഉഭയപദമാണ്, അവയുടെ പ്രയോഗസാരസ്യം ഇന്നതാണ് എന്നും മറ്റുമുള്ള സംഗതികൾ സംസ്കൃതകവികൾക്കുപോലും തിരിച്ചറിയാൻ വിഷമമായിരിക്കുന്ന സ്ഥിതിക്ക ഭാരവാഹാദി സാധാരണ ജനങ്ങൾ അവയെ അറിഞ്ഞു എന്നും, അതനുസരിച്ചു സംസാരിച്ചു എന്നും ഉള്ളത് ഒരിക്കലും സംഭാവ്യമല്ല. 'അഭിവാദേസ്ത്രീവന്മാഭൂമേത്യദ്ധ്യേയം വ്യാകരണം' (അഭിവാദനം ചെയ്യുമ്പോൾ സ്ത്രീയെപ്പോലെ ഭവിക്കാതിരിക്കാൻ വേണ്ടി വ്യാകരണം പഠിക്കണം) എന്നു മഹാഭാഷ്യകാരനായ പതഞ്ജലി പറഞ്ഞിരിക്കുന്നതിൽനിന്നും സ്ത്രീകൾക്ക പ്ലുതവിധിയും മറ്റും അറിയാൻ പാടില്ലായിരുന്നു എന്നും, സ്ത്രീകളും വി

ഭ്യാസമില്ലാത്ത പുരുഷന്മാരും ശുദ്ധസംസ്കൃതം സംസാരിച്ചില്ലെന്നു വ്യക്തമാകുന്നു. നാടകകർത്താക്കൾ വളരെ പഠിപ്പുള്ള സ്ത്രീകളെക്കൊണ്ടും പ്രാകൃതം തന്നെ സംസാരിപ്പിക്കുന്നു. ഈ ലക്ഷ്യങ്ങളിൽനിന്നും സംസ്കൃതം വിദ്വത്സമാജങ്ങളിൽ മാത്രം നടപ്പിലിരുന്നു എന്നും, മറ്റു അവസരങ്ങളിൽ സർവ്വജനീനമായ വേറൊരു ഭാഷയെ എല്ലാവരും സംസാരിച്ചുവന്നു എന്നും സിദ്ധിക്കുന്നു.

ഏവം ച, സംസ്കൃതഭാഷയുടെ വ്യാവഹാരികദശയെപ്പററി പ്രബലമായ രണ്ടു ഭിന്നാഭിപ്രായമാണുണ്ടായിട്ടുള്ളത്. രണ്ടു പക്ഷക്കാർക്കും മതിയായ കാരണങ്ങളും ഉണ്ട്. ഒരേ സംഗതി തന്നെ ചിലപ്പോൾ രണ്ടു കൂട്ടർക്കും അനുകൂലിക്കുന്നതായും കാണാം. അതുകൊണ്ട് ഒരു പക്ഷത്തെ തീരെ തള്ളുന്നതിനും, മറ്റു പക്ഷത്തെ മുഴുവനും സ്വീകരിക്കുന്നതിനും നിവൃത്തിയില്ലാത്ത ഒരു ദുർഘടാവസ്ഥയിലാണ് നാം അകപ്പെട്ടിരിക്കുന്നത്. അപ്പോൾ രണ്ടു പക്ഷക്കാർക്കും വൈപരീത്യംകൂടാതെ ഒരു മദ്ധ്യസ്ഥകക്ഷിയെ അവലംബിച്ചു സമാധാനപ്പെടാനേ നമുക്കു കഴിവുള്ളു. അതിലെല്ലാ സംസ്കൃതഭാഷ എന്ന പദത്തിന്റെ അർത്ഥം എത്രത്തോളം വ്യാപകമാണെന്ന് ഇപ്പോഴത്തെ ജീവൽഭാഷകളോടു തട്ടിച്ചു നാം ചിന്തിക്കുന്നതായാൽ നമ്മുടെ ദുർഘടാവസ്ഥയെ ഒരു വിധം പരിഹരിക്കാം. എന്തെന്നാൽ പാണിനീയാനുസാരികളായ വൈയാകരണന്മാർ സിദ്ധാന്തിച്ചു നിയന്ത്രിച്ചിട്ടുള്ളതും, അതിദീർഘങ്ങളായ സമസ്തപദങ്ങളെക്കൊണ്ടു നിറഞ്ഞതും, ലോകാതീതങ്ങളായ ഉല്ലേഖങ്ങളാലും അഗാധമായ ആശയങ്ങളാലും മററും ഗഹനമായിട്ടുള്ളതും, ഭാരവി, ബാണൻ, ശ്രീഹർഷൻ, മാഘൻ മുതലായ മഹാകവികളുടെ ഗ്രന്ഥങ്ങളിൽ വിളങ്ങുന്നതുമായ ഒരു ഭാഷയെയാണ് നാം സംസ്കൃതശബ്ദംകൊണ്ടു ഗ്രഹിക്കുന്നത് എന്നു വരികിൽ, ആ ഭാഷ സർവ്വജനീനമായ ഒരു ഭാഷയായി ഒരു കാലത്തും വ്യവഹാരദശയിലിരുന്നിട്ടില്ലെന്നു നമുക്കു ഖണ്ഡിച്ചു പറയാം. എന്നാൽ ഇപ്പോഴുള്ള ജീവൽഭാഷകളിലെല്ലാം സാഹിത്യഭാഷയ്ക്കും നാടോടിഭാഷയ്ക്കും തമ്മിലുള്ളതുപോലെ വലിയ വ്യത്യാസമൊന്നും കാണുകയില്ല. എന്നുവരികിലും, സൂക്ഷ്മദർശികളുടെ ദൃഷ്ടിക്കു വ്യത്യാസങ്ങൾ ഉള്ളതായി കാണാം. ഉദാഹരണ

യി നമ്മുടെ മലയാളവും, തമിഴ് ഈ ഭാഷകളെത്തന്നെ എടുക്കാം. മലയാളത്തിൽ ഗദ്യഭാഷയെന്നു വേറെ; പദ്യഭാഷയെന്നു വേറെ. നാടോടിഭാഷയോട് അധികം അടുപ്പമുള്ളതു ഗദ്യത്തിനാണ്. അതിലും നാടോടിഭാഷയിൽ നിന്നു വ്യതിരിക്തങ്ങളായ പല സംഗതികളും ഉണ്ട്. അതുപോലെ തന്നെ തമിഴിലും ഗദ്യപദ്യഭാഷകൾക്കു തമ്മിൽ ഭേദമുള്ളതു കൂടാതെ, തമിഴ്നാട്ടുകാർ സംസാരിക്കുന്ന ഭാഷയിൽനിന്നും എത്രയോ ഭേദമുള്ള ഒരു ഭാഷയാണ് തമിഴ് ഗദ്യഗ്രന്ഥങ്ങളിൽ നിബന്ധിച്ചുകാണുന്നത്. ഇപ്രകാരമുള്ള ഭേദങ്ങളെ ഒന്നും വകവെയ്ക്കാതെയാണ് നാം തമിഴെന്നും മലയാളമെന്നും വ്യവഹരിച്ചുവരുന്നത്. തമിഴിലും മലയാളത്തിലും ഉള്ള സാമാന്യഗദ്യകൃതികൾ എല്ലാം, നിയമപൂർവ്വം വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത സാധാരണജനങ്ങൾക്കു ഗ്രഹിക്കാൻകൂടാത്ത മട്ടിലായി കാണുന്ന സ്ഥിതിക്കു, തമിഴ് മലയാളസാഹിത്യങ്ങളിൽ മാത്രം പരിചയിച്ചിട്ടുള്ള ഒരു വിദേശീയൻ, ആ രണ്ടു ഭാഷകളും വ്യവഹാരഭാഷകളല്ലെന്നു വാദിക്കുന്നതായാൽ നമുക്കു സമ്മതിക്കുന്നതാണോ? അപ്പോൾ ഇംഗ്ലീഷ് മുതലായ പാശ്ചാത്യഭാഷകളിൽ ഗ്രന്ഥമാത്രേണ പരിചയം സിദ്ധിച്ചിട്ടുള്ള നമുക്കും അതുപോലെ വാദിക്കാമെന്നു വരും. അതുകൊണ്ട്, ഇപ്പോഴുള്ള ജീവൽഭാഷകളെ നാം സാധാരണ ഗ്രഹിക്കുന്നതു, സാഹിത്യഭാഷയും നാടോടിഭാഷയും എന്ന ഭേദമെന്യേയാണ്. അതുപോലെ സംസ്കൃതം എന്ന വാക്കുകൊണ്ടു വളരെക്കാലം മുമ്പു കാവ്യം, നാടകം, ഇതിഹാസം മുതലായവ വ്യത്യാസംകൂടാതെ തന്നെ സാമാന്യേന നാം ഗ്രഹിക്കയും, സാഹിത്യഭാഷയ്ക്കും നാടോടിഭാഷയ്ക്കും തമ്മിൽ വലിയ വ്യത്യാസങ്ങൾ ഇല്ലാതിരിക്കയും ചെയ്ത ഒരു കാലത്തിലെ ഭാഷയെ ഗ്രഹിക്കുന്നതായാൽ, സംസ്കൃതം വ്യവഹാരഭാഷയായിരുന്നു എന്നു തന്നെ സാധിക്കാം. ഇതിനെ സംസ്കൃതഭാഷ എന്ന ശബ്ദത്തിന്റെ അർത്ഥത്തെ വ്യാപകമായി എടുക്കുന്നതായാൽ അതു വ്യവഹാരഭാഷയായിരുന്നു എന്നും, അതിന്റെ വ്യാപ്യമായ അർത്ഥത്തെ മാത്രം എടുത്തു ശ്രീഹർഷാദികളുടെ ഗ്രന്ഥങ്ങളിൽ കാണുന്ന ഭാഷയെ മാത്രം ഗണിക്കുന്നതായാൽ, അതു വ്യവഹാരഭാഷയിലിരുന്നിട്ടില്ലെന്നും നമുക്കു പറയാം. ഈ യുക്തികൊണ്ടു സംസ്കൃ

തത്ത്വത്തിന്റെ വ്യാപ്യവ്യാപകഭാവങ്ങളിൽ ഒന്നിനെ മാത്രം ഗ്രഹിക്കുമ്പോഴാണ് ഭിന്നാഭിപ്രായങ്ങൾക്കും, അവയെ സാധിക്കുന്നതിനുവേണ്ടി വാദങ്ങൾക്കും ഇടയാകുന്നത്. സംസ്കൃതം വ്യവഹാരഭാഷയിൽ ഇതുതന്നെ എന്നു പ്രബലമായി ശഠിക്കുന്നവർ അതിന്റെ വ്യാപകമായ അംശത്തെ ഗ്രഹിച്ചു എന്നിരിക്കട്ടെ; അല്ലെന്നു സിദ്ധാന്തിക്കുന്നവർ വ്യാപ്യമായ സങ്കുചിതാംശത്തെ സ്വീകരിച്ചു എന്നു സമാധാനപ്പെടാം. മദ്ധ്യസ്ഥന്മാരായ നാമാകട്ടെ രണ്ടു വിധാംശത്തെയും ഗ്രഹിച്ചു എന്നിരിക്കട്ടെ.

എൻ. രാമസ്വാമി അയ്യർ ബി. എ.

ജാതികളും വൃത്തിമര്യാദകളും.

മണ്ണാർപാട്ട് — തോററം

കേട്ടുകൊണ്ടാലും എന്റെ മേച്ചിങ്ങാപ്പുറത്തു ചെട്ടിയാരെ മാലിമ്പം ചൂതാടാനൊന്നിരിക്കാൻ കളിക്കണമിപ്പോൾ. എന്നതിനെ കേട്ടു ചെട്ടിയാരങ്ങ് ഒരു തട്ടുകയും നിരത്തുന്നോരു നേരത്തു കൈവശം ചൂതെടുത്തു കൈപിടിച്ചു. പിടിവശം ചൂതിളക്കിക്കളിതുടങ്ങുന്നോരു നേരത്തു അച്ചൂതിലും അവ്വശംപ്പുറവും പോർതോറ്റു പോർപിഴച്ചു മേച്ചിങ്ങാപ്പുറത്തു ചെട്ടിയാൻ. അങ്ങോട്ടു വെച്ചിനന്നൊരിന്നു നേർപ്പൂവ് നൊറിക്ക നൊറിപ്പട്ടും ഇങ്ങോട്ടു പണയമായി വീണ്ടെടുക്കുന്നോരുനേരത്തു തരാമെന്നരിന്നതും കയറിനിന്നു. കൈകവശം ചൂതെടുത്തു കൈപിടിച്ചു പിടിവശം ചൂതെടുത്തു കളിതുടങ്ങുന്ന നേരത്ത് അച്ചൂതിലും അവ്വശംപ്പുറവിലും പോർതോറ്റു പോർപിഴച്ചു മേച്ചിങ്ങാപ്പുറത്തു ചെട്ടിയാൻ. വെള്ളതെടോ വെള്ളതെടോ, എന്റെ മേച്ചിങ്ങാപ്പുറത്തു ചെട്ടിയാരെ ചൂതിൽ തോറ്റതിനു പണയം വെള്ളു് എന്നു ചോദിച്ചു. അങ്ങോട്ടുവെച്ചിന കഴുത്തിനു കഴലാരം മാറിനു മാർത്താലി ഇങ്ങോട്ടു വീണ്ടുവെക്കുന്നോരു നേരത്ത് ഒരു തട്ടും

ര ണ്ണിപ്പലകകളുംകൊണ്ടു മാറിവെച്ചു പൊന്നുകൻ. മൂന്നാമതാനാളിലത്ത ന്നും കയറിരുത്തി കൈവരുന്ന ചൂതും എടുത്തു കൈപിടിച്ചു. പിടിവരു ന്ന ചൂതിളക്കിക്കളിത്തു = ഒന്നോ രണ്ടോ അച്ചത്തിലും ഒപ്പത്തിലും ലും പോർതോറും പോർ പിഴച്ചു തെച്ചിത്തൊപ്പുറത്തു ചെട്ടിയാൻ· വെള്ളത്തെടാ വെള്ളത്തെടാ എന്തെടാ തെച്ചിത്തൊപ്പുറത്തു ചെട്ടിയാനെ അതൊന്നൊട്ടു വെച്ചു പണയം ഇതൊട്ടു വിരുതുവെച്ചുണ്ട് എന്നു കളി ച്ചു. കളിച്ചു തന്റെ കനകവളവിരൽ പന്തിയിൽ മണിമോതിരം ഇതൊ ട്ടു വിരിതെടുക്കുന്നു പൊന്നുകൻ. നാലും മൂന്നും ഏഴാമതാനാളിലത്തും കയറിരുത്തി. കൈവരുന്ന ചൂതെടുത്തു കൈപിടിച്ചു പിടിവരുന്ന ചൂ തെടുത്തു കളി തുടങ്ങുന്നൊരു നേരത്തു ചെട്ടിയാന്റെ ചൂതിനെ വെ ട്ടി ചെട്ടിയാന്റെ കര തടുത്തു. ചെട്ടിയാൻ ചൂതിലും തോറു തളർ ന്നപ്പെട്ടു ആശയറിക്കുന്നു. വെള്ളത്തെടാ വെള്ളത്തെടാ എന്തെടാ തെച്ചി ത്തൊപ്പുറത്തു ചെട്ടിയാനെ. മാറിവെച്ച ചൂതിനടുത്ത പണയം പല തും വെച്ച് എന്നു ചൊല്ലി. ചെട്ടിയാന്റെ കോട്ട ഗോപുരം മതി ലകസ്ഥാനം കണക്കമാളികയും കൂടി പണയമാക്കി കൊടുക്കുന്നൊരു നേരത്തിലുണ്ട് ഇതൊട്ടു മാറിവെക്കുന്നൊരു നേരത്തിലുണ്ട് ചെട്ടി യാനെയെത്തിപ്പിടിച്ചു ചെറുകയറാലെ വരിഞ്ഞുകെട്ടി ചിത്രമണി ത്തൂണിനോടു ചേർത്തു കെട്ടുന്നൊരു നേരത്തിലുണ്ട്. ചൂതാട്ടം മണിപ്പ ലക തല്ലിപ്പൊളിച്ചു ചൂതാട്ടം കരുക്കളിടിച്ചു ചൂതാടുന്ന പട കൊട്ടിലിന്റെ നാലുഭാഗത്തും തിരകൊളുത്തി. ചെട്ടിയാനുള്ള കാ ലത്തും ചോണോട്ടുള്ള കാലത്തും ചൂതാട്ടേന്നും മണിപ്പലകയെന്നും കേൾക്കരുതേ എന്നു ചൊല്ലി. ചന്തത്തിലും ചന്തത്തിലൊത്തു കി ഴക്കുംകൊല്ലം ചോണോട്ടു വിളഞ്ഞിനായി വഴിപോകുന്നൊരു നേര ത്തിങ്കലപ്പോൾ. ഇടപ്പടിതോറും ഓടിക്കടന്നു അച്ചാലും ഇച്ചാ ലും കടന്നു കാറ്റിലെത്തിയോകവിമ്പനായും കടന്നു നീരൊഴുക്കും പുഴയും കടന്നു പളുങ്കുവട്ടുപാറപ്പുറവും ഓടിക്കടന്നു കിഴക്കേകൊല്ല ത്തു ചെന്നിൻപോർ ചെടിക്കുന്ന വിധിയെ ചെന്നു വഴിപ്പെട്ടു. എ ന്നതിനെ കണ്ടു കിഴക്കെകൊല്ലത്തു നല്ലമ്മയുണ്ട് വെള്ളി ശ്രീകിണ്ടി യിൽ തണ്ണീർക്കോലവും പകർന്നുവെച്ചു വെള്ളിയാവണിപ്പലകയും വ ലിച്ചിട്ടു ഉണ്ണിയോടെ തിരുമുഖവും കഴുകി വെള്ളിയാവണിപ്പലകമേൽ

ചെന്ന് അരയിൽക്കുന്ന ചേരണാട്ടുള്ളിപ്പൊന്നുകൾ. എന്നതിനെ കൊണ്ട നാല്പതുമുണ്ട്, കേട്ടുകൊണ്ടാലോ എന്റെ മകനെ കിഴക്കുംകൊല്ലത്തു ചിതുള്ളുണിനായിട്ടാണ് കിഴക്കേകൊല്ലത്തു ചങ്ങാതിയിൽക്കോളും വഴിവന്ന പുറപ്പെട്ടു എന്നു കല്പിച്ചു. മലവെച്ച മക്കഴൽ മുടിമേവിയാള് എവിടെവെച്ചു പോന്നതെന്റെ മകനെ എന്നു ചോദിച്ചു. അസ്ഥിയും പൊന്നും വനവാസത്തു വെച്ചു പോന്നു എന്നു പടപറഞ്ഞു. ഇനിത്താനെ കേൾപ്പതുണ്ടോ എന്റെ മകനെ നീ മലവെച്ച മക്കഴൽ മുടിമേവിയാളെ അസ്ഥിയും പൊന്നും വനവാസത്തുനിന്നു കൊണ്ടുപോന്ന് എഴുന്നാളത്ത ചിതുള്ളുണ്ട് എന്റെ കോവിലകത്ത് എന്നു കല്പിച്ചു

(തുടരും)

മലയാളത്തിലെ ഗദ്യരചന.

മലയാളഭാഷയിൽ ഗദ്യമെഴുതുന്നവർ ദിനംപ്രതി വർദ്ധിച്ചുവരുന്നുണ്ടെന്നുള്ള സംഗതി ഭാഷാഭിമാനികൾക്കു വളരെ സന്തോഷപ്രദമാണ്. എന്നാൽ, ഈ നവീനഗദ്യകാരന്മാരിൽ പലരും, ഗദ്യലേഖനവിഷയത്തിൽ അവശ്യം അനുസരിക്കേണ്ട ചില നിയമങ്ങളെ അത്ര വിലവെയ്ക്കാതിരിക്കുന്നതു വ്യസനകരവുമാണ്. അതിനെയുള്ളവരുടെ ഉപയോഗത്തിനായും വിശിഷ്ട വിദ്യാർത്ഥികളുടെ അറിവിനായും, ചില സംഗതികൾ ഇവിടെ പ്രസ്താവിക്കുവാൻ വിചാരിക്കുന്നു.

വാക്യമെന്നപോലെതന്നെ ഗദ്യവും ശബ്ദാർത്ഥങ്ങളെ അവലംബിച്ചുനില്ക്കുന്നതല്ലോ ഇരിക്കുന്നത്. ഇവയിൽ ശബ്ദം ശരീരവും അർത്ഥം ജീവനുമാകുന്നു എന്നു വിചാരിക്കാം. ഈ രണ്ടു സംഗതികളെയും സംബന്ധിച്ച് ഒരു ഗദ്യകാരൻ വളരെ മനസ്സിരുത്തേണ്ടതുണ്ട്. ഒന്നാമതു ശബ്ദത്തെത്തന്നെ എടുക്കുക: ഒരു ഗദ്യത്തിൽ ചേരിയുള്ളവയും അ

ന്മാരുള്ളവയും ആയ അനേകപദങ്ങൾ ഉള്ളതുകൊണ്ടു മാത്രം ഗദ്യത്തിന്റെ ശ്രവ്യശൈലിയെ പരിഗണിച്ചുകൂടുന്നതല്ല. വചനാംഗങ്ങളാണ് ശ്രവ്യശൈലിക്കു നിയാമകമായിട്ടുള്ളത്. ഒരു മനുഷ്യന്നു മറ്റെല്ലാ യോഗ്യതകളുമുണ്ടെങ്കിലും, അയാൾ കാഴ്ചയിൽ വല്ല വിരൂപനാണെങ്കിൽ, അയാളെ കാണുവാനും അയാളോടു പെരുമാറുവാനും സാധാരണയായി നമുക്കൊരു വൈമുഖ്യം ഉണ്ടാവാറുണ്ടല്ലോ. ഇതുപോലെതന്നെയാണു ഗദ്യത്തിന്റെയും സ്ഥിതി. ഒരു ഗദ്യം എത്രതന്നെ ഗുണഭൂയിഷ്ഠമായിരുന്നാലും, അർത്ഥപുഷ്ടിയുള്ളതായിരുന്നാലും, വചനാംഗങ്ങളില്ലെങ്കിൽ അതു വായിക്കുവാൻ ബുദ്ധിമാന്മാൎക്ക വൈമനസ്യമുണ്ടാവുന്നതാണ്. അതിനാൽ ഗദ്യകാരൻ ഒന്നാമതായി നോക്കേണ്ടതു വചനാംഗങ്ങളാണ്. വചനത്തിൽ താഴെ പറയുന്ന ഗുണങ്ങൾ പ്രത്യേകം മനസ്സിരുത്തേണ്ടവയാകുന്നു:—

ശ്രവണസുഖം. ശ്രവണസുഖമുള്ള വാക്കുകൾ മാത്രമേ ഗദ്യകാരൻ പ്രയോഗിക്കുവാൻ പാടുള്ളൂ. ഈ ശ്രവണസുഖം, മുഖ്യമായി, ഉച്ചാരണസൗകര്യത്തെ അപേക്ഷിച്ചാണിരിക്കുന്നത്. ഉച്ചരിക്കുവാൻ സൗകര്യമുള്ള വാക്കുകളും, ഉച്ചരിക്കുവാൻ സൗകര്യമുള്ളവിധത്തിൽ സംയോജിപ്പിക്കുന്നതിലാണു ശ്രവണത്തിനുള്ള സുഖം സ്ഥിതിചെയ്യുന്നത്. "ഖഗോളവിജ്ഞാനീയത്തിൽ ലബ്ധപ്രതിഷ്ഠന്മാരായവർ ചെയ്യുന്ന സംഗതികളിൽ ഇതരന്മാർ കണ്ടുപിടിച്ചിട്ടുള്ള ഗണിതത്തിന്റെ സഹായമാവശ്യപ്പെടുന്നു." ഈ വാക്യത്തിൽ ശ്രവണസുഖമില്ലാത്ത ശബ്ദങ്ങളും, അവയുടെ ദുഃശ്രവമായ സംയോഗവും പരിശീലിച്ചുനോക്കുക: (1) ഖഗോളവിജ്ഞാനീയം, ഗണിതം ഈ രണ്ടു ശബ്ദങ്ങൾ നിരർത്ഥകങ്ങളല്ലെങ്കിലും ശ്രവണസുഖമുള്ളവയല്ല. ഖ, ണ എന്നീ അക്ഷരങ്ങളുടെ സാന്നിദ്ധ്യമായ സ്ഥിതിയെത്താൽ, അവയെ ആദ്യമായിച്ചേർത്തു തുടങ്ങുന്ന പദങ്ങളിൽ ഖഗോളാദികളായ പലതും ഉച്ചാരണസൗകര്യമില്ലാതെ പോകുന്നു. ഖരം, ഖേദം ഇത്യാദികളിലെ ഖകാരംപോലെ സുഖമുള്ള ഖകാരമല്ല, ഇതിലുള്ളത്. അതിനു കാരണം ഖ എന്ന ഏകാക്ഷരമായ പദത്തെ അധികം അക്ഷരങ്ങളുള്ള ഗോളപദത്തോടു ചേർത്തു സമാസിക്കേണ്ടിവരുന്നതുതന്നെയാണ്. ഇതുതന്നെയാണു ഗണിതത്തിലും മറ്റെ

ധം. ക്ഷോഭം, ക്ഷാമം, ക്ഷുദ്രം, ക്ഷീണം ഇത്യാദി ശബ്ദങ്ങളിൽ ക്ഷകാരത്തിനുള്ള പ്രാധാന്യം ഒന്നുതന്നെ സുഖക്കേടിനും കാരണമാകുന്നില്ല. ക്ഷ എന്ന മാത്രമായ സംസ്കൃതശബ്ദത്തോടു കിരണപദം ചേർത്തു സമാസിച്ചപ്പോൾ അതു ദോഷമായിപ്പോയതു കാണേണ്ടതാണ്. ചൂണ്ടിപ്പറയുന്നതായാൽ 'ഖഗോളം' അത്ര സുഖമായും 'ക്ഷകിരണം' നല്ല ശിക്ഷയായും തോന്നുന്നില്ല. ഇത് ഒരുദാഹരണം മാത്രമാണ്. ചില പദങ്ങൾ പ്രകൃത്യാതന്നെ ദുഃശ്രവത്വമുണ്ടെന്നും, അവയെ ഗദ്യകാരന്മാർ വർജ്ജിക്കേണ്ടതാണെന്നും മാത്രമേ ഇതിനാൽ ധരിക്കേണ്ടതുള്ളൂ. (2) സംയോഗവശാലുള്ള ദുഃശ്രവത്വത്തിനു 'വിജയാഭിയാനത്തിൽ ലല്ലു', 'പ്രതിഷ്ഠന്മാരായവർ രണ്ടു' എന്നുദാഹരണം. 'ർ', 'ൽ' എന്ന അർദ്ധാക്ഷരങ്ങൾ പദാന്തമായി അവയുടെ പൂർണ്ണരൂപമായ 'ര', 'ല' എന്നക്ഷരങ്ങളെ പദാദിയോടുകൂടി വിന്യസിച്ചിരിക്കുന്നതാണ് ഈ സുഖക്കേടിനു കാരണം. ഈ ദോഷം നവീനഗദ്യകാരന്മാരെ പലപ്പോഴും കുറേക്കവിഞ്ഞധികം ബാധിക്കുന്നതായിക്കാണുന്നുണ്ട്. നവീനമായ പലതും എഴുതുന്ന ലേഖനങ്ങൾ പരിശോധിച്ചാൽ ഇതിനുദാഹരണം സുലഭമായിക്കാണാം. എന്നാൽ, അനർഗ്ഗളമായി പ്രവഹിക്കുന്ന ഒരു ഗദ്യത്തിന് 'ർ', 'ൽ' എന്നവസാനിക്കുന്ന പദങ്ങൾ കഴിഞ്ഞശേഷം അല്പം ഒരു വിശ്രമത്തിനു സൗകര്യമുള്ള സ്ഥലങ്ങളിലാണെങ്കിൽ ഈ ദോഷം അത്ര ശോഭിച്ചില്ലെന്നു വരാം. 'രാമലക്ഷ്മണന്മാർ എത്രതന്നെ യോഗ്യന്മാരാണെങ്കിലും അവർ രണ്ടുപേരും ഉദ്യാനത്തിൽ ലക്ഷിതരായിവന്ന ശൂർപ്പണഖയെ വിരൂപയാക്കിയതു ശരിയായില്ല. എന്നാൽ സകലലോകങ്ങൾക്കും ഉപദ്രവകാരിണിയായി മാർഗ്ഗമദ്ധ്യത്തിൽ പാർപ്പുറപ്പിച്ച് പല കഠിനകൃത്യങ്ങളും ചെയ്തിരുന്ന താടകയുടെ മേൽ, ലഘുവായ ദോഷത്തെ ബൃഹത്തരമായ ഗുണത്തിനുവേണ്ടി വിസ്മരിക്കണമെന്നു പറഞ്ഞ മഹർഷിയെ സാക്ഷിയാക്കി, അസ്ത്രം പ്രയോഗിച്ചത് അത്ര സാരമാക്കാനില്ല.' ഈ രണ്ടു വാക്യങ്ങളിൽ മേല്പറഞ്ഞതിനുദാഹരണം കാണുക. (3) സന്ധികൃതമായിട്ടും ദുഃശ്രവത്വം വരാം. 'സംഗീതികളിലിതരന്മാർ കണ്ടുപിടിച്ച ക്ഷകിരണത്തിന്റെ സഹായമാവശ്യപ്പെടുന്നു' എന്നുദാഹരണം. 'സംഗീതികളിൽ' എന്നതു

‘ഇതരന്മാർ’ എന്നതിനോടല്ലാ അന്വയിക്കുന്നത്; ‘സഹായ’ത്തിനോടാണ്. അന്വയബന്ധമുള്ള ആ പദങ്ങളുടെ നടുവിൽ ‘ഇതരന്മാരെ’ കൊണ്ടുവന്നു ചാടിച്ചതു കേൾക്കാൻ സുഖമുള്ളതല്ല. ‘ഒന്നുമൂന്നു സംഗതികളിൽ, ഇതരന്മാർ കണ്ടുപിടിച്ച’ എന്നിങ്ങനെ നടുക്കുവെച്ചു മുറിച്ച് ഒരു വിശ്രമം കൊടുക്കുന്നതായാൽ ഈ ന്യൂനക്കേടുണ്ടാവുന്നതുമല്ല. അന്വയത്തെ അനുസരിക്കാതെ സന്ധി ചേർക്കുന്ന വാക്യങ്ങളിലെല്ലാം ഈ ദുഃശ്രവത്വം കാണാവുന്നതാണ്.

അന്വയം. ഒരു വാക്യത്തിൽ അന്തർഭവിച്ചുകിടക്കുന്ന സംഗതികളെ അവയ്ക്കുചിതമായ സ്ഥാനങ്ങളിൽ വെക്കുന്നതായാൽ ഗദ്യത്തിന് എന്തെന്നില്ലാത്ത ഒരു ഭംഗി തോന്നുന്നതാണ്. ‘ചേരുന്നപടി ചേർക്കുന്നതന്വയം’ എന്ന നിയമം പദ്യത്തിൽ പക്ഷേ ആവശ്യമായിരിക്കാം. എന്നാൽ ഗദ്യത്തിൽ ‘ചേരുന്നപടി’ ചേർക്കുന്നതായാൽ അതിൽനിന്നു ഗദ്യകാരന്റെ അശക്തി മാത്രം വ്യക്തമാകുന്നതല്ലാതെ വായനക്കാർക്ക് യാതൊരു ചമത്കാരവും സിദ്ധിക്കുന്നതല്ല. കർത്താവ്, കർമ്മം, ക്രിയ എന്നിങ്ങനെ അന്വയത്തിൽ അന്തർഭവിച്ചുകിടക്കുന്ന അംശങ്ങളും അവയുടെ വിശേഷണങ്ങളും അവയോടു ചേർന്നിരിക്കുന്ന കാരകപദങ്ങളും അവ്യയപദങ്ങളും മറ്റും അതാതിന് ഉചിതമായ സ്ഥാനങ്ങളിൽ ചേർത്തുവന്നാൽ ഉള്ള സുഖം ഒന്നു വേറെയാണ്. പക്ഷേ, നവീനലേഖകന്മാരിൽ പലരും ഈ വിഷയത്തിൽ അത്ര മനസ്സിരുത്തുന്നതായി കാണുന്നില്ല. ഇതിനു പല കാരണങ്ങളും ഉണ്ടായിരിക്കാമെങ്കിലും മുഖ്യമായി എനിക്കു തോന്നുന്നത് അവർ എഴുതുന്ന ഗദ്യത്തിലെ ആശയങ്ങൾ ആലോചിക്കുന്നതും വാക്യങ്ങൾ ചിന്തിക്കുന്നതും മലയാളരീതിക്കനുസരിച്ചല്ലാത്തതായാണെന്നാണ്. മലയാളഭാഷയ്ക്കു സ്വതേയുള്ളതായ രീതി അല്ലെങ്കിൽ ശൈലി നമ്മുടെ സാഹിത്യസേവികൾക്കു പലർക്കും പരിചിതമായ ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകളുടെ ശൈലിയിൽനിന്നു തുലോം വ്യത്യസ്തമാകുന്നു. ഇംഗ്ലീഷിനോടോ സംസ്കൃതത്തോടോ ഒത്തുനോക്കിയാൽ മലയാളവാക്യങ്ങളുടെ അന്വയം വളരെ ഭേദപ്പെട്ടിരിക്കുന്നതായി അനുഭവപ്പെടും. കർത്താവ്, കർമ്മം, ക്രിയ, വിശേഷണങ്ങൾ മുതലായവയെല്ലാം ‘കിഴുക്കാന്തൂക്ക’മായി

പെരുമ്പടപ്പിലെ വിഖ്യാതമായ ശിവക്ഷേത്രത്തിൽ പല ശിലാലേഖങ്ങളും കിടപ്പുണ്ടെന്നു കേട്ട് നാരായണൻ നായർ അവകളെ പരിശോധിക്കുന്നതിനായി പത്നീസമേതം പെരുമ്പടപ്പിൽ പുറപ്പെട്ടു. അവിടെ വന്ന ക്ഷേത്രത്തിനടുത്തുള്ള ഒരൊഴിഞ്ഞ വീട് വാടകയ്ക്കെടുത്ത് അതിൽ താമസമാക്കി. ക്ഷേത്രാധികാരി മുതലായ പല പ്രമാണികളുമായി പരിചയപ്പെട്ടു കഴിഞ്ഞു. മാധവി താമസിച്ചിരുന്ന ആ ചെറുവീട് ഒരായിരം കൊല്ലത്തിനു മുമ്പു ഒരു കോവിലകത്തിന്റെ ആസ്ഥാനമായിരുന്നു. പക്ഷേ 'കാറിയാറു' പോകയാൽ നോക്കാനാളില്ലാതെ ആ കോവിലകം കാലത്താലെ ഇടിഞ്ഞുപൊളിഞ്ഞു തറക്കല്ലു മാത്രമായി ശേഷിച്ചു. ആ സ്ഥലത്തു പല ശിലാലേഖങ്ങളും കിടപ്പുണ്ടെന്നു കേട്ടിട്ടുണ്ട്. അതുകൾ പരിശോധിക്കുന്നതിനു വേണ്ടിയാണു നാരായണൻ നായർ അവിടെ വന്നത്. വീട്ടുടമസ്ഥനെ കണ്ടു സംസാരിച്ചതിനു ശേഷം കല്ലുകൾ കിടക്കുന്ന സ്ഥലം പോയന്വേഷിക്കാമെന്നു വെച്ചിട്ടാണ് അദ്ദേഹം ആ വീട്ടിലേക്കു കയറിച്ചെന്നത്. തന്റെ മുൻപത്നിയായിരുന്ന മാധവിയെ ഒരു 'മിന്നാട്ടം' പോലെ കണ്ടതിൽ അദ്ദേഹത്തിനു മനസ്സിലായില്ല. നല്ലപോലെ കണ്ടാൽ തന്നെ മനസ്സിലാകുമോ എന്നു സംശയമാണ്. "പട്ടണപ്പരിഷ്കാരത്താലവൾ നാടൻപെണ്ണ മട്ടുമാറിമറിഞ്ഞിരുന്നു!" എന്നാൽ ഏതോ ഒരു സാദൃശ്യവും ശങ്കയും അദ്ദേഹത്തിനുണ്ടാകാതെയിരുന്നില്ല.

ഇനി നമുക്കു വീണ്ടും ആ ചെറുവീട്ടിലേക്കു തന്നെ ചെന്നുനോക്കാം. മാധവി കണ്ട മാത്രയിൽ തന്നെ ഭർത്താവിനെ മനസ്സിലാക്കിയിരുന്നു. അവൾ അതോടുകൂടി ഒരു പതിനായിരം വികാരങ്ങൾക്കു വശംവദയായിക്കഴിഞ്ഞു. തന്റെ ജീവിതസങ്കേതമായിരുന്ന വല്ലഭന്റെ മുമ്പിൽ ചെന്നുനിന്നു നോക്കുന്നതിന് അവളുടെ ഹൃദയം ആശിക്കാതെയിരുന്നില്ല. പക്ഷേ ആ വികൃതവേഷവുംകൊണ്ടു ചെല്ലുന്നതിനു ലജ്ജ സമ്മതിച്ചില്ല. നേരിട്ടു ചെന്നു വിവരങ്ങളൊക്കെയും ചോദിക്കുകയും പറകയും ചെയ്യുന്നതിനായി അവൾ പണിപ്പെട്ടുത്സാഹിച്ചുനോക്കി. വെച്ച കാൽ ഒരടി മുന്നോക്കം നീങ്ങുക ഉണ്ടായില്ല. ശോകാവേഗവും ലജ്ജയും അഭിമാനവും കൂടി കൂട്ടിമുട്ടി അവ

ഴു ഞെരിക്കിക്കൊണ്ടിരുന്നു. ‘മാലോല’ കണ്ണുനീർ വാർക്കുകയല്ലാതെ മറ്റൊന്നും ചെയ്യുന്നതിന് അവൾക്ക് സാധിച്ചില്ല. വൃദ്ധ കണ്ണുടെ മട്ടുകണ്ടു വല്ലാതെ പരിഭ്രമിച്ചുപോയി. "എന്റെ ദൈവമേ! എത്ര അനുഭവിച്ചാലും ഈ കഷ്ടത കഴിയില്ലെന്നോ? കാരണം എന്തെന്നു വേണ്ടാതായി. ഇതിനോ കിടന്നു ‘നരകിക്കാ’റായല്ലോ ഈശ്വരാ!" എന്നു പറഞ്ഞു കല്യാണി അമ്മയും പൊട്ടിക്കരഞ്ഞുതുടങ്ങി. ഈ സന്ദർഭത്തിൽ അമ്മിണി കുഞ്ഞിയും കൊണ്ടവിടെ വന്നെത്തി. അമ്മയുടേയും ഏട്ടത്തിയുടേയും അവസ്ഥകൾ കണ്ട് അവൾ വല്ലാതെ സംഭ്രമിച്ചുവശായി. ‘അമ്മേ! ഏട്ടത്തിയും അമ്മയും എന്തിനാ കരയുന്നത്.?’ എന്ന് അമ്മിണി വിഷാദത്തോടെ ചോദിച്ചു. ‘ആവോ? നമ്മുടെ തലയിലെഴുത്തിനോട് ചോദിക്ക്’ എന്നാണു വൃദ്ധ മറുപടി പറഞ്ഞത്. താൻ വന്നതിനു വൈകിച്ചതുകൊണ്ടായിരിക്കാം അമ്മയിതിനെ പറഞ്ഞതെന്നോർത്ത് അവൾ തന്റെ താമസത്തിനു കാരണം ഇതിനെ പറഞ്ഞു:— ‘അമ്മേ! എന്താ ഇത്ര വൈകിയതെന്നോ? ഞാൻ അവിടെച്ചെന്നപ്പോഴേക്കു കുളിച്ചുകഴിഞ്ഞിരുന്നു. ഒട്ടും കിട്ടാനുണ്ടായിരുന്നില്ല. ഞാൻ മടങ്ങിപ്പോന്നു. പോരുമ്പോൾ അമ്പലത്തിലെ മുത്തശ്ശിയും ഉണ്ടായിരുന്നു. ഒന്നും കിട്ടാത്തതിനെപ്പറ്റി അവർ പിറുപിറുത്തുംകൊണ്ടാണ പോന്നിരുന്നത്. ഞങ്ങൾ അമ്പലത്തിന്റെ കിഴക്കെ നടക്കൽ കൂടെയാണ വന്നത്. അപ്പോൾ തെളിച്ചുതൊഴുതുംകൊണ്ടു ഒരാൾ വരുന്നതു കണ്ടു. അവരെത്ര നല്ല ഒരു കുട്ടിയാണ്! മുത്തശ്ശി പിറുപിറുത്തിരുന്നതു കേട്ട അവർ ഞങ്ങളെ വിളിച്ചുനിർത്തി വിവരം ചോദിച്ചറിഞ്ഞു. എന്നിട്ട അവർ ഞങ്ങളെ വിളിച്ചുകൂട്ടി കൊണ്ടുപോയി. അമ്മേ! അവർ താമസിക്കുന്നത് അമ്പലപ്പടിക്കലെ ആ വലിയ വീട്ടിലാണ്. അവിടെ ചെന്നിട്ട് അവർ ഞങ്ങൾക്ക വേണ്ടുവോളം വേണ്ടോളം കഞ്ഞി തന്നു. മുത്തശ്ശിക്ക നാല്പറ മുണ്ടും കൊടുത്തു. അമ്മേ! അവരാരാണെന്നോ? നമ്മുടെ നാരായണേട്ടന്റെ ഭാര്യയാണത്രെ! അവർ തന്നെ വിവരം എല്ലാം ഞങ്ങളെ പറഞ്ഞു കേൾപ്പിച്ചു. നാരായണേട്ടൻ ഇവിടെ ഉണ്ട്. വന്നിട്ട നാലഞ്ചു ദിവസമേ ആയിട്ടുള്ളുപോലും!" അമ്മിണി ഇത്രയും പറഞ്ഞതു കേട്ടപ്പോൾ, ‘എന്താ

നാരായണനോ?" എന്നു വൃദ്ധ ചോദിച്ചു. "അതേ! നമ്മുടെ വീട്ടിൽ വന്നിരുന്ന നാരായണനേട്ടൻ!" എന്നു അമ്മിണി വീണ്ടും പറഞ്ഞു. 'നാരായണനേട്ടൻ' എന്നും 'ഓർത്തു' എന്നും ഉള്ള ആ വാക്കുകൾ മാധവിയുടെ ചെവികളിൽ കൂടെ തീയുണ്ടകൾ പോലെയാണു കടന്നുപോയതു്. തന്റെ പ്രാണവല്ലഭൻ മറ്റൊരുത്തിയുടെ പ്രാണവല്ലഭനായി തന്റെ സമീപത്തു് അവളോടുകൂടിത്തന്നെ സന്നിഹിതനായിരിക്കുന്നു എന്നുള്ള കഥ അവൾ സ്വന്തം ചെവികൾകൊണ്ടു കേട്ടുകൊണ്ടിരിക്കുന്നു എന്നതല്ലേ അത്ഭുതം? അവളുടെ കൺകൾ ഇരുണ്ടു ചാമ്പലായിപ്പോയി. "അമ്മേ! നോക്കൂ ഇവിടെ വന്നു പോയതു് ആ ആളാണല്ലോ." എന്നു പറഞ്ഞു മാധവി തേങ്ങിത്തേങ്ങിക്കരഞ്ഞു തുടങ്ങി. വൃദ്ധയ്ക്കിതെല്ലാം ഒരു സ്വപ്നം പോലെയാണു തോന്നിയതു്. അമ്മിണി ആശ്ചര്യമായി നോക്കിനിന്നതേയുള്ളു.

കുറെ നേരത്തേക്കു് ആരും ഒന്നും സംസാരിച്ചില്ല. പെട്ടെന്നു വിദ്യുച്ഛക്തി പായിച്ചാലുള്ളവിധം പ്രത്യേകം ഒരു ചൈതന്യം വന്നു വീണതുപോലെ മാധവി പിടഞ്ഞെണീറ്റു. 'എന്താണു്, ചേച്ചി, കുടിക്കണോ?' എന്നു അമ്മിണി ചോദിച്ചതിനു് ഒരക്ഷരവും ഉരിയാടാതെ വേഗത്തിൽ അറയിൽ കടന്നു വാതിൽ അടച്ചു. അവൾ തന്റെ കിടപ്പുമുറിയിലെ കിടക്കയിൽ ചെന്നു വീണു. ഒരു കാലത്തു തന്റെ സർവ്വസ്വത്തിനും സ്വാമിയായി, തന്റെ സർവ്വാധികാരം ചെലുത്തുന്നതിനു പാത്രമായി ഇതുവരെ താൻ പ്രിയപ്പെട്ട ഭർത്താവിന്റെ പക്കൽനിന്നു താൻ വാങ്ങി അനുഭവിക്കേണ്ടുന്നതായ സർവ്വപദവികളും, സർവ്വസുഖങ്ങളും, സർവ്വൈശ്വര്യങ്ങളും സ്വാധീനപ്പെടുത്തിയിട്ടുള്ള തന്നെപ്പോലെയല്ലാത്ത ഒരുത്തിയുടെ ഭാഗ്യത്തിന്റെ വലുപ്പമായ ആ കാര്യം അവൾ വകവെക്കാമോ? ഒരിക്കലുമില്ല. താൻ അത്ര കാലം തന്റെ വല്ലഭൻ ലോകം ചുറ്റാതെ ചെലവഴിച്ചിരുന്ന അന്തഃപുരത്തിന്റെ - അതേ വിലാസങ്ങളുള്ളതും, എന്നാണു് തന്റെ മുമ്പിൽ വെച്ചിരുന്നപോലെതന്നെ, മറ്റൊരുത്തിക്കായി വാരിക്കോരിക്കൊടുക്കുന്നതു് കാണുമ്പോൾ അവളുടെ ഹൃദയത്തിനു സഹിക്കുമോ? ധമനികളിൽക്കൂടെ എന്തോ തീക്ഷ്ണമായ വിഷം

ക്കി വ്യാപിച്ചതുപോലുള്ള ഒരനുഭവമാണ് അവിടെക്കപ്പോഴുണ്ടായിരുന്നത്. ഈ പ്രകൃതം കാണ്മ സമയത്തെക്കിലുടിനെ വിട്ടേക്കട്ടെ. നമുക്കു നാരായണൻനായരുടെ സ്ഥിതിഗതികളെപ്പററി അല്പമൊന്നു നോക്കാം.

നാരായണൻനായർ മാധവിയുടെ വീട്ടിൽനിന്നു മടങ്ങിയതു വളരെ കലശലായ വ്യസനത്തോടുകൂടിയാണല്ലോ. തന്നെക്കണ്ട മാത്രയിൽ ആ സ്ത്രീ ഓടിയൊളിച്ചതിനു മറ്റു കാരണമെന്തായിരിക്കുമെന്നാലോചിച്ചു തലപുകഞ്ഞുംകൊണ്ടാണ് അദ്ദേഹം വീട്ടിലേക്കു പോന്നത്. മാതിപ്പുദ്ദേശയുടെ തികച്ചിലാണ കാരണം എന്നാണ് ഒടുവിൽ കണ്ടുപിടിച്ചത്. എന്തായാലും ആ സംഗതി അദ്ദേഹത്തിന്റെ ഹൃദയത്തിൽ ശിലാരേഖപോലെ പതിഞ്ഞിരുന്നു. എന്തുകാലം ചിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും അതിന്റെ വിചാരം മുൻകടന്നു വന്നു നിന്നിരുന്നു. ആ കണ്ണുനീരെ ഒഴിഞ്ഞുപോകാത്ത ഒരു വിചാരത്തിനും വികാരത്തിനും അദ്ദേഹം വിഷയമായിത്തീർന്നു. തന്റെ പ്രിയതമയായ കമലാക്ഷിയുടെ നീണ്ട കടാക്ഷത്തിന് അന്ന് അദ്ദേഹത്തിന്റെ ഹൃദയത്തിൽ കടക്കുന്നതിനു പഴുതു കിട്ടിയില്ല. അവളുടെ മന്ദാക്ഷമന്ദസ്മിതത്തിനുള്ള മാധുര്യം ആസ്വദിക്കുന്നതിന് അദ്ദേഹത്തിന്റെ കണ്ണുകൾക്കു ശ്രദ്ധയുണ്ടായതുമില്ല.

വൈകുന്നേരം ക്ഷേത്രത്തിൽവെച്ചു ക്ഷേത്രാധികാരിയെ കണ്ടപ്പോൾ നാരായണൻനായർ താൻ കണ്ട വീട്ടുകാരുടെ വിവരങ്ങളെപ്പററി ചോദിച്ചു. ക്ഷേത്രാധികാരിക്ക് അവരുടെ ആദ്യന്തചരിത്രങ്ങൾ എല്ലാം നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ അതു മുഴുവനും നാരായണൻനായരെ വിസ്തരിച്ചു പറഞ്ഞു മനസ്സിലാക്കി. തന്റെ പ്രാണപ്രേയസിയായിരുന്ന മാധവിയും കൂട്ടരുമാണ് അവിടെ താമസിക്കുന്നതെന്ന് അറിഞ്ഞപ്പോൾ നാരായണൻനായർ എന്തൊരവസ്ഥയെ പ്രാപിച്ചുവെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. തന്റെ ജീവചരിത്രത്തെ സംഗ്രഹിച്ച് ആദ്യഭാഗങ്ങളെ എടുത്തു നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം പിളർന്നുപോയി. തന്റെ ജീവിതസർവ്വസ്വമായിരുന്നവളെ താൻ കണ്ടിട്ടറിഞ്ഞില്ലല്ലോ എന്നോർത്തു വല്ലാതെ പശ്ചാത്തപിച്ചു. പിറേറന്നു കാലത്ത് ആ വീ

ട്ടിൽ പോയി അവൾക്കു വല്ല സഹായവും ചെയ്തുകൊടുക്കണമെന്നും, താൻ അവരുടെ കഷ്ടസ്ഥിതിയിൽ വല്ലാതെ സഹതപിക്കുന്നുവെന്നും ക്ഷേത്രാധികാരിയോടു പറഞ്ഞു. തനിക്കും അവൾക്കും തമ്മിലുള്ള ബന്ധത്തെ വെളിപ്പെടുത്തിയില്ല. രാവിലെ അങ്ങോട്ടു താനും കൂടിപ്പോരാമെന്നു ക്ഷേത്രാധികാരി പറഞ്ഞു. നാരായണൻനായർ കഠിനമായ മനഃപീഡയോടുകൂടി അമ്പലത്തിൽനിന്നു പോന്നു. വീട്ടിൽ ചെന്നു യാതൊന്നിലും ശ്രദ്ധയില്ലാതെ ആലോചനാമഗ്നനായിരിക്കുന്നു. തീയിലിട്ടു ചുട്ടുപഴുപ്പിക്കുന്നതുപോലെ ഹൃദയം കിടന്നു തപിച്ചു പിടയ്ക്കുന്നു. ഇനി എന്താണീശ്വരാ! വേണ്ടത്? മാധവിയെ കൂട്ടിക്കൊണ്ടുവന്നു പണ്ടത്തെപ്പോലെ ഭാര്യയായി സ്വീകരിച്ചാലോ? അവളും കൂടെ വരില്ലെങ്കിലോ? വന്നാൽതന്നെ ആളുകൾ എന്തു പറയും? എല്ലാവരും അവളെ ഒളിച്ചതിൽതന്നെയും കമലാക്ഷിക്ക് അഹിതമാകയില്ലേ? തന്നെ നിസ്സ്വാർത്ഥമായി സ്നേഹിക്കുന്ന — തന്റെ എല്ലാ അപരാധങ്ങളെയും പൊറുത്തു ക്ഷമിക്കുന്ന — ആ സാധ്വീരത്നത്തെ വേദനപ്പെടുത്തിയാലത്തെ മഹാപാപം എന്തായിരിക്കും? വയ്യ വയ്യ; കമലത്തിനെ ദ്രോഹിക്കുക വയ്യ; തീർച്ചതന്നെ — ആട്ടെ; കമലത്തിനും സന്തോഷമാകണമെങ്കിലോ? — നിസ്സ്വാർത്ഥം താനനുഭവിച്ചുവന്ന സുഖസ്വാതന്ത്ര്യങ്ങളെ പകുത്തു മറ്റൊരുത്തിക്കു കൊടുക്കുന്നതിനു ഒരു സ്ത്രീ ഇഷ്ടമാവാറുണ്ടോ? ഇല്ല. 'രണ്ടു കളത്രത്തെയുണ്ടാക്കിവെക്കുന്ന [illegible] സുഖമില്ലാതിരിക്കും' എന്നല്ലേ മഹദ്വാക്യം! കല്യാണിക്കുട്ടി അനർത്ഥം വലിച്ചുവെക്കുന്നതെന്തിന്? അതുകൊണ്ടു മാധവിക്കു വേണ്ടപ്പെട്ട സഹായങ്ങൾ ചെയ്തുകൊടുത്താൽ മാത്രം മതി. അല്ലെങ്കിൽ രണ്ടു ഹൃദയങ്ങളെ ഒന്നിച്ചു പീഡിപ്പിക്കേണ്ടിവരും. ആദിയിലെ പ്രേമസർവ്വസ്വമായവൾ വെറും ചെറ്റക്കുടിലിൽ ഉണ്ണാനും ഉടുപ്പാനുമില്ലാതെ കിടന്നു കഷ്ടിക്കുമ്പോൾ അന്യഭാര്യയോടുകൂടി ഉല്ലസിച്ചു കഴിച്ചു മാളികപ്പുറത്തു താൻ ഇരുന്നു സുഖിക്കുന്നതെങ്ങിനെ? അതും വലിയൊരു കുറ്റമെന്നോ' ഇങ്ങിനെയുള്ള ഓരോ വിചാരങ്ങളാൽ നാരായണൻനായർക്ക് ഉണ്ണാനികൾ ഒന്നും വേണമെന്നു തോന്നിയതേയില്ല. കമലാക്ഷി വ

ന്ന് ഈ ഭാവഭേദത്തിന്നു കാരണമെന്താണെന്നു വളരെ പ്രാവശ്യം ചോദിച്ചു. തന്റെ പ്രിയതമ ഉള്ളഴിഞ്ഞ പ്രേമത്തോടെ ചോദിച്ച ചോദ്യത്തിന്നു കളവു പറഞ്ഞു വഞ്ചിക്കേണ്ടതുണ്ടോ? പരമാർത്ഥം പറഞ്ഞാൽ നവനീതകോമളമായ ആ ഹൃദയം തകർന്നുപോകയില്ലേ? തന്റെ പ്രിയതമയുടെ പ്രകൃതിമാർദ്ദവും ചിന്താമാന്ദ്യതയും കണ്ടു പരിഭ്രമിച്ച് ആ സാധു കളവും കറയുവാൻ തുടങ്ങി. നാരായണൻനായരുടെ പരിശുദ്ധമായ ഹൃദയം ഉരുകി അലിഞ്ഞുപോയി. മാധവിക്കും തനിക്കും ഉള്ള ബന്ധമൊഴിച്ചു മറ്റു സംഗതികൾ എല്ലാം പറഞ്ഞു കേൾപ്പിച്ചു പ്രിയതമയെ സമാധാനപ്പെടുത്തി. അങ്ങനെ ആ രാത്രി നാരായണൻനായർക്കു കാളരാത്രി തന്നെയായിരുന്നു. ആകാശത്തിൽ വിളങ്ങിയിരുന്ന ചന്ദ്രനും നക്ഷത്രങ്ങളും ജ്വലിച്ചെരിയുന്ന അഗ്നികുണ്ഡങ്ങളെപ്പോലെയാണ് അദ്ദേഹത്തിന് അനുഭവപ്പെട്ടത്. കമലത്തിന്റെ കരതലകോമളമായ താലവൃന്തികയുടെ ശീതളമായ സ്പർശം അന്നു കനലിൽ തൊടുന്നതുപോലെ തോന്നി. ഒരു 'കാലൻകോഴി' വന്നു പുരപ്പുറത്തിരുന്നു കർണ്ണകഠോരമായിക്കൂവുവാനും തുടങ്ങി.

നേരം പുലർന്നു. ഒരു മൂടൽപ്പുക മങ്ങിമറഞ്ഞിരുന്ന പ്രകാശത്തോടുകൂടിയാണ് അന്നത്തെ ആദിത്യൻ ഉദിച്ചുയർന്നത്. സൂര്യൻ തന്റെ നവപ്രകാശമായ കരങ്ങൾകൊണ്ടു പ്രകൃതീദേവിയെ നിദ്രയിൽനിന്നു തട്ടിയുണർത്തി. കാകൻ തന്റെ കഠോരശബ്ദംകൊണ്ടു ആ പ്രഭാതത്തിന്നു സ്വാഗതം പറഞ്ഞു. ഒരു ഭയങ്കരസ്വപ്നവും കണ്ടു കിടന്നിരുന്ന നാരായണൻനായർ ഞെട്ടിയുണർന്നു. വേഗത്തിൽ എഴുന്നേറ്റു പ്രഭാതകൃത്യങ്ങൾ നടത്തുവാനൊരുങ്ങി. രാത്രിയിൽ ഉറക്കം ഉണ്ടാകാതിരുന്നതിനാൽ കണ്ണുകൾ ചുകന്നു കലങ്ങിമറിഞ്ഞിരുന്നു. കൈകാലുകൾ തളർന്നു വിവശങ്ങളായിരുന്നു. സാവധാനത്തിൽ പ്രഭാതികകർമ്മങ്ങൾ കഴിച്ചുകൂട്ടിയശേഷം മാധവിയുടെ വീട്ടിലേക്കു പോകുവാനൊരുങ്ങി [illegible] സന്നദ്ധനായി. നാരായണൻനായർ ഒരു പണസ്സഞ്ചിയെടുത്ത് അ[illegible]ത്തോടുകൂടി അങ്ങോട്ടു പുറപ്പെട്ടു. പടി കടന്നപ്പോഴേക്കും ശകനം മൂത്ത കാടൻ കരിമ്പൂച്ചകളുടെ കലഹവും ദീനസ്വരവുമായിരു

ന്നു. നാരായണൻനായരുടെ ഉടലാകെ കിടുകിടെ വിറച്ചു. ഹൃദയം ഒന്നു നടുങ്ങി. ഈ വക അപലക്ഷണങ്ങൾ കണ്ടു പരിഭ്രാന്തനായ മനസ്സോടുകൂടെ ഒന്നും മിണ്ടാതെ നടന്നുകൊണ്ടു. നാരായണൻനായർ വഴിക്ക് പാലൊടുങ്ങും കാടുകളുടെ ചാടിക്കടന്നു വീട്ടിൽ പോയി. മധ്യാഹ്നസമയത്തോടെ വീട്ടിന്റെ മുറ്റത്തെത്തി. വീട്ടിൽ നിന്നു അത്യുച്ചത്തിൽ ഒരു നിലവിളി കേട്ടു. ഒന്നുരണ്ടുപേർ പരിഭ്രമിച്ചു ബദ്ധപ്പെട്ടു വീട്ടിലേക്ക് കയറിപ്പോകുന്നു. "അയ്യോ! എന്റെ മകളേ എന്നെ ചതിച്ചുപോയല്ലോ. ഇങ്ങനെ കഷ്ടകാലം വരുമെന്നറിഞ്ഞില്ലല്ലോ മകളേ!" എന്നും, "അയ്യോ! എന്റെ ഏട്ടത്തി! എന്നെ ഇട്ടേച്ചുപോയല്ലോ!" എന്നും ഉള്ള രണ്ടു വിലാപങ്ങളാണ് അയാൾ അപ്പോൾ കേട്ടത്. അയാൾ ഉടനെ അതിവേഗത്തിൽ അകത്തേക്കു കടന്നുചെന്നു. അവിടെ ഒരറയുടെ മുൻവശത്തു വൃദ്ധയായ കല്യാണിയമ്മ വീണുകിടന്നു മാറത്തടിച്ചു കരഞ്ഞുകൊണ്ട് നിലവിളിക്കുന്നു. അമ്മിണിയും അരികത്തുനിന്ന് ആ അറയിലേക്ക് നോക്കിക്കൊണ്ടു മാറത്തടിച്ചു വിലപിക്കുന്നുണ്ട്. നാരായണൻനായർ തുറന്നുകിടന്ന ആ അറയുടെ അകത്തേക്കു കടന്നു നോക്കി. അയ്യോ! അവിടെ അതാ ഒരു സ്ത്രീയുടെ ശരീരം നിശ്ചലമായി നിൽക്കുന്നു. തൂങ്ങികൊണ്ടു ഉത്തരത്തിൽനിന്നു തൂങ്ങിനിൽക്കുന്നു! നാവു പുറത്തേക്കു നീണ്ടു തുറിച്ചിരിക്കുന്നു. മുഖം പിന്നെ വികൃതമായിരിക്കുന്നു! അയ്യോ! അതിഭയങ്കരം! അതിഘോരമായ കാഴ്ച! ഇനി അധികം എഴുതുന്നില്ല.

സി. കേശവൻനായർ (നിരപാൽ)

പൊട്ടും പൊടിയും.

(ഏന്റെ കവിതയിൽനിന്ന്)

മഹാകവി വള്ളത്തോളിന്റെ ആശയഗംഭീരമായ കവിതാപ്രവൃത്തിയിലെ ഒരു ശ്ലോകം:—

ഭുവനാനന്ദഭവനത്തിലെ സമ്മതാത്ഭുതാഭരാം

വയസ്സതിനരനിരാമൗതവനാന്നിവരൻ;

ഒരുവിധമുപകാരമെപ്പോഴുമന്യോന്യമില്ലാ-
ത്തവകിലുമവർതമ്മിൽസൗഹൃദമേകമത്രെ നിത്യം.

നവശോഭാലോകനത്താൽ പശ്ചാത്തപനായ യുവാവ് തൽകാലാവസ്ഥയെ വർണ്ണിക്കുന്നു:—

മഴപെയ്തിട്ടുന്മേഷമാർന്നി-
ന്നഴയാംകമ്മുകിൽക്കൂട്ടിവന്നിടം,
അഴലാഴിയിലാണ്ടുപോയിക്കാർ-
കുഴലാളൊടുപിരിഞ്ഞുഴന്നവർ.

പ്രിയാവിരഹിതനായി സ്വയംശയനം ചെയ്യുന്ന യുവാവ് ചില വിചാരങ്ങളാൽ മനസ്സു തളർന്നു ചിന്തിക്കുന്നത്:—

ഞാനെന്തിനിവിടെപ്പാതിരപോകിലുമാ-
ണെന്നുവരുതില്ലതിരിപ്പുമിന്നൊരിക്കം,
ഞങ്ങളൊരുമിച്ചൊരുമിച്ചു കഴിഞ്ഞ ചരം
ഒന്നാണെന്നുമെന്നാലിലമറിപ്പൂ!

പ്രിയജനവിരഹമൊരുവിധമെന്നാ
പ്രിയനുമൊടുപ്പെയ്തിട്ടതിരിപ്പുൽകിയാൽ;
ഒരുവിധമെന്നുമുള്ളൊരുവി-
ന്നുയമിതുമാത്രകിനാവുമെന്നാശേ!

ഒരു വിരഹിയുടെ വിലാപത്തിന്റെ ഉപസംഹാരം:—

എവരചിന്തകൾചെയ്തുകാന്തമെന്നിട്ടും.
നാമംജപിച്ചുംതുടരാം
ദിവമൊഴിവിലാതുകഴ്ചയിൽ
വാവിട്ടുരാമരാത്രിയിൽ
പാവം!കാമികൾകണ്ണുനിറസമായ്-
മേൽപ്പെട്ടുമാകാമെല്ലാ-
മാവനെന്നുടെകാമുകനാരോവനോ!
കണ്ണീരുതിരപ്രായമായ്.

'നഹി ഭവതി വിയോഗഃ സ്നേഹവിച്ഛേദഹേതുഃ' എന്ന പ്രസിദ്ധശ്ലോകത്തിന്റെ തർജ്ജമ:—

സകലഗുണമിണങ്ങും സജ്ജനങ്ങൾക്കകന്നി-
ട്ടുകലുഷതിരവേർവാടെന്നതേഹേതുവാകാ;
അകലെമുകിലിൽകൂടിപ്പാർക്കിലും ചന്ദ്രനാമ്പൽ-
പ്രകരമതിലുറപ്പുള്ളപ്രേമമുണ്ടോ മറപ്പൂ!

ദൂരയാത്ര പുറപ്പെട്ട ഒരു സ്നേഹിതന്റെ വേർവാടിനെപ്പറ്റി:—

പോകുന്നെന്നുനിനച്ചിട്ടെന്നസമയം ചിന്താമതത്താലകം-
വേകുന്നോറ്റുയതന്നതാപ്പമിഴിനീർ വീഴുന്നതിൻ മീതെയായ്
ആകുന്നോരളിവൃന്ദിയോഷ്ക്കളുവിൽ പ്പാടുന്നധാരാളമായ്
ഹാ! കന്ദേന്ദുമുഖാരശീതളമമാമാനനമബാഷ്പാപ്ലുതം.

ഒരു വിരഹിയുടെ വിലാപത്തിലെ ഒരു പദ്യം:—

കനത്തുകത്തുന്നവിയോഗവൈശസം-
കനപ്പുകംവീണകഴിഞ്ഞുമേലിലും
ദിനങ്ങൾ ഞാൻ പോക്കവതെപ്രകാരമെ-
ന്നനംഗരമ്യേ ശ്രുതസേവവൈജയന്തികേ!

കാദദാസ്'.

ഞങ്ങളുടെ വായനശാല.

ഫ. ശ്രീഹനൂമന്താവലി:—ഇക്കഴിഞ്ഞ കന്നിയിൽ ഷഷ്ടിപൂർത്തി തികഞ്ഞാഘോഷം കൊണ്ടാടിയ മഹാമഹിമശ്രീ കൊച്ചിവലിയതമ്പുരാൻ തിരുമനസ്സിലെ വിഷയമാക്കി ശ്രീമാൻ മേലങ്ങത്ത് അച്യുതമേനോനവർകൾ ഉണ്ടാക്കിയ ഈ ചെറുപുസ്തകം വായിച്ചുനോക്കിയതിൽ, ഈ കവിതയെപ്പറ്റി ഞങ്ങൾ 'വഞ്ചിരാജീയ'നിരൂപണത്തിൽ ചെയ്തിട്ടുള്ള ആശംസ സഫലമായിക്കാണുന്നതിനെ സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. പുരപ്രശസ്തി, രാജപ്രശസ്തി, ഷഷ്ടിപൂർത്തിപ്രശസ്തി എന്നിങ്ങിനെ മൂന്നു സർഗ്ഗങ്ങളടങ്ങിയ ഈ ഖണ്ഡകാവ്യത്തിൽ

ശബ്ദംകൊണ്ടും അർത്ഥംകൊണ്ടും ഉൽക്കൎഷമുള്ള പല ശ്ലോകങ്ങളും കാണുന്നുണ്ടു്. ഉദാഹരണം —

'പതാകാഗ്രത്തിൽ ഭ്രമരങ്ങളെന്നപ്പോ–
ത്തിങ്ങുന്ന ചന്ദ്രോത്ഭികരംനിവത്തി
വാപീകദംബം, പ്രതിബിംബിതാംഗ–
ബിംബപ്പുലാൽ ദുഗ്ദ്ധമെന്നതിടുന്നു.'

ഇതുപോലെ മനോഹരങ്ങളായ അനേകപദ്യങ്ങൾ ഇതിൽ പ്രതിസ്ഥിതം കാണുന്നുണ്ടു്. എന്നാൽ ചില പദങ്ങളുടെ അർത്ഥത്തിൽ വലുതായ ക്ലിഷ്ടതകളും മറ്റും ഉള്ളതു വായനക്കാർക്കു രസാനുഭവത്തിൽ കുറെച്ചെത്ത പ്രതിബന്ധം നേരിടുവിക്കുന്നുണ്ടു്. 'പീയൂഷഭാനും മിഴിയിൽപ്പെട്ടില്ല', 'സിതാംശുപ്പൊൽത്തലോകം വളർത്തുന്നു', 'തികഞ്ഞിടാം മനോഹരാണ്യമില്ല–' ഇവയിൽ ചുവടെ വരയിട്ട പദങ്ങൾ നോക്കുക. 'മാനവീപരിവീതം', 'ഐന്ദവീകലാപാലം' ഈ പ്രയോഗങ്ങളെ വൈയാകരണന്മാർ ഏതിനെയെങ്കിലും സ്വീകരിക്കുമായിരിക്കാം. 'അനംഗശത്രുപദത്തെ ജയിച്ചസംഖ്യം' എന്നതിൽ ജകാരത്തിനു ദ്വിത്വമില്ലാതെ വന്നതു് ആധുനികന്മാരായ കവികൾ സമ്മതിക്കുമെന്നു തോന്നുന്നില്ല. ഒരേ ആശയത്തെത്തന്നെ ഭംഗ്യന്തരംകൂടാതെ ആവൎത്തിച്ചിരിക്കുന്നതും ഭംഗിയായിട്ടില്ല. 1–ാം സൎഗ്ഗത്തിലെ ൧൦–ാം പദ്യവും, ൨–ാം സൎഗ്ഗത്തിലെ ൨–ാം പദ്യവും നോക്കുക. ഇങ്ങനെ ചില ദോഷങ്ങളുണ്ടെങ്കിലും ഈ കവിത മഹാരാജവൎണ്ണനമാകയാൽ ആ ഒരു ഗുണം ഇതിനുള്ള ഉൽക്കൎഷമാണെന്നു തീൎച്ചയാണ്. വായനക്കാരുടെ മനസ്സിൽ മഹാരാജവിഷയകമായ ഭക്തിബഹുമാനങ്ങളെ ഉണ്ടാക്കുവാൻ ഈ കൃതി അത്യന്തം ഉപകരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

---

൨. കൊച്ചി കൃഷിവ്യവസായനാണയസഹായിനി:— കൊച്ചിരാജ്യത്തുള്ള പരസ്പരസഹായസംഘങ്ങളുടെ രജിസ്ട്രാരായ ശ്രീമാൻ ആർ. എ. ഗായത്രീനാഥയ്യർ (ബി. എ.) അവർകൾ പത്രാധിപരായി, കൊച്ചി ഗവൎമ്മെണ്ടിന്റെ ആജ്ഞയിൻകീഴിലും ചുമതലയിലും തൃശ്ശിവപേരൂർനിന്നു പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിയിരിക്കുന്ന ഒരു

അകപത്രഗ്രന്ഥമാണിത്. മുപ്പതു മാസം മുടക്കംകൂടാതെ പ്രസിദ്ധം ചെയ്യാനുദ്ദേശിച്ചിട്ടുള്ള ഈ പത്രഗ്രന്ഥത്തിന്റെ ൧-ാം ലക്കം ഞങ്ങൾക്കയച്ചുതന്നതു സസന്തോഷം സ്വീകരിച്ചു നന്ദിപറഞ്ഞുകൊള്ളുന്നു. കുടുംബസമേതം വായിപ്പാനും ഒരുപോലെ മനോഹരമായിട്ടുള്ള ഈ പുസ്തകത്തിൽ കൃഷി, വ്യവസായം, പരസ്പരസഹായം ഈ വിഷയങ്ങളെപ്പറ്റിയ പല നല്ല ലേഖനങ്ങളും അടങ്ങിയിരിക്കുന്നു. പരസ്പരസഹായപംക്തിയിൽനിന്ന് ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു:—

“പരസ്പരധനസഹായം ഒരുത്തന്റെയും ധനത്തെ കവരുന്നില്ല. അതു ആരെയും കവച്ചു ചെയ്യുന്നില്ല. അതു നിമിത്തം ജനസമുദായത്തിൽ യാതൊരു അസ്വസ്ഥതയും ഉണ്ടാകുന്നില്ല. അതു രാജ്യതന്ത്രജ്ഞന്മാരെ വിഷമിപ്പിക്കുന്നില്ല. അതു ഗൂഢമായ യാതൊരു കൂട്ടുകെട്ടും ചെയ്യുന്നില്ല. അതിനെ സംരക്ഷിക്കുന്നതിനു പ്രത്യേക സംഘത്തിന്റെ ആവശ്യമില്ല. ഏതെങ്കിലും വിധത്തിൽ ബലം പ്രയോഗിക്കണമെന്ന് അതിന് ഉദ്ദേശ്യമില്ല. അതു നിയമലംഘനം ചെയ്യുന്നില്ല. അതിനു അന്തസ്സുള്ളവരുടെ നേരെ അസൂയയില്ല. അത് ആരിൽനിന്നും ദാനം സ്വീകരിക്കുകയോ പ്രീതിയെ കാംക്ഷിക്കുകയോ ചെയ്യുന്നില്ല. അതിനു മടിയന്മാരുമായി ഇടപാടില്ല. അത് ഉത്സാഹശീലന്മാരോടു ചെയ്യുന്ന പക്ഷപാതത്തെ ലംഘിക്കുന്നില്ല. അതിനു യാചനയോ ദാസ്യവൃത്തിയോ ഇല്ല. അതു ആരെയും ഉപദ്രവിക്കുന്നില്ല. അത് ആരെയും കപ്പായക്കീഴിൽ കയ്യിടുന്നില്ല. മറ്റു വല്ലവരെ അതിന്റെ കീഴിൽ കയ്യിടാൻ അനുവദിക്കുകയുമില്ല. സ്വാതന്ത്ര്യവും സ്വാശ്രയവുമാണ് അതിന്റെ ഉദ്ദേശ്യം. വേലകൊണ്ടു ലഭിക്കുന്നതോ ബുദ്ധിശക്തി നിമിത്തം സാധിക്കുന്നതോ ആയ സാധാരണസമ്പാദ്യത്തെ മാത്രം അത് അനുഗ്രഹിക്കുന്നു.”

മുകളിൽ എടുത്തു ചേർത്തതുപോലെ നല്ല ഭാഷയിൽ ഭംഗിയായി എഴുതിയിട്ടുള്ള പല ലേഖനങ്ങളും ഇതിലുണ്ട്. എന്നാൽ കൃഷി, വ്യവസായം എന്ന രണ്ടു പംക്തികളിൽ ഭാഷാശുദ്ധിയില്ലായ്മ കുറേ അധികം കടന്നുകൂടിയിട്ടുണ്ട്. ആ ഭാഗങ്ങളുടെ പത്രാധിപന്മാർ മേലാൽ ഈ വിഷയത്തിൽ മനസ്സിരുത്തുമെന്നു വിശ്വസിക്കുന്നു. ‘ഉത്തമമായ ഈ പത്രഗ്രന്ഥത്തിനു കൊല്ലത്തിൽ 1. ക. യാണു വരിസംഖ്യ നിശ്ചയിച്ചിട്ടുള്ളത്

പലവക.

കവികൾക്ക്. കവിതാവേശപരീക്ഷകളിൽ പ്രവേശിച്ച 'ദ്രുതകവി'കളും 'നിമിഷകവി'കളും മററുമാവാൻ താല്പര്യമുള്ള കേരളീയർക്കു ചില പാശ്ചാത്യകവികളുടെ കവിതാനിർമ്മാണത്തെപ്പററി താഴെ എഴുതുന്ന സംഗതി രസാവഹമായിരിക്കും:—

'ആറിഗോ ബൊയ്റ്റോ' എന്ന ഇററാലിയൻ ഗായകകവി 'നീറോ' എന്നൊരു കൃതിയുടെ കർത്താവാണ്. ആ കൃതി അപൂർണ്ണമാകുന്നു. 'ബൊയ്റ്റോ' അതിനുവേണ്ടി പണിയെടുത്തതു രണ്ടു മണിക്കൂർ മാത്രമാണെന്നു് അദ്ദേഹം മരണസമയത്തു പറകയുണ്ടായി. എങ്കിലും അദ്ദേഹം അതെഴുതുവാൻ തുടങ്ങീട്ടു 40 കൊല്ലമായിരുന്നു. ഈ കൃതി തന്റെ ഉത്തമകൃതിയായിവരേണമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. അതിനാൽ എപ്പോഴും എഴുതുന്നതും ബോധിക്കാതെ തള്ളിക്കളയുകയായിരുന്നു പതിവ്. ഒടുവിൽ അദ്ദേഹത്തിനു ബോധിച്ചേടത്തോളം ഭാഗം എഴുതുവാൻ രണ്ടു മണിക്കൂറിലധികം വേണ്ടിവന്നില്ലത്രേ!

'എഡ്വേർഡ് ഗിബ്ബൻ' എന്ന കവി റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തെപ്പററി ഒരു കവിതയുണ്ടാക്കണമെന്നു തീർച്ചപ്പെടുത്തിയതു് 1764 ഒക്ടോബർ 15-ാംനു-യായിരുന്നു. എന്നാൽ, പിന്നെ സുമാർ 23 വർഷം കഴിഞ്ഞു്, 1787 ജൂൺ 27-ാംനു- രാത്രി മാത്രമേ അദ്ദേഹത്തിന്നു ആ കവിത ഉപസംഹരിക്കുവാൻ സാധിച്ചുള്ളു!

സാക്ഷാൽ 'ടെനിസൻ' തന്റെ 'ഇൻമെമ്മോറിയം' എന്ന കവിത എഴുതുവാനാരംഭിച്ചതു് 1833-ലാണ്. അന്നുതന്നെ അദ്ദേഹത്തിന്റെ വിവാഹത്തിന്നും ആലോചനയുണ്ടായിരുന്നു. പക്ഷേ, വിവാഹം 1850 വരെ നടക്കുകയുണ്ടായില്ല. വിവാഹം കഴിയുന്നതു വരെ തന്റെ കവിതയും മുഴുമിച്ചില്ല.

'ടെനിസ'ന്റെ തന്നെ 'ദി ഐഡിയൽസ് ഓഫ് ദി കിംഗ്' എന്ന കൃതി ഇതിലുമധികം ഗർഭത്തിലിരുന്ന ഒന്നാണ്. അതെഴുതുവാൻ ആരംഭിച്ചതു് കവിക്കു 19 വയസ്സു പ്രായമായപ്പോഴാണ് (1830)

ആയിരുന്നു. പക്ഷേ, എഴുതിക്കഴിഞ്ഞപ്പോഴേക്കു കവിയുടെ 'ഷഷ്ടിപ്പൂൎത്തി' കഴിഞ്ഞിരുന്നു.

'ഫിററ്സ് ജിറാൾഡ്സ്' എന്നാളുടെ അനേക കാലത്തെ പരിശ്രമത്തിനു സാക്ഷിയായ 'ഓമർഖയ്യാം' 'ജ്രൂസ് എഡിജി' എന്നു രണ്ടു വിശേഷപ്പെട്ട ചെറുകൃതികൾ എഴുതി മിനുക്കി ശരിപ്പെടുത്തി പുറത്തിറക്കുവാൻ ഒരു പന്തീരാണ്ടു വേണ്ടിവന്നുവത്രെ!

'ജോസഫ് ഹെൻറി ഷോർട്ടൗസ്' എന്നാൾ 'ജോൺ ഇംഗ്ലിസെൻറ്' എന്ന കവിതമൂലം വളരെ പ്രസിദ്ധനാണ്. അതദ്ദേഹത്തിന്റെ 'ഉത്തമകൃതി' ആണ്. അദ്ദേഹം ഒരു പന്തീരാണ്ടു കാലം ചെയ്ത പരിശ്രമത്തിന്റെ ഫലമാണത്. പക്ഷേ, കവിക്കു ഉപജീവനത്തിനുതകുന്ന ഒരു പണി വേറെയുണ്ടായിരുന്നതിനാൽ ഇതുകൊണ്ടദ്ദേഹം ക്ലേശിച്ചില്ല.

* * * *

ശങ്കരാചാൎയ്യരുടെ ജന്മഭൂമി. ഈ മാസത്തെ 'കേരളീയയുവജനമിത്ര'ത്തിൽ എം. ശേഷഗിരിപ്രഭു (എം. എ., എൽ. ടി.) അവർകൾ എഴുതിയ അദ്വൈതവേദാന്തം എന്ന ലേഖനത്തിൽ ഒരിടത്ത് ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

'തിരുവിതാംകൂറിൽ അകപ്പെട്ട കാലടിഗ്രാമത്തിൽ അവതരിച്ചു ശിവകാഞ്ചിയിൽ സമാധി പ്രാപിച്ച ഈ ദിവ്യപുരുഷൻ കേരളീയ ബ്രാഹ്മണരുടെ ശിരോമണിയാകുന്നു. ഈ അവതാരം നിമിത്തം കേരളത്തിനു സിദ്ധിച്ച അളവറ്റകീൎത്തിയേയും നമ്പൂരിമാൎക്കു ലഭിച്ച മഹിമാതിശയത്തെയും അപഹരിപ്പാൻ ഇച്ഛിക്കുന്ന ചില അന്യന്മാരുകൾ ശ്രീശങ്കരാചാൎയ്യർ സ്വജനത്താൽ ചിദംബരത്തെയാണ് അനുഗ്രഹിച്ചത് എന്നു വാദിക്കുന്നുണ്ടെങ്കിലും അതു നിൎമ്മൂലമായ ദുസ്തൎക്കമാകുന്നു എന്നു തെളിയിപ്പാൻ ബലവത്തായ പ്രമാണങ്ങൾ ഉള്ളതുകൊണ്ടു കേരളത്തിന്റെയും നമ്പൂരിമാരുടെയും ഭാഗ്യം അവിച്ഛിന്നം ശാശ്വതമായിരിക്കട്ടെ. ശാങ്കരമതത്തെ പഠിപ്പിപ്പാൻ കേരളത്തിൽ നല്ല വ്യവസ്ഥ ഇന്നുമില്ലെന്നുള്ളത് അത്യന്തം ശോചനീയം തന്നെ. കേരളത്തിലെ അനാചാരത്തിനും മറ്റും കാരണം

ശ്രീശങ്കരാചാൎയ്യർ എന്ന് ഈ ആചാൎയ്യരിൽ ദോഷാരോപണം ചെയ്യുന്നതും അന്യായമാണ്."

* * * *

ആഗ്രായിലെ മുത്തുപള്ളി. 'ഷാജഹാൻ' എന്ന മഹാൻ, തന്റെ പ്രിയതമയുടെ ഓൎമ്മയ്ക്കായി പണിചെയ്യിച്ചിട്ടുള്ള 'താജ്മഹാൾ' ആണല്ലൊ ഇന്ത്യയിലെ ശില്പവിദ്യയുടെ വിജയസ്തംഭമായി നിൽക്കുന്നത്. എന്നാൽ, അതുപോലെ തന്നെ വിശേഷപ്പെട്ടതും, പക്ഷെ കാണികൾക്കു കുറച്ചുകൂടി ആശ്ചൎയ്യകരവും നൽകുന്നതുമായ ഒരൊറ്റ ശില്പവേലകൂടി ഷാജഹാന്റെ യശസ്സിനെ ലോകമെമ്പാടും പരത്തിക്കൊണ്ടു സ്ഥിതിചെയ്യുന്നുണ്ട്. അതാണ് ആഗ്രായിലെ മുത്തുപള്ളി (The Pearl Mosque of Agra). താജ്മഹാൾ ആ മഹാന്റെ പ്രിയതമയിലുള്ള ദാമ്പത്യപ്രേമത്തിന്റെ ഫലമാണ്; മുത്തുപള്ളി അദ്ദേഹത്തിനു ദൈവത്തിൽ ഉള്ള ഭക്തിയുടെ ചിഹ്നമാണ്. താജ്മഹാൾ കാണികളുടെ ഹൃദയത്തിൽ ആശ്ചൎയ്യബഹുമാനങ്ങളെ ഉദിപ്പിക്കുന്നു; മുത്തുപള്ളി കാണുന്നവരിൽ ഭക്തിസ്നേഹങ്ങളെ വൎദ്ധിപ്പിക്കുന്നു. പ്രതിദിനം പ്രഭാതവേളയിൽ ഷാജഹാൻ ചക്രവൎത്തി ഈ മനോഹരമായ പള്ളിയിൽ പോയി ദൈവാരാധന നടത്തുക പതിവായിരുന്നു. ധവളമായ വെണ്ണക്കല്ലുകൊണ്ടു പണിചെയ്യിട്ടുള്ള ഈ പള്ളിയുടെ പണി തീരുവാൻ ഏഴു കൊല്ലം വേണ്ടിവന്നിട്ടുണ്ടെന്നാണു കാണുന്നത് (1646—1653). ഇതിന് ആകെ ചിലവായ ഉറുപ്പിക മൂന്നു ലക്ഷമാണത്രെ. താജ്മഹാളിനെപ്പോലെയും ഈ പള്ളിയെപ്പോലെയും വിശേഷപ്പെട്ട ഒരു ശില്പപ്പണി ലോകത്തിൽ വേറെ എവിടെയും ഇല്ലെന്നാണ് പറഞ്ഞുവരുന്നത്.

* * * *

ഹൃദയശക്തി. പ്രവൃത്തി, വിശ്രമം, ഉറക്കം ഈ മൂന്നവസ്ഥകളിലുമായി മനുഷ്യന്റെ ഹൃദയം ഒരു കൊല്ലത്തിൽ 36,000,000 പ്രാവശ്യം ഇടിക്കുന്നുണ്ട്. ഈ സമയത്തിനിടയിൽ ഹൃദയത്തിൽനിന്നു ചിലവാകുന്ന ശക്തി മുഴുവൻ കൂടിയാൽ ഈ യുദ്ധത്തിൽ ഉപയോഗിച്ചുവരുന്ന 'പത്തുമയിൻസ്' പോകുന്ന ഉയൎന്നതരം തോക്കുകളിൽനിന്നുള്ള ഒരു ഡസൻ ഉണ്ടകളുടെ ശക്തിയുണ്ടാകും; അല്ല

ങ്കിൽ വെള്ളത്തിൽ മുങ്ങിപ്പോയ ഒരു ചെറുതരം പടക്കപ്പൽ പൊക്കിയെടുപ്പാനുള്ള ശക്തിയുണ്ടാവും. അതുപ്പോലെ, പടിഞ്ഞാറെ യുദ്ധരംഗത്തിലെ സംകലിതസൈന്യങ്ങളുടെ എല്ലാം കൂടിയുള്ള ഹൃദയശക്തികൾ ഒന്നിച്ചുകൂട്ടിയാൽ എന്തുചെയ്യാൻ സാധിക്കും? പടിഞ്ഞാറെ യുദ്ധരംഗത്തിൽ ആകെ ചുരുങ്ങിയതു 80,00,000 സൈന്യങ്ങളുണ്ടെന്നു വിചാരിക്കുക. ഇവരിൽനിന്നെല്ലാംകൂടി 12 മണിക്കൂർ സമയംകൊണ്ടു ചിലവാകുന്ന ഹൃദയശക്തികളെ ഒരു നിമിഷനേരത്തേക്കു് ഒന്നിച്ചുകൂട്ടാൻ സാധിക്കുമെങ്കിൽ ആ വമ്പിച്ച ശക്തികൊണ്ടു ജർമ്മനിക്കാരുടെ സകല പടക്കപ്പലുകളേയും, അവയുടെ അഭയസ്ഥാനമായ 'കീൽ' എന്ന തോടിനേയും, ഒരു ഇരുമ്പുതണ്ടയോലത്തേപ്പോലെ, ഒരേ അടിയായി തട്ടിത്തകർക്കുവാൻ കഴിയും. 900 അടി വീതിയും 6 അടി ആഴവുമുള്ള ഒരു പുഴ മണിക്കൂറിൽ 7 നാഴിക ദൂരം—ഒഴുകുന്നതായതു്, ഒരുദിക്കുകൊണ്ടു പാരീസ്സിൽ നിന്നു കാൺസ്റ്റാന്റിനോപ്പിൾവരെ—ഒഴുകുന്നു എന്നു വെക്കുക. ആ പുഴക്കു് എത്ര വേഗവും ശക്തിയും ഉണ്ടോ അത്ര വേഗവും ശക്തിയും മുമ്പറഞ്ഞ 8000000 ജനങ്ങളുടെ ഹൃദയത്തിൽനിന്നൊഴുകുന്ന രക്തപ്രവാഹത്തിനുണ്ടു്. ആരോഗ്യമായ ഒരു മനുഷ്യന്റെ ഹൃദയത്തിൽനിന്നു പ്രവഹിക്കുന്ന രക്തത്തിന്റെ സഞ്ചാരത്തെ ഒരു 16 കൊല്ലത്തേക്കു കണക്കാക്കിയാൽ 5,000,000 മയിൽ ദൂരം ഉള്ളതായിരിക്കണം. ഇതു ഭൂമിയെ 195 പ്രാവശ്യം ചുറ്റുവാൻ മതിയായ ദൂരമാകുന്നു. ഒരു മനുഷ്യന്റെ ആയുസ്സുകാലത്തിൽ മുഴുവൻ കൂടി ചിലവാകുന്ന ഹൃദയശക്തിയെ ഒന്നിച്ചു് ഒരു ദിവസത്തേക്കു കിട്ടുമെങ്കിൽ, അതു കാൽ ടൺ തൂക്കമുള്ള 100 ഉണ്ടകളെക്കൊണ്ടു് ലണ്ടനിൽനിന്നു ഡോവറിലേക്കു ജർമ്മനിക്കാർ വെടിവെക്കുവാൻ മതിയായ ശക്തിയായിരിക്കും.

* * * *

ഗജേന്ദ്രമോക്ഷം. അടുത്തുവന്ന ഒരു കേൾവിപ്പെട്ട ഇംഗ്ലീഷുമാസികയിൽ ഭാഗവതപ്രസിദ്ധമായ സാക്ഷാൽ ഗജേന്ദ്രമോക്ഷം കഥയെ വളരെ അപൂർവ്വമായ ഒരു കഥയായിട്ടു എഴുതിക്കാണുന്നു. ഈ കഥ ഇന്ത്യയിൽത്തന്നെ പലർക്കും നല്ല അറിവില്ലാത്തതാണെന്നും, ത

ന്നിക്ക വളരെ പണിപ്പെട്ടു കിട്ടിയതാണെന്നുമാണ് ലേഖകൻ പറയുന്നത്. ഇതു കാണുമ്പോൾ, ചില പാശ്ചാത്ത്യപ്രസംഗികന്മാർ നമ്മുടെ നാട്ടിൽ വന്നു രാമായണകഥയും മറ്റും പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ തോന്നാറുള്ള അഭിപ്രായമാണ് നമുക്കൊക്കെ ഉണ്ടാവുന്നത്. ഏതായാലും,

'കരീന്ദ്രൻപോയ്ത്രികൂടാചലസരസിമുദാ
 പങ്കജസ്പൃശ്യശാപാൽ
പിന്നാലിന്നക്കടിച്ചാമുതലകടിവിടാ-
 തായിരത്താണ്ടുഴന്നാൻ
അന്നേരംപോന്നുവന്നൂമുകിൽപ്പുഗതഖഗാ-
 രൂഢനായ്ധ്യാനശക്ത്യാ
നക്രംചക്രേണകൊന്നാക്കരിവരനേസാ-
 യൂജ്യമേകീമുകുന്ദൻ.'

എന്ന പതിവായിജപിക്കുന്ന കേരളീയക്ക് ഈ കഥയിൽ ഒരു പുതുമയും തോന്നുന്നതല്ല.

* * * *

ബറോഡമഹാരാജാവ്. ഇന്ത്യയിലെ മഹാരാജാക്കന്മാരിൽ വെച്ച് അധികം വിലപ്പിടിച്ച ആഭരണങ്ങളും മറ്റും ധാരാളമുള്ള ബറോഡയിലെ ഗെയിക്വാർ മഹാരാജാവവർകൾക്കാണ്. ഈ മഹാരാജാവിന്റെ പൂർവ്വന്മാർ സ്വർണ്ണത്തോക്കുകളും വെള്ളിത്തോക്കുകളും പണിചെയ്യിക്കുന്നതിൽ വളരെ താൽപര്യം പ്രദർശിപ്പിച്ചിരുന്നവരത്രെ. കുറച്ചു കൊല്ലങ്ങൾക്കു മുമ്പു ബറോഡയിൽ ഒരു ക്ഷാമമുണ്ടായപ്പോൾ ക്ഷാമപീഡിതന്മാരായ പ്രജകൾക്കു ഭക്ഷണം കൊടുപ്പാനായി മഹാരാജാവവർകൾ ഒരു പഴയ സ്വർണ്ണത്തോക്ക് ഉരുക്കുകയാണത്രെ ചെയ്തത്. മഹാരാജാവു തിരുമനസ്സുകൊണ്ടു കഴുത്തിൽ അണിയുന്ന വൈരമാല തന്നെ 259,000 പവൻ വിലപിടിച്ചതാണ്. മഹാരാജാവ് എഴുന്നള്ളിയിരിക്കുന്നതിനടുത്തുള്ള ഒരു മുറിയിൽ 20 മുതൽ 50 വരെ ലക്ഷം പവൻ വിലവരുന്ന പണ്ടങ്ങൾ സൂക്ഷിച്ചിട്ടുണ്ടത്രെ.

മംഗളോദയം കമ്പനി

ക്ലിപ്തം, തൃശ്ശിവപേരൂർ.

1080-ലെ 1-ാം റഗുലേഷനായ കൊച്ചി കമ്പനി റഗുലേഷനനുസരിച്ച്
രജിസ്റ്റർ ചെയ്യപ്പെട്ടത്.

മൂലധനം ഉറുപ്പിക 1,00,000

ഈ മൂലധനത്തെ ഷെയർ 1-ക്ക് 10 ഉറുപ്പിക വീതം 10,000
ഷെയറുകളായി ഭാഗിച്ചിരിക്കുന്നു.

ഡയറക്ടർമാർ.

1 മഹാരാജശ്രീ കൊച്ചി ൭. രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
2 ബ്രഹ്മശ്രീ എം. ആർ. ഡി. കെ. എം. ചെറിയ നാരായണൻ നമ്പൂതിരിപ്പാട് അവർകൾ
3 ,, [illegible] വാസുദേവൻ നമ്പൂതിരിപ്പാട് ,,
4 ,, കരിയന്നൂർ മനയ്ക്കൽ വാസുദേവൻ നമ്പൂതിരി ,,
5 ,, [illegible] നമ്പൂതിരിപ്പാട് ,,
6 മ. രാ. രാ. [illegible] കവളപ്പാറ മൂപ്പിൽ നായര് ,,
7 ,, കൊല്ലങ്കോട്ട് മാധവ രാജാ ,,
8 ,, ടി. സി. കൃഷ്ണമേനോൻ ,,
9 ,, എം. കെ. കുഞ്ഞൻരാജാ ,,

ആഡിറ്റർ—പി. [illegible].

ലീഗൽ അഡ്വൈസർ—കെ. [illegible] അവർകൾ ബി.എ., ബി.എൽ.,
ഹൈക്കോർട്ട് വക്കീൽ, തൃശ്ശിവപേരൂർ.

മാനേജർ—സി. കുഞ്ഞിരാമൻമേനോൻ.

കമ്പനിയുടെ പ്രധാന ഉദ്ദേശങ്ങൾ.

1 വളരെ ഉപകാരപ്രദങ്ങളും, ശ്ലാഘ്യങ്ങളും, ഇതുവരെ അച്ചടിക്കാത്തവയുമായ വിവിധവിഷയങ്ങളിലുള്ള സംസ്കൃതപുസ്തകങ്ങളും മലയാളപുസ്തകങ്ങളും, [illegible] ശുദ്ധരീതിയിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനും, മറ്റു പുസ്തകങ്ങൾ [illegible] വിധത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനും അച്ചടിസംബന്ധമായിട്ടുള്ള [illegible] മുതലായ പ്രവൃത്തികൾ സുകരമായരീതിയിൽ നടത്തുന്നതിനും [illegible] ഉയർന്ന നിലയിൽ കമ്പനിവകയായ [illegible] അച്ചുകൂടം [illegible] നടത്തുക.

2 സംസ്കൃതത്തിലും, മലയാളത്തിലും, ഇംഗ്ലീഷിലും [illegible] അച്ചടിപ്രവൃത്തികളും [illegible] നടത്തിക്കൊടുക്കുകയും [illegible] (മഷി) മുതലായ സാധനങ്ങൾ ഉണ്ടാക്കിയും വാങ്ങിയും വ്യാപാരം നടത്തുകയും ചെയ്ക.

3 [illegible] മാസിക പത്രികയുടെ ഉദ്ദേശം ഉൽകൃഷ്ടരീതിയിൽ [illegible] പ്രസിദ്ധീകരിച്ചു നടത്തുകയും ചെയ്ക.

4 പല ഭാഷയിലുമുള്ള പുസ്തകങ്ങൾ വാങ്ങിയും അച്ചടിച്ചും കമ്പനി വക [illegible] പ്രസിദ്ധീകരിക്കുക.

ഷെയറുകൾ ഇനിയും വില്പാനുണ്ട്. ഷെയർ വേണമെന്ന് ഇച്ഛയുള്ളവർ [illegible] ഉടനെ മാനേജർക്ക് അറിവുകൊടുക്കേണ്ടതാണ്.

PRINTERS AND PUBLISHERS—THE MANGALODAYAM CO., LTD., TRICHUR.

പുസ്തകം ൧൧



ലക്കം ൧൦

മംഗളോദയം

൧൦൯൪ മകരം



വിഷയവിവരം.

മംഗളോദയം.

൧൦൯൬ മകരം.

മംഗളം.

കദംബകാന്താരചരീസുമൌലി-
കദംബകാന്തായഗൃഹീതലീലാ
കാദംബയാനാകരുണാംബുവർഷി-
കാദംബിനീകാമദമസ്തുകാചിൽ.

ഒരു വിഷ്കംഭം.



അർത്ഥോപക്ഷേപകാദ്യായങ്ങളായ നാടകാംശങ്ങളുടെ ഉത്ഭവത്തിനു ചില പ്രത്യേകകാരണങ്ങളുണ്ട്. നാട്യശാസ്ത്രകർത്താക്കന്മാരായ പ്രാചീനാചാര്യന്മാർ ലക്ഷ്യലക്ഷണസഹിതം അവയെ തത്തൽഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുമുണ്ട്. 1 കഥാഗാത്രത്തിൽ അപ്രധാനങ്ങളായ സംഭവങ്ങളേയോ സംഗതികളേയോ വർണ്ണിക്കുന്നതുകൊണ്ടുണ്ടാകുന്ന വൃഥാദൈർഘ്യം സഹൃദയന്മാരായ രസികന്മാർക്ക് അസഹ്യമല്ലാതെ വരണമെന്നും. 2 പ്രത്യക്ഷദർശനത്തിൽ ജുഗുപ്സാവഹങ്ങളായ ഭാഗങ്ങളെ അഭിനയിക്കുന്നതു ഗ്രാമ്യ (അസഭ്യ)മായിത്തീരുമെന്നു സ്പഷ്ടം. 3 ഒന്നിലധികം ദിവസങ്ങളിൽ നടന്ന

സംഗതികളെ മനസ്സിൽ അടക്കുന്നതു നാട്യശാസ്ത്രനിയമങ്ങൾക്കു വിരുദ്ധമാകയാലും, ഓരോ സംഭവത്തിനും ഓരോ അങ്കം കല്പിക്കണമെന്നതും അതു പ്രധാനസ്ഥലത്തിനു കാരണമാകയാലും അവിടെയും മറ്റൊരു നിവൃത്തിമാർഗ്ഗം അത്യാവശ്യമായിത്തീരുന്നു. പ്രധാനമായി, അർത്ഥോപക്ഷേപകങ്ങളുടെ ആവശ്യം ഈ മൂന്നു സംഗതികളെയാണാശ്രയിച്ചിരിക്കുന്നത്.

കഥാശരീരത്തിൽ അപ്രധാനങ്ങളായ സ്ഥാനപ്പേരാദികളെയോ, ദുഷ്പ്രാപങ്ങളായ യുദ്ധമൈഥുനാദികളെയോ, അനേകദിനജന്യങ്ങളായ നാനാ സംഭവങ്ങളെയോ സാമാജികന്മാരെ ധരിപ്പിക്കുന്നതിനുവേണ്ടി അങ്കങ്ങളുടെ ആദിമദ്ധ്യാവസാനങ്ങളിൽ യഥോചിതം കൂട്ടിച്ചേർക്കുന്ന അർത്ഥോപക്ഷേപകാഖ്യങ്ങളായ നാടകാംശങ്ങളിൽ ഒന്നാണു വിഷ്കംഭം. ആദ്യവസാനം സരസമായ സംഭാഷണരൂപമായ നാടകത്തിൽ കഥാബാഹ്യന്മാരായ പാത്രങ്ങളെ പ്രവേശിപ്പിച്ചു വായനക്കാരുടെ ജിജ്ഞാസയെ പുഷ്ടിപ്പിക്കേണ്ടതായിരുന്ന കവി, അവധാനപൂർവ്വകമായി പ്രവർത്തിച്ചില്ലെങ്കിൽ അതും തകരാറിലാകും. 'രംഗപ്രയോഗാനർഹങ്ങളായ ഭാഗങ്ങളെല്ലാമവൻ' ഉപയോഗിക്കുന്ന നാടകാംശമായ അങ്കങ്ങളെപ്പോലെ നീണ്ടുപോവുകയാണെങ്കിൽ അതു നിയമവിരുദ്ധമായി; കാര്യം മുഴുവൻ സാമാജികന്മാരെ മനസ്സിലാക്കുകയും വേണം. ഇവിടെയാണു കവിയുടെ മനോധർമ്മം തെളിയുന്നതും, വിജയം പരീക്ഷിക്കപ്പെടുന്നതും.

ഉത്തരരാമചരിതം നാടകത്തിന്റെ പൂർവ്വാംഗമായി കൂട്ടിച്ചേർത്തിട്ടുള്ള 'ശുദ്ധവിഷ്കംഭ'ത്തിൽ 'ആത്രേയി' എന്ന താപസിയുടെയും, 'വാസന്തി' എന്ന വനദേവതയുടെയും സംഭാഷണംകൊണ്ടു ഭവഭൂതി എന്തെല്ലാം കാര്യങ്ങളാണു സാധിച്ചിട്ടുള്ളതെന്നു നമുക്കു പരിശോധിച്ചുനോക്കാം.

അയോദ്ധ്യയിലെ അന്തഃപുരപരിചാരകനും ശ്രീരാമന്റെ താൽകാലികചാരനുമായ 'ദുർമ്മുഖൻ' തിരുമനസ്സുണർത്തിച്ച ജനാപവാദത്തെ മൂലമായും 'ജനമനോരഞ്ജനത്തിനുവേണ്ടി'യും, പൂർണ്ണഗർഭയായ സീതാദേവിയെ ദോഹദസമ്പത്തിവ്യാജേന വനത്തിൽ കൊണ്ടുപോയുപേക്ഷിക്കുന്നതിന് അനുജനായ [illegible] ലക്ഷ്മണൻ തന്നെ

തയ്യാറാക്കിയ ഭാവനാവേദിയിൽ വാല്മീകിയറിയാത്ത ഒരു പതിവ്രത 'അ പേക്ഷയെന്നാൽ നമസ്കാരം; ഭക്തപരദേവതകൾക്കെല്ലാം നമസ്കാരം; ആർഷപുത്രന്റെ പാദാരവിന്ദങ്ങൾക്കും നമസ്കാരം; സകല ഗുരുജന ങ്ങൾക്കും നമസ്കാരം' എന്ന പ്രാർത്ഥനകളും കല്പനകളാ ണെയും യഥാക്രമം തരിച്ചറിഞ്ഞുകൊണ്ട് മെയിൽ കയറുന്നതോടുകൂടി ഉത്തരരാമചരിതത്തിലെ കഥാതന്തു അവസാനിക്കുകയും,

ഈ സംഭവം കഴിഞ്ഞ് 12 കൊല്ലത്തിനുശേഷം, ഭൂതപുത്ര നായ ഒരു ബ്രാഹ്മണന്റെ കൊല്ലിയായ സഹിയാതെ താന്റെ ശോ കത്തെ അറിയിച്ചുകൊണ്ടിരിക്കുമ്പോൾ,

'യമൺനിലമതികൾ ഉപശമിക്കുകയെന്ന-
ള്ളാതനൃപരമലകൾ തീപ്പാറിയാൻ നിരപരാധചെയ്തിട്ടതു;
തപരിതമവരെവരണ്ടിക്കെതിരിതനയശ്രീ-
സ്വതന്ത്രനായതൊന്നിച്ചിടിച്ചു ഞാനേനനകയെന്നു!'

എന്നുണ്ടായ അശരീരിവാക്കുകേട്ട് ശംബൂകനെ കൊല്ലുന്നതിനുവേ ണ്ടി, 'മമയോടുകൂടി സ്വർഗ്ഗത്തെ ഉയർത്തിപ്പിടിച്ചുനടക്കുന്ന ശ്രീരാ മൻ പ്രവേശിക്കുന്നു'തായി പറയുന്നതും ആരംഭിക്കുകയും ചെയ്യുന്നു. ഇതിനിടയിലുള്ള 12 കൊല്ലങ്ങളിൽ ഉത്തരരാമചരിതകഥാസംബ ന്ധമായി എന്തെല്ലാം സംഭവങ്ങളാണ് നടന്നിട്ടുള്ളതെന്ന് വായന ക്കാരെയും കാഴ്ചക്കാരെയും ധരിപ്പിക്കേണ്ടത് ആവശ്യമാകയാൽ അക്കാര്യം നിർവഹിക്കുന്നതിനുവേണ്ടിയാണ് ആത്രേയീവാസന്തീ സംഭാഷണരൂപമായ 'ഒരു വിപ്ലവം' കവി, ഒന്നാമങ്കത്തിന്റെ പൂർവ്വാംശമായി ചേർത്തിട്ടുള്ളത്.

ചിത്രദർശനം എന്ന ഒന്നാമങ്കത്തിന്റെ അവസാനത്തിൽ ഭർത്താ വിന്റെ സ്വകാര്യം പറയും,

'ജനനത്തിൽ ശുദ്ധിയേകിപ്പുനിനാൽ-
ജനങ്ങളെപ്പാലിക്കുന്നവനായ ഞാനാ ലോകം
സന്തോഷമാർന്നീടണമെന്നതിനായി-
ലന്യമായ്‌ത്യജിതമായ് കരയായ്'

എന്നു തുടങ്ങിയ ശ്രീരാമന്റെ വിലാപവാക്യംകൊണ്ട്, അന്ധതയും ഭരതനും കൈസല്യാദികളും 'ഗംഗാവ'ത്തിൽ സങ്കേതിക്കാവുന്ന വ

ച്ച അനുഗ്രഹവും വാത്സല്യവുമുണ്ടാകണമെങ്കിൽ അതു ദോഹദം സാധിപ്പിച്ചുകൊടുക്കേണ്ടതാണ് എന്ന് അഷ്ടാവക്രനോടു പറഞ്ഞയച്ച സന്ദേശത്തെ അനുസരിക്കുന്ന എന്ന നാട്യത്തിൽ പൂർണ്ണഗർഭയായ സീതയെ വനത്തിൽ കൊണ്ടുപോയുപേക്ഷിക്കുന്നതിനാണ് ശ്രീരാമൻ നിശ്ചയിച്ചിട്ടുള്ളതെന്ന വായനക്കാർ മനസ്സിലാക്കുന്നുണ്ട്; കബളിതയായ സ്നേഹപൂർവ്വകമായിട്ടുള്ള സീതയുടെ അന്തർഗ്ഗതം അതിനെ തെളിയിക്കുന്നതുമുണ്ട്.

സീതയുടെ ഗതി എന്തായിരിക്കും? വല്ല വന്യമൃഗങ്ങളും ആ പതിവ്രതയെ കൊന്നുതിന്നിരിക്കുമോ? അതല്ല, ആ പൂർണ്ണഗർഭ പ്രസവിച്ചുവോ? അങ്ങിനെയാണെങ്കിൽ ഭയങ്കരമായ വനമദ്ധ്യത്തിൽ അനാഥയായ ആ തള്ളയുടെയും പിള്ളയുടെയും സ്ഥിതി എന്തായിരുന്നു? 'ജനാപവാദത്തിനുവേണ്ടി' ജനകാത്മജയെ ഉപേക്ഷിച്ച 'ശ്രീരാമന്റെ' അനന്തരകൃത്യമെന്തു? ഈ വിധത്തിലുള്ള ഒരു പ്രശ്നമാല ഈ അവസരത്തിൽ വായനക്കാരെ ജിജ്ഞാസാപരതന്ത്രരാക്കിത്തീർക്കുന്നു. ഇതിനെ വകവെക്കാതെ, കവി, ശംബൂകവധോദ്യുക്തനായി ഉദ്യതഖഡ്ഗനായ ശ്രീരാമനേയും കൊണ്ടു പന്ത്രണ്ടു കൊല്ലങ്ങൾക്കു ശേഷമാണു പിന്നീടു പ്രവേശിക്കുന്നതെങ്കിൽ അതെത്ര അനുചിതമായിരിക്കും? അങ്ങിനെയായാൽ ആ പന്ത്രണ്ടു കൊല്ലങ്ങൾക്കിടയിൽ കഥയെ സംബന്ധിച്ച മറ്റെന്തെല്ലാം വിശേഷസംഭവങ്ങൾ നടന്നിരിക്കും എന്നൊരു പ്രത്യേക പ്രശ്നത്തിനുംകൂടി ഇടയാകുന്നു. ഈ വിധം വായനക്കാർക്കുണ്ടാകുന്ന അവസാനിക്കാത്ത ജിജ്ഞാസയെ ശമിപ്പിക്കുന്നതിനുവേണ്ടി വലിയ ഉദ്ദേശത്തോടുകൂടി പ്രയോഗിച്ചിട്ടുള്ള ചെറിയ ഭാഗമാണ് ആ വിഷ്കംഭം. സീതാപരിത്യാഗത്തിനു പിൻപും ശംബൂകവധോദ്യമത്തിനു മുൻപുമായി പന്ത്രണ്ടു സംവത്സരങ്ങൾക്കിടയിൽ നടന്ന സംഭവങ്ങളെ കവി അതിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കഥാബാഹ്യന്മാരായ രണ്ടു പാത്രങ്ങളുടെ വിഷയാന്തരസംഭാഷണത്തിനിടയ്ക്കു, ഈ സംഭവങ്ങളെ സംക്ഷേപിച്ചിട്ടാണെങ്കിലും പരിപൂർണ്ണമായി പ്രദർശിപ്പിക്കുന്നതിൽ, കവി പ്രയോഗിച്ചിട്ടുള്ള മനോധർമ്മം ഏറ്റവും അതിശയനീയമായിരിക്കുന്നു.

ജനസ്ഥാനവനദേവതയായ വാസന്തി "ആമ്നായസാരങ്ങളെ ഉൾക്കണ്ടറിഞ്ഞുകൊള്ളുവതിനായി വാത്മീകിപാർശ്വത്തിൽനിന്ന്" അഗസ്ത്യാശ്രമത്തിലേക്കു പുറപ്പെട്ടു ജനസ്ഥാനത്തിൽകൂടി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ആത്രേയി എന്ന "തപോധനയ്ക്കു സ്വാഗതം" പറഞ്ഞുകൊണ്ടാണ് വിഷ്കംഭം തുടങ്ങുന്നത്. പൂർവ്വപരിചിതകളായ ഇവരുടെ ഈ സമാഗമം യാദൃച്ഛികമായിരുന്നു. സാധാരണ സ്നേഹസമാഗമത്തിൽ കുശലപ്രശ്നം ചെയ്തുള്ള ലൗകികാചാരത്തെ അനുസരിച്ച് "എവിടെനിന്നാണ് വരുന്നത്? എന്തിനായിട്ടാണ് ഈ ദണ്ഡകാരണ്യത്തിൽ പ്രവേശിച്ചത്?" എന്നു വനദേവത ചോദിക്കുന്നതിനു ആത്രേയിക്കുള്ള സമാധാനം ഇതാണ്:—

"അക്കുംഭോത്ഭവനാദിയായ് വളരെ
ശ്രുത്യന്തസാരജ്ഞരാ-
ന്നിക്കാട്ടിൽവസിപ്പുണ്ടവരിൽനി-
ന്നാമ്നായസാരങ്ങളു-
ൾക്കൊണ്ടിങ്ങറിഞ്ഞുകൊള്ളുവതിനായ്
വാത്മീകിപാർശ്വത്തിൽനി-
ന്നിക്കാണുന്ന വനാന്തരങ്ങളിൽ നട-
ന്നീടുന്നതാനിങ്ങിനെ."

പ്രഥമദൃഷ്ടിയിൽ സാധാരണമായി തോന്നാവുന്ന ഈ ചോദ്യോത്തരങ്ങളാണ് അവരുടെ മേലിൽ സംഭാഷണത്തിനും, തദ്വാരാ ഇതര വിഷ്കംഭപ്രസ്താവത്തിനും നിദാനം. ഭവഭൂതിയുടെ കവിധർമ്മജ്ഞത ഇതാ! വെളിപ്പെട്ടുതുടങ്ങി.

ആത്രേയിയുടെ ഈ ഉത്തരം കേൾക്കുമ്പോൾ ഒരാൾക്കുണ്ടാകുന്ന സംശയങ്ങൾ എന്തെല്ലാമാണെന്നു വനദേവതയുടെ അടുത്ത ചോദ്യത്തിൽനിന്നു മനസ്സിലാക്കാം. "മറ്റുള്ള മുനികൾ കൂടിയും വേദാന്തസാരത്തെ ഗ്രഹിക്കുന്നതിനു പുരാണബ്രഹ്മവാദിയായ ആ വാത്മീകിമഹർഷിയെത്തന്നെയാണല്ലോ ആശ്രയിക്കുന്നത്. പിന്നെന്തിനായിട്ടാണ് ഭവതി ഈ ദീർഘസഞ്ചാരപരിശ്രമത്തെ വഹിക്കുന്നത്?"

കണ്ടില്ലേ യുക്തിയുടെ ശക്തി? ഇനി ഈ സംഭാഷണാന്തരത്തിലു

ടന്റെ മററു കാൎയ്യങ്ങളെ വെളിപ്പെടുത്താൻ എന്താണു് പ്രയാസം? “അവിടെ പഠിക്കുന്നതിനു വലുതായ വിഘ്നമുണ്ടു്” എന്നു ഇനി ആത്രേയിക്കു പറയാതെ കഴിയുമോ? അപ്പോൾ “എന്താണു വിഘ്നം” എന്നായി വാസന്തിയുടെ ചോദ്യം. ചുരുക്കിപ്പറഞ്ഞാൽ, “എന്തോ ഒരു വനദേവത മുലകുടി മാറിയ പ്രായത്തിലുള്ള രണ്ടു കുട്ടികളെ വാല്മീകിയുടെ ആശ്രമത്തിൽ കൊണ്ടുവന്നാക്കി” എന്നും ആ കുട്ടികൾ ജന്തുക്കളുടെ മാത്രമല്ല സ്ഥാവരജംഗമങ്ങളായ സകല ഭൂതങ്ങളുടേയും അന്തഃകരണങ്ങളെ വശീകരിക്കുന്ന പരിണാമം, ലവനെന്നും കുശനെന്നുമുള്ള അവരുടെ നാമധേയത്തെയും പ്രഭാവത്തെയും ആ ദേവതതന്നെ പറഞ്ഞിട്ടുണ്ടെന്നും, പ്രയോഗസംഹാരമന്ത്രങ്ങളുള്ള ജൃംഭകാസ്ത്രങ്ങൾ ജന്മനാതന്നെ അവൎക്കു സിദ്ധിച്ചിട്ടുണ്ടെന്നും. വാല്മീകി ഉപമാതാവിന്റെ നിലയിൽ ആ കുട്ടികളെ വളൎത്തി യഥാകാലം ചൌളകൎമ്മവും (ഏകാദശമായ വയസ്സിൽ) ക്ഷത്രിയോചിതമായ ഉപനയനവും കഴിച്ചു വേദവേദാംഗാദികളെ പഠിപ്പിച്ചു എന്നും, ഇപ്പോൾ ഗ്രഹിക്കാനും ധരിക്കാനും അതിസാമൎത്ഥ്യമുള്ള ആ കുട്ടികളോടൊപ്പം പഠിക്കുന്നതിനു തന്നെപ്പോലെയുള്ളവൎക്കു സാധിക്കുന്നില്ല എന്നും ആത്രേയിയെക്കൊണ്ടു പറയിക്കുന്നതിനു വേണ്ടിയ ചോദ്യങ്ങൾ യഥാവസരം ചോദിക്കുന്നതിനു മഹതിയുടെ വാസന്തിക്കു സാമൎത്ഥ്യമില്ലാതെ വരുമോ?

മഹാദ്ധ്യാപകൻ വിദ്യാൎത്ഥികളോടു പെരുമാറുന്നതു സമബുദ്ധിയായിട്ടായിരിക്കുമെങ്കിലും പാഠം എല്ലാവരിലും ഒരുപോലെ പതിക്കുന്നില്ല. ലോകത്തിൽ നിത്യാനുഭവത്തിലിരിക്കുന്ന ഈ സംഗതി കവി ഉത്തമമായ ദൃഷ്ടാന്തത്തോടും വളരെ ഔചിത്യത്തോടുംകൂടി മഹതി ആത്രേയിയെക്കൊണ്ടു പറയിക്കുന്നതു്.

“ഇല്ലതെചൊല്ലിക്കൊടുക്കുന്നിൽ ഗുരുഭേദം
പ്രാജ്ഞനെന്നവിജ്ഞനെന്നോ—
നില്ലാതാക്കില്ലവനും ഗ്രഹണപടുതയെ—
ത്താൻകൊടുക്കാറുമില്ല;
തെല്ലുംനൽകുട്ടിമത്തിനാവില്ലമണി—
ക്കൊപ്പമായ്പ്പ്രതിഗ്രഹിക്ക—

[illegible]
[illegible]."

ഗ്രഹണധാരണാപാടവമുള്ള ബാലകന്മാൎക്കും അതില്ലാത്ത ആത്രേയീപ്രകൃതികൾക്കും ഗുരു ഒന്നുതന്നെയാണെങ്കിലും പാഠവിഷയത്തിൽ ആത്രേയീപ്രകൃതികൾ പിന്നോക്കമാകുന്നതിൽ എന്താണു തെറ്റ്? ക്ലാസ്സിൽ പല വിദ്യാൎത്ഥികൾ പഠിക്കുന്നതിൽ എത്രയോ പേർ ഗ്രഹണപാടവമില്ലാത്തവരാണെന്നു വെച്ച് അവൎക്ക് വേണ്ടി പാഠം ചുരുക്കുന്നതുചിതമായിരിക്കുമോ? അതു വിദ്യാൎത്ഥികളുടെ അഭിവൃദ്ധിക്കു ബാധകമായിരിക്കയില്ലേ? അപ്പോൾ മടിയന്മാർ മറ്റു വഴി അന്വേഷിക്കയല്ലാതെ ഗത്യന്തരമില്ല. ഈ വിധം ആത്രേയി മറ്റു വഴി അന്വേഷിച്ചുകൊണ്ടു അഗസ്ത്യാശ്രമത്തിലേക്കു പോകുന്ന വഴിയിൽ വെച്ചാണ് വാസന്തിയെ കാണുന്നതും, സംഭാഷണത്തിനിടയാകുന്നതും.

ആയില്ല; ഇതുകൊണ്ടും കഴിഞ്ഞില്ല. 'ഇതാണോ അദ്ധ്യയനത്തിനുള്ള വിഘ്നം?' എന്ന വനദേവതയുടെ പിന്നത്തെ ഒരു ചോദ്യം. അതേ ഒരു 12 കൊല്ലത്തിനിടയിൽ നടന്ന പ്രധാന സംഭവങ്ങളെയെല്ലാം ആത്രേയിയെക്കൊണ്ടു പറയിക്കേണ്ട ആവശ്യം ഉളവാക്കുന്നില്ലേ? വനദേവതയുടെ ചോദ്യം സ്വാഭാവികവുമാണ്. 'കൂട്ടത്തിൽ ബുദ്ധിമാന്മാരായ കുട്ടികളുണ്ടെന്നു വെച്ച്, ആ കൂട്ടം വിട്ടു മറ്റൊരു ഗുരുവിനെ അന്വേഷിച്ചു പോവുകയാണോ?' എന്നതിൽ വന്ന ഒരു പരിഹാസസ്വരവും കൂടി വാസന്തിയുടെ ചോദ്യത്തിൽ കവി ഉദ്ദേശിച്ചിട്ടുണ്ടായിരിക്കണം! ആത്രേയിക്കു വാസ്തവത്തിൽ 'വിഘ്നം വേറെയുണ്ടോ'യിതെന്ന പൂൎവ്വവൃത്താന്തമറിയായ സ്ഥിതിക്കു വാസന്തിക്കു അതും അറിയാതെ കഴിയുമോ?

"ഈ മഹൎഷിയായ വാല്മീകി മദ്ധ്യാഹ്നസ്നാനസമയത്തിൽ തമസാനദിയിൽ ചെന്നിരിക്കുമ്പോൾ ഇണയായി സഞ്ചരിച്ചിരുന്ന ക്രൌഞ്ചപ്പക്ഷികളിൽ ഒന്നിനെ ഒരു വ്യാധൻ കൊല്ലുന്നതായി കണ്ടു. ഉടനെ ആൎദ്രമനസ്സനായ അദ്ദേഹത്തിൽനിന്നു,

മാനിഷാദ പ്രതിഷ്ഠാം ത്വമഗമഃ ശാശ്വതീഃ സമാഃ
യൽ ക്രൌഞ്ചമിഥുനാദേകമവധീഃ കാമമോഹിതം

എന്ന് അനുഷ്ടുപ് ഛന്ദോരൂപമായി പരിണമിച്ചു വാക്കായി തന്നാലറിയാതെ പുറപ്പെട്ടു. ഈ വിധം ശബ്ദബ്രഹ്മത്തിൽ പ്രവാഹം സിദ്ധിച്ച ആ മഹർഷിയുടെ സമീപത്തിൽ സൃഷ്ടികർത്താവായ ബ്രഹ്മദേവൻ എഴുന്നള്ളി, അദ്ദേഹത്തിന്റെ ആജ്ഞയനുസരിച്ചു മഹർഷി ഒന്നാമതായി ശബ്ദബ്രഹ്മത്തിന്റെ അപ്രകാരമുള്ള പരിണാമമായ രാമായണമെന്ന ഇതിഹാസത്തെ അദ്ദേഹം നിർമ്മിച്ചു."

ഇതുകൊണ്ടും ആത്രേയിയുടെ അദ്ധ്യയനത്തിനു വലുതായ വിഘ്നങ്ങളായിരുന്നു. 12 സംവത്സരങ്ങൾക്കിടയിൽ നടന്ന ഒരു വിശേഷസംഭവമാണല്ലോ ഇത്. എന്നു മാത്രമല്ല, ലവകുശന്മാരുടെ വളർത്തച്ഛനായ വാൽമീകിമഹർഷി, രാമായണകഥയിലെ "ഒരു ഭാഗത്തെ, വളരെ രസത്തോടുകൂടി അഭിനയിക്കത്തക്കവണ്ണം വേറെ ഒരു പ്രബന്ധമായിട്ടും ഉണ്ടാക്കിയിട്ടുണ്ട്. അതിനെ സ്വഹസ്തങ്ങൾകൊണ്ടുതന്നെ എഴുതി നൃത്യഗീതവാദ്യശാസ്ത്രകർത്താവായ ഭരതമുനിക്കയച്ചിരിക്കുന്നു" എന്നു മേൽ നാലാമങ്കത്തിൽ, ലവൻ ജനകകൌസല്യാദികളോടു പറയുന്നുണ്ട്. ഉത്തരരാമചരിതം ഏഴാമങ്കത്തിൽ ഗംഗാതീരത്തിലുള്ള രംഗസ്ഥാനത്തിൽ വെച്ച് അപ്സരസ്ത്രീകളെക്കൊണ്ടു വാൽമീകി അഭിനയിപ്പിക്കുന്നതായി പറഞ്ഞിട്ടുള്ള 'അന്തർനാടകം,' ലവൻ പറയുന്ന ഈ പ്രബന്ധത്തെത്തന്നെയാണ്. ഈ അന്തർനാടകസൃഷ്ടിക്കവേണ്ട ഇതിവൃത്തസൂക്ഷ്മജ്ഞാനം വാൽമീകിക്കു ലഭിച്ചതു എവിടെനിന്നായിരുന്നു എന്നു വല്ലവരും ചോദിക്കുന്നുണ്ടെങ്കിൽ 'രണ്ടാമങ്കത്തിലെ വിഷ്കംഭം നോക്കിയാലറിയാം' എന്നാണു മറുപടി പറയുന്നത്. ബ്രഹ്മദേവൻ വാൽമീകിയോടരുളിച്ചെയ്തതിപ്രകാരമായിരുന്നു. 'ഋഷേ! അങ്ങു ശബ്ദബ്രഹ്മത്തിൽ പ്രബുദ്ധനായിത്തീർന്നിരിക്കുന്നു. അതിനാൽ രാമചരിതത്തെ കഥിച്ചാലും; എല്ലാററിലും തടസ്സംകൂടാതെ പ്രവേശിക്കുന്ന ജ്ഞാനദൃഷ്ടി അങ്ങേക്കുണ്ടാകും. അങ്ങു ആദ്യകവിയായി ഭവിക്കുന്നു.'

'പഞ്ചവടിയിൽച്ചെന്നു ഗോദാവരീതീരത്തിൽക്കൂടി പോയാൽ മതി' എന്നു അഗസ്ത്യാശ്രമത്തിലേക്കു പോകേണ്ട വഴി നിർദ്ദേശിക്കുന്ന അവസരത്തിലാണു, താനതുവരെ സംസാരിച്ചുനിന്നിരുന്നതു ജനസ്ഥാനവനദേവതയായ വാസന്തിയോടാണെന്നു ആത്രേയിക്കു മ

നസ്സിലായത്. പണ്ടു വനവാസാവസരത്തിൽ സീതയുടെ കൂട്ടുകാരിയായിരുന്ന — വിശേഷിച്ചും സീതാപരിത്യാഗകഥയെ ഗ്രഹിച്ചിരുന്ന — ആത്രേയിക്ക് ഈ അവസരത്തിൽ പൂർവ്വകഥാസ്മരണകൊണ്ടുണ്ടാകുന്ന മനോവ്യഥ എത്രത്തോളമായിരിക്കും? ലൗകികവ്യാപാരങ്ങളിലും, സംസാരത്തിന്റെ വിഷമാവസ്ഥകളിലും തീരെ അപരിചിതയായ ഒരു താപസി, താൻ നില്ക്കുന്നതു പഞ്ചവടിയിലാണെന്നറിയുകയും പണ്ടു സീതയോടും ശ്രീരാമനോടും കൂടി അതേ സ്ഥലത്തു വളരെ നാൾ കഴിച്ചുകൂട്ടിയതിനെ ഓർക്കുകയും ചെയ്യുമ്പോൾ 'കണ്ണുനീർ പൊഴിച്ചു'തിലെന്ത്, 'വത്സയായ ജാനകി'യെ വിളിച്ച്,

'കഷ്ടമാണീപുത്രി! ഇടച്ചുതേക്കഥകൾതന്നീ
ചൊല്ലുവാനിനിയാകുമോ
കാണുന്നുവിഷയമെല്ലായിടത്തുമി-
വൃക്ഷവല്ലീഖഗങ്ങൾ:
കണ്ടമന്ദാകിനിയൊന്നാമതവനമ-
ത്തിലുള്ളതീയിവനെ
വാണീടുന്നവരാഘവിക്കുന്നിന്നതിമ-
ഹാഗ്നിനാശാന്തമായതേ.'

എന്ന ശ്ലോകത്തിൽ ഭംഗ്യന്തരേണ ചെയ്യുന്നതിലെന്ത്. "അപവാദത്തോടുകൂടിയ അത്യാപത്തു" എന്താണെന്നു ആത്രേയിയിൽ നിന്നും ഗ്രഹിച്ചപ്പോൾ പണ്ടു സീതയുടെ പ്രാണസഖിയായിരുന്ന വാസന്തി, കോപാകുലയായതിലെന്ത്, മഹാനുഭാവയായ ജാനകിയെ ഈ കഷ്ടാവസ്ഥയിലാക്കിയ ദൈവത്തെയും രാമനെയും പഴിച്ചതിലെന്താണതിശയം! ഹാ! സ്നേഹമസൃണകളായ ഈ ഹൃദയങ്ങൾക്കെത്ര കഠിനയാതനയാണു മനസ്സിലിരുന്നു കരയാത്തത്? "അരുന്ധതി വസിഷ്ഠന്മാർ പരിപാലിച്ചുവരുന്ന രഘുകുലത്തിൽ അതിവൃദ്ധകളായ അമ്മമാർ ജീവിച്ചിരിക്കെ ഇതെങ്ങിനെ സംഭവിച്ചു?" എന്നു വാസന്തി കണ്ണുനീരോടുകൂടി ചോദിക്കാതിരിക്കുമോ? വാസന്തി ഇതു ചോദിക്കുന്ന സ്ഥിതിക്ക് ഒരു ശ്രോതജനങ്ങളെല്ലാം പറയുന്ന സംഭവത്തെക്കുറിച്ചിരുന്ന ഒരു സതീരത്നത്തിനുവേണ്ടി ജാന

അവിടെന്റെ ആശ്രമത്തിലേക്ക പോയിരുന്നതും, ഇപ്പോൾ സത്രം അവസാനിച്ചതുകൊണ്ടു ഋഷ്യശൃംഗൻ അവരെ സൽക്കരിച്ചു യാത്രയാക്കിയതും, ഭഗവതിയായ അരുന്ധതിയും രാജമാതാക്കളും "വത്സയില്ലാത്ത അയോദ്ധ്യയിലേക്ക ഞങ്ങൾ പോകുന്നില്ല" എന്നു തീരുമാനിച്ചതും, അതിനെ അനുസരിച്ചു വസിഷ്ഠൻ "എന്നാൽ നാം വാല്മീകിതപോവനത്തിൽ ചെന്ന് അവിടെ താമസിക്കുക" എന്നരുളിച്ചെയ്തതും മറ്റും കുറെയേറെ വ്യസനത്തോടു കൂടിയാണെങ്കിലും ആത്രേയി പറഞ്ഞിരിക്കുന്നതെങ്ങിനെ?

ഇത്രത്തോളം മനസ്സിലായാൽ "ജനാപവാദത്തിന്നുവേണ്ടി" മാത്രം മനസ്സില്ലാമനസ്സോടെ പ്രാണപ്രിയയെ പരിത്യജിച്ച ആ രാജാവ് ഇപ്പോൾ എന്തു ചെയ്യുന്നു എന്ന ചോദ്യം ആക്കും ഉണ്ടായിരിക്കും. എന്തിനധികം വിസ്തരിക്കുന്നു? ശ്രീരാമൻ അശ്വമേധം ആരംഭിച്ചതും സ്വർണ്ണംകൊണ്ടു നിർമ്മിച്ച സീതാപ്രതിമയെ സഹധർമ്മചാരിണിയായി സ്വീകരിച്ചതും വാമദേവനാൽ സംസ്കരിക്കപ്പെട്ട യജ്ഞാശ്വത്തിന്റെ രക്ഷിതാവായി ദിവ്യാസ്ത്രസമ്പ്രദായം ലഭിച്ചിട്ടുള്ള ലക്ഷ്മണപുത്രനായ ചന്ദ്രകേതുവിനെ ചതുരംഗബലത്തോടുകൂടി അയച്ചിട്ടുള്ളതും മൃതപുത്രനായ ബ്രാഹ്മണന്റെ സങ്കടവും അശരീരിവാക്കും കേട്ടു ശംബൂകവധത്തിന്നു വേണ്ടി ശ്രീരാമൻ ഉദ്യതഖഡ്ഗനായി പുറപ്പെട്ടിരിക്കുന്നതും മറ്റും ആത്രേയിയെക്കൊണ്ടു, തന്നത്താൻ കൊണ്ടെന്നപോലെ പറയിക്കുന്നതിന്നു കവിയുടെ വാസനയിലുള്ള സാമർത്ഥ്യം അനിതരസാധാരണവും വിസ്മയനീയവുമായിരിക്കുന്നു.!

സീതയെ ഉപേക്ഷിച്ചു എന്നു കേട്ടപ്പോൾ പ്രിയസഖീപക്ഷപാതിനിയായി തന്റെ ഉദ്യാനപ്പുഴിപോരുന്ന വാസന്തി, ശംബൂകവധത്തിനായിട്ടാണെങ്കിലും ശ്രീരാമൻ ഒരിക്കൽകൂടി ജനസ്ഥാനവനത്തെ അലങ്കരിക്കുമെന്നു കേട്ടപ്പോൾ സൌജന്യം (൧) നിമിത്തം മതിമറന്നു ആഹ്ലാദിക്കുകയും,

(൧) 'സൌജന്യം' എന്ന പദത്തിന്ന 'ജന' ശബ്ദത്തിന്നു 'ബന്ധു' എന്നത്ഥം [illegible] പാഠം ഭേദിച്ചു ചെയ്തിട്ടുള്ളതായി കാണുന്നു. 'സുജനസ്യ ഭാവഃ' എന്നാണ് മതിയായ അത്ഥം. [illegible] ആര്ജ്ജവം, മാർദ്ദവം, സുശീലം, [illegible] എന്നീ ഗുണങ്ങളെ [illegible] ഉദ്ദേശിക്കുക.

"സ്മരദേവിതൻ്റെ ഭാരങ്ങളേറ്റുയർന്നിടയെയരി-
ച്ചമരാംഗനാജനങ്ങൾതേച്ചി-
ട്ടാടമ്പോലുമുള്ളഭോഗാവലിയിലിതപൊഴി-
ക്കനന്തിരമ്പങ്ങൾ
കൂടേറിപ്പോയപ്പോഴേക്കും കഴിഞ്ഞവ-
റിവൻതാഴെയിൽ പൂഴികളം
കീടങ്ങളെപ്പോലെകൊണ്ടുന്നിന്നുനിഴലിലിവ-
നൂഴിമാറ്റുമുപഭോഗങ്ങൾ."

എന്ന സ്വപ്നാവലോകനിച്ചതൽകൃതമായ കല്യാണസൗഗന്ധികത്തോടുകൂടി ആത്രേയിയെ യാത്രയാക്കുന്ന ഭാഗത്തിൽ വിഷ്കംഭം അവസാനിക്കുകയും ചെയ്യുന്നു.

ഭൂതഭാവികഥാംശത്തെ
വിവരിപ്പതിനായത്
സംക്ഷേപാലാലിയിൽ ചേർക്കും
ഭാഗം വിഷ്കംഭമായതു.

ഇതാണല്ലോ പൂർവ്വാചാര്യന്മാരുടെ വിഷ്കംഭലക്ഷണം. ഒന്നാമങ്കത്തിൽ ഉപയോഗിക്കപ്പെടുന്ന പൂർണ്ണഗർഭയായ സീതയുടെ സന്താനങ്ങൾക്കു പതിനൊന്നാമത്തെ വയസ്സിൽ ഉപനയനം കഴിച്ചതായി വിഷ്കംഭത്തിൽ ആത്രേയി പ്രസ്താവിക്കുന്നതുകൊണ്ട് ഒന്നാമങ്കത്തിനും രണ്ടാമങ്കത്തിനും ഇടയിലുള്ള കാലം പന്ത്രണ്ടു സംവത്സരങ്ങളാണെന്നു തെളിയുന്നു. ഈ പന്ത്രണ്ടു കൊല്ലങ്ങളിൽ നടന്നതായി വിഷ്കംഭത്തിൽ പറയുന്ന കഥാഭാഗമെല്ലാം "ഭൂതകഥാംശ"മാണല്ലോ. ശംബൂകവധം കഴിഞ്ഞ് അയോദ്ധ്യയിലേക്കു മടങ്ങുന്ന വഴി വാത്മീകിമഹർഷിയുടെ ആശ്രമത്തിനു സമീപം വെച്ച് ശ്രീരാമൻ ചന്ദ്രകേതുവിനെയും, ലവനെയും കാണുകയും ജൃംഭകാസ്ത്രപ്രയോഗംവഴിയായി മൂർച്ഛാവസ്ഥയെ പ്രാപിച്ച അവരുടെ പരസ്പരയോധനത്തെ തടുത്ത് അവരെ സമാധാനിപ്പിക്കുകയും ചെയ്യുന്നുണ്ട്.

"ഇന്നേരമുപവനത്തിലുമേകവീര-
നായുള്ളപുണ്ഡരീകവംശധ്വജനാകുമെൻ"

സ്വീയംജയകൊടിയതാണഥവാസ്വവീര്യം
ദ്ധ്യേ പൊളിഞ്ഞുവതിനുള്ള പമാസ്യമത്രെ.”

അശ്വരക്ഷകന്മാരുടെ ഈ വീരവിജൃംഭണം കേട്ടു, ക്ഷാത്രവീര്യമേറ്റി ജ്വലിച്ചു ക്രമത്തിലധികം കോപിഷ്ഠനായ്ത്തീർന്നാണു ലവൻ യുദ്ധത്തിനു പുറപ്പെട്ടത്. അശ്വരക്ഷകന്മാരുടെ നായകൻ ചന്ദ്രകേതുവായിരുന്നു. ഈ ഭാവികഥാംശത്തെയും വിഷ്കംഭത്തിൽ ആത്രേയി സൂചിപ്പിക്കുന്നുണ്ട്.

“ഉപസംഹൃതി” എന്നും കൂടി പേരുള്ള നിർവഹണസന്ധിയിൽ നിശ്ചയമായും വേണ്ടിയിരിക്കുന്ന അത്ഭുതരസപ്രകടനത്തിനു വേണ്ടിയാണു, വസിഷ്ഠാദി ഗുരുജനങ്ങളെയെല്ലാം വാല്മീകിയുടെ ആശ്രമത്തിൽ താമസിപ്പിക്കാമെന്നു കവി നിശ്ചയിച്ചത്. യാദൃച്ഛികമായി വന്നെത്തിയ ജനകമഹാരാജാവു പുത്രപ്രിയസഖിയായ കൌസല്യയെ കാണുന്നതും, പാമരന്മാരെയും കാട്ടാളരെയും കരയിക്കത്തക്ക വിധത്തിൽ മർമ്മഭേദകങ്ങളായ പൂർവ്വചരിത്രങ്ങളെ അനുസ്മരിക്കുന്നതും അവിടെവെച്ചാണല്ലോ. “വത്സയില്ലാത്ത അയോദ്ധ്യയിലേക്ക ഞാൻ വരുന്നില്ല” എന്നു അരുന്ധതി പറയുന്നതും രാമാശ്വമേധാന്തം വസിഷ്ഠനും അതിനെ അനുസരിച്ചു വാത്മീകിയുടെ ആശ്രമത്തിലേക്ക പോകുന്നതും, വിഷ്കംഭത്തിൽ ആത്രേയി വാസന്തിയെ ധരിപ്പിക്കുന്നുണ്ട്. ഈ ഭാഗവും “ഭാവികഥാംശ”സൂചകമല്ലേ?

കിംബഹുനാ? ആമ്പലും, അരയിട്ടിയും, വണ്ടും, തേന്മാവും, കൊണ്ടു പ്രാചീനകവിതകളെല്ലാം ദുഷിച്ചുപോയി എന്നു “പ്രസന്നസമേതം പറയുന്ന” പരിഷ്കൃതാശയന്മാരായ ആധുനികകവിപുംഗവന്മാർ, പ്രാചീനകവികളുടെ ഈ വക കവിധർമ്മങ്ങളെപ്പറ്റി ഒരിക്കലെങ്കിലും ആലോചിക്കുന്നുണ്ടോ? ഹൃദയമർമ്മസ്പൃക്കായ വിധത്തിൽ എല്ലാ രസങ്ങളെയും സമ്മേളിപ്പിക്കുന്നതിനും, തന്മൂലം പാമരന്മാരെയും കാട്ടാളരെയും ഒരു പുതിയ ലോകത്തിലേക്ക നയിക്കുന്നതിനും, അതിമധുരമായ സാഹിത്യസാമ്രാജ്യത്തെ ആകപ്പാടെ ആസ്വദിപ്പിച്ചു വായനക്കാരെ ആനന്ദമഗ്നന്മാരാക്കുന്നതിനും പര്യാപ്തമായ ആ ദിവ്യശക്തി, പ്രാചീനകവിതകളിലെപ്പോലെ “വണ്ടും തേന്മാവും” ഇല്ലാത്ത ഇന്നത്തെ പരിഷ്കൃത കവിതകളിൽ അല്പമായിട്ടെങ്കിലും കാണുന്നുണ്ടോ?

പണ്ഡിതർ എ. ഡി. ഹരിശർമ്മ.

കൌടില്യരുടെ അർത്ഥശാസ്ത്രം.

(ഒരു ശാസ്ത്രീയ വിവരണം)

ഭാരതീയജനോദ്ധാരമഹോദ്യമത്തിൽ ഉദ്യുക്തരായിരിക്കുമ്പോൾ ചരിക്കുന്ന അനേകഗ്രന്ഥങ്ങളിൽ അന്യൂനമായ സ്ഥാനത്തെ അർഹിക്കുന്ന ഒന്നാകുന്നു കൌടില്യന്റെ അർത്ഥശാസ്ത്രഗ്രന്ഥം എന്നുള്ളതിൽ സംശയലേശമേകുമില്ല. പഴയ പാശ്ചാത്യപരിഷ്കാരപ്രവാഹത്തെ പരിശീലിച്ചു, ഭാരതീയമാതാവിന്റെ അനേകസമ്പത്തുകളെ പാടെ ധിക്കരിച്ചു നശ്വരമായ ലൌകികസമ്പത്തിന്റെ പിന്നെ നടക്കുന്ന ആധുനികപരിഷ്കാരികളുണ്ടോ അവയുടെ വില ശരിയായി അറിയുന്നു? നൂറ്റാണ്ടുകൾക്കു മുമ്പ് അത്ഭുതപൂർവ്വമായ അഭിവൃദ്ധി സിദ്ധിച്ചിരുന്ന ആധുനികകാലത്തും, വിശേഷിച്ചു വിക്രമൈകധനനായ ആ വിക്രമാദിത്യന്റെ ഭരണാധീനമായി ശോഭിച്ചിരുന്ന അവിടുത്തെ മന്ത്രിസത്തമൻ ചാണക്യന്റെ (കൌടില്യന്റെ) അർത്ഥശാസ്ത്രത്തെപ്പറ്റി കുറഞ്ഞൊന്നു പറയുന്നതു സമുചിതമായിരിക്കുമെന്നു സമാധാനിക്കുന്നു.

പരിശ്രമനിധികളായ പാശ്ചാത്യപണ്ഡിതന്മാർ പൌരസ്ത്യഭാഷകളോടു പ്രദർശിപ്പിക്കുന്ന പ്രേമവും പരിശ്രമവും പൌരസ്ത്യന്മാരുടെ പ്രാചീനമായ പ്രവൃത്തിയെ പ്രത്യക്ഷപ്പെടുത്താൻ പര്യാപ്തമാകുന്നു എന്നതു സന്തോഷിക്കത്തക്ക ഒരു സംഗതിയാണ്. ഈ അടുത്തകാലത്ത് ആംഗ്ലേയഭാഷാപ്രവീണനായ ഒരു മഹാനാൽ പ്രസിദ്ധീകൃതമായ കൃതിയാണ് എന്റെ നിരൂപണത്തിനു വിഷയമായിത്തീർന്നിട്ടുള്ളത്. ഈ വിശിഷ്ടഗ്രന്ഥം ഒരു പ്രാവശ്യം പാരായണം ചെയ്യുന്നതായാൽ തൽകർത്താവിന്റെ ജ്ഞാനസമ്പത്തിയും അഗാധമായ ബുദ്ധിവികാസവും ധാരാളം പ്രത്യക്ഷമാകുന്നതാണ്. പ്രസ്തുതഗ്രന്ഥത്തിൽ രാജ്യഭരണസംബന്ധമായ സംഗതികളെപ്പറ്റി ധാരാളം അമൂല്യങ്ങളായ പ്രസ്താവനകൾ അടങ്ങിയിട്ടുണ്ടെങ്കിലും അവയെ എല്ലാം അതിവിസ്തരിച്ച് അക്കാലത്തു ഭാരതീയർക്കുണ്ടായിരുന്ന ശാസ്ത്രീയജ്ഞാനം ഏതുവിധമായിരുന്നു എന്നു വെളിപ്പെടുത്തണമെന്നോ ഞാൻ ആഗ്രഹിക്കുന്നുള്ളു

പനികളിൽ ശരിയായവിധം ജോലിചെയ്യുന്നതിനും ബോട്ടുകൾ പണിയുന്നതിനും വലിയ കോട്ടകൾ നിർമ്മിക്കുന്നതിനും പലതരങ്ങളിലുള്ള ആയുധങ്ങൾ തീർക്കുന്നതിനും ഉള്ള മാർഗ്ഗങ്ങൾ പ്രസ്തുതഗ്രന്ഥത്തിൽ ഉത്തമരീതിയിൽ വിവരിച്ചിട്ടുണ്ട്. പക്ഷേ ഇതിലൊക്കെ ഏറ്റവും അത്ഭുതമുണ്ടാകുന്നതു, ആധുനികയുദ്ധത്തിൽ ജർമ്മൻകാർ ഉപയോഗിച്ചുവന്നിരുന്ന വിഷവായുപ്രയോഗം അന്നത്തെ ഇൻഡ്യാക്കാർക്ക് സുപരിചിതമായിരുന്നു എന്ന് അറിയുമ്പോഴാണ്. ഏവംവിധങ്ങളായ ശാസ്ത്രജ്ഞാനങ്ങളെല്ലാം പൊതുജനസമക്ഷം ആവിർഭവിപ്പിക്കുന്നതിന് ഇത്രവളരെ കാലതാമസം വേണ്ടിവന്നതു കഷ്ടം തന്നെ.

സമയത്തെ അളക്കുന്നതിന് അദ്ദേഹം ഒരു പ്രത്യേകരീതി നിശ്ചയിക്കുന്നതായിക്കാണുന്നുണ്ട്. അതു ശരിയായിട്ടുള്ള കണക്കാണെന്നാണു പല മഹാന്മാരും അഭിപ്രായപ്പെടുന്നത്. ആ പട്ടിക താഴെ ചേർക്കുന്നു:—

2 ലാൽ (Lal)	= ഒരു നിമം (Nime)
5 നിമം	= ഒരു കാഷ്ഠം (Kastha)
30 കാഷ്ഠം	= ഒരു കല (Kala)
40 കല	= ഒരു നാഴിക (Nalik)
2 നാഴിക	= ഒരു മിനിട്ട്
15 മിനിട്ട്	= ഒരു പകൽ അല്ലെങ്കിൽ രാത്രി
30 ദിവസം	= ഒരു മാസം
6 മാസം	= ഒരു അയനം
2 അയനം	= ഒരു വർഷം
5 വർഷം	= ഒരു യുഗം

ഈജിപ്ത് ചരിത്രത്തിലുള്ള 'Sothic cycle' പോലെ ഇതു അസംബന്ധമല്ല. വിഷവായുപ്രയോഗംകൊണ്ടു ശത്രുസംഹാരം ചെയ്യുന്നതിനുള്ള പല മാർഗ്ഗങ്ങളും ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. പലതരത്തിലുള്ള വാതകങ്ങളെപ്പറ്റി വിവരമായി വർണ്ണിച്ചിരിക്കുന്നു. ആ വാതകങ്ങൾ സംയോജിപ്പിച്ചുണ്ടാകുന്ന പുകയാൽ ഉടനെ മരിച്ചുപോകുന്നതാണത്രേ! ശത്രുനിരയിൽ പൊട്ടിത്തീ കത്തിക്കുമ്പോൾ അ

തിൽനിന്നുണ്ടാകുന്ന ഗന്ധം വായുപ്രസരണത്താൽ എത്ര സ്ഥലംവരെ എത്തുന്നുവോ അവിടെവരെയുള്ള മൃഗങ്ങൾ തൽക്ഷണം മരിക്കുമെന്നു പറയുന്നു. എന്നാൽ ഏതുകാലംമുതൽ വിഷങ്ങളെക്കുറിച്ചു അറിയപ്പെട്ടിരുന്ന ഈ സമ്പ്രദായം ശത്രുനാശത്തിനായി ഉപയോഗിച്ചിരുന്നുവെന്നോ അപ്രകാരമുള്ള നിഷ്ഠുരകർമ്മം ചെയ്യത്തക്കവണ്ണം അന്നത്തെ ജനങ്ങളുടെ സ്വഭാവം പൈശാചികമായിരുന്നുവെന്നോ വിചാരിച്ചുപോകരുത്. ചന്ദ്രഗുപ്തൻ സെല്യൂക്കസ്സിനെ തോല്പിച്ചതെങ്ങിനെ ആണെന്നും അശോകൻ കലിംഗരാജ്യം ഏതുവിധം കൈവശപ്പെടുത്തിയെന്നും നമുക്ക് ഏകദേശം അറിവുണ്ടല്ലോ. ആ കാലങ്ങളിൽ വിഷവായുപ്രയോഗം നടപ്പിലിരുന്നോ ഇല്ലയോ എന്നതിനെപ്പറ്റി തക്ക തെളിവുകൾ ഒന്നുംതന്നെയില്ല. മറ്റുവിധത്തിലുള്ള ശ്രമങ്ങളെല്ലാം നിഷ്ഫലമെന്നു കണ്ടാൽ പക്ഷെ ഈ പ്രയോഗം ചെയ്തിരിക്കാമെന്നുള്ളതിന്നു യുക്തിഭംഗമെന്നു തോന്നുന്നില്ല. ഇപ്പോഴത്തെ ജർമ്മൻകാരെപ്പോലെ ഇന്ത്യക്കാർ അത്ര മൃഗസ്വഭാവികളായിരുന്നുവെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. പ്രാചീനഭാരതീയർ വിഷവായുക്കൾ ശത്രുക്കളില്ലാത്ത അവസരത്തിൽ ഉപയോഗിക്കുകയോ അല്ലെങ്കിൽ മറ്റും ഉപയോഗിക്കാതിരിക്കയോ ചെയ്തിരിക്കാം. ഇതെല്ലാം അവരുടെ സ്വതന്ത്രശാസ്ത്രമായ അറിവിന്റെ ആധിക്യത്തെ വെളിപ്പെടുത്തുന്നവയാണ്. ലോകരുടെ ഉള്ളിൽ തങ്ങൾ യോഗ്യന്മാരാണെന്നു തെറ്റിദ്ധരിപ്പിക്കുന്നതും അവർ ഈ വിധം ചെയ്തിരുന്നുവെന്നുള്ളതിനു സംശയമില്ല.

വേറെ പലതരം വിഷവായുക്കളെപ്പറ്റി പറയുന്നുണ്ട്. അവ പ്രയോഗിച്ചാൽ മരിക്കുകയില്ല; പിന്നെയോ കണ്ണിനു കാഴ്ചയില്ലാതാക്കുകയോ ഭ്രാന്തുപിടിപ്പിക്കുകയോ ചെയ്യും. മറ്റൊരു തരം വാതകം കുറച്ചു സമയത്തേക്കു ബോധഹീനനാക്കിത്തീർക്കും. വേറൊരു തരം വായു മണപ്പിച്ചാൽ തൽഫലമായി മരിക്കയും ഭേദപ്പെടാത്ത രോഗത്തിനിടയായിത്തീരുന്നതാണ്. ആധുനികയൂറോപ്യർ ഈ വക പ്രയോഗങ്ങൾ കണ്ടുപിടിച്ചത് അടുത്തകാലത്താണല്ലോ. എന്നാൽ പരിഷ്കാരപരാങ്മുഖന്മാരെന്നു പരിഗണിച്ചുവരുന്ന ഭാരതീയർ ചാണക്യന്റെ കാലത്തു തന്നെ ഈ വക സമ്പ്രദായങ്ങൾ മ

നസ്സിലാക്കിയിരുന്നുവെന്നുള്ളതു നമുക്ക് അഭിമാനകരമാണല്ലോ. പക്ഷെ വിഷവായുപ്രയോഗങ്ങളെപ്പററി ധാരാളം പ്രസ്താവിച്ചിട്ടുണ്ടെങ്കിലും ഇതിനു പ്രതിവിധിയൊന്നും പറഞ്ഞുകാണുന്നില്ലെന്നുള്ളതു കുറെ ആശ്ചര്യകരമായിരിക്കുന്നു. പക്ഷെ ഇതിനൊരു സമാധാനം പറവാനുണ്ട്. വിഷവായുപ്രയോഗം കണ്ടുപിടിച്ചുവെങ്കിലും അതു പ്രയോഗിച്ചുനോക്കാനൊന്നും ആഗ്രഹമില്ലാതിരുന്നതിനാലാണു പ്രതിവിധികൾ പ്രസ്താവിക്കാതിരുന്നതെന്നു ന്യായമായി ഊഹിക്കാവുന്നതാണ്. അല്ലാതെ ഒരിക്കലും വിഷവായുപ്രയോഗത്തിന്റെ ദുഷ്ഫലങ്ങളെ അനുഭവിക്കേണ്ട ആവശ്യം അവർക്കുണ്ടായിട്ടില്ല. അതിനാലാണ് നിവാരണോപായം കണ്ടുപിടിക്കാഞ്ഞതെന്നു ന്യായമായി നമുക്കു വിചാരിക്കാവുന്നതാണ്.

കുമരകം എം. എൻ. ദാമോദരൻനായർ.

[കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ അടങ്ങിയ വിഷയങ്ങളെ വിവരിക്കുന്നവയായ ലേഖനങ്ങൾ വായനക്കാർക്കു രസാവഹമായിരിക്കുമല്ലോ. എന്നാൽ, ആ ശാസ്ത്രത്തിലെ ഓരോ വിഷയങ്ങളെ മാത്രം ലളിതമായി പ്രതിപാദിക്കുന്നതല്ലാതെ ദീർഘമായ മുഖവുരകളും ഉപസംഹാരങ്ങളും അത്ര ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അർത്ഥശാസ്ത്രത്തിലെ വിഷയാന്തരങ്ങളെപ്പററിയും ഈ ലേഖകൻ തന്നെയോ മററു വല്ലവരുമോ എഴുതുന്നതായാൽ ഞങ്ങൾ സസന്തോഷം പ്രസിദ്ധപ്പെടുത്തുന്നതാണ്. എന്നാൽ ഞങ്ങൾക്ക് ഒരു സംഗതികൂടി പറവാനുണ്ട്: ലേഖകൻ "ആംഗ്ലേയഭാഷാപ്രവീണനായ ഒരു മഹാനാൽ പ്രസിദ്ധീകൃതമായ കൃതിക്കു" പകരം, മൈസൂർ ഗവർമ്മെണ്ടുവകയായി പ്രസിദ്ധം ചെയ്തിട്ടുള്ള അർത്ഥശാസ്ത്രം (സംസ്കൃതം) നോക്കീട്ട് ആ ശാസ്ത്രത്തിലെ സിദ്ധാന്തങ്ങളെപ്പററി വിവരിക്കുന്നതായാൽ നന്നായിരിക്കും. ചന്ദ്രഗുപ്തമന്ത്രിയായ ചാണക്യനെ വിക്രമാദിത്യന്റെ മന്ത്രിസത്തമനാക്കിയത് അർത്ഥശാസ്ത്രം വായിക്കാത്തിട്ടായിരിക്കണം. വിഷപ്രയോഗാദികളെപ്പററിയും ചാണക്യൻ അവകളുടെ പരിഹാരം പറയുന്നില്ലെന്നു ധരിക്കുന്നതും ശരിയല്ല. 'ലവ'ത്തെ 'ബാൽ' ആക്കിയും, 'നിമേഷ'ത്തെ 'സെക്കന്റ്' ആക്കിയും, 'കല'യെ 'കല'യാക്കിയും, 'കാഷ്ഠ'യെ 'കുട്ടി'യാക്കിയും, പ്രസ്താവിക്കയാലും, 'മുഹൂർത്ത'ത്തെ 'മിനിട്ട്' എന്നു തെററിദ്ധരിച്ച് 16 മിനിട്ടുകൊണ്ട് ഒരു പകൽ കഴിക്കുവാനുള്ള അത്ഭുതചിത്രം പ്രകടിപ്പിക്കുവാനും ഇടയായതു സംസ്കൃതം വിട്ട് ഇംഗ്ലീഷിനെ ആശ്രയിക്കുവാൻ പോയതിന്റെ ഫലമാണ്. മം. പ.]

പാറയുടെ തീററ.

'കളഞ്ഞുകിടക്കുന്ന നിധി'കളെക്കൊണ്ടു നമ്മുടെ ഭാഷാസാഹിത്യകുടുംബത്തിലെ മുതലെടുപ്പു ഇപ്പോഴും വർദ്ധിപ്പിക്കാവുന്നതാണെന്നുള്ള വസ്തുത വിസ്മരിച്ചുകൂടുന്നതല്ല. 'പാറയുടെ തീററ'യാലും 'ചിതലിന്റെ മുതലാ'ളും തിന്നുപോകുന്ന വിശിഷ്ടഗ്രന്ഥങ്ങളുടെ എണ്ണത്തിനുള്ള വണ്ണവും അത്ര എളുപ്പത്തിൽ നിർണ്ണയിക്കാവുന്നതല്ല. സാഹിത്യഭാവാട്ടിലെക്കുള്ള കടവും ദാരിദ്ര്യവും കണ്ടു പരിതപിക്കുന്നവർ പലരുമുണ്ടെങ്കിലും, അതു തീർക്കുന്നതിനായി കാലത്താലെ തേഞ്ഞുമാഞ്ഞു മറിഞ്ഞുപോയിട്ടുള്ള ഇത്തരം പൂർവ്വസ്വത്തുക്കളെ തേടിപ്പിടിച്ചു വെളിച്ചത്തു കൊണ്ടുവന്നു അവകാശപ്പെടുത്തി കോട്ടവും കുറവും കുറയ്ക്കുന്നതിനു സാഹസിക്കുന്നവർ നന്ന ചുരുക്കമെയുള്ളൂ. അപ്രകാരമുള്ള രണ്ടു വക പൂർവ്വസ്വത്തുക്കളുടെ നവീനലാവണ്യത്തെ ഭാഷാഭിമാനികളുടെ സമക്ഷം അവതരിപ്പിക്കുകയാണ് ഈ ഉപന്യാസത്തിന്റെ ഉദ്ദേശ്യം.

കേരളഭാഷയ്ക്കുള്ളതുപോലെ പലതരം സാഹിത്യപ്രസ്ഥാനങ്ങളോടുകൂടിയ സാഹിത്യഗ്രന്ഥങ്ങൾ വേറെ വല്ല ഭാഷകൾക്കും ഉണ്ടോ എന്നു സംശയമാണ്. ഗ്രന്ഥങ്ങളുടെ എണ്ണത്തിലും വണ്ണത്തിലും നമ്മുടെ ഭാഷ മറുഭാഷകൾക്കു ദാസ്യം വഹിക്കുന്നതാണെങ്കിലും ഉള്ളവയുടെ പ്രസ്ഥാനഭേദങ്ങൾക്കുള്ള ബാഹുല്യംകൊണ്ടു മറെറല്ലാ ഭാഷയേയും പിന്നിലാക്കിയിട്ടുണ്ടെന്നു സംശയംകൂടാതെ പറയാം. നമ്മുടെ ഭാഷ മറുഭാഷയിലുള്ള പ്രസ്ഥാനങ്ങളെ കണ്ടെടുത്തു കയ്യാളുന്നുണ്ടെങ്കിലും നമ്മുടെ ഭാഷയിലെ പ്രസ്ഥാനങ്ങളെ മററൊരു ഭാഷയും അനുവർത്തനം ചെയ്തുകാണുന്നില്ല. ഇതുതന്നെയാണ് ഇതിൽ പ്രസ്ഥാനങ്ങൾക്കു വൈവിധ്യം വരുന്നതിനു കാരണമായിരിക്കുന്നത്.

മലയാളഭാഷയ്ക്കു ചമ്പൂപ്രബന്ധങ്ങളെന്ന പ്രസ്ഥാനം സിദ്ധിച്ചിട്ടുള്ളതു സംസ്കൃതഭാഷയിൽ നിന്നാണെങ്കിലും സംസ്കൃതത്തിലുള്ളതിനേക്കാൾ ചില സംഗതികളിൽ അതിനു മെച്ചം അധികമുണ്ടു

ന്നതു നിർവ്വിവാദമാണ്. സംസ്കൃതത്തിൽ ചമ്പൂപ്രബന്ധങ്ങൾക്കു സിദ്ധിച്ചിട്ടുള്ള നിലയും വിലയും എത്രമാത്രമാണെന്നു,

ഗദ്യാനുബന്ധരസമിശ്രിതപദ്യസൂക്തിർ-
ഹൃദ്യാ ഹി വാദ്യകലയാ കലിതേവ ഗീതിഃ
തസ്മാദ്ദധാതു കവിമാർഗ്ഗജുഷാം സുഖായ
ചമ്പൂപ്രബന്ധരചനാം രസനാ മദീയാ.

എന്നുള്ള ഭോജരാജസൂക്തിയിൽനിന്നു വെട്ടപ്പായി വെളിപ്പെടുന്നുണ്ട്. അതിലും ഒരു മാറ്റു കൂടിയതാണ് ഭാഷാസാഹിത്യത്തിൽ ചമ്പൂഗ്രന്ഥങ്ങൾക്കുള്ള സ്ഥാനം. ഇതിനു കാരണം ഒന്നിലധികമുണ്ട്. സംസ്കൃതചമ്പൂഗ്രന്ഥങ്ങളിലേക്കാൾ ഭാഷാചമ്പൂപ്രബന്ധങ്ങളിൽ കവികളുടെ മനോജ്ഞമായ മനോധർമ്മങ്ങൾ ഇരട്ടിച്ചു വിളങ്ങിക്കാണുന്നുണ്ട്. അലങ്കാരബാഹുല്യം, ഫലിതോക്തിചാപല്യം, ഭാവഗാംഭീര്യം മുതലായ കവിതാഗുണങ്ങൾ മലയാളചമ്പുക്കളിൽ സവിശേഷം കളിയാടുന്നുണ്ടെന്നത്രെ എന്റെ വിനീതമായ അഭിപ്രായം. പുറമെ, ഗദ്യരീതിയിൽ മലയാളചമ്പുക്കൾക്കുള്ള പ്രത്യേകത അന്യോപലബ്ധമല്ലാത്തതാകുന്നു. ഗീതവൃത്തഗന്ധം ഉള്ള ഭാഷാചമ്പുക്കളിലെ ഗദ്യങ്ങൾ സംസ്കൃതചമ്പൂഗദ്യങ്ങളെ അപേക്ഷിച്ചു മധുരവും മഹനീയവുമാണ്.

ഭാഷാചമ്പൂലോകത്തിൽ സാർവ്വഭൌമസ്ഥാനത്തെ അലങ്കരിക്കുന്നവയാണ് രാമായണചമ്പു, നൈഷധചമ്പു, രാജരത്നാവലീയം, കാമദഹനം എന്നിവകൾ. ഇവയിൽ രസസൌന്ദര്യം, ഔചിത്യദീക്ഷ, പ്രസാദം എന്നീ വിഷയങ്ങളിൽ രാമായണചമ്പുവിന്റെ സാമീപ്യമല്ലാതെ സാധർമ്മ്യം മറ്റൊരു ചമ്പുവിനുമില്ല. ആ രാമായണചമ്പുവിന്റെ എല്ലാ ഭാഗങ്ങളും ഇനിയും തേടിപ്പിടിക്കയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടില്ലെന്നുള്ളതു എത്രയോ ശോചനീയമായ ഒരു വാസ്തവമാകുന്നു. പ്രസ്തുതചമ്പുവിന്റെ അപ്രസിദ്ധീകൃതമായ ഏതാനും ഭാഗവും, സപ്തമസർഗ്ഗത്തിന്റെ ശ്രേഷ്ഠം ഇതുവരെ അജ്ഞാതമായിട്ടുള്ള 'വിഷ്ണുമായാചരിതം' എന്നൊരു ചമ്പുവും അടങ്ങിയ ഒരു പ്രാചീനഗ്രന്ഥം ഇയ്യിടെ എനിക്കു കിട്ടിയിരിക്കുന്നു. ബാലിവധം കഴിഞ്ഞു, സുഗ്രീവൻ വാനരമഹാരാജനായി സുഖിക്കു

ബോധം സീതാന്വേഷണത്തിൽ പ്രകടിപ്പിച്ച ശൂരോദാരധൈര്യത്തെ അധികരിച്ച ലക്ഷ്മണൻ ചെയ്യുന്ന പഞ്ചശ്ലോകീസ്തവം മുതൽ, ഹനൂമാൻ സീതാദേവി കൊടുത്തയച്ച ചൂഡാരത്നം ശ്രീരാമനെ ഏല്പിക്കുന്ന ഘട്ടംവരെയാണ് ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്നത്. കവിചക്രവർത്തിയായ പുനംനമ്പൂതിരിയുടെ രാമായണചമ്പുവിന്റെ ഒരു ഭാഗം തന്നെയോ ഇതെന്നുള്ളത് സന്ദേഹ്യമായ ഒരു വിഷയമല്ല.

'അരിഞ്ഞുള്ളൊരുപൂങ്കാവ്യത്തിനിഭദതിരമസ്യചാതം
ഫണിഗണമതൊരുവതമിൽതുഗതിപൂരമന്ന്യാമയതികഃ
സപകമ്മൊനംതത്തൽഫണിഗണംമിമഗംഭീരമധ്യാ-
സ്തുതമിപാഗ് ഉപമാണഃകുഗ്രപകരിഷ്യന്തികവയഃ?'

എന്ന മട്ടിലാണി ചോദിക്കുന്നതുപോലെ, ഗദ്യപദ്യാത്മകത്തിന്റെ മാതൃകാപുരുഷന്മാരായ പുനംനമ്പൂതിരിമാരെ സ്വകവനത്തിനു വിഷയമാക്കി ഏതൊരു സത്കവിക്കാണ് 'ബാലകല്പചിന്താമണി'യായ കവിയശസ്സിനെ നേടിക്കൂടാത്തത്? അതല്ല ഭാരതീകിരാതമാർഗത്തിനും, രാമായണചമ്പുവിനും, ഭാരതംഗത്തിനും, ഉത്തരരാമചരിതത്തിനും, മറ്റുപോലെയുള്ള പ്രചാരവും പ്രശസ്തിയും നിലവിലില്ലാത്തത്! എന്നാൽ ഈ വിഷയത്തിലും ഞാൻ വേണ്ടപോലെ അന്വേഷണങ്ങൾ ചെയ്തിരിക്കുന്നു.

പുനത്തിന്റെ രാമായണചമ്പുവിൽനിന്ന പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങളും, എന്റെ കൈവശമുള്ള ചമ്പൂഖണ്ഡവും തമ്മിൽ കവിതാഗുണംകൊണ്ടു തുല്യമായി കാണപ്പെടുകയും, ഇതു തന്നെ 'സാക്ഷാൽ രാമായണചമ്പുവിന്റെ ഒരു ഭാഗം തന്നെയാണ് എന്റെ പക്കൽ ഇരിക്കുന്നത്' എന്ന ബലവത്തായ ഒരു വാദത്തെ ഉളവാക്കുകയും ചെയ്തു. എങ്കിലും 'ബലവദപി ശിക്ഷിതാനാമാത്മന്യപ്രത്യയം ചേതഃ' എന്നിരിക്കെ എന്റെ ഊഹം എത്രമാത്രം സത്യമാണെന്ന് അറിയേണ്ടിവന്നു. ഉടൻ ഏതാദൃശവിഷയങ്ങളിൽ പാരമേശ്വരനായ പരമേശ്വരയ്യർ (എം. എ., ബി. എൽ., എം. ആർ. എ. എസ്.) അവർകളെ ഈ ഭാഗം ഏല്പിക്കുകയും, അദ്ദേഹം അവധാനപൂർണ്ണനായി സൂക്ഷ്മമായി പരിശോധിച്ചു പറഞ്ഞ അഭിപ്രായം എന്റെ ഊഹം തന്നെയായിരിക്കുകയും ചെയ്തു. എന്നു തന്നെ

യല്ല ബ്രഹ്മശ്രീ പരമേശ്വരയ്യർ, രാമായണചമ്പുവിന്റെ അച്ചടിക്കാത്ത പല ഭാഗങ്ങളും തന്റെ കൈവശമുണ്ടെന്നും, എന്നാൽ ഈ കഥാഭാഗം മാത്രം തനിക്കു കാണ്മാൻ കഴിഞ്ഞിട്ടില്ലെന്നുംകൂടി പ്രസ്താവിക്കുകയുണ്ടായി. അതുപോലെതന്നെ രാമായണചമ്പുവിന്റെ പ്രസാധകനും (Publisher) പ്രസിദ്ധനുമായ ബ്രഹ്മശ്രീ ചിദംബരവാദ്ധ്യാരും, അതിന്റെ ഈ ഭാഗം മാത്രം താൻ ഇതുവരെ കണ്ടിട്ടില്ലെന്നു പറഞ്ഞിരിക്കുന്നു. ഇതെല്ലാം സാക്ഷാൽ രാമായണചമ്പുവിന്റെ ഒരു ഭാഗം തന്നെയാണിതെന്നു തെളിയിക്കുന്നതിനു സ്വതന്ത്രം സമഞ്ജസങ്ങളല്ലത്രേ. എങ്കിലും ഭാഷാവിഷയത്തിൽ കുതുകികളായ സഹൃദയന്മാരുടെ അഭിപ്രായമെന്താണെന്നറിവാനും, കവിതാലോലുപന്മാരുടെ വിനോദത്തിനുമായിട്ടു, ആ ചമ്പുവിൽനിന്നു ചില ശ്ലോകങ്ങളെ സന്ദർഭാനുസാരേണ ഇവിടെ ഉദ്ധരിച്ചുകാണിക്കാം. ഇതാ ഒരു വീരപ്രശംസ. സമുദ്രതരണഘട്ടത്തിൽ ജാംബവാൻ പറയുന്നതാണ്.

“ചാലപ്പൂരത്തിൽനിന്നിച്ചുണ്ണുംവെമ്പിതികപിംഗനോ
 ഭാഷപ്പെട്ടചനിരസ്സ-
ക്കാരാഗ്രങ്ങളൊപ്പിച്ചാർത്തുംനിഖിലതലേവിധി-
 യോതമഹന്താതമാനീം
സോപാനസ്ഥായിനംമാതൃതിയേമഹിതവെ-
 ണ്ണിരരിൽക്കൂടിക്കിടക്കം
തീരപോലെഗ്ഗന്ധതേജഃപ്രസരമഖപതി-
 ദ്ധ്രാംബമാരോനകണ്ഠാതമാ.”
‘കാകുൽസ്ഥൻതൻപ്രസാദങ്ങളതിശയിതമൽ-
 കാലമേ!വാനരേന്ദ്ര-
പ്രാഗത്ഭ്യത്തിന്നൊരഗ്രേസരസരണിവളർ-
 ക്കുന്നവിക്രാന്തിസിന്ധോ!
അക്കൈക്കാണപ്പെട്ടുംമാതാനസ്യകൃതഫലമാ-
 രാത്മജേ!ശത്രുജാല-
മാകല്ലുപ്പൊന്നതിന്നേ!വരികമമസഖേ!
 സന്നിധാനേഹനൂമൻ!’

'എന്നപ്പോൾ പ്രേമസന്താനമേ! ലക്ഷ്മൺ
ദിനതപമാകപ്പെട്ടതു
അന്നത്താനറിയാത്തതുകൊണ്ടു്, മഹിമം-
ബൊരകോത്തരത്തിൽ വകം,
കണ്ണുന്നതാതമരോഗ്ഗിലശോഭനാകലാ-
പമുജ്ജ്വലസാരമെന്നിന-
ശ്ലിന്നൊരുകെവലമാർജ്ജമില്ലകവിവി-
മാണംനിന്നെക്കണ്ടിയേ.'

'ഇന്ദിന്ദിരവൈരികലങ്കരോജ്ജ്വലനാശീല! ഭൂമം
നിന്നെപ്പുണരുന്നാജീജനാരണ്യനായം
വന്ദ്യപ്രമത്തണലിലിരിക്കുന്നതുപോലെയായ്
പിന്നെബ്ബന്ധനമവളുന്നതയത്രതോന്നി?' ൧
'വിരുന്നിലെത്തിനാരംഭൻതയണനാക്കനാനം
പൊൽപ്പൂമ്പഴംകകയവനാണയുമിശായം
ഉടംപ്പെട്ടിയിൽകയറ്റുത്തുരശേഷമെച്ചു-
മപ്പോളനുയവിധിപെട്ടതയത്രതോന്നി?' ൨
'അക്കാലമക്കനെവിഴുങ്ങുവതിനപോന്നോ
നില്ലുംപിടിയുന്നുമരനായുധവിരമോടൊണ്ടാൻ
അഗ്രന്ഥിതപിപ്പലഗാത്രമടുത്തുകണ്ടാൻ
ശക്രാരാജകൂടരെന്നതയത്രതോന്നി?' ൩
'ഏറെവെളുന്നാവിതണ്ഡബിതിയ്യക്കാ-
ലൂരാംപിടിയുന്നമ്, നാതിൽപരമക്കമാ,
കാററത്തുമാമ്പഴമെടുപ്പതിനൊന്നുപോലെ
തോററങ്ങിലാകലതപൂണ്ടതയത്രതോന്നി?" ൪

ഇതിലെ ഏതു ശ്ലോകത്തിനും, ഉത്തരരാമായണ ചമ്പുവിൻെറ ശബ്ദഗുണവും പ്രകൃതയും ഇണങ്ങുന്നില്ല നിരാക്ഷേപമാണ്. നോക്കുക! വിപ്രലബ്ധയായ സീതയെ ഹനുമാൻ സന്ദർശിക്കുന്ന ഘട്ടത്തിലുള്ളതാണ് ഇത്.

"മഴവില്ലിനാഴ്ന്നാപോലെ കബിനതയിൽ, നില-
ത്തെപ്പൊടിപ്പാർന്നാൽവീണ്ടി-

ട്ടുഃ ഞാടിതൊടുലങ്ങളൊമനകെട്ടുമൊത്തവർ
കനക്കീകനക്കീകം
തിരുമീട്ടംകെട്ടുന്നീരാംനാവുളുമാനാമായോ–
മിനുവ്വങ്ങടോംവിങ്ങി
തമഴീട്ടംതാങ്കുപോലെപകലിലവുമകിഴ്–
ന്നീട്ടമാസ്യാമിരാമം.”

ഈ ഒടുവിലത്തെ ശ്ലോകം കണ്ടാൽമതി; ഹനുമാൻ ഏതുവിധത്തിൽ സീതാദേവിയെ സന്ദർശിച്ചുവോ, അതിലധികം സ്പഷ്ടമായിട്ടാണോ സഹൃദയനും ആ മാതൃകാപാതിവ്രത്യത്തെ പ്രത്യക്ഷത്തിലെന്നപോലെ കാണാൻ കഴിയും.

“അഹിതാസഹമാക്ഷീശ്വരീ–
വിഹിതസ്വസ്ഥസന്താപവൈലക്ഷ്യം
സഹസാവിലാപസ്വവിധേയം
മഹിളാമൗലിമനോജ്ഞമാമാമം.”

എന്നു കേൾക്കുമ്പോൾതന്നെ നമ്മുടെ ഹൃദയം മിന്നൽപോലെയാവും, ശേഷം ഭാഗം കേൾക്കുന്നതിനു അശക്തവും ആയിത്തീരുന്നു. ഇതാണ് ഇതിലെ പദ്യപ്രകൃതി. ഇനി ഇതിൽനിന്നു ഒരു ഗദ്യത്തെയും, എന്റെ കൈവശം വന്നുചേർന്നിട്ടുള്ള മറ്റൊരു ചമ്പുവായ ‘ചില്ല മർയ്യാചരിത’ത്തിന്റെ സ്വഭാവത്തെയും ചുവടെ ചേർത്തുകൊണ്ടു ഈ ലേഖനത്തെ ഉപസംഹരിക്കാം. ഗദ്യം (പ്രകൃതം സ്പഷ്ടം):—

“തിമിരമൊഴുത്തനഗരങ്ങളെപ്പിച്ചുമിഴവാക്കത്തക്കണ്ണെക്കളിക്കുന്ന യന്ത്രമൂർത്തികളും കപിമേടപടലിതിമത്ത സമേഷംമിക്കിന്നവാമിയിതന്നെപ്പുണർപ്പുവൻ ഉൽഗതകൗതുകമിളകിത്തുള്ളും കല്ലോലമാനി മല്ലോഹലനാവകലയികലതിരക്കൊണ്ടിയിലുള്ള വൈതമ്പുഴയൊക്കെ കൂട്ടംകൂടി ശിമപികലമ്പിപ്പവഴിപലവക ചെല്ലുംപോലെ, വമ്പ ഭാനന്തൻ കുളവിമിന്നംവെളുപ്പാതിരയന്നു നിള്ളസംഗമ്പാധിനീതിലൊളിച്ചു വസിക്കുന്നെന്നാകൃമഹാശ്ചികമമെന്നമാനിപ്പാനായ് മണിലമന്തഃഹിരുപമ്പം മുന്നംമുന്നംചിറകുമുറിഞ്ഞവന്നിളമുകുളച്ച കലമാലപാളിയെ മുന്നിൽനടത്തിപ്പുല്ലുംപോലെ, ജനകനൃപനൃപ

യകനാകവിഷ്ണുഷാം കട്ടനിരിഞ്ഞദ്ധൃതിപാസ്സം ഭീഷണതനപ്രതികാ
പിച്ഛിട്ടിനകരവംശരുടിച്ചുട്ടതിൻ ഉച്ചിയിൽനിന്നും പൊട്ടിപ്പുറ്റി
ച്ചുഴംവീഴം കോപശിപാവനലകനൽനിരയൊരുക്കൊല്ലുംകഴ്യും കണ്ണും
ചെവിയുംചേർന്നുപരന്ന നിവർന്നനിതാന്തം ജനിപാരണാം നാട്ടം
വീടുംപെടയുംകടയുമെന്ന്യേകത്തും കൊള്ളാതെ നേടുകൊള്ളുംപോലെ, വ
സ്യൂണ്ടർനമഹാദ്രിസമൂഹൻ തുമ്പിപാത്തിനടന്നീടുകചാന, വിസ്തൃതി
തേടിനനദികളെയെല്ലാമൊത്തടി ചാടിനടന്നീടുകചാനചാരണം ദി
വിരചിതനുണ്ടുംപുണ്ണാകണം ചാടിനടന്നീടുകചാന, പേരപ്പട്ടോടിനരി
ഇളക്കുടെച്ചുരാപ്പിട്ടാലിളക്കയിട്ടുകചാന, തിണ്ണംതകാപൃതമഹിതാതോരവ
ത കണ്ണുംപൊത്തിനടന്നീടുകചാന, പൊങ്ങകിനാതനുകപതിലശകാ
ഴിയുമ്മാഴ്ചയെപൊരുതുനോപാന്നു കചാന, തുടരിതമുണ്ണുകനാതാശിഷ
ബാർകൂഴ്ചികംകൊണ്ടുതകുന്നു കചാന, തരണ്ണപടക്കകിടക്കമശ
ങ്ങൾ കിഴക്കപടിഞ്ഞാറാക്കി കചാന, നിലനില്പാതെതാഴെമാക്കാവെ
ശാൽ നിലമകൽനിളയതയു കചാന, ഹാഹാ! ശിവശിവ! പാരവ
തിനെന്നുംപിറ്റുംപലവേഗം ദിക്കുകൾക്കുഴ്ഞ്ഞുകാണാതായി ദിക്കിനോ
ക്കപിഞ്ഞയിരുന്നാലൊട്ടും, മനുഷ്യർകൊല്ലുവെന്നുമണ്ടലാൻ പാൽപി
ടിപെട്ടുസരോഷമിഴയ്ക്കും, കാട്ടുകൾതോറും, നാട്ടുകൾതോറും, കഠിന
തരചരംഗിരികൾതോറും മനതലമാലയെ മരിക്കിനടന്ന കടന്നമ
ഹാദ്രിസമൂഹമദനകളുടെ ഗുളൂമ്പണ്ടിക്കിണ്ണാപാദിയിതിനം പ്രാപ്പ
ങ്കംബലനീലമന്നൂമൽപ്രഭുബലവലിമൂലവീമസമൂഹോ?" — ഇതാ
ണ് ഇതിലെ ഗദ്യസ്വഭാവം. പ്രസ്തുതഗദ്യത്തിൽ, ചമ്പൂപ്രബന്ധ
ങ്ങളിൽ സഹജമായിക്കാണാറുള്ള സ്വാതന്ത്ര്യകല്പനകളും, ഫലിത
പ്രാചുര്യവും, സർവ്വാംഗീണമായി സങ്കല്പനീയമെന്നുള്ള മാത്രം പ
റയാമെന്നല്ലാതെ തകർണ്ണം ആധുനികഗദ്യത്തിൻ്റെ [illegible] പോ
ലെ അസാധ്യമായിരിക്കുന്നു. ഇനി വിസ്തരഭയത്താൽ കിളിപ്പ
ട്ടിനെപ്പറ്റി പറയാം. ഈ പ്രബന്ധം തനതിലപ്രധാനമായ ഒ
ന്നാണ്. എങ്കിലും, സമ്പൂർണ്ണയും [illegible] ഫലിതംകൊ
ണ്ടും, അശ്ലീലതകൊണ്ടും, വിഭാഗണത്തിന്ത്യുനതകൊണ്ടും ഇതും മ
റ്റാചമ്പൂപ്രബന്ധങ്ങളെപ്പോലെതന്നെ സ്ഥിതിചെയ്യുന്നു. ഇ
തിൻ്റെ കർത്താവാരാണെന്നും, ഏതുകാലത്താണെന്നും മറ്റും കേവ
ലം അജ്ഞാതമായിത്തന്നെ. ചമ്പൂപ്രബന്ധങ്ങൾ പൊതുവേ ന

ന്മൂതിരിമാരുടെ കൃതികളായിട്ടാണ മിക്കവാറും നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അതുപോലെ ഇതും ഏതോ ഒരു അനുഗൃഹീതനായ നമ്പൂതിരികവി ഉണ്ടാക്കിയതാണെന്ന വിശ്വസിക്കാം. രീതിയും കവിതാരീതി ഉൽകൃഷ്ടമാണ്. അതു കാണുന്നതിന്ന ചില ഭാഗം ഉദ്ധരിക്കാം.

“കണ്ടാൽത്തണ്ടലർമാതിനാമലർകടാക്ഷന്തൊഴുന്നിക്കട-
ങ്ങുണ്ടാകുംകനതാരിലാധിനിതരാംമുണ്ടാംമതിഭ്രംശവാ
ഉണ്ടേപിന്നെയിവർക്കനേർപറവതിന്നാരൊരാൾപ്പാത്തിങ്കലും
വണ്ടാർപ്പൂങ്കുഴൽനാരിമാർ, പുനരഹോ ഇമ്മോഹരൂപം ഭൂതേ.”

ഇതു മായാമോഹിനിയെ വർണ്ണിക്കുന്ന പദ്യങ്ങളിൽ ഒന്നാണ്. ഇതിന്റെ രചനയിലുള്ള ആശ്ലേഷവും, പദങ്ങൾക്കുള്ള സ്വാധീനതയും ഏറ്റമായിരിക്കുന്നു. പരമശിവൻ പരിവാരസമേതനായി വിഷ്ണുദർശനത്തിന്ന പോവുന്ന ഘട്ടത്തിലുള്ളതും, ഗണപതിയേയും, സുബ്രഹ്മണ്യനേയും ഉദ്ദേശിച്ചുള്ളതുമാണ് ഈ പദ്യങ്ങൾ നോക്കുക!

“പാലാഴിയെന്നവചനംകേട്ടപ്പോൾ തുടങ്ങു
പാരമങ്ങെളിത്തിതകുതൂഹലനായ ഗണനായകൻ;
കേരളഫലങ്ങൾ പായിതനായതുമാറി
പാലാഴി എങ്ങുംതന്നെ, മതിന്നാവനതു നായകൻ.”

“നീലകണ്ഠനായ ഷഡാനനൻ നീലകണ്ഠവാഹനനായ
നീലകണ്ഠനചിരേമേറി നീലകണ്ഠഗണനായകൻ.”

ഈ ശ്ലോകങ്ങളിലുള്ള ഫലിതവും, ശബ്ദാലങ്കാരവും ശ്ലാഘ്യമല്ലോ.

“പത്മാലയാരമണനിരിയുകരക്കാരതി-
നാട്ട്യതം കേതുകമാർശ്ശിതംനിപ്പോൾ
പത്മാക്ഷിപാർവ്വതിയൊടേഷ്പരതുവന്ന-
ഇറ്റപ്പുവിലെന്നുതിരിയാതതുനന്ദരാന!”

എന്നുള്ള കിങ്കരന്മാരുടെ അറിയിപ്പു കഴിഞ്ഞതിന്ന ശേഷമുള്ളതാണ് ഈ ഗദ്യം.

ഗദ്യം:—ഏവമരുതരാഗമവാർണ്ണരോനമേരവിനാ ശങ്കരനെ ലോകശങ്കരനെ സമസ്തലോകനായകൻ സർവസംഭവാശങ്കരനി

ജനാർദ്ദനനിയതഹൃദയരെന്നുതന്മഹിമവാസകരരാ ഹേന്ത വാത്സല്യപരിപൂർണ്ണചിത്തന്മാരെന്നുമാശി: പാരാവാരതനയാമേനാമൂർത്തിയുഗളാലംകൃതകുചര കളകേശ്ശ്വികാപരിമളപങ്കാങ്കിതവക്ഷസ്ഥലാർ മുഹൂരപി ഉല്ലപരണിരാവമൃതം:"

ഈ ഗദ്യം മുഴുവൻ സംസ്കൃതമയമാണെങ്കിലും ഇതിന്റെ ദ്രാക്ഷാസദൃശമായ മാധുര്യം ഒരിക്കലും കേരളീയർക്ക് അനാസ്വാദ്യമായോ, അനാസ്വാദ്യമായോ ഇരിക്കുന്നില്ലെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. വിഷ്ണുമായാചരിതത്തിന്റെ പ്രകൃതി ഇതാണ്.

ഈ ചമ്പുക്കൾ രണ്ടും മാസികകളിലൂടെയോ, സ്വതന്ത്ര ഗ്രന്ഥരൂപേണ തന്നെയോ മലയാളിവായനക്കാർക്ക് സൗകര്യം സൗഹൃദവുമാവരത്തക്കവണ്ണം ഉടൻ പ്രസിദ്ധീകരിക്കണമെന്നു വിചാരിക്കുന്നു. 'ചിതലിന്റെ മുതൽപോലെ' 'പാറയുടെ തീററ'യായിട്ടു എന്റെ ഗൃഹത്തിൽ കിടക്കുകയായിരുന്നു ഈ ഗ്രന്ഥം. കൈരളിയുടെ ഭാഗ്യം കൊണ്ടോ, എന്റെ പുണ്യംകൊണ്ടോ ഇതു കിട്ടിയതെന്നു എനിക്കറിഞ്ഞുകൂടാ. എന്തായാലും ഇനി ഉടനെതന്നെ പ്രസിദ്ധീകരിപ്പാൻ ശ്രമിക്കുന്നതാണ്.

ഇ. പി. രാമൻനമ്പൂതിരി.

ജാതികളും വൃത്തിമര്യാദകളും

കുണ്ണർപാട്ട് — തോററം

അമ്പാടിയും പൊന്നും വനവാസത്തിനു മെയ്യിയാളെ കൊണ്ടു പോകുവാനായി വെള്ളിയന്തളക്കാരെ വിളിച്ചുകൂട്ടി അമ്പാടിയും പൊന്നും വനവാസത്തു കൊണ്ടുചെന്നു, കേട്ടുകൊണ്ടാലും എന്റെ മക്കൾ കന്യമാരേ! കിഴക്കുകൊല്ലത്തു നല്ലമ്മ എഴുമിവസത്തെ വിളക്കുണ്ടു് കിഴക്കുകൊല്ലത്തുന്നു വെള്ളിയന്തളം കേറിച്ചെല്ലുവാൻ ചൊല്ലുകുട്ടി. ആളിയാകുന്ന തെക്കുകൊല്ലത്തൂന്നു മാലവെച്ചുപോന്നപ്പോൾ വെള്ളിയന്തളക്കാരെ എതിരേ തന്നയച്ചിട്ടില്ല; വെള്ളിയന്ത

4 *

ളത്തിൽ എനിക്ക കേറിക്കൂടാ; വെള്ളിയന്തളക്കാര് എനിക്ക പിടിച്ചുപോകാ; ആയതിനെകേട്ട വെള്ളിയന്തളക്കാരെന്റെ വീണ്ടും പിന്നാക്കം ഇങ്ങൊട്ട പോന്ന കേട്ടുകൊണ്ടാലൊ എന്റെ നല്ലമ്മെ വെള്ളിയന്തളത്തിൽ കേറിക്കൂടാ എന്ന വെള്ളിയന്തളക്കാര് പിടിച്ചുകൂടാ എന്ന പല മൊഴിവാക്കും പറഞ്ഞു മുഖം മുറിഞ്ഞുവിളിച്ചുന്ന ദേവിയാള്. ആയതിനെകേട്ട കിഴക്കെകൊല്ലത്തുനല്ലമ്മ പൊന്നന്തളക്കാരെ വിളിച്ചുകൂട്ടി പോക്ഷതിയെയും പാവയാരെ വിളിച്ചുകൂട്ടി അസ്ഥിയും പൊന്നും വനവാസത്തൊളം കൊണ്ടുപോയാണ്, മകുടകന്യാവിനോട പൊന്നന്തളത്തിൽ കേറിപ്പോരുവാൻ ചൊല്ലുകൂട്ടി കേൾപ്പൂ, പൊന്നന്തളത്തിൽ കേറിക്കൂട എങ്കിൽ പോക്ഷതിപ്പുറമെറിപ്പോരുവാൻ ചൊല്ലുകൂട്ടികേൾപ്പൂ. ആയതിനെകേട്ട പൊന്നന്തളക്കാര പോക്ഷതിയും പാവയാരും വനവാസത്തെക്കങ്ങൊട്ട നിവിരെ ചെന്ന വഴിപ്പുറപ്പെട്ടു. എന്തിനുപോന്നെന്റെ പൊന്നന്തളക്കാരെ എന്തിനായിട്ട പോക്ഷതിയും പാവയാരും പോന്ന. കിഴക്കെകൊല്ലത്തു നല്ലമ്മ പൊന്നന്തളത്തിൽ കേറിപ്പോരുവാൻ ചൊല്ലുകൂട്ടി, പൊന്നന്തളത്തിൽ കേറിക്കൂട എങ്കിൽ പോക്ഷതിപ്പുറമെറി പോരുവാൻ ചൊല്ലുകൂട്ടി. പൊന്നന്തളത്തിൽ എനിക്ക കേറിക്കൂടാ എന്റെ നന്തളക്കാരെ പോക്ഷതിപ്പുറത്തെറിക്കൂടാ എന്റെ പാവയാരെ. കമ്പത്തിൽകാലെനിക്ക ചവുട്ടിക്കൂടാ, കട്ടക്കയറെനിക്ക പിടിച്ചുകൂടല്ലൊ. ചമ്മട്ടിക്കോലാലെ എനിക്കടിച്ചുകൂടല്ലൊ, കതിരത്തൊക്കെ എനിക്ക തെളിക്കൂടല്ലൊ. ഉഴിയാകുന്ന തെക്കെകൊല്ലത്തുന്ന ഞാൻ പോരുമ്പോൾ പോക്ഷതിയെന്നെ എനിക്ക തന്നയച്ചിട്ടില്ല പാവയാരെ. ആയതിനെകേട്ട പാവയാരും വെള്ളാടികളും നിരകെട്ട മുഖംവാടി വീണ്ടും പിന്നാക്കം കിഴക്കെകൊല്ലത്തേക്ക വന്ന വഴിപ്പുറപ്പെട്ടു. അപ്പോൾ ചോദിച്ചു കിഴക്കെകൊല്ലത്തു നല്ലമ്മ എന്തെ എന്റെ പൊന്നന്തളക്കാരെ അസ്ഥിയും പൊന്നും വനവാസത്തിന മകുടകന്യാവിനെ കൊണ്ടുപോരാഞ്ഞത്? പൊന്നന്തളത്തിൽ കേറിക്കൂടാ എന്ന ചൊല്ലുകൂട്ടി. പോക്ഷതിപ്പുറത്ത് ഇതെന്നുകൂടാ എന്ന ചൊല്ലുകൂട്ടി. അങ്ങൊട്ട പോയ ഞങ്ങൾ മുഖം കെട്ടിങ്ങൊട്ട മടങ്ങിപ്പോന്നവല്ലൊ എന്റെ നല്ലമ്മെ. ആയതിനെ

കേട്ട നല്ലമ്മയുടെ കോവിലന്നം കടിപ്പിണാവിനെ വിളിച്ചുകൂട്ടി പാവയാനം കാരിയാനെയും വിളിച്ചുകൂട്ടി കേട്ടകൊണ്ടാലൊ എന്റെ പാവയാനെ കരിയാനായ അസ്ഥിയും പൊന്നും വനവാസത്തൊളം കൊണ്ടുപോയതാണ് എന്ന കല്പിച്ചു. കിഴക്കുംകൊല്ലൂത്തു നല്ലമ്മ പാവയാൻ ചൊല്ലുകൂട്ടിക്കൊള്ളു. എഴുതിവസത്തെ ചിയുണ്ണിണ ഇവിടെ കഞ്ഞിട്ടുണ്ടു എന്ന ചൊല്ലുകൂട്ടിക്കൊള്ളു. നിന്നെ മാലവെച്ച നിന്റെ മത്താവു കിഴക്കുംകൊല്ലം ചോണാട്ട വന്നിരിപ്പുണ്ടെന്ന ചൊല്ലുകൂട്ടിക്കൊള്ളു. അന്നാതിനെ കേട്ട പാവയാനും കാരിയാനെപ്പുറമേറി കോവിലന്നംകടിപ്പിണാവിനെ കൂട്ടി അസ്ഥിയും പൊന്നും വനവാസത്തക്ക നിവിതെ ചെന്ന വഴിപുറപ്പെട്ടു. കേട്ടകൊണ്ടാലൊ എന്റെ മകനെ കന്യയായ കിഴക്കുംകൊല്ലൂത്തു നല്ലമ്മ കാരിയാനെപ്പുറമേറി കിഴക്കുംകൊല്ലത്തകത്തൊട്ട ചെല്ലുവാൻ ചൊല്ലുകൂട്ടി. മാലവെച്ച മകൻ കിഴക്കുംകൊല്ലത്തിരിപ്പുണ്ടെന്ന ചൊല്ലുകൂട്ടി. എഴുനാളത്തെ വിതുണ്ണുണ്ണം കഴിഞ്ഞു പോതവരം എന്ന ചൊല്ലുകൂട്ടി നല്ലമ്മ. കാരിയാനപ്പുറം എനിക്ക കേറിക്കൂടല്ലൊ അതുനാക്കണക്കെ എനിക്ക കണ്ടങ്ങിക്കൂടല്ലാ. കറാക്കയറിൽ എനിക്ക ചവുട്ടിക്കൂടല്ലൊ. കിഴക്കുംകൊല്ലൂത്തു നല്ലമ്മ ചെല്ലുവാൻ ചൊല്ലുകൂട്ടിയത്ര കിഴക്കുംകൊല്ലൂത്തു നല്ലമ്മയിന്റെ മകനല്ല എന്നെ മാലവെച്ചത്. കിഴക്കുംകൊല്ലൂത്തക്ക ഞാൻ പോരേണമെങ്കിൽ എന്നെ മാലവെച്ച മത്താവിവിടെ വരണം ഞാൻ പോരികയുള്ളു. നിരാശയോടെ പോയ കോവിലന്നം കടിപ്പിണാവും പാവയാനും നിരകെട്ട മുഖം വാടി കിഴക്കുംകൊല്ലത്തകത്തൊട്ട വന്ന വഴിപുറപ്പെട്ടു. കേട്ടകൊണ്ടാലൊ എന്റെ പാവയാനെ അസ്ഥിയും പൊന്നും വനവാസത്തിന്ന മകൾ കന്യയാവു പോന്നില്ല എന്ന ചോദിച്ചു. മാലവെച്ച മകൻ ചെന്നല്ലാതെകണ്ടു പോരില്ലാ മകൾ എന്ന ചൊല്ലി. അതിനെ കേട്ട ചോണാട്ടുണ്ണിപ്പുരാന്മകനെ കടതക്കവല്ലാക്കൊട്ടുകൂടി ഉയർത്തിപ്പിടിച്ചു മകുടക്കടയും കത്തിപ്പിടിച്ചു തെക്കവിളക്കും എടുത്തിപ്പിടിച്ചു ആലവട്ടവും വീശിപ്പിടിച്ചു ചെണ്ടാമരയും ഉതണ്ട ശംഖ് വളുത്തെ കൊമ്പു പരന്ന താളം വിനാദമെന്ന നാഗവെള്ളിപ്പൂകുഴലോടുകൂടി അസ്ഥിയും പൊന്നും വനവാസത്തക്ക കൊണ്ടുപോകുന്നു. കേട്ടകൊണ്ടാലൊ എന്റെ മാലവെച്ച മകൾ മുടിക്കെവിയാതെ നമുക്ക കിഴ

ക്കംകൊല്ലം ചോണാട്ടച്ചെന്ന ഏഴ്ദിവസത്തെ വിരുന്നുണ്ടു ആ
രിയാകുന്ന വടക്കംകൊല്ലത്തേക്ക നമുക്ക പോകേണ്ടെ? എന്നതിന്നു
കേട്ട മകം കന്യകാവുണ്ണ്യ ആയിരം കണ്ണുള്ള അച്ചുപൂള്ളിക്കെത്താള
ത്തെ വിളിച്ചുകൂട്ടി ഉന്ന മുഖമുള്ള നാഗത്തെക്കൊണ്ടു മുടികണ്ണിത്തു പടം
കൊണ്ടു കടപിടിച്ചു ആദ്യംകൊണ്ടടിക്കിട്ടു ചുറ്റുകൊണ്ടു മുടിക്കിട്ടു മണി
ഉലം കയ്യിലേന്തി അച്ചുപൂള്ളിക്കെത്താളും തൊമ്മറി തന്റെ ഉത്തരവു
വല്ലഭം ഓടി കരകൊണ്ടു. കൊട്ടുവെടി ആലവട്ടത്തോടുകൂടി ആ
ണ്ടെത്ത വനവാസത്തുനിന്നു കിഴക്കംകൊല്ലം ചോണാട്ടുക്ക നിവിരെ
ച്ചെന്ന വഴിപ്പുറപ്പെട്ടു. മകം കന്യകാവിന്റെ വരവുകണ്ടു നല്ലമ്മ
ഇരുവിളക്ക തുടുവിളക്ക കാക്കൽവിളക്ക കതിർവിളക്ക നിറനാഴി
ത്തു കുത്തുന്ന മന്ത്രമണിവിളക്ക നാല്പുസംഘം മണിവിളക്കും കൂ
ത്തിവെച്ചു കാലുകഴിയ ചന്ദനക്കതിർകട്ടിലും വലിച്ചിട്ടു തപ്പിഴിഞ്ഞി
ന പണന്തിന്നിരത്തയും ഇടമുത്തി പടിഞ്ഞാറെയത്തെ പൂക്കുറു
ശാലയിൽ മുത്തപ്പം തേപ്പം അരിപ്പം പൊരിപ്പം നെയ്പ്പം പൂ
പ്പം ഏഴു സംഘം പരത്തും നിറച്ചുവെച്ചു മന്ത്രത്താലത്തിൽ അരി
പൊരിയും വെച്ചു അരിയെറിഞ്ഞുകൊള്ളുവാനായി ഉത്തരീയം
കെട്ടി കിഴക്കംകൊല്ലത്തു നല്ലമ്മ. മന്ത്രത്താലം പൂത്താലം കൈ
പിടിച്ചു നവരത്നമണിവിളക്കോടുകൂടി പൊന്നിൻപടി പടിക്കൽ
നിവിരെച്ചെന്ന വഴിപ്പുറപ്പെട്ടു. അരിപൊരി വാരിയെറിഞ്ഞു പൂ
കൊണ്ടു ആരാധനയും കഴിച്ചു കൊട്ടുവെടി ആലവട്ടത്തോടുകൂടി
കളിക്കൊണ്ടു ചെന്നകംകൊള്ളിച്ചു. കണ്ണാടിയൊത്ത പൂമച്ചി
ലയിൽ കാൽപൊടി തട്ടി മകം കരംകൊണ്ടു കച്ചിനിന്നു കട്ടി
ലയിൽ ചെന്ന ആദികിഴക്കോട്ടു തിരിഞ്ഞു ചാരി
ന്മേൽ അരുളിയന്ന ഏഴുനാളത്തെ വിരുന്നിന്നു പലിചിനാ
ല ചെന്ന കൂടിയിരുന്നു. ഓരാമരയെന്ന ചൊല്ലി ആരാഞ്ഞിരുന്നു,
ശിവശിവ എന്നു ചൊല്ലി കൂടിയിരുന്നു. ഇതിന്നാണെന്ന കേട്ടുകൊണ്ടു
അവന്റെ ഉത്തരവു ഏഴുനാളത്തെ വിരുന്നുണ്ടെട്ടുവേണം അരി
യാകുന്ന വടക്കംകൊല്ലം ചോണാട്ടുക്ക നമുക്ക പോകുവാൻ എന്നു
ചൊല്ലി ചന്ദനക്കതിർ പതിപ്പും നടപ്പൂച്ചൂട്ടി പല പഴിവാക്കും പറ
ഞ്ഞു പരിസ്ഥമായിട്ടായിരുന്നു.

(ശുഭം)

കാതറൈൻ

ഒന്നാം ഭാഗം*

സൂൎയ്യന്റെ കിരണങ്ങളാൽ പ സന്ധ്യ കഴിയാറായി. അന്നു അരുണവൎണ്ണം നിശ്ശേഷം മ ഘോരമാംബരത്തിൽ ഛേദിക്കൽകാശം മിക്കവാറും മറഞ്ഞിരുന്നിരു ന്നു. കൂടൽ മഞ്ഞുകൊണ്ടുകലങ്ങി നിരന്തരമായി പൊഴിഞ്ഞു ടാത്ത മുകളിൽനിന്നു അന്തരീക്ഷത്തിൽ സ്വൈരസഞ്ചാരം ചെയ്തുകൊ ണ്ടിരുന്ന പക്ഷികളുടെ ഇടകളിൽകൂടി ഇടയ്ക്കിടയ്ക്കു എത്തിനോ ക്കിയിരുന്ന ഒരു കലാചന്ദ്രന്റെ കാന്തികൾ ഗാഢമായ അന്ധകാ രത്തെ ലേശമെങ്കിലും തിരസ്കരിക്കുവാൻ കഴിഞ്ഞില്ല.

സെന്റ്പീറ്റേർസ്ബൎഗ്ഗ്നഗരത്തിലെ പാതിരിയായ സ്റ്റാറൻസ്കി കാവ്യ ഒരു ഗൃഹത്തിൽ താമസിച്ചിരുന്ന തന്റെ സഹോദരിയെ കാ ണ്മാൻ പോയി തിരികെ വരുംവഴിക്കു നഗരപരിസരത്തിലുള്ള വന ത്തിന്റെ അതിൎത്തിയിൽ ചെന്നുചേൎന്നു. പെട്ടെന്ന് അയാൾക്കു ഒരു ശിശുവിന്റെ കരച്ചിൽ കേട്ടതുപോലെ തോന്നി. അയാൾ കുതിര യെ നിറുത്തി. എന്നാൽ മരക്കൊമ്പുകളുടെ ഉലച്ചിലൊടുകൂടെ ശക്തിയോടെ അടിച്ചുകൊണ്ടിരുന്ന കൊടുംകാറ്റിന്റെ ഭയങ്കരമായ മുഴക്കം നിമിത്തം പിന്നീടു യാതൊരു ശബ്ദവും കേൾക്കാതെയിരുന്ന തിനാൽ അതൊരു മിഥ്യാഭ്രമമായിരിക്കാമെന്നു കരുതി അയാൾ യാ ത്ര തുടൎന്നു. നാലഞ്ചു വാരയോളം നടന്നശേഷം കുതിര തനിയെ നി ന്നു. പാതിരി എത്രതന്നെ ശ്രമിച്ചിട്ടും അതൊരടിപോലും മുന്നോട്ടു പോയില്ല. സഞ്ചാരത്തിനു തടസ്ഥമായി വല്ലതും വഴിയിൽ കിടപ്പു

---

* സാവിത്രി, അജൻ, നളചരിതം മുതലായ ചെറുകാവ്യങ്ങൾ എഴുതി മാന്യന്മാരായ പല മഹാകവികളുടെയും പ്രീതിക്കു പാത്രീഭവിച്ച ശ്രീമാൻ കെ. ആർ. ചക്രപാണി വാരിയരാണ് ഈ ചെറുകഥയുടെ കൎത്താവ്. ഇദ്ദേഹം ഈ കഴിഞ്ഞ ചിങ്ങം 23-ാംനു- തന്റെ 21-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞിരിക്കുന്നു. ഈ കഥയുടെ പകൎപ്പവകാശം ലേഖകന്റെ സ്വാധീനമാം.

ണ്ടായിരിക്കണമെന്നുറച്ചു് അയാൾ താഴെയിറങ്ങി ആ ജന്തുവിനെ നടത്തുവാൻ ശ്രമിച്ചു. പക്ഷെ അയാളുടെ ഉദ്യമം വിഫലമായതേയുള്ളു. റോഡിൽ സൂക്ഷിച്ചു നോക്കിയപ്പോൾ ചക്രത്തിൻ്റെ ഇടയിൽ എന്തോ ഒരു വസ്തു കിടപ്പുണ്ടെന്നു തോന്നുകയാൽ പുരോഹിതൻ താഴെ കൈകൊണ്ടു തപ്പിനോക്കി. അതു തണുപ്പുകൊണ്ടു വിറച്ചും മരവിച്ചു മൃതപ്രായമായ ഒരു കുഞ്ഞാണെന്നു കണ്ടു വേഗം കയ്യിലെടുത്തു. പട്ടുകൊണ്ടു ദേഹം നല്ലപോലെ മൂടിയിട്ടുണ്ടായിരുന്നതിനാൽ അതു മരിച്ചിട്ടില്ല. ആ ശിശുവിൻ്റെ കരച്ചിലാണു് മുമ്പു തൻ്റെ ശ്രദ്ധയെ ആകർഷിച്ചതെന്നു അയാൾ തീർച്ചപ്പെടുത്തി. ദാരിദ്ര്യംകൊണ്ടോ മറ്റുവല്ല കാരണത്താലോ ആരോ ഇതിനെ വിജനസ്ഥലത്തിൽ ഉപേക്ഷിച്ചു ആരും അതറിയാതിരിക്കുവാനുള്ള ഉൽക്കണ്ഠയോടുകൂടി പുണ്യവാനായ പാതിരി ചുറ്റുമുള്ള സ്ഥലങ്ങളിൽ അന്വേഷിച്ചു. എന്നിട്ടും ഒരു ജീവിയെയെങ്കിലും കാണുകയോ ഒരു ശബ്ദമെങ്കിലും കേൾക്കുകയോ ചെയ്തില്ല. ഒടുവിൽ അയാൾ ഇപ്രകാരം വിചാരിച്ചു: ഈ കുട്ടിയെ ഇവിടെ ഈ ദയനീയസ്ഥിതിയിൽ ഉപേക്ഷിച്ചതു് ആരുതന്നെയായാലും ഇതിനെ എടുത്തു രക്ഷിക്കേണ്ടതു് എൻ്റെ ചുമതലയാണു്. പ്രാണരക്ഷണത്തെക്കാൾ ഉത്തമമായി വേറെ യാതൊരു കൃത്യവുമില്ല. ഞാൻ അസാമാന്യമായി സ്നേഹിച്ചിരുന്ന എൻ്റെ ഭാര്യ മരിച്ചിട്ടു ഇപ്പോൾ പതിനാലു കൊല്ലമായിരിക്കുന്നു. അതിൽ എനിക്കു സന്താനവും ഇല്ല. ഇപ്പോൾ ഈ ദൈവാനുഗ്രഹംകൊണ്ടു കിട്ടിയ ഈ നിധി ഇനി എൻ്റെ ഏകസന്തതിയായിരിക്കട്ടെ.

കുട്ടിയെ ആച്ഛാദനം ചെയ്തിരുന്ന പട്ടു മഞ്ഞുകൊണ്ടു നനഞ്ഞിരുന്നതിനാൽ അയാൾ അതഴിച്ചെടുത്തു കാലുറയുടെ കീശയിൽത്തിരുകി. പകരം അതിനെ തൻ്റെ മേലുടുപ്പുകൊണ്ടു പുതപ്പിച്ചു് കുതിരപ്പുറത്തു തൻ്റെ മുമ്പിൽ വെച്ചുകൊണ്ടു വേഗത്തിലോടിച്ചു് അധികം താമസിക്കാതെ പാതിരി വീട്ടിലെത്തി. വീടു വലിയ മോടിയിലുള്ളതല്ലായിരുന്നു എങ്കിലും വളരെ ഭംഗിയും വൃത്തിയുമുള്ളതായിരുന്നു. മുൻവശത്തു തെക്കുവടക്കായി ഒരു ചെറിയ പൂമുഖവും അതിൻ്റെ അകവശത്തുനിന്നു കിഴക്കുപടിഞ്ഞാറായുള്ള ഒരു ഇടുങ്ങിയ ഇടനാഴിയുടെ ഇരുവശങ്ങളിലുമായി നാലു മുറികളും [illegible]

യ ആ ഭവനം വളരെ പഴക്കം ചെന്നതാണെന്ന പ്രഥമദൃഷ്ടിയിൽ തന്നെ ആൎക്കും അനുമാനിക്കാം. വീട്ടിന്റെ മുൻഭാഗത്തു ആഗ്നികോണിലോട്ടു മാറി ഒരു ചെറിയ കുടിപ്പുരയായിരുന്നതു ഇപ്പോൾ കുതിരയെ കെട്ടുവാനായി ഉപയോഗപ്പെട്ടിരുന്നു. ഏകദേശം പത്തുകൊല്ലം മുമ്പു പാതിരി ആദ്യമായി വിലക്കു വാങ്ങിയപ്പോൾ അതിന്റെ ചുമരുകളെല്ലാം വിണ്ടുകീറിപ്പൊളിഞ്ഞും മേൽപ്പുര പകുതിയിലധികം പൊളിഞ്ഞും ഇരുന്നിരുന്നു. പിന്നീടു സ്വപ്രയത്നംകൊണ്ടും പരസഹായംകൊണ്ടും കുറച്ചു പണം ശേഖരിച്ചു് സ്റ്റാൻസ്ലി, അവയെ നന്നാക്കുകയും ശുദ്ധവായു പ്രവേശിക്കുന്നതിന്നുതകാത്തവിധത്തിൽ അത്ര ചെറുതായിരുന്ന ജനാലുകളെ വലുതാക്കുകയും വേറെയും പുതനായി വാതിലുകളെ വയ്ക്കുകയും ചെയ്തതോടുകൂടി ആ വീടു ആൾപ്പാൎപ്പിന്നുയോഗ്യമായിത്തീൎന്നു. മുറികളിലൊന്ന ഈശ്വരാരാധനയ്ക്കും വേറൊന്ന അദ്ധ്യയനത്തിന്നും ഉപയോഗിക്കപ്പെട്ടുവന്നു. മറ്റുരണ്ടും പാതിരിക്കും, പരിചാരികയ്ക്കും പ്രത്യേകം കിടക്കുവാനുള്ള മുറികളായിരുന്നു. പുരോഹിതന്റെ മുറിയിൽ, കട്ടിലിന്നു പുറമെ ഒരു കസേരയും ഒരു പൊളിഞ്ഞ മേശയും ഒരു അലമാരിയുമുണ്ടായിരുന്നു. പള്ളിയിൽ ജോലിയില്ലാത്ത സമയങ്ങളിലെല്ലാം അയാൾ അവിടെയാണ് ഇരിക്കുക പതിവ്. പ്രസന്നതയെങ്കിലും ഗാംഭീൎയ്യസൂചകമായ പാതിരിയുടെ മുഖം കാണുമ്പോൾത്തന്നെ ദ്രഷ്ടാവിന്ന അയാളൊരു പുസ്തകപാരായണക്കാരനാണെന്ന ഉണ്ടാകാവുന്ന ഊഹത്തിന്ന കിടപ്പുമുറിയിൽ അലമാരിയിലും മേശപ്പുറത്തും നിരത്തിവെച്ചിരുന്ന പഴയ പുസ്തകങ്ങൾ തക്കതായ തെളിവുകളായിരുന്നു.

സ്റ്റാൻസ്ലി കുതിരപ്പുറത്തുനിന്ന ഇറങ്ങിയപ്പോൾ, ഒരു കിഴവി 'നല്ലോ യജമാനനെന്താണിത്രവളരെ താമസിച്ചതു്. ഞാൻ വല്ലാതെ അന്ധാളിച്ചുപോയി' എന്ന പറഞ്ഞുംകൊണ്ടു അടുത്തുചെന്നു.

പാതിരി 'പ്രയാസപ്പെടേണ്ട ഇതാ കുഞ്ഞിനെ അങ്ങോട്ടു വാങ്ങു' എന്ന പറഞ്ഞ് ആ കുഞ്ഞിനെ അവളുടെ കയ്യിൽ കൊടുത്തു. വിചാരിച്ചിരിക്കാതെ ആ കുഞ്ഞിനെ കണ്ടപ്പോളുണ്ടായ വിസ്മയവും സന്തോഷവുംകൊണ്ടു അവൾ കുറച്ചുനേരം മിണ്ടാതെനിന്നുപോയി. പിന്നീടു കുളത്തിൽ കെട്ടിനില്ക്കുന്ന വെള്ളം മടപൊട്ടി കരകവി

ത്തൊഴുകുന്നതുപോലെ പരിചാരികയുടെ വാക്കുകൾ നിർഗ്ഗളമായി പ്രവഹിച്ചു. "ഒരു കുഞ്ഞോ യജമാനനേ! അതും എവിടെനിന്നു കിട്ടി. ഇതാരുടെ കുട്ടിയാണ്. ഇതിനെ എന്തിനു യജമാനൻ ഇവിടെ കൊണ്ടുവന്നത്. ഇതിനെ ഇവിടെ വളർത്താനാണോ?" നിന്നെ എന്നു പുരോഹിതൻ പറഞ്ഞു നിറുത്തുന്നതിനു മുമ്പുതന്നെ തുടങ്ങി: 'ഇതു കൊച്ചുകുഞ്ഞു ഒരു പെൺകുട്ടിയാണ്. ഇതിനു ഒരു വയസ്സുതന്നെ ആയിട്ടില്ലെന്നു തോന്നുന്നു. കണ്ടോ യജമാനനെ, ഇവൾ കണ്ണുതുറന്നു ചുറ്റും നോക്കുന്നത്. എന്താശ്ചര്യത്തോടുകൂടിയാണ്. നമ്മളെ മുമ്പു കണ്ടിട്ടില്ലാത്തതുകൊണ്ടായിരിക്കാം.' പാതിരി ഇതുകേട്ടു ചിരിച്ചു വീട്ടിനകത്തേക്കു പോയി. ആഹാരം കഴിച്ചശേഷം അദ്ദേഹം പ്രധരികയോടു ശിശുവിനെ കണ്ടുകിട്ടിയ കാര്യം വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. കേട്ടുകഴിഞ്ഞപ്പോൾ

പ്രധരിക: എന്തതിശയം, യജമാനനെന്തെല്ലാം ചെയ്തിട്ടുംകുതിര മുമ്പോട്ടു പോയില്ല ഇല്ലേ?

സ്റ്റാൻസ്ലി:— അതിലതിശയിക്കുവാനൊന്നുമില്ല. കുതിരകൾ നല്ല അറിവുള്ള ജന്തുക്കളാണ്. അവ ഓടുന്ന വഴിക്കു വല്ലവരും നിന്നിരുന്നാൽ അവരെ തള്ളിയിട്ടുമെന്നല്ലാതെ വഴിയിൽകിടക്കുന്ന ഒരു ജീവിയെയോ ശവത്തെയോ ഒരിക്കലും കടന്നു പോകയില്ല.

പരിചാരിക: അതുപോട്ടെ യജമാനനേ! ഇവൾ കിടന്നിരുന്നതിനടുത്തു വേറെ ആരും ഇല്ലായിരുന്നുവോ?

പാതിരി: ഇല്ലായിരുന്നു എന്നു മുമ്പു പറഞ്ഞില്ലേ. ഞാൻ അവിടെനിന്നു വിളിച്ചിട്ടും ആരേയും കണ്ടില്ല.

പരിചാരിക: ഇതാരുടെ കുഞ്ഞാണെന്നറിവാൻ ഒരു നിവൃത്തിയും ഇല്ലല്ലോ.

സ്റ്റാൻസ്ലി: (ഉടുപ്പുകീശയിൽനിന്നു പട്ടുതുണി വിളക്കത്തു പരിശോധിച്ചശേഷം) ഇതാ ഇതിൽ രണ്ടക്ഷരം കാണുന്നുണ്ട്. നല്ലപോലെ തെളിഞ്ഞിട്ടില്ല. എ. എം. എന്നാണെന്നു തോന്നുന്നു.

പ്രധരിക: അതുകൊണ്ടെന്തു പ്രയോജനമാണ്. അതുകൊണ്ടു ഇതിനെന്താണെന്നു പേരിടേണ്ടത്?

പുരോഹിതൻ (കരച്ചുനോക്കുന്നതുപോലെ ചിരിച്ചിട്ടു) "കാതറൈൻ എവിടെ ബാലകത്തെ." അനന്തരം പരിചാരിക കാതറയിനെ, അവളുടെ മുറിയിൽ കൊണ്ടുപോയി കിടത്തിയുറക്കി. വൃദ്ധയാകട്ടെ ശരീരത്തിനു ക്ഷീണം വന്നെങ്കിലും, താനൊരു നല്ല കൃത്യം ചെയ്തു എന്ന ബോധം നിമിത്തം, സ്വാതന്ത്ര്യവും തന്നെ നല്ലപോലെ ഉണ്ടായി. സന്ധ്യക്കുശേഷമുള്ള സംഭവങ്ങളെല്ലാം അല്പവ്യത്യാസങ്ങളോടുകൂടി പിന്നെയും അയാളുടെ മുമ്പിൽ അറിവായിക്കപ്പെട്ടു. നേരം വെളുത്തപ്പോഴേക്ക അയാളുടെ പാതിരിക്ക ഒരു ശിശുവിനെ കുന്നിൽ കിടന്ന കിട്ടിയെന്നും, അതിനെ അയാൾ ധർമ്മപുത്രിയായി സ്വീകരിച്ചിരിക്കുന്നു എന്നുമുള്ള വാർത്ത മാറിൻബർഗ്ഗ് നിവാസികളുടെ ഇടയിൽ പരന്നുകഴിഞ്ഞു. അനന്തരം ഒരു പത്തുമണിയോടുകൂടി കുഞ്ഞിനെ കണ്ടുകിട്ടിയ സ്ഥലത്തിനടുത്തുള്ള ഒരു തോട്ടിൽ, ഒരു ശവശരീരം ഒഴുകിനടക്കുന്നതായി കണ്ടു. താൻ കണ്ടുകിട്ടിയ കുഞ്ഞിന്റെ സംഗതികളെപ്പറ്റി വല്ലതും അറിവാൻ വഴിയുണ്ടെന്നു നിശ്ചയിച്ചു പുരോഹിതൻ അവിടെ എത്തി. അപ്പോഴേക്ക അധികൃതന്മാർ അതിനെ കരക്കു വലിച്ചിട്ടു പരിശോധന നടത്തിക്കഴിഞ്ഞിരുന്നു. അയാൾ ആരാണെന്നുള്ളതിനെ അറിയുന്നതിന ഒരു തുമ്പും കിട്ടിയില്ല. അയാളുടെ ഉടുപ്പുകീശയിൽ ഉണ്ടായിരുന്ന ഒരു എഴുത്തു പരിശോധകന്മാർ കൊണ്ടുപോയിട്ടുള്ളതായി പാതിരി മനസ്സിലാക്കി. അതു വായിക്കുന്നതിനു എഴുത്തുസഹിതം ഒരാളെ അയച്ചിട്ടു അയാൾ ശവശരീരത്തിനടുത്തു ചെന്നു. ശവത്തെ മൂടിയിരുന്ന ഉടുപ്പുകളിൽനിന്നു മരിച്ച ആൾ ഒരു മടനാണെന്നു പാതിരി തീർച്ചപ്പെടുത്തി. മരിച്ചിട്ടു അധികം നേരം ആയിട്ടില്ലായ്കയാൽ ദേഹത്തിന പറയത്തക്ക വ്യത്യാസം ഉണ്ടായിരുന്നില്ല. തലമുടി ഒന്നുപോലും നരച്ചിട്ടില്ല. വയസ്സു ഉദ്ദേശം 50-ഓളം കാണും. മനോവേദനകൊണ്ടുണ്ടായിട്ടുള്ള വൈരൂപ്യം മുഖത്തെ ബാധിച്ചിരുന്നെങ്കിലും അതിൽ സൗന്ദര്യത്തിന്റെ അവശിഷ്ടം അല്പാല്പമായി പ്രകാശിച്ചിരുന്നു. ഇടത്തുവശത്തു ഹൃദയത്തിനു നേരെ വെടികൊണ്ടുണ്ടായ ഭയങ്കരമായ ഒരു മുറിവിൽ നിന്നു മരണസമയംവരെ നിരന്തരമായൊഴുകിക്കൊണ്ടിരുന്ന രക്തത്താൽ ഉടുപ്പിന്റെ പല ഭാഗങ്ങളും നിറംമറിക്കപ്പെട്ടു. ഷർട്ടിന്റെ മാറത്തു ഒരു ...

ളം കാണുകയാൽപുരോഹിതൻ സോൾക്കണ്ണം സൂക്ഷിച്ചുനോക്കി. അവ ഏ. എം. എന്നാണെന്നു കണ്ടപ്പോൾ അയാൾക്കുണ്ടായ വിസ്മയം കേവലം അവാച്യനീയം തന്നെ. ആ മടൻ കാതറായിൻെറ ഒരു ബന്ധുവാണെന്നും കുട്ടിയെ വഴിയിൽ കിടത്തിയ ആൾ അയാളാണെന്നും സ്മാറൻസ്മിത്ത് ബോദ്ധ്യപ്പെട്ടതോടുകൂടി അയാൾക്ക് അത്ര ഭയങ്കരമായ മരണം സംഭവിച്ചതോർത്തു അനിർവ്വാച്യമായ വ്യസനവും പാതിരിക്കുണ്ടായി. അരമണിക്കൂറോളം കഴിഞ്ഞപ്പോൾ പരിശോധകന്മാരുടെ കൂട്ടിൽനിന്ന് എഴുന്നു വാങ്ങിക്കുവാൻ പോയ ആൾ എഴുത്തുംകൊണ്ടു തിരികെ വന്നു. അതിൽ വാത്സല്യഭാജനങ്ങളായ ഇരട്ടപെറ്റ രണ്ടു കുട്ടികളെപ്പറ്റി ഏറ്റവും അവ്യക്തമായി പ്രസ്താവിച്ചിരുന്ന ഭീഷമുള്ള ഭാഗം നാലായി കീറിപ്പോയിരുന്നു. ഏതായാലും അതുകൊണ്ടു മേൽ പ്രയോജനമുണ്ടായേക്കാമെന്നു കരുതി അയാൾ അതു സൂക്ഷിച്ചു. കുട്ടിയെ വഴിയിൽക്കിടത്തിയ ശേഷം മുറിവു തേച്ചുകഴുകാനായി മടൻ നദിയിൽപ്പോകയും ക്ഷീണം നിമിത്തം കാൽ വഴുതി അതിൽ വീണുപോകയും ചെയ്തതാണെന്നായിരുന്നു മാന്യനായ പാതിരിയുടെ ഉദ്ദേശം.

സ്മാറൻസ്മിത്ത് മടൻെറ ദേഹം വേണ്ടതുപോലെ മറവു ചെയ്യിച്ചു. കാതറായിനും മൃതനായ മടനും തമ്മിൽ എത്രമാത്രം ബന്ധമുണ്ടെന്നു ഗ്രഹിപ്പാൻ കഴിഞ്ഞില്ലെങ്കിലും ആറുമാസത്തിലധികം പ്രായമായിട്ടില്ലാത്ത കുട്ടിയെ അതിൻെറ പിതാവല്ലാതെ വേറെയാരും കൊണ്ടുനടക്കുന്നതിനു ഇടയില്ലാത്തതിനാലും മടനു സന്താനമുള്ളതായി എഴുത്തിൽനിന്നു തെളിഞ്ഞതിനാലും അയാൾ ആ കുമാരിയുടെ പിതാവായിരിക്കണമെന്നു പുരോഹിതൻ തീർച്ചപ്പെടുത്തി. ഒരു പിതാവിനു തൻെറ കുട്ടിയോട് എത്ര ആർദ്രതയും വാത്സല്യവുമുണ്ടാകാമോ അത്രയും സ്നേഹത്തോടും ദയയോടും കൂടിയാണ് ആ വൃദ്ധൻ കാതറായിനെ വളർത്തിയത്. അല്പകാലംകൊണ്ടു അവളുടെ സൌശീല്യം പാതിരിക്ക് അനുഭവപ്പെട്ടുതുടങ്ങി. കുട്ടിയുടെ സ്വഭാവമാധുര്യവും പഠിത്തത്തിലുള്ള ജാഗ്രതയും കണ്ടു സന്തുഷ്ടനായ സ്മാറൻസ്മിത്തിൻെറ മനസ്സിൽനിന്നു ക്രമേണ ആ ശിശുവിൻെറ മാതാപിതാക്കന്മാരെപ്പറ്റി തനിക്കു യാതൊരറിവുമില്ലല്ലോ എന്നുള്ള വിചാ

രം നീങ്ങി. കൊല്ലങ്ങൾ ഓരോന്നായി കഴിഞ്ഞതോടുകൂടി കാത്തായിൻ വളൎന്നു സൌന്ദൎയ്യം പൊക്കവും അതിമനോഹരത്വവും ഉള്ള ഒരു പെൺകിടാവായിത്തീൎന്നു. മനോഹരമായ വിധത്തിൽ നീണ്ടു നീലനിറത്തിലുള്ള അവളുടെ പക്ഷ്മങ്ങളായ നയനങ്ങൾ അപരിചിതന്മാൎക്കുപോലും അവളുടെ മേൽ ഒരു പ്രത്യേകമനഃകൗതുകം തോന്നത്തക്കവണ്ണം ഉജ്ജ്വലങ്ങളായിരുന്നു. നാതിദീൎഘവും നാതിഹ്രസ്വവുമായ നാസിക അവളുടെ മുഖകാന്തിയെ അത്യാശ്ചൎയ്യമായവിധത്തിൽ വൎദ്ധിപ്പിച്ചു. അകൃത്രിമമായ രക്തവൎണ്ണം കലൎന്ന സമീപി മനോഹര സമധുരങ്ങളായ അധരോഷ്ഠങ്ങളും മാംസളങ്ങളായ കവിൾത്തടങ്ങളും ഇത്രമാത്രം മുഖത്തിനു യോജിച്ച വേറൊരു പെൺകുട്ടിയിൽ കാണുമെന്നു പ്രയാസം. അവളുടെ സുന്ദരമായ മുഖത്തിൽ നിഷ്കളങ്കമായ ഒരു മനസ്സിന്റെ അത്യുജ്ജ്വലമായ പ്രതിബിംബം കൂടി പ്രതിഫലിച്ചു കണ്ടിരുന്നെന്നു പറഞ്ഞാൽ അവളുടെ ഗുണങ്ങളെ പ്രത്യേകം വൎണ്ണിക്കാതെതന്നെ അവളുടെ ആകൃതിയുടെ ഒരു സ്വരൂപം വായനക്കാൎക്കു ഗ്രഹിക്കുവാൻ കഴിയുമെന്നു വിശ്വസിക്കുന്നു. പാതിരിയും പരിചാരികമാരും എന്നുവേണ്ട മഠത്തിലുള്ള സകല ജനങ്ങളും കാത്തായിൻ വാത്സല്യഭാജനമായിത്തീൎന്നു. വീട്ടുജോലികൾ തന്റെ ശക്തിപോലെ ചെയ്തു പകൽ സമയം പ്രിയോറിക്കയെ സഹായിച്ചതിനു പുറമെ രാത്രിതോറും അവൾ മധുരസ്വരത്തിൽ പാട്ടു പാടി തന്റെ വൃദ്ധപിതാവിനെ ആനന്ദിപ്പിച്ചു. അതുവരെ ആ കന്യകയുടെ നിൎമ്മലമായ മനസ്സരോജത്തിലെ വിഷജലത്തെ കലക്കിമറിക്കുവാൻ ആപത്തുകളായ കൊടുങ്കാറ്റുകൾ അധികം ഉണ്ടായില്ല. രണ്ടോ മൂന്നോ തവണ പാതിരി സുഖക്കേടു നിമിത്തം കിടപ്പിൽ ആയിരുന്നപ്പോൾ ആ ചെറിയ കുട്ടി വ്യസനം സഹിക്കവഹിയാതെ അപ്പന്റെ രക്ഷയ്ക്കായി ദൈവത്തോടു പ്രാൎത്ഥിച്ചു. ഈ അവസരങ്ങളിൽ തന്റെ അത്യാശ്ചൎയ്യമായ ബുദ്ധിവൈഭവത്താലും പ്രിയോരിക്കയുടെ സാരമായ ഉപദേശത്താലും രോഗികളുടെ ശുശ്രൂഷയിൽ സാധാരണയായി പ്രായമായവരിൽപ്പോലും കാണാത്തവിധത്തിലുള്ള നൈപുണ്യം അവൾ സമ്പാദിച്ചു.

കാത്തായിന്നു വയസ്സു പതിനഞ്ചു കഴിഞ്ഞു. ഒരു ദിവസം രാവി

ലെ സ്റ്റാൻസ്റ്റി അപ്പോൾ കിട്ടിയ ചില കത്തുകൾ വായിച്ചുതീൎന്നശേഷം ചിന്താമഗ്നനായി വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. അയാളുടെ മുഖഭാവം ഉള്ളിൽ തിരതല്ലിക്കൊണ്ടിരുന്ന വ്യസനസാഗരത്തിന്റെ ഒരു പ്രതിബിംബം പോലെ തോന്നി. വേഗം കാത്തായിനെ അടുക്കൽ വിളിച്ച് അയാൾ ഇങ്ങിനെ പറഞ്ഞു: 'കുഞ്ഞേ, എന്റെ സഹോദരി അലക്സിനക്ക വയസ്സായിരിക്കുയാണ്. അവൾക്ക കൂടെക്കൂടെ സുഖക്കേടുകളും വരാറുണ്ട്. അതുകൊണ്ടു എന്റെ മകൾ ഇനി കുറച്ചു ദിവസം ലിബോണിയയിൽ പോയി അവളുടെ കൂടെ താമസിക്കണം. ഇവിടെ എന്റെ ശുശ്രൂഷക്ക പാ'ദ്രഡിക്രൂസുണ്ടല്ലൊ.'

'അപ്പൻ അങ്ങിനെ പറയുകയാണെങ്കിൽ ഞാൻ പോകാം. അപ്പന്റെ ഉടപ്പിറന്നവൾ ആണല്ലൊ അലക്സിന. അതുകൊണ്ട് അലക്സിനയെ ഏറ്റവും വലിയ കാൎയ്യമാണ്. എന്നാലും അപ്പന്റെ കൂടെ പാൎക്കുന്നതാണ് എനിക്ക ഒന്നുകൂടിയിഷ്ടമായിട്ടുള്ളത്.' കണ്ണിൽനിന്നിറ്റിറ്റു വീഴുന്ന അശ്രുകണങ്ങളോടുകൂടി കുമാരി പറയുന്ന വാക്ക കേട്ടപ്പോൾ പാതിരിയും കരഞ്ഞു. പിന്നീടു തൊണ്ടയിടറിക്കൊണ്ടു അയാൾ അവളെ സമാധാനിപ്പിച്ചു.

'എന്റെ കാത്തായിൻ, അതുകൊണ്ടു വ്യസനിക്കണ്ട. കുറച്ചു ദിവസത്തിനകം ഞാൻ നിന്നെ കൂട്ടിക്കൊണ്ടു വരാം. പക്ഷെ ഞാൻ അവിടെ വന്നു നീ ഇങ്ങോട്ടു പോരാവു. മനസ്സിലായോ, ഞാനില്ലാതെ വേറെയാരവിടെ വന്നാലും നീ തിരിക്കരുത്.'

'ഇല്ല. അപ്പൻ വന്നേ ഞാൻ അവിടെനിന്ന് ഇങ്ങോട്ടു പുറപ്പെടൂ' എന്നു പറഞ്ഞു കാതറൈൻ അകത്തു പോയി ചെറുപ്പക്കാൎക്ക സഹജമായുള്ള ഉത്സാഹത്തോടുകൂടി യാത്രക്കു വേണ്ടതെല്ലാം ഒതുക്കിവെച്ചു. ഉച്ചതിരിഞ്ഞ് അവൾ ലിബോണിയയിലേക്ക പുറപ്പെട്ടു.

പാതിരി പണ്ട് അവളെക്കണ്ടുകിട്ടിയ സ്ഥലം വരെ അനുഗമിച്ചു. അന്നു അവിടെ നിന്നിരുന്ന മരത്തിന്റെ സ്ഥാനത്തിൽ, ഇപ്പോൾ വേനലായിരുന്നതിനാൽ ചെറുപുല്ല ധാരാളം വളൎന്നിരുന്നു. കുമാരി അവിടെത്തന്റെ [illegible] കവശ്യമായിരുന്ന മാതാപിക്കി അപ്പന്റെ കാൽക്കൽ വീണു നമസ്കരിച്ചുകൊണ്ടു പറഞ്ഞു

‘പ്രിയപിതാവെ! എന്നെ അനുഗ്രഹിക്കണം. 18 കൊല്ലങ്ങൾക്കു മുമ്പ് ഇവിടെവെച്ചല്ലെ എന്റെ അത്യന്തമായ ദീനാവസരം അപ്പൻ ആശ്രമമായിരുന്നത്. അപ്പന്റെ ക്ഷേമത്തിനായി ഞാൻ ചെയ്യുന്ന പ്രാർത്ഥനകളെല്ലാം ദൈവം കേൾക്കണമെന്നാണ്. ഈശോയുടെ നിയോഗങ്ങളെ അനുസരിക്കുന്നും അനാഥയായിരുന്ന എന്നെ വേണ്ടുപോലെ രക്ഷിച്ച് ഉപകാരങ്ങളും ചെയ്തതിന് അപ്പന് അദ്ദേഹം നല്ലതു വരുത്താതെയിരിക്കയില്ല. അപ്പനും അപ്പന്റെ കൂടെയുള്ളവർക്കും ദീർഘായുസ്സും സൌഖ്യവും ഉണ്ടാകണമെന്നാണ് എന്റെ ഏകപ്രാർത്ഥന.’

വൃദ്ധന്റെ സന്തോഷത്തിനു കണക്കില്ലായിരുന്നു. തന്റെ വിറച്ചുകൊണ്ടിരുന്ന രണ്ടു കൈകളും അവളുടെ ശിരസ്സിൽ വെച്ച് അവൻ ഇപ്രകാരം വളരെ പ്രയാസപ്പെട്ട് ഉച്ചരിച്ചു. “കുഞ്ഞേ! നീ സമാധാനമായിരിക്കു. നമ്മളെ രക്ഷിപ്പാൻ ദൈവമല്ലയോ ഉള്ളത്. അദ്ദേഹം വരുത്തുന്നതെല്ലാം നമുക്ക് അനുഭവിക്കയേ നിവൃത്തിയുള്ളു. ഓരോ മനുഷ്യർക്കു ഈശ്വരവിധിയനുസരിച്ചാണ് അനുഭവമുണ്ടാകുവാൻ പോകുന്നതെന്നു മുൻകൂട്ടിയാർക്കും തീർച്ചപ്പെടുത്തുവാൻ സാധിക്കയില്ല. ഭാവിയിൽ എന്തെല്ലാമുണ്ടായാലും എന്റെ മകൾക്കു ദോഷമൊന്നും വരികയില്ല. അതിലേക്കു നിനക്കു വേണ്ട സഹായം ചെയ്യും. എന്നാൽ ഇനി നീ പോകണം. നമുക്കു തമ്മിൽ കാണ്മാൻ ഇടവരാതെയെന്നാണ് ഈശ്വരേച്ഛയെങ്കിൽ നിന്റെ പാവപ്പെട്ട പിതാവിന്റെ ഒടുവിലത്തെ വാക്കുകൾ നീ ഓർമ്മയായി ധരിച്ചുകൊള്ളണം. നിന്റെ ബുദ്ധിയെപ്പരിഷ്കരിക്കുവാൻ മാത്രമുള്ള അറിവു എനിക്കില്ല. അതുകൊണ്ടു മകളുടെ സ്വഭാവം നന്നാക്കുന്നതിനേ എനിക്കു കഴിയുകയുള്ളു. സൽസ്വഭാവവും അനുസരണയും നിനക്കു എന്നുമുണ്ടായിരിക്കണം. അഹങ്കാരം പാടില്ല. ദൈവം പ്രസാദിച്ചു ഭാവിയിൽ അപ്രതീക്ഷിതമായ ഐശ്വര്യം നിനക്കുണ്ടാകുന്ന പക്ഷം അന്നും വിനയത്തിനു കുറവു വരരുത്. ഒരു കാലത്തു നീ ദുഃഖപ്രായമായ ഒരു അനാഥശിശുവായിരുന്നുവെന്നുള്ള ഓർമ്മ ഒരിക്കലും നിന്റെ മനസ്സിൽ നിന്നു പോകരുത്. നല്ലതേ ചെയ്യാവൂ. സത്യമേ പറയാവൂ. കൃത്യാനുഷ്ഠാനത്തിൽ നല്ല നിഷ്ഠ വേണം. എ

ന്നെല്ലാം തടസ്ഥങ്ങൾ ഉണ്ടായാലും ഇതിനു ഭംഗം വരുത്തരുത്. നേരം വൈകുന്നു. എന്റെ മകൾ പോയി വരു."

സാരമായ ഈ ഉപദേശത്തിനു ശേഷം സ്കാറൻസ്കി കാതറയിനെ പിടിച്ചു എഴുന്നേല്പിച്ചു അവളുടെ കുമ്പാളിൽ ചുംബിച്ചു.

അപ്പൻ അകാരണമായി വിധിവൈപരീത്യത്തെയും അതിന്റെ അലംഘനീയതയെയും പറ്റി പ്രസ്താവിച്ചതെന്തിനാണെന്നു ആ ബാലിക്ക മനസ്സിലായില്ല. വല്ല ആപത്തും അടുത്തിരിക്കുന്നതായി അറിവു കിട്ടിയിട്ടുള്ളതാണെങ്കിൽ അതിനെപ്പറ്റി തന്നോടൊന്നും തന്നെ പറയാതിരിക്കുമോ? അതോ തന്നെ ഭയപ്പെടുത്തേണ്ടായെന്നു വിചാരിച്ചു മറച്ചുവെക്കുന്നതാണോ? ആർക്കറിയാം? എന്തായാലും സമാധാനപ്പെടുകയല്ലാതെ ഗത്യന്തരമില്ലല്ലൊ.

രണ്ടാംഭാഗം

സന്ധ്യയോടുകൂടി കാതറൈൻ അലക്സിനയുടെ വീട്ടിലെത്തി. ആ ഭവനം പാതിരിയുടെ ഗൃഹത്തെക്കാൾ വിസ്താരമുള്ളതായിരുന്നു. അവിടെയായിരുന്നു സ്കാറൻസ്കി ബാല്യത്തിൽ താമസിച്ചിരുന്നത്. ഭർത്താവിന്റെ മരണത്തിനുശേഷം, നിർധനയും നിസ്സഹായയുമായ അലക്സിന, തന്നെയാശ്രയിച്ചപ്പോൾ ഉദാരമനസ്കനായ പാതിരി സ്വഭവനത്തെ സഹോദരിയുടെയുപയോഗത്തിനായി വിട്ടുകൊടുക്കുകയും, മാറിൻബർഗ്ഗിൽ തന്റെ ജോലിസ്ഥലമായ പള്ളിയുടെ സമീപം ഒരു ചെറിയ വീടു വിലയ്ക്കു വാങ്ങി തന്റെ താമസം അങ്ങോട്ടു മാറ്റുകയും ചെയ്തു.

അലക്സിനയുടെ സ്വഭാവം പാതിരിയുടെ പ്രകൃതിപോലെ നല്ലതല്ലായിരുന്നു. അവളുടെ ഉദാരത, നിസ്വാർത്ഥത മുതലായ ഗുണങ്ങൾക്കു വാർദ്ധക്യത്തിലും ഒട്ടുംതന്നെ കുറവു വന്നിട്ടില്ല. ആകൃതിയിൽ അലക്സിനക്കും സ്കാറൻസ്കിക്കും തമ്മിൽ, സ്ത്രീയും പുരുഷനുമെന്നുള്ള വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും മനസ്സിനെ സംബന്ധിച്ചേടത്തോളം അവർ തമ്മിൽ ഗണ്യമായ ഭേദമുണ്ടായി

ന്നു. താൻ വളരെ ഉപകാരംചെയ്ത സമയത്തോടു സ്നേഹമോ, ആയാളുടെ സൗജന്യത്തോടുള്ള കൃതജ്ഞതയോ, ആ വയോധികയ്ക്കില്ലായിരുന്നുവെന്നു പറഞ്ഞാൽ അവളുടെ ഹൃദയം എത്രമാത്രം കഠിനമായിരുന്നുവെന്നു വായനക്കാർ ഊഹിച്ചുകൊള്ളുമല്ലോ.

കാന്താരൻ അവിടെ എത്തിയപ്പോൾ അവളുടെ ആധിസൂചകമായ മുഖഭാവം കണ്ട് അലപ്പിനു പരിഭ്രമിച്ചു. എങ്കിലും കമാരിയുടെ ഉദ്വേഗത്തിന്നായ കാരണം മനസ്സിലായപ്പോൾ അവൾക്ക് ഒരു പുഞ്ചിരിയാണുണ്ടായത്. അവൾ പറഞ്ഞു: 'ഛെ, അതു സാരമില്ല. ഇങ്ങിനെ ഒക്കെ, സ്കൂറെൻസ്റ്റി പലപ്പോഴും പറയാറുണ്ട്. അതിനൊന്നിനും പ്രത്യേകം കാരണം വേണമെന്നില്ല. അത് അയാളുടെ ശീലം എന്നേയുള്ളൂ. എന്നെ തന്നെയല്ല. നീ പതിരിയുടെ മകനു മകളല്ലേ. നിന്നോടുള്ള വാത്സല്യംകൊണ്ടു പറഞ്ഞതായിരിക്കും.' ഈ സാന്ത്വനവാക്കുകളൊന്നും കാന്താരന്റെ ചെവിയിൽ കയറിയില്ല. അവൾ ചിന്തകൊണ്ട് അന്നു രാത്രിയുറങ്ങാതെ കഴിച്ചുകൂട്ടി.

പ്രഭാതമായപ്പോൾ കമാരി പടിവാതുക്കൽചെന്നു ചെവിയോർത്തു നില്ക്കുന്നതുകണ്ട് ഗൃഹനായിക അവളെ ശാസിച്ചു. 'ഇവിടെ വെള്ളം കോരിയിട്ടില്ല. ആഹാരത്തിനൊന്നും ഇതുവരെ അടുപ്പത്തു വെച്ചിട്ടില്ല. ഇതൊക്കെ ഞാൻ തന്നെയായാൽ മതിയെന്നായാണ്. നീ കൂടിവന്ന ജോലിയിൽ പങ്കുകൊള്ളാതെ ഇങ്ങിനെ വാതുക്കൽചെന്നു വെറുതെ നില്ക്കുകയാണോ വേണ്ടത്. കണ്ണുംകെട്ടി രസിച്ചു നില്ക്കുന്നോണോ സ്കൂറെൻസ്റ്റി നിന്നോടു ഇതൊക്കെ പറഞ്ഞയച്ചത്. കേട്ടോ ഞാൻ പറഞ്ഞത്.'

ഈ ശാസന കേട്ട കാന്താരൻ കണ്ണു തുടച്ചു, അലപ്പിനോടായോടു പറഞ്ഞു: 'എന്തിനാണിങ്ങിനെ എന്നെ ശകാരിക്കുന്നത്'. കാര്യം മനോർമ്മയായി ഉള്ള എവിടെയോ വെടി കേൾക്കുന്നുണ്ട്. മാർട്ടിൻബെറ്റ്ലിലാണെന്നു തോന്നുന്നു. അങ്ങിനെങ്കിൽ എന്താണോ അവിടത്തെ സ്ഥിതി.'

അലപ്പിനോടു ചോദി നല്ലതുപോലെ കേൾക്കാൻ പാടില്ലായിരുന്നതിനാൽ വെടിയുടെ ശബ്ദം ഇടിമുഴക്കംപോലെ മാത്രമെ അ

പറ്റുക തോന്നിയിരുന്നുള്ളൂ. ഇടിയല്ലെന്നു കാതറൈൻ ബന്ധിച്ചു പറഞ്ഞപ്പോൾ ആ വയോധിക അകത്തു ചെന്നു പലപ്രാവശ്യം, എത്തിനോക്കി ഇങ്ങിനെ പറഞ്ഞു: 'ഇന്നു ആഘോഷമാസം ഇരുപതാണല്ലോ തിയ്യതി. ചക്രവർത്തിയുടെ തിരുനാളിന്നല്ല. പിന്നെയെന്തിനാണു പീരങ്കിവെടി വെക്കുന്നത്. പീരങ്കിതന്നെയാണെന്നു നിനക്കു നിശ്ചയമുണ്ടോ?'

കാതറയിൻ കുറച്ചു നേരം ഗാഢമാലോചനയിൽ ലയിച്ചുനിന്നിട്ടശേഷം പകുതി ആത്മഗതമായിട്ടും പകുതി അലക്സീനയോടായിട്ടും ഇപ്രകാരം പറഞ്ഞു: 'ഇന്നലെ രാവിലെ അച്ഛൻ എന്നെ വിളിച്ചപ്പോൾ അച്ഛന്റെ മുഖം നന്നാ വാടിയിരുന്നു. എന്നെ ഇവിടെനിന്നു തിരികെ കൊണ്ടുപോകുവാൻ അച്ഛൻ താമസിക്കാതെ വരുമെന്നും അച്ഛൻ തന്നെ വന്നിട്ടു അങ്ങോട്ടു പോകാവുയെന്നും പറഞ്ഞു. അച്ഛൻ തന്നെയെന്നു് ഉറപ്പിച്ചുപറഞ്ഞതിന്റെ കാരണം എനിക്കു് അപ്പോൾ മനസ്സിലായില്ല. ഞാനൊന്നും മിണ്ടാതെ നിന്നപ്പോൾ, ദൈവമാണു നമ്മുടെ നിയന്താവെന്നും, ഈശ്വരേച്ഛ ആർക്കും തടുക്കുവാൻ കഴികയില്ലെന്നും അച്ഛൻ പറഞ്ഞു. വലിയ സങ്കടമുള്ളപ്പോഴേ അച്ഛൻ അങ്ങിനെ പറയാറുള്ളൂ. ഇതുകൂടാതെ എന്നെ പ്രതിയായിട്ടാണല്ലോ ഇങ്ങോട്ടയച്ചതും. വഴിക്കുവെച്ചു എന്നെയനുഗ്രഹിച്ചപ്പോൾ അച്ഛൻ ഉറക്കെ നിലവിളിക്കയും ചെയ്തു. ഹാ കഷ്ടം! എനിക്കു് ഇനി എന്റെ രക്ഷിതാവിനെ കാണുവാൻ ഇടയാകുകയില്ലയോ? ഞാൻ ഇങ്ങോട്ടു പോരേണ്ടായിരുന്നു. അയ്യോ, ഇതാ പിന്നെയും വെടി കേൾക്കുന്നുവല്ലോ.'

സന്താപംകൊണ്ടു വശയായ അവളുടെ കണ്ണുകളിൽനിന്നു കണ്ണുനീർ ധാരയായി ഒഴുകി. അലക്സീന, അവൾക്കു ഉറന്നരൊന്നു കരുതി അവളോടു പുച്ഛമായിട്ടു പറഞ്ഞു. 'എന്നും ചിരിച്ചുംകൊണ്ടിരിക്കുന്ന നീ ഇപ്പോൾ കരയുകയാണോ? നിന്റെ ഈ വക ചാപല്യങ്ങളൊന്നും എനിക്കു കാണേണ്ട. ന്യൂറൻസ്സി, കുറച്ചു വ്യസനത്തോടുകൂടിയായിരിക്കാം നിന്നെയിങ്ങോട്ടയച്ചതു്. അതുകൊണ്ടിത്ര കരയാനെന്താണു?'

'എന്തിനാണച്ഛൻ വെറുതെയെന്നെയിങ്ങോട്ടു വിട്ടതു?'

'എന്തിനാണെന്നോ? എന്നെ ശുശ്രൂഷിക്കാനായിട്ട്. എനിക്കു വയസ്സായിരിക്കയാണെന്ന് നിനക്കറിഞ്ഞുകൂടെ? അല്ലാതെ വെറുതെയിരിക്കുവാനല്ല നിന്നെയിവിടെ പറഞ്ഞയച്ചത്.

'എന്റെ പരിചര്യ അപ്പനും ആവശ്യമുണ്ടല്ലോ. അപ്പൻ അമ്മാവിയെക്കാൾ അധികം ഇളപ്പമല്ലല്ലോ.'

ഇതു കേട്ട് അലക്സിന കോപിച്ചു, 'നിനക്ക് എന്നെക്കാളധികം എന്റെ സഹോദരനോടാണ് സ്നേഹമെന്നു തോന്നുന്നു. അതു പാടില്ല. അതു തെറ്റാണ്' എന്നു പറഞ്ഞു.

ഈ വാക്കുകൾ കാതറൈനെ വളരെ കുണ്ഠിതത്തെയുണ്ടാക്കി. ആ വൃദ്ധയുടെ ശിലാകഠിനമായ മനസ്സിനെ മുഷിപ്പിക്കുവാനെന്നവണ്ണം തന്റെ കോമളങ്ങളായ നയനങ്ങൾ, കണ്ണുനീർ വർഷിക്കുന്നതിനിടയിൽ അവൾ പറഞ്ഞു. 'അമ്മാവി, അതെന്റെ പേരിലുള്ള ഒരു തെറ്റുതന്നെയാണെന്ന് എനിക്കറിയാം. പക്ഷെ ഞാൻ വിചാരിച്ചാൽ അതു മാറ്റുവാൻ നിവൃത്തിയില്ല. ഞാൻ ഒരു കുഞ്ഞായിരുന്ന കാലത്ത്' എന്നെ മുത്തുകൊടുത്തു ശുശ്രൂഷിച്ചതു? പിന്നീട് ഇതുവരെ ഒരു പിതാവിന്റെ നിലയിൽ എന്നെ ലാളിച്ചുവളർത്തിയതും അദ്ദേഹം തന്നെയാണല്ലോ. ആ സ്ഥിതിക്ക് എന്റെ സാക്ഷാൽ മാതാപിതാക്കന്മാർ ജീവിച്ചിരുന്നെങ്കിൽ അവരോടു ഞാൻ കാണിക്കുമായിരുന്ന പ്രതിപത്തി അദ്ദേഹത്തോടു കാണിക്കാതിരിക്കുന്നതെങ്ങിനെയാണ്? അമ്മാവിയെ ഞാനിതിനു മുമ്പു രണ്ടോ, മൂന്നോ പ്രാവശ്യമേ കണ്ടിട്ടുതന്നെയുള്ളു. അതുകൊണ്ടാണ് ഞാൻ അപ്പനെ സ്നേഹിക്കുന്നതുപോലെ അമ്മാവിയെ സ്നേഹിക്കാത്തത്. എന്റെ അപ്പന്റെ ജീവനെ രക്ഷിക്കുന്നതിന് എന്റെ ജീവനെപ്പോലും ബലികൊടുക്കുവാൻ ഞാൻ സദാ സന്നദ്ധയാണ്. അയ്യോ! ഇതാ പിന്നെയും വെടി കേൾക്കുന്നുവല്ലോ.'

നിഷ്ഠുരഹൃദയയായ അവളുടെ വാക്കു കേട്ട്, അലക്സിനയ്ക്കുപോലും അവളെ ശാസിച്ചതു കഷ്ടമായിപ്പോയിയെന്നു തോന്നി. ഇനിയുമവൾക്കു മനസ്താപത്തിനിടകൊടുത്താൽ സഹോദരനോടറിയിക്കുമെന്നു ശങ്കിച്ച് അടുക്കളയിലേക്കു പോയി. ആ അവസരത്തിൽ സംഭ്രമംകൊണ്ടു വളരെ ക്ഷീണിച്ച ഒരു യുവാവു വീട്ടിന്റെ മുൻവശത്തു

കതിരയെ നിറുത്തി പരിഭ്രമത്തോടുകൂടി അകത്തേയ്ക്കു കയറിച്ചെന്നു. അതു കുമാരിക്കു കണ്ടുപരിചയമുള്ള ഒരാളായിരുന്നു.

'അലക്സിസ് ഇവിടെയില്ലേ?'

'ഉണ്ട്' എന്നു പറഞ്ഞു കുമാരി അകത്തു പോയി. ഉടനെ അവനെ കൂട്ടിക്കൊണ്ടുവന്നു.

അലക്സിസ് — എന്താ പാവ്ലി വിശേഷം വല്ലതുമുണ്ടോ?

പാവ്ലി — വിശേഷമോ, എന്താണു പറയുന്നത്. മാരിൻബർഗ്ഗ് നഗരം റഷ്യൻമാരാൽ വളയപ്പെട്ടുകഴിഞ്ഞു. ഞാൻ തന്നെ കോട്ടയ്ക്കു വെളിയിൽ ഇറങ്ങുവാൻ വളരെ ഞെരുങ്ങി. വല്ല വിധവും പാവ്ലിയെന്നോടുള്ള പാതിരി കഴിഞ്ഞു തന്നയച്ചിട്ടാണ്'

അലക്സിസ് എഴുന്നു വാതില്ക്കൽ ചെന്നിരുന്നപ്പോൾ, പാവ്ലി പെൺകുട്ടിയോടു പറഞ്ഞു.

'കാതറൈൻ താനിനി ആശ്വസിക്കേ ചിന്തയും വേണ്ട. അപ്പനമ്മമാരും ബന്ധുക്കളുമായിപ്പാർത്തിരുന്നുകൊണ്ടു മാരിൻബർഗ്ഗിൽ ആരെല്ലാം മരിച്ചാലും, കാതറൈൻ മാത്രം അതുകൊണ്ടു ദുഃഖിക്കാനൊന്നുമില്ല?'

'ഇതിനൊന്നുമെന്നെ നിങ്ങൾ ധരിപ്പിക്കേണ്ടതു' എന്നു ആശ്ചര്യ പരിഭവഭാവമായ നോട്ടത്തോടുകൂടി കാതറൈൻ ചോദിച്ചു.

'എന്റെ ബന്ധുക്കളാരുമില്ലാത്തവൾക്ക് ആധിക്ക് ഒരിക്കലും വകയില്ലല്ലോ' അതു പോട്ടെ. അപ്പനമ്മമാരും നിങ്ങളുടെ ബന്ധുക്കളെയും അവിടെ വിട്ടുവെച്ചു പാവ്ലി എന്തിനാണിങ്ങോട്ടുപോന്നതു?

പാതിരി എന്നെ നിർബ്ബന്ധിച്ച് ഇങ്ങോട്ടു അയക്കയായിരുന്നു.

ഇനിയെന്തെല്ലാമാണു ചിട്ടത്തെ സ്ഥിതിയെന്നു ദൈവത്തിനേ അറിയാവൂ. ഞാനായിരുന്നെങ്കിൽ എന്തായാലും ശരി. അപ്പനെ വിട്ടേച്ചുപോരികയില്ലായിരുന്നു. ഇരിക്കട്ടെ. യുദ്ധം തുടങ്ങിയോ?

യുദ്ധമെന്നു പറഞ്ഞാൽ മതിയോ? വെടികേട്ടില്ലേ? റഷ്യൻഭടന്മാർ മാരിൻബർഗ്ഗ് നഗരം വെടിവെച്ചു തകർക്കയാണ്.

അയ്യോ അതു കണ്ടാൽ തന്നെ പേടിയാകും.

അയ്യോ എന്റെ പിതാവേ, എന്റെ രക്ഷിതാവേ എന്നു പറഞ്ഞ് ആ സാധുകുട്ടി എങ്ങലടിച്ചു കരഞ്ഞു.

അലക്സിസ എഴുത്ത് അവളുടെ പക്കൽ കൊടുത്ത് ഇതൊന്നു വായിച്ചുനോക്ക എന്നു പറഞ്ഞു.

കാതറൈൻ അതു വാങ്ങി, താഴെ കാണുന്നപ്രകാരം വായിച്ചു.

മാരിൻബർഗ്ഗ്, ൧൭൦൨. ആഗസ്റ്റ 20-ാംതു

പ്രിയസഹോദരി!

മാരിൻബർഗ്ഗനിവാസികൾക്ക വിചാരിച്ചിരിക്കാതെയുള്ള ഒരാപത്താണ ഇപ്പോൾ ഉണ്ടായിട്ടുള്ളത്. റഷ്യൻ സേനാധിപൻ ഒരു വലിയ പടയോടുകൂടി ഇന്നലെ അർദ്ധരാത്രിസമയം ഇവിടെ വന്നു ഭയങ്കരമായ പീരങ്കിപ്രയോഗം തുടങ്ങിയിരിക്കുന്നു.

കാതറൈനെ അലക്സിസതന്നെ നല്ലപോലെ രക്ഷിച്ചുകൊള്ളുന്നു. അവളെ അവിടെനിന്ന് എങ്ങും പോകുവാനയക്കരുത്. എന്റെ സ്വദേശത്തെ ശത്രുക്കളുടെ ആക്രമണത്തിൽനിന്നു രക്ഷിക്കേണ്ടത് എന്റെ കടമയാകയാൽ എനിക്ക യുദ്ധത്തിലേർപ്പെടാതെ കഴികയില്ല. ഒരു പക്ഷെ ഞാൻ യുദ്ധത്തിൽ മരിച്ചുപോകുന്നതായാൽ എന്റെ സ്വത്തു മുഴുവൻ ഞാൻ എന്റെ പ്രിയപുത്രിക്കായി സമർപ്പിച്ചിരിക്കുന്നു.

എന്ന സ്റ്റാൻസ്ലി.

എഴുത്തു തിരികെ അലക്സിസിനെ ഏല്പിച്ചശേഷം കാതറൈൻ തന്റെ ഉടുപ്പിന്റെ നാടകളെ കൂട്ടിക്കെട്ടി ഉറപ്പിച്ചുകൊണ്ടു 'എനിക്കിപ്പോൾ, മാരിൻബർഗ്ഗിൽ പോകണം. അച്ഛനെ കാണാതെ ഒരു നിമിഷംപോലും ഞാനിവിടെ ഇരിക്കയില്ല' എന്നു പറഞ്ഞു.

അലക്സിസ — നിനക്ക പേടിയില്ലേ, ഈ യുദ്ധസമയത്താണോ നീ ആ വലിയ പടയാളികളുടെ ഇടയിൽ ചെന്നുകയറുന്നത്?

പക്ഷെ യുദ്ധത്തിൽ കാതറൈൻ പോകുന്നതുകൊണ്ടുള്ള ഭയം കണ്ടിട്ടുണ്ടായിരുന്നില്ല. പാതിരിയെ ബോധിപ്പിക്കുവാനിത്രയും പറയുവാനേയുള്ളൂ.

അലക്സിസ എഴുത്ത് രണ്ടാമതുംകൂടി വായിച്ചുനോക്കി. ഈ പ്രാവശ്യം പാതിരി അവളുടെ മുഖത്തു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. എ

ഴത്തിന്റെ അന്ത്യഭാഗമായതോടുകൂടി നീരസമായ ഒരു പുച്ഛരസം അവളുടെ മുഖത്ത് ആവിർഭവിച്ചു. അലക്ഷ്മിയുടെ സ്വഭാവത്തെപ്പറി നല്ലതുപോലെയറിയാമായിരുന്ന ബാലൻ അനുകമ്പയോടുകൂടി രണ്ടുമൂന്നു പ്രാവശ്യം തന്റെ നേരെ നോക്കുന്നതു കാതറൈൻ കണ്ടുവെങ്കിലും അതിലന്തർഭവിച്ചിരുന്ന ഇംഗിതം, എന്താണെന്നു മനസ്സിലാക്കുന്നതിന് അവൾക്കു കഴിഞ്ഞില്ല. സഹോദരന്റെ സ്വത്തിന്റെ അനന്തരാവകാശം കാതറൈനാണെന്നു പ്രസ്താവിച്ചിരുന്ന വാക്യം വായിച്ചപ്പോൾ അന്ന് ആ വൃദ്ധയുടെ മുഖത്തു ഭാവഭേദം വന്നതെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ.

നിനക്കു പേടിയില്ലേ? എന്നു വൃദ്ധ വീണ്ടും ചോദിച്ചപ്പോൾ 'എന്തു ചെയ്യും എന്റെ അച്ഛനെ രക്ഷിക്കണം. ആ കാര്യത്തിൽ എനിക്ക് അശേഷം ഭയമില്ല' എന്നായിരുന്നു ആ ധീരകുമാരിയുടെ ഉത്തരം.

'എന്നാൽ ഞാൻ പോകുന്നു' എന്നു ഗൂഢരോഷോദ്യോതകമായ സ്വരത്തിൽ അലക്ഷ്മിയോടു പറഞ്ഞു, കാതറൈൻ വാതുക്കൽ നിന്നിരുന്ന ചാളിന്റെ കുതിരയുടെ പുറത്തു ചാടിക്കയറി.

ഈ ധീരകൃത്യംകണ്ട് അതിശയിച്ച് അലക്ഷ്മിയും ചാളും സ്തബ്ധരായി നില്ക്കുന്നതിനിടയ്ക്കു കുതിര കൊണർകട്ടിയേയും കൊണ്ട് അവരുടെ ദൃഷ്ടികളിൽ നിന്നു മറഞ്ഞു.

—:o:—

☞ സ്ഥലദൗർലഭ്യത്താൽ 'മലയാളത്തിലെ ഗദ്യരചന'യുടെ തുടർച്ച അടുത്ത ലക്കത്തിലേക്കു നീക്കിവെച്ചിരിക്കുന്നു.

മം. പ.

മംഗളോദയം കമ്പനി

തൃശ്ശിവപേരൂർ.

1060-ലെ 1-ാം റെഗുലേഷനായ കൊച്ചി കമ്പനി റെഗുലേഷനനുസരിച്ച് റജിസ്റ്റർ ചെയ്യപ്പെട്ടത്.

മൂലധനം ഉറുപ്പിക 1,00,000

ഇത് ദ്രവ്യമായ ഷെയർ 1-ക്ക് 10 ഉറുപ്പിക വീതം 10,000

ഷെയറുകളായി ഭാഗിച്ചിരിക്കുന്നു.

ഡയറക്ടർമാർ.

1 മഹാരാജശ്രീ കൊച്ചി 9-ാംകൂർ രാജാവ് അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
2 ബ്രഹ്മശ്രീ എം. കെ. ടി. കെ. എം. ചെറിയ നാരായണൻ നമ്പൂതിരിപ്പാട് അവർകൾ
3 ,, [illegible] വാസുദേവൻ നമ്പൂതിരിപ്പാട് ,,
4 ,, കരിയന്നൂര് [illegible] വാസുദേവൻ നമ്പൂതിരി ,,
5 ,, ചെറുപ്ലാശ്ശേരി പരമേശ്വരൻ നമ്പൂതിരിപ്പാട് ,,
6 മ. രാ. രാ. [illegible] കവളപ്പാറ മൂപ്പിൽ നായര് ,,
7 ,, കൊല്ലങ്കോട്ട് [illegible] ,,
8 ,, ടി. സി. കുഞ്ഞുമേനോൻ ,,
9 ,, എ. കെ. [illegible] ,,

ആഡിറ്റർ—ടി. [illegible].

ലീഗൽ അഡ്വൈസർ—ടി. കെ. [illegible] അവർകൾ ബി.എ., ബി.എൽ., ഗവർമ്മെണ്ട് വക്കീൽ, തൃശ്ശിവപേരൂർ

മാനേജർ—ടി. [illegible]മേനോൻ.

കമ്പനിയുടെ പ്രധാന ഉദ്ദേശങ്ങൾ.

1 [illegible] ഉപകാരപ്രദങ്ങളും, [illegible], ഇതുവരെ അച്ചടിക്കാത്തവയുമായ വിവിധവിഷയങ്ങളിലുള്ള സംസ്കൃതപുസ്തകങ്ങളും മലയാളപുസ്തകങ്ങളും, [illegible] അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതിനും, മറ്റു പുസ്തകങ്ങളും [illegible] അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതിനും അച്ചടിസംബന്ധമായിട്ടുള്ള [illegible] മുതലായ പ്രവൃത്തികൾ [illegible] നടത്തുന്നതിനും [illegible] കമ്പനിവകയായ [illegible] അച്ചടിച്ചു [illegible].

2 [illegible] മലയാളത്തിലും, ഇംഗ്ലീഷിലും [illegible] സകല അച്ചടിപ്രവൃത്തികളും [illegible] നടത്തുന്നതിനും [illegible] (ബുക്കുബൈൻഡിങ്ങ്) [illegible] വ്യാപാരം നടത്തുകയും ചെയ്യുക.

3 [illegible] മാസിക [illegible] ഉദ്ദേശങ്ങൾ ഉൽകൃഷ്ടരീതിയിൽ [illegible] പ്രസിദ്ധപ്പെടുത്തി നടത്തുകയും ചെയ്യുക.

4 [illegible] പുസ്തകങ്ങൾ [illegible] അച്ചടിച്ചും കമ്പനി വക [illegible] പ്രസിദ്ധപ്പെടുത്തുക.

ഷെയറുകൾ ഇനിയും വില്പാനുണ്ട്. ഷെയർ [illegible] ഇഷ്ടപ്പെടുന്നവർ [illegible] മാനേജർക്ക് അറിവുകൊടുക്കേണ്ടതാകുന്നു.

PRINTERS AND PUBLISHERS—THE MANGALODAYAM CO., LTD., TRICHUR.

മംഗളോദയം

൧൦൮൮ കുംഭം.

മംഗളം.

നാളീകോത്ഭവമുഖ്യവേദ്യാപദനതകർമ്മ-
വ്യാജമനോദോഷതാപോ-
ദ്ധൂതവ്യാപാരനൈശല്യതാനിഷ്ഠകൃപാ-
സാരപൂരംദധാനാ
കാദംബാമന്ദയാനാകലയതു കുശലം
കാമദാഭക്തനാനാ
കാദംബാമണ്യാവാടീവിഹരണരസികാ
കാപികാദംബിനീവഃ.

പൌണ്ഡ്രകവധം

കഥകളിയുടെ വ്യാഖ്യാനം.

സംഗീതസാഹിത്യങ്ങളിൽ ഒന്നുപോലെ നിപുണനായിരുന്ന അശ്വതിതിരുനാൾ തമ്പുരാൻ തിരുമനസ്സിലെ കേളികേട്ട കഥകളി



പ്രബന്ധങ്ങളിൽ അതിപ്രധാനമായതൊന്നാണു പൌണ്ഡ്രകവധം എന്ന നൃത്യനാടകം. മനോജ്ഞങ്ങളായ ശബ്ദാർത്ഥാലങ്കാരങ്ങളാൽ അലംകൃതമായ ഈ പ്രബന്ധം വിദ്യാർത്ഥികൾക്കു പാഠ്യപുസ്തകമായി സ്വീകരിച്ചിട്ടുള്ളതു വളരെ ഉചിതമായിട്ടുണ്ട്. വിദ്യാർത്ഥികളെ സാഹിത്യരസികന്മാരാക്കുന്നതിനു ഈ പ്രബന്ധം അത്യന്തം പ്രയോജനീഭവിക്കുന്നതാകുന്നു. ഇതിനെപ്പറ്റി ഈ ശ്രേഷ്ഠകൃതി

ക്ക ഇയ്യിടെ, കെ. കൊച്ചുണ്ണിത്തമ്പുരാൻ എന്നൊരാളാൽ ഒരു വ്യാഖ്യാനമെഴുതിക്കാണുക ഉണ്ടായി. മൂലത്തിന്റെ അർത്ഥത്തിനും, സ്വാരസ്യത്തിനും കോട്ടവും കുറവും വരുത്തുന്ന ഈ വ്യാഖ്യാനത്തെപ്പററി രണ്ടു വാക്കു പറയുന്നതു അത്യാവശ്യകമായിത്തോന്നുന്നു.

സാധാരണ വ്യാഖ്യാനങ്ങളുടെ പ്രയോജനം മൂലാർത്ഥത്തെ മുഴുവൻ വെടിപ്പായി വെളിപ്പെടുത്തുക എന്നുള്ളതാണെങ്കിൽ മിസ്റ്റർ തമ്പുരാന്റെ വ്യാഖ്യാനത്തിനു അതു പോരെ പോരാത്തുകൂടുന്നതല്ലെന്നു തീർത്തുപറയാം. മൂലത്തിനു വിരുദ്ധമായും, അസംഗതമായും, അപൂർണ്ണമായും ഉള്ള വിവരണങ്ങളുടങ്ങിയിട്ടുള്ള ഈ വ്യാഖ്യാനം അതതു ശ്ലോകത്തിന്റെ മാഹാത്മ്യത്തെ മലിനീകരിക്കുകതന്നെ ചെയ്യുന്നുണ്ട്. ഒരു ഗ്രാമവിദ്യാലയത്തിലെ ബാലവിദ്യാർത്ഥിക്കുപോലും പിഴ കണ്ടുപിടിക്കത്തക്കവണ്ണം അത്ര അപൂർണ്ണമായിട്ടുള്ള ഈ വ്യാഖ്യാനം എഴുതുന്നതിനുവേണ്ടി ചിലവഴിച്ച സമയത്തെ വ്യാഖ്യാതാവു വേറെ ഏതെങ്കിലും അറിയാവുന്ന ഒരു തൊഴിലിനായി വിനിയോഗിച്ചിരുന്നുവെങ്കിൽ അതു അദ്ദേഹത്തിനും വിദ്യാർത്ഥികൾക്കും ഒരുപോലെ ഉപകാരകമായിത്തീരുമായിരുന്നു. ഇനി പറഞ്ഞിട്ടു ഫലമില്ലല്ലൊ. പരപ്രത്യയനേയബുദ്ധികളായുള്ള വായനക്കാർ മാത്രം തെററിദ്ധരിക്കാതിരിക്കുന്നതിനുവേണ്ടി തമ്പുരാൻ അവർകളുടെ വ്യാഖ്യാനത്തിലുള്ള ഏതാനും അപശബ്ദങ്ങളെ സ്ഥാലീപുലാകന്യായേന ഇവിടെ നിർദ്ദേശിച്ചുകൊള്ളുന്നു.

'താരുണ്യപ്രഭവവിലാസഭാവഭൂമം' എന്നാദിയായ ദ്വിതീയപദ്യത്തിലുള്ള 'സ്മേരസ്മേരം' എന്ന പദത്തെ അടിസ്ഥാനമാക്കി തമ്പുരാൻ അതിൽ സ്മരണാലങ്കാരത്തെ സമർത്ഥിക്കുന്നു. 'സദൃശാനുഭവാദ്വസ്തുസ്മൃതിഃ സ്മരണമുച്യതേ' എന്ന അലങ്കാരലക്ഷണമനുസരിച്ച് സാദൃശ്യമൂലകസ്മരണം വർണ്ണിതമാകുന്ന സ്ഥലങ്ങളിൽ മാത്രമേ 'സ്മരണാ'ലങ്കാരത്തിനു പ്രസക്തിയുള്ളു. പ്രകൃതത്തിലെ ശ്ലോകസ്ഥമായ സ്മരണം സാദൃശ്യമൂലകമല്ലെന്നു കൊച്ചുകുട്ടികൾക്കുപോലും സുഗ്രഹമാണ്. ഒരു സ്നേഹിതനെപ്പററി ഓർമ്മിച്ചാലും, കളിപ്പിക്കുന്നതിനെ ഓർമ്മിച്ചാലും മററും സ്മരണാലങ്കാരമുണ്ടാകുന്നപക്ഷം ഇനി അലങ്കാരങ്ങൾക്കു വല്ല പഞ്ഞവുമുണ്ടോ? കവിതാവനിതയെ ചിരി

പ്രവലിപ്പം വശപ്പെടുത്തുവാനായി പരിശ്രമിക്കുന്ന ചില കേരളീയ കവികളോടൊന്നാകെ അലങ്കാരനിർമ്മാണവിഷയത്തിൽ തമ്പുരാൻ ചെയ്തിട്ടുള്ള ഈ നവീനമാർഗ്ഗം തീർച്ചയായും ആശ്വാസജനകമായിത്തീരുമെന്നു വേണ്ടുവോളം പ്രസ്താവിക്കാം. തമ്പുരാൻ അവർക്കും തന്റെ അഭിപ്രായത്തിൽ ഈ വ്യാഖ്യാനത്തെ അഭിമാനപൂർവ്വകം അനന്യസാധാരണപ്പുറത്തെക്കയും സ്വർണ്ണാലങ്കാരത്തിന്റെ ചമൽക്കാരം അറിയുന്നവരായിരിക്കാമെന്നല്ലാതെ ഇത്തരം കൃത്രിമപ്രയോഗങ്ങളെപ്പറ്റി എന്തു പറയാനാണ്! സ്വർണ്ണാലങ്കാരത്തിന്റെ ജീവൻ മറ്റൊരു സൌന്ദര്യത്തിലാണ് കിടക്കുന്നതെന്ന തമ്പുരാൻ ധരിച്ചിട്ടില്ലെങ്കിൽ അതിൽ ആരും ആശ്ചര്യപ്പെടേണ്ടതില്ല.

'നീതിവിലാപനം' എന്നതിനു നീതിവിഷയമെന്ന അർത്ഥം വ്യാഖ്യാനിച്ചതു നീതിയായില്ലെന്ന വിലാപനം ചെയ്യുന്നവരുടെ സന്തോഷം തമ്പുരാനു ആവശ്യമില്ല. വിലാപനം എന്നതിനു വിഷയം എന്ന അർത്ഥം ഈ വ്യാഖ്യാതാവിന്റെ നവീനനിഘണ്ടുവിൽ മാത്രമേ ഉള്ളൂ. 'വിലാപന'ത്തിനു 'വിചിന്തനം' എന്നാണ് ശരിയായിട്ടുള്ള അർത്ഥം.

'പ്രഹൃഷ്ടാശയാഃ' എന്നതിലെ 'പ്രഹൃഷ്ട' എന്നതിനു 'സന്തോഷിപ്പിക്കപ്പെട്ട' എന്നർത്ഥം പറഞ്ഞതു വിചാരത്തെ ഒട്ടും സന്തോഷിപ്പിക്കുന്നതല്ല. പ്രഹൃഷ്ടത്തിനു സന്തോഷിച്ചത് എന്നേ അർത്ഥമുള്ളൂ. 'വിലോകതേ' എന്ന ക്രിയയുടെ ലകാരം 'ലിട്' ആണെന്നും, കാലം ഭൂതമാണെന്നും സിദ്ധരൂപം പഠിക്കുന്ന ഒരു കുട്ടിപോലും പറയുമെന്ന തോന്നുന്നില്ല. ലകാരങ്ങൾകൂടി അറിയാത്തവർ വ്യാഖ്യാനമെഴുതുവാൻ പുറപ്പെടുന്നതു നിരങ്കുശതയാണെന്നതിൽ അറിവുള്ളവർ അതിന്റെ നേരെ കണ്ണടക്കുകയുമില്ല. വിലോകതേ (ല. ആ. ഉ. ഏ.) എന്നതിനു 'കാണുന്നു' എന്നാണ് അർത്ഥം, 'കണ്ടു' എന്നല്ല എന്ന ഇതിനിടയിലും തമ്പുരാൻ ധരിച്ചാൽ കൊള്ളാം.

'പികാഞ്ചിതരവമുഖരം' എന്നതിനു, 'പികങ്ങളുടെ അഞ്ചിതമായ രവം മുഖരം' എന്ന വ്യാഖ്യാനിക്കുന്നതിലെ അഭിജ്ഞതയെ ഇവരെപ്പറ്റി പറയുന്നതു തന്നെ ലജ്ജാവഹമായിരിക്കുന്നു. പിക

ങ്ങളുടെ അഞ്ചിതമായ ഭാവംകൊണ്ടു ദുഃഖം എന്നു വേണം വ്യാഖ്യാനിക്കുവാൻ. ഏകവചനവിശേഷ്യത്തിനു ബഹുവചനവിശേഷണം കൊടുക്കുന്ന സമ്പ്രദായം തമ്പുരാനാൽ ഒന്നാമതായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. 'ഘനമദമധുകര'ത്തിനു, 'ഘനമായും മദമായും ഇരിക്കുന്ന മധുകരം' എന്നു വ്യാഖ്യാനം ചെയ്ത വ്യാഖ്യാതാവിന്റെ 'ഘനമായിരിക്ക'ൽ കേമം തന്നെ. ഘനമായ മദത്തോടുകൂടിയ മധുകരം എന്നിങ്ങിനെയാണ് വിഗ്രഹിക്കേണ്ടത്.

'വാത്യാഭിഘാതം' എന്നാൽ, കൊടുങ്കാററടി എന്നാണർത്ഥം. കൊടുങ്കാററിനാൽ അടിക്കപ്പെട്ടത് എന്ന തമ്പുരാന്റെ അർത്ഥം അദ്ദേഹത്തിനു മാത്രമേ യോജിക്കയുള്ളു.

'ഇന്ദ്രമണിമേചകാവയവം' എന്നതിനു 'ഇന്ദ്രനീലക്കല്ലുകൊണ്ടു തടിച്ച അവയവത്തോടുകൂടിയവൻ' എന്നർത്ഥം ശരിയാകണമെങ്കിൽ മനുഷ്യർ മരംകൊണ്ടും കല്ലുകൊണ്ടും കൊത്തിയുണ്ടാക്കപ്പെടുന്ന കൃത്രിമപ്രാവുകളായിരിക്കണം. മേചകം എന്നതിനു 'തടിച്ച' എന്നുള്ള അർത്ഥവിവരണം ഏതായാലും ഒരു തടിച്ച തലച്ചോറിൽനിന്നു പുറപ്പെട്ടതായിരിക്കുവാനേ തരമുള്ളു. ഇന്ദ്രമണി (ഇന്ദ്രനീലക്കല്ലു) പോലെ മേചക (കറുത്ത)മായ അവയവമുള്ള എന്നാണതിന്റെ ശരിയായ അർത്ഥം എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. 'ദുസ്സഹായ'ത്തിനു 'വിഷമം' എന്നർത്ഥം കൊടുത്തതു ഭാഷാപണ്ഡിതന്മാർ വിചാരിച്ചാലും ദുസ്സഹ (സഹിപ്പാൻ കഴിയാത്തതു)മായിട്ടാണ് ഇരിക്കുന്നത്. 'പന്നഗചമൂകക്ഷ'ത്തെ 'പന്നഗചമൂക്കളുടെ കക്ഷം' എന്നിങ്ങിനെ വിഗ്രഹിച്ചർത്ഥം പറഞ്ഞിട്ടു, അതിന്റെ അർത്ഥത്തെയും അലങ്കാരത്തെയും ഒന്നിച്ചു കൊന്നുകളഞ്ഞിരിക്കുന്നു. പന്നഗചമൂവാകുന്ന കക്ഷം (സർപ്പസൈന്യമാകുന്ന ഉദ്യാനം) എന്നു വേണം വിഗ്രഹിക്കുവാൻ എന്നു മനസ്സിലാക്കാത്ത തമ്പുരാന്റെ പാണ്ഡിത്യത്തെ പുകഴ്ത്തുന്നതിനെനിക്കു 'ത്രപമില്ല'. കോപിക്കുക എന്ന ക്രിയ അകർമ്മകമാണെന്നു മനസ്സിലാക്കാത്ത തമ്പുരാൻ 'ക്രുദ്ധ'ശബ്ദത്തിനു 'കോപിക്കപ്പെട്ട' എന്നർത്ഥം വിവരിച്ചതിൽ അദ്ദേഹത്തോടു ആരും കോപിക്കേണ്ടുന്ന ആവശ്യമില്ല.

'കേളീശൈലമിവാസുരോ വജ്രഭിന്നസമുത്ഥിതൈ-

രനന്തരഗുരുകല്പൈരനന്തരം [illegible]'.

എന്ന പദ്യാർദ്ധത്തിലെ 'അനന്തരം' എന്നതിനു 'അതിനുശേഷം' എന്നാണ് വ്യാഖ്യാതാവു അർത്ഥം ധരിച്ചുവച്ചിരിക്കുന്നത്. 'അനന്തരം, വജ്രഭിന്നസമുത്ഥിതങ്ങളായ ശൈലങ്ങളെക്കൊണ്ടു അനന്തരത്തെ കല്പയന്നായിട്ട്' എന്നിതിനു അർത്ഥമില്ലാതെ അതിനൊരന്വയവും കാണിച്ചിട്ടുണ്ട്. 'അനന്തരത്തെ അനന്തരമാക്കി (അന്തരം = അവകാശം, ഇട ഇല്ലാത്തതു = നിബിഡം) കല്പയന്നായിട്ട്' എന്നിതിനു 'അനന്തര'ത്തെ 'അനന്തര'ത്തിന്റെ വിധേയവിശേഷണമായിട്ടാണ് അന്വയിപ്പിക്കേണ്ടതെന്നും, അതിനെയല്ലാത്ത അന്വയം അനന്വയമാണെന്നും അറിയാൻ മനസ്സില്ലാതെ കണ്ടിരിക്കുന്നു. '[illegible]'ത്തിനു [illegible] എന്ന വിവരണത്തെക്കാൾ [illegible] യിട്ടുള്ള [illegible] എന്ന വിവരണമാണ്.

'[illegible]

[illegible]

[illegible]

[illegible]'

ഇതിലെ [illegible] പൂർവ്വാർദ്ധത്തിലുള്ള '[illegible]' [illegible] എന്നാൽ '[illegible]' എന്ന ദീർഘമായ സമസ്തപദത്തെ, '[illegible]' എന്ന ആകാരാന്തത്തിൽ മുറിച്ചുകാണുന്നത് അല്ല [illegible]. '[illegible]' എന്നു മുറിച്ചിട്ട്, പിന്നീടു '[illegible]' എന്നിതിനോടുള്ള അകാരത്തോടുകൂടിയ പാഠം എന്തിനെ [illegible] ചോദിച്ചിട്ടാവശ്യമില്ല. അകാരം [illegible] കിട്ടി എന്ന് [illegible] '[illegible]' എന്നിതിനെ വിഗ്രഹിക്കേണ്ടുന്ന വ്യാഖ്യാതാവിനു നിശ്ചയമില്ലാത്തത് [illegible] അല്ല.

'[illegible]' എന്ന പദത്തിനു 'അതിശയേന [illegible] ചൊല്ലപ്പെടുന്ന' എന്ന അർത്ഥം കാണിച്ചതു കാരണമായും, '[illegible]

ത്തകലവിമുഖാനാം ധുത്ഥതാമെയനാമെന്നു’ എന്ന പൂർണ്ണസരസ്വതി പറഞ്ഞതുപോലെ ഒരു ദുരന്വയം ചെയ്യുകതന്നെ വേണ്ടിയിരിക്കുന്നു. ഉത്ഥാനം ചെയ്യുന്നത് എന്നർത്ഥമല്ലാതെ, ഉത്ഥാനം ചെയ്യപ്പെടുക എന്ന പറയണമെങ്കിൽ ഉത്ഥാനക്രിയ സകർമ്മകക്രിയയായിരിക്കണമെന്ന ‘ഗുരുപ്പള്ളിക്കൂടം പിള്ളർ’ക്കു പോലും അറിവുള്ളതാണല്ലോ. ‘വിശ്വപ്രമോഹക’ത്തിന ലോകത്തെ മോഹിപ്പിക്കുന്നതെന്നാണു ശരിയായ പദാർത്ഥം പറയേണ്ടത്? ‘ലോകമയകരം’ എന്ന തന്മാത്രന്റെ അർത്ഥം ‘അത്ഭുതം’കൊ ആകയുള്ളു. ‘പ്രമഥപരിവൃഢ’ന്നു ‘പ്രമഥശ്രേഷ്ഠരാകുന്ന പരിവൃഢന്മാർ’ എന്ന വിവരിച്ചതല്ലേ ബാലിശം?

‘സമ്യക്‌ശൌച്യ’ എന്നതിന്ന ‘ഉടനെ നിശ്ചയം’ എന്ന അർത്ഥം കല്പിച്ചിട്ടുള്ള വ്യാഖ്യാതാവിന്റെ ആ ക്ലിപ്തത കടന്നുപോയി എന്ന പറയാതിരിപ്പാൻ തരമില്ല. മലയാളത്തിലുള്ള ‘ക്ലിപ്ത’മല്ല, സംസ്കൃതത്തിലെ ക്ലുപ്തമെന്ന വ്യാഖ്യാതാവു മനസ്സിലാക്കിയിട്ടില്ലെന്ന തോന്നുന്നു. സംസ്കൃതക്ലുപ്തത്തിന്ന ‘കല്പിക്കപ്പെട്ടതു’ എന്നാണർത്ഥം. മലയാളത്തിലെ ‘ക്ലിപ്ത’ത്തെയാണു വല്ലാതെ ഉദ്ദേശിച്ചിട്ടുണ്ടെന്നൂഹിക്കേണ്ടിയിരിക്കുന്നു.

> ‘ഹൈമൈരംശൈഃ ശതകോടിരക്ഷിതംപദ്മാകരണ്ടാമമൽ
> സാമോദം വിഹിതാഭോഗസാരാജതാവിസ്തൃതം പത്മം ശരശ്ശതം
> സൂര്യോദയസമയേ നന്ദനവനസംഭൃതകൃത്യാനാം
> വൈകുണ്ഠസ്യ പദാരവിന്ദസദനം ചക്രേണ ചക്രപാണിം’.

ഉല്ലാസഭൂഷിതമായ ഈ പദ്യത്തിലെ ഏതുമായ സ്വാരസ്യം വ്യാഖ്യാതാവിന്റെ ഹൃദയത്തിനെ സ്പർശിക്കപോലും ചെയ്തിട്ടില്ല. സുദർശനചക്രത്തിന്ന സൂര്യനോടു സാദൃശ്യം എന്തെല്ലാ സംഗതികളിലാണെന്ന ആലോചിച്ച മനോജ്ഞതക്ക് ക്ഷമയും വാസനയുമുള്ളവർ ആ ലോലി നിരൂപിച്ചുകൊള്ളട്ടെ എന്നായിരിക്കാം ആശയത്തിന്റെ ഭാവം. ‘പദ്മാകര’ത്തിന്ന ‘പത്മിനിയുടെ കരം’ എന്നുള്ള ഒരു അർത്ഥം മാത്രം എടുത്താൽ പോരാ. പദ്മാകരം=താമരപ്പൊയ്ക എന്നുകൂടി അർത്ഥം പറയണം. പദ്മാകരത്തിന്റെ അംബുജകോശങ്ങളെക്കൊണ്ടുള്ള അർഘ്യം സുദർശനത്തിനെപ്പോലെ സൂര്യന്നുമുണ്ടല്ലോ. അതു

കൊണ്ടു അതു വിശേഷണത്തെ സൂര്യനിലും അന്വയിപ്പിക്കണം. വിഷ്ണുപദത്തിനു, വിഷ്ണുചരണം എന്നതുകൂടാതെ, ആകാശം എന്നൊരർത്ഥമുള്ളതും പ്രകൃതത്തിൽ അനുസന്ധേയമാകുന്നു. വിഷ്ണുപദമെന്നും സൂര്യനെന്നുമുള്ളതിനാൽ തദ്വാചകപദത്തെയും സൂര്യനോടു സംബന്ധിപ്പിക്കണം. ചക്രത്തിനു സൂര്യനോടുള്ള സാമ്യം ശ്ലിഷ്ടങ്ങളായ, 'പദ്മാകര' 'വിഷ്ണുപദ'ങ്ങളിൽനിന്നാണ ഗമ്യമാകുന്നത്. ശ്ലേഷോത്ഥാപിതമായ ഉപമാലങ്കാരമാണ് ഈ പദ്യത്തിന്റെ ഹൃദ്യതക്കു ഹേതുവായിരിക്കുന്നത്. ഇത്രത്തോളമെല്ലാം വ്യാഖ്യാതാവു ചൂണ്ടാണിയാക്കി ബുദ്ധിമുട്ടിയിട്ടില്ല. ശ്ലോകസന്ധാനത്തിൽ ചെറുപ്പം മട്ടപ്പം ഉണ്ടാകുന്നതു സാധാരണമാണല്ലോ.

വ്യാഖ്യാനമെഴുതുന്നതു മൂലാശയം വെളിപ്പെടുത്തി പാഠകന്മാരായ വായനക്കാരെ അറിവുള്ളവരാക്കിത്തീർക്കാനാണെങ്കിൽ തമ്പുരാൻ അവർകളെ ഇനിമേലിൽ ഈ വേലക്കു പുറപ്പെടാതിരുന്നാൽ കൊള്ളാമെന്നു അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. പേരു നേടുന്നതിനാണെങ്കിൽ, ആ പേര നിലനില്ക്കുന്നതിന്നു തക്കതായുള്ള അംശം ഈ ലോകമെല്ലാം പരക്കെയറിയിരിക്കുന്നു. മററുള്ളവരെല്ലാം അത്രത്തോളം മന്ദന്മാരാണെന്നു വന്നാലേ അതിന്നു ഭയപ്പെടേണ്ടതുള്ളു. പാഠ്യപുസ്തകത്തിന്നു വ്യാഖ്യാനമെഴുതിയാൽ, പണം കിട്ടുമെന്ന പ്രലോഭനമാണ് ഇതിലേക്കു വ്യാഖ്യാതാവിനെ പ്രേരിപ്പിച്ചതെങ്കിൽ ആ പ്രലോഭനത്തോടു ആരാണ് അസൂയ ജനിക്കാതിരിക്കുക! അവസാനമായി തമ്പുരാനോടു പറയുന്നതായുള്ളതു താഴെ എഴുതുന്ന പദ്യത്തിന്റെ അർത്ഥം എങ്ങിനെയെങ്കിലും മനസ്സിലാക്കിയാൽ കൊള്ളാമെന്നാണ്.

'സുകവിവചസിപാഠാന്ന്യപാകൃത്യമോഹാ-
ദ്രസഗതിമപഹായപ്രായശസ്തദ്വിധായ
വിബുധവരസമാജേവ്യാക്രിയാകാമുകാനാം
ഋതകവിമുഖാനാംസ്പഷ്ടതാനയനാദ്യ.'

കൗണ്ഡിന്യൻ.

ചരിത്രശകലങ്ങൾ.

സഭാമഠങ്ങൾ:— മലയാളത്തിലെ പതിനെട്ടു സഭാമഠങ്ങൾ സുപ്രസിദ്ധമാണല്ലോ. ഇവയിൽ എല്ലാറ്റെക്കാളും പ്രധാനസ്ഥാനത്തെ വഹിച്ചിരുന്നതു തൃക്കണാമതിലകത്തെ മഹാസഭാമഠമായിരുന്നു. പണ്ടു കേരളത്തിൽ സംഘക്കരണം നടപ്പുണ്ടായിരുന്ന കാലത്ത് ഈ സഭാമഠങ്ങൾ സംഘക്കരണത്തിനുള്ള സമ്മേളനസ്ഥലങ്ങളായിരുന്നു. എന്നിട്ടും കാലാന്തരത്തിൽ അവ വെറും ശാസ്ത്രപാഠശാലകൾ മാത്രമായിത്തീർന്നു. തൃക്കണാമതിലകത്തെ സഭാമഠം ഒരു കാലത്തു മഹാവിദ്വാന്മാരുടെ ശാസ്ത്രവാദങ്ങൾക്ക് ഒരു സങ്കേതമായിരുന്നു. മീമാംസാദിശാസ്ത്രങ്ങളിൽ വിദഗ്ദ്ധന്മാരായ പണ്ഡിതന്മാർ അവിടെയാണു ശാസ്ത്രവാദങ്ങൾ നടത്തിയിരുന്നത്. ഇപ്പോൾ ഇതെല്ലാം നശിക്കുകയും 'സഭാമഠങ്ങൾ' എന്ന മഠങ്ങൾ ആ പേരിന് ഒരു യോജിപ്പുമില്ലാത്തവിധത്തിലായിത്തീരുകയും ചെയ്തിരിക്കുന്നു.

* * * *

'കോല്പ്പുറത്തോളം മേലെ കോതാമ്മൂരിലെ അപ്പ്':— ഇതു കേരളത്തിൽ ധാരാളം നടപ്പുള്ള ഒരു പഴമൊഴിയാണ്. എന്നാൽ ഈ പഴമൊഴിയുടെ രസം വല്ലവട്ടും മനസ്സിലാവണമെങ്കിൽ കേരളത്തിലെ പഴയ ചരിത്രം അറിയേണ്ടിയിരിക്കുന്നു. പഴമൊഴികൾ എല്ലാം ഓരോ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഉണ്ടായവയാണല്ലോ. ഈ പഴമൊഴിയുടെ അടിസ്ഥാനം തിരുനാവായ മാമാങ്കമാകുന്നു. സാമൂതിരിപ്പാടു മാമാങ്കത്തിൽ പെരുമാളായി വാണാൽ ചാവേർ പണിക്കന്മാർ യുദ്ധം തുടങ്ങുകയും, അവർ മരിക്കുന്നതുവരെ യുദ്ധം ചെയ്യുകയും പതിവായിരുന്നു. അവർ മരിച്ചാൽ 'കോതാമ്മൂരിൽ' എന്ന സ്ഥലത്തു ചെന്നു വിളിച്ചുപറകയും, അവിടെ ആ ഗ്രാമക്കാർ ആർക്കുകയും പതിവായിരുന്നു. ഈ അപ്പു ചാവുന്നതിലും അധികം അപമാനമായി ഗണിച്ചുപോന്നതിനാലാണ മേല്പറഞ്ഞ ചൊല്ലുണ്ടായത്. 'കൊന്നതിനെക്കാൾ കോതച്ചിറ്റൂൽ ചെന്നു വിളിക്കുന്നതു ബഹുദുഃഖം' എന്നു കുഞ്ചൻനമ്പ്യാർ എഴുതിയിരിക്കുന്നു.

കാതറൈൻ.

മൂന്നാം ഭാഗം.

സൂര്യാസ്തമയം സമീപിച്ചപ്പോൾ വളരെ ദൂരം ഓടി ക്ഷീണിച്ചു ഒരു കുതിര മേറിൻബർഗ്ഗ് നഗരത്തിനടുത്തുള്ള വനത്തിൽക്കൂടി മന്ദഗതിയായി സഞ്ചരിക്കയായിരുന്നു. കാട്ടിന്റെ അതിർത്തിയിലെത്തിയപ്പോൾ അവിടെ നിന്നിരുന്ന ഒരു സുന്ദരയുവാവു കുതിരയുടെ കടിഞ്ഞാണിൽ കടന്നുപിടിച്ചു് അതിന്റെ പുറത്തിരുന്ന പെൺകുട്ടിയോടു 'നീയെവിടെപ്പോകുന്നു?' എന്നു സഗൌരവം ചോദിച്ചു.

കുമാരി ആ യുവാവിനെ സൂക്ഷിച്ചുനോക്കി. അയാൾ ഒരു സാധാരണ ഭടൻ ഉപയോഗിക്കാറുള്ള വിലകുറഞ്ഞ ഉടുപ്പുകളേ ധരിച്ചിരുന്നുള്ളു. എങ്കിലും സുപ്രസന്നവും, കോമളമെങ്കിലും ഗാംഭീര്യത്തെ വെളിപ്പെടുത്തുന്നതും ആയ മുഖത്തിന് അസാമാന്യമായ പ്രഭയെ കൊടുത്തിരുന്ന കറുത്ത മേൽമീശയും, ശ്യാമവർണ്ണത്തോടു സമ്മിശ്രമായ സ്വർണ്ണനിറത്തിൽ അയാളുടെ ശിരസ്സിനെ അലങ്കരിച്ചിരുന്ന തലമുടിയും, പൊക്കവും പുഷ്ടിയുമുള്ള ദേഹത്തിനു വളരെ യോജിപ്പായവിധത്തിൽ വളർന്നിട്ടുള്ള അവയവങ്ങളും കണ്ടാൽ അയാൾ വെറുമൊരു പടയാളിയല്ലെന്ന് ആർക്കും തീർച്ചപ്പെടുത്താം. പക്ഷേ ബാലയായ കാതറൈൻ, അയാളുടെ രൂപസൌന്ദര്യത്തെ അത്ര ആദരിച്ചില്ല.

ഭടന്റെ ചോദ്യത്തിനുത്തരമായി, 'അതറിഞ്ഞിട്ടു നിങ്ങൾക്കെന്തുവേണ'മെന്നു സഗൌരവമായിത്തന്നെ അവളും ചോദിച്ചു.

ആ ധിക്കാരമായ വാക്കു ഒരു പുരുഷന്റെ മുഖത്തു നിന്നാണു പുറപ്പെട്ടിരുന്നതെങ്കിൽ അയാൾ വക്താവിനു തക്കതായ ശിക്ഷ കൊടുത്തേനെ. പക്ഷേ ഒരു സ്ത്രീയാണല്ലോ എന്നു വിചാരിച്ചു കോപമടക്കി, വീണ്ടും 'നീയെവിടെപ്പോകുന്നു?' എന്നു ഭടൻ ചോദിച്ചു. ഈ പ്രാവശ്യം ഒന്നുകൂടി സാവധാനത്തിലായിരുന്നു ചോദ്യം.

വീണ്ടും 'അതറിഞ്ഞിട്ട് എന്തു വേണം' എന്നു തന്നെയായിരുന്നു നമ്മുടെ ധീരോദാത്തയായ കുമാരിയുടെ മറുപടി

യോദ്ധാവു കുതിരയാണിൽ നിന്നു കുതിച്ചുകൊണ്ടു, നഗരം റഷ്യാചക്രവർത്തി, പീററർ ഒന്നാമൻ കീഴടക്കിക്കഴിഞ്ഞുവെന്നുള്ള വിവരം നീ മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു എന്നു മന്ദഹാസത്തോടെ പറഞ്ഞു.

കാതറൈൻ — ഓ ഹോ. അതു ഞാനറിഞ്ഞിട്ടുണ്ട്, പക്ഷേ അതുകൊണ്ടെന്താണ്? എനിക്കു പോകാൻ താമസിച്ചു, വിടണം.

യുവാവ് — അതുകൊണ്ടെന്താണെന്നോ? നഗരവാസികളെയെല്ലാം തടവിൽ ആക്കിക്കഴിഞ്ഞു. നീയവിടെച്ചെന്നാൽ നീയും ശത്രുക്കളുടെ കയ്യിൽ അകപ്പെടും, അത്രേയുള്ളൂ.

കാതറൈൻ — ഇത്രയും പറഞ്ഞതു നന്നായി. എന്നാൽ ഇതുകൊണ്ടൊന്നും ഞാൻ തിരിച്ചുപോകയില്ല. എൻ്റെ പിതാവ് ഇന്നഗരത്തിനകത്തുണ്ട്. അദ്ദേഹത്തെ എനിക്കു കാണണം കഴിയു.

അയാൾ തടവിലാണെങ്കിൽ നീയെന്തു ചെയ്യും?

ഞാനും തടവിൽ കിടക്കും.

ആളെ അയാൾ മരിച്ചിട്ടുണ്ടെങ്കിലോ?

കാതറൈൻ കുറച്ചു നേരത്തേക്കു ഒന്നും മിണ്ടാതെ നിന്നു ശേഷം ധൈര്യമവലംബിച്ചു് അത്യന്താപകടം വന്നാലും ഞാനതിൽ പങ്കുകൊള്ളുവാനൊരുക്കമാണ് എന്നവൾ പറഞ്ഞു.

ഉടൻ കുതിരയെ വിട്ടതോടുകൂടി അവൾ അവിടെനിന്നു ശീഘ്രഗതിയായി പോകയും ചെയ്തു. കുറെ കൂടിപ്പോയപ്പോൾ ആരാണു പോകുന്നതെന്നു ആരോ വിളിച്ചുചോദിക്കുന്നതു അവൾ കേട്ടു. ഉത്തരം പറവാൻ നിന്നാൽ അനാവശ്യമായ കാലവിളംബമുണ്ടാകുമെന്നു വിചാരിച്ചു അവൾ കേട്ടതായിത്തന്നെ നടിച്ചില്ല. പെട്ടെന്നു ഒരു വെടിയുണ്ട അവളുടെ സമീപത്തുകൂടി ചീറിപ്പാഞ്ഞു. അതോടുകൂടി അത്യുച്ചത്തിൽ വെടി പൊട്ടുന്ന ശബ്ദവും അവിടെയെങ്ങും മുഴങ്ങി. കുമാരിക്കു അശേഷം കൂസലുണ്ടായില്ല. എങ്കിലും തൻ്റെ ഉടുപ്പിൻ്റെ അറ്റം കീറിപ്പോയതുകണ്ട് അവൾ കുതിരയെ നിറുത്തി. അപ്പോഴേക്കു വികൃതവേഷന്മാരായ അനേകം ഭടന്മാർ അവളുടെ ചുറ്റും വന്നുകൂടി. അവരിൽ പ്രമാണിയായ ഉദ്യോഗസ്ഥൻ അവളോടു നീയാരാണെന്നു ചോദിച്ചു.

കാതറൈൻ—ഞാൻ ആരാണെന്നോ? പറയാം. എന്നാൽ ഞാൻ ആത്രയും പറയുന്നതുകൊണ്ടു നിങ്ങൾക്കു സ്വല്പമെങ്കിലും അറിവു കൂടുമോ?

ഉദ്യോഗസ്ഥൻ—ലാ പിന്നെയാകട്ടെ. താഴെയിറങ്ങി വേഗം ഞങ്ങളുടെ കൂടെ വരൂ. താമസിക്കുവാൻ പാടില്ല.

കതറൈൻ ചുറ്റും കണ്ണോടിച്ചപ്പോൾ മുമ്പുകണ്ട യുവഭടനെ അവരുടെ കൂട്ടത്തിൽ കണ്ടു. അയാളോടു ഇപ്രകാരം അപേക്ഷിച്ചു: 'ഞാൻ ഒരു പാവപ്പെട്ട പെൺകുട്ടിയാണെന്നു നിങ്ങൾക്കറിയാമല്ലോ. ഇവരോടു വെറുതെ എന്നെ ഉപദ്രവിക്കാതെ വിടുവാൻ പറയണം.' 'ഞാൻ പറഞ്ഞില്ല ഇവരോടു അപായകാരിണിയാണെന്ന്? ഇനി വിചാരിച്ചിട്ടു ഫലമില്ല.' എന്നു പറഞ്ഞു യുവാവു ഭടപ്രമാണിയോടു പതുക്കെ മന്ത്രിച്ചു. ഭടപ്രമാണി ഉടൻതന്നെ ഉത്തരംപോലെ മുഴുവൻ വിവരമായി പറവാൻ കതറൈനോടാജ്ഞാപിച്ചു.

താൻ മാറിൻബർഗ്ഗിലെ പാതിരിയുടെ ദത്തുപുത്രിയാണെന്നും നിങ്ങളുടെ കൂട്ടുകാരൻ ഉടൻ ചോദിക്കുന്നതെന്നും അവൾ പറഞ്ഞപ്പോൾ ഉദ്യോഗസ്ഥൻ, 'ലിവോണിയയും, മാറിൻബർഗ്ഗും ഇന്നു ചക്രവർത്തിക്കു അധീനപ്പെട്ടിരിക്കുന്നു. നീ മാറിൻബർഗ്ഗുകാരിയായാൽ നിന്നെ വിട്ടയക്കുവാൻ ഒരു കാരണം നിശ്ചയിച്ചിട്ടില്ല. നീ ഞങ്ങളുടെ തടവുപുള്ളിയാണ്, വേഗം ഇറങ്ങു.'

ഭടപ്രമാണി തന്നെ കുതിരപ്പുറത്തുനിന്നു പിടിച്ചിറക്കുവാനൊരുപോലെ അടുത്തു ചെല്ലുന്നതുകണ്ട് കാതറൈൻ, ശൗര്യത്തോടെ, 'എന്റെ ദേഹത്തു തൊടരുത്' എന്നു പറഞ്ഞു കുതിച്ചു പുറകോട്ടു മാറി. അവളുടെ അഴകേറിയ കണ്ണുകൾ കോപംകൊണ്ടു ജ്വലിച്ചു. അനന്തരം ആ അഭിമാനവതിയായ ബാലിക ഇങ്ങിനെ പറഞ്ഞു:

ഞാൻ ലിവോണിയയിൽ നിന്നിത്രത്തോളം വന്നത് ഒരു തടവുകാരിയാകുവാനല്ല. എന്റെ പിതാവിനെ കാണുവാനായിട്ടാണ് ഞാൻ വന്നത്. അതുകൊണ്ടു, വീട്ടിലോ, തടവിലോ, എവിടെയാണ് അച്ഛനിരിക്കുന്നതെന്നുവെച്ചാൽ അവിടെ എനിക്കു ഇന്നു നിശ്ചയമായി പോകണം.

ഉദ്യോഗസ്ഥൻ ചിരിച്ചുകൊണ്ടു:—'നീ ഞങ്ങളുടെ വരുതി കേൾക്കുന്നതല്ലാതെ, ഞങ്ങൾ നിന്നെ അനുസരിക്കയില്ല.

കാതറൈൻ വിഷണ്ണയായി കുറച്ചുനേരം ആലോചിച്ചശേഷം അടുത്തുനിന്നിരുന്ന ഒരു ഭടനോട് 'നിങ്ങളുടെ സേനാധിപനാരാണ്?' എന്നു ചോദിച്ചു. അയാൾ അതിനു മറുപടി യാതൊന്നും പറഞ്ഞില്ല.

ഈ വാഗ്വാദമെല്ലാം കേട്ടു സമീപത്തുനിന്നിരുന്ന സുന്ദരയുവാവിന്റെ മുഖത്തുനിന്നു 'അതറിഞ്ഞിട്ടു നിനക്കെന്തുവേണം?' എന്നു ഹാസ്യരസത്തിൽ പുറപ്പെട്ട ചോദ്യം അവളെ വല്ലാതെ വ്യാകുലപ്പെടുത്തി. അയാൾ മുമ്പു തന്നോടു 'എവിടെപ്പോകുന്നു'വെന്നു ചോദിച്ചതിനുത്തരമായി താൻ പറഞ്ഞ വാക്കുകൾ തന്നെ മടക്കിച്ചൊല്ലി അവളെ പരിഹസിക്കുവാനാണെന്ന് അവൾക്കു മനസ്സിലായി.

'നിങ്ങളുടെ സേനാധിപൻ എവിടെയാണ്? എനിക്ക് അദ്ദേഹത്തെ കണ്ടു ചിലതെല്ലാം പറവാനുണ്ട്.' എന്നു രണ്ടാമതും അവൾ പറഞ്ഞു. യുവഭടൻ തന്നെ നോക്കി ഏറെനേരം കണ്ണു കാണിക്കുന്നതു കണ്ട് അതിന്റെ അർത്ഥം ഗ്രഹിച്ചു ഭടപ്രമാണി കുമാരിയോട് 'എന്റെ കൂടെ വാ' എന്നു പറഞ്ഞു അടുത്തുണ്ടായിരുന്ന ഒരു കൂടാരത്തിന്റെ നേർക്കു നടന്നു. അവൾ അയാളേയും, യുവാവിന്റെ കണ്ണുകൾ അവളേയും അനുഗമിച്ചു. കൂടാരത്തിനടുത്തെത്തിയപ്പോൾ വഴിയിൽനിന്നും കരഞ്ഞുകൊണ്ടിരുന്ന ഒരു വൃദ്ധ അവളെക്കണ്ടു 'അയ്യോ എന്റെ കാതറൈനോ' എന്നു നിലവിളിച്ചു.

കാതറൈൻ— എന്തു? ഫ്രഡറിക്കയോ? അച്ഛനെവിടെ?

വൃദ്ധ— കഷ്ടം! അദ്ദേഹത്തെ ഇനി നമുക്കു കാണ്മാൻ സാധിക്കയില്ല. എന്റെ എജമാനൻ പടക്കളത്തിൽവെച്ചു മരിച്ചുപോയി. ഒരു റഷ്യൻ ഭടന്റെ വെടികൊണ്ട് അദ്ദേഹം താഴെ വീഴുന്നതു ഞാൻ എന്റെ കണ്ണുകൊണ്ടു കണ്ടു. അപ്പോൾ അദ്ദേഹം വെടിയേററ വേറൊരാളുടെ മുറിവു വെച്ചുകെട്ടുകയായിരുന്നു. എന്റെ എജമാനനെ ദൈവം ഇങ്ങിനെ ആപത്തു വരുത്തിയല്ലോ.

പെൺകുട്ടിയുടെ ദേഹം ആപാദചൂഡം ഒന്നുപോലെ വിറച്ചു.

അവളുടെ അസാമാന്യമായ ധൈൎയ്യമെല്ലാം അന്തരീക്ഷത്തിൽ ക്ഷണേന ലയിച്ചുപോയി.

കാതറൈൻ—എന്റെ അപ്പൻ താഴെ വീഴുന്നതു നീ കണ്ടുവല്ലോ? അപ്പോൾ അദ്ദേഹം മരിച്ചപ്പോഴും നീയടുത്തുണ്ടായിരുന്നുവോ?

ഇല്ല മരിക്കുന്നതു ഞാൻ കണ്ടില്ല.

എന്നാലെന്താണു നീയപ്പനെ പടക്കളത്തിലിട്ടു വച്ചു ഇങ്ങോട്ടു പോന്നത്? 'അപ്പോ അപ്പനെ ഞാനെന്തുചെയ്യും. എന്റെ ചുറ്റും നിന്നവരെല്ലാം വെടികൊണ്ടു ചത്തുവീഴുന്നതു കണ്ടുകൊണ്ടു ഞാനവിടെയങ്ങിനെയാണു ധൈൎയ്യമായി നില്ക്കുന്നത്?'

എന്നാലും എന്റെ അപ്പൻ നിന്റെ യജമാനനാണല്ലോ. അദ്ദേഹത്തെ എന്തുചെയ്യുമെന്നറിയണമായിരുന്നു.

പ്രധാനിക്ക് ഉത്തരം മിണ്ടാതെ നില്പായി.

നീയവിടെ നില്ക്കണം. ഞാനിപ്പോൾ വരാം. എന്നു പറഞ്ഞു കുമാരി ഉദ്യോഗസ്ഥനോടൊന്നിച്ചു സേനാനിയെ കാണ്മാൻ പോയി.

കൂടാരത്തിൽ കടന്നപ്പോൾ അവിടം അല്പം കണ്ടു കാട്ടിലെ ഉപവൃക്ഷങ്ങളെ മസികയുധാദിവനയായിരുന്നു. അന്തസ്സു ഗണ്യമാക്കാതെ കാതറൈൻ, സേനാധിപന്റെ മുൻപിൽ ചെന്നു സാഷ്ടാംഗം നമസ്കരിച്ചു, 'ദയവു ചെയ്യണേ, ഒരു പാവപ്പെട്ട പെൺകുട്ടിയുടെ മേലിൽ പ്രസാദിക്കണേ' എന്നു സവിനയം അപേക്ഷിച്ചു.

സേനാധിപൻ—(ഉദ്യോഗസ്ഥനെ നോക്കി) ഈ കുട്ടിയെ എന്തിനാണിവിടെ കൊണ്ടുവന്നതു?

ഉദ്യോഗസ്ഥൻ—ഇവൾക്കു അങ്ങയുടെ സമക്ഷത്തിൽ എന്തോ ബോധിപ്പിക്കുവാനുണ്ടെന്നു പറയുന്നു.

കാതറൈൻ—എനിക്കു ഒരു പ്രാൎത്ഥനയുണ്ട്. അതു സാധിപ്പിച്ചുതരണം.

സേനാനായകൻ—എന്താണെന്നറിയട്ടെ, പറയൂ.

കാതറൈൻ—ഈ നഗരത്തിലെ പാതിരി എന്റെ പിതാവാണ്. അദ്ദേഹം യുദ്ധക്കളത്തിൽ വച്ചു മരിച്ചുപോയി. അപ്പന്റെ ദേഹം

പള്ളിയിൽ കൊണ്ടുപോയി മാപ്പു ചെയ്യിക്കാതെ എനിക്കു സമാധാനമില്ല.

സേനാനായകൻ — അതിനു ഞാനെന്തു വേണം?

കാതരൻ — പടനിലത്തിലന്വേഷിച്ച് അപ്പന്റെ ദേഹം എടുപ്പിച്ചു കൊണ്ടുപോകുന്നതിന് എന്നെ അനുവദിക്കണം.

അവളുടെ വിനയവും സൌശീല്യവും കണ്ടു ദയവു തോന്നി സേനാധിപൻ അവളെ എഴുന്നേല്പിച്ചു പറഞ്ഞു:—

അനുവദിക്കാം. പടനിലം ഇവിടെ അടുത്താണ്. അതിൽ ആർക്കും പ്രവേശിക്കയും ചെയ്യാം. പക്ഷെ നീ പോയാൽ മടങ്ങി വരുകയില്ലെന്നുള്ളതിന് എനിക്ക് എന്താണു തെളിവു?

'എന്റെ വാക്കു പോരെ?' എന്ന ഉത്തരവെങ്കിലും ധീരമായ സ്വരത്തിൽ അവളുടെ നാവിൽനിന്നു പുറപ്പെട്ട ചോദ്യം സേനാധിപനു ക്രമത്തിലധികം രസിപ്പിച്ചു.

സേനാ — നിന്റെ പേരെന്താണ്?

കാതരൻ — കാതരൻ എന്നു.

സേനാ — പൊയ്ക്കൊൾക. പക്ഷെ, തിരിച്ചുവരണം. വരുമ്പോൾ മുതൽ നീ എന്റെ അടിമയാണ് എന്നു നല്ല ഓർമ്മ വേണം.

കാതരൻ കൂടാരത്തിന്റെ വെളിയിൽ ഇറങ്ങിയപ്പോൾ ഫ്രഡരിക്ക അവിടെ നില്പുണ്ടായിരുന്നു.

'ഫ്രഡരിക്കേ, എന്റെ കൂടെ വന്നു അപ്പൻ വീണുകിടന്ന സ്ഥലം എനിക്കു കാണിച്ചുതരൂ' എന്നു പറഞ്ഞു കാതരൻ ആ വൃദ്ധന്റെ കൈക്കു പിടിച്ചു.

വൃദ്ധ — അയ്യോ കുട്ടി എന്താണു പറയുന്നത്? ഈ രാത്രിയിൽ പടക്കളത്തിൽ പോകാനോ. എത്രവളരെ ആളുകളാണിവിടെ ചത്തുകിടക്കുന്നത്. അവരുടെ ഇടയിൽ ചെന്നു കയറാൻ കുട്ടിക്കു പേടിയില്ലേ?

കാതരൻ — നിനക്കു പേടിയുണ്ടെങ്കിൽ ഇവിടെത്തന്നെ നിന്നോളൂ. ഞാനേതായാലും പോകാൻ നിശ്ചയിച്ചു.

വൃദ്ധ — കുട്ടി തന്നെ പോകേണ്ട. ഞാൻ കൂടി വരാം.

രണ്ടുപേരുംകൂടി തിരിച്ചു നഗരത്തിനു വെളിയിലുള്ള പോർക്കള

ത്തിലെത്തി. ഇരുട്ടുകൊണ്ടു വഴി തിരിച്ചറിവാൻ പാടില്ലായിരുന്നതിനാൽ അവർ വളരെ പ്രയാസപ്പെട്ടാണ് അവിടെ ചെന്നുചേൎന്നത്. അനേകായിരം കുതിരകളും ആളുകളും മരിച്ചും മുറിപ്പെട്ടും കിടക്കുന്ന യുദ്ധഭൂമിയിൽനിന്നു അംഗഭംഗംകൊണ്ടും തീവ്രവേദനകൊണ്ടും അവശന്മാരായി കിടന്നിരുന്ന അവരുടെ കുറവിളികൾ നിരന്തരമായി കേൾക്കാനുണ്ടായിരുന്നു. ആ ദീനസ്വരം നമ്മുടെ ബാലികയെ അത്യധികം ഭയപ്പെടുത്തിയെങ്കിലും കൃത്യനിഷ്ഠ അവളെ മുമ്പോട്ടു നയിച്ചു.

ഫ്രഡറിക്കു് അവളോളംതന്നെ ധൈൎയ്യമില്ലായിരുന്നു. പടനിലത്തിന്റെ വെളിയിലായപ്പോൾ, 'കത്രീനാ, എനിക്കു പേടിയാകുന്നു. നമുക്കു നാളെ രാവിലെ ഇവിടെ വന്നു അന്വേഷിക്കാം' എന്നു പറഞ്ഞു അവൻ പിറുപിറുത്തു.

കാതറൈൻ:—അയ്യോ, അപ്പൻ ഒരു വേള മരിച്ചിട്ടില്ലായിരിക്കാം. നാളെയാകുമ്പോഴേക്കു മരിച്ചുപോയേക്കാം. 'അതു വാസ്തവമാണ്. എന്നാൽ ഞാനും വരാ'മെന്നു പറഞ്ഞു ഫ്രഡറിക്കു, കാതറൈനെ അനുഗമിച്ചു പടനിലത്തിൽ പ്രവേശിച്ചു. അന്ധകാരംകൊണ്ടു അവിടെ ഒന്നും കാണ്മാൻ പാടില്ലായിരുന്നു. വെളിച്ചമില്ലാതെ സ്റ്റാൻസ്ലിയുടെ ശരീരം എവിടെയാണെന്നറിവാൻ കഴിയാത്തതിനാൽ എന്റെ ദൈവമേ, എന്റെ അപ്പനെ എനിക്കു കാണിച്ചുതരേണമേ എന്നു അവൾ ഉറക്കെ പ്രാൎത്ഥിച്ചു. ഉടൻ പുറകിൽ ആരുടെയോ ശബ്ദം കേട്ടു തിരിഞ്ഞുനോക്കി; ഒരാൾ അടുത്തു നില്ക്കുന്നതായി അവൾക്കു തോന്നി.

'നിങ്ങളാരാണ്. നിങ്ങളും വല്ല സ്വന്തക്കാരെയും അന്വേഷിച്ചു വന്നതാണോ' എന്നു കാതറൈൻ സാവധാനത്തിൽ ചോദിച്ചു.

'അല്ല, ഞാൻ നിനക്കു വല്ല സഹായവും ചെയ്യാമെന്നു വിചാരിച്ചു വന്നതാണ്. ഇവിടെ നില്ക്കൂ. ഞാൻ വേഗം വിളക്കുകൊണ്ടുവരാം.' എന്നു പറഞ്ഞു അയാൾ അവിടെനിന്നു പോയി.

അല്പസമയത്തിനുള്ളിൽ ഒരാൾ കയ്യിൽ ഒരു റാന്തലുമായി അവർക്കടുത്തുചേൎന്നു. വിളക്കിന്റെ സഹായംകൊണ്ടു അവർക്കു ആളുകളുടെ മുഖം നല്ലവണ്ണം കാണ്മാൻ സാധിച്ചു. അതു അന്നു ഫോറി ഷെയ്‌വയറും കണ്ട ഡാക്ടറായിരുന്നു.

തറയിൽ ചോരപ്പുഴയിൽ കുളിച്ചുകിടന്നിരുന്ന ശവങ്ങളെ കണ്ടു ഉള്ളിൽ കുറച്ചു ചാഞ്ചല്യമുണ്ടായെങ്കിലും അവൾ അതിനെ സധൈര്യമടക്കി പ്രധാനിക്കയോടും ഭടനോടുമൊന്നിച്ചു പിതാവിനെയവിടെയെല്ലാം അന്വേഷിച്ചു. പാതിരി മറിഞ്ഞുവീണ സ്ഥലം എവിടെയാണെന്നു പരിചാരികക്കു് ഓർമ്മയില്ലായിരുന്നു. ഓരോ നിമിഷങ്ങൾ കഴിയുംതോറും കന്യകയുടെ ഉദ്വേഗം വർദ്ധിച്ചു. വളരെ നേരം അന്വേഷിച്ചിട്ടും ഫലമില്ലെന്നു കണ്ടു് അധൈര്യപ്പെട്ടു് അവൾ രണ്ടു കൈകൊണ്ടും തന്റെ മുഖം പൊത്തിപ്പിടിച്ചു വിലപിക്കുവാൻ തുടങ്ങി.

ദയാലുവായ യുവാവു അവളെ സമാധാനപ്പെടുത്തിയ ശേഷം ഇങ്ങിനെ പറഞ്ഞു. 'കുട്ടി നിന്റെ പ്രായത്തിനും ശോഭിക്കും ചേരാത്ത ഒരു ജോലിയാണ് നീയിപ്പോൾ കയ്യേററിരിക്കുന്നതു്. കുട്ടി പൊയ്ക്കൊള്ളൂ, നാളെ രാവിലെ നഗരവാസികളിൽ ചിലരുടെ സഹായത്തോടുകൂടി ഞാൻതന്നെ ഇവിടെ വന്നന്വേഷിക്കാം. പാതിരിയെ തിരിച്ചറിവാനായി വലിയ പ്രയാസമുണ്ടായിരിക്കയില്ല. ഒരുവേള അദ്ദേഹം ജീവിച്ചു എന്നും വരാം.'

കാതറൈൻ — ആരംഭിച്ച കൃത്യം പൂർത്തിയാക്കാതെ ഞാൻ തിരികെ പോകയില്ല.

ഭടൻ — കുട്ടി! ഞാൻ പറയുന്നതു കേൾക്കു. ഞാനൊരു വെറും ഭടൻ മാത്രമാണു്. എനിക്കു പക്ഷെ ഒരു യോദ്ധാവിനോടൊത്ത ധീരതയുണ്ടായിരിക്കാം. എന്നാലും നിന്റെ ധൈര്യം കണ്ടു എനിക്കാശ്ചര്യം തോന്നുന്നു. നീയൊരടിമയായിരിക്കുവാനുള്ളവളല്ല. കൂടാരത്തിൽ തിരിച്ചു ചെന്നാൽ നിനക്കു സേനാധിപതിയുടെ ദാസ്യം വഹിക്കാതെ വേറെ ഗതിയുമില്ല. അതുകൊണ്ടു ഈ തരം വെറുതെ കളയരുതു്. ഓടി രക്ഷപ്പെട്ടുകൊള്ളൂ. ആരുമറിയുകയില്ല. കൈവശം പണമില്ലെങ്കിൽ ഞാൻ തരാം. എന്നു പറഞ്ഞു ഒരു കിഴിസ്സഞ്ചിയെടുത്തു നീട്ടി. പ്രധാനിക അതു വേഗം വാങ്ങി, 'അതെ ഇതുപോലെയായാൽ, ഞങ്ങളുടെ ഭാഗ്യകാലമായതു്. കുട്ടി, എന്താണൊന്നുമാലോചിക്കാതെ നില്ക്കുന്നതു്. നമുക്കിപ്പോൾതന്നെ പൊയ്ക്കളയുക തന്നെ, വരൂ' എന്നു പറഞ്ഞു.

കാതറൈൻ — ഓടിപ്പോയ്ക്കളയുകയോ? ശരിയാകയില്ല. ഞാൻ ഒരു

ന്യായാധിപന്മാരെ വക്ക കൊടുത്തുവെച്ചാൽ പോരേ? അത
ത്ര സമയമില്ലാത്തതാണോ വിചാരിക്കുന്നത്?

ൻ—ഒരു പുരുഷന്റെ വാഗ്ദാനത്തിന്നും ഒരു സ്ത്രീയുടെ—ഒരു പെ
ൺകുട്ടിയുടെ—വാഗ്ദാനത്തിന്നും തമ്മിൽ വളരെ ഭേദമുണ്ട്. അ
ന്യക്കും കുടുംബവുമൊന്നുമില്ലാത്ത നീ വക്കിന്നു മരണം വരു
ത്തിയാൽ അതത്ര വകവെക്കേണ്ടതില്ല. തിരികെ പോയാലത്തെ
അപകടം നല്ലപോലെ ആലോചിച്ചു നോക്കാതെയാണിതിനെ
പറയുന്നത്. ഈ ജന്മം മുഴുവൻ മനസ്സുപ്രവൃത്തിയിൽ കഴിക്കാതെ
ന്നാമെന്നോ നിന്റെ വിചാരം? ഒക്കെപ്പെടുന്നതാണോ നല്ലത്!

മഠത്തിലെ പ്രധാനിക്കും കഴിയുന്നത്ര ശ്രമിച്ചിട്ടും കാതറൈനി
ന്റെ നിശ്ചയത്തിന്നു വ്യത്യാസം വന്നില്ല. അവളുടെ മറുപടി ഇപ്ര
കാരമായിരുന്നു:—

“എന്റെ വിധി എങ്ങിനെയായാലും എനിക്ക് തീർച്ചയില്ല.
ഞാൻ സ്വജനങ്ങളും മറ്റുമില്ലാത്ത ഒരു കുട്ടി മാത്രമാണെന്നു
സ്വീകരിച്ചുകൊള്ളാം. എന്നാൽ ആ ഒരു കാരണം ഒരു തെ
റ്റായ പ്രവൃത്തി ചെയ്യുന്നതിനെന്നെ പ്രേരിപ്പിക്കയില്ല. പ്രതിജ്ഞെ
ക്കു വിരോധമായി പ്രവർത്തിക്കുവാൻ പാടില്ല.” “പ്രധാനികെ, ആ പ
ത്രങ്ങൾ അദ്ദേഹത്തിന്നു തിരികെ കൊടുക്ക” എന്നു വ്യസനത്തോടെ
യാചിച്ചു, കുമാരി അപേക്ഷണം തുടങ്ങി.

ആ ക്ഷണത്തിൽ അവർ നിന്നിരുന്നതിന്നടുത്തു ‘തെരേസാ’ എ
ന്ന് ദീനസ്വരത്തിലൊരു നിലവിളി കേട്ടു. കാതറൈൻ, ചെവിയോ
ർത്തു. അതു പാതിരിയുടെ ശബ്ദമാണെന്നു അവൾക്കു തോന്നി.
രണ്ടാമതും വീണ്ടും കേട്ടപ്പോൾ അതുറപ്പിച്ചു സംശയമൊന്നും അ
വൾ ഓടിച്ചെന്നു. ഒരു വൃദ്ധൻ ആ പുറം കിടക്കുന്നതുകണ്ടു തിരിഞ്ഞു
നോക്കി. ‘അയ്യോ പ്രധാനികെ ഓടിവരു. വിളക്ക ഇങ്ങോ
ട്ടു കൊണ്ടുവരു. വേഗം, ഓടി വരു.’ വിളക്കെടുത്തു പ്രധാനിക
കാതറൈന്റെ അടുക്കൽ ചെന്നു, ‘യജമാനനെ യജമാനനെ’ എ
ന്ന് വിളിച്ചു. അയ്യോ അയ്യോ എന്നു കാതറൈനും കരഞ്ഞു കൂട്ടി. അ
വൻ മൂളിയതല്ലാതെ ഒന്നും ഉച്ചരിച്ചില്ല. പ്രധാനിക പാതിരിയു
ടെ മുഖത്തു വെളിച്ചം തട്ടത്തക്കവണ്ണം വിളക്ക് തിരിച്ചു പിടിച്ചു.

അച്ഛന്റെ മുറിവു എവിടെയാണെന്നറിവാൻ ബദ്ധപ്പെട്ടു, കാതരൊൻ, നായാളുടെ കണ്ണുയത്തി നോക്കി. പെട്ടെന്നു അയ്യോ എന്നു നിലവിളിച്ചുകൊണ്ടു വൃദ്ധൻ കണ്ണു തുറന്നു. തന്റെ മകനാകളും പരിചാരികയും അടുത്തു നില്ക്കുന്നതുകണ്ട് അയാൾ ക്ഷീണസ്വരത്തിൽ, എന്നെ എവിടെയാണു കിടത്തിയിരിക്കുന്നത്? എന്നു ചോദിച്ചു.

കുമാരിയുടെ കണ്ണുകളിൽനിന്നു ഹർഷാശ്രുക്കൾ പൊഴിഞ്ഞു. അവൾ പിതാവിന്റെ നെറ്റിമേൽ ചുംബിച്ചു: 'ഇതു പടകുളം തന്നെയാണ്. അച്ഛനു എഴുനേല്ക്കാമോ; ഞാൻ കൂടി പിടിച്ചുകൊള്ളാം' എന്നു പറഞ്ഞു. എഴുനേല്പ്പാൻ വരട്ടെ എന്നു പാതിരി ആംഗ്യം കാണിക്കുന്നതുകണ്ടു യുവഭടൻ അടുത്തുചെന്നു. തന്റെ കൈവശമുണ്ടായിരുന്ന ഒരു കുപ്പി, പെൺകുട്ടിയുടെ കയ്യിൽ കൊടുത്തു, "ഇതു ബ്രാൻഡിയാണ്, കുറച്ചു അദ്ദേഹത്തിനു കൊടുക്ക" എന്നു പറഞ്ഞു.

പാതിരി മദ്യം സേവിക്ക പതിവില്ലായിരുന്നുവെങ്കിലും ആപൽഘട്ടങ്ങളിൽ ഔഷധത്തിന്റെ സ്ഥാനത്തു അതുപയോഗിക്കുന്നതുകൊണ്ടു ദോഷമില്ലെന്നു നിശ്ചയിച്ച് അതിൽ കുറച്ചു കുടിച്ചു. ക്ഷീണത്തിന്നല്പം കുറവു തോന്നിയതിനാൽ അയാൾ എഴുനേല്ക്കാൻ ശ്രമിച്ചു. എങ്കിലും സാധിച്ചില്ല. സഹായാർത്ഥം കാതരൊൻ കൈകൾ പിടിക്കുവാൻ ഭാവിച്ചപ്പോൾ പാതിരി 'വേണ്ട എന്റെ കാലൊടിഞ്ഞിരിക്കയാണ്' എന്നു പറഞ്ഞു പിന്നെയും അവശനായി നിലത്തു കിടന്നു.

കാതരൊൻ — 'എന്റെ ദൈവമേ, ഞാനെന്താണു വേണ്ടത്? അച്ഛനു എഴുനേല്പ്പാൻകൂടി മേലെങ്കിൽ പിന്നെ എങ്ങിനെയാണിവിടെനിന്നു പോകുന്നത്?'

യുവാവു — നിങ്ങൾ ഇവിടെത്തന്നെയിരിക്കുവിൻ. ഞാൻ പോയി രണ്ടു വേലക്കാരെ ഇങ്ങോട്ടയയ്ക്കാം. പാതിരിയെ അവർ അയാളുടെ വീട്ടിൽ കൊണ്ടാക്കും. മുറിവു വെച്ചുകെട്ടുന്നതിന് ഒരു ഡാക്ടറെയും ഞാൻ പറഞ്ഞയയ്ക്കാം. കുട്ടി ഇനിയെങ്കിലും താമസിക്കാതെ വല്ലയിടത്തും പോയ്ക്കൊള്ളുന്നതാണു നല്ലത്. ഈ തരം പാ

ഴിൽ കരുതുന്നതാൽ പിന്നെ വിചാരിച്ചിട്ടു ഫലമില്ല. "എന്തായാലും ഞാൻ വാക്കിനു ഭംഗം വരുത്തുകയില്ല" എന്നു കന്യക ഉത്തരം പറഞ്ഞു. ഈ സംഭാഷണം ക്ഷീണത്താൽ മയങ്ങിക്കൊണ്ടിരുന്ന പാതിരി കേട്ടില്ല.

ഘോഷയാത്ര പോയി. ഏകദേശം അരമണിക്കൂർ കഴിഞ്ഞപ്പോൾ രണ്ടു ഭടന്മാർ ഒരു മഞ്ചലുമായി അവിടെയെത്തി. കൂടെ ഒരു വൈദ്യനുമുണ്ടായിരുന്നു. ഡാക്ടർ സ്റ്റാൻസ്ലിയുടെ കൈ യഥാസ്ഥിതിയിൽ വെച്ചു കെട്ടിയശേഷം പടയാളികൾ അയാളെ മഞ്ചലിൽ കിടത്തി എടുത്തുകൊണ്ടുപോയി. പ്രധരിക്കയും കാന്തമരനും വഴി കാണിച്ചുകൊണ്ട് അവരുടെ മുമ്പേ നടന്നു. പാതിരിയുടെ ഭവനത്തിലെത്തുന്നതുവരെ പരോപകാരിയായ സുന്ദരയുവാവായിരുന്നു നമ്മുടെ ബാലികയുടെ ചിന്തയ്ക്കു വിഷയമായിരുന്നത്.

നാലാം ഭാഗം.

പടയാളികൾ സ്റ്റാൻസ്ലിയെ അയാളുടെ വീട്ടിൽ ഒരു കട്ടിന്മേൽ കിടത്തി. കാന്തമരാൻ അവൎക്കു കൂലി കൊടുക്കുവാൻ ഭാവിച്ചപ്പോൾ അതൊന്നും ആവശ്യമില്ലെന്നു പറഞ്ഞ് അവർ അവിടെനിന്നു പോയി. രോഗിക്കു സേവിക്കുവാനും മുറിവിൽ പുരട്ടുവാനുമുള്ള മരുന്നുകൾ പ്രധരിക്കയെ ഏല്പിച്ച് അവയുടെ ഉപയോഗക്രമവും പറഞ്ഞുകൊടുത്തശേഷം വൈദ്യനും അവരെ അനുഗമിച്ചു.

പെൺകുട്ടി രാത്രി മുഴുവനും പിതാവിന്റെ അടുക്കൽ ഇരുന്നു കഴിച്ചുകൂട്ടി. നേരം വെളുത്തപ്പോഴേയ്ക്കു പാതിരിക്ക് എഴുന്നേല്ക്കാറായി.

കാന്തമരനും പരിചാരികയും അടുത്തിരിക്കുന്നുണ്ട്,

സ്റ്റാൻസ്ലി— മകൾ എങ്ങിനെയാണിന്നലെ എന്റെ അടുക്കൽ വന്നുചേൎന്നത്?

കമലി— "ദൈവം എന്നെ അച്ഛന്റെ അടുക്കൽ കൊണ്ടുവന്നുവിട്ടു എന്നേ പറവാനുള്ളൂ" എന്നു പറഞ്ഞു. ഖിവേനിയയിൽ എത്തിയ

ഇ മുതൽ സ്റ്റാൻസ്ലിയെ കണ്ടുമുട്ടിയതുവരെയുള്ള സംഭവങ്ങളെല്ലാം വിസ്തരിച്ചു കേൾപ്പിച്ചു. തന്റെ പ്രിയപുത്രി ഇനിമേൽ ഒന്യൻദേശനാധിപന്റെ ഭൃത്യരാണെന്നറിഞ്ഞപ്പോൾ ആ വൃദ്ധനുണ്ടായ മനസ്താപം അവർണ്ണനീയമായിരുന്നു. പാതിരിയും പരിചാരികയും അവളുടെ വിരഹമോർത്തും, കാതറൈൻ അവരെ പിരിഞ്ഞുപോകുന്നതിനുള്ള വൈമനസ്യം വിചാരിച്ചും വളരെ നേരം കരഞ്ഞു. ഒടുവിൽ ഫ്രഡറിക യജമാനനോടിപ്രകാരം പറഞ്ഞു.

“യജമാനൻ തന്നെയാണു നിശ്ചയിക്കേണം. തിരികെ പോകേണ്ടായെന്നു ഞാൻ പറഞ്ഞിട്ട് ഇവൾ കേൾക്കുന്നില്ല. എനിക്കു വയസ്സായി. ഇനിമേൽ യജമാനനെ ശുശ്രൂഷിക്കുവാനും വീട്ടുജോലി നോക്കുവാനും ഞാൻ തന്നെയായാൽ മതിയാകയില്ല. യജമാനനു വല്ല ദീനവും വന്നാൽ പരിചരിക്കുവാൻ ഇവിടെ വേറെയാരുണ്ട്? അതുകൊണ്ട് ഇവളെ അയക്കരുത്. എന്നു തന്നെയല്ല തിരികെ വരാമെന്നുള്ള വാക്ക് കൊടുത്തതു മനസ്സോടെയല്ലല്ലോ. വേറെ നിവൃത്തിയില്ലാഞ്ഞതുകൊണ്ടല്ലേ അങ്ങിനെ ചെയ്തത്. നേരെ മറിച്ചു മനസ്സോടെ കൊടുത്തതായിരുന്നുവെങ്കിൽ സത്യലംഘനം ചെയ്വാൻ ഞാനൊരിക്കലും നിർബന്ധിക്കയില്ലായിരുന്നു.”

സ്റ്റാൻസ്ലി— (കുറച്ചാലോചിച്ച ശേഷം) എന്റെ മകൾ തിരികെ ചെല്ലാമെന്നു പ്രതിജ്ഞ ചെയ്തിട്ടുണ്ടോ?

കാതറൈൻ— അപ്പാ ഞാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ട്. എനിക്കിനി അപ്പനെ പിരിഞ്ഞുപോകാതെയെന്താണു നിവൃത്തി? എന്തെല്ലാം കഷ്ടപ്പാടുകളാണ് എനിക്കിനി വരാൻ പോകുന്നതെന്ന് ആർക്കു അറിഞ്ഞുകൂടാ. എങ്കിലും സത്യഭംഗം വരുത്തുവാനെനിക്കു ധൈര്യമില്ല.

പാതിരി— ദൈവവിധിയെ തടയുവാനാർക്കും കഴികയില്ല. കുഞ്ഞേ, നീ വാക്കുകൊടുത്തിട്ടുണ്ടെങ്കിൽ പോകേണം. നിന്റെ കൃത്യമതാണ്. ഈശ്വരൻ നിന്നെ രക്ഷിച്ചുകൊള്ളും.

വ്യസനംകൊണ്ട് എഴുന്നേല്പാൻ ശക്തിയില്ലാതെ വളരെ നേരം വിലപിച്ച ശേഷം കാതറൈൻ അപ്പനോടും ഫ്രഡറിക്കയോടും യാത്ര പറഞ്ഞു ഒരു ഭ്രാന്തയെപ്പോലെ ഭവനത്തിൽ നിന്നു

തിരിച്ചു. ഈശ്വരവിശ്വാസത്തിന്റെ ഫലമായി അവൾക്ക ക്ഷണേന മനോധൈര്യവുമുണ്ടായി.

വഴിക്ക് അവളുടെ വിചാരങ്ങൾ ഇപ്രകാരമായിരുന്നു:—

അച്ഛൻ എന്നെ സ്വന്തം പുത്രിയെപ്പോലെയാണിതുവരെയും വളൎത്തിയത്. കേവലം ഇതയൊരുകാൎയ്യം മാത്രം ഇങ്ങിനെ എനിക്കു ചെയ്ത ഉപകാരത്തിന്ന ഒരു പ്രത്യുപകാരം ചെയ്വാൻ സാധിക്കുമെന്ന ഞാൻ വിചാരിച്ചിരുന്നില്ല. ഇപ്പോൾ ദൈവഗത്യാ അതിന്ന സംഗതി വന്നതിൽ എനിക്ക അളവററ ചാരിതാൎത്ഥ്യമുണ്ട്. എന്നെ ലിയോണിയിൽ നിന്ന ഇവിടെ കൊണ്ടുവന്നതും എല്ലാം ഈശ്വരൻ തന്നെയാണ്. എന്നെ റഷ്യൻ ഭടന്മാർ തടവുപുള്ളിയാക്കിയതും ഗുണമായിട്ടാണ പരിണമിച്ചത്. അങ്ങിനെ തടവുപുള്ളിയായില്ലെങ്കിൽ ഞാൻ സേനാപതിയെ കാണ്മാൻ പോകയില്ലായിരുന്നു. കൂടാരത്തിൽ പോയില്ലായിരുന്നു എങ്കിൽ, പ്രധാനിക്കായ കാണ്മാനും അച്ഛൻ യുദ്ധഭൂമിയിൽ കിടക്കുകയാണെന്നറിവാനും ഇടവരികയില്ലായിരുന്നു. എന്തായാലും ഈശ്വരകാരുണ്യംകൊണ്ട് എന്റെ രക്ഷിതാവിന്റെ ജീവൻ രക്ഷിക്കുവാൻ ഭാഗ്യമുണ്ടായതിന്ന ശേഷമാണല്ലൊ എനിക്ക പിതാവിനെ പിരിഞ്ഞുപോകേണ്ടിവന്നത്. ഇനിമേൽ ഞാനൊരു നിരാശ്രയയായ സ്ത്രീ മാത്രമാണ്. എന്റെ ഭാഗ്യപ്രവൃത്തി എത്രമേൽ കഷ്ടമായിരുന്നാലും ഞാനൊരു വലിയ കടം വീട്ടിയതുകൊണ്ടുള്ള കൃതാൎത്ഥത എന്റെ മനസ്സിനെ സമാധാനപ്പെടുത്തും.

ഈവണ്ണമുള്ള വിചാരങ്ങളിൽ ലയിച്ച വഴിയറിയാതെ അവൾ റഷ്യൻ സേനാപതിയുടെ വാസസ്ഥലത്തെത്തി. കൂടാരത്തിൽ പ്രവേശിച്ചപ്പോൾ തലേദിവസം തനിക്ക വളരെയുപകാരം ചെയ്ത യുവാവ് അവിടെ നില്പുണ്ടായിരുന്നു. അയാളെ കണ്ടപ്പോൾ കൃതജ്ഞതാസൂചകമായ ഒരു മന്ദഹാസം കുമാരിയുടെ അധരപുടങ്ങളെ വികസിപ്പിച്ചു. ഭടനും പുഞ്ചിരി തൂകി.

കാതറൈൻ വന്നതു സേനാധിപനെ കാണ്മാനാണെന്നറിഞ്ഞ് അയാൾതന്നെ അവളെ സേനാപതിയെ കാണിച്ചുകൊടുത്തു. അദ്ദേഹം അപ്പോൾ തടവിൽ പിടിക്കപ്പെട്ട മാറിൻബർഗ്ഗ നിവാസിക

ത്തിൽ ചിലർ ബോധിപ്പിക്കുന്ന സങ്കടങ്ങൾ കേട്ടുകൊണ്ടിരിക്കയായിരുന്നു.

പെൺകുട്ടിയെ കണ്ടപ്പോൾ,

സേനാപതി— നീ തിരികെ വന്നുവോ? വഴിക്കയില്ലയോ എന്നു ഞാൻ ശങ്കിച്ചു.

കാതമൈൻ— എന്റെ വാക്കിൽ അവിടത്തേക്കു വിശ്വാസമില്ലയോ? ഞാൻ വാഗ്ദാനം ചെയ്തതിനു വിപരീതം പ്രവൎത്തിക്കാറില്ല.

സൈന്യാധിപൻ— (ഒരു പുഞ്ചിരിയോടുകൂടി) നീ നല്ല ബുദ്ധിയും വിവേകവുമുള്ള ഒരു പെൺകുട്ടിയാണ്. എന്റെ ഭൃത്യയായിരിക്കുവാൻ കൊള്ളാം. മണ്ടിപ്പോയ് ആഹാരത്തിനുള്ളതെല്ലാം വട്ടംകൂട്ടിക്കൊണ്ടുവാ. നന്നായിരിക്കേണമെന്നു നോക്കട്ടെ.

സമീപത്തു നിന്നിരുന്ന ഒരു ഭടൻ അവളെ കൂടാരത്തിൽ തന്നെയുള്ള വേറൊരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ഭക്ഷണം പാകം ചെയ്യുന്നതിനു വേണ്ട സാമഗ്രികളെല്ലാമുണ്ടായിരുന്നു. പക്ഷേ താൻ മുമ്പു കണ്ടിട്ടില്ലാത്ത ചില ആഹാരപദാൎത്ഥങ്ങളിവിടെ കാണുകയാൽ അവയെ പാകം ചെയ്യേണ്ടതെങ്ങിനെയാണെന്നറിയാതെ അവൾ കുഴങ്ങി. എങ്കിലും കാലവിളംബം അനാവശ്യവും അനുചിതവുമാണല്ലോ എന്നു വിചാരിച്ച് അവൾ ചിലതെല്ലാമെടുത്തു യുക്തിക്കൊത്തപോലെ പാകം ചെയ്തു ചെറിയ കിണ്ണങ്ങൾക്കകത്താക്കി.

കാതമൈൻ ഭക്ഷണസാധനങ്ങളെ എടുത്തുകൊണ്ടു തിരികെ സേനാധിപന്റെ അരികെ ചെന്നപ്പോൾ അദ്ദേഹത്തിന്റെ അരികിൽ നമ്മുടെ സുന്ദരയുവാവും കൂടിയുണ്ടായിരുന്നു. അവർ ഒരു മേശയുടെ ഇരുവശത്തുമായി ഇരുന്നു ചില റിക്കാൎട്ടുകൾ പരിശോധിക്കയായിരുന്നു. പെൺകുട്ടി പാത്രങ്ങളെല്ലാം മേശപ്പുറത്തു നിരത്തിവെച്ചു. ഉടനെ സേനാപതിയും കടലാസ്സുകളെല്ലാം നീക്കിവെച്ചു സ്വൈരസല്ലാപങ്ങളോടുകൂടി ആഹാരം കഴിച്ചുതുടങ്ങി. റഷ്യൻ സേനാബലത്തിന്റെ അധിപനായ ഉദ്യോഗസ്ഥൻ വെറും ഒരു ഭടനോടു ഇത്രവളരെ പരിചയം കാണിക്കുന്നതുകൊണ്ടു കാതമൈൻ വിസ്മയിച്ചു. എങ്കിലും സൈന്യങ്ങളുടെ ഇടയിലുള്ള ഏൎപ്പാടുകൾ തനിക്കു അറി

വില്ലാത്തതിനാൽ നടപ്പതിനെയാരംഭിയ്ക്കാമെന്നു വിചാരിച്ചു സമാധാനിച്ചു.

സംഭാഷണത്തിന്നിടയിൽ യുവാവു കാതരകാനെ നോക്കി 'കുട്ടിക്കു എത്ര വയസ്സായി' എന്നു ചോദിച്ചു.

“പതിമൂന്നു വയസ്സു കഴിഞ്ഞു” എന്നു അവൻ ഉത്തരം പറഞ്ഞു.

യുവാവു:—'ധൈര്യം മാത്രം പ്രായത്തിനൊത്തതല്ല. ഛെ നിങ്ങളിന്നലെ കണ്ടില്ലായോ, ഈ കൊച്ചുകുട്ടി പടക്കളത്തിൽ ശവങ്ങളുടെ ഇടയിൽക്കൂടി അവരുടെ അസ്ത്രങ്ങൾ തിരഞ്ഞുപോകുന്നതു കാരണവർ ഉണ്ടായിരുന്നു. ഒട്ടുംതന്നെ ഭയമില്ല. കണ്ടിരുന്നെങ്കിൽ നിങ്ങളും ഇവന്നൊരു സമ്മാനം കൊടുക്കുമായിരുന്നു.” അനന്തരം ഭടൻ കുന്ദനെ നോക്കി കുട്ടിക്കു ശവശരീരങ്ങൾ കണ്ടു ഭയവും അറപ്പും ഉണ്ടായില്ലേ? എന്നു ചോദിച്ചു.

കാതരകാൻ (ലജ്ജകൊണ്ടു മുഖം താഴ്ത്തി) എനിക്കു അറപ്പില്ലാതിരുന്നില്ല. അല്ലാതെ കാരണവരുടെ ആഗ്രഹംകൊണ്ടു ഞാൻ ഭയപ്പെട്ടതൊന്നും അറിഞ്ഞില്ല എന്നേയുള്ളൂ.

സേനാപതി—ഇതിലേറെ അതിശയിക്കേണ്ടതായില്ല. പാതിരിയുടെ കൂടെ താമസിച്ചിരുന്നതുകൊണ്ടു ഇതിനു മുമ്പുതന്നെ ഇവന്നു മൃതശരീരങ്ങൾ കാണ്മാൻ പലപ്പോഴും ഇടവന്നിരിക്കും.

കാതരകാൻ—ഞാൻ ഇതിനുമുമ്പു ആകെ രണ്ടു ശവശരീരങ്ങളെ മാത്രമേ കണ്ടിട്ടുള്ളൂ.

യുവഭടൻ—ബാല്യത്തിൽ ശവശരീരങ്ങളുടെ ഇടയിൽക്കൂടി നടക്കുന്നതിനധികം ഭയപ്പെടാനില്ല. ചെറുപ്പമെങ്കിൽ യുദ്ധസമയത്തു പോർക്കളത്തിൽ നടക്കട്ടെ. അപ്പോൾ കാണാം ധൈര്യമെല്ലാം പൊട്ടിത്തെറിച്ചുപോകുന്നത്.

ഹരി (ഇതു കേട്ടു ചിരിച്ചുകൊണ്ടു) 'ഇന്നലെ നഗരത്തിന്റെ വെളിയിൽ വെച്ചു ശത്രുക്കാരിലാരോ എന്റെ നേരെ വെടിവെച്ചതു കണ്ടില്ലേ? അപ്പോൾ എനിക്കു തീരെ ഭയമുണ്ടായില്ലല്ലോ' എന്നു പറഞ്ഞു.

ഭടൻ—ഉള്ളതാണവൻ പറഞ്ഞതു്. ഞാനതു മുമ്പു പറവാൻ മറന്നുപോയി. നമ്മളിലാരെങ്കിലും ആയിരുന്നുവെങ്കിൽ അതേ ഇത്ര

ൎയ്യം ധൈൎയ്യം കാണിക്കുവാൻ സാധിക്കയില്ല. ഇവൾ കാൎയ്യക്കുട്ടി പ്രായമായാൽ ഒരു ധീരയുവതിയായിത്തീരും.

സേനാപതി—ഇവൾ എന്റെ ഭൃത്യയായിരിക്കുവാൻ കൊള്ളുകയില്ല. ഔദ്ധത്യവും മററും മഹാമോശം.

യുവാവു—നിങ്ങൾക്കിവളെ ആവശ്യമില്ലെങ്കിൽ എനിക്കു തന്നേക്കണം.

സേനാപതി—ഇവളെ എന്തുചെയ്യാനാണ്?

യുവാവു—എന്തുചെയ്യാനാണെന്നോ?– ഞാനെന്റെ ഭാൎയ്യയാക്കും. ഒരു ഭടന്റെ ഭാൎയ്യയായിരിക്കുവാൻ മതിയായവളാണിവൾ.

സേനാപതി—അവൾക്കതു സമ്മതമല്ലെങ്കിലോ?

ഭടൻ—അതു നമുക്കിപ്പോൾത്തന്നെ അറിയാവുന്ന കാൎയ്യമാണല്ലോ.

അനന്തരം യുവാവു പെൺകുട്ടിയോടു 'കുട്ടീ നീ എന്റെ ഭാൎയ്യയായിരിക്കുമോ?' എന്നു ചോദിച്ചു.

കാതറൈൻ ഈ ചോദ്യം കേട്ടു കുഴങ്ങി. കുറച്ചു നേരത്തേക്കു ഒന്നും പറഞ്ഞില്ല. 'കുട്ടിയെന്തുപറയുന്നു?' എന്നു ഭടൻ വീണ്ടും ചോദിച്ചപ്പോൾ കാതറൈൻ 'എനിക്കിതിൽ വിശേഷിച്ചൊന്നും പറവാനില്ല. സേനാനായകന്റെ അടിമയായിരിക്കുന്നതിനെക്കാൾ ഒന്നുകൂടി നല്ലതു ഒരു ഭടന്റെ പത്നിയായിരിക്കുന്നതാണ്.'

'മതി, ഇങ്ങിനെവേണം ഉത്തരം പറയാൻ. നീ ഇക്ഷണംമുതൽ എന്റെ ഭാൎയ്യയാണ്' എന്നു പറഞ്ഞു യുവാവു അവളുടെ കൈ പിടിച്ചു. സേനാപതി വേഗം കസാലയിൽനിന്നെഴുന്നേററു 'അതൊന്നു നല്ലവണ്ണം ആലോചിച്ചുവേണേ' എന്നു പറഞ്ഞു.

ഭടൻ—നിങ്ങൾ പറഞ്ഞതു എനിക്കു മനസ്സിലായി. പരക്കെ ശേഷം ഇവർ ചെയ്യുന്നതുപോലെയല്ല ഞാൻ ചെയ്യാറുള്ളതെന്നു നിങ്ങൾ അറിയുമല്ലോ. ഈ കന്യകയിൽ എനിക്കു വളരെ പ്രീതിപത്തി തോന്നുന്നു. ഇവൾക്കു ധൈൎയ്യവും സത്യവും അസാമാന്യമായിട്ടുണ്ട്. ഇവളുടെ സ്വഭാവവും നന്നായിരിക്കണം. എന്റെ പ്രവൃത്തി ഉചിതമോ അല്ലയോ എന്നു വഴിയെ നിങ്ങൾക്കു മനസ്സിലാകും. ഏതായാലും ഞാൻ നിശ്ചയിച്ചുകഴിഞ്ഞു. ഇവൾതന്നെ എന്റെ ഭാൎയ്യ. ഞാൻ ഇനി പോകുന്നു. കുട്ടി എന്റെ കൂടെ വരൂ.

ഇത്രയും പറഞ്ഞു യുവാവു കാതരനെയൊന്നിച്ചു കൂടാരത്തിൽ നിന്നിറങ്ങി ഉദ്ദേശം കാൽ മൈൽ ദൂരം കാണപ്പെട്ട മറ്റൊരു കൂടാരത്തിന്റെ നേരെ നടന്നു പോകുമ്പോൾ,

ഭടൻ — ഞാനാരാണെന്നു നിനക്കറിയാമോ?

കുമാരി — അറിഞ്ഞുകൂടാ.

ഭടൻ — പിന്നെ എന്തുദ്ദേശിച്ചാണ് എന്റെ ഭാര്യയായിരിക്കാമെന്നു സമ്മതിച്ചത്?

കാതരൻ — നിങ്ങൾ എന്റെ ഭർത്താവായിരിക്കാമോ എന്നു ചോദിച്ചു. നിങ്ങളെപ്പററി ദോഷകരമായിട്ടൊന്നുംതന്നെ എനിക്കറിവില്ല. എന്നുതന്നെയല്ല കേവലം അനാഥയും അപരിചിതയുമായ എനിക്കു നിങ്ങൾ ഇന്നലെ ചെയ്ത ഉപകാരമോർത്തു നിങ്ങൾ ഇന്നവനാണെന്നും നിങ്ങളെ ഭർത്താവായി സ്വീകരിക്കുന്നതുകൊണ്ടു എനിക്കു ശ്രേയസ്സല്ലാതെ ദോഷമൊന്നുമുണ്ടാകയില്ലെന്നും എനിക്കു ബോദ്ധ്യമായി.

ഭടൻ — എനിക്കു സൈന്യത്തിലെന്തുദ്യോഗമാണെന്നു നിനക്കറിയാമോ?

കാതരൻ — അറിഞ്ഞാൽ കൊള്ളാം. പക്ഷേ എനിക്കു കുടുംബമാഹാത്മ്യമൊന്നുമില്ലാത്തതുകൊണ്ടു എന്നോടാരു വിവാഹം ചെയ്താലും എനിക്കു ഒരുപോലെയാണ്. എന്റെ ഭർത്താവു സൽസ്വഭാവിയായിരിക്കണമെന്നേയുള്ളു. അതുകൊണ്ടു നിങ്ങൾ വെറും ഒരു പടയാളിയായാലും വലിയ ഉദ്യോഗസ്ഥനായാലും എനിക്കു വ്യത്യാസമൊന്നുമില്ല.

ഭടൻ — അപ്പോൾ ഞാനൊരു പാവപ്പെട്ട ഭടൻ മാത്രമായതുകൊണ്ടു നിനക്കു കുണ്ഠിതമൊട്ടുമില്ല അല്ലേ?

കാതരൻ — ഇല്ല. നിങ്ങൾ എന്നോടു ഒരിക്കലും വേർപിരിഞ്ഞു പോകയില്ലെങ്കിൽ അതുകൊണ്ടെനിക്കു സന്തോഷമേയുള്ളു.

കൂടാരത്തിന്റെ മുൻവശത്തെത്തിയപ്പോൾ, യുവാവു കുമാരിയോട് 'ഇവിടെ നില്ക്കൂ. ഇതു ചക്രവർത്തിയുടെ കൂടാരമാണ്. അദ്ദേഹത്തിന്റെ സമ്മതം കൂടാതെ എനിക്കു നിന്നെ വിവാഹം ചെയ്വാൻ പാടില്ല. നീയിവിടെ നിന്നാൽ മതി. ഞാൻ ചക്രവർത്തിയെക്ക

ണ്ട് അനുവാദം വാങ്ങിക്കൊണ്ടുവരാം' എന്നു പറഞ്ഞ് അകത്തേക്കു കയറിപ്പോയി.

കുമാരിക്ക് അധികനേരം അവിടെ കാത്തുനില്ക്കേണ്ടിവന്നില്ല. ഭർത്താവു പോയി കുറച്ചു സമയം കഴിഞ്ഞപ്പോൾ ഒരുദ്യോഗസ്ഥൻ വാതുക്കൽ വന്നു 'ചക്രവർത്തി തിരുമനസ്സുകൊണ്ടു കുട്ടിയെ കാണണമെന്നു കല്പിക്കുന്നു. അകത്തോട്ടു വരൂ' എന്നു പറഞ്ഞു. അവളും അയാളെ അനുഗമിച്ച് അകത്തു ചെന്നപ്പോൾ അവിടെ അനേകം ഉദ്യോഗസ്ഥന്മാർ വിനീതഭാവത്തിൽ നില്ക്കുന്നതും, നടുവിൽ മദ്ധ്യത്തിൽ മുപ്പതു വയസ്സോളം പ്രായമുള്ള ഒരു യുവാവു സിംഹാസനത്തിലിരിക്കുന്നതും കണ്ടു.

ആ യുവാവു തന്റെ ഭർത്താവായ ആളാണെന്നു കണ്ടു വിസ്മയിച്ചു കാതറൈൻ അടുത്തു നിന്നിരുന്ന ഉദ്യോഗസ്ഥനോടു 'ചക്രവർത്തിയെവിടെ' എന്നു ചോദിച്ചു. അയാൾ ആ സിംഹാസനസ്ഥനായ പുരുഷനെ ചൂണ്ടിക്കാണിച്ചുകൊടുത്തു. 'ഏതാ? അദ്ദേഹം എന്റെ ഭർത്താവാണല്ലോ.'

ഇതു കേട്ട് അവിടെ നിന്നിരുന്ന ഉദ്യോഗസ്ഥന്മാരെല്ലാം ആശ്ചര്യപ്പെട്ടു. അവർ സസംഭ്രമം ഇരുവശങ്ങളിലുമായി ഒതുങ്ങിനിന്നു 'നിന്റെ ഭർത്താവും ചക്രവർത്തിയുമൊന്നുതന്നെയാണെ'ന്നു പറഞ്ഞു. പീറ്റർ മഹാൻ അവളുടെ കൈക്കു പിടിച്ച് സിംഹാസനത്തിലിരുത്തി. അവളുടെ പരിഭ്രമം കണ്ടു ചക്രവർത്തി ചിരിച്ചുകൊണ്ട് 'എന്താണ്? ചക്രവർത്തിനിയായതുകൊണ്ടു നിനക്കു വ്യസനമാണോ?' എന്നു ചോദിച്ചു.

കാതറൈൻ — 'എനിക്കു വ്യസനമൊന്നുമില്ല. ഞാനവിടുത്തെ ഒരു സാധാരണക്കാരനെന്നു വിചാരിച്ചു സ്നേഹിച്ചു. ഇപ്പോൾ എന്റെ ഭർത്താവു ചക്രവർത്തിയാണെന്നറിഞ്ഞതുകൊണ്ട് ആ സ്നേഹത്തിന് ഒരു വ്യത്യാസവും വന്നിട്ടില്ല.' ചക്രവർത്തി ഒരു പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു: 'ഇതാ ഈ നില്ക്കുന്ന പടയാളികളെല്ലാം ഇപ്പോൾ മുതൽ നിന്റെ ശാസന കേട്ടു നടക്കേണ്ടവരാണ്. റഷ്യാസാമ്രാജ്യം മുഴുവൻ നിനക്കധീനമാണ്.'

പീറ്റർ മഹാൻ പിറ്റേ ദിവസം തന്നെ തന്റെ പ്രേമഭാജന

ളയ പത്നിയെ സപരിവാരം തലസ്ഥാനത്തിലെത്തിയശേഷവും, മാറിൻബർഗ്ഗ് നിരോധം അവസാനിച്ച ശേഷം താനും രാജധാനിയിലെത്തി വിധിപ്രകാരം അവരുടെ വിവാഹം ചെയ്യുകയും ചെയ്തു.

ശരീരസ്വാസ്ഥ്യസംരക്ഷണം.

മനുഷ്യശരീരവും ആഹാരസാധനങ്ങളും.

ശരീരസുഖം മനുഷ്യന് ഏററവും വലുതായ ഒരു ഭാഗ്യമാകുന്നു. രോഗത്താൽ ശരീരം ക്ഷോഭിക്കുമ്പോൾ മാത്രമേ അതിന്റെ പ്രയോജനം ഇത്രയെന്നു മനസ്സിലാവാൻ സാധിക്കയുള്ളു. ഇപ്പൊഴുള്ളവർ തങ്ങളുടെ ശരീരത്തെ തീരെ നിസ്സാരമായി കരുതി അനേകകാര്യങ്ങളിൽ ചെന്നു ചാടാറുണ്ട്. അതുകൊണ്ടു ശരീരസുഖം ഇല്ലാത്തപക്ഷം ഉണ്ടാകുവാനും ഉണ്ടായാൽ അതിനെ ക്രമമായി രക്ഷിക്കുവാനും മനുഷ്യർ ശ്രമിക്കേണ്ടതാണ്. ദീനത്തിനു കാരണം പലതിലും ഉദാസീനതയോ അവിവേകമായ പ്രവൃത്തിയോ ആയിരിക്കും. മനസ്സിന് ഏതെങ്കിലും തകരാറു പററിയാൽ ദേഹത്തിനു വലിയ ദോഷമാകുന്നു. മനോവ്യാധികൊണ്ടു ദേഹം ക്ഷീണിക്കുന്നതു സാധാരണയാണ്. ശരീരത്തെ തല, ഉടൽ, മററു അവയവങ്ങൾ എന്നു മൂന്നായി ഭാഗിക്കാം. തലയിൽ മുഖവും, തലച്ചോറിനെ പൊതിഞ്ഞിരിക്കുന്ന തലയോടും, ഉടലിൽ നെഞ്ചു വയറ് ഇവയും, നെഞ്ചിനുള്ളിൽ ഹൃദയവും, ശ്വാസകോശവും, വയററിനുള്ളിൽ ആമാശയം കുടൽ മൂത്രാശയം മുതലായവയും അടങ്ങിയിരിക്കുന്നു. മററു അവയവങ്ങൾ ഉടലിന്റെ ഉൾപിരിവുകളായ കൈ, കാൽ ഇവയാണ്. ഓരോ ഉൾപിരിവുകളിലും അനേകഭാഗങ്ങൾ ഉണ്ട്. പുറമെ കാണുന്ന മാംസത്തെ ബലമായി നിറുത്തുന്നത് ഉള്ളിലുള്ള അസ്ഥികളാണ്. ഇവയ്ക്കു ചലനവും ശക്തിയും ഉണ്ടാക്കുന്നത് ആഹാരസാധനങ്ങളാകുന്നു. ആഹാരമെന്നാൽ ദേഹത്തെ പോഷിപ്പിക്കുന്നതോ അല്ലെങ്കിൽ ദേഹത്തിനു ശക്തിയുണ്ടാക്കുന്നതോ ആയ വസ്തുക

മാണ്. ശരീരസുഖം വേണമെങ്കിൽ ഭക്ഷണം, വ്യായാമം, ശുചിത്വം, വായു ഇവയെല്ലാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാം ആഹാരം കഴിക്കുന്നതിൽ പ്രത്യേകം സൂക്ഷിക്കണം. പാകം വരാത്ത പഴങ്ങൾ, കൊഴുപ്പുള്ള വസ്തുക്കൾ ഇത്യാദി പദാർത്ഥങ്ങൾ എളുപ്പം ദഹിക്കുന്നതല്ല. ആഹാരസാധനങ്ങളിൽ കൂടെയാണ് രോഗബീജങ്ങൾ ഉള്ളിലേയ്ക്കു കടക്കുന്നത്. നമ്മുടെ നാട്ടിൽ മിക്ക സാധുക്കളും രാവിലെ പഴംചോറുണ്ണാറുള്ളത് അത്ര നന്നല്ല. എന്തെന്നാൽ തണുത്ത വസ്തുക്കളിലാണ് രോഗബീജങ്ങൾ എളുപ്പം കടന്നുകൂടാറുള്ളത്. ഭക്ഷണം ചൂടോടുകൂടി കഴിക്കുന്നതുത്തമം. ഭക്ഷണങ്ങളെ ക്രമമായും ശുചിയായും ഭക്ഷിച്ചാൽ അവയുടെ പോഷകദ്രവ്യങ്ങൾ മുഴുവൻ നമുക്കു ലഭിക്കും. ഭക്ഷണം കഴിക്കുമ്പോൾ അധികസമയമെടുക്കരുതെന്നാണ് നമ്മുടെ ഇടയിലുള്ള ഒരു വിശ്വാസം. കുട്ടിക്കാലത്തു നാം ഭക്ഷണം കഴിക്കുമ്പോൾ അമ്മമാർ 'എന്തിരിപ്പാണിതു' 'വേഗം എണീക്ക്' എന്നും മറ്റും പറയുന്നതു നമുക്കനുഭവമാണല്ലോ. ചെറുപ്പത്തിൽ പരിചയിക്കുന്ന ശീലങ്ങൾ ഒരുവന്റെ മരണം വരെ വിട്ടുമാറുന്നതല്ല. 'ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം' എന്നാണല്ലോ പഴമൊഴി. ഭക്ഷണം കഴിക്കുന്നതിന് എത്രത്തോളം സമയം എടുക്കുന്നുവോ അത്രത്തോളം നന്ന്. ആഹാരത്തെ പല്ലുകൾകൊണ്ടു മർദ്ദിച്ച് ഉമിനീരോടു (Saliva) ചേർത്തു കുഴമ്പാക്കി ഇറക്കിയാലേ അവയിൽനിന്നും കിട്ടുന്ന പോഷകദ്രവ്യങ്ങൾ ശരീരത്തോടു ചേർന്ന് ദേഹത്തെ പോഷിപ്പിക്കയുള്ളൂ. ഉമിനീർ ആഹാരത്തെ ദഹിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ളതാണ്, ഉമിനീരോടു ചേർന്നു കുഴമ്പാകുന്ന ആഹാരസാധനങ്ങൾ കണ്ഠനാളത്തിൽ കൂടി (Pharyne) ആമാശയത്തിലേയ്ക്കു (Stomach) ചെല്ലുന്നു. ദഹിച്ചുകഴിഞ്ഞാൽ പോഷകദ്രവ്യങ്ങൾ ദേഹത്തെ പോഷിപ്പിക്കുന്നു. ബാക്കി ശേഷിക്കുന്ന അന്നപദാർത്ഥങ്ങൾ വലിയ കുടൽവഴിയായി ക്ലിപ്തസമയങ്ങളിൽ മലമൂത്രങ്ങളായി വെളിയിലേയ്ക്കു പോകുന്നു.

ഭക്ഷണം കഴിക്കുന്നതിനു ക്ലിപ്തസമയം വച്ചുകൊള്ളേണ്ടതാണ്. ഒരു ദിവസം നിശ്ചിതസമയത്ത് ആഹാരം കഴിച്ചാൽ പിറ്റേ ദിവസം അതേ സമയത്തുതന്നെ ആഹാരം കഴിക്കേണ്ടതാണ്. അങ്ങിനെ ചെയ്യുന്നതിനാൽ ദഹനശക്തി കൂടുന്നു. ചെറുപ്പക്കാരെയും വയ

സ്സ്വായവങ്ങളേയും കൂടെ ആലോചിക്കുക. യൌവനത്തിലാണ് ആഹാരം നല്ലവണ്ണം കഴിക്കുന്നത്. വാൎദ്ധക്യത്തിൽ ആഹാരം തീരെ കുറക്കേണ്ടതും അത്യാവശ്യം. വൃദ്ധന്മാർ പല്ലില്ലാത്തതിനാൽ ആഹാരസാധനങ്ങളെ ശരിയായി ചവച്ച് ഇറക്കാൻ സാധിക്കുന്നില്ല. തന്നിമിത്തം ദഹനശക്തി കുറയുന്നു. അതാതു മനുഷ്യരുടെ വയസ്സനുസരിച്ച് ആഹാരത്തിൽ ചില ഭേദഗതികൾ ചെയ്യേണ്ടതാണ്. ജോലികൾക്കു ശേഷം വേണം ആഹാരം കഴിക്കുവാൻ. ആഹാരം കഴിഞ്ഞാൽ കുറച്ചു സമയം വരെ അദ്ധ്വാനം ചെയ്യാൻ പാടില്ല. ഭക്ഷണം കഴിഞ്ഞയുടൻ ബുദ്ധിക്കും ശരീരത്തിനും അദ്ധ്വാനം കൊടുക്കുന്നതായ യാതൊരു പ്രവൃത്തിയിലും പ്രവേശിക്കാൻ പാടില്ല. ഉച്ചയ്ക്ക് ആഹാരം കഴിഞ്ഞാൽ അല്പം വിശ്രമിക്കേണ്ടത് ആവശ്യമാണ്. രാത്രി മിതമായി ആഹാരം കഴിക്കണം. അധികമായാൽ ഉറക്കത്തിനു വിഘ്നം വരുന്നതു കൂടാതെ അനേകസ്വപ്നങ്ങൾ കാണുന്നതിനും ഇടയാകുന്നു. രാത്രി ഉറങ്ങുന്നതിനു രണ്ടു മണിക്കൂറിനു മുമ്പേ ആഹാരം കഴിച്ചിരിക്കേണ്ടതാണ്.

വ്യായാമം: വ്യായാമമെന്നാൽ ദേഹത്തിനു ശക്തിയും തലച്ചോറിനു ഉണൎച്ചയും ഉണ്ടാക്കുന്ന ഒരുതരം പ്രവൃത്തിയാകുന്നു. വ്യായാമം പലതരത്തിലുണ്ട്. സവാരിചെയ്യൽ, കുതിരസവാരി, കത്തിപ്പയറ്റ്, പന്തുകളി, ഫുട്ബോൾ, ടെന്നിസ്സ്, ബാഡ്മിന്റൺ, കസൎത്തു, ഡംബെൽസ് മുതലായവയാണ്. ചെറുപ്പക്കാർ പന്തുകളി ഡംബെൽസ് മുതലായവയും, വയസ്സന്മാർ സവാരിചെയ്യലുമാണ് ഉത്തമമായിട്ടുള്ളത്. ഇവയെ ക്രമമായി ശീലിക്കണം. അമിതമായാൽ വളരെ ദോഷങ്ങളുണ്ട്. വ്യായാമത്താലുണ്ടാകാവുന്ന ഗുണങ്ങളെപ്പറ്റി ആലോചിക്കുക. അവ നാം അറിഞ്ഞും അറിയാതെയും നമുക്കു ഗുണത്തെ ഉണ്ടാക്കിത്തീൎക്കുന്നു. വ്യായാമംകൊണ്ടു ശരീരത്തിലുള്ള ഓരോ അവയവങ്ങളും പുഷ്ടിയോടുകൂടി വളൎന്നുകൂടാതെ തലച്ചോറിനു ഉണൎച്ചയുണ്ടാവാനും അതുമൂലം നമുക്കു അനേക കാൎയ്യങ്ങൾ ആലോചനയോടുകൂടി പ്രവൎത്തിക്കുവാനും സംഗതി വരുന്നു.

വായു: രൂപരസഗന്ധങ്ങളില്ലാതെ നമുക്കു ചുറ്റും വ്യാപിച്ചുകിടക്കുന്ന വായുവിനെ ആണല്ലോ നാം ശ്വസിക്കുന്നത്. ശുദ്ധവായു ശ്വ

സിക്കുന്നതു ശരീരത്തിന്നു വളരെ നന്നു. നാം ഉൾക്കൊള്ളുന്ന വായുവിന്നും നിശ്വസിക്കുന്ന വായുവിന്നും വളരെ വ്യത്യാസമുണ്ട്. ശ്വസിക്കുന്ന ശുദ്ധവായുവിൽ അനേക ഗാസുകൾ ലയിച്ചിരിക്കുന്നു. അവ ഓക്സിജൻ, നൈട്രജൻ, ആർഗോൺ, കാർബോണിക്കാസിഡ് ഗാസ്, ജലാംശങ്ങൾ, നൈട്രിക്കാസ്സിഡ്, അമോണിയാ രാസസാരൻ ഇവയാണ. ഇതിൽ പ്രധാനമായവ ക്ഷയവകം (Nitorgon) ജീവനാകവാതകം (Oxygen) ഇംഗാലാമ്ലം (Corbomiacidgas). നാം ശ്വസിച്ചുവിടുന്ന ദുർവ്വായു വൃക്ഷങ്ങളുടെ സഹായത്താൽ വീണ്ടും ശുദ്ധമായിത്തീരുന്നു. ദുർവ്വായു ശ്വസിച്ചാൽ ശ്വാസകോശം (Lungs) അധികം ക്ഷീണം തട്ടും. ദുർവ്വായു അകത്തു കടന്നു രക്തത്തെ ദുഷിപ്പിച്ച് ശരീരത്തെ പല രോഗങ്ങളാലും ബുദ്ധിമുട്ടിക്കുന്നു. ആദ്യമായുണ്ടാകുന്നതു ചൊറിചിരങ്ങുകളാണ്. പിന്നീടു മറ്റു വല്ല രോഗങ്ങളും പിടിപെടാനെളുപ്പമുണ്ട്.

ശുചിത്വം: ശരീരസുഖത്തിന്നു ശുചിത്വം പ്രത്യേകം ആവശ്യമായിട്ടുള്ളതാണ്. നാം കുടിക്കുന്ന വെള്ളത്തെ പരിശോധിക്കുന്നതായാൽ അതിൽ അനേക രോഗാണുക്കളെ കാണാവുന്നതാണ്. വെള്ളം ഘനം കുറഞ്ഞതും കൂടിയതുമുണ്ട്. ഘനം കൂടിയതു അത്ര നന്നല്ല. നാം ഇതിനെ തീരെ വകവെക്കാതെയാണ ഉപയോഗിക്കുന്നത്. എപ്പോഴും ശുദ്ധജലം ഉപയോഗിക്കണം. വെള്ളം ശുദ്ധമല്ലെന്നു കണ്ടാലുടൻ അതിനെ ചൂടാക്കിക്കൊള്ളണം. സുഖത്തിന മറ്റൊന്നു ശരീരശുദ്ധിയാണ്. ദിവസവും കുളിക്കുക, ഉടുത്ത വസ്ത്രം മുഷിഞ്ഞാലുടൻ മാറുക ഇവയെല്ലാം ആവശ്യമാണ്. കുളിക്കുമ്പോൾ ശരീരത്തിലുള്ള ചെളി പോകത്തക്കവണ്ണം വല്ല തുണിക്കഷണമോ, ഇഞ്ചയോ കൊണ്ടു തിരുമ്മണം. ശുചിത്വമില്ലാത്തതിനാലാണ മസൂരി, വിഷൂചിക മുതലായ പകർച്ചവ്യാധികൾ പിടിപെടാറുള്ളത്.

ഇതുകളെ ശ്രദ്ധിക്കാതെ കഴിക്കുന്ന കൂട്ടർ തങ്ങളുടെ ജീവിതത്തിൽ കാംക്ഷ കരമായതൊന്നും സദാ രോഗികളായും അന്യർക്ക രസിക്കാത്തവരായും തീരുന്നു. ചെറുപ്പക്കാരായ വിദ്യാർത്ഥികൾ ഇവയെ പ്രത്യേകം ഓർക്കേണ്ടതാണ്. ജീവിതദശയിൽ വിദ്യാഭ്യാസകാലമാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. മനുഷ്യരുടെ സ്വഭാവത്തി

ന്നു മാറ്റമുണ്ടാകുന്നതും അപ്പോഴാണു. ആയതിനാൽ മാലിന്യവിതമായ ഉത്തമകാര്യങ്ങളിൽ കൂടി നയിക്കുന്നതിനും ആരോഗ്യസുഖത്തോടും സന്തോഷത്തോടും കൂടി ജീവിക്കുന്നതിനും നാം ശ്രമിക്കേണ്ടതാണ്.

ആർ. പി. പിള്ള.

പലവക.

അമേരിക്കയിലെ അന്തരിച്ചുപോയ പ്രസിഡണ്ടു മിസ്റ്റർ റൂസ്വെൽട്ടിന്റെ സ്വത്ത് എത്രയാണെന്നു തിട്ടമായി അറിഞ്ഞുകഴിഞ്ഞിട്ടില്ല. എന്നാൽ ചിലർ 100000 പവനാണെന്നു കണക്കാക്കിയിരിക്കുന്നു. ഇതു മുഴുവനും അദ്ദേഹം സാഹിത്യപരിശ്രമംകൊണ്ടു സമ്പാദിച്ചതാണെന്നും കാണുന്നു.

* * *

യുദ്ധം തുടങ്ങുന്നതിനു മുമ്പു ജാപ്പാൻകാർ 7 ലക്ഷം മുതൽ 8 ലക്ഷം 'യേൻ' വരെ (1 യേൻ = 2 ഷില്ലിംഗ് ½ പെൻസ്) വിലയ്ക്കുള്ള നാഴികമണികളാണു കൊല്ലംതോറും ജാപ്പാനിൽനിന്നു കയറ്റി അയച്ചിരുന്നത്. അടുത്ത കാലംവരെ ജർമ്മൻകാർ അയച്ചിരുന്ന ക്ലോക്കുകൾ വരാതായതുകൊണ്ടു-ജാപ്പാന്റെ ഈ കയറ്റുമതി കുറച്ചു വർദ്ധിച്ചു. 1916-ലേക്ക് ഈ തുക 1 മില്ല്യൻ 1 ലക്ഷത്തി 80 ആയിരം 'യേൻ' ആയി വർദ്ധിച്ചു. കഴിഞ്ഞ മൂന്നു കൊല്ലക്കാലമായി ജാപ്പാൻ ക്ലോക്കുകൾ ചീന, സ്വിറ്റ്സർലണ്ട്, ഇന്ത്യ മുതലായ ദിക്കുകളിലേക്കു മാത്രമല്ല ഇംഗ്ലണ്ട്, ഫ്രാൻസ്, ഇറ്റലി ഇവിടങ്ങളിലേക്കുകൂടി ധാരാളം കയറ്റി അയച്ചിട്ടുള്ളതായി കാണുന്നു.

* * *

ഭൂമിയിൽനിന്നു പുറപ്പെടുന്ന ശബ്ദം എത്ര ഉയരത്തോളം കേൾക്കുവാൻ സാധിക്കുമെന്നു ഫ്രഞ്ചുകാരനായ ഒരു വിമാനസഞ്ചാരി കണക്കാക്കിയിരിക്കുന്നു. അദ്ദേഹം ഒരു ബല്ലൂണിൽ യാത്ര ചെയ്തപ്പോൾ 3255 അടി ഉയരത്തിൽ മനുഷ്യരുടെ ഒച്ചയും വണ്ടി ഓട്ട-

ന്ന ശബ്ദവും കേൾക്കാമായിരുന്നുവത്രെ. 1550 അടി ഉയരത്തിൽ വെച്ച് ചുവട്ടിൽനിന്ന പായടിക്കുന്ന ശബ്ദം കേട്ടിരുന്നു. 6000 അടി ഉയരത്തു ചെന്നപ്പോൾ ഒരു പട്ടികളിയുടെ നാദം കേൾക്കപ്പെട്ടിരുന്നു. തീവണ്ടിയോടുന്ന ശബ്ദം 8200 അടി ഉയരംവരെയും, ഒരു ഇഞ്ചിന്റെ കുഴൽവിളിനാദം ഉദ്ദേശം 10000 അടി ഉയരത്തോളവും കേട്ടിരുന്നുപോൽ. ഈ കണക്ക വാസ്തവമാണെങ്കിൽ ശബ്ദങ്ങളുടെ സ്ഥലവ്യാപ്തി നാം സാധാരണയായി വിചാരിക്കുന്നുപോലെയൊന്നുമല്ലെന്ന വ്യക്തമാണല്ലൊ.

* * *

നവമ്പർമാസം ഹോളണ്ടിൽ വിവാഹമാസമായിഗ്ഗണിച്ചുവരുന്നു. ആ മാസത്തിലാണ് അവിടെ അധികവും വിവാഹങ്ങൾ നടക്കുന്നത്. ആ മാസത്തെ നാലു ഞായറാഴ്ചകൾ വിവാഹത്തിന്റെ നാലു പതനങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രത്യേകപേരുകളാൽ അറിയപ്പെടുന്നവയാണ്. (1) ഒന്നാമത്തേതു പരിശോധനഞായറാഴ്ച (Review Sunday) യാണ്. അന്നു വിവാഹത്തിന്നു പ്രായമായ സ്ത്രീപുരുഷന്മാർ മോടിയേറിയ വേഷാലങ്കാരങ്ങളോടുകൂടി പരസ്യമായി പരസ്പരം കാണത്തക്കവിധമാണു പള്ളിയിൽനിന്നു പോക പതിവ്; പക്ഷെ സംസാരിക്കയില്ല. (2) രണ്ടാമത്തേതു നിശ്ചയഞായറാഴ്ച (Decision Sunday) യാണ്. അന്നു വിവാഹം വേണമെന്നു വിചാരിക്കുന്ന യുവാവു താൻ കണ്ടുവെച്ചിട്ടുള്ള യുവതിയുമായി സംസാരിച്ച് കാര്യം ഉറപ്പിക്കും; അതിൽ യോജിക്കാതെ വന്നാൽ വേണ്ടെന്നുവെച്ചു പിൻവലിക്കുന്നതും അന്നാണ്. (3) മൂന്നാമത്തേതു ക്രയഞായറാഴ്ച (Purchase Sunday) ആണ്. അന്നു യുവാവു താൻ നിശ്ചയിച്ചപ്രകാരം താൻ കാമിക്കുന്ന യുവതിയുടെ അച്ഛനമ്മമാരോട് വിവരം പറയും. (4) സ്വീകരണഞായറാഴ്ച (Possession Sunday) ദിവസം, യുവാവ് അച്ഛനമ്മമാരുടെ സമ്മതത്തോടുകൂടി പ്രിയതമയെ മുറപ്രകാരം ഭാര്യയായി സ്വീകരിക്കുകയും ചെയ്യും. ഹോളണ്ടിൽ നവമ്പർമാസം കൊയ്ത്തുകാലമായതുകൊണ്ടു പ്രത്യേകം സുഖകരമായ ഒരു വിശ്രമമാസമാകയാലാണു വിവാഹം അധികവും ആ മാസത്തിലാവാൻ കാരണം.

മംഗളോദയം

൧൦൮൮ മീനം.

മംഗളം.

കുർവന്തു വഃ കുശലം ന-
ത്തജനസ്നേഹസ്പിരിഃ സമാമിനാതം
യേന കില കർകരകത്താ-
ർച്ചിഷ്മതോത്തുയായിതം ശിരിക്കേ.

വാൽനക്ഷത്രങ്ങൾ.

ആകാശത്തിൽ നാം കണ്ടുവരുന്ന ഗോളങ്ങൾ വൃത്താകാരത്തിലാണല്ലോ ഇരിക്കുന്നത്. എന്നാൽ വാൽനക്ഷത്രങ്ങളാകട്ടെ ആ പ്രകാരമല്ലാതെ വ്യത്യസ്തമായ ആകൃതിയിൽ കണ്ടുവരുന്നു. ആകൃതിയിൽ എന്നു മാത്രമല്ലാ വേറെ ചില സംഗതികളിലും വാൽനക്ഷത്രങ്ങൾ മററുള്ള ഗോളങ്ങളിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. ഇവ കാഴ്ചയിൽ വളരെ വലുതായിരിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ വളരെ ലഘുക്കളായ വസ്തുക്കളാണ്. അവയുടെ വാൽ ബാഷ്പരൂപമായി ഏററവും നേർമ്മയിൽ ഇരിക്കുന്ന വസ്തുക്കളാണ്. ഒരു വാൽനക്ഷത്രത്തിൽ അടങ്ങിയിരിക്കുന്ന പദാർത്ഥത്തിന്റെ തൂക്കം നാം അധിവസിക്കുന്ന ഭൂമിയിലൊ ബുധൻ, ശുക്രൻ മുതലായ മററു ഗ്രഹങ്ങളിലൊ അടങ്ങിയിരിക്കുന്ന പദാർത്ഥത്തിന്റെ തൂക്കത്തിൽനിന്നു വളരെ കുറഞ്ഞതാണ്. എന്നാൽ ബുധൻ, ശുക്രൻ മുതലായ ഗ്രഹങ്ങൾ ഘനപദാർത്ഥങ്ങളാകയാലാണു അവയുടെ വലിപ്പം വളരെ ചെറുതാ

യും ബാഹ്യരൂപത്തിൽ ഇരിക്കുന്ന വാൽനക്ഷത്രങ്ങളുടെയും വളരെ വലുതായും കണ്ടുവരുന്നത്. വാൽനക്ഷത്രങ്ങളും മററുള്ള ഗോളങ്ങളെപ്പോലെ സൂര്യനെ ചുററിവരുന്നു. എന്നാൽ അവയെ നാം മററുള്ള ഗോളങ്ങളെപ്പോലെ കൂടക്കൂടെ കാണുന്നില്ലല്ലോ. ഇതിനു എന്താണു കാരണം? വാൽനക്ഷത്രങ്ങൾ സാധാരണയായി പെട്ടെന്നു നമ്മുടെ ദൃഷ്ടിയിൽ വരികയും, താമസിയാതെ നമ്മെ വിട്ടുപിരികയും ചെയ്യുന്നു. പിന്നെ അവയെ കാണുന്നതു വളരെ കാലം കഴിഞ്ഞിട്ടാണ്. ഇതിന്റെ കാരണമെന്താണ്? ജ്യോതിശ്ശാസ്ത്രത്തിന്റെ വികാസത്തോടുകൂടി മേല്പറഞ്ഞ സംഗതികൾക്കുള്ള കാരണങ്ങൾ വെളിവായിരിക്കുന്നു.

ഗ്രഹങ്ങളും ഉപഗ്രഹങ്ങളും സൂര്യനെ നിയമപ്രകാരം ചുററിസ്സഞ്ചരിക്കുന്നതുപോലെ വാൽനക്ഷത്രങ്ങളും സൂര്യനെ ശരിയായി ചുററിസ്സഞ്ചരിക്കുന്നുണ്ട്. എന്നാൽ ഒരു ഗ്രഹത്തിന്റെ പഥത്തിനും ഒരു വാൽനക്ഷത്രത്തിന്റെ പഥത്തിനും തമ്മിൽ അല്പം വ്യത്യാസമുണ്ട്. അതുകൊണ്ടാണ വാൽനക്ഷത്രങ്ങളെ കൂടക്കൂടെ നാം കാണാത്തത്. ഒരു ഗ്രഹത്തിന്റെ പഥതി (Orbit) അണ്ഡാകൃതിയിലാകുന്നു (Ellipse) നമുക്ക് അറിയാമല്ലോ. എന്നാൽ ഒരു വാൽനക്ഷത്രത്തിന്റെ പഥതിയാകട്ടെ ഏകദേശം ഒരു അനവൃത്തത്തിന്റെ (Parabola) മാതിരിയിലാണ് ഇരിക്കുന്നത്. എന്നാൽ ഇതു ഒരു അനവൃത്തവുമല്ല. സൂക്ഷ്മമായി പറയുന്നതായാൽ ഒരു വാൽനക്ഷത്രത്തിന്റെ പഥതി ഒരു അനവൃത്തത്തോടു സാമ്യമുള്ളതും വളരെ ദീർഘിച്ചതുമായ ഒരു അണ്ഡവൃത്ത(Clongated ellipse) മാണെന്നാണ പറയേണ്ടതു. ഈ പഥതിയുടെ കേന്ദ്രത്തിൽ (Focus) സൂര്യനാണ സ്ഥിതിചെയ്യുന്നതു. ഇതിനാലാണ വാൽനക്ഷത്രങ്ങൾ സൂര്യനെ ചുററിസ്സഞ്ചരിക്കുന്നതു.

വാൽനക്ഷത്രങ്ങളെ നമുക്കു കാണുവാൻ സാധിക്കുന്നത് അവ സൂര്യനെ ഏററവും അടുത്തുവരുമ്പോഴാണ്. മുഖ്യമായും വാൽ നിമിത്തമാണല്ലോ അവയെ കാണുമ്പോൾ നമുക്കു സന്തോഷം തോന്നുന്നതു. ഈ വാൽ സൂര്യൻ നിമിത്തമാണ ഉണ്ടാകുന്നതു. വാൽനക്ഷത്രങ്ങൾ സൂര്യനെ വിട്ടുപിരിഞ്ഞു കുറെ ദൂരംപോയാൽ അ

ഉദിക്കുക വാൽ കാണാറില്ല. സൂൎയ്യന്റെ താപശക്തി നിമിത്തം വാൽനക്ഷത്രത്തിൽ അടങ്ങിയ ചില പദാൎത്ഥങ്ങൾ (വാൽനക്ഷത്രം സൂൎയ്യനു അടുത്തുവരുമ്പോൾ) ബാഷ്പാകൃതിയാകയും, ആകൎഷണശക്തിയുടെ പ്രേരണ നിമിത്തം അതിവേഗത്തിൽ സഞ്ചരിക്കുന്ന വാൽനക്ഷത്രത്തെ അവ പിന്തുടരുകയും ചെയ്യുന്നു. ഇതു കാരണമാണു സൂൎയ്യനു അടുത്തുവരുമ്പോൾ വാൽ ഉണ്ടാകുന്നതും അപ്പോൾ മാത്രം നാം മറ്റുള്ള വസ്തുക്കളിൽനിന്നു വാൽനക്ഷത്രങ്ങളെ വേൎതിരിച്ചു കാണുന്നതും. സൂൎയ്യനെ വിട്ടു വളരെ ദൂരം പോയാൽ സൂൎയ്യന്റെ ചൂടിന്റെ ആധിക്യവും ആകൎഷണശക്തിയുടെ ബലവും കുറയുന്നു. അതിനാൽ വാൽനക്ഷത്രത്തിനു വാൽ ഉണ്ടാകുന്നതിനുള്ള കാരണം ഇല്ലാതാകയും, വാൽ ഇല്ലാത്തതിനാൽ വാൽനക്ഷത്രം നമ്മുടെ ദൃഷ്ടിയിൽ പെടാതിരിക്കയും ചെയ്യുന്നു. സൂൎയ്യനു അടുത്തുവരുമ്പോൾ സൂൎയ്യന്റെ ആകൎഷണശക്തി നിമിത്തം വാൽനക്ഷത്രത്തിനു വേഗം കൂടുന്നു. ഇപ്രകാരമുണ്ടാകുന്ന തീവ്രവേഗത്തോടുകൂടി വാൽനക്ഷത്രം സൂൎയ്യനെ വേഗത്തിൽ ചുറ്റിമറിയുന്നു. ഇതിനാലാണു വാൽനക്ഷത്രം പെട്ടെന്നു നമ്മുടെ ദൃഷ്ടിയിൽ പതിയുന്നതും പെട്ടെന്നു നമ്മെ വിട്ടുപോകുന്നതും. സൂൎയ്യനെ വിട്ടുപോകുന്നതോടുകൂടി വാൽനക്ഷത്രത്തിന്റെ വേഗവും സൂൎയ്യന്റെ ആകൎഷണശക്തിയും തമ്മിൽ പൊരുതുന്നു. എന്നാൽ ഈ പോരാട്ടത്തിൽ കുറെ ദൂരത്തേക്കു വാൽനക്ഷത്രം ജയിക്കുന്നതുകൊണ്ടാണു വാൽനക്ഷത്രം സൂൎയ്യനെ വിട്ടു പോകുന്നതു. പക്ഷെ വളരെ ദൂരം ചെന്നതിന്റെ ശേഷം വാൽനക്ഷത്രത്തിന്റെ ശക്തി ക്ഷയിക്കയും അതിനാൽ അതിനു സൂൎയ്യന്റെ ആകൎഷണശക്തിക്കു അടിമപ്പെടേണ്ടിവരികയും ചെയ്യുന്നു. അപ്പോൾ മുതൽ അതു അതിദൂരത്തിൽനിന്നു സൂൎയ്യന്റെ അടുക്കലേക്കു സാവധാനത്തിൽ പുറപ്പെടുന്നു. സൂൎയ്യനോടു അടുക്കുന്നതോടുകൂടി വേഗവും കൂടുന്നു; അതിനു വാലും ഉണ്ടായിത്തുടങ്ങുന്നു. ഇപ്രകാരമാണു വാൽനക്ഷത്രങ്ങൾ സഞ്ചരിക്കുന്നതു.

ബാഷ്പാകൃതിയിലിരിക്കുന്ന വാൽ ഏററവും നേൎമ്മയുള്ള ഒരു വസ്തുവാണെന്നു നമുക്കു തന്നെ കണ്ടറിവാൻ സാധിക്കുന്നതാണു. ഒരു നക്ഷത്രത്തിന്റെയും നമ്മുടെയും മദ്ധ്യേ ഈ വാൽ ചില സമയം

വരുന്നതു. അപ്പോഴാണ ഈ കാൎയ്യം നമുക്കു മനസ്സിലാകുന്നതു. ചില മേഘങ്ങളിൽകൂടി നമുക്കു നക്ഷത്രങ്ങളെ കാണ്മാൻ സാധിക്കുന്നില്ലെങ്കിലും ഒരു വാൽനക്ഷത്രത്തിന്റെ വാലിൽകൂടി നക്ഷത്രങ്ങളെ കാണ്മാൻ നമുക്കു യാതൊരു പ്രയാസവും ഉണ്ടാകുന്നില്ല. മേഘത്തെക്കാളും നേൎമ്മയുള്ള ഒരു വസ്തുവാണ ഈ വാൽ എന്ന് ഈ സംഗതി നിമിത്തം പ്രത്യക്ഷപ്പെടുന്നതാണ്.

വാൽ എല്ലാ സമയത്തും മുകളിലേക്കായിട്ടാണല്ലൊ കിടക്കുന്നതു. കാലത്തായാലും വൈകുന്നേരമായാലും വാലിന്റെ ഈ സ്ഥിതിക്കു യാതൊരു വ്യത്യാസവും കാണുന്നില്ല. ഈ സംഗതിക്കും പ്രധാന കാരണമെഴുതുന്നാണ. ഘനസ്ഥിതിയിൽ ഇരിക്കുന്ന പദാൎത്ഥത്തെ സൂൎയ്യൻ ആകൎഷിക്കുന്നുണ്ടെങ്കിലും ആ പദാൎത്ഥം ബാഷ്പാകൃതിയായ ശേഷം സൂൎയ്യൻ അതിനെ ആകൎഷിക്കുന്നതിനു പകരം ദൂരത്തേക്കു ഓടിക്കുക (Repel) യാണ ചെയ്യുന്നതു. ഇതിനാലാണ വാൽ എല്ലാ സമയത്തും സൂൎയ്യനു എതിരായി കിടക്കുന്നതു.

വാൽനക്ഷത്രങ്ങൾ പലതരത്തിലുമുണ്ട്. ചിലതുകൾക്കു വാൽ ഇല്ലാതായിത്തീൎന്നിട്ടുണ്ട്. സൂൎയ്യനെ അടുത്തുവരുമ്പോൾ സൂൎയ്യന്റെ താപശക്തി കൂടുന്നതുകൊണ്ടാണ വാൽ ഉണ്ടാകുന്നതു എന്നു മുമ്പിൽ പറഞ്ഞുവല്ലൊ. ഇപ്രകാരം പലതവണയും സംഭവിക്കുന്നതുകൊണ്ടാണ ചിലതുകൾക്കു വാലില്ലാതായിത്തീൎന്നിട്ടുള്ളതു. സൂൎയ്യനെ വിട്ടു വാൽനക്ഷത്രം ദൂരത്തേക്കു പോകുന്നതോടുകൂടി ബാഷ്പാകൃതിയിൽ ഇരിക്കുന്ന വാൽ ശൈത്യം നിമിത്തം കട്ടയായ ചെറിയ വസ്തുക്കളായി പരിണമിക്കുന്നു. എന്നാൽ വാൽനക്ഷത്രത്തിന്റെ ബീജത്തിനു (Nucleus) ഈ വസ്തുക്കളെ എല്ലാം ആകൎഷിക്കുന്നതിനു ശക്തിയില്ലായ്കയാൽ ഈ വസ്തുക്കൾ വാൽനക്ഷത്രത്തെ വിട്ടുപിരിയുന്നു. വാലിനു ചേൎന്നതായ പദാൎത്ഥങ്ങൾ ഇപ്രകാരം പലതവണയും നഷ്ടമാകുന്നതുകൊണ്ടാണ ചില വാൽനക്ഷത്രങ്ങൾക്കു വാലില്ലാതെ വന്നിട്ടുള്ളതു.

വാൽനക്ഷത്രത്തിന്റെ വാൽ സൂൎയ്യൻ നിമിത്തമാണുണ്ടാകുന്നതെന്നു ഉറപ്പിക്കുന്നതിലേക്കു വേറൊരു കാരണവും പറയാം. സൂൎയ്യന്റെ ഒരു ഭാഗത്തിൽനിന്നു അതിന്റെ അടുത്ത മറുഭാഗത്തേക്കു ഒരു

വാൽനക്ഷത്രം സഞ്ചരിക്കുമ്പോൾ അതിന്റെ വാലിനു സംഭവിക്കാറുന്ന സ്ഥിതിവ്യത്യാസം അത്ഭുതകരമായിരിക്കുന്നതാണ്. ഇതു നിമിത്തവും ഒരു വാൽനക്ഷത്രത്തിന്റെ വാൽ ഓരോ തവണയും പുതിയതായി ഉണ്ടാകുന്നതാണെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു.

ഒരിക്കൽ കണ്ട വാൽനക്ഷത്രം പിന്നീടു മടങ്ങിവരുന്നതെപ്പോഴെന്നറിവാൻ ചില ജ്യോതിശ്ശാസ്ത്രജ്ഞന്മാർ വളരെ ബുദ്ധിമുട്ടിയിട്ടുണ്ട്. ഈ കാര്യത്തിൽ പ്രധാനമായി പറയേണ്ടതു ഹാല്ലി (Halley) എന്നൊരാളുടെ പേരാണ്. ഇദ്ദേഹമാണ് നാം 1910-ൽ കണ്ട വാൽനക്ഷത്രം ഏകദേശം 75 കൊല്ലം കൂടുമ്പോൾ സൂര്യനോടടുത്തുവരുന്നതാണെന്നു കണ്ടുപിടിച്ചത്. പല കാലങ്ങളിൽ ഭൂമിയിലെ നിവാസികൾ കണ്ടിട്ടുള്ള വാൽനക്ഷത്രങ്ങളെ സംബന്ധിച്ച കണക്കുകൾ പരിശോധിച്ചതിനുശേഷമാണു അദ്ദേഹം ഈ സംഗതി കണ്ടറിഞ്ഞത്. 1910-ൽ നാം കണ്ട വാൽനക്ഷത്രം 1682 ലാണു ആദ്യം ഹാല്ലി കണ്ടതു. കണക്കുകൾ പരിശോധിച്ചതിൽനിന്നു 1607-ലും 1531-ലും ഒരു വാൽനക്ഷത്രം ഭൂമിയിലുള്ളവർ കണ്ടിട്ടുള്ളതായി കണ്ടു. ഈ കാരണത്താലും പ്രപഞ്ചത്തിൽ പ്രവർത്തിച്ചുവരുന്ന ആകർഷണശക്തിയെ അടിസ്ഥാനമാക്കി കണ്ടുപിടിച്ചിട്ടുള്ള നിയമങ്ങൾ മറ്റുള്ള ഗോളങ്ങളെപ്പോലെ വാൽനക്ഷത്രങ്ങളേയും ബാധിക്കുന്നു എന്നു അദ്ദേഹം അറിഞ്ഞതിനാലും ഈ വാൽനക്ഷത്രം 75 കൊല്ലത്തിനുശേഷം മടങ്ങിവരുന്നതാണെന്നു അദ്ദേഹം ദൃഢമായി പറഞ്ഞു. അതുപോലെതന്നെ അതു 1759-ൽ കാണുകയുംചെയ്തു. ഇതു നിമിത്തം ഈ വാൽനക്ഷത്രത്തിനു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഹാല്ലിയുടെ പേരിടുകയും ചെയ്തു. ഈ നക്ഷത്രം 1835-ലും ജനങ്ങൾ കണ്ടിട്ടുണ്ട്. ഈ നക്ഷത്രത്തിനു പുറമെ വേറെ 24 വാൽനക്ഷത്രങ്ങളുടെ പദ്ധതികളെപ്പറ്റിയുള്ള സൂക്ഷ്മവിവരങ്ങളും ഹാല്ലി മനസ്സിലാക്കിട്ടുണ്ടായിരുന്നു.

വാൽനക്ഷത്രങ്ങൾ ചില സമയം ചില ഗ്രഹങ്ങളുടെ പദ്ധതികൾക്കടുത്തുകൂടി പോകുന്നുണ്ട്. ഇതു നിമിത്തം അവയുടെ പദ്ധതികൾക്കു അല്പം വ്യത്യാസം സംഭവിച്ചിട്ടുണ്ട്. ഒരു വാൽനക്ഷത്രം നമ്മുടെ ഭൂമിക്കടുത്തു വരുന്നതുകൊണ്ടു ചില അപകടങ്ങൾ സംഭവി

കാൻ ഇടയുണ്ട്. അതിവേഗത്തിൽ സഞ്ചരിക്കുന്ന ഈ ഗോളങ്ങൾ തമ്മിൽ കൂട്ടി ഉരസിയാൽ തീ പിടിക്കുവാനും ഇടയുണ്ട്. 1910-ൽ ഈ മാതിരി ഒരു സംഭവം ഉണ്ടായേക്കാമെന്നു ചിലർ സംശയിക്കുയുണ്ടായി. ചില വാൽനക്ഷത്രങ്ങളും ഗ്രഹങ്ങളും ആയി ഉണ്ടായിട്ടുള്ള അടുത്ത സംബന്ധംകൊണ്ടു ചില ഗുണങ്ങളും ഉണ്ടായിട്ടുണ്ട്. ഈ മാതിരി ഉണ്ടായിട്ടുള്ള ഒരു സംഭവത്തിൽനിന്നു ബുധന്റെ ഘനം ഭൂമിയുടേതിൽനിന്നു 25-ൽ ഒരു ഓഹരിയാണെന്നു കണ്ടറിഞ്ഞിരിക്കുന്നു.

അടുത്ത കാലങ്ങളിൽ കണ്ടിട്ടുള്ള ചില വാൽനക്ഷത്രങ്ങളെപ്പറ്റി അല്പം ഇവിടെ പറയാം. ആദ്യമായി പറയാനുള്ളതു 1843-ൽ കണ്ട വാൽനക്ഷത്രമാണ്. ഇതു വളരെ പ്രകാശമുണ്ടായിരുന്ന ഒരു വസ്തുവാണ്. അതു അതിവേഗത്തിൽ സഞ്ചരിക്കുന്നതിനു പുറമെ സൂര്യനു ഏറ്റവും അടുത്തും ചെന്നിരുന്നു. ഇതിന്റെ പ്രകാശം നിമിത്തം ഇതിനെ പകലും കൂടി കാണുവാൻ സാധിച്ചിരുന്നു. ഇതിനു ശേഷം അതി തേജസ്സോടുകൂടി കണ്ടതു 1858-ൽ കണ്ട നക്ഷത്രമാണ്. ഏകദേശം ആഗസ്റ്റ് മാസത്തിന്റെ മദ്ധ്യവിലാണു ഈ നക്ഷത്രം ആദ്യം കണ്ടത്. അപ്പോൾ ഇതിനു വലിയ വാലുണ്ടായിരുന്നില്ല. സെപ്റ്റംബർ മാസം ആയതോടുകൂടി ഇതു സൂര്യനു അടുത്തുചെന്നുകൊള്ളുകയും ഇതിന്റെ വാലിനു വലിപ്പം അധികമാകയും ചെയ്തു. ഒക്ടോബർ പകുതി ആയതോടുകൂടി അതിന്റെ തേജസ്സിന്റെ പരമാവധി (The zenith of its splendour) എത്തി. അക്കാലം രാത്രി ഇരുട്ടായിരുന്നതുകൊണ്ടു ഇതിന്റെ പ്രഭക്കു ഒരു വിശേഷംകൂടി ഉണ്ടായിരുന്നു. പിന്നീടു ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചതു 1881-ൽ കണ്ട വാൽനക്ഷത്രമാണ്. ഇതിന്റെ ഛായ എടുക്കയും ഇതിൽ അടങ്ങിയിരിക്കുന്ന സാധനങ്ങൾ ഏതെല്ലാമാണെന്നു സ്പെക്ട്രോസ്കോപ്പ് (Spectroscope) എന്ന യന്ത്രം മൂലം പരിശോധിക്കയുംചെയ്തു. ഈ നക്ഷത്രത്തിൽ കാർബൺ (Carbon) എന്ന മൂലപദാർത്ഥം ഉണ്ടായിരുന്നുവെന്നു അതിനാൽ കണ്ടറിഞ്ഞു. പിന്നീടു 1882-ലും ഒരു നക്ഷത്രം കാണുകയുണ്ടായി. ഇതിൽ സോഡിയവും (Sodium) ഇരിമ്പും ഉണ്ടായിരുന്നുവെന്നു മേല്പറഞ്ഞ യന്ത്രം മൂലം കാണപ്പെട്ടു.

കെ. പരമേശ്വരമേനോൻ ബി. എ., ബി. എൽ.

കാതറൈൻ.

ഒന്നാം ഭാഗം.

റഷ്യാസാമ്രാജ്യം ഭരിച്ചുവന്നിട്ടുള്ള സാർവ്വഭൌമന്മാരിൽ വെച്ചു അഗ്രഗണ്യനായ പീറ്റർ ഒന്നാമൻ മഹാൻ എന്ന ബിരുദിന് സർവ്വപ്രകാരേണയും അർഹനായിരുന്നു. ഉജ്വലമായ ബുദ്ധിവികാസംകൊണ്ടും അപ്രതിഹതമായ രണനൈപുണ്യംകൊണ്ടും അന്യഹൃദയത്തിൽ ലയിച്ചിരിക്കുന്ന വിശിഷ്ടഗുണങ്ങളെ അറിഞ്ഞെടുക്കുന്നതിനുള്ള പ്രത്യേക സാമർത്ഥ്യംകൊണ്ടും തന്റെ സമാനകാലികന്മാരായ സകല യോഗ്യന്മാരിലും വെച്ചു പ്രഥമസ്ഥാനത്തെ അലങ്കരിച്ചിരുന്ന അദ്ദേഹം കീർത്തിമത്തായിരുന്ന ഐശ്വര്യംപോലെ ക്രൂരനായിരുന്നുവെന്നു പറഞ്ഞാൽ അദ്ദേഹം ഏതു പ്രകാരത്തിലുള്ള ക്രൂരനായിരുന്നുവെന്നു വായനക്കാർതന്നെ ഊഹിച്ചുകൊള്ളുമല്ലൊ. ജൂലിയസ് സീസർ, അലക്സാണ്ടർ മുതലായി അപൂർവ്വം ചില മഹാന്മാർ പ്രാചീനകാലങ്ങളിലും, നെപ്പോളിയൻ ബോനപ്പാർട്ടു മുതലായി ചില മഹാശയന്മാർ അർവ്വാചീനകാലങ്ങളിലും അദ്ദേഹത്തെക്കാൾ യോഗ്യന്മാരായിട്ടുണ്ടായിട്ടുണ്ടെന്നു വരികിലും, അദ്ദേഹത്തിന്റെ കാലത്തു അതുപോലെ ഭാഗ്യമെന്നതുവൈശിഷ്ട്യം സമ്പാദിച്ചിട്ടുള്ളവരായി വേറെ ആരുംതന്നെ ഉണ്ടായിട്ടില്ല.

പീറ്ററുടെ ബാല്യകാലത്തിൽത്തന്നെ അദ്ദേഹത്തിന്റെ അന്യാദൃശമായ മനസ്സ്ഥൈര്യത്തെ അന്നു ചക്രവർത്തിയായിരുന്ന പിതാവു അഭിനന്ദിച്ചിരുന്നതായി പല ലക്ഷ്യങ്ങളുമുണ്ട്. അദ്ദേഹത്തിന്റെ നവയൌവനാരംഭത്തിൽ വൃദ്ധനായ പിതാവു പുത്രനെ വിളിച്ചു ഇങ്ങിനെ പറഞ്ഞു:—

'മകനെ! നിനക്കു വയസ്സിരുപത്തൊന്നായിരിക്കുന്നു. ഇനി നീ വിവാഹം ചെയ്യണം. നിനക്കനുരൂപയും സുന്ദരിയുമായ ഒരു രാജകുമാരിയെ ഞാൻ കണ്ടുവെച്ചിട്ടുണ്ടു. എനിക്കു വയസ്സുമായി. നിനക്കൊരു ശിശുവുണ്ടായിക്കണ്ടതിനുശേഷം മരിച്ചാൽ കൊള്ളാമെന്നാണെന്റെ ആഗ്രഹം.'

പീററർ—വിവാഹം ചെയ്യുന്നതിനെപ്പററി വിരോധമില്ല. അച്ഛന്റെ ഇഷ്ടത്തെ സാധിപ്പിച്ചാൽ കൊള്ളാമെന്നാഗ്രഹവുമുണ്ടു. സുശീലയായും എനിക്കു യോജ്യയുമായുള്ള ഞാനൊന്നിനായാണോ ഒരു സ്ത്രീയെ സ്വീകരിക്കേണ്ടതു്? എന്നു തന്നെയല്ല, എനിക്കു അതിനുള്ള പ്രായമായിട്ടില്ലല്ലോ.

പിതാവു—പിന്നെയെന്തു വിവാഹം ചെയ്യാമെന്നാണു നീ വിചാരിച്ചിരിക്കുന്നതു്?

പീററർ—പറയാം. സൌന്ദര്യത്തിനു സ്ത്രീകളുടെ അലങ്കാരങ്ങളിൽ ഒരു ഗണ്യമായ പ്രാധാന്യമുണ്ടെങ്കിലും അതിനെ സർവ്വോത്തമമായ ഭൂഷണമായി ഞാൻ വിചാരിക്കുന്നില്ല. അവൾ രൂപഗുണമുള്ളവളായിരിക്കേണ്ടതു ആവശ്യം തന്നെ. പക്ഷേ, അതിനേക്കാളാവശ്യം സൌശീല്യമാണെന്നാണു എന്റെ പക്ഷം. അതുകൊണ്ടു സൽഗുണസമ്പൂർണ്ണയെന്നു എനിക്കു അനുഭവംകൊണ്ടു ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരു സ്ത്രീയെ മാത്രമേ ഞാൻ വരിക്കുകയുള്ളൂ.

പിതാവു ഈ വാക്കു കേട്ടു വളരെ സന്തോഷിച്ചു പുത്രന്റെ മനോഗതത്തിനു കാലവിളംബംകൂടാതെ സാഫല്യമുണ്ടാകട്ടെ എന്നു പറഞ്ഞു അദ്ദേഹത്തെ അനുഗ്രഹിച്ചു.

ഗ്രാൻഡ്‌ഡ്യൂക്കു പീററർ ചക്രവർത്തിയായ ശേഷം തന്റെ സാമ്രാജ്യത്തെ നിസ്തുല്യമായ നൈപുണ്യത്തോടെ ഭരിക്കുകയും അതിന്റെ വിസ്താരം അത്ഭുതപൂർവ്വമായ വിധത്തിൽ വർദ്ധിപ്പിക്കുകയും ചെയ്തു. മാറിൻബർഗ്ഗിൽവച്ചു തനിക്കു അനുരൂപയായ ഒരു പത്നിയെക്കൂടി ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാഗ്യലക്ഷ്മി മനുഷ്യസാദ്ധ്യമായതെല്ലാത്തവധിയതിൽ ഉയർന്നു. സ്ത്രീകളുടെ സ്വഭാവം ഇന്നപ്രകാരത്തിലെന്നു നിർണ്ണയിക്കുവാൻ നിവൃത്തിയില്ലാത്തതാണു. ചില സ്ത്രീകൾ ഉൽക്കർഷാഭിലാഷംകൊണ്ടു വാസ്തവത്തിലുള്ള മനോഗതത്തെ മറച്ചു ആഭിജാത്യംകൊണ്ടും സമ്പത്തുകൊണ്ടും ഉൽകൃഷ്ടന്മാരായ പുരുഷന്മാരിൽ അനുരാഗമുണ്ടെന്നു നടിച്ചു അവരെ വഞ്ചിക്കുന്നു. മററു ചിലർ അല്പമാത്രം ഭവിച്ചിട്ടുള്ള അനുരാഗത്തെ മുഖസ്തുതിയെന്ന ഭൂതക്കണ്ണാടിയിൽക്കൂടി ബൃഹത്താക്കിക്കാണിച്ചു തങ്ങളുടെ നിരപരാധികളായ കാമുകന്മാരെ വശീകരിക്കുന്നു. ഇള പുരുഷന്മാർക്കും സ്ത്രീ

കുറേശ്ശെ ഒരുപോലെ തന്നെയുള്ള കാമുകരെന്നെങ്കിലും പാശ്ചാത്യരാജ്യങ്ങളിൽ പുരുഷന്മാരിലുള്ളതിലധികം സ്ത്രീകളിലാണ കാണപ്പെടുന്നത്. പീററുടെ മഹിഷിയായ ക്ഷണത്തിൽ അവൾ പരിചാരകന്മാരെ അയച്ചു സ്റ്റോറൻസ്കിയെയും അലക്സിയേയും കൊട്ടാരത്തിൽ വരുത്തിക്കാണുകയും സമീപത്തിലുള്ള ഒരു വിശിഷ്ടസൗധം അവരുടെ വാസത്തിനായി ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു. പക്ഷേ സ്റ്റോറൻസ്കിക്ക് മക്കളുടെ അഭ്യുദയമോർത്തധികം കാലം സന്തോഷിക്കുവാൻ കഴിഞ്ഞില്ല. വെടികൊണ്ടുണ്ടായ വ്രണം ഉണങ്ങിയെങ്കിലും വാർദ്ധക്യംകൊണ്ടു സ്വാഭാവികമായി ദേഹത്തിന്റെ ക്ഷീണതയും നിമിത്തമുണ്ടായ ക്ഷീണം മാറാതെയിരിക്കയും ക്രമേണ അതു വർദ്ധിച്ചു നാലു മാസങ്ങൾക്കകം ആ സാധുവൃദ്ധൻ പരലോകത്തെ പ്രാപിക്കയും ചെയ്തു.

കാതറൈൻ പിതാവിന്റെ ശവശരീരം യഥോചിതമായ ആഘോഷത്തോടുകൂടി മറവുചെയ്യിക്കയുംചെയ്തിട്ടുള്ള സമയം ദുഃഖസൂചകമായ വേഷത്തിൽ സ്വയം സന്നിഹിതയായിരിക്കയും ചെയ്തു. പാതിരിയെക്കാൾ മൂന്നോ നാലോ വയസ്സു മാത്രം കുറവായിരുന്ന അലക്സിയും അത്യുന്നതമായ പ്രായക്കാരായിരുന്ന പീറ്ററുമിക്കയും താമസംകൂടാതെ അത്ഭുതത്തെ അനുഭവിച്ചു. ചക്രവർത്തിനി, കാതറൈൻ പരിപൂർണ്ണ കേവലം ആലോചനായില്ലാത്ത ഒരു പ്രകൃതിയല്ലായിരുന്നുവെന്ന ഇതിനിടയിൽ ബോധ്യപ്പെട്ടു. ഭർത്തൃശുശ്രൂഷയിലുള്ള ശ്രദ്ധ, ജനങ്ങളുടെ പേരിലുള്ള വാത്സല്യം കാര്യം ഭരണകാര്യങ്ങളിലുള്ള നിപുണത, സത്യവാദത്തിലുള്ള വൈശിഷ്ട്യം എന്നുവേണ്ട ഒരു ചക്രവർത്തിനിക്കുവേണ്ടതെല്ലാം യോഗ്യതകളുണ്ടാകാതെ അതിലെല്ലാം കാതറൈൻ അദ്വിതീയയായിരുന്നു. ചില ദുഷ്ടന്മാരിൽ നിന്നുള്ളതും തെളിവില്ലാത്ത ദുരാരോപിതയിൽനിന്ന രക്ഷുർ മടക്കാതെ ഉത്തരമരുളിപ്പിക്കുന്നതിനും അവൾ ഉത്സുകിച്ചിരുന്നു. അതുകൊണ്ടു പീററും രാജ്യവാസികൾക്കും അവൾ കണ്ണിലുണ്ണിയായിരുന്നുവെന്ന പറഞ്ഞാൽ മതിയല്ലോ.

മാറിൽ വെച്ചിരുന്ന ശില്ലുപായികൾ തന്നെ പാതിരി മരിച്ച ദിവസം ആ സ്ഥലത്തിനടുത്തുള്ള പുഴയിൽ ഒരു ശവദേഹം കണ്ടുകി

ട്ടിരുന്നതും അതിനെ ആവരണം ചെയ്തിരുന്ന ഉടുപ്പിൽനിന്നു കിട്ടിയ ഒരു എഴുത്തു നഷ്ടമാകാതെ സൂക്ഷിച്ചുവച്ചിരുന്നു എന്നും മുൻപു പറഞ്ഞിട്ടുണ്ടല്ലോ. ആ എഴുത്തു പാതിരിയുടെ മരണശേഷം കാതനാർ കൊട്ടാരത്തിൽ വരുത്തി സൂക്ഷിച്ചു. എന്നാൽ അതുകൊണ്ടു വല്ല പ്രയോജനമുണ്ടാകുമെന്നോ അതിൽ പ്രസ്താവിച്ചിട്ടുള്ള കുട്ടികൾ ആരാണെന്നു എന്നെങ്കിലും വെളിപ്പെടുമെന്നോ കാതനാർ ആശിച്ചിരുന്നില്ല. പക്ഷെ ദൈവഗത്യാ അതു വെളിപ്പെടുന്നതിനു ഒരിക്കൽ ഇടയായി.

1719-ൽ ചക്രവർത്തിനിയുടെ ഷഷ്ട്യബ്ദപൂർത്തി തിരുനാൾ ആണ്ടുതോറും പതിവുള്ളതുപോലെ ആഘോഷിക്കപ്പെട്ടു. ജനനദിവസം നിശ്ചയമില്ലാത്തതിനാൽ പാതിരി അവളെ എടുത്തുവളർത്തിയ ദിവസമായിരുന്നു ജന്മനാളായി ഗണിക്കപ്പെട്ടിരുന്നതു.

അന്നു ചക്രവർത്തി അവൾക്കു എന്തെങ്കിലും വിലപിടിച്ച ഒരു സമ്മാനം കൊടുക്കുക പതിവുണ്ടായിരുന്നു. ഇത്തവണ ആ ആഘോഷത്തിലേക്കു പീറ്റർ വെനീസ്യദേശത്തിൽനിന്നു അവിടത്തെ ഒരു പ്രസിദ്ധചിത്രകാരനാൽ എഴുതപ്പെട്ട നാലു പടങ്ങൾ വരുത്തി അവയിലൊന്നു ചക്രവർത്തിനിയുടെ മന്ദിരത്തെ അലങ്കാരമാക്കിച്ചു. അതു ജനറൽ മാറൻബിക്ക് എന്ന വെനീസ്യൻ സേനാധിപന്റെ ഛായയായിരുന്നു. അയാളുടെ സ്വന്തപേര് ആൻഡ്രൂ എന്നായിരുന്നു. ചിത്രത്തിൽ കാണപ്പെട്ട മുഖത്തിനു കാതനാരുടെ മുഖത്തോടു അസാധാരണ സാദൃശ്യം തോന്നുകയാൽ പീറ്റർ അതു പലരേയും കാണിച്ചുനോക്കി. എല്ലാവരും അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിച്ചു.

കാതനാർ ആ പടം കണ്ടപ്പോൾ തന്റെ കൈവശമുണ്ടായിരുന്ന പട്ടിൽ എഴുതിയിരുന്ന 'എ. എം.' എന്ന അക്ഷരങ്ങൾ ഓർമ്മിച്ചു. യൂറോപ്യൻ രാജ്യങ്ങളിൽ പിതൃപുത്രന്മാർ ഒരേ പേർ ഇടുന്നതു അപൂർവ്വമല്ലായ്കയാൽ സേനാനിയുടെ പിതാവു, ആൻഡ്രൂ മറെൻബിക്കു, എന്നൊരാളുണ്ടായിരുന്നതും അയാളുടെ പേരാണു തന്റെ പട്ടിൽ എഴുതിയിരുന്നതെന്നു, അച്ചൻ ഊഹിച്ചു. രാജധാനിക്കു സമീപം താമസിച്ചിരുന്ന വെനീസിലെ രാജപ്രതിനിധിയോടു മാ

ൎണിക്കിന്റെ വംശത്തെപ്പറ്റി ചോദിച്ചതിൽ അദ്ദേഹത്തിന്റെ പൂൎവ്വവൃത്താന്തം യാതൊന്നും അറിവില്ലെന്നും, മാതാപിതാക്കന്മാർ ആരാണെന്നു ആൎക്കും നിശ്ചയമില്ലെന്നും വയസ്സു മൂപ്പുതോന്നുകയായിട്ടാണെന്നും അറിഞ്ഞു. ഉടൻതന്നെ ചക്രവൎത്തി തിരുമനസ്സുകൊണ്ടു മാൎണിക്കിനെ സ്വന്തം സന്നിധിയുടെ നിലയിൽ കൊട്ടാരത്തിൽ വരുത്തി ചോദിച്ചതിനാൽ തന്നെയായി, താൻ പിതാവില്ലാതായിരുന്ന ആൽഫ്രെഡു മാൎണിക് എന്ന പേരായ ഒരു ഭടന്റെ മകനാണെന്നും തനിക്കു ഒരു മാസം മാത്രം പ്രായമുള്ളപ്പോൾതന്നെ വെനീസിൽ ഒരു ബന്ധുവിന്റെ പക്കൽ ഏല്പിച്ചുവെച്ചു പിതാവു പോളണ്ടിൽ യുദ്ധത്തിനു പോകയും തന്റെ സമപ്രായമായ സഹോദരിയെക്കൂടെ കൊണ്ടുപോകയും ചെയ്തുവെന്നും പിന്നീടുള്ള വൎത്തമാനമൊന്നും അറിഞ്ഞിട്ടില്ലെന്നും ഉത്തരം പറഞ്ഞു. ഈ വസ്തുതതന്നെ മാൎണിക്കിനെ ഗ്രസ്സിലായുള്ള വെനീസിൽ പാൎത്തിരുന്ന ബന്ധുക്കളിൽനിന്നാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ.

പടം കണ്ടപ്പോൾ മാൎണിക്കിനും കാതറൈനും തമ്മിലുണ്ടെന്നു തോന്നിയ സാദൃശ്യം കേവലം യദൃച്ഛാമാത്രമല്ലെന്നു അതിഥിയെ കണ്ടപ്പോൾതന്നെ ചക്രവൎത്തിക്കു ബോദ്ധ്യപ്പെട്ടിരുന്നു. ഇപ്പോൾ ആ നിശ്ചയം നിശ്ചലമായവിധത്തിൽ ഉറച്ചു.

മാൎണിക്കിന്റെ പിതാവു പോളണ്ടിൽവെച്ചു വെടിയേറ്റു യുദ്ധംചെയ്യുമ്പോൾ നിര്യാതനായില്ലെങ്കിൽ അപ്പോൾ സ്വദേശത്തിലേക്കു മടങ്ങിപ്പോകുന്നതിനിടയിൽ മകളെയും കൊണ്ടു ആരുമാകെ ന്നുകൊണ്ടും ജീവിച്ചു വഴിക്കുവെച്ചു മരിക്കയും ചെയ്തതാണെന്നും ആ ഭടൻതന്നെയായിരുന്നു മൂപ്പരുടെകൂടെ മാറിൻബർഗ്ഗിൽ മരണമടഞ്ഞതെന്നും ചക്രവൎത്തി അഭിപ്രായപ്പെട്ടു. മാൎണിക്ക തന്റെ സഹോദരനാണെന്ന നിശ്ചയം വന്നപ്പോൾ, കാതറൈനുണ്ടായ ആനന്ദാതിരേകം അവൎണ്ണനീയമാകുന്നു. അവർ അവരുടെ പൂൎവ്വകഥകളെപ്പറ്റി തമ്മിൽ സല്ലാപം ചെയ്തുകൊണ്ടു അന്നു ഒരു പകൽ കഴിച്ചുകൂട്ടി. പിറ്റേദിവസം രാവിലെ സപരിവാരനായ ചക്രവൎത്തിതിരുവുള്ളവും സഹോദരന്മാരും മാറിൻബർഗ്ഗിലേക്കു പോകുകയും അവിടത്തെ പള്ളിയിൽ ചെന്നു പിതാവിന്റെ ശരീരം നിക്ഷേപിച്ച സ്ഥലത്തു മുട്ടുകുത്തി വളരെ നേരം പ്രാൎത്ഥിക്കയും ചെയ്തു. അ

വിടെ ഒരു ശില സ്ഥാപിച്ചു അതിന്മേൽ 'ആൎഡ്ഡ്യൂക്ക് മാൎത്തനിക്കു, റഷ്യാചക്രവൎത്തിനിയായ കാതറൈന്റെ പിതാവു' എന്ന വിചിത്രാക്ഷരങ്ങളിൽ കൊത്തിച്ചേൎത്തു. അവർ രാജധാനിയിലേക്കു മടങ്ങി. പീറ്റർ മഹാൻ ജാൽ മാൎത്തനിക്കിന്നു ഒരു പ്രഭുസ്ഥാനം കൊടുക്കുകയാൽ അയാൾ താഴ്ച്ചയുള്ള വെനീസിൽനിന്നു റഷ്യയിൽ കുടിപാൎപ്പാനുപരികയും സ്ഥിരതാമസം കൊട്ടാരത്തിനു സമീപത്തിലാക്കുകയും ചെയ്തു. കാതറൈനും മാൎത്തനിക്കും ഇരട്ടപെറ്റതായ കുട്ടികളായിരുന്നതിനാൽ അവരുടെ ജന്മദിവസം ഒന്നുതന്നെയായിരുന്നു സ്പഷ്ടമാണല്ലൊ. മാൎത്തനിക്ക തന്റെ പിറന്നാൾ ഏപ്രിൽ ഇരുപത്തി ഏഴാം തിയ്യതിയാണെന്നു ബോധ്യമുള്ളതിൽനിന്നാണിതറിയുന്നതു. അതുകൊണ്ടു 1720-ാമാണ്ടു മുതൽ കാതറൈന്റെ തിരുനാൾ ആഘോഷവും ആ തിയ്യതിയിലേക്കു മാറി. ചക്രവൎത്തിയുടെ ഭരണാവസാനം മാൎത്തനിക്ക പ്രഭുതന്നെയായിരുന്നു റഷ്യൻ സേനാധിപത്യം വഹിച്ചതു. അവന്റെ പ്രിയസഹോദരി മരിച്ചപ്പോൾ ഐഹികസുഖങ്ങളിൽ വിരക്തനായിത്തീൎന്നു പ്രഭു ഉദാസീനസന്യാസം കൈക്കൊണ്ടു അതിൽപ്പിന്നീടു തിരികെ റഷ്യയിൽ ചെന്നിട്ടില്ലെന്നുമാണ് ഐതിഹ്യം.

1725-ൽ പീറ്റർ മഹാൻ മരിച്ചു. പിന്നീടു സന്താനമില്ലാത്തതിനാൽ കാതറൈൻ രാജ്യഭാരം കയ്യേറ്റു. ചക്രവൎത്തിനിപദത്തെ അലങ്കരിച്ചതുമുതൽ അവൾ പിതാവിന്റെ ഉപദേശവാക്യങ്ങളെപ്രതിയനുസരിച്ചാണു ജീവിതം നയിച്ചതു്. അവന്റെ ഉന്നതിയോടുകൂടി അഹങ്കാരമോ താന്തോന്നിത്തമോ താഴ്ന്നവരിൽ പുച്ഛമോ അവൾക്കുണ്ടായിരുന്നില്ല. സമസൃഷ്ടികളിൽ —വിശേഷിച്ചു ദരിദ്രന്മാരിൽ— അവൾ കാണിച്ചിരുന്ന അനുകമ്പ അത്യത്ഭുതമായിരുന്നു. പഠ്യാഭ്യാസത്തിലും ഭരണകാൎയ്യത്തിലും അവൾക്കു അസാമാന്യമായ അനുഭവമുണ്ടായിരുന്നില്ല. പരോപകാരമല്ലാതെ അവൾ ചെയ്തിരുന്നില്ല. അസത്യം കേൾക്കുന്നതുതന്നെ അവൾക്കു വെറുപ്പായിരുന്നു. അവൾ മുഖം കറുത്തു ഒരു വാക്കുപോലും കയൎത്തിട്ടോ പറഞ്ഞിട്ടില്ലെന്നു പ്രസിദ്ധമാണ്. ചക്രവൎത്തി മരിച്ചശേഷം ഭൎത്തൃവിയോഗത്താലും പുത്രവിയോഗത്താലും അവൾ വളരെ ദുഃഖിച്ചുവെങ്കിലും അതു രാജ്യകാൎയ്യങ്ങളിൽ ഉദാസീനതയ്ക്കു കാരണമായില്ല.

പ്രജകൾക്കെല്ലാം പ്രീതികരമായ വിധത്തിലായിരുന്നു അവരുടെ രാജ്യഭരണം.

കാതറൈൻ സ്ത്രീസഹജമല്ലാത്തവിധത്തിലുള്ള പൌരുഷത്തോടും ഉത്സാഹത്തോടും കൂടി മന്ത്രികളോടൊന്നിച്ചും പ്രജാരക്ഷണം ചെയ്തുവന്നു. 1727-ൽ തന്റെ മുപ്പത്തിരണ്ടാം വയസ്സിൽ റഷ്യാനിവാസികൾക്ക് ഏററവും സന്താപകരമായ അകാലമരണത്തെ പ്രാപിച്ചു.

ശുഭം.

കവിധൎമ്മം.

കവിധൎമ്മത്തെ അനുസരിച്ചിരിക്കുന്ന ആധുനിക മലയാളകവികളിൽ പലരും, കവിധൎമ്മം കവിതയുണ്ടാക്കുക മാത്രമാണെന്നു ധരിച്ചുവെച്ചിട്ടുള്ളതായി തോന്നുന്നു. അപൂൎവ്വം ചിലപ്പോളല്ലാതെ, അനുഗ്രഹീതന്മാരായ അപൂൎവ്വം ചില കവികളുടെ തൂലികയിൽനിന്നു നിൎഗ്ഗമിക്കാറില്ലാതെ, കവിധൎമ്മം ഏതാണെന്നറിഞ്ഞു രചിച്ചിട്ടുള്ള ചില ഖണ്ഡകൃതികളിലും, ഇപ്പോഴത്തെ വലിയ വലിയ മാസികാപത്രഗ്രന്ഥങ്ങളിൽകൂടി കാണാറില്ലതന്നെ. ഇതിനു ദൃഷ്ടാന്തം കവിതക്കടലിന്റെ മറുകര കണ്ടവർ, അങ്ങനെതന്നെ ആയിരിക്കാം, [illegible] ബാധിച്ചിട്ടുള്ളവരായി. വാസ്തവത്തിൽ മലയാളപദ്യസാഹിത്യം, ഈയിടയായി, വളരെ ദുഷിച്ചുപോയിട്ടുണ്ട്. പലതും അനിഷ്ടരീതിയുടെ ലക്ഷണങ്ങളും അവിടവിടെ കാണാനുണ്ട്. അതങ്ങിനെയൊന്നുമല്ല; കഴിവുള്ളിടത്തു കണ്ടുവരാം. 'മലയാളി ടാഗോർ' എന്ന നാമത്തിനു സൎവ്വഥാ അൎഹനായ വള്ളത്തോൾ നാരായണമേനോനവൎകളുടെയും, മഹാനായ കവിതയെഴുത്തെന്തെന്ന വിചാരമുള്ള, അദ്ദേഹത്തിന്റെ ചില അനുഗാമികളുടെയും കവിതാപ്രസംഗങ്ങൾ, മലയാളപദ്യസാഹിത്യത്തിനു ഒരു പുതിയ ഉണൎച്ചയെ ഉണ്ടാക്കിട്ടുണ്ട്. അതു അവരുടെ കവിതാരീതിയിൽ ഉണ്ടായിട്ടുള്ള ഒരു പരിവൎത്തനംകൊണ്ടാണെന്നുള്ളതു, അവരു

ടെ പഴയതും പുതിയതും ആയ കൃതികളെ താരതമ്യപ്പെടുത്തി പാരായണം ചെയ്തിട്ടുള്ളവൎക്ക് അറിയാവുന്നതാണ്. ഇംഗ്ലീഷ് സാഹിത്യവുമായുള്ള സമ്പൎക്കത്തിന്റെ ആധിക്യത്താൽ, ആധുനികന്മാൎക്ക് അധികം രുചിക്കുന്നതും, അത്തരം കവിതാരീതിയാകുന്നു. മിൽട്ടന്റെ അഭിപ്രായത്തിൽ, യഥാൎത്ഥകവിതക്കു മൂന്നു പ്രധാന ഗുണങ്ങളുണ്ടായിരിക്കണം: ലാളിത്യം, ചിത്രനിൎമ്മാണശക്തി, വികാരസംപ്രദായകത്വം ഇവയത്രെ ആ ഗുണങ്ങൾ. ഈ മൂന്നു ഗുണങ്ങളും കൂട്ടുകിലും കാണുന്ന പദ്യകൃതികൾ നമ്മുടെ മാതൃഭാഷയിൽ എത്ര എണ്ണമുണ്ട്? വളരെ ചുരുക്കം. ഇതിന്റെ കാരണമെന്താകുന്നു? നമ്മുടെ കവികൾ, പൂൎവ്വികന്മാരെ അനുകരിച്ചു, അവരുടെ രീതിയെത്തന്നെ മാതൃകയാക്കി, കവിത ചെയ്യുന്നു. പ്രാസഭ്രമം, അലങ്കാരഭ്രമം മുതലായ 'മൎക്കടമുഷ്ടികളിൽ' ഉൾപ്പെട്ട സംഗതികളുടെ ആവശ്യതയെ ഒന്നു തിരിച്ചറിയുന്നതിനുപോലും അവൎക്കു സാധിക്കുന്നില്ല. ഭാവനാശക്തി എന്നൊന്നു അവരെ സമീപിക്കുക കൂടി ചെയ്തിട്ടില്ലെന്നു തോന്നിപ്പോകുന്നു. ചുരുക്കത്തിൽ, ആധുനികകവികളിൽ ഒരു വലിയ പങ്കം, 'വഴിയിൽ വന്നതു കോതക്കു പാട്ട്' എന്ന മാതിരിയിൽ കവിത എഴുതിവരുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. നമ്മുടെ മാതൃഭാഷയുടെ ക്രമമായ അഭിവൃദ്ധിക്കു നിശ്ചയമായും വിഘാതം ഉണ്ടാക്കുന്നതാണ്. അതിനാൽ മഹാകവി ഉള്ളൂർ, നാരായണമേനോൻ മുതലായ മാതൃകാകവികളുടെ, ആധുനിക കവിതാപ്രസ്ഥാനത്തിലേക്ക് തിരിച്ചുവരൽ കൊള്ളാമെന്നുള്ള, എന്റെ ആഗ്രഹത്തെ, ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ!

കവി എന്ന പദത്തിന്റെ അൎത്ഥം എന്താണ്? കവി എന്നു പറഞ്ഞാൽതന്നെ ആരാകുന്നു? അയാൾ ആരുമായിട്ടാണ് സംഭാഷണം ചെയ്യുന്നതു, അല്ലെങ്കിൽ ആരോടു സംസൎഗ്ഗം ചെയ്യുന്നു? എതുവിധമുള്ള ഒരു ഭാഷയാണ്, നാം അയാളിൽനിന്നു പ്രതീക്ഷിക്കേണ്ടതു? ഈ ചോദ്യങ്ങളുടെ ശരിയായ ഉത്തരം, കവിധൎമ്മത്തിന്റെ ഒരു ശരിയായ വിവരണമായിരിക്കും. കവി മനുഷ്യരോടു സംസാരിക്കുന്ന ഒരു മനുഷ്യനാകുന്നു. സാധാരണമായുള്ളതിനേക്കാൾ കൂടുതൽ വസ്തുവിവേചനവും, കാൎയ്യങ്ങളിൽ കൂടുതൽ താല്പൎയ്യവും, ദയ

സ്വഭാവവും, മനുഷ്യപ്രകൃതിയെ പറ്റി ധാരാളമുള്ള അറിവും, ഔല്ലാസമായ അന്തഃകരണവും ഉള്ള ഒരു മനുഷ്യനാകുന്നു. സ്വന്തം ദുഃഖങ്ങളിലും, സങ്കല്പങ്ങളിലും രസിച്ചു, തന്നിൽത്തന്നെയുള്ള ജീവനചൈതന്യവുമായി മറ്റുള്ളവരെക്കാൾ കൂടുതൽ സന്തുഷ്ടനായും, ലോകഗതിയിൽ മറ്റു ദിക്കുകളിൽ കാണുന്ന അത്തരം ദുഃഖങ്ങളെയും സങ്കല്പങ്ങളെയും ആഹ്ളാദപൂർവ്വം ധ്യാനംചെയ്തു, ഇല്ലാത്തിടത്തു അവയെ ഉണ്ടാക്കുന്നതിനു പ്രകൃത്യാ വാസനയുള്ള ഒരു മനുഷ്യനാകുന്നു. ഈ ഗുണങ്ങളോടുകൂടി, അദൃശ്യവസ്തുക്കളെ ദൃശ്യമാക്കിക്കാണിക്കുന്നതിനുള്ള ഒരു സാമർത്ഥ്യം അദ്ദേഹം കൈവശമാക്കിയിരിക്കുന്നു; യഥാർത്ഥസംഭവങ്ങൾ ഉണ്ടാകുന്നതിൽനിന്നു തീരെ വ്യതിരിക്തമായ വിധത്തിലും, വേണമെന്നാൽ, പ്രത്യേകിച്ചു വായനക്കാർ ഏറെയാഹ്ളാദിക്കുന്നേടത്തെ അവസരങ്ങളിൽ അതേപടിയും, വികാരങ്ങളെ തന്നിൽ അനുഭവിപ്പിക്കുന്നതിനുള്ള ഒരു ശക്തിയും സമ്പാദിച്ചിരിക്കും. താൻ വിചാരിക്കുന്നവയേയും, അനുഭവിക്കുന്നവയേയും, വിശിഷ്യ, സ്വന്തം ഹൃദയത്തിലും പരിചയത്തിലുമുണ്ടാകുന്ന വിചാരങ്ങളേയും, യാതൊരു വ്യത്യാസവും കൂടാതെ വർണ്ണിക്കുന്നതിനു പുറമെ പ്രദർശിപ്പിക്കുന്നതിനു വേണ്ട വേഗവും ശക്തിയും സ്വന്തം പരിചയത്തിൽ നിന്നുതന്നെ നേടിയിരിക്കുകയും ചെയ്യും.

ഇവയിലൊന്നുമില്ലെങ്കിലും, എത്രതന്നെ ഗുണസമ്പൂർണ്ണനായ ഒരു മഹാകവിക്കും, സംഗതികളെ നടന്നവിധംതന്നെ, ഇതര വ്യത്യാസപ്പെടാതെ, വർണ്ണിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. സംഭാഷണങ്ങളേയും വികാരങ്ങളേയും അതേവിധം പകർത്തുന്നതിനും അയാൾ ശക്തനാകുമോ എന്നു സംശയം. എന്നാൽ, അതിന്റെ ഒരു ശരിയായ മാതൃകയ്, വാഗ്ജാലംകൊണ്ടു പ്രകാശിപ്പിക്കുന്നതിനു അയാൾക്കു കഴിയും.

ഒരു കവിയുടെ സ്വഭാവത്തെപ്പറ്റി എത്ര വലിയ മതിപ്പു നാമുണ്ടായിരുന്നാലും, വികാരങ്ങളെ വർണ്ണനകളിൽ ഉൾപ്പെടുത്തായിരിക്കുന്ന അവസരത്തിൽ, ആ സ്ഥിതിയിലുള്ളതിരിക്കുന്നവരുടെ സ്വാതന്ത്ര്യവും നിർബന്ധശക്തിയും അയാൾക്കുണ്ടാവുകയില്ല. അപ്പോൾതന്നെ അയാളുടെ സ്ഥിതി, ഒരടിമയുടേതോ, കേവലം ഒരു യ

സ്വാതിതിരുനാൾരാജാ പോലെയാകുന്നു. ഈ സ്ഥിതിയിൽ അയാളുടെ ആഗ്രഹം, തൻെറ ഹൃദയത്തെ വസ്തുപ്രമാണ പാത്രത്തിൻെറ ഹൃദയത്തിൽനിന്നു പ്രതിഫലിക്കുന്നതിന്, തദ്വാരാ തൽകാലം അയാൾക്കുണ്ടാകുന്ന സ്നേഹത്തെ ഭാവനയാൽ കണ്ടറിഞ്ഞു, സഹൃദയന്മാർ ആസ്വദിച്ചുതൃപ്തിപ്പെടണം എന്നതിനായിരിക്കും. പിന്നെ അയാൾ എത്രമാത്രം ഉചിതമായ ഭാഷയിൽ പറഞ്ഞതു കൊണ്ട് അവർ രസിക്കുന്നത്, എന്നു നോക്കുകയായി. രസാനുഭവമായ ഭിത്തിദ്വം അയാൾക്കു ലഭിച്ചാൽ, അയാൾ എഴുതുന്ന കവിത, 'കവിത' യാകുകയും ചെയ്യും.

പ്രകൃതിയെ ഭാവനാശക്തിയാൽ തെല്ലു മിനുക്കാതെ തന്നെ വർണ്ണിച്ചാലും പോരാത്തതായില്ലെന്നു ചിലർ അഭിപ്രായപ്പെടുന്നു. കവി, ഒരു പരിശോധകൻെറ നിലയിൽ ഇതൊക്കെയൊന്നു പ്രതിപാദിച്ചാൽ മതിയത്രെ. ഭാവനാശക്തിയെ ഉപയോഗിക്കാതെ, രസികത്വം എന്ന കാവ്യോദ്ദേശ്യം, കണ്ടു പറഞ്ഞതുകൊണ്ടു മാത്രം സാധിക്കുമെന്നു തോന്നുന്നില്ല. അതു കവിതയല്ല; വെറും ഗദ്യമാകുന്നു. അതിനെ, തങ്ങൾക്കു പരിചയമില്ലാത്ത സംഗതികളെപ്പറ്റി ചിലർ ചെയ്യുന്ന വിവരണത്തോടു സാമ്യപ്പെടുത്താം.

കവിത മനുഷ്യപ്രകൃതികളുടെ പ്രതിബിംബമാകുന്നു. കവിക്കു ചരിത്രകാരന്മാരെക്കാൾ സ്വാതന്ത്ര്യമുണ്ട്. അയാൾക്കു ഒരേ ഒരുദ്ദേശ്യമേയുള്ളൂ: രസികത്വം; ഇതൊഴിച്ചു വസ്തുപ്രവൃത്തികളെ സംബന്ധിച്ചേടത്തോളം, അയാൾ ഒന്നും ശ്രദ്ധിക്കേണ്ടതില്ല. ചരിത്രം, ജീവചരിത്രം മുതലായവ എഴുതുന്നവരുടെ സ്ഥിതി അങ്ങിനെയല്ല; ഒരുദ്ദേശ്യങ്ങൾ അവർക്കു സാധിക്കേണ്ടതാകുന്നു. എന്നാൽ, വെറും വസ്തുകഥനത്തെക്കാൾ കവിയുടെ ജോലിയാണു ആയാസകരമെന്നുള്ളതു സ്മരണീയമത്രെ.

സ്വഭാവചൈതന്യത്തോടുകൂടി ലോകത്തെ – പ്രകൃതിയെ – സംവീക്ഷണം ചെയ്യുന്നവർക്കു ഈ വേല അത്ര ആയാസകരമല്ല. അന്യന്മാർ പ്രകൃതിയെ വർണ്ണിച്ചു പ്രതിപാദിച്ചു രസമുണ്ടാക്കണമെങ്കിൽ താനും അതിൽ രസിക്കണം. തനിക്കു രസം തോന്നുന്ന വസ്തുക്കളിലേ വാത്സല്യമുണ്ടാകയുള്ളൂ. അതായിതു: രസവും, വാത്സല്യവും പരസ്പരസംബന്ധമുള്ളവയാകുന്നു; ഒന്നില്ലെങ്കിൽ മറ്റതില്ല. നമുക്കു മ

സിക്കാത്ത വസ്തുക്കളെക്കുറിച്ചു, തെല്ലെങ്കിലും കാര്യമായി സംബന്ധിച്ചു, നമുക്കു യാതൊരറിവുമുണ്ടായിരിക്കയില്ല. അങ്കഗണിതം, രസതന്ത്രം മുതലായ ശാസ്ത്രീയവിദ്യകളിൽ താല്പര്യമുള്ളവർ, എത്ര കഷ്ടപ്പെട്ടു അവയിൽ പാണ്ഡിത്യം നേടുന്നു നോക്കുക! ഭൌതികശാസ്ത്രത്തിൽ സാമാന്യജ്ഞാനമെങ്കിലും സമ്പാദിപ്പാൻ എത്ര ശ്രമം ചെയ്യേണ്ടിയിരിക്കുന്നു! എന്നിട്ടും അതിൽ രസമുള്ളവർ പിന്നോക്കം പോകുന്നുണ്ടോ? ഇങ്ങിനെ നോക്കിയാൽ സത്തിനും, അറിവിനും തമ്മിലും സംബന്ധമുണ്ടെന്നു കാണാം. അതാവിതു: പ്രകൃതിയിൽ രസിക്കുന്നവർക്കു, പ്രകൃതിയോടു സ്നേഹവും തന്മൂലം അതിനെ സംബന്ധിച്ച ആവശ്യമുള്ള അറിവും ഉള്ളവർക്കു കവികളാകുവാൻ സാധിക്കയുള്ളു. ഈ തത്വത്തെ പുരസ്കരിച്ചു, കവി എന്താണു ചെയ്യുന്നതു എന്നു നോക്കുക. ഒന്നാമതു, മനുഷ്യനേയും ചുറ്റുമുള്ള വസ്തുക്കളേയും, വ്യാപാരങ്ങളെക്കുറിച്ചും ഉല്പാദിപ്പിക്കയോ പ്രവർത്തിക്കയും വീണ്ടും പ്രവർത്തിക്കയും ചെയ്തുകൊണ്ടിരിക്കുന്ന സൃഷ്ടിവിശേഷങ്ങളായി ഗണിക്കുന്നു. രണ്ടാമതു, മനുഷ്യനെ, തല്ക്കാലം ക്ഷണികങ്ങളാണെങ്കിലും ഭാവനങ്ങളിൽ അറിയ സ്വതന്ത്രമായിരിക്കുന്ന [illegible]കൂടി, ഭേദമറ്റ വിശേഷ പാത്രമായി വിവേകപൂർവ്വം, വിവിധ പ്രവൃത്തിപ്രഭാവങ്ങളും, [illegible]ഗതങ്ങളും, സ്വാതന്ത്ര്യബോധവും ഉള്ളവനായി ഗണിക്കുന്നു. മൂന്നാമതു, മനുഷ്യനെ, എല്ലാടത്തും സ്നേഹജനകങ്ങളായ വസ്തുക്കളാൽ ചുറ്റപ്പെട്ടവനായി, ആ സ്ഥിതിയിലായിരുന്നാൽ അറിയേണ്ട കാര്യങ്ങൾ ആശയങ്ങളും സ്നേഹങ്ങളും ഉള്ളവനായി ഗണിക്കുന്നു. വ്യക്തനായി, അതിനെപ്പോലെ കരുതുള്ളവരേയും, കരുതുള്ളവരെപ്പോലെ അവനേയും വിചാരിക്കുന്നു. ഇങ്ങിനെ ചെയ്യുന്നവൻ ലോകസാധാരണമായുള്ളതിൽനിന്നിൽ, പ്രകൃതിവിഭവങ്ങൾ കണ്ടാൽ, ആനന്ദം പരമാനന്ദം ഉളവാക്കുന്നു.

ഒരു കവിയുടെ മുഖ്യ പ്രധാനമായി ചെയ്യേണ്ടതു, കവികളുടെ സ്വഭാവമിരിക്കാവുന്ന ഇത്തരം അനുഭവങ്ങളിലും, വാത്സല്യത്തിലുമാണ. ഒന്നാമതു, മനുഷ്യനേയും പ്രകൃതിയേയും, അന്യോന്യം ചേർത്ത ഗതിക്കായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്ന കരുതുന്നു: മനുഷ്യമനസ്സിനെ, പ്രകൃതിയുടെ രാമണീയകത്തെ പ്രതിഫലിപ്പിക്കുന്നതിനുള്ള ക

ന്നാടിയായി വിചാരിക്കുന്നു. ഇങ്ങിനെ, അയാൾ, തനിക്കുള്ള ഭാവനാബലത്താൽ പ്രേരിക്കപ്പെട്ട്, ഒരു പ്രകൃതിരഹസ്യത്തെ വളരെക്കാലത്തെ പരിശ്രമംകൊണ്ടു സമ്പാദിക്കുന്ന അറിവു,— പ്രകൃതിയെ സംബന്ധിച്ചേടത്തോളം— അതിനോടുള്ള സംസർഗ്ഗത്താൽ കരസ്ഥമാക്കുന്നു. അവരുടെ രണ്ടുപ്രകാരേണയും ജ്ഞാനത്തിന്റെ ഉദ്ദേശ്യം ഒന്നുതന്നെ. പക്ഷെ, ഒരാളുടേതു, ജീവിതയാത്രയിൽ കഴിച്ചുകൂട്ടേണ്ടതാകുന്നു; മറ്റേതു, പ്രത്യേകം ചിലർക്കു മാത്രം ഉപയോഗമുള്ളതും, ശീലനംകൊണ്ടും അഭ്യാസംകൊണ്ടും മാത്രം സാധാരണ ജനങ്ങൾക്കാകാവുന്നതുമാകുന്നു. പ്രകൃതിരഹസ്യങ്ങളെ, കണ്ടുപിടിക്കാൻ പ്രയാസമുള്ള സത്യത്തെ ശാസ്ത്രജ്ഞനു; കവിയാകട്ടെ സത്യമാകുന്ന സത്വത്തിന്റെ സന്നിധിയിൽനിന്നു, സകല ജീവജാലങ്ങളുടേയും സഹായസമാകുന്നങ്ങളോടുകൂടി, ഗാനംചെയ്തുല്ലസിക്കുന്നു. "അറിവിന്റെയെല്ലാം ശ്വാസവും, സൂക്ഷ്മതരമായ ചൈതന്യവുമാകുന്നു, കവിത; അതു, വിജ്ഞാനസർവ്വസ്വത്തിന്റെ മുഖത്തുള്ള ചൈതന്യാവിഷ്കരണപ്രകടനമാകുന്നു." കവി, മുന്നിലും പിന്നിലും ദൃഷ്ടിയുള്ള ആളാണു; അയാൾ, മനുഷ്യസ്വഭാവത്തെ നശിപ്പിക്കുന്ന വ്യസന ഉൾപ്ലപ്രവാഹങ്ങൾക്കെതിരായി നില്ക്കുന്ന പാറയത്രെ! ഭാഷാചാരാദികളുടെ, കടൽപ്പടങ്ങളിലെ ശീതോഷ്ണസ്ഥിതിയാലും മറ്റും പരസ്പരം വിഭിന്നങ്ങളായ സമുദായങ്ങളെ തമ്മിൽ, അയാൾ, കൂട്ടിയിണക്കുന്നു. അയാളുടെ വിചാരങ്ങൾ, കടലും മലകളും കടന്നു, എവിടേയും എത്തുന്നവയാണു. ഈ മാതിരി വിഷയങ്ങളിൽ, സാധാരണ മനുഷ്യരുടെ കണ്ണും ചെവിയും എത്താത്തിടത്തു, അയാൾ പറന്നുചെന്നു നോക്കുന്നു. കവിത, എല്ലാ അറിവിന്റേയും ആദ്യവും അവസാനവുമാകുന്നു; അതു മനുഷ്യഹൃദയത്തെപ്പോലെ, ആത്മാവിനോടും അഭേദ്യമായ സംബന്ധത്തിൽ ലയിപ്പിക്കുന്നു.

കെ. എസ്. പരമേശ്വരൻപിള്ള.

ലേഖനസംഗ്രഹം.

ഉകാരം — സംവൃതവും വിവൃതവും: ജ്യോതിഷകൻ എൻ. കുമാരപിള്ള എന്നൊരു ലേഖകൻ എഴുതിയ 'കേരളപാണിനീയം' എന്ന ലേഖനത്തിൽനിന്നു ഒരു ഭാഗം താഴെ ചേൎക്കുന്നു:—

സംവൃതോകാരമെന്നും വിവൃതോകാരമെന്നും ഹ്രസ്വമായ ഉകാരം രണ്ടുവിധമുണ്ടെന്നു പറഞ്ഞിരിക്കുന്നതു വാസ്തവവും ഏതൽ കാലത്തേക്കു ഉചിതവുമാകുന്നു. എന്നാൽ സംവൃതോകാരം ഭാഷയുടെ സ്വതന്ത്രസമ്പാദ്യമാണെന്നു പറഞ്ഞതിൽ നന്നൂൽ (തമിഴ്‌വ്യാകരണം) വായിച്ചിട്ടുള്ള കേരളപാണിനിക്കു തെറ്റിപ്പോയെന്നു പറയാൻ എനിക്കു സംശയം തോന്നുന്നു. തമിഴ്‌വ്യാകരണത്തിൽ ഹ്രസ്വമായ ഉകാരത്തെ 'കുറ്റിയലുകാരം' എന്നും, 'മുറ്റിയലുകാരം' എന്നും പറഞ്ഞിരിക്കുന്നു. ഇവ രണ്ടുമാണു കേരളപാണിനിയുടെ സംവൃതവിവൃതങ്ങൾ. മലയാളത്തിൽ സംവൃതത്തെ ഈയിടെ ചന്ദ്രക്കലാചിഹ്നമിട്ടു വേർതിരിച്ചു കാണിച്ചിരിക്കുന്നതുപോലെ തമിഴിൽ കുറ്റിയലുകാരത്തിനു ലിപിയിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ലാ. ഒരു ഹ്രസ്വാക്ഷരത്തെക്കൊണ്ടല്ലാതെ ശബ്ദങ്ങളുടെ അവസാനത്തിൽ നില്ക്കുന്ന കു, ചു, ടു, തു, പു, റു എന്നുള്ള അക്ഷരങ്ങളിലെ ഉകാരം 'കുറ്റിയലുകാരം' ആകുന്നു (കു, ചു, ടു, തു, പു, റു എന്നുള്ള അക്ഷരങ്ങൾ. ഉ-ം. വകു, പചു, [പച്ചു] മടു, അതു, തപു, മറു മുതലായ ശബ്ദങ്ങളുടെ അവസാനത്തിൽ ഇരിക്കുന്നതുപോലെ മറ്റായ ഹ്രസ്വാക്ഷരങ്ങളുടെ അടുത്തിരിക്കുമ്പോൾ അതുകളിലെ ഉകാരം ശബ്ദത്തിൽ കുറഞ്ഞുപോകുന്നില്ലാ; അതായതു കുറ്റിയലുകാരം ആകുന്നില്ലാ), കുറ്റിയലുകാരം ആകാത്ത ഉകാരം മുറ്റിയലുകാരമെന്നും, ഉള്ള സൂത്രങ്ങളും ഉദാഹരണങ്ങളും മറ്റും നന്നൂലിൽ പറഞ്ഞിട്ടുള്ള.

ഉദാഹരണം.

കുറ്റിയലുകാരം	സംവൃതോകാരം	മുറ്റിയലുകാരം	വിവൃതോകാരം
കടു	കടു്	പശു	പശു
വീടു	വീടു്	ഉരു	ഉരു

കാറ്റു	കാറ്റ്	മട്ടു	മട്ടു
പണ്ടു	പണ്ട്	കണ്ട	കണ്ട
കമ്പു	കമ്പ്	പുഴു	പുഴു
പൂവു	പൂവ്	കയ	ഉയ

സംവൃതോകാരത്തിനും കാറിയലുകരത്തിനും ഉച്ചാരണത്തിൽ സ്വല്പം വ്യത്യാസവും ഉണ്ടെന്നില്ല. സംവൃതോകാരമെന്നതു ഉ, ഊ എന്നീ സ്വരങ്ങളുടെ മദ്ധ്യേയുള്ള ഒരു സ്വരമാകുന്നു. കാറിയലുകാരമെന്ന സംവൃതോകാരത്തോടു 'ഇ' എന്ന സ്വരത്തിന്റെ ഒരു ചെറിയ അംശംകൂടെ ചേരുമ്പോൾ ഉണ്ടാകുന്ന ഒരു സ്വരംകൊണ്ടുമാണു ഉച്ചരിക്കുന്നതു. എന്നാൽ മലയാളത്തിൽ സംവൃതാന്തശബ്ദങ്ങളെ തമിഴിൽ ഉൾത്തിരാക്കാൻ എഴുത്തിൽ കുറ്റലുകരമാക്കിയിട്ടുണ്ട്. കൂറ്, പാൽ, മോർ, തേൻ, തേൾ ഇത്യാദി ചില്ലന്തങ്ങളും പൂ, കാ ഇത്യാദി മാത്രാന്തങ്ങളും തമിഴിൽ പ്രായേണ ഒരു രൂപമേ നടപ്പുള്ളു. മലയാളത്തിൽ അതുകൂടാതെ അതുകളുടെ കൂറ്, കൂറ്റ്, പാൽ- പാല്, മോർ- മോറ്, തേൻ- തേന്, തേൾ- തേള്, പൂ- പൂവ്, കാ- കാവ് ഇങ്ങനെ സംവൃതാഗമവികല്പംകൊണ്ടു രണ്ടു രൂപങ്ങളും നടപ്പുണ്ട്. എന്നു മാത്രമല്ല, വിവൃതാന്തശബ്ദങ്ങളെപ്പോലും ചില ദിക്കുകാർ ഉരുവ്- തലവ്- കയ്യ്- പുഴുവ്- മഴുവ്- എന്നു സംവൃതാഗമം ചെയ്തു പ്രയോഗിക്കുന്നു. ചില നീചന്മാർ മണിയ്- കവിയ്- തടിയ്- എലിയ്- പുലിയ്- എന്നു സംവൃതാഗമം ഇകാരാന്തങ്ങളിലും ചെയ്യാൻ തുടങ്ങിയിട്ടുമുണ്ട്. കേരളപാണിനീയം ഇട്ടിട്ടു പ്രത്യേകമായുള്ള മലയാളികളായ നമ്മുടെ ഭാഗ്യം തന്നെ.

കഥകളി: ഈ വിഷയത്തെപ്പറ്റി 'ഒരു സഹൃദയൻ' ദീർഘമായ ഒരുപന്യാസം എഴുതി അയച്ചിട്ടുള്ളതിൽനിന്നു പ്രസക്തമായ ചില ഭാഗങ്ങളെ ഇവിടെ ഉദ്ധരിക്കാം:—

കഥകളി എന്ന ലളിതകലാസമ്പ്രദായം പലവിധേന ഹൃദയംഗമമായ ഒന്നാണ്. സൂക്ഷ്മം ആലോചിച്ചാൽ കഥകളിയിൽ നാടകത്തിലേക്കാൾ അധികം രസികന്മാർ പങ്കെടുക്കുന്നു. എങ്കിലും കഥകളിയുടെ

പ്രചാരം നാൾക്കുനാൾ കുറഞ്ഞുവരുന്നു. ഈ പ്രചാരലോപത്തിനു കാരണം എന്താണ്? ഈ ചോദ്യത്തിനു എനിക്കു തോന്നുന്ന ഒരു സമാധാനം ഇവിടെ പറയാം.

കഥകളി എന്ന പ്രസ്ഥാനത്തിന്റെ ദോഷമോ, അതിൽ സഹൃദയന്മാൎക്കു രസിക്കുവാൻ വകയില്ലാത്തതോ ആണു അതിന്റെ പ്രചാരം കുറഞ്ഞുവരുന്നതിനുള്ള കാരണം എന്നു തോന്നുന്നില്ല. അതിന്റെ അഭിനയസമ്പ്രദായം ദുഷിച്ചുപോയതാണു ശരിയായ കാരണം എന്നു വേണം പറയുവാൻ. എല്ലാ പാത്രങ്ങൾക്കും തക്കതായ ആളുകൾ ഏതു കഥകളിയോഗത്തിലും ഉണ്ടാവാറില്ല. ഏതു വേഷവും കെട്ടാവുന്ന ചിലർ ഉണ്ടായിരിക്കും. അവരെക്കൊണ്ടു ഒരേ രാത്രി വേറെ വേറെ വേഷങ്ങൾ കെട്ടിക്കുകയാണു പ്രായേണ പതിവു. ഉത്തരാസ്വയംവരം കഥയാണെന്നു വിചാരിക്കുക. വിരാടരാജനായി വന്ന ആൾ തന്നെ യാതൊരു ലജ്ജയും കൂടാതെ പിന്നെ ഉത്തരനായും, അനന്തരം ഏതു വേഷങ്ങൾക്കെല്ലാം ആളില്ലാതെയുണ്ടോ അതിനെല്ലാമായും വരുന്നു. നരകാസുരവധം, സുഭദ്രാഹരണം, കിരാതം ഈ മൂന്നു കഥകൾ കൂടി ഒരു രംഗത്തിൽ അഭിനയിച്ചതു ഞാൻ കാണാനുണ്ടായി. കളിയിലെ പ്രധാന സ്ത്രീവേഷക്കാരൻ ആദ്യം നരകാസുരന്റെ ഭാൎയ്യയായി. കഥ മാറിയപ്പോൾ ആ സ്ത്രീവേഷം തന്നെ അൎജ്ജുനന്റെ പ്രാണപ്രിയയും ശ്രീകൃഷ്ണന്റെ പ്രിയസഹോദരിയുമായ സുഭദ്രയായി രംഗപ്രവേശം ചെയ്തു. ഒടുവിൽ കിരാതമായപ്പോൾ അതേ ആ കാന്തസ്ത്രീതന്നെ ശരീരപ്രദേശങ്ങളിൽ ഒരോ കറുത്ത പൊട്ടുകൾ കൂടി തൊട്ടു കാട്ടാളസ്ത്രീയായി പ്രവേശിച്ചു. കളി കഴിഞ്ഞപ്പോൾ ഒരു സ്നേഹിതൻ പറഞ്ഞതു 'കഥകളിയിൽ ഭൎത്തൃപരിവൎത്തനം നിഷിദ്ധമല്ലായിരിക്കാം' എന്നാണ്. അഭിനയത്തിന്റെ വിജയം കിടക്കുന്നതു തന്മയത്വത്തിലാണ്. തന്മയത്വം നശിക്കുന്നതിനു കാരണം: ആ നടിതിലെ 'ഇവിടെ 'ചെട്ടത്തിയാകെക്കുത്തിയാലൊട്ടു' എന്ന മട്ടു എങ്ങിനെ രസിക്കും? കാരണമാണോ കഥകളിക്കു പ്രചാരം കുറയുന്നതു?

കഥകളിയിലുള്ള ഈ ദോഷത്തെ ദൂരീകരിക്കേണം.
ആ കൃതികളിലെ ദോഷം തീൎക്കാനായ

കാരണവർ.

യാത്ത ചിലതൊക്കെക്കൊണ്ടു ചിലപ്പോൾ വേഷം കെട്ടിക്കും. ഒരു ദൃഷ്ടാന്തം പറയാം. ഒരു ദിവസം സന്താനഗോപാലമായിരുന്നു കഥ. ശ്രീകൃഷ്ണൻ ഇരുവശങ്ങളിലും രണ്ടു പത്നിമാരോടുകൂടി പ്രവേശിക്കുന്നു. കൃഷ്ണൻറെ വേഷം ധരിപ്പിട്ടുള്ളതു പതിനഞ്ചു വയസ്സിൽപോലും പ്രായമാവാത്ത ഒരു ബാലനായിരുന്നു. രുഗ്മിണിക്കു ഒരു ഉദ്ദേശം ഇരുപത്തിയഞ്ചു വയസ്സും മറേറതിന്നു പതിനെട്ടു വയസ്സും ഉള്ളവർ. കൃഷ്ണനു താൻ ആടുന്ന പദത്തിന്നു കൈകാട്ടുവാൻ അറിഞ്ഞുകൂട. അതു കാട്ടിക്കൊടുക്കുന്നതു ഒരു പത്നിയും! ശ്രീകൃഷ്ണൻ അമ്മമാരോടും ജ്യേഷ്ഠത്തിയോടും കൂടിയാണു പ്രവേശിച്ചിരിക്കുന്നതെന്നും, ഇതൊരു അമ്മായിയമ്മസംവാദമാണെന്നും പറഞ്ഞു എൻറെ പഴയ സ്നേഹിതൻ അവിടം വിട്ടു പോയി. ഈ മാതിരി പ്രയോഗങ്ങൾ തന്മയത്വത്തെ സമൂലനാശം ചെയ്യുന്നില്ലയോ? . . . ഇങ്ങിനെ ചില കാരണങ്ങളാണു എനിക്കു പ്രധാനമായി തോന്നുന്നതു.

കഥകളി ഒരു കാലത്തു കേരളത്തിൽ വിശേഷാലുള്ള ഒരു വിനോദമായിരുന്നു. ഒരാൾ വിശേഷാണെന്നു പറഞ്ഞാൽ 'എത്ര ആട്ടക്കഥകൾ ഉണ്ടാക്കീട്ടുണ്ടു' എന്നായിരുന്നു അന്നു ചോദ്യം. കേരളത്തിലെ പഴയ രാജാക്കന്മാർ ഭരണകാര്യങ്ങളിലെക്കാൾ കൂടുതലായ നിപുണർ കഥകളിയിലായിരുന്നു. 'കഥകളിയോഗം' പണ്ടത്തെ രാജാക്കന്മാരുടെ ഭരണത്തിൽ ഒരു വലിയ 'ഡിപ്പാർട്ടുമെണ്ടു.' ആയിരുന്നു. അന്നത്തെ കളിയോഗങ്ങൾ ഇന്നത്തെതുപോലെയായിരുന്നുവെന്നു വിചാരിക്കുവാൻ പ്രയാസമാണു.

മുദ്രി: ഈ വിഷയത്തിൽ ഒരു ലേഖനം ഇവിടെ കിട്ടിയിട്ടുള്ളതിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

മുദ്രികാശങ്ങൾക്കു ശാസ്ത്രീയമായിരുന്നു സമ്പ്രദായം ആദ്യന്തമൊന്നായാൽ അറിയപ്പെട്ടിരുന്ന ഒന്നാണെന്നു ഉദ്ധരിക്കാൻ തക്ക ലക്ഷ്യങ്ങളും ഉണ്ടു. ധനഞ്ജയമിശ്രപ്രണീതമായ ശബ്ദരത്നാകര ഗ്രന്ഥത്തിൽ ഇങ്ങിനെ കാണുന്നു.

"ഹസ്തസ്യ മുദ്രികാനാമാണാമാ മുദ്രികാ
തല്ലക്ഷണംബോദ്ധവ്യം ശാസ്ത്രേണാനുഗമിതവാൻ
ബോദ്ധവ്യേ മുദ്രാണി ഹസ്താംഗുലിപത്രികാമണിചയം
ഹസ്തമുദ്രാ സ്വരൂപം പരംസ്പഷ്ടകഥാനാംഗം".

മലയാളമനോരമ മാസിക

ശ്രീ രവീന്ദ്രപ്രശസ്തി.

(1)

പ്രകൃതിയുടയാവരണം പൊളിച്ചതിന്നു-
ള്ളകൃതകമാം നില കണ്ടറിഞ്ഞു മുന്നം
സ്വപ്രകൃതിയിലതിനെപ്പകർത്തിടുന്നു
സുകൃതികളിലഗ്രണിയാം രവീന്ദ്രനാഥൻ.

(2)

മനമലിയുകിലതിനെത്തെളുമാറൻ-
കനമിയലും കവിതാമൃതപ്രവാഹാൽ
ജനനിവഹങ്ങളെയാക്കുമോടി-
പ്രണയമൊടിക്കവികോകിലാവലീന്ദ്രൻ.

(3)

പൊതുമതക്കുകണ്ണുനീർ രവീന്ദ്രൻ
പുതുകവിപ്പൂവ്വുതളിർപ്പുയർന്നിരിക്കെ
സ്വതചിരമിഹ ഭാരതോദിതർക്കു-
ഹിതമാകലുന്നതിലെന്തു ചിത്രമുള്ളൂ?

(4)

മികവുടയോരാസൽപഥത്തിലത്ര-
ത്തികവിയലുംപുതുകാവ്യരഥ്യയാർന്നി-
ന്നകലുഷമതിയീമഹാൻ സ്വഭാഷ-
ക്കുകനലർതിൽക്കതുകം വളർത്തിടുന്നു

(5)

സുചിരമകവിതാവിലാസഭാസ്യ-
സ്സുചികവിയന്നാകവീന്ദ്രനീരവീന്ദ്രൻ;
തരവികലാകലയൊവിളങ്ങിടട്ടെ
കവികുലമാലയിൽമിന്നമിപ്പതങ്കം.

കുമാരദാസ്.

ഭക്തി.

"ഭക്തി" എന്ന നാമം എല്ലാവരും പല സന്ദർഭങ്ങളിലും പറഞ്ഞുവരുന്നുണ്ടല്ലൊ. എന്നാൽ ഇതുകൊണ്ടു നമുക്ക എന്തൊരു ശബ്ദബോധമാണ ഉണ്ടാകുന്നതു? നമുക്ക യാതൊരു വസ്തുവിൽ ഭക്തിയുണ്ടാകുന്നുവൊ ആ വസ്തുവിൽ നമ്മുടെ ശരീരം മുഴുവനും മനസ്സും പുത്രമിത്രകളത്രാദികളുടെ നമ്മുടെ കുഡുംബവും മുഴുവനും സകല സമ്പത്തുക്കളും, എന്നുവേണ്ട നമ്മെ സംബന്ധിച്ച ചെറിയതിനെയും ആ മുതൽകൊണ്ടുമറ്റു സകല വസ്തുക്കളും സ്നേഹബഹുമാനവാത്സല്യാദികളോടുകൂടെ സമർപ്പിക്കയും അതിൽനിന്ന നമുക്ക വരാവുന്ന സകല കഷ്ടപ്പാടുകളും സന്തോഷത്തോടെ അനുഭവിച്ചുംകൊണ്ടു യാതൊരു പ്രതിഫലേച്ഛയുംകൂടാതെ അതിനുവേണ്ടി എന്തുതന്നെ ചെയ്യുവാനും സന്നദ്ധന്മാരായിരിക്കയും ചെയ്യുന്നു. അതാണ ഭക്തി എന്ന ശബ്ദാൻ ധരിപ്പിക്കുന്നതു. ഈശ്വരഭക്തി, രാജഭക്തി, ഗുരുഭക്തി എന്നിങ്ങിനെ നാം പലവിധത്തിലും അതിനെ തിരിച്ചുപറയുന്നുണ്ടെങ്കിലും ഭക്തി ഒന്നു മാത്രമല്ലാതെ പലവിധത്തിൽ വിഭാഗിക്കപ്പെട്ടിട്ടില്ല. എന്നാൽ ആധാരങ്ങളെ അനുസരിച്ചു ആ ഭേദങ്ങൾക്കു ഭേദം വന്നിട്ടുള്ളതാണ്. ഇനി ആദ്യമായി ഈശ്വരഭക്തിയെപ്പറ്റി വിചാരിക്കാം ചെയ്യാം. ഇതു സമ്പാദിക്കാതെ ഒരുവനും ഇഹലോകവാസത്തെ സുഖമായി നയിപ്പാൻപോലും അവൻ പ്രയാസമാണ്. സാധാരണ മനുഷ്യരല്ലാ സകല ജീവികൾക്കും ഇതുതന്നെ നിമിഷം സുഖമാണെങ്കിൽ മറ്റൊരു നിമിഷത്തിൽ ദുഃഖമുള്ളതായിട്ടാണ കണ്ടുവരുന്നതു. അതു ഭഗവാന്റെ അധീനമാകുന്നതല്ലയൊ? നേരെമറിച്ച ഈശ്വരഭക്തി സമ്പാദിക്കുന്നതായാൽ നമുക്ക പിന്നെ എന്തുകാര്യത്തിലാണ വ്യസനിപ്പാനുള്ളതു? നമ്മുടെ അന്തഃകരണം മുഴുവനും ആ ദൈവത്തിന്റെ തൃപ്പാദത്തിങ്കൽ സമർപ്പിച്ചുകഴിഞ്ഞുവല്ലൊ. ശരണമായും അതിബലവാന്മാരായ യാതൊരു ശത്രുക്കളാലും ഉപദ്രവിക്കപ്പെടുവാൻ കഴിയാത്തതായും ഉള്ള ആ തൃപ്പാദങ്ങ

ട്ട കാമക്രോധലോഭമോഹാദികളായ ശത്രുക്കളോടു വിവിധവി
ധങ്ങളായുധങ്ങളോടുകൂടെ അതിക്രമിപ്പാനും അതിൽ ജയം
പ്രാപിപ്പിക്കുന്ന നമ്മുടെ മനസ്സിനെ പിടിച്ചടക്കുവാനും കഴി
യുന്നതാരാണ്? അവിടെത്തന്നെ മേൽപ്പറഞ്ഞ ഉദ്യമത്തെ
യാതൊരു ബാധയും കൂടാതെ സകല സുഖാനുഭവങ്ങളും ലഭിക്കുന്ന
താണ്. ഭക്തിയില്ലാത്തവനു ഈ ലോകത്തിലെന്നല്ല പര ലോക
ത്തിലും ഐശ്വര്യവും ഒരു സമാധാനവും ഒരു സുഖവും ഇല്ല. എല്ലാ
റ്റു കാര്യത്തിലും തോൽവിയല്ലാതെ ജയമുണ്ടാകുന്നതല്ല. ചില
പ്പോൾ ചില മനുഷ്യർ 'ഉത്സാഹമില്ലാതെ കാര്യം' എന്നുള്ള ആപ്ത
വാക്യത്തെ അടിസ്ഥാനപ്പെടുത്തി തന്റെ ഉത്സാഹംകൊണ്ടും സാമ
ർത്ഥ്യംകൊണ്ടും ചില കാര്യങ്ങളെല്ലാം സാധിച്ചു എന്നും മറ്റും വമ്പു
പറഞ്ഞുകൊണ്ടു പടക്കിറങ്ങി നാം സാധാരണയായി കണ്ടുവരാറു
ണ്ടു. ഇതെല്ലാം അജ്ഞാനമൂലമായിട്ടുള്ളതാണ്. ഈശ്വരനിൽ ഭ
ക്തിവിശ്വാസങ്ങളോടുകൂടി പ്രവർത്തിക്കാതെ ഒരു കാര്യവും ഫലപ്രദ
മായിത്തീരുന്നതല്ല. ഭക്തിയുണ്ടെങ്കിൽ നമ്മുടെ ഈ ജീവിതകാല
ത്തിൽ നാം ഈശ്വരനിൽ വല്ലതും ഒന്നു പ്രവർത്തിപ്പാറായാൽ ത
ന്നെ അതെല്ലാം ഫലിക്കുമെന്നതിനു സംശയമില്ല. ഭക്തന്മാർക്കുവേണ്ടി ഈശ്വ
രൻ തന്നെ ത്യജിക്കുവാനും ചെയ്യുന്നതാണ്. ഇതിനു ദൃഷ്ടാന്തമായി
നമ്മുടെ ശ്രീഭാഗവതത്തിൽ പറഞ്ഞിട്ടുള്ള 'ഭീഷ്മരുടെ' പ്രതിജ്ഞയെ
എടുത്തു നോക്കാം. ശ്രീകൃഷ്ണഭഗവാൻ ആയുധമെടുക്കുകയില്ലെന്ന
പ്രതിജ്ഞ ചെയ്തപ്പോൾ ഭഗവാന്റെ മനോരഥത്തിനു നേരെ വി
രുദ്ധമായി പ്രതിജ്ഞ ചെയ്തതായിരിക്കുന്ന 'ഭീഷ്മർ' എന്താണു ചെയ്ത
ത്? ആയുധമെടുപ്പിച്ചുകളഞ്ഞുവെന്നല്ലയോ? സാധാരണ മനു
ഷ്യരാൽ അതു ഒരു അത്ഭുതമായിട്ടല്ലയോ വിചാരിക്കേണ്ടതു. എന്നാൽ
ആ ഭഗവാനാകട്ടെ ആ ഭക്തന്റെ പ്രതിജ്ഞയെ കേടുവരുത്താതി
രിപ്പാൻ വേണ്ടി തന്റെ പ്രതിജ്ഞയെ ലംഘിച്ചില്ലയോ. ഇതിലും വ
ന്നെ വിദുരരുടെ കഥ ആലോചിച്ചു നോക്കുക. ആ ഭക്തവത്സലനാ
യ ഭഗവാൻ പാണ്ഡവന്മാർക്കു വേണ്ടി ദൂതു പറവാൻ പോയപ്പോൾ
ഭക്ഷണമൊരുക്കിയ ദുര്യോധനന്റെ ക്ഷണത്തെ തിരസ്കരിച്ചു 'ഭക്ത
ന്മാരുടെ ഗൃഹം ... ഹൃദയത്തിൽ പ്രിയം പരം' എന്നും പറഞ്ഞു വിദു

നായിരുന്നാലും ഭക്തശിരോമണിയായ ആ വിദുരന്റെ ഗൃഹത്തിലല്ലയോ അമൃതേത്തു കഴിപ്പാൻ എഴുന്നള്ളിയതു? ഇങ്ങിനെ നോക്കുന്നതായാൽ അനേകം കഥകൾ പറവാനുണ്ടു. അതിനാൽ അടുത്ത ഗുരുഭക്തിയെപ്പററി ആലോചിക്കാം.

വാസ്തവം പറയുന്നതായാൽ മുൻപറഞ്ഞ ഭഗവൽഭക്തിയെക്കാൾ ഒട്ടും അധമമായിട്ടുള്ളതല്ല ഗുരുഭക്തി. നേരെ മറിച്ചു അതേക്കാൾ ഉൽകൃഷ്ടം കൂടിയോ എന്നും കൂടി സംശയിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഗുരുഭക്തിയില്ലാത്തവന്റെ യാതൊരു പ്രവൃത്തിയും പ്രശംസാർഹമായിട്ടുള്ളതല്ല. എത്രതന്നെ അറിവോ, ധനമോ ഉണ്ടായിരുന്നാലും ഗുരുഭക്തി ഇല്ലാതായാൽ ഗുരുത്വം എന്ന 'ഗുണകരം' ഇല്ലാത്തതാൽ അവർ എന്തുതന്നെ പറഞ്ഞാലും പ്രവൃത്തിച്ചാലും അതൊന്നും സാരമാക്കാതെ മററുള്ളവർ ഗണിക്കയില്ല. വല്ല സഭയിലോ മറ്റോ ചെന്നു വല്ലതും പറവാൻ തുടങ്ങിയാൽ വിഡ്ഢിത്വമല്ലാതെ പുറപ്പെടുകയില്ല. ഉടനെ സഭ്യന്മാരായിട്ടുള്ളവർ ഈ ഗുരുത്വംകെട്ടവൻ എന്തിനാണു ഇവിടെ കേറിവന്നതെന്നും ഇവനെ ഇവിടെ വരുവാൻ എന്തു യോഗ്യതയാണുള്ളതെന്നും മററുമുള്ള പരിഹാസങ്ങളെ ചൊരിഞ്ഞു അവിടെനിന്നു ആട്ടി ഓടിക്കും. അതിലും വിശേഷിച്ചു ഈ വക ഭാഗ്യമുള്ളവനാണെങ്കിൽ ഈ വക സൽസംഗങ്ങളിൽ യാതൊരറിവില്ലെങ്കിലും കൂടി ചാടിപ്പുറപ്പെടാതിരിപ്പാനും നിവൃത്തിയില്ല. ഇതിനു ദൃഷ്ടാന്തമായി കർണ്ണനെ നോക്കുക. തത്വം നോക്കുന്നതായാൽ കർണ്ണനോളം ആയുധാഭ്യാസത്തിൽ നൈപുണ്യം അർജ്ജുനനും കൂടി ഉണ്ടോ എന്നു സംശയമാണു. എന്നാൽ പ്രയോജനമുണ്ടായോ? യുദ്ധകാലത്തിൽ യാതൊരു വിദ്യയും തോന്നുകയില്ല. ഈ വിധമെല്ലാം ഭവിക്കുന്നതുകൊണ്ടു ഗുരുഭക്തി നാമെല്ലാം സമ്പാദിക്കേണ്ടതത്യാവശ്യമാണു. എന്നാൽ ഗുരുക്കന്മാരായിട്ടുള്ളവർ ആരെല്ലാമാണെന്നാണു ഇനി ആലോചിപ്പാനുള്ളതു. നാം ചിലതു ചിലപ്പോഴും ചില ആളുകളുടെ അടുക്കൽനിന്നു പഠിച്ചും കേട്ടും മനസ്സിലാക്കുന്നു. അവരെല്ലാം ഗുരുക്കന്മാരാണെന്നു വിചാരിച്ചുതുടങ്ങിയാൽ അവസാനമില്ലാത്തതാണല്ലോ. അതുകൊണ്ടു മുഖ്യമായി മാതാപിതാക്കന്മാരും എഴുത്ത

അതിനു മാതാവാകുന്ന പത്തു മാസവും നമ്മെ ഇടവിടാതെ വഹിച്ചുകൊണ്ടു എന്തെല്ലാം വേദനകളനുഭവിക്കും. അതെല്ലാം പൊറുത്തു വിശേഷിച്ചു നമ്മെ ശുശ്രൂഷിക്കുവാനും നാം നന്നായി വരുവാനും ഉള്ള എല്ലാ പ്രയത്നങ്ങളോടുകൂടെ കഴിച്ചുകൂട്ടുന്നു. ഒടുവിൽ പ്രസവിക്കാൻ കാലത്തു 50 പത്തു മാസങ്ങളിലെ വേദന ഒന്നായി അനുഭവിക്കുന്നു. അനന്തരം കുട്ടികളായിരുന്ന നമുക്കു ഉണ്ടാകുന്ന വരുന്ന രോഗങ്ങളെക്കൊണ്ടും നമ്മുടെ ദുശ്ശാഠ്യങ്ങളെക്കൊണ്ടും എത്ര കഷ്ടപ്പാടുകളാണു അനുഭവിച്ചിട്ടുള്ളതു. എങ്കിലും നാം കരയുമ്പോൾ തോന്നിയ വാസനകളെ എല്ലാം ഒട്ടും പിറുപിറുക്കാതെ അനുഭവിച്ചുകൊണ്ടു എന്തെല്ലാം സഹായങ്ങളാണു തന്നിട്ടുള്ളതു? ചെറുപ്പകാലങ്ങളിൽ നമ്മുടെ ശരീരംപോലെ തന്നെ മനസ്സും ഏറ്റവും എളുപ്പമായിട്ടുള്ളതാണ്. അതിനെ ഒരു ചെറുലതയെപ്പോലെ എന്നു ഉപമിക്കാവുന്നതാണ്. ആ കാലത്തു മനസ്സും എളുപ്പമായതുകൊണ്ടു ഏതൊരു വഴി കാണുന്നുവോ ആ വഴിയിൽ കൂടെയാണു പോകുന്നത്. അതു സാമർത്ഥ്യമായിരിക്കുന്നതു മാതാക്കളുടെ കാരുണ്യംകൊണ്ടാണ്. ഇപ്രകാരം ഈ ലോകത്തിൽ നാം കാണുന്നതായ സകല മഹാന്മാരുടെ അമ്മമാർ ഓരോരോ സന്ദർഭങ്ങളിൽ സൽപ്രവൃത്തികളെ ഉപദേശിച്ചു വളർത്തിയിട്ടുള്ളവരാണ്. അമ്മ എന്ന പദത്താൽ മാതാപിതാക്കന്മാരെ ഒന്നായി എടുക്കുന്നതാണു നല്ലത്. അല്ലാത്തപക്ഷം രണ്ടും പ്രത്യേകിച്ചു പറയേണ്ടിവരും. അപ്രകാരം ഈ വിഷയത്തെത്തന്നെ വിസ്തരിച്ചു സമയം കളയേണ്ടിവരും. അതിനാൽ അടുത്ത വിഷയം രാജഭക്തിയെ എടുക്കുന്നു.

രാജഭക്തി എന്നു പറഞ്ഞാൽ രാജാവിങ്കൽ ഭക്തിയുള്ളവരായിരിക്കുകയാണ്. ഇതും നമുക്കു അത്യാവശ്യമായി സ്വീകരിക്കേണ്ടതാണ്. ഇതിനു ഒരു ഉദാഹരണം പറയാം. അതായതു, ജപ്പാനിൽ ഇതിനു മുമ്പു ചക്രവർത്തിയായിരുന്ന 'മത്സുഹിതോ' എന്ന രാജാവിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ സേനാനായകൻ ആയിരുന്ന ജനറൽ 'നോഗി' എന്ന ആളും ഭാര്യയും വെടിവെച്ചു ആത്മഹത്യ ചെയ്തു എന്നു കേട്ടിട്ടുണ്ട്. രാജഭക്തി എന്നുവെച്ചാൽ അങ്ങിനെ വേണം. അതായതു രാജാവിനുവേണ്ടി മരിക്കണമെങ്കിൽ അതിനും സന്നദ്ധ

ന്നാരായിരിക്കണം. ഇതിനെ കാരണങ്ങൾ എടുത്തു പറയുന്നതായാൽ വളരെ ഉണ്ടായിരിക്കും. അതിനെ എല്ലാം ഇവിടെ എടുത്തു പറഞ്ഞു സഭയുടെ വിലയേറിയ സമയത്തെ വ്യർത്ഥമാക്കാൻ വിചാരിക്കുന്നില്ല.

വ്യവസായവിഷയം.

നാളികേരവെണ്ണയുടെ പ്രചാരവും ആവശ്യവും ദിനംപ്രതി വർദ്ധിക്കുകയാണ ചെയ്യുന്നതു. യഥാർത്ഥവെണ്ണയുടെ അസാധാരണമായ വിലകയറ്റം കാരണം നാളികേരവെണ്ണയുടെ നിർമ്മാണത്തെപ്പറ്റി പലരും അമേരിക്കയിലെ 'മാർഗരിൻ'വിധിപ്രകാരം നടത്തുകയുണ്ടായല്ലൊ. ഇംഗ്ലണ്ടു ഗ്രേറ്റ് ബ്രിട്ടനിലും ഫ്രാൻസിലും യഥാർത്ഥവെണ്ണയുടെ സ്ഥാനത്തു അധികവും ഉപയോഗിക്കുന്നതു നാളികേരവെണ്ണയാണ്. ജർമ്മനിയിൽ ഈ യുദ്ധത്തിനു മുമ്പുതന്നെ നാളികേരവെണ്ണ ധാരാളം പ്രചാരത്തിൽ എത്തിയിരുന്നു. യഥാർത്ഥവെണ്ണ ഉപയോഗിക്കുന്ന സ്ഥാനത്തു ഒക്കെയും നാളികേരവെണ്ണ ഉപയോഗിക്കാവുന്നതാണ. നാളികേരത്തിന്റെ വലുപ്പമനുസരിച്ച് 6 മുതൽ 10 വരെ തേങ്ങ ഒരു റാത്തൽ വെണ്ണയുണ്ടാക്കുവാൻ വേണ്ടിവരുമെന്നു കാണുന്നു.

* * * *

'ജാവ' രാജ്യത്തു പഞ്ചസാര ധാരാളം ഉണ്ടാക്കിവരുന്നതാണെന്നു കാണുന്നു. അവിടെ ഉണ്ടാക്കുന്ന പഞ്ചസാരയുടെ പരിമാണത്തെപ്പറ്റി അടുത്ത ഒരു കൊല്ലത്തെ കണക്കെടുത്തതിൽ 1902-ാമാണ്ടിൽ ഒരു ഏക്ര സ്ഥലത്തു 4 ടണ്ണിൽ പുറം പഞ്ചസാര വീതം വർദ്ധിച്ചു 1916-ാമാണ്ടിൽ 5-ൽ ചില്വാനം ടണ്ണായിരിക്കുന്നതായും, 1902-ൽ ആ രാജ്യത്തു ആകെ ഒന്നര മില്യൻ ടൺ പഞ്ചസാരയുണ്ടായിരുന്നതു 1916-ലേക്ക 3 ടണ്ണായി വർദ്ധിച്ചിരിക്കുന്നതായും കണക്കുകളിൽനിന്നു കാണുന്നു.

പറക്കും ഇഞ്ജിൻവെച്ചിട്ടുള്ള ആകാശക്കപ്പലുകൾ കണ്ടുപിടിച്ച 'ഫോൻഡ്'ബ്ലീരിയോയിഡ്'' എന്ന വിദ്വാൻ ഭാവികാലത്തു ആകാശക്കപ്പലുകൾക്കു വരാനിരിക്കുന്ന പ്രചാരത്തെപ്പററി ഒരു പ്രസംഗം ചെയ്യുകയുണ്ടായി. യുദ്ധം കഴിഞ്ഞാൽ വളരെ താമസിക്കാതെ ലണ്ടൻ മുതൽ മാർസിലസ്സുവരെ ഒരു ആകാശക്കപ്പൽമാർഗ്ഗം ഉണ്ടാക്കുവാൻ സാധിക്കുമെന്നും, ഈ കപ്പൽ പൊതുജനങ്ങൾക്കുപയോഗമായി പാരിസ്സിൽ മാത്രം ഒന്നു നിർത്തിയാൽ മതിയായിരിക്കുമെന്നും ബ്ലിസ്സർ ബോയിഡ് പ്രസ്താവിച്ചിരിക്കുന്നു. യുദ്ധത്തിനു മുമ്പു ലണ്ടനിൽനിന്നു കാൻസ്റ്റാണ്ടിനോപ്പിളിലേക്കു 'മെയിൽ' എത്തിക്കുവാൻ കൃത്യമായി 72 മണിക്കൂർ വേണ്ടിവന്നിരുന്നു. ആകാശക്കപ്പൽ വഴിക്കായാൽ ഇതു 20 മണിക്കൂറുകൊണ്ടു കഴിയും. 42 മണിക്കൂറിനു പകരം 12½ മണിക്കൂറുകൊണ്ടു റോമിലേക്കും, 28 മണിക്കൂറിനു പകരം 8 മണിക്കൂറുകൊണ്ടു മാർസിലിസ്സിലേക്കും എത്താം. ആകാശക്കപ്പൽ വഴി 800 നാഴിക ദൂരത്തിൽ തപാലുകളും യാത്രക്കാരെയും കൂട്ടിക്കൊണ്ടു പോകുന്ന ഒരു 'മെയിൽ സർവീസ്' ഏർപ്പെടുത്തുന്നതായാൽ ഇപ്പോഴുള്ള തീവണ്ടികളെക്കാളും കപ്പലുകളെക്കാളും വളരെ അധികം ആദായമുണ്ടാകും. ചെലവും ചുരുങ്ങും. ലണ്ടനിൽനിന്ന് അമേരിക്കയിലേക്ക് ഒന്നര മണിക്കൂറുകൊണ്ടു എത്തുവാൻ സാധിക്കും. ന്യൂയോർക്കിൽ പാർക്കുന്ന ഒരു ഇംഗ്ലീഷുകാരനു അതാതു ലണ്ടൻകടലാസ്സു പിറ്റേ ദിവസം വായിപ്പാൻ സാധിക്കും. ബ്ലിസ്സർ ബോയിഡ് ഇന്ത്യയെപ്പററി ഒന്നും പറയുന്നില്ലെങ്കിലും ഇന്ത്യയിലും ആകാശക്കപ്പൽ ഉപയോഗമാകാതിരിക്കയില്ലെന്നു വേണം പറവാൻ. ഇംഗ്ലണ്ടിൽനിന്നു 3 ദിവസംകൊണ്ടു ബൊംബായിൽ എത്തുവാനും, മദ്രാസിലെ ഒരു കച്ചവടക്കാരനു ഒന്നിലധികം ദിവസംകൊണ്ടു സിങ്കപ്പൂരിൽ എത്തുവാനും സാധിക്കും!

* * * *

ബ്രിട്ടീഷ്സാമ്രാജ്യത്തിലെ ജലശക്തി (Water Power) യെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ ഏർപ്പെടുത്തിയിരുന്ന കമ്മററിക്കാരുടെ റിപ്പോർട്ടുകൊണ്ടു ലോകത്തിലാകപ്പാടെയുള്ള ജലശക്തിയുടെ ഒരു സാമാന്യസ്വരൂപം വെളിപ്പെടുന്നതാണ്. ലോകത്തിൽ എ

ല്ലാംകൂടി 120 മില്ല്യൻ കുതിരശ്ശക്തി (Horse Power) യുള്ള ജലശക്തി ഉപയോഗത്തിലിരിക്കുന്നുണ്ടു. ഇതിൽ 75 മില്ല്യൻ കുതിരശ്ശക്തി യന്ത്രശാലകളുടെ ആവശ്യത്തിന്നാണുപയോഗിക്കുന്നതു്. ഈ 75 മില്ല്യനിൽ 13 മില്ല്യൻ യുണൈറ്റഡ് കിംഗ്ഡത്തിലും, 24 മില്ല്യൻ കോണ്ടിനെന്റൽ യൂറോപ്പിലും, 29 മില്ല്യൻ അമേരിക്കയിലെ ഐക്യരാജ്യങ്ങളിലും, 6 മില്ല്യൻ ബ്രിട്ടീഷ് കോളനികളിലും, 3 മില്ല്യൻ ഏഷ്യാ തെക്കെ അമേരിക്ക ഇവിടങ്ങളിലും ചിലവാകുന്നു. ലോകത്തിലെ വ്യവസായത്തിന്നുള്ള കുതിരശ്ശക്തി 'ഹൈഡ്രോളിക്കി'ന്റെ സഹായത്താൽ 15 മുതൽ 16 വരെ മില്ല്യൻ വർദ്ധിച്ചിട്ടുണ്ടു. ഇതിൽ ഇംഗ്ലണ്ടും റഷ്യയുമാണു എല്ലാററിലും താഴെ കിടക്കുന്നതു. ഈ വർദ്ധന ജർമ്മനിയിൽ 13-ൽ ചില്വാനം ശതമാനമുണ്ടു. റഷ്യയിൽ 8-ൽ ചില്വാനം ശതമാനമേ ഉള്ളു. ബ്രിട്ടീഷ് സാമ്രാജ്യത്തിൽ എല്ലാംകൂടി 50 മുതൽ 70 വരെ മില്ല്യൻ കുതിരശ്ശക്തിയാണാവശ്യമെന്നും, മതിയായ ജലശക്തി ചെലവുചെയ്തു അതുണ്ടാക്കുവാൻ സാധിക്കുമെന്നുമാണു കമ്മിററിക്കാർ വിശ്വസിക്കുന്നതു. ഈ കാര്യം ഒരു വെറും യുദ്ധകാര്യസംബന്ധിയായി വിചാരിക്കാവുന്നതല്ലെന്നും, രക്ഷിക്കേണ്ടതായ ഒരു സംഗതിയാണെന്നും കമ്മിററി അഭിപ്രായപ്പെടുന്നു.

* * * *

നമ്മുടെ നാട്ടിൽ വെറും സഹകരണസംഘങ്ങളും ബാങ്കുകളുമല്ലാതെ പരസ്പരസഹായസംഘങ്ങളുടെ എല്ലാ സമ്പ്രദായവും ദൃശ്യമായിക്കഴിഞ്ഞിട്ടില്ല. എന്നാൽ പലതരം വ്യവസായങ്ങളുടെ ആവശ്യങ്ങൾക്കായി സംഘങ്ങൾ സ്ഥാപിക്കുന്നതിലാണ് പരസ്പരസഹായസംഘങ്ങളുടെ വിജയം സ്ഥിതിചെയ്യുന്നതു. ജർമ്മനിയിൽ നെയ്ത്തുസാമാനങ്ങൾ ശേഖരിച്ചുകൊടുക്കുവാനായി 4 സംഘങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നതായും, അവയിൽ നല്ലവണ്ണം വേലകൾ നടത്തിവരുന്നതായും കാണുന്നു. ഈ മാതിരി വേറെ പ്രത്യേകാവശ്യങ്ങൾക്കായി സംഘങ്ങൾ സ്ഥാപിക്കുവാൻ ഈ നാട്ടിലും ശ്രമംചെയ്യുന്നതായാൽ നന്നായിരിക്കും.

* * * *

ഇരിമ്പും ഉരുക്കും ഉണ്ടാക്കുന്ന തൊഴിൽ ജപ്പാനിൽ ക്രമേണ അഭിവൃദ്ധിപ്പെട്ടുവരുന്നതായി കാണുന്നു. 'മിത്സുബിഷി' എന്ന പേരായ ഒരു കമ്പനി കോറിയായിൽ സ്ഥാപിച്ച ഒരുരുക്കു സംബന്ധമായ

മിറക്കി ഈ തൊഴിൽ ചെയ്യുവാനാണ്. ആ കമ്പനിയിൽനിന്നു കൊല്ലംതോറും 0,0000 ടൺ ഇരിമ്പു ഉണ്ടാക്കുവാൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നത്. ഇപ്പോഴത്തെ ജപ്പാനിൽ പ്രതിവർഷം 170000 ടൺ ഇരിമ്പും 778,000 ടൺ ഉരുക്കും ഉണ്ടാക്കിവരുന്നുണ്ട്. എന്നാൽ ഇക്കൊല്ലം അവസാനിക്കുന്നതോടുകൂടി 1,150,000 ടൺ ഇരിമ്പും 1,165,000 ടൺ ഉരുക്കും വീതം ഉണ്ടാക്കിത്തുടങ്ങുവാൻ ജപ്പാനു സാധിക്കുമത്രെ. ഇരിമ്പുവ്യവസായത്തിൽ ജപ്പാൻ വിചാരിക്കുന്ന പ്ലാൻ മുഴുവൻ 1923-ൽ പൂർത്തിയാവുന്നതാണ്. എന്നാൽപിന്നെ കൊല്ലംതോറും 1,500,000 ടൺ ഇരിമ്പും 1,680,000 ടൺ ഉരുക്കും വീതം ജപ്പാനിൽ ഉണ്ടായിത്തുടങ്ങുമെന്നാണു കാണുന്നത്.

* * * *

പുരമേയാനുള്ള ഓട് കേരളത്തിൽത്തന്നെ പലേടത്തും ഉണ്ടാക്കുന്നുണ്ടെങ്കിലും മംഗലാപുരത്തിന്നു വിശേഷമുണ്ട്. ആ മാതിരി ഓട് എവിടെയെല്ലാം കിട്ടുമെന്നും എന്തുവിലക്കു കിട്ടുമെന്നും മറ്റും അന്വേഷണം ഇന്ത്യയിലെ "സ്റ്റോർസ്" ഡിപ്പാർട്ടുമെണ്ടുകാർ നടത്തുകയുണ്ടായി. ഈ സംഗതിയെപ്പറ്റി 70 യന്ത്രശാലക്കാരോട് എഴുതിച്ചോദിച്ചതിൽ 42 ശാലകളിൽനിന്നു മാത്രമേ മറുവടി കിട്ടിട്ടുള്ളുവെന്നാണു കാണുന്നതു. മറുവടി അയക്കാത്ത 28 ശാലകളിൽ 13 ശാലകളുടെ ഉടമസ്ഥന്മാർ മറുവടിക്കു സാധിക്കാതെ വന്നതാണ്. 15 ശാലകൾ പൊളിഞ്ഞുപോയവയുമായിരുന്നു. മറുവടി അയച്ച 42 ശാലകളിൽ എല്ലാററിലും കൂടി, 1916-ൽ 61 മില്യൻ ഓടുകളാണു ഉണ്ടാക്കിയതു. അവയുടെ വില്പനവില ശരാശരി 1000-ന്നു 26 ക. വീതമാണു യുദ്ധത്തിന്നു മുമ്പു ശാലകളിൽ ഈടാക്കിയിരുന്നത്. യുദ്ധകാലത്തു അതു 34 ക. യായി വർദ്ധിച്ചു. ബൊമ്പായിൽ യുദ്ധത്തിന്നുമുമ്പു ഈ ഓടിന്നു ശരാശരി 1000-ന്നു 55 ക. വീതമായിരുന്നു വില. അതിപ്പോൾ 60 ക. യായി വർദ്ധിച്ചിരിക്കുന്നു. വർദ്ധനക്കുള്ള കാരണം പ്രധാനമായി തീവണ്ടിയുടെ ക്ഷാമവും കപ്പൽക്കൂലിയുടെ കൂടുതലുമാണത്രെ.